
# ആദികവിയുടെ ആദർശപുരുഷൻ

## സിദ്ധിനാഥാനന്ദസ്വാമി



രാമോ രാവണം പ്രതി—

പ്രയാഹി ജാനാമി രണാർദ്ദിതസ്ത്വം
പ്രവിശ്യ രാത്രിഞ്ചരരാജ ലങ്കാം
ആശ്വസ്യ നിര്യാഹി രഥീ ച ധന്വീ
തദാ ബലം പ്രേക്ഷ്യസി മേ രഥസ്ഥഃ.

യുദ്ധകാണ്ഡം 59–143.

# ആദികവിയുടെ
# ആദർശപുരുഷൻ

(കേരളസർവ്വകലാശാലയുടെ 1971-ലെ ബി. ഏ. പരീക്ഷയ്ക്കു് മൂന്നാം ഭാഗത്തിനു് പാഠപുസ്തകമായി അംഗീകരിക്കപ്പെട്ടതു്.)

**സിദ്ധിനാഥാനന്ദസ്വാമി**

**ശ്രീരാമകൃഷ്ണാശ്രമം, വിലങ്ങൻ,**
**പുറനാട്ടുകര, തൃശ്ശൂർ.**

**ADIKAVIYUTE ADARSAPURUSHAN**

A Critical Appreciation of Valmiki's Hero.

First Edition: August, 1965. Copies 1100
Second Edition: October, 1968. Copies 2000

Author: Swami Siddhinathananda

Printed at
The Prabuddhakeralam Press,
Puranattukara, Trichur.

PRICE: Rs. 3/- only.

ഒന്നാം പതിപ്പ് — 1965 ആഗസ്റ്റ് – പ്രതി 1100
രണ്ടാം പതിപ്പ് — 1968 ഒക്ടോബർ – പ്രതി 2000

പ്രകാശകൻ:

അദ്ധ്യക്ഷൻ,
ശ്രീരാമകൃഷ്ണാശ്രമം,
പുറനാട്ടുകര പോസ്റ്റ്, തൃശ്ശൂർ.

അച്ചടി:
പ്രബുദ്ധകേരളം പ്രസ്സ്,
പുറനാട്ടുകര, തൃശ്ശൂർ.



പകർപ്പവകാശം പ്രകാശകന്.



വില 3 രൂപ.

# അവതാരിക

വാല്മീകിമഹർഷിക്കോ ആദികാവ്യത്തിനോ ഒരു അവതാരികയുടെ ആവശ്യമില്ല. രാമായണഭാരതാദി ഐശ്വരസാഹിത്യത്തിൽ നിരന്തരം ആറാടിക്കൊണ്ടിരിക്കുന്ന സിദ്ധിനാഥാനന്ദസ്വാമികളുടെ ഈ വിശിഷ്ട കൃതിക്കും, എൻെറ അവതാരിക എന്ന മുഖാവരണം കൂടാതെ സദസ്സിലേയ്ക്കിറങ്ങാം. എങ്കിലും ഇങ്ങനെയൊന്നു വേണമെന്നു് സ്വാമികൾ നിശ്ചയിച്ചു; ഞാൻ മൂളി. തുറന്നു പറയട്ടെ, ഇതു് അവതാരികയും നിരൂപണവും ഒന്നുമല്ല; ഒരു നീണ്ട സൗഹൃദബന്ധത്തിൻെറ മുദ്രമാത്രം.

മഹർഷി അരവിന്ദഘോഷ് ഒരവസരത്തിൽ രാമായണത്തെപ്പററി ഇങ്ങനെ പറഞ്ഞു: ''ഈ സർവ്വോത്തമകൃതിയുടെ ചൈതന്യത്തിലേയ്ക്കു് ഒരു കുതിപ്പിനു കടക്കാൻ എല്ലാവർക്കും സാധിച്ചില്ലെന്നുവരാം. പക്ഷേ ഒരിക്കലതു സാധിച്ചവർ ലോകത്തിലുള്ള മററൊരു കാവ്യവും അതിൻെറ മീതെയാണെന്നു് സമ്മതിച്ചുതരുകയില്ല, തീർച്ച.''* വിശ്വസാഹിത്യത്തിൻെറ മറുകര കണ്ട ആ മഹാജ്ഞാനി, അടിസ്ഥാനമില്ലാതെ ഇങ്ങനെയൊരതിപ്രശംസ ചെയ്കയില്ല. രാമായണത്തിൻെറ കാവ്യത്വത്തെയാണു് അദ്ദേഹം ശ്ലാഘിച്ചതെന്നതു് പ്രത്യേകം ശ്രദ്ധേയം. ''മഹീതലത്തിൽ പർവ്വതങ്ങളും നദികളും ഉള്ളേടത്തോളംകാലം രാമായണകഥയും പ്രചരിക്കു''മെന്ന ആ ഫലശ്രുതി അന്വത്ഥംതന്നെയാണു്.

രാമായണംപോലെ ബൃഹത്സ്വരൂപവും നാനാരസവിലസിതവുമായ ഒരു മഹാകാവ്യത്തെ അനേകം കോടികളിൽനിന്നു സമീപിക്കാൻ കഴിയും. അതു് ഒരേസമയം തന്നെ ഇതിഹാസവും കാവ്യവും ധർമ്മശാസ്ത്രവും സാമൂഹ്യചരിത്രവും ഭക്തിഗാഥയും എല്ലാമാണു്. ചിലരുടെ ദൃഷ്ടി

---

* ഇന്ത്യൻ ഇൻഹെരിററൻസു്, വാല്യം ഒന്നു്.

യിൽ അതു് അന്യാപദേശം മാത്രമാണു്. മററു ചിലക്കു്, ഗായത്രിയുടെ ഒരു ബൃംഹണം. ഇതെല്ലാം ശരിതന്നെയെന്നു വെയ്ക്കുക. എങ്കിലും, ''രാമായണത്തിലെ ഓരോ പാത്രത്തിലും ഓരോ സംഭവത്തിലും പ്രതീകത്തെ ദശിക്കുന്നവർ വാല്മീകിയുടെ ലക്ഷ്യത്തെ കവച്ചുചാട്ടുകയാണു്: ഒരനശ്വരകാവ്യത്തിൻെറനേക്കു് അനീതി കാട്ടുകയുമാണു്.''* എന്നാലും ഓരോ പാരായണക്കാരനും ഓരോ വീക്ഷണകോടിയോടു് കുറച്ചധികം ആഭിമുഖ്യം ഉണ്ടായെന്നുവരാം.

സ്വിദ്ധിനാഥാനന്ദസ്വാമികൾ, രാമായണത്തിൻെറ സാഹിത്യപരമായ മൂല്യത്തെ സവ്വത്ര അംഗീകരിക്കുകയും അതോടൊപ്പം, അതിൻെറ ധമ്മോദ്ബോധനപരായണതയെ ഉചിതസന്ദർഭങ്ങളിൽ ചൂണ്ടിക്കാണിക്കുകയും ആണു ചെയ്യുന്നതു്. യഥാത്ഥസാഹിത്യം എന്തെന്നുള്ള ചിന്തയോടുകൂടിയാണല്ലോ ഗ്രന്ഥാരംഭം. തീരെ ഇടുങ്ങിയ ഒരു നിവ്വചനത്തിലേയ്ക്കാണോ നമ്മെ നയിക്കുന്നതെന്നു് ആദ്യം ശങ്ക ജനിപ്പിക്കുന്നുണ്ടെങ്കിലും ഒടുവിൽ ചെന്നെത്തുന്നതു്, ഒരു വിശിഷ്ടനിഗമനത്തിലാണു്: ''ഈ നിലയ്ക്കു് ആലോചിക്കുമ്പോൾ സാഹിത്യമെന്ന സംജ്ഞയ്ക്കു് അഹമായ കൃതികൾ ഈശ്വരപരങ്ങളോ ഈശ്വരപ്രാപ്തിക്കു് സഹായകങ്ങളോ ആയവ മാത്രമാകുന്നു.'' ഈശ്വരപ്രാപ്തിക്കു സഹായകങ്ങളെന്ന നിവ്വചനത്തിൽ, കേവലം മതഗ്രന്ഥങ്ങൾ മാത്രമല്ല, സത്യം, ശിവം, സുന്ദരം എന്നീ ശാശ്വതമൂല്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടു് രചിക്കപ്പെട്ടിട്ടുള്ള മനുഷ്യകഥാനുഗായികളായ കൃതികളെല്ലാം പെടും. ആ ചിരന്തനമൂല്യങ്ങളെ വിസ്മരിക്കുമ്പോഴാണു് മനുഷ്യകഥകളിൽ ഇന്ദ്രിയസന്തപ്പണത്തിനു മുൻഗണന ലഭിക്കുന്നതും അനുവാചകന്മാർ ദുവ്വികാരങ്ങളുടെ ദുരിതക്കുണ്ടിലേയ്ക്കു വീണുപോകുന്നതും. അത്തരം ക്ഷുദ്രഗ്രന്ഥങ്ങളെ ഉത്തമസാഹിത്യമെന്നു കാര്യവിവരമുള്ളവരാരും എണ്ണാറുമില്ല. അതിരിക്കട്ടെ.

* പുസേൽക്കർ

രാമായണത്തിൻെറ ഉത്ഭവപരിണാമാദികളെപ്പററി ചരിത്രദൃഷ്ട്യാ ചിന്തിക്കാനുള്ള ഒരവസരമല്ല ഇതു്. എങ്കിലും, 'പ്രക്ഷേപപ്രക്ഷോഭ'ത്തെപ്പററി സ്വാമികഠം രണ്ടുമൂന്നടിക്കിൽ പരാമശിക്കുന്നതുകൊണ്ടു് ആ ഭാഗം തീരെ സ്പൃശിക്കാതെ വിടാൻ കഴിയുന്നുമില്ല. രാമായണം ആദികാവ്യവും, വാല്മീകി ആദികവിയുമാണെന്നു് സമ്മതിക്കെത്തന്നെ രാമായണത്തിൻെറ ആദിമസ്വരൂപത്തിൽ വളരെയേറെ മാററിമറിക്കലുകഠം നടന്നിട്ടുണ്ടെന്നു് തദ്വിഷയകമായി ചിന്തിച്ചിട്ടുള്ള പണ്ഡിതന്മാരെല്ലാം അഭിപ്രായപ്പെടുന്നു. പ്രക്ഷിപ്തങ്ങഠം എത്രത്തോളം, ഏതേതു കഥാംശങ്ങഠം, എന്നതിൽ മാത്രമാണു് മതഭേദം. ചിലർ ബാലകാണ്ഡവും ഉത്തരകണ്ഡവും മുഴവൻ തള്ളിക്കളയുന്നു. ചിലക്കു് അത്രദൂരം പോകാനിഷ്ടമില്ല. ആ കാണ്ഡങ്ങളിൽ ചിലേടം മാത്രം വേണ്ടാത്ത ഭാണ്ഡങ്ങളാണെന്നേ ഉള്ളു. എന്തായാലും പ്രക്ഷിപ്തങ്ങളുണ്ടു്. * ശ്രീരാമൻെറ സമകാലീനനെന്നു കരുതപ്പെടുന്ന വാല്മീകി രചിച്ച കൃതിയിൽ ബുദ്ധനെപ്പററി പറഞ്ഞുകാണുമ്പോഠം നാം അമ്പരന്നുപോകുന്നു:

> യഥാ ഹി ചോരഃ സ തഥാ ഹി ബുദ്ധ –
> സ്തഥാഗതം നാസ്തികമത്ര വിദ്ധി.
>
> അയോദ്ധ്യാകാണ്ഡം 109. 34.

പക്ഷേ,

---

* ഒട്ടം മാററി മറിക്കരുതാത്ത പുസ്തകങ്ങളാണല്ലോ ഈശ്വരൻെറ അരുളപ്പാടുകളടങ്ങിയ വേദങ്ങഠം. ക്രൈസ്തവവേദപുസ്തകത്തിലെ മാററിമറിക്കലുകളെപ്പററി ഈയിടെയുള്ള ''ലൈഫി''ൻെറ ബൈബിഠം സപ്ലിമെൻറിൽ കണ്ട ഒരു വാചകം ഇതാ: ''Almost as curious, not to say blasphemous, by later standards of behaviour, was the free and easy way in which changes were made in documents of all sorts; words and sentences revised, in ways that might alter meanings drastically, others simply eliminated, still others interpolated.''

ആദികാവ്യമിദം ചാഷം
പുരാ വാല്മീകിനാ കൃതം. (ഉത്തരകാണ്ഡം – 111.16.)

എന്നു കാണുമ്പോൾ ഒരു പക്ഷേ അമ്പരപ്പു മാറിയെന്നും വരാം.

പ്രക്ഷിപ്തങ്ങളെത്രത്തോളമെന്നു കണ്ടുപിടിക്കുന്ന ജോലി ഗവേഷകബുദ്ധിക്ക് എന്നും ഉന്മേഷകരമാണ്. ഇന്നും ആ ജോലി തുടരുന്നുണ്ട്. പക്ഷേ ഒരു കാര്യം തീച്ച്. ഗവേഷണത്തിൻെറ അഗ്നിപരീക്ഷണങ്ങളും എത്ര ശാസ്ത്രീയ മായാലും ശരി, തികച്ചും സ്ഖലിതമുക്തമാവുക സാദ്ധ്യ മല്ല. മൂവായിരത്താണ്ടോളമപ്പുറത്തെന്നോ രചിക്കപ്പെട്ട ഒരു കൃതിയുടെ ആദിരൂപമെന്തെന്ന് അറുത്തുമുറിച്ചു പറയാൻ ആക്കും സാദ്ധ്യമല്ല. ഭാരതവഷത്തിൻെറ ആദ്യത്തെ ദേശീയ കഥാഗാനമാണ് രാമായണം. ആസേതുഹിമാചലം, ആഗാന്ധാരകാംബോജം പ്രചരിച്ച ഒരു പാട്ടുകഥ. അതിൽ കുറെയേറെ പ്രാദേശികപ്രതിഭകളുടെ മനോധമ്മവിലാസ ങ്ങൾ കടന്നുകൂടുക സ്വാഭാവികമാണ്. എന്നിട്ടും വാല്മീകി രാമായണത്തിന് അത്ഭുതാവഹമായ ഒരു ഐകാഗ്ര്യം ഉണ്ടെന്ന വസ്തുതയാണ്, അതിൻെറ മാഹാത്മ്യത്തിന് ഏററവും വലിയ തെളിവ്.

രാമായണത്തെ യുക്തിയുടെ ചാണക്കല്ലിൽ ഉരച്ചു നോക്കുക എന്നതു് പണ്ഡിതന്മാരുടെ ഇഷ്ടവിനോദങ്ങ ളിൽ ഒന്നാണ്. വളരെ നാളായി ഇതു തുടങ്ങിയിട്ട്. പക്ഷേ കുരുക്കുകളൊക്കെ അഴിഞ്ഞുകിട്ടി എന്നു പറഞ്ഞു കൂടാ. ഇതാ, ഈയിടെയാണ് ഒരു പണ്ഡിതൻ പറഞ്ഞതു്, ബാലിയുടെ മരണത്തിനുശേഷം താര സുഗ്രീവൻെറ ഭാര്യാ പദം അലങ്കരിച്ചുകൊണ്ടല്ല വത്തിച്ചതെന്ന്. ഒരുപദേഷ്ടാ വിൻെറ നില മാത്രമായിരുന്നുവത്രേ അവൾക്ക്.

ന കാമവൃത്തം മമ സംനികൃഷ്ടം
കാമാഭിയോഗാച്ച നിവൃത്തലജ്ജം. (കിഷ്കിന്ധ – 33.56.)

എന്നും മററുമുള്ള താരയുടെ വാക്കുകൾപോലും അദ്ദേഹ ത്തിന് തെളിവുകളല്ല! 'ഭർത്തൃ'ശബ്ദം പ്രയോഗിച്ചിട്ടു

ണ്ടെങ്കിൽ, അതിന് 'രക്ഷിതാവ്' എന്ന അർത്ഥമേ കല്പി ക്കേണ്ടൂ എന്നും അദ്ദേഹം തുടൎന്നു പറയുന്നു! പിന്നെ നിവൃത്തിയില്ല!

ശ്രീരാമന്റെ സ്വഭാവത്തിൽ മാലിന്യം ചേൎക്കുന്നതായി സങ്കല്പിക്കപ്പെടുന്ന ആ രണ്ടുമൂന്നു സംഭവങ്ങളെ–ബാലിവധം, സീതാപരിത്യാഗം, ശംബൂകവധം ഇവയെ – ന്യായീകരിക്കാമോ എന്നതിലാണ് എല്ലാവരും ചെന്നു തലയറയുന്നത്.

ഭക്തിപക്ഷക്കാൎക്കെന്നപോലെ യുക്തിപക്ഷക്കാൎക്കും രാമായണം പഠനാൎഹമായത് ഒരുപക്ഷേ, ഇത്തരം കുരുക്കുകൾ അതിൽ അവിടവിടെയുള്ളതുകൊണ്ടല്ലേ? സ്വാമികളും ഈ കുരുക്കൻകഥകളിലേയ്ക്ക് കുശലമായ യുക്തിയോടെ കടന്നു ചെല്ലുന്നുണ്ട്. ആ ചൎച്ചകളാണ്, ഈ ഗ്രന്ഥത്തെ മലയാളത്തിലുള്ള മററു രാമായണകഥാഖ്യാനങ്ങളിൽനിന്ന് വേർതിരിച്ച് നിൎത്തുന്നതും. ശംബൂകന്റെ കഥ പറയുമ്പോൾ സ്വാമികൾ പറയുന്നതു കേൾക്കുക: ''വൎണ്ണം കൎമ്മകൃതമാണെന്നും ജന്മകൃതമല്ലെന്നും ശാസ്ത്രങ്ങളിൽ പലയിടങ്ങളിലും പറയുന്നുണ്ടെങ്കിലും ജാതിശ്രേഷ്ഠ്യം കട്ടിപിടിച്ചകാലത്തുള്ള ഗ്രന്ഥങ്ങളിൽ ഉയൎന്ന ജാതിക്കാർ അവരുടെ അവകാശങ്ങളും അധികാരങ്ങളും അഭംഗുരം നിലനിൎത്താൻ വേണ്ട കെട്ടുപാടുകൾ ഉണ്ടാക്കിവെച്ചിട്ടുള്ളതായി കാണാം.......സ്വാൎത്ഥം നിലനിൎത്താൻ സ്ഥാപിത താല്പൎയ്യക്കാർ എക്കാലവും ചെയ്യുന്ന ഒരേൎപ്പാടാണിത്.'' ഇത്രയും സമ്മതിച്ചതിനുമേൽ, അദ്ദേഹം ഇതുകൂടെ പറഞ്ഞു: ''അന്നത്തെ നിയമമനുസരിച്ച് അദ്ദേഹം നീതി നിൎവ്വഹിച്ചു എന്നു വേണം കരുതാൻ. ഇതേ ഇതിനൊരുത്തരമുള്ളു. അല്ലാത്തപക്ഷം ഉത്തരകാണ്ഡത്തിലെ ശൂദ്രമുനിവധകഥ പ്രക്ഷിപ്തമാണെന്നു സ്വീകരിക്കേണ്ടിവരും.'' അതെ; പ്രക്ഷിപ്തമാണെന്ന് പറയാതെ തരമില്ല. ശബരിയുടെയും ഗുഹന്റെയും കഥയെഴുതിയ വാല്മീകി ഇങ്ങനെയൊരു

കഥയെഴുതുമോ ? (ശബരി ശൂദ്രജാതിയേയല്ലെന്നു് ഒരു വാദവും ഇതിനിടെ കണ്ടു.) ശൂദ്രൻ തപസ്സിനു് അധികാരിയല്ലെന്നും, അധികാരിഭേദം നോക്കാതെ കർമ്മം ചെയ്യുന്നവൻ ശിക്ഷാർഹനാണെന്നും മററും ഒരു പണ്ഡിതലേഖകൻ 'കല്യാണകല്പതരു'വിൽ കുറേ മുമ്പു് എഴുതിയിരുന്നതു് ഓർക്കുന്നു. 'അധികാരി' എന്ന ഈ വാക്കുകൊണ്ടു് ശുഭകരമായ ഏതു വ്യതിയാനത്തിൻെറയും തലമണ്ടയുടയ്ക്കാം. അതും ഒരു പഴയ പോരാണു്. അഥവാ ശംബൂകൻ തപസ്സു ചെയ്തതു തെററാണെന്നിരിക്കട്ടെ. പക്ഷേ, അതിനു ബ്രാഹ്മണൻെറ കുട്ടി മരിക്കുന്നതെന്തിനു് ? അതിലെ കാര്യകാരണബന്ധം തുലോം അജ്ഞാതംതന്നെ.

ബാലിവധത്തിൻെറ കാര്യത്തിൽ വിമർശകന്മാർ സംഭാവനചെയ്യുന്നത്ര അനൗചിത്യമോ ധർമ്മവ്യതിക്രമമോ ഇല്ലെന്നു് സ്വാമികരം ചൂണ്ടിക്കാട്ടിയിട്ടുണ്ടു്. ''വാല്മീകിയ്ക്കു് സർവ്വാവയവസമ്പൂർണ്ണനായ ഒരു ധർമ്മമൂർത്തിയെ നിർമ്മിക്കാൻ വയ്യായ്കയില്ല. പിന്നെയെന്തിനു് ഈ ദോഷം രാമചരിതത്തിൽ ചേർത്തു ? രാമൻ ചരിത്രപുരുഷനായതുകൊണ്ടു്; വാല്മീകി യഥാർത്ഥത്തിൽ ഒരു ജീവിതചരിത്രമെഴുതുകയായിരുന്നതുകൊണ്ടു്.'' വാല്മീകി എഴുതിയതു് ജീവിതചരിത്രമാകട്ടെ, കെട്ടുകഥയാകട്ടെ, രണ്ടായാലും രാമൻ ഒളിയമ്പെയ്തുകൊന്നു എന്നു പറയാതെ കഴിക്കാൻ വാല്മീകിക്കു് ഒരു വിഷമവുമില്ല. നേരിട്ടു ചെന്നു് ബാലിയെ പോരിനു വിളിച്ചെന്നും യുദ്ധംചെയ്തു കൊന്നു എന്നും എഴുതിവെച്ചാൽ ആക്കും ഒന്നും ചോദിക്കാനുണ്ടാവുകയില്ല. ബാലി എത്ര വലിയ ഭുജബലവിക്രമനായാലും ത്രിഭുവനവിക്രമനോടു ജയിക്കാൻ സാദ്ധ്യമല്ലല്ലോ! എന്നിട്ടും വാല്മീകി അങ്ങനെ എഴുതിയില്ല. രാമൻെറ പേരിൽ ഒരപരാധം ചാർത്തിക്കൊടുത്തു. ഇതിനെ മഹർഷിയുടെ നിഷ്പക്ഷത എന്നു വേണം വിളിക്കാൻ. ഇതിനെപ്പററി പണ്ഡിതന്മാർ നടത്തിയിട്ടുള്ള വാദപ്രതിവാദകോലാഹ

ലങ്ങാം കേട്ട മട്ടത്തിട്ടാവണം, വിദ്യാവിവേകവൃദ്ധനായ സി. രാജഗോപാലാചാരി ഇങ്ങനെ എഴുതിയതു്: "രാമൻ എന്തോ ചില സമാധാനങ്ങളൊക്കെ പറഞ്ഞുവെന്നും, ബാലി അതു കേട്ട തൃപ്തിപ്പെട്ട എന്നുമാണു് വാല്മീകി വിവരിച്ചതരുന്നതു്. പക്ഷേ ഇതൊക്കെ കേവലം അപ്ര കൃതമെന്നെണ്ണി തള്ളിക്കളയുകയാണു് ഞാൻ. പണ്ഡിത ന്മാർ എന്നോട്ട ക്ഷമിക്കണമെന്ന പ്രാർത്ഥിക്കുന്നു. ഞാൻ വിചാരിക്കുന്നതിതാണു്: അവതാരം എന്തായാലും അവ താരം തന്നെ. ഭഗവാനും ഭഗവത്കളത്രത്തിനും ഈ ലോക ജീവിതത്തിൽ അനുഭവിക്കേണ്ടിവരുന്ന ദുഃഖങ്ങളുടെ കൂട്ട ത്തിൽ ഇങ്ങനെയൊന്നുമുണ്ടായി – തങ്ങളുടെ ചെയ്തികളെ ഭൂമിയുടെ ത്രാസിലിട്ടു്, ആളുകാം തൂക്കിനോക്കുക എന്ന ക്ലേശഭാരം.... ഭഗവാൻ അധഃസ്ഥവും പരിച്ഛിന്നവും ആയ ഒരു രൂപം സ്വീകരിക്കുമ്പോഠം, ഒപ്പംതന്നെ പരിമിതികളും അവിടത്തെ അനുഗമിക്കുന്നു. ഇതു് ഓർമ്മവെച്ചാൽ നമ്മുടെ ഭ്രമങ്ങാം നീങ്ങും."

ഇതു് ഏററവും സ്വീകാര്യമായ ഒരു വിധിയാണു്. വാല്മീകിയുടെ രാമൻ ഒരേസമയം മനുഷ്യനും ഈശ്വരനു മാണു് എന്നുപറയാൻ കാരണവും ഇതുതന്നെ. വാല്മീകി മഹർഷിതന്നെ, രാമൻെറ ഈ ദ്വിവിധവ്യക്തിത്വത്തെപ്പററി ബോധവാനാണു്. അതുകൊണ്ടാണു്, വളരെ യുക്തിപൂർവ്വം മനുഷ്യകഥ പറഞ്ഞുകൊണ്ടിരിക്കെത്തന്നെ, അദ്ദേഹം ഒരൊററ മാനസികപ്ലുതികൊണ്ടു് അമാനുഷികകഥയി ലേയ്ക്കും കടന്നെത്തുന്നതു്. വിവാഹത്തിൻെറയും വനവാസ ത്തിൻെറയും മററും കണക്കു് കൃത്യമായിപ്പറയുന്ന കവി തന്നെയാണു് പതിനോരായിരം വർഷം രാജ്യം വാണ കഥയും പറയുന്നതു്. (പുറം 214, 215.) ഹനുമത്സുഗ്രീ വാദികളുടെ മർക്കടത്വവും മൃഗചാപല്യവും യഥാതഥമായി വർണ്ണിക്കുന്ന കവിതന്നെയാണു്,

---

* രാമായണം—ഭാരതീയവിദ്യാഭവനം, 4—ാം പതിപ്പു് 181—ാം പുറം

നൂനം വ്യാകരണം കൃത്സ്നം അനേന ബഹുധാ ശ്രുതം
ബഹു വ്യാഹരതാനേന ന കിഞ്ചിദപശബ്ദിതം
അവിസ്തരമസന്ദിഗ്ദ്ധം അവിലംബിതമവ്യഥം
ഉരഃസ്ഥം കണ്ഠഗം വാക്യം വത്തതേ മധ്യമേ സ്വരേ.

കിഷ്കിന്ധ. 3. 29, 31.

എന്നു് ഹനൂമാനെപ്പററി വണ്ണിക്കുന്നതും. സുഗ്രീവൻെറ പാപ്പിടത്തെ കുരങ്ങച്ചൻെറ ഗുഹയെന്നു വണ്ണിക്കുന്ന കവി,

സ താം രത്നമയീം ശ്രീമാൻ ദിവ്യാം പുഷ്പിതകാനനാം
രമ്യാം രത്നസമാകീണ്ണാം ദദശ് മഹതീം ഗുഹാം.
ഹർമ്മ്യപ്രാസാദസംബദ്ധാം നാനാപണ്യോപശോഭിതാം
സവ്വകാലഫലൈർവൃക്ഷൈഃ പുഷ്പിതൈരുപശോഭിതാം,
ദേവഗന്ധവ്വപുത്രൈശ്ച വാനരൈഃ കാമരൂപിഭിഃ
ദിവ്യമാല്യാംബരധരൈഃ ശോഭിതാം പ്രിയദശ്നൈഃ.

*  *  *  *  *  *

വാനരേന്ദ്രഗൃഹം രമ്യം മഹേന്ദ്രസദനോപമം.

കിഷ്കിന്ധ. 33. 4–14.

(ഹമ്മ്യപ്രാസാദങ്ങൾ, മനോഹരങ്ങളായ നിരവധി വാണിജ്യവീഥികൾ എന്നിവകൊണ്ടു് വിചിത്രതരമായി ശോഭിക്കുന്ന പുരം... ദേവഗന്ധവ്വന്മാരുടെ സന്താനങ്ങളും കാമരൂപികളും പ്രിയദശ്നന്മാരും ദിവ്യമാല്യാംബരധാരികളുമായ വാനരന്മാർ... ആകപ്പാടെ, മഹേന്ദ്രസദനം പോലെ സുമനോഹരമായ കപീശ്വരവേശ്മം.) എന്നും വണ്ണിക്കുന്നുണ്ടു്.

ഇവർ തീച്ചയായും നാം കാഴ്ചബംഗ്ലാവിൽ കാണാറുള്ള കുരങ്ങന്മാരല്ല. ഇനി, രാവണാദികളായ രാക്ഷസന്മാരോ ? പൊതുവേ താമസപ്രകൃതികളാണെങ്കിലും അവരും മഹാഗംഭീരന്മാർതന്നെ. ദൈവചിന്തയും തപസ്സുമൊക്കെയുണ്ടു്; എല്ലാം സ്വസുഖത്തിനും പരദ്രോഹത്തിനും ആണെന്നുമാത്രം. രാവണൻ 'വേദവിദ്യാവ്രതസ്നാതനും സ്വകമ്മനിരതനും വീരനും വിക്രാന്തനും വിനീതനും നയകോവിദനും' ഒക്കെയാണു്. ഇവിടെയും കാണാം കവിയുടെ നിഷ്പക്ഷത. പക്ഷേ, ഇതൊന്നും മനസ്സിലാക്കാൻ ഒരുക്കമില്ലാത്തവർ അനേകമുണ്ടു്. അവരാണു്, രാമായണ

ത്തെ ആൎയ്യന്മാരുടെ ദ്രാവിഡമൎദ്ദനത്തിൻെറയും, ദക്ഷിണ ദേശോപനിവേശത്തിൻെറയും കഥയായി കണ്ടു് രോഷാമൎഷകഷിതരായി തീരുന്നതു്.

അന്നത്തെ സമൂഹഘടനയുടെയും കുടുംബഘടനയുടെയും ചിത്രങ്ങൾ ഇതിലൊട്ടുമില്ലെന്നല്ല, ഇതിൻെറയൎത്ഥം.

ആൎയ്യവാനരരാക്ഷസജീവിതങ്ങളിലൂടെ, ഉത്തമമധ്യമനീചങ്ങളായ മൂന്നു സമുദായഘടനകളെ നിഷ്പക്ഷമായി ചിത്രീകരിച്ചുകൊണ്ടു്, അവയിൽ ഉത്തമമായ-ആൎയ്യമായ- സമുദായഘടനയുടെ അനുകരണീയത കാട്ടുകയാണു് കവി. രാജൎഷിസത്തമനും ദേവേന്ദ്രതുല്യവിക്രമനും അഹിംസാതല്പരനും ആയ ദശരഥൻെറ കുടുംബം ഒരുവശത്തു്.* ബഹുഭാൎയ്യനായതുകൊണ്ടുള്ള ചില്ലറ കുഴപ്പങ്ങളേ അവിടെ ഉള്ളു. അതൊഴിച്ചാൽ എല്ലാം ധൎമ്മ്യം, ശ്രേഷ്ഠം. യോഗ്യതാപസന്മാരുടെ ഉപദേശമനുസരിച്ചു് ശാസ്ത്രാനുസാരേണ രാജ്യം ഭരിക്കുന്നു. രാമൻെറ കാലം വന്നപ്പോൾ രാജ്യഭരണം കുറെക്കൂടി ആദൎശോജ്ജ്വലമായി. സാക്ഷാൽ 'രാമരാജ്യം'തന്നെ! പക്ഷേ ആ രാജ്യം നടപ്പാക്കാൻവേണ്ടി എന്തെന്തു ആത്മക്ലേശങ്ങൾ! ധൎമ്മം പാലിക്കണമെങ്കിൽ എന്തും സഹിക്കാനും ത്യജിക്കാനും തയ്യാറാവണമെന്നാണു് വാല്മീകി പറയുന്നതു്. (രാമനെക്കൊണ്ടു തന്നെ അദ്ദേഹം അതു പലതവണ പറയിക്കുന്നുമുണ്ടു്.) യഥാൎത്ഥത്തിൽ ധൎമ്മം ഏതെന്നു നിശ്ചയിക്കാൻ പ്രയാസമുള്ള സന്ദൎഭങ്ങളും കുറവല്ല. ''കൂടുതൽ വ്യാപകമായ താല്പൎയ്യങ്ങൾക്കുവേണ്ടി ചെറിയ വൃത്തങ്ങളിലുള്ള താല്പര്യങ്ങളെ ഉപേക്ഷിക്കുക എന്നതാണു രാമൻ എല്ലാ സന്ദൎഭങ്ങളിലും ചെയ്തിട്ടുള്ളതെന്നു കാണാം. ഒരൊററത്തവണപോലും സ്വാര

---

* രാജൎഷീണാം ഗുണശ്രേഷ്ഠസ്തപസാ ചൎഷിഭിഃ സമഃ
ചക്രവൎത്തികുലേ ജാതഃ പുരന്ദരസമോ ബലേ
അഹിംസാരതിരക്ഷുദ്രോ ഘൃണീ സത്യപരാക്രമഃ.

സുന്ദര. 31. 3, 4.

ക്ഷ നോക്കി ധമ്മനിവ്വഹണത്തിൽനിന്നു് ഒഴിഞ്ഞുമാറിയി ല്ല. അന്യരുടെ ക്ഷേമത്തിനുവേണ്ടി സ്വസുഖത്തെ ത്യജി ക്കുന്നതിന്നു് എപ്പോഴും സന്നദ്ധനായിരുന്നു അവിടുന്നു്.''* ഇത്ര ത്യാഗം വേണ്ടിയിരുന്നോ എന്നാണു് ഭോഗപക്ഷക്കാ രായ നാം ഇന്നു ചോദിക്കുന്നതു്. വിശേഷിച്ചും പ്രജകരം (പൊതുജനം) എന്നു പറയുന്ന മൂഢാത്മാക്കറംക്കുവേണ്ടി! അന്നത്തെ സ്ഥിതിയിൽ ആ ചോദ്യം ഉണ്ടാവുകയില്ല: അഥവാ പ്രജകളിൽ കുറെപ്പേർ വേണ്ടെന്നു പറഞ്ഞാലും രാമൻ ത്യാഗത്തിൻെറ വഴിക്കേ പോകൂ. (രാമൻ ജാബാ ലിയോടു് പറയുന്ന മറുപടി നോക്കുക.) 'രാമനെപ്പോലെ യാവുക, രാവണനെപ്പോലെയാകാദ്ദ.' എന്നതാണു് സാ ഹിത്യത്തിൻെറ ലക്ഷ്യമെന്നു പറയാറുള്ളതും ഇക്കാരണ ത്താലാവാം.

രാമൻെറ ഈ ഏകാന്തമായ ധമ്മനിഷ്ഠയെ ഉയർത്തി ക്കാണിക്കുന്നതിനുവേണ്ടിയാണു് ഈ പുസ്തകം സിദ്ധി നാഥാനന്ദസ്വാമികരം രചിച്ചതു്. വെറും കഥപറയലല്ല സ്വാമിയുടെ ലക്ഷ്യം; വായിക്കുന്നവക്കു് കഥയുണ്ടാക്ക ലാണു്. നാനാഭാവതരംഗിതമായ ഈ അനശ്വരകാവ്യ ത്തെ, അതിൻെറ സൗന്ദയ്യാംശങ്ങറംക്കു കോട്ടം തട്ടിക്കാതെ ഒരു ചിമിഴിലൊതുക്കുന്നതു് ചെറിയൊരു അത്ഭുതംതന്നെ യാണു്. സ്വാമികരം ആ അത്ഭുതം സാധിച്ചിരിക്കുന്നു. ഒററവായന കഴിഞ്ഞു് മാററിത്തള്ളാവുന്ന ഒരു പുസ്തകമല്ല ഇതു്. ആദികാവ്യത്തിലേഷ്ക്കു് അനേകം ജിജ്ഞാസുക്കളെ ആകഷിക്കാൻ ഈ പുസ്തകത്തിനു കഴിയും. ഒരിക്കൽ ആകഷിക്കപ്പെട്ടാൽ, അതിൻെറ മാന്ത്രികവലയത്തിൽ നിന്നു് പുറത്തുചാടാൻ അത്രകണ്ടു് എളുപ്പവുമല്ല.

പാലക്കാടു്,

4—8—1965 എസ്സ്. ഗുപ്തൻ നായർ

---

* കറംച്ചറൽ ഹെരിററിജ്, വാ. II പുറം 49.

(നിഃശ്രേയസാനന്ദസ്വാമികരം)

# പ്രസ്താവന

കഥ പറയുകയും കേൾക്കുകയും ചെയ്യുന്നതു മനുഷ്യർക്ക് ഏതു കാലത്തും ഏതു ദേശത്തും ഇഷ്ടമായ ഒരു കാര്യ മാണ്. ഒരു ജനതയുടെ മനം കവരുന്ന കഥ മനസ്സിലാക്കി യാൽ ആ ജനതയുടെ സ്വഭാവത്തെ രൂപവത്കരിക്കുന്ന ഘടകങ്ങൾ ഏതെന്നു ഗ്രഹിക്കാം. ജനതയുടെ സ്വഭാവ വിശേഷമായിരിക്കും അവരുടെ മഹാപുരുഷന്മാരുടെ തൂലി കയിൽക്കൂടി വിശേഷോത്തരവാങ്മയരൂപങ്ങളായി ഉയിർ ക്കൊള്ളുന്നതു് എന്നതും വാസ്തവമാകുന്നു. അനാദികാലം മുതൽ ആര്യജനതയെ ആവേശംകൊള്ളിക്കുന്ന ആദർശങ്ങ ളാണ് സത്യവും ധർമ്മവും. അവയുടെ അനശ്വരഗായക ന്മാരാണ് വാല്മീകിയും വ്യാസനും. അവരുടെ ചിന്താ സന്താനങ്ങളാണ് ഭാരതീയരുടെ ആദർശപുരുഷന്മാർ.

'രാമോ വിഗ്രഹവാൻ ധർമ്മഃ.' എന്നാണ് കവി വചനം. ആദികവിയെ പിൻതുടൎന്നു നിരവധി ആളുകൾ രാമനെ താലോലിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കമ്പനും കാളിദാസനും, തുഞ്ചനും തുളസിയും രാമചരിതഗായകന്മാരാണ്. ഓരോരുത്തരും വാല്മീകി യുടെ ഓമലിനു് അലങ്കാരങ്ങളും, അംഗരാഗങ്ങളും, അംബ രാഡംബരങ്ങളും ചാർത്തിയിട്ടുണ്ട്. വാല്മീകിരാമന്റെ സ്വരൂപം മററുള്ളവരുടെ ഉടയാടകൾക്കുള്ളിൽ മിക്കവാറും മറഞ്ഞുപോയിരിക്കുന്നു. രാമനു താതൻ നല്കിയ രൂപം ഒന്നു കണ്ടു വണങ്ങാനുള്ള ഒരു ശ്രമമാണിതു്. 'ഭക്ത്യാ യുക്ത്യാ വിഭക്ത്യാ ച ജ്ഞേയം രാമായണം സ്മൃതം.'എന്നാ ണ് രാമായണത്തോടുള്ള പുരാതനമായ സമീപനരീതി; ഇവിടെയും ഈ രീതിതന്നെയാണ് കൈക്കൊണ്ടിട്ടുള്ളതു്.

ഇതിനു് പ്രചോദകരും പ്രബോധകരുമായി സഹകാ രികൾ പലരുമുണ്ട്. റൈററ് ഓണറബിൾ ശ്രീനിവാസ

ശാസ്ത്രികൾ രാമായണത്തെക്കുറിച്ച് കുറെ കൊല്ലങ്ങൾക്കു മുമ്പ് മദിരാശിയിൽ ഒരു പ്രസംഗപരമ്പര നടത്തി. 'രാമായണപ്രഭാഷണങ്ങൾ' എന്ന പേരിൽ ഇംഗ്ലീഷിൽ വിശിഷ്ടമായ ഒരു കൃതിയാണത്. അതിൽ ശാസ്ത്രികൾ, രാമനെ കേവലം മനുഷ്യനായിട്ടു കാണാനാണ് ശ്രമിച്ചിട്ടുള്ളത്. അതു വായിച്ചപ്പോൾ, വാല്മീകി എങ്ങനെയാണ് തൻെറ ആരാദ്ധ്യപുരുഷനെ ഭാവന ചെയ്തിരിക്കുന്നത് എന്നറിയണം എന്നു തോന്നി. പിന്നെ ചിലർ, രാമായണത്തിലെ സീതയുടെ നിസ്തുലമഹിമയിൽ മയങ്ങി രാമനെ തരംതാഴ്ത്താൻ ശ്രമിക്കുന്നതായും കാണാനിടയായി. ആ വാഴ്ത്തൽ രാമപത്നിക്കു ഹൃദയവേദന ഉണ്ടാക്കുമെന്ന സംഗതി അവർ ഒരുപക്ഷെ മറന്നുപോയിരിക്കും. വേറെ ചിലർ അയോദ്ധ്യയിലെ ചില ഗൂഢാലോചനകളെപ്പററി പഴി പറയുന്നതായും കണ്ടു. ഈവക പ്രചോദനങ്ങളും ഉത്തേജനങ്ങളുമാണ് ഇതെഴുതാൻ പ്രേരകമായ സഹകാരി കാരണങ്ങൾ; നിമിത്തകാരണം രാമകരുണയും.

രണ്ടു കൊല്ലം മുമ്പ് ഇതെഴുതിക്കഴിഞ്ഞു. അപ്പോളൊരു കുഴപ്പം. 'രാമൻ' ജനിക്കുന്നതിനു കുറച്ചു മുമ്പ് ഒരു 'പെൺപൈതൽ' പിറന്നിരുന്നു, 'കുന്തി'. 'കുന്തി'യെ പല സുഹൃത്തുക്കളുടെയും സഹായസഹകരണങ്ങളോടു കൂടി 'സ്വയംവരം' നടത്തിച്ചയച്ചു. പക്ഷെ, ആ 'ഉദ്വാഹം' കൊണ്ടും താതൻ മുക്തനായില്ല. ഒരുപ്രകാരത്തിൽ കടമൊക്കെ തീർന്നെങ്കിലും, പാണ്ഡുപ്രിയയ്ക്ക് നേരത്തെ വൈധവ്യം ഏൽപ്പെട്ടതിനെ അനുസ്മരിപ്പിക്കുമാറ്, 'കുന്തി' ഭർത്തൃകരത്തിൽനിന്നും കർത്തൃഗൃഹത്തിലെത്തി. പ്രഥമ ജാതയുടെ ജാതകമിങ്ങനെയായപ്പോൾ, അനിയൻെറ കാര്യം കഷ്ടത്തിലായി. അങ്ങനെയിരിക്കെ, കേരളസാഹിത്യഅക്കാദമിക്കാർ 'കുന്തി'ക്ക് ഒരു പ്രോത്സാഹനപാരിതോഷികം നല്കി. ചേച്ചിക്ക് സമ്മാനം കിട്ടിയപ്പോൾ, അനിയൻ, തൻെറ വനവാസം അവസാനിപ്പിച്ചുകൂടേ

എന്നു പതുക്കെ ചോദിക്കാൻ തുടങ്ങി. അതിനുള്ള ശ്രമവും ആരംഭിച്ചു.

സുപ്രസിദ്ധസാഹിത്യകാരനായ ശ്രീ കുട്ടികൃഷ്ണമാരാർ ഈ ഗ്രന്ഥം ആദ്യന്തം വായിച്ച് വേണ്ട തിരുത്തലുകൾ ചെയ്തു സന്തോഷം പ്രകടിപ്പിക്കുകയുണ്ടായി. അതുപോലെ, സുപ്രസിദ്ധനായ ശ്രീ ഗുപ്തൻനായരും ഇതു് വായിച്ചു തിരുത്തിത്തന്നു; മാത്രമല്ല, അദ്ദേഹമാണു് രാമന്റെ ഈ നവാവതാരത്തിനു പുരോഹിതനും. ഈ രണ്ടു സുഹൃത്തുക്കൾക്കും ലേഖകന്റെ അകംനിറഞ്ഞ നന്ദി സസന്തോഷം കുറിക്കുന്നു.

ഈ ഗ്രന്ഥം മുഴുവൻ ഒരു സഹോദരി പകർത്തിത്തന്നു. കേരളസാഹിത്യഅക്കാദമിയും തിരുവിതാംകൂർ ദേവസ്വം ബോർഡും ഒരു വ്യക്തിയും ഇതു് അച്ചടിക്കാൻ വലിയ സഹായങ്ങൾ ചെയ്തുതന്നിട്ടുണ്ടു്. പുസ്തകത്തിന്റെ മുഖചിത്രസംവിധാനം ചെയ്തുതന്നതു് 'ഫ്രൻസ് ആർട്ട്സ്' ഉടമസ്ഥൻ ശ്രീമാൻ ശ്രീധരമേനോനാകുന്നു. ഈ വിശിഷ്ട വ്യക്തികളോടും സ്ഥാപനങ്ങളോടും ലേഖകനു് അതിയായ കൃതജ്ഞതയുണ്ടു്.

ശ്രീ ഗുപ്തൻനായർ തന്റെ പ്രസന്നഗംഭീരമായ അവതാരികയിൽ ആശംസിക്കുംപോലെ, ''ആദികവിയുടെ ആദർശപുരുഷൻ'' അനുവാചകരെ ആദികവിയുടെ അടുക്കലേയ്ക്കും തദ്വാരാ രാമപദത്തിലേയ്ക്കും നയിക്കാൻ തുണയ്ക്കുന്നുവെങ്കിൽ ലേഖകൻ കൃതകൃത്യനായി.

വേദവേദ്യനായ പരമപുരുഷനും ക്രാന്തദർശിയായ വാല്മീകിമാമുനിക്കും വേദസമ്മിതമായ ആദികാവ്യത്തിനും സവിനയസന്നതി.

ശ്രീരാമകൃഷ്ണാശ്രമം,
തൃശ്ശൂർ,
10—8—1965,

ഗ്രന്ഥകാരൻ.

# ഉത്തമസാഹിത്യം – ആദികാവ്യം

ശ്രീരാമ രാമ രാമേതി രമേ രാമേ മനോരമേ,
സഹസ്രനാമ തത്തുല്യം രാമനാമ വരാനനേ.

സാഹിത്യമെന്നാൽ മുൻകാലങ്ങളിൽ കാവ്യങ്ങളെന്നായിരുന്നു അൎത്ഥം. ആംഗലാശയങ്ങളുടെ സമ്പൎക്കത്തിനുശേഷം ഭാഷയുടെ ഗദ്യവിഭാഗം വളൎന്നു. അപ്പോൾ ഭാഷയിൽക്കൂടി കിട്ടുന്ന അറിവിനെല്ലാം 'സാഹിത്യം' എന്നു പറയാൻ തുടങ്ങി. അതത്ര ശരിയാണോ? വൈദിക സാഹിത്യം, ലൗകികസാഹിത്യം, ഗദ്യസാഹിത്യം, പദ്യ സാഹിത്യം പുരോഗമനസാഹിത്യം എന്നിങ്ങനെ പല തരം സാഹിത്യം അരങ്ങത്തെത്തിയിട്ടുണ്ടു്. എന്നാലവയെല്ലാം ഈ പേരിലറിയപ്പെടാൻ അൎഹമാണോ ? സാഹിത്യമെന്നാൽ എന്താണൎത്ഥം ? സഹിതഭാവം-ഒരുമിച്ചിരിക്കൽ. ആരു് ? ആരോട്ടു് ? വിവക്ഷിതവസ്തുക്കൾ സുപ്രസിദ്ധങ്ങളാകുമ്പോൾ പ്രത്യേകനാമനിൎദ്ദേശം വേണ്ടതില്ല. ഏകവസ്തുവിൽ പരസ്പരസാപേക്ഷങ്ങളും തുല്യരൂപങ്ങളുമായ രണ്ടു വസ്തുക്കളുടെ ഏകകാലത്തിലുള്ള സമവൎത്തിത്വമാണിവിടെ വിവക്ഷിതം. ആരാണവരിരുവർ ? ഏററവും പ്രസിദ്ധവും, വേറൊരു സാക്ഷിയുടേയും സഹായംകൂടാതെ പ്രകാശിക്കുന്നതുമായ വസ്തു 'ഞാൻ' അതായതു് ജീവൻ. ജീവനു് ആരുമായുള്ള സഹിതത്വം? ശരിയായ മൈത്രി സമന്മാർ തമ്മിലേയുള്ളു. ജീവന്റെ സമനാരു് ? മിത്രമാരു് ? ജീവന്റെ മിത്രം ഈശ്വരൻ. അവർ മേളിക്കുന്നതെവിടെ? ''സൎവ്വഭൂതാനാം ഹൃദ്ദേശേ.'' അപ്പോൾ സാഹിത്യമെന്നാൽ ജീവനു് ഈശ്വരനുമായുള്ള വേഴ്ചയെന്നാണൎത്ഥം.

സാഹിത്യം ആസ്വദിക്കുന്നയാളെ നാം 'സഹൃദയൻ' എന്നാണു പറയാറു്. കാരണം, ഹൃദയം ജീവേശ്വരന്മാരാകുന്ന സുപൎണ്ണങ്ങളുടെ നീഡമായതുകൊണ്ടു്. 'ഹൃദി അയമിതി തസ്മാദ്ധൃദയം,' 'ഹൃത്തിൽ ഇവൻ, ഈശ്വരൻ, വാഴുന്ന

തുകൊണ്ടു് ഹൃദയം,' എന്ന ഛാന്ദോഗ്യോപനിഷത്തിലെ (8. 3. 3) നിർവ്വചനം ഇവിടെ സ്മരണീയമാകുന്നു. സഹൃദയനു് സാഹിത്യാസ്വാദനംകൊണ്ടു് കിട്ടുന്നതെന്താണു്? തന്മയത്വം. കവി തന്മയനായി ഗ്രന്ഥരചന നടത്തിയാൽ അനുവാചകനും തന്മയനാകും. തന്മയനെന്നുവെച്ചാലോ? 'ഓം തത് സദിതി നിർദ്ദേശോ ബ്രഹ്മണസ്ത്രിവിധഃ സ്മൃതഃ.' ഓം, തത്, സത്, ഇവ മൂന്നും ബ്രഹ്മനിർദ്ദേശകങ്ങളാകുന്നു. തത് എന്നതു് സർവ്വനാമം; സർവ്വം ഈശ്വരനും. അങ്ങനെ തന്മയത്വമെന്നാൽ ബ്രഹ്മമയത്വം എന്നു വന്നുകൂടുന്നു. ബ്രഹ്മമയത്വമല്ലാതെ അദ്വൈതിയുടെ ബ്രഹ്മത്വമായാൽ സാഹിത്യത്തിനും സായുജ്യം സംഭവിക്കും. അതുകൊണ്ടു് അത്രത്തോളമങ്ങോട്ടു പോവാൻ പാടില്ല. ആസ്വദിക്കണമെങ്കിൽ തെല്ലൊരു ഭേദമുണ്ടായിരിക്കണം. വിശിഷ്ടാദ്വൈതം വരെ കടന്നുചെല്ലാം. ബ്രഹ്മസ്വരൂപമായ 'സച്ചിദാനന്ദ'ത്രിമൂർത്തികളിൽ സത്തായ ജീവൻ, ആനന്ദത്തോടുകൂടി, സ്വസ്വരൂപമായ ജ്ഞാനത്തെ അറിയുമ്പോഴാണു് സാഹിത്യംകൊണ്ടു് സഹൃദയൻ തന്മയനാകുന്നതു്.

ഹൃദയം സ്നേഹത്തിൻെറ ആകരമാകുന്നു. സഹൃദയത്വം പ്രേമാസ്വാദനമാണു്, ആനന്ദസ്വരൂപനെ നുകരലാണു്. ചമത്കാരമാണു് കാവ്യലക്ഷണം. ചമത്കാരമോ സൗന്ദര്യബോധകവും. സൗന്ദര്യം ആനന്ദദ്യോതകവും ആനന്ദദായകവും. അങ്ങനെ പോയാലും മാധവമാധവിയിൽത്തന്നെ ചെന്നെത്തുന്നു.

രസമാണു കവിതയുടെ ജീവൻ. രസമെന്നാൽ ആനന്ദാനുഭവം. കരുണം, ശോകം മുതലായ രസങ്ങളും സാഹിത്യത്തിൽക്കൂടി നാം ആസ്വദിക്കുന്നു; എന്നുവെച്ചാൽ അവയിൽക്കൂടി നാം ആനന്ദംകൊള്ളുന്നു എന്നു ചുരുക്കം. ആനന്ദമാണു രസസ്വരൂപം. പോരെങ്കിൽ, 'രസോ വൈ സഃ' 'രസം ഈശ്വരസ്വരൂപമാണു്,' എന്നു് ആഷ്വചനവുമുണ്ടു്.

ഒരു കൃതി വായിക്കാൻ തുടങ്ങിയാൽ, സ്ഥലകാലങ്ങളാം മറന്നു് അതാസ്വദിക്കാൻ അനുവാചകനെ പ്രേരി

പ്പിക്കുന്നുവെങ്കിൽ അതൊരു ഉത്തമകലാസൃഷ്ടിയാണെന്നു പറയാം. അപ്പോൾ, ഒരു കൃതിയുടെ ശ്രേഷ്ഠ്യം നിർണ്ണയിക്കാനുള്ള ഒരുപാധി ദേശകാലങ്ങളെ വിസ്മരിപ്പിച്ച് തന്മയനാക്കാൻ അതിനുള്ള കഴിവാണ്. ദേശകാലങ്ങൾ മായാഘടകങ്ങളാകുന്നു. അവസ്ഥാതീതനാവുകയെന്നാൽ മായാമുക്തനാവുക എന്നാണർത്ഥം. അതായതു്, അനുവാചകനു് മായാമോചനവും തന്മയതയും നല്കുന്നതാണ് ഉത്തമകൃതി.

'രണ്ടാമതൊരിക്കൽക്കൂടി വായിക്കണമെന്നു തോന്നിക്കാത്ത പുസ്തകം വായിക്കാൻ കൊള്ളുകയില്ല.' എന്നു് എമേഴ്സൺ ഒരിടത്തു് പറഞ്ഞിട്ടുണ്ടു്. ഈ മാനദണ്ഡം വെച്ചു നോക്കിയാൽ, വായിക്കാൻ കൊള്ളാവുന്ന പുസ്തകങ്ങളെത്രയുണ്ടു്? ഉപനിഷത്തുകൾ, ഭാരതം, ഭാഗവതം, രാമായണം, ധമ്മപദം, ബൈബിൾ, കൊറാൻ എന്നിങ്ങനെ ഈശ്വരനേയും ഈശ്വരലീലകളേയും വർണ്ണിക്കുന്ന ചുരുക്കം ചില ഗ്രന്ഥങ്ങൾ മാത്രമേ ഈ തോതനുസരിച്ചു പഠനാർഹങ്ങളായിട്ടുള്ളു. ഇതരഗ്രന്ഥങ്ങൾ ഈ ഐശ്വരഗുണങ്ങൾ എത്രമാത്രം പ്രതിഫലിപ്പിക്കുന്നുവോ അത്രയ്ക്കും ശ്രദ്ധാർഹങ്ങളാണ്. നശ്വരങ്ങളായ വിഷയങ്ങളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ, ആവക ആവശ്യങ്ങൾ നിറവേറിക്കഴിഞ്ഞാൽ നിഷ്പ്രയോജനങ്ങളായി. ശാശ്വതമായ മൂല്യങ്ങളെ പ്രതിപാദിക്കുന്നവ ശാശ്വതവസ്തുവിലെത്തുന്നതുവരെ അനുപേക്ഷണീയങ്ങളാകുന്നു. വിഷയത്തിൽ വിഷം പതുങ്ങിയിരിപ്പുണ്ടു്. ഇന്ദ്രിയതർപ്പണം വേഗം മനം മടുപ്പിക്കും. അതീന്ദ്രിയവസ്തു നമ്മെ സദാ ആകർഷിക്കും; കാരണം, അതു നമ്മുടെ സ്വരൂപമാണ്. വിഷയജീവിതം തൊട്ടിൽ മുതൽ പട്ടടവരെ കണ്ണുനീരിൽ കുതിർന്നതാണെങ്കിലും, ജീവിതം ജീവനാർഹമായിരിക്കുന്നതു്, അതിനിടയിലും ഈ സച്ചിദാനന്ദത്തിൻെറ സ്ഫുരണമുള്ളതുകൊണ്ടാണ്. അതിൻെറ ഓരോ കണിക വിഷയങ്ങളിൽക്കൂടി പ്രതിഫലിക്കുന്നതുകൊണ്ടാണ് അവ ആകർഷകങ്ങളാകുന്നതും.

ഈ നിലയ്ക്കാലോചിക്കുമ്പോൾ സാഹിത്യമെന്ന സംജ്ഞയ്ക്ക് അർഹമായ കൃതികൾ ഈശ്വരപരങ്ങളോ, ഈശ്വരപ്രാപ്തിക്കു സഹായകങ്ങളോ ആയവ മാത്രമാകുന്നു. ഈ അർത്ഥത്തിൽ വാല്മീകിമാമുനിയുടെ ആദികാവ്യം ഉത്തമസാഹിത്യത്തിന്റെ മുൻപന്തിയിൽ വിളങ്ങുന്നതായിക്കാണാം. വാല്മീകിയ്ക്ക് സമശീർഷനായി വേറൊരാളുണ്ടെങ്കിൽ അതു വ്യാസൻ മാത്രം. ഇവരിരുവരുടേയും പേരിനൊപ്പം പറയാവുന്ന വേറൊരു കവി ഇതുവരെ പിറന്നിട്ടില്ല. ഇനി ഉണ്ടാകുമോ എന്ന കാര്യവും സംശയമാണ്.

ആദികാവ്യം എങ്ങനെ ഉത്തമസാഹിത്യമായി ? ഉത്തമസാഹിത്യം ഉണ്ടാവാനുള്ള ഉപാധികളെന്തെല്ലാം ? നമുക്ക് രാമചരിതത്തിന്റെ ഉദ്ഭവവും ഉപക്രമവും മററുമൊന്നു പരിശോധിക്കാം.

വിവേകാനന്ദസ്വാമികൾ ഒരിടത്തു പറയുന്നുണ്ട്. വിദ്യാഭ്യാസത്തിനു് ആദ്യം വേണ്ടതു് ഏകാഗ്രതാപരിശീലനമാണ് എന്നു്.

തപഃസ്വാധ്യായനിരതം തപസ്വീ വാഗ്വിദാം വരം
നാരദം പരിപപ്രച്ഛ വാല്മീകിർമുനിപുംഗവം.

തപസ്വിയായ വാല്മീകിയാണ് രാമായണരചയിതാവ്. ''മനസശ്ചേന്ദ്രിയാണാം ച ഐകാഗ്ര്യം പരമം തപഃ.'' മനസ്സിന്റെയും ഇന്ദ്രിയങ്ങളുടെയും ഐകാഗ്ര്യമാണ് ഉത്തമതപസ്സ്. വല്മീകപ്രഭവനാണെന്നതുകൊണ്ടുതന്നെ തപസ്തീവ്രത വ്യക്തവുമാണ്. തപസ്സിന്റെ ഫലം ഋഷിത്വം. മന്ത്രദ്രഷ്ടാക്കളായ ക്രാന്തദർശികളേയാണു ഋഷികളെന്നു പറയുന്നതു്. മന്ത്രമെന്നാൽ ആത്യന്തികമായ സംസാരമോചനം നൽകുന്നതിനു സമർത്ഥമായ ശബ്ദവിശേഷം എന്നർത്ഥം.

ശൃണ്വൻ രാമായണം പുണ്യം യഃ പാദം പദമേവ വാ
സ യാതി ബ്രഹ്മണഃ സ്ഥാനം ബ്രഹ്മണാ പൂജ്യതേ സദാ.

എന്നിങ്ങനെ ബ്രഹ്മസായുജ്യമാണു രാമായണശ്രവ

ണത്തിൻെറ പരമഫലമെന്ന പ്രതിജ്ഞയോടുകൂടിയാണ് മാമുനി ഈ മന്ത്രമാല ഉപസംഹരിക്കുന്നതു്. ഐകാഗ്ര്യവും ക്രാന്തദശിത്വവും കിട്ടി. അതുകൊണ്ടുമാത്രം മതിയോ? പോരാ, സദ്ഗുരുവിൽനിന്നും യഥായോഗ്യം അദ്ധ്യയനം ചെയ്യുന്നതുകൊണ്ടേ പ്രയോജനപ്രദമായ വിദ്യ സ്വായത്തമാകൂ. ഗുരുവിങ്കൽനിന്നു വിദ്യ ലഭിക്കാൻ എന്താണുപായം? വിനയവും ശുശ്രൂഷയും അത്ഥിത്വവും സാമത്ഥ്യവുമുള്ള ശിഷ്യന്മാക്കു് ഉത്തമഗുരുക്കന്മാർ തങ്ങ ക്കറിവുള്ളതെല്ലാം ചൊല്ലിക്കൊടുക്കും. പരിപപ്രച്ഛ - വിനയത്തോടും ജിജ്ഞാസയോടുംകൂടി ഗുരുവിനോടു ചോദിച്ചു.

ശിഷ്യൻ യോഗ്യനായാൽ മാത്രം പോരാ, ഗുരുവും ഒപ്പത്തിനൊപ്പം ശ്രേഷ്ഠനായിരിക്കണം. വാല്മീകിക്കു് ഗുരുവായി നാരദഷിയെയാണു ലഭിച്ചതു്–തപഃസ്വാദ്ധ്യായനിരതനും, മുനിപുംഗവനും, വാഗ്വിദാംവരനുമായ നാരദനെ. സ്വന്തം മുക്തി സാധിക്കാൻ പരബ്രഹ്മാനുഭവം മാത്രംമതി. ലോകഗുരുക്കന്മാക്കു് അതോടൊപ്പം ശബ്ദബ്രഹ്മനിഷ്ണാതത്വവുംകൂടി വേണം. സനത്കുമാരശിഷ്യനും സവ്വകലാവല്ലഭനുമാണു വ്യാസവാല്മീകിമാരുടെ ഉപദേഷ്ടാവായ നാരദൻ. മനനംകൊണ്ടു് സ്വായത്തമാക്കിയ വിദ്യയെ ലോകാനുഗ്രഹത്തിനു് ഉതകുമാറു് അഹന്മാരായ ശിഷ്യന്മാക്കു് നല്ലതുപോലെ ചൊല്ലിക്കൊടുത്തിട്ടുമുണ്ടു്. വാഗ്വിദാംവരനാണു്, ഒന്നാംതരം വാഗ്മി. പഠിച്ചിട്ടുണ്ടെന്നു മാത്രമല്ല പഠിപ്പിക്കാനുമറിയാം. എങ്കിലേ ഗുരുവാകാനൊക്കൂതാനും. നാരദനെന്നാൽ, 'നാരം പരമാത്മവിഷയകം ജ്ഞാനം ദദാതീതി നാരദഃ.' ആത്മവിദ്യയുപദേശിച്ചു നരനെ അവൻെറ യഥാത്ഥനില ഉണത്തുന്നവൻ എന്നത്ഥമുണ്ടു്. ഇപ്രകാരം ശബ്ദബ്രഹ്മത്തിലും പരബ്രഹ്മത്തിലും നിഷ്ണാതനും വാഗ്മിയും ലോകാനുഗ്രഹതല്പരനുമായ നാരദമഹഷിയാണു് വാല്മീകിമാമുനിയുടെ ഉപദേഷ്ടാവു്.

ഈവിധം ഉത്തമനായ ഒരു ഗുരുവിനെ കണ്ടെത്താൻ ഭാഗ്യം ലഭിച്ചാൽ വിവേകമുള്ള ഒരു ശിഷ്യൻ എന്തിനെക്കുറിച്ചാണറിയാനാഗ്രഹിക്കുന്നതു്? വക്താവിനും ശ്രോതാവിനും പൃച്ഛകനും ശ്രേയസ്കരമായ കാൎയ്യങ്ങളെ സജ്ജനങ്ങൾ അരുളുകയുള്ളു. വാല്മീകി ചോദിച്ചതോ? ധൎമ്മജ്ഞനും കൃതജ്ഞനും സത്യവാക്യനും ദൃഢവ്രതനും സച്ചരിതനും സൎവ്വഭൂതഹിതേരതനും വിദ്വാനും സമൎത്ഥനും പ്രിയദൎശനനും ജിതേന്ദ്രിയനും ജിതക്രോധനും കാന്തിമാനും അനസൂയകനും, കോപിച്ചാൽ നിലിമ്പൎക്കുംകൂടി ഭയാനകനും, അന്നു ജീവിച്ചിരിപ്പുള്ളവനുമായ നരനെക്കുറിച്ചും. മേല്പറഞ്ഞ ഗുണങ്ങൾ തികഞ്ഞ നരൻ നാരായണൻതന്നെ. അതിനുത്തരമായി നാരദൻ ഇക്ഷ്വാകുവംശപ്രഭവനായ രാമന്റെ ചരിത്രം സംഗ്രഹമായി ഉരചെയ്തു.

> ഇദം പവിത്രം പാപഘ്നം പുണ്യം വേദൈശ്ച സമ്മിതം
> യഃ പഠേദ് രാമചരിതം സൎവ്വപാപൈഃ പ്രമുച്യതേ.

വേദസമ്മിതമായ രാമചരിതം സൎവ്വപാപഹരമാകുന്നു എന്നു പറഞ്ഞാണു നാരദൻ കഥയവസാനിപ്പിച്ചതു്.

തപസ്സും ഗുരൂപദേശവും ഗുൎവ്വനുഗ്രഹവും ക്രാന്തദൎശിത്വവുംകൊണ്ടു മാത്രം കവിയാവാൻ സാദ്ധ്യമല്ല. കവിത്വം ജന്മസിദ്ധമായുണ്ടായിരിക്കണം. അതുകൊണ്ടും മതിയായില്ല; ജന്മവാസനയെ ഉണൎത്താനുതകുന്ന ചുററുപാടുകളും ഉണ്ടാകണം.

വാല്മീകി ശിഷ്യാനുഗതനായി കുളിക്കാൻ തമസാതീരത്തെത്തി. അവിടെ വനശോഭ കണ്ടാനന്ദിക്കുമ്പോൾ ഒരു ക്രൗഞ്ചമിഥുനത്തെ കാണാനിടയായി. മാമുനി നോക്കിനില്ക്കെ ഒരു വ്യാധൻ ആൺപക്ഷിയെ എയ്തുവീഴ്ത്തി. ചോരയിൽക്കുളിച്ചു പൂഴിയിൽ കിടന്നു പിടയുന്ന ഇണയെക്കണ്ടു ക്രൗഞ്ചപ്പിട നെഞ്ചുപൊട്ടിക്കരഞ്ഞു. ഈ കാഴ്ച വാല്മീകിയുടെ നെഞ്ചിൽ തറച്ചു. അദ്ദേഹത്തിന്റെ ഹൃദയം കരുണകൊണ്ടുരുകി. ക്രൗഞ്ചശോകം കണ്ടു

പൊറാഞ്ഞു്, വ്യാധൻചെയ്ത അധൎമ്മത്തിൽ അമൎഷമാണ്ടു്, മാമുനി മൊഴിഞ്ഞു:

മാ നിഷാദ പ്രതിഷ്ഠാം ത്വമഗമഃ ശാശ്വതീഃ സമാഃ
യത് ക്രൗഞ്ചമിഥുനാദേകമവധീഃ കാമമോഹിതം.

'കാമമോഹിതമായ ക്രൗഞ്ചമിഥുനത്തിലൊന്നിനെ കൊന്നകാരണം, എടാ വേടാ, നീ നീണ്ടാറം വാഴാതെ പോകട്ടെ.'

ശാപശ്ലോകം വായിൽനിന്നു വീണുകഴിഞ്ഞപ്പോറം വാല്മീകിക്കു് അദ്ഭുതമായി. 'ഇതെന്തു്? എന്താണു ഞാൻ പറഞ്ഞതു്?' എന്നു് സ്വയം ആലോചിച്ചിട്ടു് ശിഷ്യനായ ഭരദ്വാജനോടു പറഞ്ഞു:

പാദബദ്ധോഽക്ഷരസമസ്തന്ത്രീലയസമന്വിതഃ
ശോകാൎത്തസ്യ പ്രവൃത്തോ മേ ശ്ലോകോ ഭവതു നാന്യഥാ.

'സമാക്ഷരവും പാദബദ്ധവും തന്ത്രീലയസമന്വിതവുമായി, ശോകാൎത്തനായ എന്നിൽനിന്നും പ്രവഹിച്ചതു ശ്ലോകംതന്നെയാവണം, വേറൊന്നുമാവാൻ തരമില്ല.' കരുണയിൽനിന്നു് കാവ്യമൊഴുകി. പരിതഃസ്ഥിതികളെ പ്രതിഫലിപ്പിക്കുകയും അതിനനുസരിച്ചു് അനുരണനം ചെയ്യുകയും ചെയ്യുന്ന ഒരു ഹൃദയം വാല്മീകിയ്ക്കുണ്ടു്. കവനകല നൈസൎഗ്ഗികമായി സ്വായത്തമാണു് എന്നു വ്യക്തം.

വാസനയെത്ര പ്രബലമാണെന്നിരുന്നാലും അതതു വിദ്യകളിൽ ആപ്തന്മാർ അംഗീകരിച്ചനുമോദിച്ചാൽ മാത്രമേ ഒരുവനു് ആത്മവിശ്വാസം ഉണ്ടാവുകയുള്ളു. സ്നാനാനന്തരം വാല്മീകി ഉടജത്തിൽ മടങ്ങിയെത്തി. നാന്മുഖനപ്പോറം അവിടെ വന്നുചേൎന്നു. വാല്മീകി വിശിഷ്ടാതിഥിയെ യഥാവിധി സ്വീകരിച്ചു, മാമുനിയുടെ മനം വീണ്ടും താൻ കണ്ട ശോകദൃശ്യത്തെക്കുറിച്ചും തന്നിൽനിന്നുതിൎന്ന വാണീവിശേഷത്തെക്കുറിച്ചും ചിന്തയാണ്ടു. വേദഗൎഭൻ വാല്മീകിയേ സമാധാനിപ്പിച്ചു: 'അതിനെ

ക്കറിച്ച് ചിന്തിച്ചൊന്നും അങ്ങു വ്യാകുലനാകേണ്ട. ഭവാൻ ചൊല്ലിയതു ശ്ലോകമാകുന്നു. എൻെറ സങ്കല്പംകൊണ്ടാണ് അതങ്ങനെ പുറപ്പെട്ടതും. ഭഗവാൻ ശ്രീരാമചന്ദ്രൻെറ പാവനചരിതം നാരദനിൽനിന്നും കേട്ടപ്രകാരം മനോരമമാമ്മാറു് ശ്ലോകരൂപത്തിൽ നിബന്ധിച്ചാലും. അങ്ങേയ്ക്കു് അതിനുവേണ്ട അറിവെല്ലാം ഉണ്ടായിക്കൊള്ളും.'

നാന്മുഖൻ മടങ്ങി. മുനിശിഷ്യന്മാർ ശ്ലോകം വീണ്ടുംവീണ്ടും ചൊല്ലി ആശ്ചര്യപ്പെട്ടു. മാമുനി ബ്രഹ്മാജ്ഞയനുസരിച്ച് രാമചരിതം രചിച്ചു.

തപസ്സും ക്രാന്തദശിത്വവും, വിനയവും വിദ്യയും, വാസനയും ഗുവ്വനുഗ്രഹവും, ശിഷ്യാനുമോദനവും ഈശ്വരപ്രേരണയും, ധമ്മനിഷ്ഠയും പരാനുഗ്രഹവ്യഗ്രതയും, ഒത്തുകൂടുമ്പോഴാം ഉത്തമകാവ്യം ആവിർഭവിക്കുന്നു. ശോകംകൊണ്ടു നെഞ്ചു നീറുമ്പോഴം, കരുണകൊണ്ടു് കരളുരുകുമ്പോഴം, ഭക്തികൊണ്ടു ഹൃദയം ദ്രവിക്കുമ്പോഴം, ഹഷംകൊണ്ടു ഹൃത്കമലം വികസിക്കുമ്പോഴം, ധമ്മരോഷംകൊണ്ടു് അകക്കാമ്പു തിളക്കുമ്പോഴം, പ്രേമംകൊണ്ടു മനം മധുമയമാകുമ്പോഴം, ഭാവമയനായ കവിയുടെ ഹൃദയം കാവ്യരൂപേണ പ്രവഹിക്കുന്നു.

സവ്വരസസമ്പൂൎണ്ണമാണ് ആദികാവ്യം. രാമൻെറയും രാമയുടെയും ചരിതമാണ് രാമായണം. രാമനെ മുൻനിത്തിയുള്ള രാമ, ഭോഗം, ആപത്കരമല്ല. രാമനെക്കൂടാതെ രാമയെമാത്രം രാവണൻ അപഹരിച്ചു; തന്മൂലം അവൻ തുലഞ്ഞു. രാമപ്രതിഷ്ഠിതമായ ലോകജീവിതം ധമ്മത്തിനും അയോദ്ധ്യാപദപ്രാപ്തിക്കും ഉതകുന്നു. അപ്പോഴം അകത്തും പുറത്തും രാമരാജ്യം.

കവിതാപാദപത്തിൻെറ കൊമ്പത്തിരുന്നുകൊണ്ടു തേനോലുന്ന രാമനാമം പാടുന്ന വാല്മീകികോകിലത്തെ വണങ്ങുന്നേൻ.

# ആദികവിയുടെ

## ആദർശപുരുഷൻ

രാമായ രാമചന്ദ്രായ രാമഭദ്രായ വേധസേ,
രഘുനാഥായ നാഥായ സീതായാഃ പതയേ നമഃ.

കൂജന്തം രാമരാമേതി മധുരം മധുരാക്ഷരം,
ആരുഹ്യ കവിതാശാഖാം വന്ദേ വാല്മീകികോകിലം.

*പ്രണതജനബഹുജനനമരണഹരനാമകം
പ്രാണപ്രയാണകാലേ നിരൂപിപ്പവൻ,
ജനിമരണജലനിധിയെ വിരവൊടു കടക്കുമ-
ജ്ജന്മനാ കിംപുനസ്തസ്യ ദൂതോƒസ്മ്യഹം.

ഭാരതസംസ്കാരത്തിന്റെ ജനയിതാക്കളാണു വ്യാസനും വാല്മീകിയും. ഇവരെ നീക്കിനിത്തിയാൽ ഭാരതം ദരിദ്രമാകും. ഭാരതവും രാമായണവുമാണു നമ്മെ രൂപപ്പെടുത്തുന്നതു്, താങ്ങിനിത്തുന്നതു്, ആവേശംകൊള്ളിക്കുന്നതു്, ഒരു ഭാസുരഭാവിക്കുവേണ്ടി പ്രയത്നിക്കാൻ നമുക്കു പ്രേരണ തരുന്നതു്. സംസ്കാരഭാഗീരഥിയുടെ വിഭിന്നഭാവങ്ങളാണു ഭാരതവും രാമായണവും. മാനംമുട്ടുന്ന മഞ്ഞുമാമലകളിൽനിന്നും ഉരുകിയൂറി പെരുകിയൊഴുകി ചുഴികളിൽ കറങ്ങി, കയങ്ങളിൽ കുടുങ്ങി ഇരമ്പിമറിഞ്ഞു കാടുംമേടും തകത്തു് മരങ്ങളേയും മൃഗങ്ങളേയും ഒഴുക്കി മലകറംമുറിച്ചു് പാറകറം തകത്തു് വളഞ്ഞുംപുളഞ്ഞും കുതിച്ചുചാടിയും കലങ്ങിമറിഞ്ഞും ഗംഭീരതോയൗഘജവോർമ്മിഫേനിലയായി കൂലം കുത്തിപ്പായുന്ന വ്യാസനിർഗ്ഗളിതയായ ഭാരതഭാഗീരഥി; ശാന്തശീതളവും നീലനീരവും അഗാധഗംഭീരവും തൈത്തെന്നലിനൊത്തു കരതാളം പിടിച്ചുകൊണ്ടു്

* അ. രാ. സുന്ദരകാണ്ഡം — സമുദ്രലംഘനം.

വിശാലവക്ഷസ്സോടെ പ്രവഹിക്കുന്നതുമായ കാശീതലഗാമിനിയാണു് വാല്മീകിയുടെ രാമചരിതവാഹിനി.

ആദികവിയുടെ ആരാധ്യപുരുഷനെ നമുക്കൊന്നടുത്തു കാണാം. ഇരുപത്തിനാലായിരം ശീലുകളിൽ സവിസ്തരം പ്രതിപാദിച്ചിട്ടും വാല്മീകിക്കു തൃപ്തിയായില്ല. അപ്പോൾ അതേതാനും താളുകളിൽ ഒതുക്കിനിൎത്താൻ നോക്കുന്നതു സാഹസംതന്നെ. ആൎയ്യസംസ്കാരത്തിന്റെ ശാസ്ത്രകാരന്മാർ വ്യാസനും വാല്മീകിയുമാണെങ്കിൽ, അവൎക്കും അവരുടെ പലേ ആരാദ്ധ്യപാത്രങ്ങൾക്കും പ്രേരണയും പ്രോത്സാഹനവുമരുളിയിട്ടുള്ളതു് നാരദമാമുനിയാണു്. തപഃസ്വാധ്യായനിരതനായ നാരദന്റെ അടുക്കൽനിന്നാണു് വാല്മീകി രാമചരിതമെഴുതാൻ വേണ്ട വിവരങ്ങൾ ശേഖരിച്ചതു്. തനിക്കധീനയായ കവിതാകന്യകയെ ആരുടെയെങ്കിലും പരിചരണത്തിനു നിയോഗിക്കാൻ ആദികവി തയ്യാറല്ല. സരസ്വതിക്കു് കൃതാൎത്ഥതയും തനിക്കു് സംതൃപ്തിയും ലോകത്തിനു മംഗളവും ഉണ്ടാകുന്ന തരത്തിലേ തന്റെ കഴിവിനെ വിനിയോഗിക്കാൻ കവികുലഗുരു ഒരുക്കമുള്ളു. വാഗീശ്വരൻ മുനിപുംഗവനോടു ചോദിച്ചു: ''ഇന്നു ലോകത്തിൽ ജീവിച്ചിരിക്കുന്നവരിൽ സദ്ഗുണസമ്പന്നനും, വീൎയ്യവാനും, ധൎമ്മജ്ഞനും, കൃതജ്ഞനും, സത്യസന്ധനും, ദൃഢവ്രതനും, സദാചാരനിഷ്ഠനും, സൎവ്വഭൂതഹിതൈഷിയും, വിദ്വാനും, സമൎത്ഥനും, പ്രിയദൎശനനും, ജിതേന്ദ്രിയനും, അനസൂയകനും, പരന്തപനും ആയ മഹാപുരുഷനാരെന്നറിയാൻ എനിക്കതിയായ താല്പൎയ്യമുണ്ടു്.'' ഇതിനുത്തരമായി നാരദൻ ഇക്ഷ്വാകുവംശപ്രഭവനായ രാമന്റെ കഥ കീൎത്തിച്ചു.

**ദശരഥപുത്രൻ നരനോ നാരായണനോ?**

അനപത്യനായ ദശരഥനെ ഋശ്യശൃംഗൻ പുത്രകാമേഷ്ടി ചെയ്യിച്ചു. യാഗഭുക്കുകളായ ദേവഗന്ധൎവ്വസിദ്ധ

ന്മാർ ഭാഗപ്രതിഗ്രഹത്തിനായി വന്നെത്തി. അവിടെ വെച്ച് ദേവന്മാർ ബ്രഹ്മാവിന് നിവേദനം സമർപ്പിച്ചു: 'ഹേ ഭഗവൻ, അങ്ങയുടെ വരബലംകൊണ്ടു മത്തനായ രാവണൻ ഞങ്ങളെയെല്ലാം പീഡിപ്പിക്കുന്നു അവനെ അടക്കാൻ ഞങ്ങളാലാവുന്നില്ല. അവനിൽനിന്നും ഞങ്ങളെ എങ്ങനെയെങ്കിലും രക്ഷിച്ചരുളണം.' ബ്രഹ്മാവു മറുപടി നല്കി: ''ദേവന്മാർക്കവധ്യനാണവൻ. മനുഷ്യനെ അവന് മതിപ്പില്ല, ഭയമില്ല. അതുകൊണ്ട് മനുഷ്യനു മാത്രമേ അവനെ കൊന്നുകൂടൂ.'' ഈ സമയത്ത് ശംഖചക്ര ഗദാപാണിയും പീതാംബരധാരിയുമായ ജഗന്നാഥൻ വിഷ്ണു അവിടെ വന്നുചേർന്നു. ദേവന്മാരെല്ലാവരും വണങ്ങി വാഴ്ത്തി.

*ത്വാം നിയോക്ഷ്യാവഹേ വിഷ്ണോ ലോകാനാം ഹിതകാമ്യയാ
രാജ്ഞോ ദശരഥസ്യ ത്വമയോദ്ധ്യാധിപതേർവിഭോ,
വിഷ്ണോ പുത്രത്വമാഗച്ഛ കൃത്വാത്മാനം ചതുർവ്വിധം.

''ഹേ വിഷ്ണോ, ലോകഹിതത്തിനായി ദശരഥപുത്രനായി നാലുരൂപമെടുത്ത് അങ്ങു പിറക്കുന്നതിന് ഞങ്ങളങ്ങയെ നിയോഗിക്കുന്നു. അങ്ങുമാത്രമേ ഞങ്ങൾക്കു ഗതിയുള്ളൂ. ദേവശത്രുവായ ഇവനെ കൊന്ന് ഞങ്ങളെ പാലിച്ചാലും.'' വിഷ്ണു ആശ്വസിപ്പിച്ചു: ''അല്ലയോ ദേവന്മാരേ, നിങ്ങൾ നിർഭയന്മാരായാലും. ഞാനിവനെ പുത്രപൗത്രാദികളോടുകൂടി കൊന്നൊടുക്കി ലോകഭയം നീക്കുന്നുണ്ട്. ഞാൻ ഭൂമിയിൽ മനുഷ്യനായിപ്പിറന്നു പതിനോരായിരം കൊല്ലം ലോകം പാലിക്കുന്നതാകുന്നു.''

ദേവന്മാർ വിഷ്ണുവിനോട് അപേക്ഷിച്ച രീതി നോക്കിയാൽ, അവരെ കാത്തുരക്ഷിക്കുന്നതിന് അവരാൽ നിയമിതനായ ഒരധികാരി എന്ന നിലയേയുള്ളൂ വിഷ്ണുവിനെന്നു തോന്നും; അവർ രാവണവധത്തിനു വിഷ്ണുവിനെ നിയോഗിക്കുകയാണു ചെയ്യുന്നത്. അപ്പോൾ നിയോ

* ബാലകാണ്ഡം, 15 — 19.

ജ്യനാണ് വിഷ്ണു എന്നു വരുന്നു. അദ്ദേഹം ത്രിലോകനാഥനാണെന്നും മററും അവർ വാഴ്ത്തുന്നുണ്ടെന്നതു നേരുതന്നെ. എന്നാലും പിൽക്കാലത്തെ പുരാണങ്ങളിൽ വിഷ്ണുവിനു ലഭിച്ചിട്ടുള്ള സർവ്വാതിശായിയായ സ്ഥാനം രാമായണകാലത്തു കല്പിക്കപ്പെട്ടിരുന്നില്ല എന്നു കരുതാൻ ഇതിട തരുന്നു. വേറൊരു വഴിക്കും ഇതിനെ വീക്ഷിക്കാം: ഭക്തപരാധീനനായ ഭഗവാൻ പ്രപന്നന്മാക്കു നിയോജ്യനാണ്; അതുകൊണ്ടിങ്ങനെ ചെയ്തു എന്നും.

പുത്രകാമേഷ്ടിപാവകനിൽനിന്നും അതുലപ്രഭനായ പ്രാജാപത്യനരൻ ഉയൎന്നുവന്നു. അഗ്നിജാതൻ ദശരഥനോടു പറഞ്ഞു: "ഹേ രാജൻ, അങ്ങയുടെ അച്ചനകൊണ്ടു പ്രീതരായ ദേവന്മാർ നിൎമ്മിച്ചു തന്നയച്ച ഈ പായസം അങ്ങയുടെ ഭാൎയ്യമാരെ ഭുജിപ്പിച്ചാലും. ഇതു് പ്രജാകരവും ധന്യവും ആരോഗ്യവൎദ്ധനവുമാകുന്നു. ഇതുകൊണ്ടു് അങ്ങേയ്ക്കു് സന്താനലാഭം ഉണ്ടാകും." ദശരഥൻ പായസവും വാങ്ങി അന്തഃപുരത്തിലെത്തി. കൗസല്യയെ വിളിച്ചു. പകുതി അവൾക്കു കൊടുത്തു. ബാക്കിയുള്ളതിൽ പകുതി, അതായതു് ആകെയുള്ളതിൻെറ കാൽഭാഗം, സുമിത്രയ്ക്കു നൽകി. അവശിഷ്ടാൎദ്ധം, അതായതു് അരക്കാൽ ഭാഗം, കൈകേയിക്കു കൊടുത്തു. ബാക്കിവന്ന അരക്കാൽ ഭാഗം, ഒന്നാലോചിച്ചശേഷം അരചൻ വീണ്ടും സുമിത്രയ്ക്കു കൊടുത്തു. അങ്ങനെ കൗസല്യയ്ക്കു് പകുതിയും, സുമിത്രയ്ക്കു കാലേഅരക്കാൽപങ്കും, കൈകേയിക്കു് അരക്കാൽ ഭാഗവും വീതം പായസം കിട്ടി.

* ദക്ഷനാം ദശരഥൻ തത്ക്ഷണം പ്രീതിയോടേ
കൗസല്യാദേവിക്കൎദ്ധം കൊടുത്തു നൃപവരൻ,
ശൈഥില്യാത്മനാ പാതി നൽകിനാൻ കൈകേയിക്കും;
അന്നേരം സുമിത്രയ്ക്കു കൗസല്യാദേവിതാനും
തന്നുടെ പാതി കൊടുത്തീടിനാൾ മടിയാതെ.

---

* അ. രാ. ബാലകാണ്ഡം, പുത്രകാമേഷ്ടി.

എന്നതു കണ്ട പാതി കൊടുത്തു കൈകേയിയും
മന്നവനതു കണ്ട സന്തോഷം പൂണ്ടാനേററം.

എന്നിങ്ങനെയാണ് എഴുത്തച്ഛൻ പായസം പങ്കുവെയ്ക്കുന്നതു്. കാളിദാസപ്രഭൃതികളും അങ്ങനെതന്നെ. കൈകേയി കലമ്പിയെങ്കിലോ എന്ന ഭയംമൂലം സുമിത്രയെ ദശരഥനു് തിരസ്കരിക്കേണ്ടതായിവന്നു എന്നതിൽ കവിഞ്ഞു് ഈ മാററംകൊണ്ടു് മെച്ചമൊന്നുമില്ല.

പായസാശനം കഴിഞ്ഞു് പന്ത്രണ്ടുമാസം കഴിഞ്ഞപ്പോഠം രാമഭരതലക്ഷ്മണശത്രുഘ്നന്മാർ ജനിച്ചു. ചൈത്രമാസത്തിലെ ശുക്ലപക്ഷനവമിയിൽ പുണർതം നക്ഷത്രത്തിൽ, ആദിത്യൻ, ചൊവ്വ, ഗുരു, ശുക്രൻ, ശനി എന്നീ ഗ്രഹങ്ങഠം ഉച്ചസ്ഥങ്ങളായിരിക്കുമ്പോഠം, ഗുരു ചന്ദ്രനോടൊത്തു് ഉദിച്ചപ്പോഠം, കക്കടകലഗ്നത്തിൽ, ദിവ്യലക്ഷണസംയുതനും ജഗന്നാഥനും വിഷ്ണുവിൻെറ അദ്ധാംശവുമായ രാമനെ കൗസല്യാദേവി പ്രസവിച്ചു. പൂയംനാളിൽ കൈകേയീപുത്രനായ ഭരതനും, ആയില്യംനാളിൽ സുമിത്രാപുത്രന്മാരായ ലക്ഷ്മണശത്രുഘ്നന്മാരും പിറന്നു. എല്ലാവരും വിഷ്ണ്വംശഭൃതന്മാരാകുന്നു. വാല്മീകിയുടെ രാമൻ അവതാരമല്ല, മനുഷ്യൻ മാത്രമാണു്; അവതാരമെന്നു കീത്തിയ്ക്കുന്ന ഭാഗങ്ങഠം പ്രക്ഷിപ്തങ്ങളാകുന്നു എന്നും മററും ചില അഭിപ്രായങ്ങളുണ്ടു്. തങ്ങളുടെ സിദ്ധാന്തത്തിനു് അനുകൂലമല്ലാത്ത ഭാഗങ്ങഠം പ്രക്ഷിപ്തങ്ങളാണെന്നു്, അതിനു് ഉപോദ്ബലകങ്ങളായി മററു തെളിവുകളില്ലാത്തപ്പോഠം പറയുന്നതു് യുക്തിസഹമല്ല. രാമൻ ജനിച്ചതും മരിച്ചതും ഈശ്വരാംശഭൃതനായിട്ടാണു്, അവതാരപുരുഷനായിട്ടാണു്. ബ്രഹ്മാവിൻെറ പ്രാത്ഥനയനുസരിച്ചു ജനിച്ചു; അദ്ദേഹത്തിൻെറ നിവേദനമനുസരിച്ചു്, ''വിവേശ വൈഷ്ണവം തേജഃ സശരീരഃ സഹാനുജഃ.'' അനുജന്മാരുമൊത്തു് സശരീരനായി വിഷ്ണുവിൽ പ്രവേശിച്ചു, എന്നു സ്വധാമപ്രാപ്തിയും കാണുന്നു. അതുകൊണ്ടു വാല്മീകി

യുടെ രാമൻ അവതാരമാണെന്നതു് നിസ്തക്ക്മാകുന്നു. പക്ഷേ, രാവണൻ മനുഷ്യേതരവർഗ്ഗങ്ങളിൽനിന്നും അവ ദ്ധ്യത്വം നേടിയിരുന്നതുകൊണ്ടു മനുഷ്യനായി പിറന്ന പ്പോഠം രാമൻ ആ ഭാഗം തന്മയമായി അഭിനയിച്ചു. തൻെറ ഐശ്വരമഹിമ അധികമൊന്നും പ്രകടമാക്കാൻ രാമൻ കൂട്ടാക്കിയില്ല.

അവജാനന്തി മാം മൂഢാ മാനുഷീം തനുമാശ്രിതം.

''മനുഷ്യനായി വന്ന എൻെറ പരംഭാവത്തെ അറിയാതെ മൂഢന്മാരെന്നെ അവമാനിക്കുന്നു.'' എന്നു കൃഷ്ണൻ സ്വമഹി മയെ പ്രകാശിപ്പിക്കുമ്പോഠം,

* ആത്മാനം മാനുഷം മന്യേ രാമം ദശരഥാത്മജം.

'ദശരഥപുത്രനായ ഒരു മനുഷ്യനാണെന്നു് ഞാനെന്നെ കരു തുന്നു.' എന്നു രാമൻ പറയുന്നു. ഇവിടേയും അവതാരമാ ണെന്നു് ധ്വനിയുണ്ടു്. മനുഷ്യനാണെങ്കിൽ, 'മനുഷ്യ നാണു്' എന്നാണു പറയേണ്ടതു്; അതിനുപകരം 'മാനുഷം മന്യേ' 'മനുഷ്യനാണെന്നു കരുതുന്നു' എന്നു പറയുന്നതിൽ നിന്നും, അതു് തല്ക്കാലം സ്വീകരിക്കുന്ന ഒരു വേഷം മാത്ര മാണെന്നു വന്നുകൂടുന്നു. ആദികാവ്യത്തിലെ രാമൻ മനു ഷ്യഭാഗം ഒട്ടേറെ തന്മയമായി അഭിനയിക്കുന്നുണ്ടെന്നതു വാസ്തവംതന്നെ. രാമനെ അവതാരപുരുഷനായി ജനഹൃ ദയങ്ങളിൽ പ്രതിഷ്ഠിച്ചതു് തുളസിയും കമ്പനും എഴുത്തച്ഛ നുമാണെന്നു വേണം പറയാൻ. ധർമ്മശാസ്ത്രവും മോക്ഷ ശാസ്ത്രവുമായിട്ടു് ഒരു ഗ്രന്ഥത്തെ സ്വീകരിക്കണമെങ്കിൽ അതു് ഈശ്വരചരിത്രമായിരിക്കണം, അല്ലാതെ കേവലം മാനവചരിത്രമായാൽ പോരാ. ഒരു വെറും മനുഷ്യൻ എത്രതന്നെ ഉയന്നവനായാലും അവൻെറ വിക്രമങ്ങഠം ചതു ർവ്വർഗ്ഗപ്രദവും ബ്രഹ്മപദപ്രാപകവും ആവാൻ നിവൃത്തിയില്ല.

§ ശൃണ്വൻ രാമായണം ഭക്ത്യാ യഃ പാദം പദമേവ വാ
സ യാതി ബ്രഹ്മണഃ സ്ഥാനം ബ്രഹ്മണാ പൂജ്യതേ സദാ.

---

* യുദ്ധകാണ്ഡം, 117–11, § ഉത്തരകാണ്ഡം, 111–24.

ഭക്തിപൂർവ്വം രാമായണപാഠം ചെയ്യുന്നതുകൊണ്ടു് ബ്രഹ്മപദ പ്രാപ്തിയുണ്ടാകുന്നു, എന്നിപ്രകാരം ഫലദായകമാകണമെങ്കിൽ അതു് ഈശ്വരചരിതമാകണം. രാമനാമം ജപിച്ചും രാമനെ ശരണമടഞ്ഞും അനേകം ഭക്തന്മാർ സംസാരമുക്തരായിട്ടുണ്ടു് എന്നുള്ളതും, രാമൻ കേവലം മനുഷ്യനല്ല, മനുഷ്യനെ കരകയററാൻ രൂപമെടുത്ത സാക്ഷാൽ ഭഗവാൻ തന്നെ എന്നതിനു് സാക്ഷ്യം വഹിക്കുന്നു.

## പെൺകൊല ചെയ്കയോ ?

ദശരഥൻ സന്തോഷംകൊണ്ടു മതിമറന്നു; ദാനധർമ്മങ്ങൾ ചെയ്തു. പന്ത്രണ്ടാംനാൾ വസിഷ്ഠൻ നാമകരണം ചെയ്തു. കുമാരന്മാർ വളർന്നുവന്നു. രാമൻ ദശരഥൻെറ പ്രാണപ്രിയൻ. ലക്ഷ്മണൻ രാമൻെറ അപരപ്രാണൻപോലെയായിരുന്നു; ശത്രുഘ്നൻ ഭരതൻെറ സന്തതസഹചാരിയും. രാജകുമാരന്മാർക്കുചിതങ്ങളായ വേദാധ്യയനവും ധനുർവ്വേദവും അവരഭ്യസിച്ചു. പുത്രന്മാരെക്കണ്ടു പരമപ്രീതനായ ദശരഥൻ അവരുടെ വിവാഹകാര്യത്തെക്കുറിച്ചു് ഉപാധ്യായനോടും മന്ത്രിമാരോടും ബന്ധുക്കളോടും ആലോചന തുടങ്ങി. അങ്ങനെയിരിക്കെ വിശ്വാമിത്രമഹർഷി അവിടെ അഭ്യാഗതനായി. ദശരഥൻ മഹർഷിയെ യഥാവിധി സ്വീകരിച്ചുപചരിച്ചു: തന്നാൽ കർത്തവ്യമായിട്ടെന്തെങ്കിലുമുണ്ടോ എന്നന്വേഷിച്ചു. തൻെറ യാഗവിഘ്നത്തിനെത്തുന്ന രാക്ഷസന്മാരെ വധിക്കാൻ രാമനെ അയച്ചുകൊടുക്കണമെന്നു് വിശ്വാമിത്രൻ പറഞ്ഞപ്പോൾ ദശരഥൻ വിഷമത്തിലായി. രാമനെ പിരിയുന്നതു പ്രാണൻപോകുന്നതു പോലെയാണു്, അഥവാ അതിലും വേദനയാണു് വൃദ്ധതാതനു്. മാമുനിയുടെ അപേക്ഷയനുസരിച്ചു പ്രവർത്തിച്ചില്ലെങ്കിൽ ഭവിഷ്യത്തെന്താകുമെന്നു് തീർച്ചയുമില്ല. രാമനെ അയയ്ക്കാതെകഴിക്കാൻ പലപാടു ശ്രമിച്ചുനോക്കി. ഒടുവിൽ വസിഷ്ഠൻെറ ഉപദേശപ്രകാരം കൊടുക്കാമെന്നു

സമ്മതിച്ചു. വിശ്വാമിത്രൻ സ്വയം രാക്ഷസന്മാരെ അടക്കാൻ പോന്നവനെങ്കിലും രാമന്റെ ശ്രേയസ്സു കൈവരുത്താൻ വന്നിരിക്കയാണെന്നു് വസിഷ്ഠൻ പറഞ്ഞപ്പോൾ അയയ്ക്കാമെന്നു ദശരഥൻ നിശ്ചയിച്ചു. വേഗം രാമനേയും ലക്ഷ്മണനേയും വരുത്തി, ലക്ഷ്മണനെ മഹർഷി ആവശ്യപ്പെട്ടില്ലെന്നിരിക്കിലും. അച്ഛനമ്മയും മംഗളം ആശംസിച്ചു, നെറുകയിൽ മുകന്നു; വസിഷ്ഠൻ അനുഗ്രഹമരുളി.

വിശ്വാമിത്രൻ രാമലക്ഷ്മണന്മാരോടൊത്തു പുറപ്പെട്ടു. യാത്രയിൽ വിശപ്പും ദാഹവുംകൊണ്ടുള്ള പീഡയുണ്ടാകാതാരിക്കാൻ മാമുനി അവക്കു ബല, അതിബല എന്ന മന്ത്രങ്ങൾ ഉപദേശിച്ചു. വഴിക്കു പല കഥകൾ പറഞ്ഞും വിശ്രമിച്ചും യാത്ര തുടന്നു. അങ്ങനെ പൊയ്ക്കൊണ്ടിരിക്കെ ആയിരം ആനയുടെ കരുത്തുററ കാമരൂപിണിയായ ഒരു യക്ഷിയെ കാണായി, സുന്ദഭാര്യയായ താടകയെ. ശാപബദ്ധയായ അവളെ കൊല്ലാൻ വിശ്വാമിത്രൻ ആജ്ഞാപിച്ചു. സ്ത്രീവധം ശ്രുതത്തിനും ശീലത്തിനും ചേന്നതല്ലല്ലൊ എന്നൊരു സംശയം രാമനുണ്ടായിരുന്നു. പ്രജാരക്ഷണത്തിനുവേണ്ടി രാജകുമാരന്മാർ ഇത്തരം അധമ്മികളെ ഹനിക്കേണ്ടതുണ്ടു്, അതു പാതകമായാലും അവരുടെ കത്തവ്യമാണു് എന്നെല്ലാം വിശ്വാമിത്രൻ ഉപദേശിച്ചു. രാമനൊരുവിധം സമ്മതിച്ചു; താടകാവധത്തിനൊരുമ്പെട്ടു. എന്നിട്ടും, സ്ത്രീസ്വഭാവേന രക്ഷിതയായ അവളെ ഹൃതകണ്ണാഗ്രനാസികയാക്കി ഗതിവീര്യങ്ങളെ നിഗ്രഹിച്ചയയ്ക്കാനാണു് പിന്നെയും വിചാരിച്ചതു്. അവർ തമ്മിൽ ഘോരമായ പോരു നടന്നു. രാമൻ താടകയുടെ കൈകളറുത്തു; ലക്ഷ്മണൻ കാതും മൂക്കും മുറിച്ചു. കാമരൂപിണിയായ അവൾ അവരെ ശിലാവഷംകൊണ്ടു മൂടി. അന്തിക്കു് രക്ഷസ്സുകൾക്കു് ബലം വദ്ധിക്കുമെന്നും അതിനു മുമ്പവളുടെ കഥ തീക്ക്ണമെന്നും ദയ വിചാരിക്കാനുള്ള കാലമല്ലതെന്നും വിശ്വാമിത്രൻ വീണ്ടും ഉപദേശിച്ചതനു

സരിച്ച് രാമൻ അമ്പുകൊണ്ട് അവളുടെ നെഞ്ചു പിളന്നു കൊന്നു. അന്നുരാത്രി താടകാവനത്തിൽ സസുഖം പാത്തു. സന്തുഷ്ടനായ മഹഷി പിറേറന്നു കാലത്തു് സവ്വദിവ്യാസ്ത്ര ങ്ങളും ഉപദേശിച്ചുകൊടുത്തു.

ശ്രീരാമൻെറ സ്വഭാവത്തിൽ ഒരു ക്ഷത്രിയനു് ആകാവുന്നതിലധികം ധമ്മശങ്ക കടന്നുകൂടിയിട്ടുണ്ടായിരുന്നു. അതങ്ങനെ വളരാൻ വിട്ടിരുന്നെങ്കിൽ, വരാനിരിക്കുന്ന പ്രതിസന്ധികളിൽ രാമനു് കൂടുതൽ വിഷമങ്ങൾ നേരിടു മായിരുന്നു. രാജ്യരക്ഷയും പ്രജാപാലനവും നടത്തേണ്ട വക്കു് ചില്ലറ ഹിംസകളും പീഡകളും ഏല്പിക്കാതെ തങ്ങ ളുടെ കടമകൾ നിവ്വഹിച്ചുകൊണ്ടുപോകാൻ സാദ്ധ്യമാ യെന്നു വരുകയില്ല. യഥാകാലം അല്പം ബലവും ഹിംസ യും ഉപയോഗിക്കാൻ മടി കാണിച്ചാൽ പില്ക്കാലം ചുററു പാടുകളുടെ സമ്മദ്ദത്തിനടിപെട്ടു് കൂട്ടക്കൊല ചെയ്യേണ്ട തായ്‌വരും. ധമ്മപുത്രക്കു് ധമ്മശങ്ക തീന്നിട്ടൊരുകാലവും ഉണ്ടായിരുന്നില്ല. കള്ളച്ചൂതുകൊണ്ടു ചതിച്ച് സവ്വവും അപഹരിച്ചപ്പോഴും ധമ്മഭയംകൊണ്ടു് അധമ്മകാരികളെ അമത്താൻ കൂട്ടാക്കിയില്ല. വനത്തിലലയുന്ന തങ്ങളെ പരിഹസിക്കാനെത്തിയപ്പോൾ ഗന്ധവ്വന്മാരുമായി ഏററു മുട്ടി പരാജയമടഞ്ഞ ദുര്യോധനാദികളെ ബന്ധനമുക്ത രാക്കി മടക്കി അയച്ചു. എന്നിട്ടെന്തുണ്ടായി? സവ്വസംഹാ രകമായ രണം. കൊള്ളിയും കൊലയുമായി നമ്മെ ഉപ ദ്രവിച്ച പല കൊള്ളപ്പരിഷകളേയും ധമ്മയുദ്ധത്തിൻെറ പേരിൽ മടങ്ങിപ്പോകാൻ വിട്ടു; വീണ്ടും വന്നു നമ്മെ കൊ ള്ളയടിക്കാൻ മാത്രം. അഹിംസയുടെ പേരിൽ നാടിൻെറ ക്ഷാത്രവീയ്യം കുറഞ്ഞുപോയതുകൊണ്ടു് വിദേശികൾ വന്നു് നമ്മെ അടക്കിവാണു. ഇന്നും നമ്മുടെ ധമ്മശങ്കയും അസ്ഥാനത്തുള്ള അഹിംസാസിദ്ധാന്തവുംമൂലം നാം വിപ ത്തിൽ പെട്ടിരിക്കുന്നു. ക്ഷത്രിയന്മാക്കു് മാദ്ദവം ദൗർബ്ബ ല്യമാണു്. 'ശഠനോടു ശാഠ്യം' എന്നാണു നിയമം.

'തസ്മാദ് യുധ്യസ്വ ഭാരത,' എന്നതാണ് രാജാക്കന്മാരോടുള്ള കാഹളം. അതു യഥാകാലം ചെവിക്കൊള്ളാഞ്ഞതിന്റെ ഭവിഷ്യത്തുകരം നാമിന്നു കാണുന്നുമുണ്ട്.

അധമ്മഭീരുവായ ധർമ്മപുത്രക്ക് കൃഷ്ണനു പകരം ഒരു പക്ഷേ രാമനെയാണ് ഉപദേഷ്ടാവായി കിട്ടിയിരുന്നതെങ്കിൽ, ഇരുവരും ഓരോ കുടിലുംകെട്ടി കാട്ടിൽത്തന്നെ വാസമുറപ്പിച്ചേനെ. ബഹുജനഹിതത്തിനുവേണ്ടി ഒരു ദുഷ്ടനെ കൊല്ലണമെങ്കിൽ കൊല്ലുകതന്നെ വേണം, ആണോ പെണ്ണോ ആരുമാകട്ടെ. കൃഷ്ണനും ആദ്യം കൊന്നതു് ഒരു സ്ത്രീയെയാണ്. കണ്ണുമടച്ചു് കൂസലുകൂടാതെ കൊന്നു. രാമൻ മാമുനിയുടെ യാഗരക്ഷയ്ക്കായിട്ടാണു പോന്നിരിക്കുന്നതു്. വഴിക്കു കണ്ട ലോകകണ്ടകിയെ കൊല്ലാൻ കൂട്ടാക്കിയില്ലെങ്കിൽ വരാൻ പോകുന്ന അരക്കരോടെതിരിടുമ്പോഠം എന്തായിരിക്കും സ്ഥിതി? അതുകൊണ്ടു്, രാമന്റെ സ്വഭാവത്തിലെ ഈ അതിമാർദ്ദവം അകററി, ജീവിതായോധനത്തിനു് തയ്യാറാക്കുന്നതിനുവേണ്ട പരിചയവും അസ്ത്രബലവും ചങ്കുറപ്പും കൊടുക്കാനാണ് ക്ഷത്രിയനായിപ്പിറന്നു് പൗരുഷംകൊണ്ടു ബ്രഹ്മഷിയായിത്തീന്ന വിശ്വാമിത്രൻ രാമനെ കൂട്ടിക്കൊണ്ടുപോന്നതു്; അല്ലാതെ ദുഷ്ടനിഗ്രഹം കൗശികനു് ആവാഞ്ഞിട്ടല്ല.

വാമനമൂത്തിയുടെ പൂവ്വാശ്രമവും വിശ്വാമിത്രന്റെ ആശ്രമവുമായ സിദ്ധാശ്രമത്തിൽ അവരെത്തിച്ചേന്നു. വിശ്വാമിത്രൻ യാഗം ദീക്ഷിച്ചു. രാമലക്ഷ്മണന്മാർ ആറു ദിവസം രാപകൽ ഉറക്കമിളച്ചു് ആയുധപാണികളായി ആശ്രമം കാത്തുരക്ഷിച്ചു. ആറാംനാഠം യാഗാഗ്നി ജ്വലിച്ചു. മാരീചനും സുബാഹുവുംകൂട്ടരും വന്നു ചോര വഷിക്കാൻ തുടങ്ങി. രാമൻ മാനവാസ്ത്രം പ്രയോഗിച്ചു് മാരീചനെ നൂറു യോജന ദൂരെ തെറിപ്പിച്ചു. ആഗ്നേയാസ്ത്രംകൊണ്ടു് സുബാഹുവിനെ കൊന്നു. വായവ്യാസ്ത്രംകൊണ്ടു മററുള്ള

വരേയും നശിപ്പിച്ചു. നിർവ്വിഘ്നം യജ്ഞസമാപ്തി വരുത്തിയശേഷം വിശ്വാമിത്രൻ രാമലക്ഷ്മണന്മാരെ അഭിനന്ദിച്ചനുഗ്രഹിച്ചു.

**വേളി**

യാഗരക്ഷാനന്തരം വിശ്വാമിത്രൻ രാമലക്ഷ്മണന്മാരേയുംകൂട്ടി മിഥിലയ്ക്കു പുറപ്പെട്ടു. മിഥിലോപവനത്തിൽ നിർജ്ജനമായ ഒരാശ്രമം കണ്ടു് അതാരുടേതെന്നു് രാമൻ അന്വേഷിച്ചു. ഗൗതമപത്നിയായ അഹല്യയ്ക്കു് ശക്രാപചാരംമൂലം വന്നുകൂടിയ ശാപത്തിൻെറ കഥ മുനി പറഞ്ഞു. 'ആയിരം സംവത്സരം ആഹാരമില്ലാതെ കാററു മാത്രമുണ്ടു കൊണ്ടു് ചാമ്പലിൽ പൊതിഞ്ഞു് വേദനയുംതിന്നു് അന്യക്കു് അദൃശ്യയായി കിടക്കമാറാകട്ടെ.' എന്നായിരുന്നു അഹല്യയ്ക്കു കിട്ടിയ ശാപം. 'ശ്രീരാമനു് ആതിഥ്യം നല്കാനിടവരുമ്പോറം പൂതപാപയായി ശാപമുക്തയായിത്തീരും.' എന്നു ഗൗതമൻ ശാപമോക്ഷവും നൽകിയിരുന്നു. വിശ്വാമിത്രൻെറ നിർദ്ദേശമനുസരിച്ചു് രാമൻ ആശ്രമത്തിൽ പ്രവേശിച്ചു. ശാപാവസാനം വന്ന അഹല്യ പ്രത്യക്ഷയായി. തപോദീപ്തയായ അഹല്യയെ രാമലക്ഷ്മണന്മാർ വണങ്ങി. അഹല്യ അവക്കു് ആതിഥ്യം അർപ്പിച്ചു. തപോബലവിശുദ്ധയായ അവറം ഗൗതമപാർശ്വമെത്തി. രാമൻ മിഥിലയ്ക്കു പോയി.

വിശ്വാമിത്രനും സഹചരന്മാരും മിഥിലാപുരിയിലെത്തി. ജനകമഹാരാജൻ മഹർഷിയെ യഥാവിധി സ്വീകരിച്ചു; അമരസദൃശന്മാരായ ആ കുമാരന്മാരാരെന്നന്വേഷിച്ചു. മഹർഷി അവരെ പരിചയപ്പെടുത്തിക്കൊടുത്തു. അവർ ചെയ്ത വിക്രമങ്ങളും അഹല്യോദ്ധാരണവുമെല്ലാം മാമുനി പറഞ്ഞുകേറംപ്പിച്ചു.

ജനകൻ, തനിക്കു് സീതയെ ലഭിച്ച പ്രകാരവും സീതാപരിണയത്തിനു് നിശ്ചയിച്ച പന്തയവും പറഞ്ഞു

കേറംപ്പിച്ചു. വിശ്വാമിത്രൻെറ നിർദ്ദേശമനുസരിച്ച് രാമൻ വില്ലെടുത്തു വളച്ചു വലിച്ചു ഞാണേററി. വില്ലു രണ്ടായി മുറിഞ്ഞു. ജനകനു് സന്തോഷമായി; ജാനകിയെ രാമനു് കൊടുക്കാൻ തയ്യാറായി. മാമുനിയുടെ അനു ജ്ഞയോടെ, വിവരമറിയിച്ച് ദശരഥനെ കൂട്ടിക്കൊണ്ടു വരാൻ ജനകൻ ദൂതന്മാരെ അയച്ചു. വേഗം ദശരഥൻ പരി വാരസമേതം വന്നെത്തി. വസിഷ്ഠൻ സൂര്യവംശത്തിൻെറ മഹത്ത്വം കീർത്തിച്ചു. ജനകൻ സ്വകുലമഹിമയും പറഞ്ഞു കേറംപ്പിച്ചു; വീര്യശുല്ക്കയായ സീതയെ രാമൻ വേട്ടു. ഊർമ്മിളയെ ലക്ഷ്മണൻ പരിഗ്രഹിച്ചു. കുശധ്വജപുത്രി കളായ മാണ്ഡവിയെ ഭരതനും ശ്രുതകീർത്തിയെ ശത്രുഘ്നനും പാണിഗ്രഹണംചെയ്തു.

**കോദണ്ഡരാമനും കുഠാരരാമനും**

വിശ്വാമിത്രൻ സ്വാശ്രമത്തിലേയ്ക്കു മടങ്ങി. ജന കൻ പുത്രിമാർക്കു് നിരവധി ധനം നൽകി. ദശരഥൻ പുത്ര ന്മാരോടും സ്നുഷമാരോടുമൊത്തു് സ്വരാജ്യത്തേയ്ക്കു പുറ പ്പെട്ടു. വഴിയ്ക്കു് ദുശ്ശകുനങ്ങറം പലതും കണ്ടു. ദശരഥൻ പരിഭ്രാന്തനായി. ക്ഷത്രിയകുലാന്തകനായ ഭാർഗ്ഗവരാമൻ മാർഗ്ഗരോധംചെയ്തു. ത്ര്യംബകധനുസ്സ് ഭഞ്ജിച്ചതു കേട്ടു രോഷാകുലനായ ഭാർഗ്ഗവൻ തൻെറ കൈവശമുള്ള വൈഷ്ണവ ധനുസ്സു കുലയേററാൻ രാമനോടാവശ്യപ്പെട്ടു. അതിനു് ശക്ത നെങ്കിൽ *ദ്വന്ദ്വയുദ്ധത്തിനു തയ്യാറായിക്കൊള്ളാനും പറഞ്ഞു. ദാശരഥി നിഷ്പ്രയാസം വില്ലു കുലച്ചു. ബ്രാഹ്മണനായതു കൊണ്ടു് പ്രാണഹരണംചെയ്യാതെ തപോബലാർജ്ജിത ങ്ങളായ ലോകങ്ങളെ അപഹരിച്ചു് ആ ക്ഷത്രിയാന്തക ൻെറ ഗർവ്വം നശിപ്പിച്ചു. ഭാർഗ്ഗവൻ ദാശരഥിയെ വിഷ്ണ്വംശ മെന്നറിഞ്ഞു് വണങ്ങി തപസ്സിനായി മഹേന്ദ്രപർവ്വതത്തി ലേയ്ക്കു പോയി.

---

* യദി ശക്തോഽസി കാകുത്സ്ഥ ദ്വന്ദ്വം ദാസ്യാമി തേ തതഃ.
ബാലകാണ്ഡം, 75-28.

ദശരഥന് പ്രാണൻ വീണ്ടുകിട്ടി. അവർ യാത്ര തുടൎന്നു; അയോദ്ധ്യയിലെത്തി. എല്ലാവരും സുഖമായി വാണു. കേകയപുത്രൻ യുധാജിത് ഭാഗിനേയനെ കൂട്ടിക്കൊണ്ടു പോകാൻ കുറച്ചുനാളായി അവിടെ വന്നു പാൎക്കുന്നുണ്ടായിരുന്നു. ദശരഥൻെറയും അമ്മമാരുടെയും രാമൻെറയും അനുഗ്രഹത്തോടുകൂടി ഭരതൻ ശത്രുഘ്നനൊരുമിച്ച് യുധാജിത്തിൻെറകൂടെ കേകയരാജ്യത്തിലേയ്ക്കു പോയി. രാമൻ പിതാവിനേയും മാതാക്കന്മാരേയും ശുശ്രൂഷിച്ചുപോന്നു. രാമൻെറ സൗശീല്യംകൊണ്ട് പ്രജകളെല്ലാം സന്തുഷ്ടരായി. രാമൻ സീതയൊടൊത്തു ബഹുകാലം സുഖമായി വസിച്ചു.

## 'ഭരതൻ വരുംമുമ്പ് രാമൻ യുവരാജാവാകണം.'

രാമൻെറ ഗുണപൗഷ്കല്യംകൊണ്ട് പ്രജകളും അമാത്യന്മാരും ഭൃത്യന്മാരും രാമനെ രാജാവായിക്കാണാൻ കൊതിച്ചു. ദശരഥനും, തനിക്കു വാൎദ്ധക്യം ബാധിച്ചതുകൊണ്ടും, ചില ദുൎന്നിമിത്തങ്ങൾ കണ്ടതുകൊണ്ടും, പ്രജകൾക്കു രാമനിലുള്ള രഞ്ജിപ്പു കണ്ടും, രാമനെ യുവരാജാവായി അഭിഷേകം ചെയ്യണമെന്നു തോന്നി. പൗരജാനപദമുഖ്യന്മാരെയും മററു രാജാക്കന്മാരെയും ആളയച്ചുവരുത്തി. കേകയരാജനേയും ജനകനേയും ബദ്ധപ്പാടിൽ വിളിച്ചില്ല. സന്തോഷവാൎത്ത അവർ പിന്നീടറിഞ്ഞുകൊള്ളും എന്നും കരുതി. ദശരഥൻ സഭ വിളിച്ചുകൂട്ടി: താൻ രാജ്യഭാരം വഹിച്ച് ക്ഷീണിച്ചിരിക്കുന്നു; ഭാരം രാമനെ ഏല്പിക്കാൻ വിചാരിക്കുന്നു. രാമൻ സൎവ്വഥാ അതിനൎഹനാകുന്നു; നാളെത്തന്നെ അഭിഷേകം നടത്തണം, എന്നെല്ലാം പ്രസ്താവിച്ചു. സദസ്യർ അതിനെ സ്വാഗതം ചെയ്തു. അഭിഷേകത്തിനുവേണ്ട സംഭാരങ്ങളെല്ലാം ഒരുക്കാൻ വസിഷ്ഠനേയും വാമദേവനേയും ഏല്പിച്ചു. അവരതിനുവേണ്ട ഏൎപ്പാടുകളൊക്കെ ചെയ്തു. സുമന്ത്രനെ അയച്ച് രാമനെ അടുക്കൽ വരുത്തി. രാമൻ വന്ന് അച്ഛനെ അഭിവാദനം

ചെയ്തു് ബദ്ധാഞ്ജലിയായി നിന്നു. അച്ഛൻ മകനെ പിടിച്ചു് പുൽകി ഇരിക്കാനാജ്ഞാപിച്ചു. യുവരാജാവാക്കാനുള്ള നിശ്ചയം അറിയിച്ചു. രാജധർമ്മങ്ങൾ പലതും പറഞ്ഞുകൊടുത്തു. അനന്തരം അരചനെ വണങ്ങി രാമൻ സ്വസ്ഥാനത്തേയ്ക്കു പോയി.

പൗരന്മാരെല്ലാം പോയ്ക്കഴിഞ്ഞപ്പോൾ ദശരഥൻ അന്തർഗൃഹത്തിൽ പ്രവേശിച്ചു. സുമന്ത്രനെ വിളിച്ചു് രാമനെ വീണ്ടും കൂട്ടിക്കൊണ്ടുവരാൻ ആജ്ഞയായി. ഇത്ര വേഗം വീണ്ടും ആളയച്ചതിൽ രാമൻ ശങ്കാന്വിതനായി. വീണ്ടും വേഗം രാജസമീപമെത്തി വന്ദിച്ചു. രാമനെ പിടിച്ചു് അടുക്കലിരുത്തിക്കൊണ്ടു ദശരഥൻ പറഞ്ഞു: ''രാമ, എനിക്കു വയസ്സായി. രാജഭോഗങ്ങൾ പലതും ഞാൻ ഭുജിച്ചു. യജ്ഞങ്ങൾ പലതും ചെയ്തു. നിന്നെ അഭിഷേകം ചെയ്യുക മാത്രമേ എനിക്കിനിയൊരു കർത്തവ്യമുള്ളു. അതിനാൽ നിന്നെ യുവരാജാവാക്കാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു. പോരെങ്കിൽ, ഞാനിന്നു പല അശുഭസ്വപ്നങ്ങളും കണ്ടു: ദുർന്നിമിത്തങ്ങളും ചിലതൊക്കെ കാണുന്നു. രാജമരണസൂചകങ്ങളായ പല ലക്ഷണങ്ങളും കാണപ്പെടുന്നു. എൻെറ മനസ്സു് മറിയുന്നതിനുമുമ്പു് അഭിഷേകം നടത്തണം; മനുഷ്യമനസ്സു ചഞ്ചലമാണല്ലൊ. നാളെ പുഷ്യനക്ഷത്രമാണു്. നാളെത്തന്നെ അഭിഷേകം നടത്തണം. എൻെറ മനസ്സെന്നെ ബദ്ധപ്പെടുത്തുന്നു. നീയും വധുവും ഇന്നു രാത്രി ഉപവസിക്കണം: ദർഭയിൽ ശയിക്കണം. സുഹൃത്തുക്കൾ നിന്നെ ജാഗ്രതയായി കാത്തുരക്ഷിക്കണം. ഇത്തരം കാര്യങ്ങളിൽ പലതരം വിഘ്നങ്ങളും വരാം. കേകയത്തിനു പോയ ഭരതൻ മടങ്ങിയെത്തുന്നതിനുമുമ്പു് അഭിഷേകം കഴിക്കണം എന്നാണെൻെറ ഉദ്ദേശം. ഭരതൻ നല്ലവനാണു്. ജ്യേഷ്ഠാനുവർത്തിയാണു്, ധർമ്മാത്മാവാണു്. എന്നിരുന്നാലും മനുഷ്യമനസ്സല്ലേ, അതു ചഞ്ചലമാണു്. അതുകൊണ്ടു് കാര്യം വേഗം നടത്തണം. സത്തുക്കളൊക്കെ

അതംഗീകരിച്ചുകൊള്ളും.'' അച്ഛൻെറ അനുവാദത്തോടെ രാമൻ മടങ്ങിപ്പോയി. കൗസല്യയേയും സുമിത്രയേയും സീതയേയും അഭിഷേകവാത്ത അറിയിച്ചു. ലക്ഷ്മണനോട്ട് തന്നോടൊപ്പം രാജ്യം പാലിച്ചുകൊള്ളാനും രാമൻ നിർദ്ദേശിച്ചു; ലക്ഷ്മണനുവേണ്ടിയാണ് ജീവിതവും രാജ്യവും താൻ ആഗ്രഹിക്കുന്നതു് എന്നുംകൂടി പറഞ്ഞു.

മന്ത്രാലോചനയ്ക്കു ക്ഷണിച്ചവരിൽ കേകയരാജനേയും ജനകനേയും ഉൾപ്പെടുത്തിയില്ല. ധിറുതിയിൽ കാര്യം നിശ്ചയിച്ചതുകൊണ്ടു് ചെയ്തില്ല എന്നതിനൊരു സമാധാനവും പറഞ്ഞു. അത്രമാത്രമേ ഉള്ളോ? 'തൻെറ മനസ്സു മാറുന്നതിനുമുമ്പു് അഭിഷേകം നടത്തണം. ഭരതൻ മടങ്ങിവരുന്നതിനുമുമ്പു് കാര്യം കഴിഞ്ഞിരിക്കണം. അവൻ നല്ലവനെങ്കിലും മനുഷ്യമനസ്സിൻെറ പോക്കു് എങ്ങനെ നിശ്ചയിക്കാം?' എന്നിങ്ങനെയെല്ലാം ദശരഥനു് ഭരതനെക്കുറിച്ചു് സന്ദേഹം തോന്നാൻ എന്തു കാരണം? അതിനു് അപ്രകാശിതമായ എന്തെങ്കിലും കാരണമുണ്ടോ? ഉണ്ടാവണം. നമുക്കു വഴിയേ കാണാം.

രാജാജ്ഞയനുസരിച്ചു് വസിഷ്ഠൻ വ്രതദീക്ഷോപദേശംചെയ്തു. അഭിഷേകവാർത്തയറിഞ്ഞു് അയോദ്ധ്യാവാസികൾ ആനന്ദഭരിതരായി. രാമൻ കുളിച്ചു നിത്യകർമ്മങ്ങളും അഗ്നിഹോത്രവും ചെയ്തു് ശ്രീനാരായണനെ ധ്യാനിച്ചു് ദർഭയിൽ ശയനംചെയ്തു. ബ്രാഹ്മമുഹൂർത്തത്തിൽ എഴുനേററു് ഗൃഹാലങ്കരണത്തിനേർപ്പാടുചെയ്തു. പൗരന്മാർ പട്ടണമലങ്കരിച്ചു.

**കനകംമൂലം കാമിനിമൂലം....**

കൈകേയിയുടെ കിങ്കരി മന്ഥര കൗസല്യയുടെയും ജനങ്ങളുടെയും ആനന്ദത്തിൻെറ കാരണമന്വേഷിച്ചു മനസ്സിലാക്കി. അവളോടി കൈകേയീനികടമെത്തി. ''ഹേ മൂഢേ, എഴുനേല്ക്കുക, നീയെന്താണിങ്ങനെ കിടക്കുന്നതു്?

ആപത്തു വന്നടുത്തതറിഞ്ഞില്ലേ? ദശരഥൻ രാമനെ യുവ രാജാവാക്കാൻ പോകുന്നു. നിൻെറ ഭത്താവു് കൗസല്യയെ കുശലിനിയാക്കും. നിൻെറ മകനെ ഇവിടെനിന്നും പറഞ്ഞയച്ചിട്ടു് രാമനെ അധികാരത്തിൽ സ്ഥാപിക്കാൻ പോകുന്നു. രാമൻ രാജ്യപ്രതിഷ്ഠിതനായാൽ നിൻെറ കഥ കഴിഞ്ഞു. ഉണന്നു പ്രവത്തിക്കാനുള്ള സമയമിതാണു്. യഥാകാലം വേണ്ടതു ചെയ്യുക. ഭരതനേയും എന്നേയും രക്ഷിക്കുക.'' എന്നു മന്ഥര. ഇതു കേട്ട കൈകേയിയ്ക്കു സന്തോഷമാണുണ്ടായതു്. അവാം കുബ്ജയ്ക്കു് ഒരു ദിവ്യാ ഭരണം സമ്മാനം കൊടുത്തു.

മന്ഥര സമ്മാനം തിരസ്കരിച്ചു. അവാം പറഞ്ഞു: ''ദേവി, ഭവതി കരയേണ്ട ദിക്കിൽ ചിരിക്കുന്നു. സപത്നീപുത്രനു വരാൻപോകുന്ന സമൃദ്ധി കാണുന്നില്ല. ഭരതനിൽനിന്നുമാണു് രാമനു് സ്വാഭാവികമായും ഭയമുള്ളതു്. രാമൻ യുവരാജാവായാൽ കൗസല്യ ഭാഗ്യവതിയായി. ഭവതി കൗസല്യയുടെ ദാസിയും. ഞങ്ങളും ഭവതിയും പിന്നെ കൗസല്യയുടെ കിങ്കരികളും. '' എന്നിട്ടും കൈകേയിയുടെ അഭിപ്രായം മാറിയില്ല. അവാം പറഞ്ഞു: ''രാമനാണു് ജ്യേഷ്ഠപുത്രൻ. അതുകൊണ്ടു് യൗവരാജ്യത്തിനഹ്നാകുന്നു. അനുജന്മാരേയും ഭൃത്യന്മാരേയും പിതാവിനെപ്പോലെ പാലിക്കുന്നവനാണവൻ. രാമാഭിഷേകം കേട്ടു് നീ സങ്കടപ്പെടുന്നതെന്തുകൊണ്ടാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. രാമനുശേഷം ഭരതൻ ക്രമപ്രകാരം രാജ്യം പ്രാപിക്കും. എനിക്കു് ഭരതനെപ്പോലെയോ അതിലുമധികമായോ പ്രിയനാണു രാമൻ. അവൻ കൗസല്യയെക്കാാം കൂടുതൽ എന്നെ ശുശ്രൂഷിക്കുന്നു. രാമരാജ്യം ഭരതരാജ്യംതന്നെ. അനുജന്മാരെ അന്യരായിട്ടു രാമൻ കരുതുന്നില്ല.'' മന്ഥര തീവ്രദുഃഖത്തിലാണ്ടു, നെടുവീപ്പിട്ടു, വീണ്ടും പറഞ്ഞു : ''രാമനുശേഷം രാമപുത്രനായിരിക്കും രാജാവാകുന്നതു്, ഭരതനായിരിക്കയില്ല. രാജ്യം

കൈയിൽ കിട്ടിയാൽ രാമൻ ഭരതനെ നാട്ടു കടത്തും, പരലോകത്തേയ്ക്കയച്ചെങ്കിലുമായി. ആലോചനയില്ലാതെ ഭവതി ഭരതനെ ബാല്യത്തിൽത്തന്നെ മാതുലഗൃഹത്തിലേയ്ക്കയച്ചു. അടുക്കലിരുന്നാലേ സ്നേഹം വളരുകയുള്ളു. രാജാവും രാമനുമൊക്കെ ഭരതനെ മറന്നെന്നും വരാം. ലക്ഷ്മണൻ രാമൻെറകൂടെ നില്ക്കും. ഭരതനും ശത്രുഘ്നനും ആപത്തടുത്തിരിക്കുന്നു. അതുകൊണ്ടു് രാമൻ കാട്ടിൽപ്പോകാനുള്ള ഏർപ്പാടു ചെയ്യണം. ഭവതിയ്ക്കു് ശ്രേയസ്സിതാണെന്നാണെൻെറ അഭിപ്രായം. ഭവതി ദർപ്പംകൊണ്ടു് രാമമാതാവിനെ പണ്ടു് നിരാകരിച്ചിട്ടുണ്ടു്. ആ വൈരമെല്ലാം തക്കം കിട്ടിയാൽ അവരു പോക്കാതിരിക്കുമോ?'' ഇത്തവണ കാര്യം പററി. രാമനെ വനത്തിലയയ്ക്കാനും ഭരതനെ യുവരാജാവാക്കാനും അവരു നിശ്ചയിച്ചുറച്ചു. അതിനുള്ള ഉപായമെല്ലാം മന്ഥര ഉപദേശിച്ചുകൊടുത്തു. കൈകേയി ഉദ്ദേശസാദ്ധ്യത്തിനായി ക്രോധാഗാരം പ്രവേശിച്ചു.

സന്തോഷവാർത്ത പ്രിയതമയെ അറിയിക്കാൻ ദശരഥൻ അന്തഃപുരത്തിലെത്തി. കൈകേയിയെ മുറിയിൽ കണ്ടില്ല. പ്രതിഹാരിയിൽനിന്നും ദേവി ക്രോധാഗാരത്തിലാണെന്നറിഞ്ഞു. സന്തപ്തനായ രാജാവു് പ്രിയാസമീപം പാഞ്ഞെത്തി. കൈകേയിയെ പിടിച്ചു തഴുകിക്കൊണ്ടു് അവളുടെ ഏതാഗ്രഹവും, അധർമ്മ്യമായവപോലും സാധിച്ചുകൊടുക്കാമെന്നു് ദശരഥൻ തൻെറ പ്രാണനെ ആണയിട്ടു പറഞ്ഞു: ''എനിക്കു് നിന്നേക്കാരം പ്രിയമായിട്ടു് ഒരാരം മാത്രമേ ഉള്ളു, രാമൻ. രാമനെ പിരിഞ്ഞാൽ എൻെറ പ്രാണൻ പോകും; ആ രാമനെക്കൊണ്ടു് ഞാൻ ശപഥം ചെയ്യുന്നു, നീ പറയുന്നതു ഞാൻ ചെയ്തുകൊള്ളാം.''

തനിക്കു വേണ്ടതു് കിട്ടിപ്പോയി എന്നു കണ്ടു കൈകേയി, സൂര്യചന്ദ്രാദികളേയും ദേവന്മാരേയും സാക്ഷിനിർത്തിക്കൊണ്ടു് ശപഥബദ്ധനായ ദശരഥനോടു് രാമൻെറ വിപ്രവാസവും ഭരതൻെറ അഭിഷേകവും വരമായി ആവ

ശ്യപ്പെട്ടു. സത്യപാശത്തിനു മുറുക്കംകൂട്ടാൻ, പണ്ടു ദേവാസുര യുദ്ധകാലത്തു് അവറംക്കു കൊടുത്തതും ന്യാസമായി വെച്ചിരുന്നതുമായ രണ്ടു വരങ്ങളായിട്ടാണിവ ആവശ്യപ്പെട്ടതു്. തൻെറ ആവശ്യം നിറവേററിയില്ലെങ്കിൽ ആത്മഹത്യ ചെയ്യുമെന്നും അവറം ചേർത്തു.

ദശരഥൻ തലമറന്നു് എണ്ണതേയ്ക്കുന്ന കൂട്ടത്തിലായിരുന്നു. വിശ്വാമിത്രൻ വന്നപ്പോറം, എന്തുവേണമെങ്കിലും ചെയ്യാമെന്നു് ചാടിക്കയറിപ്പറഞ്ഞിട്ടു് പരിതപിക്കേണ്ടതായിവന്നു. ഇവിടെയും കഥയറിയാതെ സ്വന്തം കഴുത്തിൽ കുരുക്കിട്ടു കൈകേയിയുടെ കൈയിൽ കൊടുത്തു. ബ്രഹ്മാവിനു സാധാരണ പററാറുള്ള ഒരമളിയാണിതു്. പക്ഷേ, അവിടെ പരിഹാരമുണ്ടാക്കാൻ വിഷ്ണുവെത്തും. ഇവിടെ ദശരഥനു് അതിനാളില്ല. കുടുക്കിൽ കുരുങ്ങിയതുതന്നെ.

കൈകേയിയുടെ വാക്കു കേട്ടു്, താൻ സ്വപ്നം കാണുകയോ ഉന്മത്തനായ്പോകയോ എന്നു ദശരഥൻ സംശയിച്ചു. പെൺകടുവയെക്കണ്ട മാനിനെപ്പോലെ പേടിച്ചു വിറച്ചു; ബോധംകെട്ടു വീണു. ഏറെനേരം കഴിഞ്ഞു് ബോധംവീണു് കൈകേയിയെ നിന്ദിച്ചു; രാമൻെറ ഗുണങ്ങറം കീർത്തിച്ചു. രാമനെ പിരിഞ്ഞാൽ താൻ ജീവനോടെ ഇരിക്കയില്ലെന്നു പലവുരു പറഞ്ഞു. അവളുടെ കാലുപിടിച്ചപേക്ഷിച്ചു. മുൻകാലങ്ങളിൽ അവറം രാമനെ വാഴ്ത്തിപ്പറഞ്ഞിരുന്നതെടുത്തു പറഞ്ഞു. ഭരതനേക്കാറം കൂടുതൽ അവളെ ശുശ്രൂഷിക്കുന്നതു് രാമനാണെന്ന കാര്യം മറക്കരുതെന്നപേക്ഷിച്ചുനോക്കി.

* സത്യേന ലോകാൻ ജയതി, ദ്വിജാൻ ദാനേന രാഘവഃ
ഗുരൂൻ ശുശ്രൂഷയാ വീരോ, ധനുഷാ യുധി ശാത്രവാൻ.
സത്യം ദാനം തപസ്ത്യാഗോ മിത്രതാ ശൗചമാർജ്ജവം
വിദ്യാ ച ഗുരുശുശ്രൂഷാ ധ്രുവാണ്യേതാനി രാഘവേ.

---

* അയോദ്ധ്യാകാണ്ഡം, 12 – 29, 30.

രാമൻെറ സത്യനിഷ്ഠയും ദാനശീലവും ഗുരുശുശ്രൂഷയും വീര്യപരാക്രമങ്ങളും എടുത്തെടുത്തു പറഞ്ഞു. സത്യം, ദാനം, തപസ്സ്, ത്യാഗം, മൈത്രി, ശൗചം, ആജ്ജവം, വിദ്യ, ഗുരുശുശ്രൂഷ എന്നിവ രാഘവനിൽനിന്നും ഒരു കാലവും പിരിയുകയില്ല. ദേവോപമനും മഹഷിസമതേജസ്വിയുമായ രാമനോട് അപ്രിയമാചരിക്കാനെന്തു കാരണമെന്നു ചോദിച്ചു. കൂപ്പുകൈയോടെ അവളുടെ കാരുണ്യത്തിനുവേണ്ടി കേണു.

കൈകേയി ഇളകിയില്ല. വരമരുളിയിട്ട് പരിതപിച്ചാൽ ദശരഥൻെറ ധാമ്മികത്വമെവിടെ എന്നവരം ചോദിച്ചു. സത്യം ചെയ്തിട്ട് അതു ലംഘിച്ചാൽ കീത്തി നശിക്കും,പാപം സംഭവിക്കും. സത്യപാലനത്തിനുവേണ്ടി സ്വമാംസവും സ്വജീവനും നൽകിയ ശൈബ്യനേയും അലക്കനേയും അനുസ്മരിപ്പിച്ചു. ധമ്മത്തെ കൈവെടിഞ്ഞ് രാമനെ സിംഹാസനത്തിൽ വാഴിച്ച്, തന്നെ ഉപേക്ഷിച്ച കൗസല്യയോടൊത്ത് രമിക്കാൻ പോകുകയാണ് ദശരഥൻ എന്നവരം കുത്തി. എന്തായാലും തൻെറ നിശ്ചയത്തിനിളക്കമില്ലെന്നവരം ഉറച്ചുനിന്നു. രാമൻ അഭിഷിക്തനായാൽ ദശരഥൻെറ മുമ്പിൽ നിന്ന് വിഷം കുടിച്ചു താൻ ചാകുമെന്നുമവരം ഭീഷണികാട്ടി.

കൈകേയിയുടെ പാപനിശ്ചയം കണ്ട് ഗതിമുട്ടിയ ദശരഥൻ 'രാമാ' എന്നു വിളിച്ച് നെടുവീപ്പുമിട്ടുകൊണ്ട് കടപുഴങ്ങിയ മരംപോലെ മറിഞ്ഞുവീണു. ദശരഥന് ഭ്രാന്തു പിടിച്ചതുപോലെയായി. വീണ്ടും അവളോട് അപേക്ഷിച്ചു; അവളെ പരിഹസിച്ചു, ഭർത്സിച്ചു. താൻ കൈകേയിക്കുവേണ്ടി രാമമാതാവിനെ തിരസ്കരിച്ചതോത്ത് പരിതപിച്ചു. അവളുടെ അപേക്ഷ താൻ സ്വീകരിക്കയില്ലെന്നു പറഞ്ഞു. ദശരഥൻെറ സത്യവും ധമ്മവും എവിടെപ്പോയെന്നവരം ചോദിച്ചു. സത്യം പാലിക്കാൻ നിബ്ബന്ധിച്ചു. ക്രോധമാന്ന മന്നവൻ, താൻ മരിച്ച്, രാമൻ

കാട്ടപൂകിയശേഷം സുഖമായി വാണുകൊള്ളാനവളോട്ട പറഞ്ഞു. ഒരുവിധത്തിലും അവരം വഴങ്ങുന്നില്ലെന്നു് കണ്ട പ്പോരം അവളേയും അവളുടെ മകനേയും താനുപേക്ഷിച്ചി രിക്കുന്നു എന്നു പറഞ്ഞു. ഇങ്ങനെ വിലപിച്ചു നേരം വെളുപ്പിച്ചു.

വസിഷ്ഠൻ അഭിഷേകത്തിനുവേണ്ട സംഭാരങ്ങളെല്ലാം ചെയ്തു് കൊട്ടാരത്തിലെത്തി; സുമന്ത്രരോട്ടു് താൻ വന്ന വിവരം രാജാവിനെ ഉണത്തിക്കാൻ പറഞ്ഞു. സുമന്ത്രൻ ചെന്നു് രാജാവിനെ വാഴ്ത്തി. വാക്കുകരംകൊണ്ടു തന്നെ തുളയ്ക്കാതിരിക്കാൻ ദശരഥൻ പറഞ്ഞു. കാര്യം പറയാൻ ദശരഥൻ അശക്തനാണെന്നു കണ്ടു് കൈകേയി സുമന്ത്ര നോട്ടു്, വേഗം ചെന്നു് രാമനെ കൂട്ടിക്കൊണ്ടുവരാനാ വശ്യപ്പെട്ടു. രാജാജ്ഞ കിട്ടാതെ എന്തുവേണ്ടുവെന്നു് സംശയിച്ചു നില്ക്കുന്ന സുമന്ത്രനോട്ടു് ദശരഥൻ രാമനെ കൂട്ടി ക്കൊണ്ടുവരാൻ കല്പന കൊടുത്തു.

രാമൻ വന്നു് അച്ഛൻെറ കാൽ വണങ്ങി; അനന്തരം കൈകേയിയുടെ കാലും വന്ദിച്ചു. അച്ഛൻ വിഷണ്ണവദന നായി ഇരിക്കുന്നതു കണ്ടു. ദശരഥൻ 'രാമ' എന്നു വിളിച്ച ശേഷം പിന്നൊന്നും പറയാനോ നേരെ നോക്കാനോ ശക്ത നാകാതെ കണ്ണീരും വാത്തുകൊണ്ടിരുന്നു. അഭ്രുതപൂവ്വമായ ഈ കാഴ്ച കണ്ടു രാമൻ ഭയപ്പെട്ടു; തന്നെ അച്ഛനിന്നാശീ വ്ദിക്കാത്തതെന്താണു് എന്നത്ഭുതപ്പെട്ടു. വീണ്ടും കൈകേ യിയെ വണങ്ങി അച്ഛൻെറ ഭാവപ്പകച്ച്യുടെ കാരണമന്വേ ഷിച്ചു. താതൻ കുപിതനായാൽ നിമിഷംനേരംപോലും ജീവിച്ചിരിക്കാൻ തനിക്കാഗ്രഹമില്ലെന്നും ഉണത്തി.

നിർലജ്ജയായ കൈകേയി പറഞ്ഞു: ''രാജാവു് കോപിച്ചിരിക്കയല്ല; അസുഖവും ഒന്നുമില്ല. അല്പമൊരു മനോഗതം മാത്രം; നിന്നെ ഭയന്നു പറയുന്നില്ലെന്നേയുള്ളു. പ്രിയനായ നിന്നോട്ടു് അപ്രിയമോതാൻ അദ്ദേഹത്തിൻെറ

നാവനങ്ങുന്നില്ല. നീയതു നിശ്ചയമായും ചെയ്യണം; എനിക്കു് പ്രതിജ്ഞ ചെയ്തിട്ടുള്ളതാണു്. എനിക്കു വരം തന്നിട്ടിപ്പോൾ രാജാവു പരിതപിക്കുന്നു. രാജാവരുളുന്നതു് ശുഭമായാലും അശുഭമായാലും നീ ചെയ്യുമെന്നുണ്ടെങ്കിൽ ഞാനൊക്കെ പറയാം. രാജാവു് നിന്നോടു നേരിട്ടു പറയുകയില്ല, പറഞ്ഞാൽ നിഷ്ഫലമാകയില്ലെങ്കിൽ ഞാൻ പറയാം.'' ഇതു കേട്ടു വ്യഥിതനായ രാമൻ പറഞ്ഞു: ''ദേവി, എന്നോടു ഭവതി ഇപ്രകാരം പറയരുതു്. രാജാവു കല്പിച്ചാൽ ഞാൻ തീയിൽ ചാടാം, വിഷം കുടിക്കാം, കടലിൽ പതിക്കാം. ദേവി രാജാവിൻെറ ഇച്ഛയെന്തെന്നാൽ അതു പറഞ്ഞാലും. ഞാനതു ചെയ്തുകൊള്ളാമെന്നു് പ്രതിജ്ഞ ചെയ്യുന്നു, രാമനു രണ്ടു വാക്കില്ല.''

ദേവാസുരയുദ്ധകാലത്തു്, തൻെറ ശുശ്രൂഷകൊണ്ടു് സന്തുഷ്ടനായ ദശരഥൻ തനിക്കു് രണ്ടു വരം തന്നിരുന്ന കഥ അവൾ പറഞ്ഞു കേൾപ്പിച്ചു. ആ വരം അവൾ ഇപ്പോൾ ഇങ്ങനെ ആവശ്യപ്പെട്ടു: ''പതിന്നാലുകൊല്ലം നീ കാട്ടിൽ വാഴണം; ഭരതൻ യുവരാജാവായി അഭിഷേകം ചെയ്യപ്പെടണം. നീയിപ്രകാരം ചെയ്തു് രാജാവിനെ രക്ഷിച്ചാലും.''

കൈകേയിയുടെ ഈ ദാരുണവാക്കുകൾ കേട്ടു് രാമൻ വ്യസനാക്രാന്തനായില്ല. രാമൻ പറഞ്ഞു:

* ഏവമസ്തു ഗമിഷ്യാമി വനം വസ്തുമഹം ത്വിതഃ
ജടാചീരധരോ രാജ്ഞഃ പ്രതിജ്ഞാമനുപാലയൻ.

''അങ്ങനെയാവട്ടെ, രാജാജ്ഞ പാലിക്കാൻ ഞാനിതാ കാട്ടിലേയ്ക്കു പോകുന്നു. ഭവതി പ്രസാദിച്ചാലും. പ്രിയ പിതാവിനുവേണ്ടി എനിക്കു ചെയ്യാനാവാത്തതൊന്നുമില്ല. ഒന്നുമാത്രം എൻെറ നെഞ്ചെരിക്കുന്നു. എന്തുകൊണ്ടാണു് രാജാവു് ഭരതാഭിഷേകം എന്നോടു നേരിട്ടു പറയാഞ്ഞതു്?

---

* അയോദ്ധ്യാകാണ്ഡം, 19 - 2.

അച്ഛനാജ്ഞാപിച്ചാൽ ഞാൻ സസന്തോഷം സീതയേയും രാജ്യത്തേയും ധനത്തേയും പ്രാണനെത്തന്നെയും ഭരതനു നൽകുമല്ലൊ. എന്തുകൊണ്ടാണ് അച്ഛൻ അധോമുഖനായിരുന്ന് കണ്ണീർ വാൎക്കുന്നതു്? ഭരതനെ മാതുലഗൃഹത്തിൽ നിന്നും വിളിച്ചുകൊണ്ടുവരാൻ ദൂതന്മാർ ശീഘ്രം പോകട്ടെ. അച്ഛൻെറ അരുളപ്പാടു കിട്ടിയില്ലെങ്കിലും ഞാനിതാ ഉടൻ തന്നെ ദണ്ഡകാരണ്യത്തിലേയ്ക്കു പുറപ്പെടുന്നു.''

ഇതു കേട്ടു പ്രഹൃഷ്ടയായ കൈകേയി രാമനെ നാടു കടത്താൻ വെമ്പി. അവരു പറഞ്ഞു:- ''അങ്ങനെതന്നെ. ശീഘ്രഗങ്ങളായ ഹയങ്ങളിൽ ദൂതന്മാർ ഭരതനെ കൂട്ടിക്കൊണ്ടുവരാൻ പോകുന്നതാണ്. അതിനായി നീ അമാന്തിക്കേണ്ട. നീ ഉടനടി വനത്തിലേയ്ക്കു പുറപ്പെടുക. ലജ്ജിതനായ അരചൻ നിന്നോടു് നേരിൽ പറയാത്തതു് സാരമില്ല; അതിനെക്കുറിച്ച് നീ വിചാരപ്പെടേണ്ട. നീ ഇവിടെനിന്നും കാട്ടിലേയ്ക്കു പുറപ്പെടുന്നതുവരെ നിൻെറ അച്ഛൻ കുളിക്കുകയൊ ഉണ്ണുകയൊ ചെയ്യുന്നതല്ല.''

'ഹാ കഷ്ടം, നിന്ദ്യം!' എന്നു പറഞ്ഞു നെടുവീൎപ്പിട്ടു് ശോകപരിപ്ലുതനായി മൂർച്ഛിതനായി രാജാവു് പൎയ്യങ്കത്തിൽ പതിച്ചു. രാമൻ അച്ഛനെ താങ്ങി. അപ്പോഴത്തും ചാട്ടവാറുകൊണ്ടു തേരാളി കുതിരയെയെന്നപോലെ കൈകേയി രാമനെ കാടുപൂകാൻ ബദ്ധപ്പെടുത്തി. അതുകൊണ്ടും വ്യഥിതനാകാതെ രാമൻ പറഞ്ഞു:

* നാഹമർത്ഥപരോ ദേവി ലോകമാവസ്തുമുത്സഹേ,
വിദ്ധി മാമൃഷിഭിസ്തുല്യം വിമലം ധൎമ്മമാസ്ഥിതം.

'ഹേ ദേവി, എനിക്കു് സ്വാൎത്ഥംനേടാൻ രാജ്യത്തിലിരിക്കാനാഗ്രഹമില്ല. പരിശുദ്ധമായ ധൎമ്മത്തിൽ പ്രതിഷ്ഠിതനായ ഋഷിതുല്യനാണു ഞാനെന്നറിഞ്ഞാലും. ഭവതിക്കുവേണ്ടി എന്നാലാവുന്നതു് പ്രാണൻ വെടിഞ്ഞും

---

* അയോദ്ധ്യാകാണ്ഡം. 19 – 20.

ഞാൻ സാധിക്കുന്നുണ്ടു്. പിതൃശുശ്രൂഷയും പിതൃവാക്യ പരിപാലനവുമാണു് ഏററവും വലിയ ധമ്മം. അച്ഛൻ ആജ്ഞാപിച്ചില്ലെന്നിരിക്കിലും, ഭവതിയുടെ വാക്കിനാൽ തന്നെ ഞാൻ പതിന്നാലുകൊല്ലം വനത്തിൽ പാത്തുകൊള്ളാം. ഞാൻ ഭവതിയ്ക്കു് നിയോജ്യനാണെന്നിരിക്കെ, എന്നിൽ അല്പമെങ്കിലും ഗുണമുണ്ടെന്നു കരുതിയിരുന്നെങ്കിൽ, ഇതിനുവേണ്ടി രാജാവിനോടു് അപേക്ഷിക്കയില്ലായിരുന്നു. അമ്മയോടു യാത്രപറഞ്ഞു് സീതയേയും സമാധാനിപ്പിച്ചു് ഞാനിന്നുതന്നെ ദണ്ഡകാരണ്യത്തിനു പുറപ്പെടുന്നു. ഭരതൻ രാജ്യം പാലിക്കട്ടെ, അച്ഛനെ പരിചരിക്കട്ടെ.'

**പോകരുതെന്നു പെററമ്മ**

രാമവാക്യം കേട്ടു് ഒന്നും പറയാനാവാതെ ദശരഥൻ വാവിട്ടുകരഞ്ഞു. നിസ്സംജ്ഞനായ പിതാവിൻേറയും അനാര്യ്യയായ കൈകേയിയുടേയും കാലുകളിൽ വീണുവണങ്ങി വലംവെച്ചു് രാമൻ അന്തഃപുരത്തിൽനിന്നും പുറത്തേയ്ക്കു പോയി. ലക്ഷ്മണൻ ക്രോധാകുലനായി രാമനെ പിന്തുടന്നു. രാജ്യനഷ്ടംകൊണ്ടു് രാമൻെറ മുഖകാന്തി തെല്ലും മങ്ങിയില്ല. നാടുവെടിഞ്ഞു് കാടണയാൻ തുനിഞ്ഞ രാമൻെറ മുഖത്തു് ഭാവഭേദമൊന്നും കാണപ്പെട്ടില്ല. ദുഃഖം ഉള്ളിലടക്കി, കരണങ്ങളെ ഒതുക്കി രാമൻ അമ്മയുടെ മുമ്പിൽ അപ്രിയമുണത്തിക്കാനെത്തി. ചുററുമുള്ളവരാരും തന്നെ രാമൻെറ മുഖത്തു് ഒരു വികാരഭേദവും കണ്ടില്ല. തൻേറടമാന്ന രാമൻ തൻെറ സ്വാഭാവികമായ സന്തോഷത്തെ കൈയ്‌വെടിഞ്ഞില്ല. മധുരവാക്കുകളാൽ എല്ലാവരേയും ആദരിച്ചുകൊണ്ടു് രാമൻ മാതൃസമീപമെത്തി. ദുഃഖമടക്കിക്കൊണ്ടു് പിന്നാലെ സൗമിത്രിയും.

കൗസല്യ പുത്രഹിതത്തിനായി വിഷ്ണുപൂജയും ചെയ്തുകൊണ്ടങ്ങനെയിരിക്കയാണു്. രാമനെക്കണ്ടു സന്തോഷ

ത്തോടെ നെറുകയിൽ മുകന്നു് അനുഗ്രഹമരുളി. ഊണു കഴിക്കാൻ അമ്മ പറഞ്ഞു. രാമൻ കാൎയ്യമറിയിച്ചു:

* ദേവി നൂനം ന ജാനീഷേ മഹദ്ഭയമുപസ്ഥിതം,
ഇദം തവ ച ദുഃഖായ വൈദേഹ്യാ ലക്ഷ്മണസ്യ ച
ഗമിഷ്യേ ദണ്ഡകാരണ്യം കിമനേനാസനേന മേ ?

"ദേവി, ഭവതിക്കും സീതയ്ക്കും ലക്ഷ്മണനും വലിയ ആപത്തു വന്നുചേൎന്നിരിക്കുന്നു; ഭവതിയതറിയുന്നില്ല. ഞാൻ ദണ്ഡകാരണ്യത്തിലേയ്ക്കു പോകുന്നു. പതിന്നാലുകൊല്ലം കായ്കനികൾ ഭുജിച്ചും തറയിലുറങ്ങിയും പാറയിലിരുന്നും ജീവിക്കേണ്ട കാലം വന്നിരിക്കുന്നു. മഹാരാജാവു് യുവരാജസ്ഥാനം ഭരതനു നൽകാൻ തീരുമാനിച്ചിരിക്കുന്നു." ഇതു കേട്ട കൗസല്യ നിലംപതിച്ചു. രാമൻ വേഗംചെന്നു പിടിച്ചെഴുന്നേല്പിച്ചു. അവൾ വിലപിച്ചു: "മകനേ, നീ പിറന്നിരുന്നില്ലെങ്കിൽ ഇതിലേറെ ശോകമെനിക്കു് ഉണ്ടാകുമായിരുന്നില്ല. പുത്രനില്ലല്ലോ, എന്നൊരു സങ്കടമേ വന്ധ്യയ്ക്കുള്ളു, വേറൊന്നുമില്ല. ഭൎത്താവിൽനിന്നു് എനിക്കൊരു സുഖവും ശ്രേയസ്സും കിട്ടിയിട്ടില്ല. പുത്രനിൽനിന്നു് എന്തെങ്കിലും ശ്രേയസ്സുണ്ടാകുമെന്നു് ഇതുവരെ കരുതി. സപത്നികളുടെ മൎമ്മഭേദകങ്ങളായ എന്തെല്ലാം വാക്കുകൾ ഞാൻ കേൾക്കേണ്ടതായ്‌വരും! നീയടുത്തുള്ളപ്പോൾത്തന്നെ ഞാൻ നിരാകൃതയാണു്. നീ പിരിഞ്ഞാൽ പിന്നത്തെ കഥ എന്തായിരിക്കും? നിൻെറ മുഖം കാണാതെ ഞാനെങ്ങനെ ജീവിക്കും ? ഇനിയും ചിന്നിച്ചിതറാത്ത എൻെറ നെഞ്ചു് ബഹുകഠിനംതന്നെ."

ലക്ഷ്മണനു് സഹിച്ചില്ല. പരോക്ഷമായ്‌പോലും രാമനെ ആരും ദോഷം പറയാതിരിക്കെ, സൎവ്വജനസമ്മതനും ദേവകല്പനുമായ രാമനെ സ്ത്രീജിതനായ രാജാവു് നാടുകടത്തുന്നതു തെററാണെന്നും വിപരീതം നില്ക്കുന്നവരെയെല്ലാം കൊന്നോ വെന്നോ രാജ്യം കൈയടക്കണമെന്നും

---

* അയോദ്ധ്യാകാണ്ഡം, 20—27,28.

ലക്ഷ്മണൻ വാദിച്ചു. ലക്ഷ്മണൻെറ വാദങ്ങാം സ്വീകാര്യമെങ്കിൽ അനുസരിക്കാൻ കൗസല്യ രാമനോടു പറഞ്ഞു. 'ഗുരുത്വത്തിൽ താതനും മാതാവും സമമാണു്; അച്ഛൻ പോകാൻ പറയുന്നെങ്കിൽ, പാടില്ലെന്നു ഞാൻ.' എന്നു കൗസല്യ തടഞ്ഞു. താതവാക്യം ലംഘിക്കാൻ താനശക്തനാണെന്നും തന്നെ വനത്തിനുപോകാനനുവദിക്കണമെന്നും രാമൻ കാലുപിടിച്ചപേക്ഷിച്ചു. ധമ്മത്തെ ആദരിച്ചു്, ക്രോധമടക്കി, ഭരതനെ അഭിഷേകം ചെയ്യാൻ ലക്ഷ്മണനോടു് ഉപദേശിച്ചു. രാമൻ വനത്തിനു പോകാൻ തീച്ച്യാക്കിയെങ്കിൽ താനും കൂടെ വരുന്നുണ്ടെന്നു കൗസല്യ. ഭർത്തൃശുശ്രൂഷയാണു് നാരീധമ്മമെന്നും, കൈകേയീവഞ്ചിതനായ ഭത്താവിനെ ഉപേക്ഷിച്ചു പോകാൻ പാടില്ലെന്നും രാമൻ. ഒടുവിൽ കൗസല്യ ഒരുവിധം സമ്മതിച്ചു. കാട്ടിൽനിന്നും ക്ഷേമമായി മടങ്ങിവരാൻ ആശീവ്വദിച്ചു. കൗസല്യ സ്വസ്ത്യയനങ്ങാം നടത്തി. രാമൻ അമ്മയെ വന്ദിച്ചു പുറപ്പെട്ടു.

## 'വൈദേഹി പോരേണ്ട പോരേണ്ട ബാലേ.'

അനന്തരം രാമൻ സീതാസമീപമെത്തി. രാമൻെറ മുഖം അപ്പൊഴേയ്ക്കും വിവണ്ണമായിരുന്നു. ചിന്താവ്യാകുലനായ പ്രാണനാഥനെക്കണ്ടു് സീത സന്ത്രസ്തയായി. സീത പലതും ചോദിച്ചു. രാമൻ പ്രിയയോടു പറഞ്ഞു: ''സീതേ, പിതാവെന്നെ കാട്ടിലേയ്ക്കയയ്ക്കുന്നു. കൈകേയീമാതാവിന്നു് അച്ഛൻ പണ്ടു രണ്ടു വരം നല്കിയിരുന്നു. അതിലൊന്നു പതിന്നാലു വത്സരം ഞാൻ കാട്ടിൽ വാഴണമെന്നാണു്. രണ്ടാമത്തേതു്, ഭരതനെ യുവരാജാവാക്കണമെന്നും. ഞാൻ നിന്നെക്കണ്ടു യാത്ര പറയാൻ വന്നതാണു്. നീയൊരു കാര്യംവേണം:

* ഋദ്ധിയുക്താ ഹി പുരുഷാ ന സഹന്തേ പരസ്തവം.

---

* അയോദ്ധ്യാകാണ്ഡം, 26–25.

അധികാരവും ഐശ്വൎയ്യവുമുള്ളവർ പരസ്തവം സഹിക്കുക യില്ല. അതുകൊണ്ടു് ഭരതന്റെ മുമ്പിൽ നീയെന്നെ പുകഴ്ത്തിയൊന്നും പറഞ്ഞേക്കരുതു്. ഞാൻ കാട്ടിൽ പൊയ്ക്ക ഴിഞ്ഞാൽ നീ വ്രതോപവാസപരയായി ദേവപൂജ ശരിക്കു നിൎവ്വഹിച്ചു് പിതാവിനെ വന്ദിക്കണം. വയസ്സായ എന്റെ അമ്മയേയും നീ വേണ്ടതുപോലെ ശുശ്രൂഷിക്കണം. മററുള്ള അമ്മമാരേയും യഥാവിധി വന്ദിക്കുക. പ്രിയേ, ഞാൻ വനത്തിന്നു പോകട്ടെ. ആൎക്കും അലോക്യമൊന്നു മുണ്ടാക്കാതെ നീയിവിടെ വസിച്ചാലും.''

വൈദേഹി പ്രണയകോപംകൊണ്ടു് കലമ്പി. ''ആൎയ്യപുത്ര, അച്ഛനും അമ്മയും സോദരനും പുത്രനും വധുവു മെല്ലാം അവരവരുടെ ഭാഗ്യഫലം അനുഭവിക്കുന്നു. ഭാൎയ്യ മാത്രം ഭൎത്താവിന്റെ ശുഭാശുഭങ്ങറംക്കു് ഭാഗഭാക്കാകുന്നു. നാരിമാൎക്കു് ഇഹത്തിലും പരത്തിലും പതി മാത്രമാണു പരമഗതി; അല്ലാതെ, അച്ഛനോ മക്കളോ അമ്മയോ ദൈവമോ ആരുമല്ല. അവിടുന്നു് കാട്ടിലേയ്ക്കു പുറപ്പെട്ടു കഴിഞ്ഞുവെങ്കിൽ കുശകണ്ടകങ്ങളെ ചവിട്ടിമെതിച്ചു് മൃദുവാക്കാൻ ഞാൻ മുമ്പിൽ നടക്കുന്നുണ്ടു്. ഞാനങ്ങ യോടൊന്നിച്ചിപ്പോറം കാട്ടിലേയ്ക്കു വരുന്നു. അതിന്നു യാതൊരു സംശയവുമില്ല. അങ്ങയെക്കൂടാതെ സ്വൎഗ്ഗം പോലും എനിക്കിഷ്ടമല്ല.''

സീത കൂടെ വരാതിരിക്കാൻ രാമൻ പല വാദങ്ങളും ഉന്നയിച്ചു. വനവാസക്ലേശം വൎണ്ണിച്ചു. സുകുമാരിയായ സീതയ്ക്കു് വനവാസക്ലേശങ്ങറം സഹിക്കാനാവില്ലെന്നു് പറഞ്ഞുനോക്കി. കാട്ടിലെ കല്ലും മുള്ളും ക്രൂരമൃഗങ്ങളും പട്ടിണിയും എല്ലാം വൎണ്ണിച്ചു. 'ദുഃഖമേവ സദാ വനം' എന്നു പല തവണ പറഞ്ഞു. രാമൻ പറഞ്ഞ തടസ്സങ്ങളും ക്ലേശങ്ങളുമെല്ലാം ഭൎത്താവൊന്നിച്ചുള്ളപ്പോറം തനിക്കു് ആനന്ദകരങ്ങളാണെന്നു സീത വാദിച്ചു. മട്ടത്തൈക്കെയ്ക്കു

പറഞ്ഞു: ''അവിടുന്നെന്നെക്കൂടാതെ വനത്തിലേയ്ക്കു പോവുകയാണെങ്കിൽ ഞാൻ വിഷം കുടിച്ചോ, തീയിൽ പുക്കോ, പുഴയിൽ ചാടിയോ പ്രാണൻ കളയും.'' എന്നിട്ടും സീതയെ വിജനവനത്തിൽ കൊണ്ടുപോകാൻ രാമനിഷ്ടപ്പെട്ടില്ല. കോപംകൊണ്ടും താപംകൊണ്ടും സീത ചുടുകണ്ണീരു വാൎത്തു. ഭാൎയ്യയെ പോററാൻ കഴിവില്ലാത്ത രാമൻ പുരുഷവേഷമണിഞ്ഞ സ്ത്രീയാണെന്നു പരിഹസിച്ചു. കണ്ണുനീർ കുടുകുടാ വാൎത്തു. രാമൻ സമാധാനിപ്പിച്ചു. സീതയെക്കൂടാതെ സ്വൎഗ്ഗംപോലും തനിയ്ക്കു വേണ്ടതില്ല, അവളുടെ ദൃഢാഭിപ്രായമറിയാതെ കാട്ടിൽ കൊണ്ടുപോകാൻ ഇഷ്ടമില്ലാതിരുന്നതുകൊണ്ടു് അപ്രകാരം പറഞ്ഞതാണു് എന്നെല്ലാം ആശ്വസിപ്പിച്ചു. 'അനുഗച്ഛസ്വ മാം ഭീരു, സഹധൎമ്മചരീ ഭവ.' ''സീതേ, ഒപ്പം പോരൂ, എൻെറ സഹധൎമ്മചരിയായാലും. ബ്രാഹ്മണൎക്കു് വേഗം ദാനധൎമ്മങ്ങൾ ചെയ്തു പുറപ്പെട്ടോളൂ.'' സീതയ്ക്കു സന്തോഷമായി; ധനങ്ങളും രത്നങ്ങളുമെല്ലാം ദാനം ചെയ്യാനാരംഭിച്ചു.

ശോകസന്തപ്തനായ സൗമിത്രി ജ്യേഷ്ഠൻെറ കാലുപിടിച്ചു് തന്നെക്കൂടി കാട്ടിലേയ്ക്കു് ഒരുമിച്ചുകൊണ്ടുപോകണമെന്നപേക്ഷിച്ചു. പിൻതിരിപ്പിക്കാൻ രാമൻ പലപാടു നോക്കി. പക്ഷെ ഫലിച്ചില്ല. ഒടുവിൽ, ആയുധങ്ങളുമെല്ലാമെടുത്തു് യാത്രയ്ക്കൊരുങ്ങിക്കൊള്ളാൻ രാമൻ പറഞ്ഞു. ലക്ഷ്മണൻ അപ്രകാരം ചെയ്തു.

### ഒരു നേരമ്പോക്കു്

സീതാരാമന്മാർ ലക്ഷ്മണസഹായത്തോടെ ആചാൎയ്യന്നും ആചാൎയ്യപത്നിക്കും ബ്രാഹ്മണൎക്കും ആശ്രിതൎക്കുംദാസീദാസന്മാൎക്കുമായി രത്നധനാദികൾ ദാനം ചെയ്തു. ഗൎഗ്ഗവംശജനായ ത്രിജടൻ എന്ന ദരിദ്രനും വൃദ്ധനുമായ ഒരു ബ്രാഹ്മണൻ അവിടെ ഉണ്ടായിരുന്നു. കാട്ടിൽ മരം മുറിച്ചും കിഴങ്ങു മാന്തിയുമാണു് അദ്ദേഹം നിത്യവൃത്തി നിൎവ്വഹിച്ചുപോ

ന്നതു്. കോടാലിയും കുന്താലിയുമൊക്കെ കളഞ്ഞു് വേഗം ചെന്നു് രാമകുമാരനെ കാണാൻ യുവതിയായ ഭാൎയ്യ ഉപദേശിച്ചു, ദമ്പതികരം വേഗം രാമസന്നിധിയിലെത്തി. നിൎദ്ധനനും ബഹുപുത്രനുമായ തന്നെ കടാക്ഷിക്കണമെന്നു് അദ്ദേഹം അഭ്യൎത്ഥിച്ചു. രാമൻ നേരമ്പോക്കായി പറഞ്ഞു: 'അനേകായിരം പശുക്കളെ ഞാൻ ദാനം ചെയ്തു. അതിലൊന്നുപോലും അങ്ങേയ്ക്കു കിട്ടിയില്ലല്ലൊ! അങ്ങയുടെ കൈയിലിരിക്കുന്ന വടിയെറിഞ്ഞാൽ അതു ചെന്നു വീഴുന്നതിനകമുള്ള പശുക്കളെയെല്ലാം അവിടേയ്ക്കു ലഭിക്കും.'

ബ്രാഹ്മണൻ വേഗം തൻെറ കീറിപ്പറിഞ്ഞ ഉത്തരീയമെടുത്തു് അരയിൽ കെട്ടി വടിചുഴററി സൎവ്വപ്രാണനുമുപയോഗിച്ചു് ആഞ്ഞുവലിച്ചെറിഞ്ഞു. വടി സരയൂനദിയുടെ മറുകരെച്ചെന്നു കന്നിൻപററത്തിൽ വീണു. രാമൻ ആ ധൎമ്മാത്മാവിനെ ആലിംഗനം ചെയ്തു. ഗോപന്മാരെക്കൊണ്ടു് അത്രയും ഗോക്കളെ അദ്ദേഹത്തിൻെറ ആശ്രമത്തിലേയ്ക്കു് തെളിപ്പിച്ചു. ഗാൎഗ്ഗ്യനെ സമാധാനിപ്പിച്ചുകൊണ്ടു രാമൻ പറഞ്ഞു: ''അങ്ങെന്നിൽ കോപിക്കരുതെ. ഞാൻ നേരമ്പോക്കിനായി ഇപ്രകാരം ചെയ്തതാണു്. അങ്ങയുടെ ബലമെത്രയുണ്ടെന്നറിയാനുള്ള കുതുകംകൊണ്ടു ഞാനിങ്ങനെ ചെയ്തുവെന്നേയുള്ളൂ. അവിടേയ്ക്കു വേറെ എന്തെങ്കിലും വേണ്ടതുണ്ടെങ്കിൽ സദയം അറിയിച്ചാലും.'' ത്രിജടൻ പശുക്കളെക്കൊണ്ടു തൃപ്തനായിരുന്നു. അദ്ദേഹം രാമനെ അനുഗ്രഹിച്ചു ഭാൎയ്യയുമൊന്നിച്ചു ഗൃഹത്തിലേയ്ക്കു മടങ്ങി.

നേരം വെളുത്തപ്പോരംമുതൽ രാമൻ ശോകവ്യാകുലനായിരുന്നു. അപ്പോരംപോലും ധമനിസന്തതനായ കുചേലൻെറ ലോഭസീമയളക്കാനുള്ള നൎമ്മബോധം അദ്ദേഹത്തെ വിട്ടുപിരിഞ്ഞില്ല. ശോകദൃശ്യങ്ങരം വൎണ്ണിച്ചു തളൎന്ന കവിയ്ക്കും, കണ്ടും കേട്ടും വലഞ്ഞ വായനക്കാരനും ഇതു് സ്വാഗതാൎഹമായ ഒരു രസവിച്ഛിത്തിയാകുന്നു.

## വിടവാങ്ങൽ

ദാനധമ്മങ്ങരം കഴിഞ്ഞു രാമലക്ഷ്മണന്മാർ സീതയുമൊന്നിച്ച കൈകേയീഗൃഹത്തിലെത്തി. സുമന്ത്രൻ രാജാവിനെ വിവരമുണത്തിച്ചു. രാജാജ്ഞയനുസരിച്ച് രാജദാരങ്ങളെല്ലാം വന്നുചേൎന്നു. സൂതൻ രാമനെ രാജസവിധമെത്തിച്ചു. മകൻ വരുന്നതു കണ്ടു ദശരഥൻ വേഗം എഴുനേററ് രാമൻെറ നേരെ ഓടിച്ചെന്നു. അടുത്തെത്തുന്നതിനു മുമ്പു വീണുപോയി. രാമനും ലക്ഷ്മണനും ഓടിച്ചെന്നു താങ്ങി. സ്ത്രീകളെല്ലാം മുറവിളിയായി. 'ഹാ രാമ' എന്ന ച്ചൂനം. അവരച്ഛനെ താങ്ങി കിടക്കയിൽ കിടത്തി. ശോകസാഗരമഗ്നനായ ദശരഥൻ ബോധവാനായപ്പോരം രാമൻ കൂപ്പുകൈയോടെ പറഞ്ഞു: ''മഹാരാജൻ, എനിക്കു് ദണ്ഡകാരണ്യത്തിനു പോകാൻ അനുവാദമരുളിയാലും. ലക്ഷ്മണനും സീതയും എന്നോടൊരുമിച്ചു പോരാനനുവദിച്ചാലും. ഞങ്ങളെ അനുഗ്രഹിച്ചാലും.'' വനഗമനത്തിനുള്ള രാമൻെറ നിശ്ചയത്തിനു് ഇളക്കമൊന്നുമില്ലെന്നു കണ്ടു ദശരഥൻ പറഞ്ഞു: ''രാമ, ഞാൻ കൈകേയീവരദാനം കൊണ്ടു വഞ്ചിതനായി. എന്നെ ബന്ധിച്ചു നീ അയോദ്ധ്യയിൽ രാജാവായാലും.'' ധമ്മമൂത്തിയായ രാമൻ കൂപ്പുകൈയോടെ പറഞ്ഞു: ''അവിടുന്നിനിയും ഒരായിരം വഷം രാജ്യം വാണാലും; എനിക്കു് രാജ്യത്തിൽ കൊതിയില്ല. ഞാൻ കാട്ടിൽ പോകട്ടെ. പതിന്നാലു സംവത്സരം കാട്ടിൽ കഴിച്ചുകൂട്ടിയിട്ടു വന്നു് അവിടുത്തെ പാദാഭിവന്ദനം ചെയ്തുകൊള്ളാം.''

സത്യപാശബദ്ധനായ ദശരഥൻ കൈകേയീചോദിതനായിട്ടു കരഞ്ഞുകൊണ്ടു് പ്രിയപുത്രനു് യാത്രാനുവാദം നൽകി:

* ശ്രേയസേ വൃദ്ധയേ താത പുനരാഗമനായ ച,
ഗച്ഛസ്വാരിഷ്ടമവ്യഗ്രഃ പന്ഥാനമകുതോഭയം.

---

* അയോദ്ധ്യാകാണ്ഡം, 34 – 31.

''മകനെ, ശ്രേയസ്സും ഐശ്വൎയ്യവും ഉണ്ടാകട്ടെ. നിനക്കു ക്ഷേമം ഭവിക്കട്ടെ. നിനക്കു ഭയമൊന്നുമുണ്ടാകാതിരിക്കട്ടെ. നീ സസുഖം പോയ്വരിക. സത്യസന്ധനും ധൎമ്മാത്മാവുമായ നിന്റെ നിശ്ചയം മാററാനാക്കും കഴികയില്ല. ഏതായാലും, മകനെ, ഇന്നു രാത്രി പോകണ്ട. ഒരു രാത്രിയെങ്കിലും നിന്നെക്കണ്ടുകൊണ്ടു ഞാൻ ജീവിക്കട്ടെ. അമ്മയേയും എന്നേയും കണ്ടുകൊണ്ടു് ഇന്നുരാത്രി കഴിച്ചു നാളെ കാലത്തു പുറപ്പെടാം. രാമ, നീ എന്റെ പ്രിയത്തിനായിട്ടു വനത്തിനു പോകുന്നു: എന്നാൽ സത്യമായും ഞാൻ പറയുന്നു, ഇതെനിക്കു തീരെ ഇഷ്ടമല്ല. ഇവളെന്നെ ചതിച്ചു. നീ അവളെ അനുസരിക്കാൻ പോകുന്നു. അച്ഛനെ അനൃതമുക്തനാക്കാൻ നീയിതു ചെയ്യുന്നു. മകനെ, ഇതു നിനക്കു് അനുരൂപംതന്നെ.'' അഴലാണ്ട രാമൻ പറഞ്ഞു: ''ഇന്നു രാത്രി എനിക്കിവിടെ കിട്ടാവുന്ന സുഖങ്ങളൊ നാളെ ആരു തരും ? അതുകൊണ്ടു് ഇന്നുതന്നെ പോകാൻ അനുജ്ഞ അരുളിയാലും. സമൃദ്ധമായ രാജ്യത്തെ ഞാൻ കൈവിട്ടു; ആയതു് ഭരതനു നല്കിയാലും. ഇന്നുതന്നെ വനത്തിനു പോകാനുള്ള എന്റെ നിശ്ചയത്തിനു് യാതൊരിളക്കവുമില്ല. കൈകേയിയമ്മയ്ക്കു് അവിടുന്നു് നല്കിയ വരം സമ്പൂൎണ്ണമായും കൊടുത്തു് അവിടുന്നു് സത്യപ്രതിജ്ഞനായാലും. എനിക്കു രാജ്യം വേണ്ട, സുഖം വേണ്ട, സ്വൎഗ്ഗം വേണ്ട; അവിടുത്തെ സത്യം പാലിക്കണമെന്നേ എനിക്കാഗ്രഹമുള്ളു. ഇനി തെല്ലും അമാന്തിക്കാൻ എനിക്കു നിവൃത്തിയില്ല. ഈ ശോകം അവിടുന്നടക്കിയാലും. എന്റെ നിശ്ചയത്തിനിളക്കമില്ല. വനത്തിനു പോകാൻ കൈകേയീമാതാവെന്നോടപേക്ഷിച്ചു. അങ്ങനെയാവട്ടെ, എന്നു ഞാൻ പറയുകയും ചെയ്തു. ഞാനാ സത്യം പാലിക്കുന്നുണ്ടു്. അച്ഛാ, പതിന്നാലു സംവത്സരം കഴിഞ്ഞു് അവിടുന്നു ഞങ്ങളെ വീണ്ടും കാണുന്നതായിരിക്കും. സന്താപമുപേക്ഷിച്ചാലും. വനവാസം ക്ലേശകരമല്ല. മനോഹരമായ വനത്തിൽ

ഞങ്ങരം സുഖമായി പാൎത്തു മടങ്ങിവരാം.”

വ്യസനാക്രാന്തനായ ദശരഥൻ മകനെ കെട്ടിപ്പിടിച്ചു ബോധംകെട്ടു നിലത്തുവീണു. കൈകേയിയൊഴിച്ചുള്ള രാജനാരികരം വാവിട്ടുകരഞ്ഞു. സുമന്ത്രനും കരഞ്ഞു സംജ്ഞ കെട്ടു വീണു.

സുമന്ത്രൻ പെട്ടെന്നെഴുന്നേററു് കോപംകൊണ്ടു വിറയ്ക്കുന്നവനായി കൈകേയിയെ നാനാതരത്തിൽ നിന്ദിച്ചു. പ്രതിജ്ഞാപീഡിതനായ ദശരഥൻ ചതുരംഗബലവും ധനധാന്യങ്ങളും രാമന്റെകൂടെ അയയ്ക്കാൻ കല്പനകൊടുത്തു. ഇതു കേട്ടപ്പോരം കൈകേയിയ്ക്കു പേടിപിടിച്ചു. പേടിച്ചു വിറച്ചുകൊണ്ടവരം, ഹൃതധനമായ രാജ്യംകൊണ്ടു ഭരതനു കാൎയ്യമില്ലെന്നു പറഞ്ഞു. സൂൎയ്യവംശജനായ അസമഞ്ജനെ പിതാവു് നാടുകടത്തിയ കഥ അവളോൎമ്മിപ്പിച്ചു. ഇതു കേട്ടു് 'ഹാ കഷ്ടം!' എന്നു രാജാവും ജനങ്ങളും. വൃദ്ധമന്ത്രിയായ സിദ്ധാൎത്ഥൻ കൈകേയിയോടു ചോദിച്ചു: “കണ്ണിൽക്കണ്ട കുട്ടികളെയെല്ലാം പെറുക്കി പുഴയിലെറിഞ്ഞു് വിഹരിച്ചിരുന്ന അസമഞ്ജനെ പൗരന്മാരുടെ പരാതിയനുസരിച്ചു് പിതാവു് ഉപേക്ഷിക്കുകയാണു് ചെയ്തതു്. രാമനെന്തപരാധമാണു ചെയ്തിട്ടുള്ളതു്? രാമനിൽ യാതൊരുവിധ ദോഷവും ഞങ്ങരം കാണുന്നില്ല. ഭവതിയെന്തെങ്കിലും തെററു രാമന്റെ പേരിൽ കാണുന്നുണ്ടെങ്കിൽ ആയതു തുറന്നുപറഞ്ഞാലും.” കൈകേയിക്കു് ഉത്തരമൊന്നുമുണ്ടായിരുന്നില്ല. താനും രാമന്റെകൂടെ വനത്തിനു പോവുകയാണെന്നു പറഞ്ഞു ദശരഥൻ.

സിദ്ധാൎത്ഥവാക്യം കേട്ടു് രാമൻ, തപോവനത്തിൽ പോകുന്ന തനിയ്ക്കു് ധനസേനകരം ആവശ്യമില്ലെന്നു പറഞ്ഞു. എല്ലാവരോടും യാത്രചോദിച്ചു മരവുരി നൽകാനപേക്ഷിച്ചു. ഒരു തുമ്പയും കുട്ടയും കൊണ്ടുവരാനാവശ്യപ്പെട്ടു. നിൎലജ്ജയായ കൈകേയി മരവുരികരംകൊണ്ടു

വന്നു് 'ഉടുക്കുവിൻ' എന്നുപറഞ്ഞു് അവക്കു കൊടുത്തു. രാമൻ വേഗം സ്വീകരിച്ചു്, നേത്ത വസ്ത്രങ്ങരം ഉപേക്ഷിച്ചു താപസോചിതമായ അവ ധരിച്ചു. ലക്ഷ്മണനും അപ്ര കാരം ചെയ്തു. സീതക്കു മരവുരി ഉടുക്കാൻ വിഷമം തോന്നി. രാമൻ വേഗംവന്നു പട്ടാംബരത്തിനു മീതെ ചീരവസനം ബന്ധിച്ചു. ഇതുകണ്ടു് അന്തഃപുരസ്ത്രീകരം കണ്ണീർ വാത്തു. സീത വനവാസത്തിനു പോകരുതെന്നവരപേക്ഷിച്ചു. സീത ചീരമണിയുന്നതു വസിഷ്ഠൻ വന്നു തടഞ്ഞു. രാമൻ വനത്തിനു പോകുന്നതായാൽ പകരം സീത ഊഴി വാഴട്ടെ, എന്നു മാമുനി വിധിച്ചു. സീത രാമനോടൊത്തു പോകുന്ന പക്ഷം തങ്ങളെല്ലാവരും കൂടെപ്പോകുന്നതാണെന്നും പറഞ്ഞു. ഇതുകൊണ്ടൊന്നും സീതയുടെ മനസ്സു് ഇളകി യില്ല. അനന്യശരണനായ ദശരഥൻ, സീതാനിവ്വാസം തൻെറ വരത്തിൻെറ ഭാഗമല്ലെന്നും, സീത സവ്വരത്നങ്ങ ളോടുംകൂടി സുഖമായി യാത്രചെയ്യട്ടെ, എന്നും ആജ്ഞകൊ ടുത്തു. യാത്ര പുറപ്പെടാൻ തയ്യാറായ രാമൻ, അമ്മയെ വേണ്ടതുപോലെ കാത്തുരക്ഷിക്കണമെന്നു് പിതാവിനോ ടപേക്ഷിച്ചു.

## 'ഹാ രാമ, ഹാ സീതേ, ഹാ ലക്ഷ്മണ !'

ദശരഥൻ വളരെ നേരം വിലപിച്ചു. സുമന്ത്രനെ വിളിച്ചു തേരുകൂട്ടി കൊണ്ടുവരാനാജ്ഞ നല്കി. സുമന്ത്രൻ തേരുംകൊണ്ടെത്തി. സീതക്കു് പതിന്നാലു വഷം ധരി ക്കാൻ വേണ്ട ഉത്തമവസ്ത്രങ്ങളും ആഭരണങ്ങളും കൊണ്ടു വരുവിച്ചു. സീത ആഭരണങ്ങളണിഞ്ഞു. വധുവിനെ കെട്ടിപ്പിടിച്ചു നെറുകയിൽ മുകന്നു് ശ്വശ്രുക്കരം സതീ ധമ്മം ഉപദേശിച്ചു. സീത അവയെല്ലാം സാദരം കേട്ടു. രാമൻ കൂപ്പുകൈയോടെ അമ്മയോടപേക്ഷിച്ചു: ''അമ്മേ, കരയരുതു്. അച്ഛനെ പരിചരിച്ചാലും. വനവാസ മിപ്പോരം കഴിയും; അമ്മ ഒന്നുറങ്ങിയുണരുമ്പോഴേക്കും

തീരും പതിന്നാലു വഷം. ഞങ്ങറം സസുഖം മടങ്ങി യെത്തുന്നതു് ഭവതി കാണും.'' അമ്മമാരെല്ലാവരോട്ട മായി രാമൻ പറഞ്ഞു: ''ഞാൻ അറിയാതെ എന്തെ ങ്കിലും അപരാധം ചെയ്തുപോയിട്ടുണ്ടെങ്കിൽ ദേവിമാർ ആയതു് ക്ഷമിച്ചരുളിയാലും; ഞങ്ങറംക്കു വിട നൽകി യാലും.'' കനത്ത ഹൃദയത്തോടെ അമ്മമാർ ആ ധമ്മപൂണ്ണ വാക്കുകറം കേട്ടു. അവരെല്ലാം കൂട്ടനിലവിളി തുടങ്ങി. മൃദംഗമദ്ദളധ്വനികറംകൊണ്ടു മുഴങ്ങിയിരുന്ന അന്തഃപുരം രാജദാരങ്ങളുടെ മുറവിളികൊണ്ടു മുഖരിതമായി.

അനന്തരം രാമനും സീതയും ലക്ഷ്മണനും ദശരഥനെ കാൽതൊട്ടു വണങ്ങി വലംവെച്ചു. അച്ഛനെ സമ്മതി പ്പിച്ചശേഷം രാമൻ അമ്മയെ അഭിവാദനം ചെയ്തു. ലക്ഷ്മണൻ കൗസല്യയേയും സുമിത്രയേയും വന്ദിച്ചു. സവ്വഥാ രാമനെ അനുസരിക്കണമെന്നു് സുമിത്ര ലക്ഷ്മണ നോടു് പറഞ്ഞു. സുമന്ത്രൻ തേരിൽക്കയറാൻ വിളിച്ചു. സസന്തോഷം സീത തേരിൽ കയറി, രാമലക്ഷ്മണന്മാരും തേരിലേറി. സുമന്ത്രൻ തേരു തെളിച്ചു. ജനസമൂഹം മൂർച്ഛിച്ചു. വ്യസനാക്രാന്തരായ പൗരന്മാർ തേരിനു പിന്നാ ലെ പാഞ്ഞു. ദശരഥൻ പുത്രനെ കാണാൻ പുറപ്പെട്ടു. സ്ത്രീകളുടെ വിലാപം മുഴങ്ങി. രാമൻ സൂതനോടു് തേരു വേഗം വിടാനാജ്ഞാപിച്ചു; 'നിത്തു നിത്തേ'ന്നു പൗര ന്മാരും. മുറവിളിയിട്ടുകൊണ്ടു ഭ്രാന്തംരപ്പോലെ പിന്നാ ലെ പാഞ്ഞുവരുന്ന മാതാപിതാക്കന്മാരെ കണ്ടു്, അവ രുടെ കണ്ണിൽപ്പെടാതെ കഴിക്കാൻ രാമൻ ശ്രമിച്ചു. അവരുടെ സങ്കടം കണ്ടു സഹിക്കാനാവാതെ രാമൻ സുമ ന്ത്രനോടു് രഥം അതിവേഗം പായിക്കാൻ പറഞ്ഞു. കെട്ടിയിട്ട കുട്ടിയുടെ നേക്കു തള്ളപ്പശു പായുംപോലെ കൗസല്യ മകന്റെ നേരെ പാഞ്ഞു. അച്ഛന്റെയും അമ്മയു ടെയും ദുഃഖം കാണാൻ രാമൻ ശക്തനായില്ല. 'രാമ രാമ, സീതേ, ലക്ഷ്മണ,' എന്നിങ്ങനെ മുറവിളിയിട്ടുകൊണ്ടു

കണ്ണീരും വാർത്തു തുള്ളിയലച്ചുകൊണ്ടു വരുന്ന അമ്മയെ രാമൻ പലവാറു കണ്ടു. 'നില്ലനില്ലെ'ന്നു ദശരഥൻ. 'പോവാം പോവാ'മെന്നു രാമനും. സുമന്ത്രൻ വിഷമത്തിലായി. ''രാജാവു് ശകാരിച്ചാൽ, ഞാൻ കേട്ടില്ല എന്നു പറയുക. ഈ ദുഃഖം ഇനിയും താങ്ങാൻ വയ്യ.'' എന്നു പറഞ്ഞു രാമൻ. സുമന്ത്രൻ തേരു വിട്ടു. തിരിച്ചു വരേണ്ടയാളെ അതിദൂരം അനുഗമിക്കരുതു്, എന്നു പറഞ്ഞു മന്ത്രിമാർ മന്നവനെ മടക്കി. ദശരഥൻ മകൻ പോയ വഴിയും നോക്കി അവിടെത്തന്നെ നിന്നു.

**കൈകേയി**

രാമൻ യാത്ര തുടരട്ടെ. പ്രഭാതം മുതലിതുവരെ, ഇപ്പോഴം നേരം ഉച്ചതിരിഞ്ഞിട്ടുണ്ടാവണം, കരച്ചിലും പിഴിച്ചിലുമായിരുന്നു. നമുക്കൊന്നു മാറിനിന്നു നെടുവീർപ്പു വിടാം.

രാമൻ തൻെറ ഭാഗധേയത്തിനു് സഹസാ വന്നു ചേർന്ന ഈ വിപര്യയത്തെ എങ്ങനെയാണു് നേരിട്ടതു് ? വിപത്തുകളാണു് മനുഷ്യൻെറ മാററുരച്ചുനോക്കുന്നതു്. ധർമ്മപരീക്ഷകളാണു് മനുഷ്യൻെറ മൂല്യം നിർണ്ണയിക്കുന്നതു്. രാമൻെറ മനസ്സിലേക്കെത്തിനോക്കാൻ ശ്രമിക്കുതിനുമുമ്പു് നമുക്കു് കൈകേയിയെ ഒന്നു പരിശോധിക്കാം. കൈകേയിക്കു് രാമൻെറ പേരിൽ എന്തെങ്കിലും പരാതിയുണ്ടായിരുന്നോ ? ഇല്ല. ഉണ്ടായിരുന്നെങ്കിൽ അതെടുത്തു് ദശരഥൻെറ നേരെ എറിയുമായിരുന്നു. മാത്രമല്ല, രാമനിൽ എന്തെങ്കിലും കുററം കണ്ടിട്ടുണ്ടെങ്കിൽ അതു പ്രസ്താവിക്കാൻ സിദ്ധാർത്ഥൻ അവളെ വെല്ലുവിളിച്ചപ്പോഴും അവൾക്കൊന്നും പറയാനുണ്ടായിരുന്നില്ല. പിന്നെ എന്താണു് അവളെ ഇത്ര ക്രൂരയാക്കി മാററിയതു് ? രാമാഭിഷേകവാർത്തയുംകൊണ്ടെത്തിയ കുബ്ജയ്ക്കു് സമ്മാനം നീട്ടിയ കൈയ്യ് സ്വമംഗല്യസൂത്രം പറിക്കാനിടവരുത്തുമാറു്

മാറിയതെങ്ങനെ? കുബ്ജയുടെ വാദമുഖങ്ങളിൽ കൈകേയിയെ മതംമാററിയ യുക്തികളേതെല്ലാം ?

തരുണിയായ കൈകേയിയുടെ സൗന്ദര്യത്തിനധീനനായിരുന്നു ദശരഥൻ. ദശരഥൻെറ ആ ദൗർബ്ബല്യത്തെ സപത്നികളെ തിരസ്കരിക്കാൻ അവളുപയോഗിച്ചു. രാമൻ രാജാവായാൽ രാമമാതാവും സുമിത്രയും കൈകേയിയുടെ പൂർവ്വാചാരങ്ങൾക്ക് പകരം ചോദിക്കുമെന്നവൾ ഭയപ്പെട്ടു. രാമമാതാവിനെ സംബന്ധിച്ച് ആ ഭയം അസ്ഥാനത്താണെന്നിരുന്നാലും, സപത്നീവിരോധം സ്ത്രീകളെ ഏതു സാഹസത്തിനും പ്രേരിപ്പിക്കാറുണ്ടല്ലോ. സ്വപുത്രന് ഉത്കർഷമുണ്ടായിക്കാണാൻ ഏതമ്മയും ആഗ്രഹിക്കും, അതിൽ പാരമ്പര്യത്തെ അത്ര മാനിച്ചില്ലെങ്കിലും മാതൃമനസ്സിന് വലിയ വിഷമമൊന്നും തോന്നുകയില്ല. രാജമാതാവായാൽ തനിക്കു കൈയ്വരാവുന്ന സ്ഥാനമാനങ്ങളും അല്ലാഞ്ഞാലുള്ള പരാഭവവും വേറൊരു പ്രേരകവുമായിരുന്നിരിക്കാം. സപത്നീമാത്സര്യം, പുത്രോത്കർഷാഭിനിവേശം, അധികാരമോഹം ഇവയാണ് ആ രാജപുത്രിയെ ഒരു ക്രൂരയാക്കി മാററിയത്.

## പരസ്യമാകാത്ത ഒരു അരമനരഹസ്യം

നമുക്കിനി ഇന്നലെയും ഇന്നും നടന്ന സംഭവങ്ങളെ ഒന്നടുത്തുകാണാം. ദശരഥന് തൻെറ അവസാനം അടുത്തുവെന്നു തോന്നി; രാമനെ പിൻഗാമിയാക്കിയിട്ടു മരിച്ചാൽ കൊള്ളാമെന്നൊരാഗ്രഹം. രാമൻ അതിനർഹനാണ്, തനിക്കെന്നപോലെ പ്രജകൾക്കും അമാത്യന്മാർക്കും കണ്ണിലുണ്ണിയുമാണ്. മനസ്സിൽ തോന്നിയ കാര്യം ഉടനടി നടത്തണം. രാജാവായതുകൊണ്ടതു സാധിക്കും; വാർദ്ധക്യമായതുകൊണ്ടതു സ്വാഭാവികവുമാണ്. കാരണം, മനോബലം കുറയുന്ന കാലത്ത് ഒന്നു തോന്നിയാലുടനതു ചെയ്തില്ലെങ്കിൽ സ്വസ്ഥതയില്ല. പിന്നെ, വേറെയും കാരണങ്ങൾ

കാണണം. രാമാഭിഷേകത്തെക്കുറിച്ച് അഭിപ്രായം ആരായാൻ വിളിച്ച ആളുകളിൽ രണ്ടുപേരെ ഉൾപ്പെടുത്തിയില്ല എന്നു കവി എടുത്തു പറയുന്നുണ്ട്. കേകയരാജനെയും ജനകനെയും. 'നല്ലവാർത്ത അവർ കാര്യം നടന്നുകഴിഞ്ഞറിഞ്ഞുകൊള്ളട്ടെ, ഇപ്പോൾ നേരമില്ല.' എന്ന് ഒരു ന്യായവും കണ്ടുപിടിച്ചു. രാമനെ വരുത്തി വിവരം പറഞ്ഞു. പുരോഹിതനും മന്ത്രിമാരും പൗരമുഖ്യന്മാരും രാമാഭിഷേകത്തെ സ്വാഗതം ചെയ്തു. സഭ പിരിഞ്ഞു. അന്തഃപുരത്തിൽ പോയ ഉടനെ ദശരഥൻ രാമനെ വീണ്ടും ആളയച്ചുവരുത്തി. അവർതമ്മിൽ പലതും പറഞ്ഞു. കവി ഈ ഘട്ടത്തിൽ നമുക്കു തരുന്ന വിവരങ്ങൾകൂടാതെ വേറെ പലതും കൂടി ദശരഥൻ പറഞ്ഞിട്ടുണ്ടാവണം. സോദരന്മാർ നാൽവരും ഒരു പ്രാണൻ, നാലു ശരീരം എന്നേ ഉള്ളു. അനുജന്മാർക്ക് രാമൻ പ്രാണാധികപ്രിയനുമാണ്. അതെല്ലാവർക്കും അറിയുകയും ചെയ്യും. എന്നിട്ടും ദശരഥൻ ഭരതൻെറ മനോഗതിയെ സംശയിക്കുന്നു. ഭരതനെയും കേകയനെയും അറിയിക്കാതെ കാര്യം നടത്തണമെന്ന് ദശരഥൻ പറഞ്ഞു. തൻെറ മനസ്സും എങ്ങനെയൊക്കെ തിരിയുമെന്നു തീർച്ചയില്ലെന്നും അവിടെ ഒരു സൂചന തന്നു. രാജകുമാരന്മാർ തമ്മിൽ സാധാരണമായുണ്ടാകാവുന്ന അധികാരമത്സരം മാത്രമാണോ ദശരഥനു ഭരതൻെറ പേരിൽ ഇങ്ങനെയൊരു സംശയത്തിനു കാരണമായത്? ഇത്രയും ഗൗരവമായ ഒരു സമാരംഭത്തിനു, ഭരതൻകൂടി വരട്ടെ, എന്നു രാമൻ എന്തുകൊണ്ടു പറഞ്ഞില്ല? ഭരതനെക്കുറിച്ചുള്ള സംശയം അസ്ഥാനത്താണെന്നു രാമൻ എന്തുകൊണ്ട് ദശരഥനെ തിരുത്തിയില്ല? ദശരഥൻ പറഞ്ഞ കാര്യങ്ങൾക്ക് രാമൻ സ്വന്തം അഭിപ്രായം ഒന്നും പറയുന്നതായും കാണുന്നില്ല.

പിന്നെ വേറൊരു കാര്യം. രാമനോട്ട് കാട്ടിൽ പോകാൻ ദശരഥൻ പറയുകയുണ്ടായോ? പിതൃവാക്യപരിപാലനത്തിനു വനത്തിനു പോകുന്നുവെന്നാണു രാമൻ

പറയുന്നതു്. കൈകേയി, ദശരഥൻെറ ദുഃഖകാരണം രാമനാണെന്നു പറഞ്ഞപ്പോഴം, അച്ഛൻെറ ഇച്ഛ എന്തുതന്നെയായാലും താനതു ചെയ്തുകൊള്ളാമെന്നു രാമൻ വാക്കു കൊടുത്തു. ഇവിടെ അച്ഛൻെറ ഒരു സ്വഭാവവിശേഷം മകനിലും കാണാം: കാര്യമറിയുന്നതിനുമുമ്പു് കടന്നു കയറി വാക്കുകൊടുക്കൽ. ദശരഥൻ വിശ്വാമിത്രനോടു് വാക്കുപറഞ്ഞു, പിന്നീടു പരിതപിച്ചു. കൈകേയിയോടും അങ്ങനെതന്നെ. പക്ഷേ, രാമൻ താൻ വാക്കുകൊടുത്തതിനെക്കുറിച്ചു പരിതപിക്കുന്നില്ല എന്നൊരു വ്യത്യാസമുണ്ടു്.

കൈകേയിയുടെ ആവശ്യപ്രകാരം രാമൻ കാട്ടിൽ പോകാനുറച്ചു, അതിനിനി ഇളക്കമില്ല എന്നു തീൎച്ചയായ ശേഷമേ ദശരഥൻ അതിനു സമ്മതം മൂളുന്നുള്ളു; അഥവാ, രാമൻ അനുമതി ഞെക്കിഞെരുക്കി മേടിച്ചു എന്നുവേണം പറയാൻ. പിതൃവാക്യപരിപാലനമാണു് കാരണമെങ്കിൽ രാജാവു് അമാത്യന്മാരോടും പൗരന്മാരോടും പുരോഹിതനോടും രാമനോടും യുവരാജാവാക്കുമെന്നു പറഞ്ഞ വാക്കിൻെറ വിലയെന്തായിപ്പോയി? മുൻപ്രതിജ്ഞയ്ക്കാണു് പ്രാബല്യമെന്നു വാദിക്കുന്നെങ്കിൽ, ഒരു രാജാവിനു്, രാജാവെന്ന നിലയ്ക്കു് പ്രജകളോടു ചെയ്ത വാഗ്ദാനമോ ആദരണീയം, അതോ, ഒരു വ്യക്തിയെന്ന നിലയ്ക്കു് തൻെറ കാമിനിയോടു ചെയ്ത പ്രതിജ്ഞയോ പാലനീയം? വ്യക്തിധൎമ്മത്തേക്കാൾ രാജധൎമ്മത്തെ മുറുകെപ്പിടിക്കണമെന്നു് ആരും പറയാഞ്ഞതെന്തു്? അച്ഛൻെറ ആജ്ഞ കൂടാതെതന്നെ രാമൻ കൈകേയി പറഞ്ഞപ്പൊഴേ കാട്ടിലേയ്ക്കു് പോകാൻ സന്നദ്ധനായതെന്തുകൊണ്ടു്?

ദശരഥനുമായി രണ്ടാമത്തെ കൂടിക്കാഴ്ച കഴിഞ്ഞപ്പോൾ രാമൻ ഒരു ധൎമ്മസങ്കടത്തിലകപ്പെട്ടു. കേകയനെ വിളിക്കാതിരുന്നതും ഭരതനെ വരുത്താതിരുന്നതും എന്തുകൊണ്ടാണെന്നു് അപ്പോൾ രാമനു് മനസ്സിലായി. വിവാഹം കഴിഞ്ഞ ഉടനെ മാതുലഗൃഹത്തിൽ പോയ ഭരതൻ

പത്തുപന്ത്രണ്ട കൊല്ലമായിട്ടും രാമവിവാസംവരെ മടങ്ങിവന്നില്ലെന്നുള്ളതും ശ്രദ്ധാഹ്മാണ്. ഭരതൻ കഴിയുന്നതും അകന്നു നില്ക്കണമെന്നായിരുന്നു ദശരഥൻെറ ആഗ്രഹം. കേകയനും ദശരഥനും ഒരു പക്ഷെ വസിഷ്ഠനും മാത്രം അറിവുണ്ടായിരുന്ന ഒരു രഹസ്യം ദശരഥനപ്പോറം പുറത്തുവിട്ടു. അതു കവി വെളിവാക്കുന്നതു കാട്ടിൽവെച്ചാണ്. ഗോപ്യമായതുകൊണ്ടു് അതാണുചിതവും. എന്താണാ രഹസ്യം?

രാമനെ ഏതെങ്കിലും വിധത്തിൽ തിരിയെക്കൊണ്ടു വരാൻ തീൎച്ചപ്പെടുത്തി ഭരതൻ വനത്തിലെത്തി. അപേക്ഷയും അനുനയവും നിർബ്ബന്ധവും അനശനവും എല്ലാം പ്രയോഗിച്ചുനോക്കി. താൻ പിതൃരാജ്ഞ ലംഘിക്കയില്ലെന്നു രാമൻ ഉറച്ചുനിന്നു. പിതാവിൻെറ ആഗ്രഹം നിറവേററുന്നതിൽ ഭരതനും തുല്യമായ ചുമതലയുണ്ടെന്നറിയിച്ചു. എന്നിട്ടൊരു കാര്യം പറഞ്ഞു:

* പുരാ ഭ്രാതഃ പിതാ നഃ സ മാതരം തേ സമുദ്വഹൻ,
മാതാമഹേ സമാശ്രൗഷീദ് രാജ്യശുല്ക്കമനുത്തമം.

"ഹേ ഭരത, നമ്മുടെ അച്ഛൻ, നിൻെറ അമ്മയെ വിവാഹം ചെയ്യുമ്പോറം, കൈകേയീപുത്രനു രാജ്യം കൊടുത്തുകൊള്ളാമെന്നു് നിൻെറ മുത്തച്ഛനോടു പ്രതിജ്ഞ ചെയ്തിട്ടുണ്ടു്." ദേവാസുരയുദ്ധാനന്തരം വരം നല്കിയ കഥയും പിന്നെ പറയുന്നുണ്ടു്. ഈ രഹസ്യവൎത്തമാനം രാമനു് ദശരഥനിൽനിന്നും കിട്ടിയതാവണം. കാരണം, അഭിഷേക വിളംബരത്തിനു മുമ്പതു് അറിഞ്ഞിരുന്നുവെങ്കിൽ, ധൎമ്മാത്മാവായ രാമൻ നിശ്ചയമായും അഭിഷേകോദ്യമത്തെ എതിൎത്തേനെ. എന്നാൽ പിന്നെ ദശരഥൻ പറഞ്ഞപ്പോറം എന്തുകൊണ്ടെതിൎത്തില്ല? രാജാവു് പരസ്യമായി അഭിഷേകം വിളംബരം ചെയ്തുകഴിഞ്ഞു; ഇനിയിപ്പോറം വഴങ്ങാതിരുന്നാൽ രാജാവിൻെറ പേരിൽ ജനങ്ങറംക്കപ്രീതി ഉണ്ടാകും. അതുകൊണ്ടു് മനസ്സില്ലാമനസ്സോടെ അതിനു

* അയോദ്ധ്യാകാണ്ഡം, 107 – 3.

സമ്മതിക്കയാണ് ചെയ്തതു്. രാമൻ സ്വാഭിപ്രായമൊന്നും പ്രകടിപ്പിക്കാതിരുന്നതും അതുകൊണ്ടുതന്നെയാണ്. കേകയനെ വിളിക്കാതിരുന്നതിൻെറ കാരണമിപ്പോഠം വ്യക്തമായി. ജനകനെ വിളിക്കാതിരുന്നതു്, ഒരാളെ മാത്രമല്ല, വേറെയും അതുപോലെ ഉററവരെ തിടുക്കം കൊണ്ടു് വിളിക്കാൻ കഴിഞ്ഞില്ല എന്നു് ഒഴികഴിവു പറയാനായി മാത്രം.

ഈ ധർമ്മസങ്കടത്തിൽനിന്നും ഒരു മോചനമായി കൈകേയിയുടെ വരപ്രാർത്ഥന. അച്ഛൻെറ രാജ്യശുല്ക്കപ്രതിജ്ഞയും, പിന്നീടു കൈകേയിക്കു് നല്കിയ വാഗ്ദാനവും, താൻ ചെയ്ത ശപഥവും എല്ലാം ഇതുകൊണ്ടു് നിറവേറും എന്നുള്ളതുകൊണ്ടാണ് രാമൻ വനവാസവിധി വേഗം സ്വീകരിച്ചതു്. വാക്കിനു വ്യവസ്ഥയില്ലാത്ത ആഠം രാജാവായാലും അവിശ്വസനീയനായിരിക്കുമല്ലൊ. തല്ക്കാലം അസൗകര്യമാണെന്നു കണ്ടു മുമ്പു ചെയ്ത കരാറും വാഗ്ദാനവും ഉല്ലംഘിക്കുന്നതു് ധർമ്മത്തിനും സത്യത്തിനും നിരക്കുന്നതുമല്ല. ധർമ്മവിഗ്രഹനായ രാമൻ അതെങ്ങനെ സ്വീകരിക്കും ?

ഈ രാജ്യശുല്ക്കപ്രതിജ്ഞ കൈകേയി അറിഞ്ഞിരുന്നില്ല എന്നതു തീർച്ചയാണ്. അറിഞ്ഞിരുന്നെങ്കിൽ അവഠം അതു് ദശരഥൻെറ കഴുത്തിലെ കുരുക്കു് കുറെക്കൂടി ഇറുക്കാൻ ഉപയോഗിച്ചേനെ. കേകയൻ എന്തുകൊണ്ടായിരിക്കാം ഈ വ്യവസ്ഥ നടപ്പിലാക്കണമെന്നാവശ്യപ്പെടാതിരുന്നതു് ? ദശരഥൻ അനേകവർഷം അനപത്യനായിരുന്നല്ലൊ. വാർദ്ധക്യത്തിൽ സന്താനവാനായപ്പോഠം, ജ്യേഷ്ഠപുത്രൻെറ നിസ്തുലമഹിമ കൈകേയിയിൽനിന്നും യുധാജിത്തിൽനിന്നും ഭരതനിൽനിന്നും കേകയൻ കേട്ടിരിക്കും. ഭരതൻെറ ജ്യേഷ്ഠനോടുള്ള ഭക്തി കണ്ടു കഴിഞ്ഞപ്പോഠം പഴയ കാര്യമൊന്നും മിണ്ടാതിരിക്കുകയാണുചിതമെന്നു് കേകയനു തോന്നിയിട്ടുമുണ്ടാവണം.

ദശരഥൻെറയും രാമൻെറയും മനോഗതങ്ങളിലേയ്ക്ക് ഒളിവീശുന്നതിൽ ഈ ശ്ലോകത്തിനുള്ള പ്രാധാന്യവും വ്യാപ്തിയും അധികമാരും ചർച്ചചെയ്തു കാണുന്നില്ല. എഴുത്തച്ഛൻ ഈ സംഗതി പാടെ വിട്ടുകളഞ്ഞിരിക്കുകയാകുന്നു. പക്ഷേ, ഈ താക്കോലില്ലെങ്കിൽ ദശരഥൻേറയും രാമൻേറയും പലേ പ്രതികരണങ്ങൾക്കും യാതൊരു തുമ്പും കിട്ടുകയില്ല. ഇത്രയേറെ അവ്യക്തസംഭവങ്ങൾ ഒരൊററ ശ്ലോകത്തിൽ ഒളിച്ചൊതുക്കിവെച്ച കവിയുടെ സൂത്രചാതുരി അന്യാദൃശംതന്നെ.

## കാട്ടിലേയ്ക്ക്

നമുക്കു രാമനെ അനുഗമിക്കാം. രാമാനുരക്തരായ പൗരന്മാർ പലരും തേരിനെ പിന്തുടർന്നു. തന്നിലുള്ള പ്രീതി ഭരതനിൽനിക്ഷേപിക്കാൻ രാമൻ പുരവാസികളെ ഉപദേശിച്ചു. ഭരതൻ അവരെ പിതാവിനെപ്പോലെ പരിപാലിക്കുമെന്നു പറഞ്ഞു. അവർ രാമനോട് നാട്ടിലേയ്ക്കു മടങ്ങാനപേക്ഷിച്ചു.അവർ തമസാതടമെത്തി. അന്നു രാത്രി ജലപാനംമാത്രം ചെയ്തു തമസാതീരത്തിൽ വസിച്ചു. ക്ഷീണിച്ചു കിടന്നുറങ്ങുന്ന പൗരജനങ്ങൾ ഉണരുന്നതിനു മുമ്പ് രാമാദികൾ തമസാനദി കടന്നു. പൗരന്മാർ പിന്തുടരാതിരിക്കാൻ തേരു് വടക്കോട്ടു് കുറച്ചുദൂരം ഓടിച്ച് തിരിച്ചുകൊണ്ടുവന്നു് തപോവനത്തിലേയ്ക്ക് യാത്ര തുടർന്നു.

പ്രഭാതമായതോടെ അവർ കോസലരാജ്യസീമ കടന്നു. വഴിക്കു് വേദശ്രുതി, ഗോമതി, സ്യന്ദികാ എന്നീ നദികൾ പിന്നിട്ടു. കോസലത്തോട് കോസലാധിപൻ വിടവാങ്ങി. അവർ ഗംഗാതീരത്തിലെത്തി. നിഷാദാധിപതിയായ ഗുഹൻ വന്നു രാമനെ വണങ്ങി. ഗുഹൻ ആതിഥ്യമർപ്പിച്ചു. കുതിരകൾക്കുള്ള തീററി മാത്രമേ രാമൻ അംഗീകരിച്ചുള്ളു. വെള്ളം മാത്രം കഴിച്ച് രാത്രി ഗംഗാതീരത്തിലുറങ്ങി. ഗുഹനും സൂതനും സൗമിത്രിയും രാമകഥ

കളും പറഞ്ഞു്, ഉറക്കമിളച്ച്് സീതാരാമന്മാരെ കാത്തു രക്ഷിച്ചു.

നേരം വെളുത്തു. ഗംഗ കടക്കാൻ തോണി തയ്യാറാക്കാൻ ഗുഹനെ വിളിച്ചേല്പ്പാടുചെയ്തു. തോണിയെത്തി. സാധനങ്ങളെല്ലാം കയററി. അവർ വഞ്ചിയിലേറാൻ തയ്യാറായി. സുമന്ത്രൻ താനെന്താണിനി ചെയ്യേണ്ടതെന്നു് ബദ്ധാഞ്ജലിയായി അന്വേഷിച്ചു. തിരിച്ചുചെന്നു് പണ്ടേപ്പോലെ താതനേയും ഭരതനേയും സേവിക്കാൻ രാമൻ നിർദ്ദേശിച്ചു. രാമനെക്കൂടാതെ അയോദ്ധ്യയ്ക്കു മടങ്ങാൻ സുമന്ത്രനു് കെല്പില്ല. തന്നെക്കൂടി വനവാസത്തിനനുവദിക്കണമെന്നപേക്ഷിച്ചു. മടങ്ങിപ്പോകാൻ കല്പനയായാൽ തേരുമൊത്തു തീയിൽ ചാടുമെന്നു് ആ സൂതൻ ഉണർത്തി. സൂതൻെറ ഭക്തി കണ്ടു് പ്രീതനായ രാമൻ, സൂതൻ മടങ്ങിപ്പോകേണ്ടതത്യാവശ്യമാണെന്നു് വാദിച്ചു. സുമന്ത്രൻ മടങ്ങിച്ചെന്നാൽമാത്രമേ രാമൻ കാടുപൂകിയെന്നു കൈകേയിക്കു് വിശ്വാസം വരികയുള്ളു. അല്ലെങ്കിൽ അവരു രാജാവെന്തോ കാപട്യം കാണിച്ചിട്ടുണ്ടെന്നു സംശയിക്കും. അതിനാൽ ദശരഥൻേറയും തൻേറയും പ്രിയത്തിനുവേണ്ടി സൂതനോടു തിരിച്ചുപോകാൻ പറഞ്ഞു രാമൻ. അച്ഛനു് ഒരുവിധത്തിലും സങ്കടമുണ്ടാകാതെ നോക്കണമെന്നും, തങ്ങളുടെ കുശലമറിയിച്ച്് അമ്മമാരെ അഭിവാദനം ചെയ്യണമെന്നും പറഞ്ഞേല്പിച്ചു. അനന്തരം ഗുഹനോടും യാത്രപറഞ്ഞു. വനപ്രസ്ഥർ മൂവരും വഞ്ചിയിലേറി. യഥാശാസ്ത്രം ആചമനം ചെയ്തു് അവർ ഗംഗയെ വണങ്ങി.

വനവാസം നിർവ്വിഘ്നം സമാപിക്കുന്നതിനു് സീത ഗംഗയുടെ അനുഗ്രഹം തേടി. അവർ മറുകരയിലെത്തി. രാമൻ ലക്ഷ്മണനോടു മുമ്പിൽ നടക്കാൻ പറഞ്ഞു. സീതയെ നടുക്കു നിർത്തി കാത്തുകൊണ്ടു രാമൻ പിന്നാലെയും. സുമന്ത്രൻ കണ്ണെടുക്കാതെ രാമാദികളെത്തന്നെ നോക്കി

ക്കൊണ്ടുനിന്നു. ദൂരംകൊണ്ടു് കണ്ണെത്താതായപ്പോ‍ഠം സൂതൻ കണ്ണീർ വാൎത്തു.

## ചിറ പൊട്ടി

അവിടെനിന്നും അവർ വേഗം വത്സദേശം പ്രാപിച്ചു. വിശന്നുതളൎന്ന അവർ നാലു മൃഗങ്ങളേയും കൊന്നെടുത്തു രാത്രി കഴിച്ചുകൂട്ടാൻ ഒരു മരച്ചുവട്ടിലെത്തി. സന്ധ്യാവന്ദനംചെയ്തശേഷം രാമൻ ലക്ഷ്മണനോടു പറഞ്ഞു: "നാടിനു പുറത്തു് ആദ്യത്തെ രാത്രിയാണിന്നു്. സീതക്കാപത്തൊന്നും വരാതെ നാം ജാഗ്രതയായിരിക്കണം. ലക്ഷ്മണ, അച്ഛനിന്നു് ദുഃഖത്തിലാണ്ടുകഴിയുകയായിരിക്കും. കൃതകാമയായ കൈകേയി സന്തുഷ്ടയായി. അവ‍ഠം ഭരതൻ വന്നുവെന്നു കണ്ടു് അച്ഛനെ കൊല്ലാതിരുന്നാൽ മതിയായിരുന്നു. അച്ഛനു വയസ്സു വളരെയായി; നാമും അടുത്തില്ല. അദ്ദേഹം എന്തു ചെയ്യും? കാമാത്മാവായ പിതാവിൻെറ ഈ പ്രവൃത്തി കണ്ടിട്ടു് ധൎമ്മത്തേക്കാ‍ഠം അൎത്ഥകാമങ്ങളാണു വലുതെന്നു തോന്നിപ്പോകുന്നു. അല്ലെങ്കിൽ, എത്ര അറിവില്ലാത്തവനായാലും, എന്നെപ്പോലെ ഇഷ്ടാനുവൎത്തിയായ ഒരു പുത്രനെ കാമിനിക്കുവേണ്ടി ഉപേക്ഷിക്കുമോ? ഭരതൻ കോസലാധിപനായി സഭാര്യനായി സുഖമായി വസിക്കും. അൎത്ഥധൎമ്മങ്ങളെ വെടിഞ്ഞു കാമത്തെ പിന്തുടരുന്നവൻ ദശരഥരാജനെപ്പോലെ ആപത്തിൽ പെടും. അച്ഛൻെറ മരണത്തിനും എൻെറ പ്രവ്രാജനത്തിനും ഭരതനു രാജ്യലാഭത്തിനുമാണു് കൈകേയി വന്നതെന്നു് ഞാൻ കരുതുന്നു. സൗഭാഗ്യമദമോഹിതയായ അവ‍ഠം നമ്മുടെ അമ്മമാരെ ഉപദ്രവിക്കും. എനിക്കുവേണ്ടി സുമിത്രാമാതാവു ദുഃഖത്തിലകപ്പെടാൻ പാടുള്ളതല്ല. അതുകൊണ്ടു് ലക്ഷ്മണ, നീ വേഗം അയോദ്ധ്യക്കു മടങ്ങുക. ഞാൻ തനിയെ കാട്ടിൽ കഴിച്ചോളാം. കൗസല്യാമാതാവിനും നീയൊരു സഹായമായിരിക്കും. അമ്മ കഷ്ടപ്പെട്ടു

നമ്മെ വളൎത്തി. ഹാ, കഷ്ടം! നാമവരെ ശുശ്രൂഷിക്കേണ്ട കാലത്തിതാ വേർപാടു വന്നുകൂടി. പൂൎവ്വജന്മത്തിൽ അമ്മ, അമ്മയേയും മക്കളേയുംതമ്മിൽ വേർപിരിച്ചിട്ടുണ്ടാവണം. അതിൻെറ ഫലമായിരിക്കാമിതു്. ഹാ, അമ്മയെ ശുശ്രൂഷിക്കാൻ ഭാഗ്യമെഴാത്ത എന്നെക്കൊണ്ടെന്തു കാര്യം? വേണമെന്നു തോന്നിയാൽ ഞാനേകനായി അയോദ്ധ്യയേയും ലോകത്തെത്തന്നെയും അമ്പുകൊണ്ടു കീഴടക്കാൻ പോന്നവനാണു്. അധൎമ്മഭയംകൊണ്ടും പരലോകശ്രേയസ്സോൎത്തും ഞാനിന്നെന്നെ അഭിഷേകം ചെയ്യുന്നില്ലെന്നേയുള്ളു.'' ഇതും വേറെ പലതും പറഞ്ഞു രാമൻ കണ്ണീർതൂകി.

ഇതുവരെ അടക്കിവെച്ചിരുന്ന താപകോപങ്ങൾ അണമുറിച്ചൊഴുകി. ആന്തരസംഘട്ടനങ്ങൾ വാക്കിൽക്കൂടിയും കണ്ണിൽക്കൂടിയും പുറത്തേയ്ക്കു പാഞ്ഞു. ഇതുവരെ അമാനുഷമായ ആത്മനിയന്ത്രണം പ്രകടിപ്പിച്ചിരുന്നു. പക്ഷേ, ഉള്ളിൽ ഒരഗ്നിപൎവ്വതം നീറുന്നുണ്ടായിരുന്നുവെന്നു് ഇതിൽനിന്നും കാണാം. നിൎവ്വൈരനും ജിതക്രോധനുമാണു രാമൻ എന്നതിനു് അധൎമ്മമായിട്ടവയെ പ്രയോഗിക്കുകയില്ല എന്നാണൎത്ഥം; അല്ലാതെ വൈരം തോന്നുകയില്ലെന്നോ ക്രോധം ജനിക്കുകയില്ലെന്നോ അതിനൎത്ഥമില്ല.

## ചിത്രകൂടത്തിൽ

രാമൻെറ നിൎദ്ദേശം ലക്ഷ്മണനു തീരെ സമ്മതമായില്ല. രാമനെക്കൂടാതെ താൻ ജീവനോടെ ഇരിക്കുകയില്ലെന്നു സൗമിത്രി. തന്നോടൊത്തു വസിച്ചുകൊള്ളാൻ രാമൻ ലക്ഷ്മണനു് അനുമതി നല്കി.

അന്നു രാത്രി അവിടെ വസിച്ചു. പിറേറന്നു രാവിലെ അവിടെനിന്നും പുറപ്പെട്ടു. ഗംഗായമുനാസംഗമം ലക്ഷ്യമാക്കിയാണു യാത്ര. അന്തിയോടടുത്തപ്പോൾ പ്രയാഗയിൽ ഭരദ്വാജാശ്രമത്തിലെത്തി. മൂവരും യഥാവിധി മാമുനിയെ

വണങ്ങി, തങ്ങളുടെ വൃത്താന്തമറിയിച്ചു. മഹഷി അവക്കു് ആതിഥ്യം നല്കി. അന്നു രാത്രി അവിടെ കഴിച്ചു. അവിടെ താമസിക്കാൻ മഹഷി അവരെ ക്ഷണിച്ചു. പക്ഷെ, പൗരജനങ്ങൾ തങ്ങളെ കാണാൻ വരുമെന്നുള്ളതു കൊണ്ടു് രാമനതു സ്വീകരിച്ചില്ല. പ്രയാഗയിൽനിന്നും പത്തുക്രോശമകലെ മഹഷികുലസേവിതമായ ചിത്രകൂട പവ്വതമുണ്ടെന്നും അവിടം വാസയോഗ്യമായിരിക്കുമെന്നും തപോധനൻ നിദ്ദേശിച്ചു. രാമനതു സ്വീകരിച്ചു. പ്രഭാതത്തിൽ മഹഷിയെ വന്ദിച്ചനുഗ്രഹവുംസ്വീകരിച്ചു് ചിത്രകൂടത്തിലേയ്ക്കു പുറപ്പെട്ടു. യമുനയുടെ കരയ്ക്കെത്തി. മരങ്ങൾകൊണ്ടും മുളകൊണ്ടും ഒരു ചങ്ങാടം അവർ കെട്ടിയുണ്ടാക്കി. സീതയെ സുഖമാംവണ്ണം ഇരുത്തിയശേഷം രാമലക്ഷ്മണന്മാർ ചങ്ങാടം തുഴഞ്ഞു. നദീമദ്ധ്യത്തിലെത്തിയപ്പോൾ സീത നദിയെ വന്ദിച്ചനുഗ്രഹത്തിനായി പ്രാത്ഥിച്ചു. അക്കരയെത്തി തീരവനംവഴി യാത്രതുടന്നു. വഴിക്കു കണ്ട ശ്യാമവടത്തെ വന്ദിച്ചു വലംവെച്ചു വൈദേഹി അനുഗ്രഹമത്ഥിച്ചു.

രാമൻ ലക്ഷ്മണനോടു പറഞ്ഞു: ''ലക്ഷ്മണ, ആയുധപാണിയായി നീ മുമ്പിൽ നടക്കുക. സീത നടുവിൽ നടക്കട്ടെ. ഞാൻ സായുധനായി പിന്നിൽ വരാം. സീതയ്ക്കു കൗതുകംതോന്നുന്ന പഴമൊ പൂവൊ വേഗം കൊണ്ടുവന്നുകൊടുക്കണം.'' വനശോഭ കണ്ടാനന്ദിച്ചു് അവർ യാത്രചെയ്തു. അനേകം മാനുകളേയും കൊന്നെടുത്തുകൊണ്ടു് അവർ യമുനാകൂലത്തിൽക്കൂടി ഒരു ക്രോശം സഞ്ചരിച്ചു. യമുനാതീരത്തു മനോഹരമായ ഒരു സമതലത്തിൽ ആ രാത്രി കഴിച്ചുകൂട്ടി.

വെളുപ്പിനു രാമൻ ലക്ഷ്മണനെ വിളിച്ചുണത്തി. എല്ലാവരും യമുനാസ്നാനംചെയ്തു ചിത്രകൂടംനോക്കി പുറപ്പെട്ടു. ബഹുമൂലഫലോപേതവും ശുദ്ധജലസമ്പന്നവും നാനാപക്ഷിനിഷേവിതവുമായ ചിത്രകൂടത്തെ അവർ

പ്രാപിച്ചു. ആ സ്ഥാനം വാസയോഗ്യമായി അവക്കു തോന്നി. അവിടെ മുനിവാടങ്ങരം പലതും കണ്ടു. അവർ മൂവരും വാല്മീകിമാമുനിയെ കണ്ടു വന്ദിച്ചു. മാമുനി അവരെ സ്വാഗതംചെയ്തു. അവിടെ വാസമുറപ്പിക്കാൻ മുനി അവരോടുപദേശിച്ചു. അവരതു കൈക്കൊണ്ടു. രാമന്റെ നിർദ്ദേശപ്രകാരം ലക്ഷ്മണൻ പുല്ലും വള്ളിയും മരങ്ങളുംകൊണ്ടു് ഒരു പർണ്ണശാല പണിതു. മാനിനെ കൊന്നു് ഹോമംചെയ്തു വാസ്തുശമനം നടത്തി; ദേവതാപ്രീതി വരുത്തി. അവർ ഗൃഹപ്രവേശംചെയ്തു.

## രാമനെ നിനച്ചു താതൻ മരിച്ചു

സുമന്ത്രൻ അയോദ്ധ്യയിൽ മടങ്ങിച്ചെന്നു മഹാരാജാവിനെ വിവരമുണർത്തിച്ചു. കൗസല്യ തന്നെയും കാട്ടിലെത്തിക്കാൻ സൂതനോടാവശ്യപ്പെട്ടു: ഇല്ലെങ്കിൽ ഉടൻ യമപുരിക്കു യാത്രയാകുമെന്നും പറഞ്ഞു. ദശരഥനോടു് രാമമാതാവു് പരാതികരം പലതും ബോധിപ്പിച്ചു. ദശരഥൻ തൊഴുതു മാപ്പിരന്നു. കൗസല്യ ഭർത്തൃപാദത്തിൽ പതിച്ചു ക്ഷമായാചനംചെയ്തു. ബാല്യത്തിൽ നായാടിനടക്കുമ്പോരം ഒരു മുനികുമാരനെ വധിക്കുകനിമിത്തം തനിക്കേപ്പെട്ട മഹർഷിശാപം, രാമൻ പോയിട്ടു് ആറാംദിവസം അർദ്ധരാത്രി ദശരഥൻ കൗസല്യയെ പറഞ്ഞുകേരംപ്പിച്ചു. അവനവന്റെ കർമ്മഫലമാണു് ഓരോരുത്തരും അനുഭവിക്കുന്നതു് എന്നുമോർത്തു. 'ഹാ രാമ, ഹാ കൗസല്യേ, ഹാ സുമിത്രേ, ഹാ നൃശംസേ മമാമിത്രേ കൈകേയി കുലപാംസനി' എന്നിങ്ങനെ വിലപിച്ചുകൊണ്ടു് കൗസല്യയുടെയും സുമിത്രയുടെയും സന്നിധിയിൽ ദശരഥൻ മരണമടഞ്ഞു. രാജ്ഞിമാർ മുറവിളിയായി.

സചിവന്മാർ രാജശരീരം തൈലത്തോണിയിൽ കിടത്തി. രാത്രിമുഴുവൻ രാജ്ഞിമാരുടേയും പുരവാസികളുടേയും വിലാപംകൊണ്ടു കഴിഞ്ഞു. പ്രഭാതത്തിൽ മാക്ക

ണ്ഡേയൻ, മൗദ്ഗല്യൻ മുതലായ മുനിമാരും അമാത്യ ന്മാരും ചേർന്ന് വസിഷ്ഠനോട്ട് ആരെയെങ്കിലും രാജാവായി നിശ്ചയിക്കാൻ അപേക്ഷിച്ചു. വസിഷ്ഠൻ അഞ്ചു ദൂതന്മാരെ വിളിച്ച് കേകയത്തിൽനിന്ന് ഭരതനെ കൂട്ടിക്കൊണ്ടുവരാനയച്ചു. കാര്യഗൗരവം അറിവുള്ള ദൂതന്മാർ അതിവേഗമാന്ന കുതിരകളിൽ കയറി രാത്രിയോടുകൂടി രാജഗൃഹത്തിലെത്തി.

## ജ്യേഷ്ഠൻെറ പിറകേ അനുജനും കാട്ടിലേയ്ക്കു്

അന്നുരാത്രി ദുഃസ്വപ്നങ്ങരം കണ്ടു് ഭരതൻ വ്യാകുലനായി. ദൂതന്മാർ വന്നു് വസിഷ്ഠസന്ദേശം അറിയിച്ചു. ഭരതൻ വേഗം മുത്തച്ഛനോടും മാതുലനോടും യാത്രചൊല്ലി അയോദ്ധ്യയ്ക്കു പുറപ്പെട്ടു. നിരാനന്ദമായ അയോദ്ധ്യ കണ്ടു ഭരതൻ ശോകാകുലനായി വേഗം പിതൃഗൃഹത്തിലെത്തി. അച്ഛനെ അവിടെ കാണാഞ്ഞു് അമ്മയുടെ അടുക്കലെത്തി അഭിവാദ്യംചെയ്തു. അച്ഛനെവിടെയെന്നന്വേഷിച്ചപ്പോരം ദശരഥൻ നാടുനീങ്ങിയ വിവരം കൈകേയി അറിയിച്ചു. ശോകതപ്തനായ ഭരതൻ പിതാവിൻെറ അന്തിമവാക്കുകളെന്തായിരുന്നുവെന്നാരാഞ്ഞു. 'ഹാ രാമ, ഹാ സീതേ, ഹാ ലക്ഷ്മണ' എന്നിങ്ങനെ വിളിച്ചുകൊണ്ടാണു ദശരഥൻ ദേഹത്യാഗം ചെയ്തതെന്നവരം പറഞ്ഞപ്പോരം അവരെവിടെപ്പോയെന്നു ഭരതൻ ചോദിച്ചു. താൻ വരം മേടിച്ച് അവരെ നാടുകടത്തിയ കഥ അവളറിയിച്ചു. ഭരതൻ ദുഃഖസന്തപ്തനായി. കൈകേയിയെ പലപാടു നിന്ദിച്ചു. അവളോടു പോയി തൂങ്ങിച്ചാകാൻ പറഞ്ഞു. രാമനെന്തു പറയുമെന്നുള്ള ഭയംകൊണ്ടുമാത്രം ഭരതൻ കടുംകൈയൊന്നും ചെയ്തില്ലെന്നേയുള്ളു. ഭരതശത്രുഘ്നന്മാർ കൗസല്യയെ ചെന്നു വന്ദിച്ചു. തന്നേയും കൊണ്ടുപോയി കാട്ടിലാക്കാൻ കൗസല്യ ഭരതനോടു പറഞ്ഞു. പുണ്ണിലമ്പേററതുപോലെ പിടഞ്ഞുകൊണ്ടു ഭരതൻ കൗസല്യാപാദത്തിൽ പതിച്ചു.

രാമവിവാസനത്തിൽ തനിക്കെന്തെങ്കിലും പങ്കുണ്ടെങ്കിൽ ലോകത്തിലുള്ള സകലപാതകങ്ങളും തന്നിൽ വന്നുകൊള്ളട്ടെയെന്നും, താൻ മനസാ വാചാ കർമ്മണാ യാതൊന്നുമറിഞ്ഞിട്ടില്ലെന്നും ഭരതൻ ഒരു നൂറെറട്ടുവട്ടം ആണയിട്ടു പറഞ്ഞു. ഭരതൻെറ ധർമ്മനിഷ്ഠ കണ്ടു് കൗസല്യ ശാന്തചിത്തയായി. വസിഷ്ഠൻെറ നിർദ്ദേശാനുസരണം ഭരതശത്രുഘ്നന്മാർ ദശരഥൻെറ അന്ത്യേഷ്ടിസംസ്കാരങ്ങൾ നിർവ്വഹിച്ചു.

നാരീവശംവദനായ ദശരഥനെ പിടിച്ചുകെട്ടി ലക്ഷ്മണൻ എന്തുകൊണ്ടു രാമനെ രക്ഷിച്ചില്ല എന്നു ശത്രുഘ്നൻ ഭരതനോടു ചോദിച്ചു. അപ്പോൾ മുമ്പിലെത്തിയ കൂനിയെ ശത്രുഘ്നൻ പിടിച്ചു നിലത്തിട്ടു വലിച്ചിഴച്ചു. ഇതുകണ്ടു കൈകേയി പേടിയാണ്ടു. അവൾ ഭരതൻെറ അടുക്കൽ ഓടിയെത്തി. ഭരതൻ ശത്രുഘ്നനെ തടഞ്ഞുകൊണ്ടു പറഞ്ഞു: ''സകലജീവികളിലും സ്ത്രീകൾ അവദ്ധ്യകളാകുന്നു. ധാർമ്മികനായ രാമൻ, മാതൃഹന്താവെന്നെന്നെ ശകാരിക്കാതിരിക്കുമെങ്കിൽ ദുഷ്ടചാരിണിയും പാപിയുമായ ഈ കൈകേയിയെ ഞാൻ കൊന്നുകളഞ്ഞേനെ. പക്ഷെ, നാമങ്ങനെ ചെയ്താൽ ധർമ്മാത്മാവായ രാമൻ നമ്മോടു പിന്നെ മിണ്ടുകയേയില്ല.'' ഇതു കേട്ടു ശത്രുഘ്നൻ കുബ്ജയെ വിട്ടു.

ദശരഥമരണാനന്തരം പതിന്നാലാം ദിവസം മന്ത്രിമാർ ഭരതനോടു് രാജ്യഭാരമേല്ക്കാൻ അപേക്ഷിച്ചു. രാമൻ മാത്രമേ രാജാവാകാൻ പാടുള്ളു എന്നു ഭരതൻ ഉറച്ചുനിന്നു. രാമനെ തിരിച്ചുകൊണ്ടുവരാൻ കാട്ടിലേയ്ക്കു പുറപ്പെടുന്നതിനു നിശ്ചയിച്ചു. യാത്രയ്ക്കു വേണ്ട ഒരുക്കങ്ങൾക്കു കല്പന കൊടുത്തു. പുരോഹിതനും മന്ത്രിമാരും അമ്മമാരും സൈന്യങ്ങളും അഭിഷേകസാമഗ്രികളുമൊത്തു ഭരതശത്രുഘ്നന്മാർ രാമനെ തേടി പുറപ്പെട്ടു. ഗുഹൻ ഭരതാദികളെ ഗംഗ കടത്തി. വഴിക്കു ഭരദ്വാജമാമുനിയേയും വന്ദിച്ചു ഭരതൻ യാത്ര തുടന്നു.

**അനുജനെ കൊല്ലുകയോ ?**

ശ്രീരാമൻ മന്ദാകിനിയുടെ മനോഹാരിതയെ സീതക്കു വിവരിച്ചുകൊടുത്തു. അവർ വനശോഭ കണ്ടാനന്ദിച്ചു. അയോദ്ധ്യയുടെ കഥയേ അവർ മറന്നമട്ടായി. അങ്ങനെയിരിക്കെ ദൂരെനിന്നും ഒരു കോലാഹലം കേൾക്കായി; പൊടി പൊങ്ങുന്നതും, കാട്ടുമൃഗങ്ങൾ വിരണ്ടോടുന്നതും കണ്ടു. സംഗതിയെന്താണെന്നന്വേഷിക്കാൻ രാമൻ ലക്ഷ്മണനോടു പറഞ്ഞു. ലക്ഷ്മണൻ വേഗമൊരു വലിയ സാലമരത്തിൽ കയറി നാലുപാടും നോക്കി. അകലെയായി പെരിയ പടയെ കണ്ടു. ലക്ഷ്മണൻ പരിഭ്രാന്തനായി. രാമനോടു പറഞ്ഞു: ''ജ്യേഷ്ഠാ, അഗ്നി കെടുത്തിയാലും; സീത ഗുഹയിൽ പ്രവേശിക്കട്ടെ. അവിടുന്നു് കവചവുമണിഞ്ഞു ചാപബാണങ്ങളും ധരിച്ചു് ഒരുങ്ങിനിന്നാലും.'' ഇതു കേട്ടു സേനയാരുടേതെന്നു നോക്കാൻ രാമനാവശ്യപ്പെട്ടു. ''രാജ്യം കൈയ്യിൽകിട്ടിയ കൈകേയീപുത്രൻ നമ്മെ കൊല്ലാൻ വരുന്ന വരവാണു്. അയോദ്ധ്യാധിപന്മാരുടെ കോവിദാരധ്വജം കാണപ്പെടുന്നു. ചതുരംഗസേനയുമുണ്ടു്. നമുക്കു് ആയുധപാണികളായി മലമേൽ കയറി നില്ക്കാം; അല്ലെങ്കിൽ ഇവിടെത്തന്നെ തയ്യാറെടുത്തു നിലയുറപ്പിക്കാം. കൊടി പിടിച്ചെടുക്കാൻ സാധിക്കുമെന്നു ഞാൻ കരുതുന്നു. നമുക്കീ ആപത്തെല്ലാം വരുത്തിവെച്ച വൈരി ഭരതനാണു വരുന്നതു്. അവനെ കൊല്ലേണ്ടതാണു്. ഇങ്ങോട്ടു കയറി ദ്രോഹിക്കുന്നവനെ കൊല്ലുന്നതിൽ ദോഷമൊന്നുമില്ല. പോരിൽ മരണമടഞ്ഞ മകനെ രാജ്യകാമുകിയായ കൈകേയി ഇന്നു കാണും. കൈകേയിയേയും ഞാനിന്നു കൊല്ലുന്നുണ്ടു്. ഇതുവരെ ഒതുക്കിവെച്ചിരുന്ന കോപമെല്ലാം ഞാനിന്നു് ശത്രുസൈന്യത്തിൻെറ മേൽ പൊഴിക്കും.'' കോപാകുലനായ ലക്ഷ്മണനെ സാന്ത്വനപ്പെടുത്തിക്കൊണ്ടു് രാമൻ പറഞ്ഞു: ''ഭരതൻ നേരിൽ വരുമ്പോൾ വില്ലുമമ്പുംകൊണ്ടെന്തു കാര്യം ? ലക്ഷ്മണാ, അച്ഛനോടു

സത്യം ചെയ്തിട്ട് ഭരതനെ കൊന്നു കിട്ടുന്ന അപവാദപൂരിതമായ രാജ്യംകൊണ്ടു ഞാനെന്തുചെയ്യട്ടെ? ബന്ധുക്കളേയോ മിത്രങ്ങളേയോ ദ്രോഹിച്ചുകിട്ടുന്ന ദ്രവ്യം വിഷം കലന്ന ഭക്ഷ്യമെന്നപോലെ ഞാൻ തൊടുകയേയില്ല. ധൎമ്മമോ അൎത്ഥമോ കാമമോ രാജ്യമോ എന്തും ഞാൻ നിങ്ങൾക്കു വേണ്ടിയേ ആഗ്രഹിക്കുന്നുള്ളു; സത്യമായും അത്രയേ ഉള്ളു. അനുജന്മാരുടെ ക്ഷേമത്തിനും സുഖത്തിനുംവേണ്ടി മാത്രമേ രാജ്യംപോലും ഞാൻ കാംക്ഷിക്കുന്നുള്ളു എന്നു ഞാനായുധം തൊട്ട് ആണയിടുന്നു. ആഴി ചൂഴുന്ന ഈ ഊഴി എനിക്കപ്രാപ്യമല്ല. ഇന്ദ്രപ്പട്ടംപോലും അധൎമ്മംകൊണ്ടു ഞാൻ നേടാൻ കൊതിക്കയില്ല. ഭരതനെയും നിന്നെയും ശത്രുഘ്നനെയും വിട്ട് എനിക്കുണ്ടാകുന്ന സുഖത്തെ അഗ്നി ചാമ്പലാക്കട്ടെ. എന്റെ പ്രാണാധികപ്രിയനായ ഭരതൻ നമ്മെക്കാണാൻ വരികയാണെന്നു ഞാൻ കരുതുന്നു. നാം കാട്ടുപൂകിയതിൽ ശോകമാണ്ട ഭരതൻ നമ്മെക്കാണാൻ വരികയാണ്; വേറൊന്നിനുമല്ല. അമ്മയോടു കോപിച്ച് അച്ഛനെ സമാധാനിപ്പിച്ച് രാജ്യമെനിക്കു തരാൻ വരികയാണ് ഭരതൻ. ഭരതൻ മുമ്പെപ്പോഴെങ്കിലും നിനക്കഹിതമായെന്തെങ്കിലും ചെയ്തിട്ടുണ്ടോ? പിന്നെയെന്താണീ ഭയം, ഈ ശങ്ക? ഭരതനോട് അപ്രിയമൊന്നും ആചരിക്കരുത്, പറയരുത്; അങ്ങനെ ചെയ്താൽ എന്നോടായിരിക്കും അതു ചെയ്യുന്നത്. എന്താപത്തു വന്നാലും മക്കളച്ഛനെ കൊല്ലാറുണ്ടോ? സ്വന്തം പ്രാണനായ സോദരനെ സോദരൻ കൊല്ലുകയോ? രാജ്യത്തിനുവേണ്ടിയാണ് നീയങ്ങനെ പറയുന്നതെങ്കിൽ, 'ഭരത, രാജ്യം ലക്ഷ്മണനു കൊടുക്കു.' എന്നു ഞാൻ പറയാം. ഞാനങ്ങനെ പറഞ്ഞാൽ 'അങ്ങനെയാവട്ടെ,' എന്നേ ഭരതൻ പറയൂ.''

ധൎമ്മശീലനായ രാമന്റെ വാക്കുകൾ കേട്ടു ലക്ഷ്മണൻ ലജ്ജകൊണ്ടു ചൂളിപ്പോയി. രാമൻ തുടൎന്നു: ''അല്ലാത്തപക്ഷം, അച്ഛൻ നമ്മെക്കാണാൻ, നമ്മെ കൂട്ടിക്കൊണ്ടു

പോകാൻ വരികയായിരിക്കും.'' ലക്ഷ്മണൻ ഒന്നുകൂടി സൂക്ഷിച്ചുനോക്കി. പിതാവിൻെറ വെൺകൊററക്കുട കൂട്ടത്തിലെങ്ങും കണ്ടില്ല. ലക്ഷ്മണനോട്ട് താഴെയിറങ്ങാൻ രാമൻ പറഞ്ഞു. ലക്ഷ്മണൻ രാമസമീപം ബദ്ധാഞ്ജലിയായി നിലകൊണ്ടു.

അവിടമെല്ലാം ചവിട്ടിമെതിക്കാതിരിക്കാൻ ഭരതൻ സേനയെ മലയ്ക്കു ചുററുമായി നിവേശിപ്പിച്ചു.

**'ജ്യേഷ്ഠാ !'**

അനന്തരം ഭരതൻ ശത്രുഘ്നനെ വിളിച്ച് ആളുകളെയും കൂട്ടി രാമനെ തേടി കണ്ടുപിടിക്കാൻ നിർദ്ദേശം കൊടുത്തു. 'സീതാരാമന്മാരെയും ലക്ഷ്മണനെയും കണ്ടെത്തുന്നതുവരെ എനിക്ക് ശാന്തിയില്ല.' എന്നാർത്തുംകൊണ്ടു പാദചാരിയായി അന്വേഷണം തുടങ്ങി. ചിത്രകൂടത്തിലെ ഒരു സാലമരത്തിൻമുകളിൽ കയറി രാമാശ്രമത്തിലെ പുക കണ്ടെത്തി. ഭരതൻ സന്തുഷ്ടനായി. അമ്മമാരെ കൂട്ടിക്കൊണ്ടുവരാൻ വസിഷ്ഠനോടു പറഞ്ഞേല്പിച്ചശേഷം ഭരതൻ മുമ്പിട്ടുനടന്നു. പിന്നാലെ ശത്രുഘ്നൻ. അധികമകലെയല്ലാതെ സുമന്ത്രനും. അകലെനിന്നേ പർണ്ണശാല കണ്ടു. വഴിക്ക് അങ്ങിങ്ങു തൂക്കിയിട്ടിരിക്കുന്ന ദർഭകളും മരവുരികളും കണ്ടു. 'ഭരദ്വാജമാമുനി നിർദ്ദേശിച്ച സ്ഥാനത്ത് നാമെത്തിപ്പോയി.' എന്നു ഭരതൻ ശത്രുഘ്നനോടായി പറഞ്ഞു. പർണ്ണകുടിയിൽനിന്നുയരുന്ന പുക കണ്ടു. ഉടജത്തിൽ രാമനിരിക്കുന്നതു കണ്ടു. മാന്തോലുമുടുത്ത്, മരവുരിയും ചുററി, തറയിൽ ദർഭവിരിച്ച് സീതയോടും ലക്ഷ്മണനോടുമൊത്ത് ഇരുന്നരുളുന്ന ശ്രീരാമനെ ഭരതൻ കണ്ടു. ശോകമോഹപരിപ്ലുതനായ ഭരതൻ പാഞ്ഞെത്തി. കണ്ടതും ഉച്ചത്തിൽ കരഞ്ഞു. ഒച്ച തൊണ്ടയിൽ തങ്ങിപ്പോയി. കരഞ്ഞുമൊഴിഞ്ഞു: ''സാമന്തരാൽ ചൂഴപ്പെട്ടു വാഴേണ്ട എൻെറ ജ്യേഷ്ഠൻ വന്യമൃഗങ്ങളാൽ പരിവാരിതനായി

വാഴുന്നു. പട്ടാംബരം ചാർത്തേണ്ട എന്റെ ജ്യേഷ്ഠൻ ധർമ്മാചരണത്തിനായി മാൻതോലുമുടുത്തു് കഴിയുന്നു. ശാസ്ത്ര വിഹിതമായ യജ്ഞങ്ങൾ ചെയ്തു് ധർമ്മസഞ്ചയം ചെയ്തു പോന്ന എന്റെ ജ്യേഷ്ഠൻ കായക്ലേശകരമായ ധർമ്മം തേടുന്നു. സുഖോചിതനായ രാമൻ ഞാൻമൂലം ഇങ്ങനെ ദുഃഖമനുഭവിക്കുമാറായല്ലൊ! ഹാ, സജ്ജനനിന്ദിതമായ എന്റെ ജീവിതം നീചം!''എന്നിങ്ങനെ വിയർത്തു മുറയിട്ടു കൊണ്ടു് രാമന്റെ കാലടിയിലെത്തുംമുമ്പു് ഭരതകുമാരൻ നിലത്തു വീണുടപായി. 'ജ്യേഷ്ഠാ!' എന്നൊന്നു വിളിച്ചു. പിന്നൊന്നും പറയാൻ ശക്തനായില്ല. കണ്ണീരുകൊണ്ടു് തൊണ്ടയിടറി രാമനെ നോക്കി, 'ജ്യേഷ്ഠ' എന്നു വീണ്ടും വിളിക്കാനല്ലാതെ ഒന്നുമുരിയാടാൻ ഭരതനു കഴിഞ്ഞില്ല. ശത്രുഘ്നനും കരഞ്ഞുകൊണ്ടു് രാമന്റെ കാലിണ വണങ്ങി. അവരെ ഇരുവരേയും കെട്ടിപ്പിടിച്ചുകൊണ്ടു രാമൻ കണ്ണു നീർ വാർത്തു.

## ജ്യേഷ്ഠനും അനുജനും

ജടാചീരങ്ങൾ ധരിച്ചു് വിവർണ്ണവദനനായി കൂപ്പു കൈയോടെ പാദത്തിൽ പതിച്ച ഭരതനെ ഒരു വിധ ത്തിൽ തിരിച്ചറിഞ്ഞു് രാമൻ പിടിച്ചെഴുന്നേല്പിച്ചു് മടി യിലിരുത്തി നെറുകയിൽ മുകന്നു. ''ഉണ്ണീ, അച്ഛനെ വിടെ? നീയെന്താണിങ്ങനെ കാട്ടിലേയ്ക്കു പോന്നതു്? അച്ഛനിരിക്കെ, നീ കാട്ടിലേയ്ക്കു പോരാൻ പാടുള്ളതല്ല. വത്സ, നീയെന്തിനായ് വനത്തിൽ വന്നു? ശോകസന്ത പ്തനായി അച്ഛൻ ലോകാന്തരം പ്രാപിച്ചില്ലല്ലൊ? ബാലനായ നിന്നിൽനിന്നു രാജ്യം ആരും അപഹരിച്ചുകള ഞ്ഞില്ലല്ലൊ? നീ അച്ഛനെ വേണ്ടതുപോലെ നോക്കു ന്നില്ലേ? സത്യസന്ധനായ താതനു് കുശലംതന്നെയല്ലേ? ആചാര്യനായ വസിഷ്ഠനെ യഥാവിധി പൂജിക്കുന്നില്ലേ? അമ്മമാർ കൗസല്യയും സുമിത്രയും കൈകേയിയും സന്തോ

ഷമായ്ക്കഴിയുന്നില്ലേ?'' തുടന്നു കുശലപ്രശ്നരൂപത്തിൽ രാമൻ രാജധമ്മങ്ങളെല്ലാം വഴിപോലെ നടത്തുന്നില്ലേ എന്നന്വേഷിച്ചു. എന്നിട്ടു വീണ്ടും ചോദിച്ചു: ''നീയെന്താണിങ്ങനെ ജടാചീരധരനായി ഇങ്ങോട്ടു പുറപ്പെട്ടതെന്നു പറയൂ, കേൾക്കട്ടെ. രാജ്യംവെടിഞ്ഞു പോരാനെന്തു കാരണം, ഒക്കെപ്പറയൂ.'' ഭരതൻ തൊഴുകൈയോടെ പറഞ്ഞു: ''ആര്യ, പുത്രശോകാത്തനായ അച്ഛൻ സ്വർഗ്ഗാരോഹണംചെയ്തു. കൈകേയീപ്രേരിതനായിട്ട് അദ്ദേഹം അയശസ്കരമായ ഈ മഹാപാപം ചെയ്തു. രാജ്യഫലം ലഭിക്കാതെ എൻെറ അമ്മ നൊന്തുനീറി നരകത്തിൽ വീഴും. അവിടുത്തെ ദാസനായ ഇവനിൽ പ്രസാദിച്ചാലും. അവിടുന്നു രാജാവായി ഇന്നുതന്നെ അഭിഷിക്തനായാലും. അതിനാണിവരെല്ലാം വന്നുചേന്നിരിക്കുന്നതു്. അതാണു് നമ്മുടെ പാരമ്പര്യം; അതുതന്നെ യുക്തവും. രാജ്യം കൈയേററു് ഞങ്ങളെ അനുഗ്രഹിച്ചാലും. അതിനായി ഞാൻ സചിവന്മാരുമൊത്തു് അവിടുത്തോടു യാചിക്കുന്നു. അങ്ങയുടെ അനുജനും ശിഷ്യനും ഭൃത്യനുമായ എന്നിൽ പ്രസാദിച്ചാലും.'' ഇങ്ങനെ പറഞ്ഞു കരഞ്ഞുകൊണ്ടു ഭരതൻ വീണ്ടും രാമൻെറ കാലുപിടിച്ചു.

ഭരതനെ പുണന്നുകൊണ്ടു രാമൻ പറഞ്ഞു: ''സന്മാർഗ്ഗനിരതനും സത്കുലപ്രസൂതനുമായ ഞാനെങ്ങനെ രാജ്യത്തിൻവേണ്ടി പാപമാചരിക്കും? നിന്നിലും ഞാനൊട്ടും തെററു കാണുന്നില്ല. അവിവേകംകൊണ്ടു് നീ അമ്മയെ നിന്ദിക്കുന്നതു ശരിയല്ല. ഭാര്യയോടും മക്കളോടും ഇഷ്ടംപോലെ പ്രവത്തിക്കാൻ പിതാവിനു് എപ്പോഴും അവകാശമുണ്ടു്. ഭാര്യാപുത്രന്മാർ പിതാവിനു് ശാസനീയരാകുന്നു. അതിനെ സജ്ജനങ്ങൾ അനുമോദിക്കുന്നു. മരവുരിയുംചാത്തി കാട്ടിൽ പോകാനോ, നാട്ടിലിരിക്കാനോ പറയാൻ മഹാരാജാവിനധികാരമുണ്ടു്. അച്ഛനു് ഉള്ളതു ഗൗരവം അമ്മയ്ക്കുമുണ്ടു്. അച്ഛൻമമ്മയും കാട്ടിൽ

പോകാൻ എന്നോട്ട പറഞ്ഞിരിക്കെ, ഹേ ഭരത, ഞാൻ മറിച്ചെങ്ങനെ പ്രവൎത്തിക്കും? നീ നാട്ട വാഴണം, ഞാൻ കാട്ടം. ഇങ്ങനെ ഭാഗം വെച്ചതന്നിട്ടാണച്ഛൻ പോയതു്. അച്ഛൻെറ നിൎദ്ദേശം അനുസരിക്കേണ്ടതാണു നീ. അച്ഛൻ നൽകിയ വനം ഞാൻ പതിന്നാലുകൊല്ലം വാഴുന്നതു മാകുന്നു.''

## അച്ഛൻ മരിച്ചുപോയി

ഭരതൻ മറുപടി പറഞ്ഞു: ''ധൎമ്മവിഹീനനായ എനിക്കു് രാജധർമ്മംകൊണ്ടെന്തു കാൎയ്യം? ജ്യേഷ്ഠപുത്രൻ രാജ്യം വാഴുകയെന്നുള്ളതാണു് ശാശ്വതമായ ധർമ്മം. അതിനാൽ എന്നോടൊത്തു് അയോദ്ധ്യയ്ക്കു് വന്നാലും; കുലത്തിൻെറയും ഞങ്ങളുടെയും ശ്രേയസ്സിനായി സ്വയം അഭിഷിക്തനായാലും. ഞാൻ കേകയത്തിലും അങ്ങു വനത്തിലും ആയിരുന്നപ്പോൾ നമ്മുടെ പിതാവു് ലോകാന്തരം പ്രാപിച്ചു. അങ്ങും സീതയും ലക്ഷ്മണനും പോന്ന മാത്രയിൽ ദുഃഖം താങ്ങാനാവാതെ അച്ഛൻ അന്തരിച്ചു. ജ്യേഷ്ഠ, എഴുന്നേൽക്കു, അച്ഛൻെറ ഉദകക്രിയ ചെയ്താലും. ഞാനും ശത്രുഘ്നനും ചെയ്തുകഴിഞ്ഞിരിക്കുന്നു. പ്രിയപുത്രൻ നൽകുന്നതു് പരലോകത്തിൽ അക്ഷയമാകുന്നുവെന്നു ശാസ്ത്രം പറയുന്നു. അവിടുന്നാണല്ലൊ അച്ഛനു പ്രിയതമൻ. അങ്ങയെത്തന്നെ നിനച്ചുകൊണ്ടും, കാണാൻ കൊതിച്ചുകൊണ്ടും അച്ഛൻ യാത്രയായി.''

ഭരതൻെറ വാക്കു കേട്ടു രാമൻ ബോധംകെട്ടു നിലം പതിച്ചു. കണ്ണീരിൽ കുളിച്ച അനുജന്മാരും സീതയും വേഗം വെള്ളം തളിച്ചു. ബോധംവീണ രാമൻ കണ്ണു നീരോടെ ഏറെനേരം വിലപിച്ചു. സീതയും മുറവിളിയായി; രാമൻ സീതയെ സമാധാനിപ്പിച്ചു. ദുഃഖതപ്തനായ ലക്ഷ്മണനോടു് പിതൃക്രിയയ്ക്കാവശ്യമായ പുത്തൻചീരവും ഓടൽപ്പിണ്ണാക്കും കൊണ്ടുവരാനാവശ്യപ്പെട്ടു. മുന്നിൽ

സീത, പിന്നാലെ ലക്ഷ്മണൻ, പിന്നീട രാമൻ, ഇങ്ങനെ അവർ മന്ദാകിനിയിലേയ്ക്കു പോയി. വിശ്വസ്തനായ സുമന്ത്രൻ രാമനെ കൈയ്പിടിച്ച് നദിയിലിറക്കി. കൈക്കുഴിയിൽ ജലം നിറച്ച തെക്കോട്ട നോക്കി, ''അച്ഛാ, ഞാൻ നൽകുന്ന ഈ ജലം അവിടേയ്ക്ക് അക്ഷയമായ്ഭവിക്കട്ടെ.'' എന്നു പറഞ്ഞു ജലദാനം നടത്തി. കരയ്ക്കു കയറി ദർഭമേൽ ഓടക്കുരുവും എലന്തക്കുരുവും ചേർത്തുള്ള പിണ്ഡം സമർപ്പിച്ചുകൊണ്ട പറഞ്ഞു: ''അച്ഛാ, ഇതു കഴിച്ച തൃപ്തനായാലും. ഇതാണ ഞങ്ങളുടെയും ആഹാരം. തങ്ങൾ കഴിക്കുന്നതാണല്ലൊ ദേവതകൾക്കും സമർപ്പിക്കേണ്ടതു്.'' തിരിച്ച് പർണ്ണശാലയിലെത്തി. രാമൻ ഇരുകൈയ്കൊണ്ടും ഭരതലക്ഷ്മണന്മാരെ കെട്ടിപ്പിടിച്ചു. എല്ലാവരുംകൂടി കൂട്ടക്കരച്ചിലായി. കരച്ചിൽകൊണ്ട കാട മാറെറാലിക്കൊണ്ടു.

## ദശരഥചക്രവർത്തിക്ക് പിണ്ഡം പിണ്ണാക്കുകൊണ്ടോ ?

രാമദർശനതല്പരനായ വസിഷ്ഠൻ ദശരഥമഹിഷിമാരെ മുമ്പിൽ നടത്തിയുംകൊണ്ട് അവിടേയ്ക്കു വന്നു. വഴിക്ക് മന്ദാകിനീതീരത്തിൽ ദക്ഷിണാഗ്രമായ ദർഭയിൽ ഇംഗുദീപിണ്യാകം കണ്ട കൗസല്യയും മററു രാജദാരങ്ങളും ശോകവിവശരായി. ചതുസ്സാഗരപര്യന്തയായ അവനിയെ മഹേന്ദ്രസദൃശം പരിപാലിച്ച് സ്വർഗ്ഗംപൂകിയ ഇക്ഷ്വാകുനാഥന് അദ്ദേഹത്തിൻെറ ഔരസപുത്രൻ പിണ്ഡമായി പിണ്ണാക്കു സമർപ്പിച്ചതു കണ്ട് അവരുടെ നെഞ്ചകം നൊന്തുനീറി. സപത്നികൾ കൗസല്യയെ ആശ്വസിപ്പിച്ചു. അവർ ആശ്രമത്തോടടുത്തു. രാമനെ ഉടജത്തിൽ കണ്ടെത്തി. തപഃകൃശനായ മകനെക്കണ്ട് അമ്മമാർ കരഞ്ഞുപോയി. രാമൻ വേഗമെഴുന്നേററ് അമ്മമാരെല്ലാവരുടേയും പാവനപാദങ്ങൾ വണങ്ങി. അമ്മമാർ മകൻെറ പുറത്തെ പൊടി പാണിപല്ലവങ്ങൾകൊണ്ട് തുടച്ചു നീക്കി. ലക്ഷ്മണനും അമ്മമാരെ അഭിവാദനം ചെയ്തു.

സീത ശ്വശ്രുക്കളുടെ കാലിണ വണങ്ങി അശ്രുവുംവാൎത്തു കൊണ്ടു മുമ്പിൽ നിലകൊണ്ടു. കൗസല്യ സീതയെ കെട്ടിപ്പിടിച്ചു കരഞ്ഞു.

അമ്മ അഴൽകൊണ്ടിങ്ങനെ മാഴ്കേ, രാമൻ വസിഷ്ഠപാദങ്ങൾ വന്ദിച്ചു. എല്ലാവരും കരഞ്ഞുംകൊണ്ടു നേരം വെളുപ്പിച്ചു. നേരം പുലൎന്നപ്പോൾ അവർ സ്നാനസന്ധ്യാവന്ദനാദികൾ ചെയ്തു വീണ്ടും രാമസമീപമെത്തി. എല്ലാവരും ഇരുന്നു. ഭരതൻ രാമനേയും നോക്കിക്കൊണ്ടു് അടുത്തുതന്നെ ഇരിപ്പായി. ഭരതൻ ജ്യേഷ്ഠനോടെന്താണു് പറയാൻ പോകുന്നതു് എന്ന ആകാംക്ഷയോടെ എല്ലാവരും ചുററുംകൂടി.

## രാമൻ വീണ്ടും രാജ്യം ഉപേക്ഷിക്കുന്നു

ആരുമൊന്നും മിണ്ടിയില്ല. ഭരതൻ രാമനോടായി പ്പറഞ്ഞു: ''എൻെറ അമ്മ തൃപ്തിപ്പെടുത്തപ്പെട്ടു. അമ്മ രാജ്യമെനിക്കു തന്നു. അതു ഞാനവിടത്തേയ്ക്കു സമൎപ്പിക്കുന്നു. തടവററു് അതിനെ കൈക്കൊണ്ടാലും. ഈ മഹാരാജ്യത്തെ വേണ്ടപോലെ പരിപാലിക്കാൻ അങ്ങേയ്ക്കല്ലാതെ വേറാൎക്കും കഴികയില്ല; എനിക്കതിനു് തീരെ കഴിവില്ല. ജ്യേഷ്ഠ, അങ്ങു് അയോദ്ധ്യയിൽ തിരിച്ചെഴുന്നള്ളി സൎവ്വരേയും ആനന്ദിപ്പിച്ചാലും.'' ഏവരും ഭരതൻെറ വാക്കുകളെ അനുമോദിച്ചു.

രാമനുത്തരമരുളി: ''തന്നിഷ്ടംപോലെ ചെയ്വാൻ മനുഷ്യൻ ആളല്ല. അവൻ അസ്വതന്ത്രനാകുന്നു. പൂൎവ്വകൎമ്മഫലങ്ങൾ അവനെ അങ്ങുമിങ്ങും പിടിച്ചുവലിക്കുന്നു. കൂട്ടമെല്ലാം പിരിയുന്നു; ഉയൎച്ചയൊക്കെ താഴുന്നു; വേഴ്ചകളൊക്കെ അഴിയുന്നു; ജീവിതം മരണത്തിൽ കലാശിക്കുന്നു. കായ് പഴുത്താൽ വീഴും. ജനിച്ചയാൾ മരിക്കും. ഉറപ്പാൎന്ന അറകളും കാലാന്തരത്തിൽ പൊട്ടിപ്പൊളിഞ്ഞുപോകുന്നു. അപ്പോലെ മനുഷ്യരും ജരാമരണങ്ങൾക്കടിപെട്ടു നശി

ക്കുന്നു. പോയ കാലം തിരിച്ചുവരില്ല. പുഴ ആഴിയിൽ തന്നെ ചെന്നു ലയിക്കുന്നു. സകലജീവികളുടെയും ആയുസ്സിനെ അപഹരിച്ചുകൊണ്ടു് ദിനരാത്രങ്ങൾ നീങ്ങുന്നു. നീ നിന്നെക്കുറിച്ചു് വ്യാകുലനായാലും. ഇരിക്കുകയോ മരിക്കുകയോ ചെയ്യുന്ന മററുള്ളവരെക്കുറിച്ചു് എന്തിനു കരയുന്നു? മൃത്യു ഒപ്പം നടക്കുന്നു; കൂടെ വസിക്കുന്നു. നെടുവഴി പോന്നിട്ടു മടങ്ങുന്നു. മെയ്യെല്ലാം ചുക്കിച്ചുളിയുന്നു: മുടിയെല്ലാം നരയ്ക്കുന്നു. ജരയ്ക്കിരയായവൻ എങ്ങനെ രക്ഷനേടും? സൂര്യൻ ഉദിക്കുമ്പോഴും അസ്തമിയ്ക്കുമ്പോഴും ആളുകൾ സന്തോഷിക്കുന്നു; പക്ഷേ, ആയുസ്സസ്തമിക്കുന്നതാരും അറിയുന്നില്ല. കടലിൽ ഒഴുകിനടക്കുന്ന പൊങ്ങുതടികൾ ഒന്നിച്ചുകൂടി കുറച്ചുകഴിഞ്ഞു പിരിഞ്ഞുപോകുംപോലെ കളത്രപുത്രമിത്രസമ്പത്തുകൾ കുറച്ചുനാൾ ഒന്നിച്ചുകഴിയുന്നു, പിന്നെ വേർപിരിയുന്നു. വേർപാടു് നിശ്ചിതമാണു്. ഈ സ്വഭാവത്തെ മാററിമറിക്കാനാർക്കും സാദ്ധ്യമല്ല. മരിച്ചവരെക്കുറിച്ചു് കരഞ്ഞിട്ടൊരു പ്രയോജനവുമില്ല. പിതൃപിതാമഹന്മാർ പോയ വഴിയെ പോയാൽ അപകടമൊന്നും വരികയില്ല. പിൻതിരിയാത്ത പുഴപോലെ ആയുസ്സു പൊയ്ക്കൊണ്ടിരിക്കെ, ആത്മാവിനെ മോക്ഷസുഖത്തിൽ ഉറപ്പിക്കണം. ജീവികൾ സുഖാഹ്രരാകുന്നു. ധർമ്മാത്മാവായ അച്ഛൻ സത്കർമ്മങ്ങളനുഷ്ഠിച്ചു് പൂതപാപനായി സ്വർഗ്ഗം പ്രാപിച്ചിരിക്കുന്നു. ഭൃത്യപോഷണവും പ്രജാപാലനവും ദാനധർമ്മങ്ങളും യഥാവിധി അനുഷ്ഠിച്ചു് ദശരഥമഹാരാജൻ സ്വർഗ്ഗമാണ്ടിരിക്കുന്നു. ദീർഘകാലം ഉത്തമഭോഗങ്ങളനുഭവിച്ചശേഷം സ്വർഗതനായ, സജ്ജനസത്കൃതനായ അച്ഛനെച്ചൊല്ലി വിലപിക്കാൻ പാടില്ല. ജീർണ്ണിച്ച മനുഷ്യദേഹം ഉപേക്ഷിച്ചു് നമ്മുടെ പിതാവു് ദിവ്യഭാവം പ്രാപിച്ചു് ബ്രഹ്മലോകത്തിൽ വിഹരിക്കുന്നു. വിവേകവും സദ്ബുദ്ധിയും സംസ്കാരവുമാർന്ന നാമാരും ഇതിൽ ശോകംകൊള്ളാൻ

പാടില്ല. ഇതുപോലെ വന്നുകൂടുന്ന ശോകങ്ങളും താപങ്ങളും പ്രാജ്ഞനായുള്ളവൻ ധൈര്യത്തോടെ നേരിടണം. നീ സ്വസ്ഥനായാലും: ശോകം കൈവിടുക. അയോദ്ധ്യയ്ക്കു മടങ്ങിപ്പോയി നാടു വാഴുക. അതാണച്ഛന്റെ ആജ്ഞ. അച്ഛൻ എവിടെ വസിക്കാൻ എന്നോടു കല്പിച്ചുവോ അവിടെ വസിച്ച് ഞാനും അദ്ദേഹത്തിന്റെ ആജ്ഞയെ അനുസരിക്കുന്നതാകുന്നു. അച്ഛന്റെ ആജ്ഞ ധിക്കരിക്കുന്നതു ശരിയല്ല. നിനക്കും അച്ഛൻ സദാ ആദരണീയനാകുന്നു. അച്ഛനരുളിയ വനവാസാജ്ഞ ഞാൻ പാലിക്കുന്നുണ്ട്. അച്ഛന്റെ ശുഭചരിതത്തെ സ്മരിച്ചു നീയും അതനുസരിച്ച് വാണാലും.''

ധർമ്മാത്മാവായ ഭരതൻ പറഞ്ഞു: ''ജ്യേഷ്ഠ, അവിടുത്തെപ്പോലെ ലോകത്തിലാരിരിക്കുന്നു? വൃദ്ധസമ്മതനായ അങ്ങയെ ദുഃഖം പീഡിപ്പിക്കുന്നില്ല, പ്രീതി സന്തോഷിപ്പിക്കുന്നില്ല. സർവ്വജ്ഞനും സമദർശിയും സത്യപ്രതിജ്ഞനുമായ അങ്ങ് അമരോപമനാകുന്നു. ഞാൻ അകലെയായിരിക്കുമ്പോൾ, അമ്മ എനിക്കുവേണ്ടിച്ചെയ്ത പാപം എനിക്കപ്രിയമാകുന്നു. അവിടുന്നെന്നിൽ കനിഞ്ഞാലും. ധർമ്മപാശബദ്ധനായ ഞാൻ തീവ്രദണ്ഡാർഹയായ ഇവളെ ഇപ്പോൾ കൊല്ലുന്നില്ല. ദശരഥപുത്രൻ എപ്രകാരം നിന്ദ്യകർമ്മമാചരിക്കും? പിതാവിനോടുള്ള ഗൗരവമാലോചിച്ചിട്ട് ഞാനദ്ദേഹത്തെ സഭയിൽവെച്ച് നിന്ദിക്കുന്നില്ല. ധർമ്മജ്ഞനായ ഏതൊരുവൻ സ്ത്രീക്കുവേണ്ടി ധർമ്മാർത്ഥശൂന്യമായ ദുഷ്പ്രവൃത്തി ചെയ്യും? അന്തകാലത്തിൽ ജീവികൾക്ക് ബുദ്ധിഭ്രമം നേരിടുന്നു എന്ന പഴമൊഴി നേരാണെന്ന് അച്ഛന്റെ ഈ പ്രവൃത്തി തെളിയിക്കുന്നു. വിവേകം കൂടാതെ അച്ഛൻ ചെയ്ത ഈ സാഹസത്തെ അവിടുന്നു പരിഹരിക്കേണ്ടതാകുന്നു. പിതാവിന് പതനം വരാതെ കാത്തുപോററുന്നവനെയാണ് അപത്യം എന്നു പറയുന്നത്. അച്ഛൻ ചെയ്ത ദുഷ്കൃതത്തെ പരിഹരിച്ച് അവിടുന്ന് ആ

പേരിനൎഹനായ് ഭവിച്ചാലും. ഞങ്ങളെയെല്ലാം അങ്ങു പരി പാലിക്കേണ്ടതാകുന്നു. കാടെവിടെ? ക്ഷാത്രധൎമ്മമെവിടെ? ജടയെവിടെ? പ്രജാപാലനമെവിടെ? ഇത്തരം വിപരീത കൎമ്മം അവിടുന്നാചരിക്കാൻ പാടുള്ളതല്ല. പ്രജാപാലന മാണു് ക്ഷത്രിയൻെറ പ്രഥമധൎമ്മം. ക്ലേശകരമായ ധൎമ്മമാ ണാചരിക്കാൻ അവിടുന്നിച്ഛിക്കുന്നതെങ്കിൽ, ചതുർവർണ ങ്ങളേയും ധൎമ്മപൂൎവ്വം പരിപാലിച്ചു് ക്ലേശം വരിച്ചാലും. ജന്മംകൊണ്ടും സ്ഥാനംകൊണ്ടും വിദ്യകൊണ്ടും താണ വനായ ഞാൻ അങ്ങിരിക്കെ എങ്ങനെ രാജ്യഭാരമേല്ക്കും? അല്പബുദ്ധിയായ എനിക്കു് അങ്ങയെക്കൂടാതെ ജീവിതമേ വേണ്ട. ഋത്വിക്കുകളും അമാത്യന്മാരും പൗരജനങ്ങളും കൂടി ഇവിടെവെച്ചുതന്നെ അവിടുത്തെ അഭിഷേകം ചെയ്യ ട്ടെ. ഞങ്ങളെയെല്ലാം സന്തുഷ്ടരാക്കിച്ചെയ്താലും. അച്ഛനെ പാപത്തിൽനിന്നു കരകയററിയാലും. ഞാൻ കാലുപിടി ച്ചപേക്ഷിക്കുന്നു, എന്നിൽ കരുണ പൂണ്ടാലും. എന്നെയു പേക്ഷിച്ചു കാട്ടുവാഴാനാണു് അവിടുന്നു ഭാവമെങ്കിൽ, അവി ടുത്തോടൊത്തു ഞാനും കാട്ടിൽ താമസിക്കാനാണു ഭാവം.''

ഇതുകൊണ്ടൊന്നും രാമൻെറ നിശ്ചയത്തിന്നിളക്ക മുണ്ടായില്ല. ഇതിനു മറുപടിയായി രാമൻ പറഞ്ഞു: ''ഭരതാ, നിൻെറ ഈ വാക്കുകൾ നിനക്കു സൎവ്വഥാ അനു രൂപംതന്നെ. നമ്മുടെ താതൻ നിൻെറ അമ്മയെ വേട്ട സമയത്തു രാജ്യം നിനക്കു തന്നുകൊള്ളാമെന്നു മാതാമഹനു വാക്കു കൊടുത്തിരുന്നു. ദേവാസുരയുദ്ധത്തിൽച്ചെയ്ത സേവ നത്തിൽ സന്തോഷംപൂണ്ടു പിതാവു നിൻെറ അമ്മയ്ക്കു രണ്ടു വരങ്ങൾ നൽകുകയുണ്ടായി. അമ്മ ആ വരങ്ങളാവ ശ്യപ്പെട്ടു. അതിൻപ്രകാരം നാടു നിനക്കും, കാടെനിക്കും. അങ്ങനെ പതിന്നാലുകൊല്ലം കാട്ടുവാഴാനാണു അച്ഛൻ എന്നോടു് അരുളിയിട്ടുള്ളതു്. അതനുസരിച്ചു ഞാൻ വന ത്തിനു പോന്നു. നീ രാജാവായി സ്വയം അഭിഷേകം ചെയ്തു് അച്ഛനെ സത്യവാദിയാക്കിയാലും. അങ്ങനെ

പിതാവിനെ ഋണമുക്തനാക്കി സുപുത്രനായ്ഭവിച്ചാലും. നീ ശത്രുഘ്നനമൊത്തു് അയോദ്ധ്യയ്ക്കു മടങ്ങിപ്പോയി രാജ്യ ഭാരം നടത്തുക.''

ജാബാലിയെന്ന ബ്രാഹ്മണൻ നാസ്തികമതപ്രവചന വുമായി ഭരതൻെറ തുണയ്ക്കെത്തി. രാമൻ നാസ്തികമതത്തെ നിന്ദിച്ചുകൊണ്ടു പറഞ്ഞു: 'അങ്ങു പറഞ്ഞതെല്ലാം അകാ ര്യവും അധമ്മവുമാണ്. സ്വഭാവശുദ്ധിയില്ലാത്തവനെ സജ്ജനങ്ങരം മാനിക്കയില്ല. ലോഭംകൊണ്ടോ മോഹം കൊണ്ടോ അജ്ഞാനംകൊണ്ടോ ഞാൻ സത്യസേതുവിനെ ഭേദിക്കയില്ല. പിതാവിനോടു പ്രതിജ്ഞചെയ്തിട്ടു ഞാനെ ങ്ങനെ ഭരതൻെറ അപേക്ഷ സ്വീകരിക്കും?'

രാമൻെറ അമഷം കണ്ടു ജാബാലി തൻെറ വാക്കു കരം പിൻവലിച്ചു. വസിഷ്ഠമുനിയും, ഇക്ഷ്വാകുകുല പാരമ്പയ്യത്തെ പ്രതിപാദിച്ചു രാമനോടു രാജ്യഭാരമേല്ക്കാൻ ഉപദേശിച്ചു. ജ്യേഷ്ഠപുത്രൻ രാജാവാകുക എന്ന വംശ പാരമ്പയ്യത്തെ ഛേദിക്കരുതെന്നും പറഞ്ഞുനോക്കി. എന്നിട്ടും രാമൻ ഇളകിയില്ല. അച്ഛൻെറ ആജ്ഞ ഒരുവിധ ത്തിലും അതിക്രമിക്കയില്ലെന്നു് അദ്ദേഹം ഉറച്ചുനിന്നു.

## ഭരതൻെറ സത്യാഗ്രഹം

ഇതു കണ്ടു് അഴലാണ്ട ഭരതൻ ജ്യേഷ്ഠൻെറ മുമ്പിൽ പ്രായോപവേശം ചെയ്യാനുറച്ചുകൊണ്ടു്, നിലത്തു ദഭ വി രിക്കാൻ സുമന്ത്രരോടാജ്ഞാപിച്ചു. എന്തുവേണ്ടുവെന്നറി യാതെ സുമന്ത്രൻ രാമൻെറനേരെ നോക്കി. ഭരതൻ വേഗം സ്വയം ദഭയെടുത്തുകൊണ്ടുവന്നു വിരിച്ച് അതിലിരി പ്പായി. രാജഷിസത്തമനായ രാമൻ ഭരതനോടു ചോദിച്ചു: ''ഉണ്ണീ, എന്നിൽ എന്തു തെററുണ്ടായിട്ടാണു നീയിപ്രകാരം ശാഠ്യം പിടിക്കുന്നതു്? ബ്രാഹ്മണക്കു മാത്രമേ ഇങ്ങനെ പാട്ടുകിടന്നു മററുള്ളവരെ ഞെരുക്കാൻ വിധിയുള്ളൂ. ക്ഷത്രി യന്മാക്കു പ്രായോപവേശത്തിനു വിധിയില്ല. ഭരത, ഈ

കഠിനവ്രതം ഉപേക്ഷിച്ചെഴുനേല്ക്കുക. വേഗം അയോദ്ധ്യയ്ക്കു മടങ്ങിപ്പോവുക.''

ഭരതൻ ആ ഇരുപ്പിൽത്തന്നെ ഇരുന്നുകൊണ്ടു് പൗരജാനപദന്മാരോടു രാമനെ നിർബ്ബന്ധിക്കാൻ അപേക്ഷിച്ചു. രാമൻ ധർമ്മ്യമായിട്ടാണു പ്രവർത്തിക്കുന്നതെന്നവർ മറുപടി നല്കി. ഭരതനോടെഴുനേററു തണ്ണെയും ജലവും സ്പർശിക്കാൻ രാമനാവശ്യപ്പെട്ടു. ഭരതൻ വേഗമെഴുനേററു് ഇപ്രകാരം പറഞ്ഞു: ''എല്ലാവരും ഞാൻ പറയുന്നതു ശ്രദ്ധിക്കുവിൻ. രാജ്യം തരുവാൻ ഞാൻ അച്ഛനോടാവശ്യപ്പെടുകയുണ്ടായില്ല. അമ്മയെ അതിനായി പ്രേരിപ്പിച്ചിട്ടില്ല. ജ്യേഷ്ഠനെ വനവാസത്തിനു ഞാൻ അനുവദിക്കയില്ല. അച്ഛൻെറ വാക്കനുസരിച്ചു പതിന്നാലു കൊല്ലം വനവാസം കൂടിയേ കഴിയൂ എന്നുണ്ടെങ്കിൽ ഞാൻ വനത്തിൽ പാൎക്കാൻ പോകുന്നു.'' ഇതു കേട്ടു വിസ്മിതനായ രാമൻ പറഞ്ഞു: ''അതു പാടില്ല. അച്ഛൻെറ വാക്കിനെ മാററിമറിക്കാൻ പാടുള്ളതല്ല. വനവാസം കഴിഞ്ഞു മടങ്ങിവന്നു് ഞാൻ രാജ്യഭാരം ഏററുകൊള്ളാം. അച്ഛനെ അനൃതത്തിൽനിന്നും രക്ഷിച്ചാലും.''

അതുല്യപ്രഭാവന്മാരായ ഈ ഭ്രാതാക്കന്മാരുടെ സമ്മേളനം കണ്ടു സന്നിഹിതരായിരുന്ന മഹൎഷിമാർ വിസ്മയം പൂണ്ടു; അവർ സോദരന്മാരെ വാഴ്ത്തി. ഭരതനോടു് രാമൻെറ വാക്കുകളനുസരിക്കാൻ അവരുപദേശിച്ചു. അതു കേട്ടു രാമനു സന്തോഷമായി. ഭരതൻ വീണ്ടും കൂപ്പിയ കൈയോടെ, ഇടറുന്ന തൊണ്ടയോടെ, വിറയാണ്ട മെയ്യോടെ ജ്യേഷ്ഠനോടപേക്ഷിച്ചു: ''ജ്യേഷ്ഠാ, എൻെറയും അമ്മയുടെയും അപേക്ഷയെ സ്വീകരിച്ചാലും. സകലരും അങ്ങയെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. അവിടുന്നു വന്നു രാജ്യഭാരം എറെറടുത്താലും.'' ഇതുംപറഞ്ഞു ഭരതൻ രാമൻെറ കാല്ക്കൽ പതിച്ചു.

അനുജനെ പിടിച്ചു മടിയിലിരുത്തിക്കൊണ്ടു രാമൻ പറഞ്ഞു: ''ഉണ്ണീ, നിൻെറ വിനയം ജന്മസിദ്ധമാകുന്നു. പൃഥിവീപാലനത്തിനു് നീ ശക്തനാണു്. അമാത്യന്മാരോടും മന്ത്രിമാരോടും സുഹൃത്തുക്കളോടും ആലോചിച്ചു് സൎവ്വകാൎയ്യങ്ങളും ചെയ്യുക.

* ലക്ഷ്മീശ്ചന്ദ്രാദപേയാദ് വാ ഹിമവാൻ വാ ഹിമം ത്യജേത്,
അതീയാത് സാഗരോ വേലാം ന പ്രതിജ്ഞാമഹം പിതുഃ.

ചന്ദ്രൻ നഷ്ടപ്രഭനായെന്നു വരാം; മഞ്ഞുമാമല മഞ്ഞെല്ലാം വെടിഞ്ഞെന്നു വരാം. ആഴി ഊഴിയെ ആഴ്ത്തിയെന്നും വന്നേയ്ക്കാം; എന്നാലും ഞാനച്ഛൻെറ പ്രതിജ്ഞയെ ഉല്ലംഘിക്കയില്ല. ഭരതാ, നിൻെറ അമ്മ കാമംകൊണ്ടോ ലോഭംകൊണ്ടോ നിനക്കുവേണ്ടിച്ചെയ്ത ഈ കൃത്യം പകപോലെ മനസ്സിൽ വെച്ചുകൊണ്ടിരിക്കരുതു്. അമ്മയെ അമ്മയെപ്പോലെ ആദരിക്കണം.''

## പാദുകാപട്ടാഭിഷേകം

ഭരതൻ അപേക്ഷിച്ചു: ''ആൎയ്യ, ഹേമഭൂഷിതമായ ഈ പാദുകകൾ അവിടുത്തെ പാദസ്പൎശംകൊണ്ടു് ധന്യമാക്കിച്ചെയ്താലും. ഇവ സൎവ്വലോകത്തിനും യോഗക്ഷേമം വഹിക്കും.'' സ്വപാദസ്പൎശംകൊണ്ടു് അനുഗൃഹീതങ്ങളായ പാദുകകളെ രാമൻ ഭരതനു കൊടുത്തു. ഭരതൻ അവയെ നമിച്ചുകൊണ്ടു പറഞ്ഞു: ''പതിന്നാലു സംവത്സരം ജടാചീരധരനായി, ഫലമൂലാശനനായി, അവിടുത്തെ പുനരാഗമനവും പ്രതീക്ഷിച്ചുകൊണ്ടു് ഞാൻ നഗരത്തിനു പുറത്തു വസിക്കുന്നതാകുന്നു. രാജ്യഭരണം അവിടുത്തെ പാദുകകളിൽ അൎപ്പിച്ചുകൊണ്ടു ഞാൻ വാഴും. പതിന്നാലുകൊല്ലം പൂൎണ്ണമാകുന്ന നാളിൽ അങ്ങയെ കാണാത്ത പക്ഷം ഞാൻ അഗ്നിപ്രവേശം ചെയ്യും.''

---

* അയോദ്ധ്യാകാണ്ഡം 112 – 18.

'അങ്ങനെയാവട്ടെ,' എന്നുംപറഞ്ഞു് രാമൻ ഭരതനെയും ശത്രുഘ്നനെയും തഴുകിക്കൊണ്ടു്, അമ്മയെ വേണ്ടപോലെ കാത്തുകൊള്ളാമെന്നു് തന്നെത്തൊട്ടു് ആണയിടീച്ചശേഷം കണ്ണുനീരോടെ അവരെ യാത്രയാക്കി. ഭരതൻ പാദുകകളുമെടുത്തു് ജ്യേഷ്ഠനെ വലംവെച്ചു വിടവാങ്ങി. കണ്ണീരിൽ കുളിച്ച അമ്മമാക്കു് മകനോടു യാത്ര പറയാനായില്ല. രാമൻ അമ്മമാരുടെ കഴലിണ വണങ്ങി കണ്ണുനീരോടെ ഉടജത്തിനകത്തു പ്രവേശിച്ചു.

## രാമനു് രണ്ടു വാക്കില്ല

അലോകസാമാന്യമായ സൗഭ്രാത്രം! ഇവരുടെ സമ്മേളനം കണ്ടുകൊണ്ടിരുന്ന മാമുനിമാർ വിസ്മയസ്തബ്ധരായതിൽ യാതൊരദ്ഭുതവുമില്ല. അനുജന്മാർ ബഹിശ്ചരപ്രാണന്മാരായിരുന്നു രാമനു്. അവക്കുവേണ്ടിയേ താനെന്തും കാംക്ഷിക്കുന്നുള്ളുവെന്നും അവക്കുവേണ്ടി എന്തും വെടിയാൻ താൻ സന്നദ്ധനാണെന്നും രാമൻ പലവാറു പറഞ്ഞതൊന്നും വീൺവാക്കുകളായിരുന്നില്ല.

ദശരഥൻ സത്യപാശബദ്ധനായി കൈകേയിക്കു കൊടുത്ത രാജ്യം തനിക്കു വന്നുചേന്നതു് ഭരതൻ മനസ്സുകൊണ്ടുപോലും സ്പൃശിക്കാതെ ജ്യേഷ്ഠനു് കാഴ്ചവെച്ചു. കാര്യങ്ങളിങ്ങനെയൊക്കെ തിരിഞ്ഞുകഴിഞ്ഞപ്പോഠം, രാമൻ തന്നെ രാജാവായാൽ കൊള്ളാമെന്നു കൈകേയിക്കും തോന്നി. ദശരഥൻെറ പ്രതിജ്ഞയും കൈകേയിയുടെ ആഗ്രഹവും നിറവേറി. ഭരതൻെറയും വസിഷ്ഠൻെറയും അമ്മമാരുടെയും പൗരജാനപദന്മാരുടെയും അപേക്ഷയും നിർബന്ധവും അനുസരിച്ചു് രാമൻ രാജ്യം തിരികെ സ്വീകരിച്ചിരുന്നെങ്കിൽ, സാധാരണ നിലയ്ക്കു് സത്യഭംഗമോ, അധമ്മാചരണമോ രാമൻെറ പേരിൽ ഉന്നയിക്കാവുന്നതുമല്ല. പക്ഷെ, രാമനു് സാധാരണ സത്യവും ധമ്മവും പോരാ. സത്യധമ്മങ്ങളുടെ മൂത്തിയാണു് രാമൻ. അവയുടെ

പരിപൂർത്തിയിലേ ആ ധർമ്മവിഗ്രഹൻ തൃപ്തികൊള്ളൂ. കാല്ക്കൽവന്ന രാജ്യലക്ഷ്മിയെ രണ്ടാംതവണയാണ് രാമൻ നിരസിക്കുന്നതു്. ഇതിനു സമമായ ഒരു ത്യാഗം കാണണമെങ്കിൽ, ദേവവ്രതനായ ഭീഷ്മപിതാമഹനിലേ കാണൂ. പിതൃഹിതത്തിനുവേണ്ടി മഹാവ്രതം സ്വീകരിച്ച ഗംഗാദത്തൻ. ശന്തനു സത്യവതിയെ വേട്ടു. രാജ്യാവകാശികളായ സത്യവതീപുത്രന്മാർ വിചിത്രവീര്യനും ചിത്രാംഗദനും അകാലമൃത്യുവടഞ്ഞു. അമ്മ സത്യവതി, കുരുകുലത്തിൻെറ നിലനില്പിനെപ്പററി ആകുലയായി. സത്യവതി ഭീഷ്മരോടു്, തനിക്കുവേണ്ടി ചെയ്ത സത്യം ഇനി പാലിക്കേണ്ടതില്ലെന്നും, വംശവിച്ഛേദം വരാതിരിക്കാൻ വിധവകളായ സഹോദരപത്നിമാരെ പ്രാപിച്ച സന്താനോല്പാദനം ചെയ്യണമെന്നും അപേക്ഷിച്ചു. ഭീഷ്മർ പറഞ്ഞു: ''ത്രൈലോക്യം ഞാനുപേക്ഷിക്കും; ദേവലോകവും വെടിയും; ഇതിനുംമേലെ വല്ലതുമുണ്ടെങ്കിൽ അതുമുപേക്ഷിക്കാം. എന്നാൽ ഒരുവിധത്തിലും സത്യം കൈവിടുകയില്ല. പൃഥ്വി ഗന്ധത്തെയും, ജലം രസത്തെയും, ജ്യോതിസ്സ് രൂപത്തെയും, വായു സ്പർശഗുണത്തെയും, സൂര്യൻ പ്രഭയേയും ധൂമകേതു ഊഷ്മതയേയും, ആകാശം ശബ്ദത്തെയും, ശീതാംശു ശീതളിമയേയും, വൃത്രാരി വിക്രമത്തെയും, ധർമ്മരാജൻ ധർമ്മത്തെയും ഉപേക്ഷിച്ചെന്നുവരാം; എന്നാലും ഞാനൊരു കാലവും എൻെറ സത്യം വിടാനാലോചിക്കുകയില്ല.'' രാമനു് സദൃശനായി സത്യപാലനത്തിൽ ഇങ്ങനെ ഒരു ഭീഷ്മദേവനെ മാത്രമേ നമുക്കു് കാണാനൊക്കൂ. രാമനു് സത്യവും ധർമ്മവും വേറെയല്ല; ഒന്നുതന്നെ. ലോഭം രാമനെ സ്പർശിച്ചിട്ടേയില്ല. സത്യത്തിൻെറയും ധർമ്മത്തിൻെറയും വൈരാഗ്യത്തിൻെറയും മൂർത്തിയാണു് രാമൻ. അതേ, ഭഗവച്ഛബ്ദവാച്യൻ ഭഗവാൻ ശ്രീരാമചന്ദ്രൻ.

ഇവിടെ രാമൻെറയോ ഭരതൻെറയോ ആരുടെ ത്യാഗമാണു് മുന്നിട്ടുനില്ക്കുന്നതെന്നു നിർണ്ണയിക്കാൻ പ്രയാസം.

* ന സൎവ്വേ ഭ്രാതരസ്താത ഭവന്തി ഭരതോപമാഃ.

എന്നു് രാമൻതന്നെ സുഗ്രീവനോടു് ഭരതന്റെ ഭ്രാതൃഭക്തിയെപ്പററി പറയുന്നതായിക്കാണാം. പോരാ, ഭ്രാതാവും ഗുരുവും പ്രഭുവുമായ രാമനിൽ ഭരതനെപ്പോലെ പ്രപത്തിയാണ്ട വേറൊരു വ്യക്തിയില്ലതന്നെ.

## ദണ്ഡകാരണ്യത്തിലേയ്ക്കു്

നമുക്കു് രാമനെ അനുഗമിക്കാം. ഭരതൻ പോയ ശേഷം ചിത്രകൂടനിവാസികളായ മുനിമാരിൽ ചില അസ്വാസ്ഥതകൾ രാമൻ കണ്ടു. കാരണമന്വേഷിച്ചപ്പോൾ കുലപതി പറഞ്ഞു: 'രാമ, അങ്ങിവിടെ പാൎക്കാൻ തുടങ്ങിയശേഷം രാവണാനുജനായ ഖരൻ ഞങ്ങളെയെല്ലാം വല്ലാതെ ഉപദ്രവിക്കുന്നു. അതിനാൽ ഇവിടെനിന്നും അധികം അകലെയല്ലാതെ, സുലഭഫലമൂലമായ സ്ഥാനത്തേയ്ക്കു് ഞങ്ങൾ മാറിത്താമസിക്കാൻ പോകുന്നു. ഖരൻ അവിടുത്തേയും ഉപദ്രവിക്കും; അങ്ങേയ്ക്കു് സമ്മതമെങ്കിൽ ഞങ്ങളോടൊരുമിച്ചുപോരുക.' രാമൻ അവരെ തടഞ്ഞില്ല. അവർ സ്ഥലം വിട്ടു രാമൻ അവിടെത്തന്നെ പാൎത്തു.

മുനിമാർ വിട്ടുപോയതിൽപ്പിന്നെ അവിടത്തെ താമസം രാമനു് പല പ്രകാരത്തിലും പിടിച്ചില്ല. അമ്മമാരേയും ഭരതനേയും കണ്ട ദുഃഖം അവിടെ എപ്പോഴും അലട്ടിക്കൊണ്ടിരിക്കും. കാടൊക്കെ ഭരതസേനകൾ ചവിട്ടി മെതിച്ചു. ഇതൊക്കെക്കൊണ്ടു് ആ വനപ്രസ്ഥർ അവിടെ നിന്നും പുറപ്പെട്ടു. അവർ അത്രിമഹൎഷിയെക്കണ്ടു വന്ദിച്ചു. മാമുനി അവരെ മക്കളെപ്പോലെ സ്വീകരിച്ചു. തപസ്വിനിയായ അത്രിപത്നി അനസൂയ സീതയെ വാത്സല്യത്തോടെ സ്വാഗതം ചെയ്തു; പതിവ്രതാധൎമ്മങ്ങളുപദേശിച്ചു; അനേകം ദിവ്യാഭരണങ്ങൾ സമ്മാനമായി നല്കി. അന്നു രാത്രി അവർ അവിടെ കഴിച്ചുകൂട്ടി. പ്രഭാതത്തിൽ കുളിയും തേവാ

---

* യുദ്ധകാണ്ഡം, 18 — 15.

രവും കഴിഞ്ഞു യാത്രയ്ക്കൊരുങ്ങി. താപസന്മാർ തങ്ങൾക്ക് അരക്കരിൽനിന്നു നേരിടുന്ന പീഡകൾ പറഞ്ഞു കേൾപ്പിച്ചു. രാമനു പോകേണ്ട വഴി അവർ പറഞ്ഞുകൊടുത്തു. താപസന്മാരുടെ അനുഗ്രഹത്തോടെ അവർ ദണ്ഡകാരണ്യത്തിലേയ്ക്കു പുറപ്പെട്ടു.

## "രാമനെ വിട്ട് എന്നെ തിന്നുകൊള്ളൂ."

ദണ്ഡകാരണ്യമെന്ന കൊടുംകാട്ടിലെത്തി രാമാദികൾ താപസാശ്രമങ്ങൾ കണ്ടുപിടിച്ചു. മാമുനിമാർ അവരെ സത്കരിച്ചു സ്വാഗതംചെയ്തു. തങ്ങളെ കാത്തുരക്ഷിക്കണമെന്ന് അവർ രാമനോടപേക്ഷിച്ചു. നേരം പുലർന്നപ്പോൾ മുനിമാരോടു വിടവാങ്ങി പെരുങ്കാട്ടിൽ പ്രവേശിച്ചു. വിരാധനെന്ന രാക്ഷസൻ വന്നു സീതയെ എടുത്ത് എളിയിൽ വെച്ചുകൊണ്ടു പറഞ്ഞു: ''താപസവേഷധരന്മാരായ നിങ്ങൾ ചാപബാണങ്ങളുമേന്തി പ്രമദയുമൊത്തു വന്നിരിക്കുന്നു! ഇതു നിങ്ങൾക്കു ചേർന്നതല്ല. വിരാധനാണു ഞാൻ. നിങ്ങൾക്കു പ്രാണൻ വേണമെങ്കിൽ, ഇവളെ വിട്ടു പൊയ്ക്കൊൾവിൻ. ഇവളെൻെറ മണവാട്ടിയാകും.'' സീത പേടിച്ചരണ്ടു. വാടിവരണ്ട മുഖത്തോടെ രാമൻ ലക്ഷ്മണനോടു പറഞ്ഞു: ''ലക്ഷ്മണാ, നോക്കൂ, ജനകരാജനന്ദിനി, എൻെറ പ്രാണപ്രിയ, ഇവൾ അരക്കൻെറ കൈയിൽ പെട്ടതു കണ്ടോ! ദീർഘദർശിനിയായ കൈകേയിയുടെ ഇഷ്ടം സാധിച്ചു. രാജ്യം കിട്ടിയതുകൊണ്ടുമാത്രം കൈകേയിക്കു തൃപ്തിയായില്ല. സീതയും ഞാനും നീയും തുലയണമെന്നായിരുന്നു കൈകേയിയുടെ ഉദ്ദേശം. അതിപ്പോൾ സഫലമായി. പിതൃമരണമോ രാജ്യനഷ്ടമോ വനവാസമോ ഒന്നും, സീതയ്ക്കു പററിയ പരസ്പർശംപോലെ എനിക്കു ദുഃഖകാരമല്ല.'' ലക്ഷ്മണൻ കോപംകൊണ്ടു ജ്വലിച്ചു. രാമലക്ഷ്മണന്മാർ അമ്പെയ്തു. വിരാധൻ സീതയെ വിട്ട് അവരെ എതിർത്തു. അവരുടെ അസ്ത്രശസ്ത്രങ്ങളൊന്നും വര

ബലോജ്ജിതനായ അവനിൽ ഏററില്ല.അവർ വാളുമായി പാഞ്ഞടുത്തു. അവൻ അവരെ പിടിച്ചു തോളിലിരുത്തി അലറിക്കൊണ്ടു് കാട്ടിനുള്ളിലേയ്ക്കു പോയി. തങ്ങൾക്കു പോകേണ്ട വഴിയായതുകൊണ്ടു കുറച്ചുവഴി അങ്ങനെ കൊണ്ടുപോകട്ടെ എന്നു രാമൻ പറഞ്ഞു. അപ്പോഴേയ്ക്കും സീത മുറവിളിയായി. രാമലക്ഷ്മണന്മാരെ വിട്ടിട്ടു തന്നെ പിടിച്ചുകൊണ്ടു പൊയ്ക്കോളാൻ സീത വിളിച്ചുപറഞ്ഞു. സീതാവിലാപം കേട്ടു രാമലക്ഷ്മണന്മാർ വിരാധൻെറ ഓരോ കൈയറുത്തു. അവൻ നിലത്തു വീണു. അസ്ത്ര ങ്ങൾകൊണ്ടവനെ കൊല്ലാനൊക്കാഞ്ഞു് കുഴിയിലിട്ടു മൂടാൻ തീർച്ചയാക്കി. അപ്പോൾ വിരാധൻ അവരെ തിരി ച്ചറിഞ്ഞു്, തുംബുരുവെന്ന ഗന്ധർവ്വനായിരുന്ന തനിക്കു രംഭാസക്തിമൂലം വൈശ്രവണനിൽനിന്നും ഏൽപ്പെട്ട ശാപ ത്തേയും, രാമൻെറ കൈകൊണ്ടു മരണമടഞ്ഞാൽ ശാപ മോക്ഷം വരുമെന്ന അനുഗ്രഹത്തേയും പറഞ്ഞുകേൾപ്പിച്ചു. ഒന്നര യോജനയകലെ വസിക്കുന്ന ശരഭംഗമഹർഷിയെ ചെന്നു കാണാനും അവൻ അവരോടു പറഞ്ഞു. അവൻെറ പ്രാണൻ പോയി. അവൻെറ അഭീഷ്ടപ്രകാരം അവരവനെ കുഴിച്ചുമൂടി. എന്നിട്ടവർ സീതയേയുംകൂട്ടി വനയാത്ര തുടന്നു.

വിരാധൻ സീതയെ അപഹരിച്ചനേരത്തു രാമൻെറ മനസ്സിനടിയിൽ അമന്നുകിടന്നിരുന്ന ചില വികാരങ്ങൾ പുറത്തുചാടി. അത്യാപത്തു വരുമ്പോൾ, വീണ്ടുവിചാരവും മനക്കരുത്തും ഇച്ഛാശക്തിയും ചിലപ്പോൾ വിട്ടുപോവും. രാമനു പററിയ അത്തരമൊരു സന്ദർഭമാണിതു്. തൻെറ അമാനുഷമായ മനോബലംകൊണ്ടും ധർമ്മനിഷ്ഠകൊണ്ടും, വിപത്തുകൾക്കു് തന്നെ കിഴടക്കാൻ ഇടം കൊടുക്കാ തെ ഇതുവരെ കഴിച്ചു. സീതയ്ക്കു് പരസ്പർശമേററെന്നു കണ്ടപ്പോൾ രാമൻ തളന്നുപോയി; മനുഷ്യസഹജമായ വികാരങ്ങൾക്കു് അധീനനായി; കൈകേയിയോടു പക

തോന്നി, തെല്ലുനേരം. ലക്ഷ്മണൻ ഉണർത്തിയപ്പോഠ സ്വയം കുടഞ്ഞെഴുന്നേററു്, രാമൻ രാമനായി. ആത്മസംയമം വീണ്ടുകിട്ടി.

## മുനിവാടങ്ങളിൽ

അവർ ശരഭംഗാശ്രമത്തിലെത്തി. അവിടെ ഇന്ദ്രരഥം നില്ക്കുന്നതു കണ്ടു. വിവരമന്വേഷിക്കാൻ രാമൻ മുന്നിട്ടു ചെന്നു. കൃതകൃത്യനായിട്ടേ രാമനെ കാണാൻ കഴിയൂ എന്നു കരുതി ശതക്രതു ഒഴിഞ്ഞുമാറി. രാമാദികഠ ശരഭംഗനെ വണങ്ങി. ഇന്ദ്രന്റെ വരവിനു കാരണമെന്തെന്നു മുനിയോടന്വേഷിച്ചു. തന്നെ ബ്രഹ്മലോകത്തേയ്ക്കു കൂട്ടിക്കൊണ്ടുപോകാൻ വന്നതാണെന്നും, പ്രിയാതിഥിയായ രാമനെ സത്കരിക്കാതെ പോകാൻ താൻ കൂട്ടാക്കിയില്ലെന്നും മുനി പറഞ്ഞു. താൻ തീവ്രതപസ്സുകൊണ്ടു നേടിയ അക്ഷയലോകങ്ങഠ മാമുനി രാമനു കൊടുക്കാൻ ഒരുമ്പെട്ടു. അവയെല്ലാം സ്വയം നേടിക്കൊള്ളാമെന്നു പറഞ്ഞു രാമൻ. തങ്ങഠക്കു താമസിക്കാൻ പററിയ ഒരിടം നിർദ്ദേശിക്കണമെന്നപേക്ഷിച്ചു. ശരഭംഗൻ അവരോടു സുതീക്ഷ്ണാശ്രമത്തിൽ പോകാൻ പറഞ്ഞു. അനന്തരം മാമുനി അഗ്നിപ്രവേശംചെയ്തു സുകുമാരശരീരം ധരിച്ചു ബ്രഹ്മലോകം പ്രാപിച്ചു.

മുനിമണ്ഡലം വന്നു രാമനോടു തങ്ങഠക്കു രാക്ഷസന്മാരിൽനിന്നും ഏല്പെടുന്ന പീഡകഠ പറഞ്ഞുകേഠപ്പിച്ചു. അതിനു പരിഹാരമുണ്ടാക്കാമെന്നു പറഞ്ഞു രാമൻ അവരെ സാന്ത്വനപ്പെടുത്തി.

രാമാദികഠ സുതീക്ഷ്ണാശ്രമത്തിലെത്തി. അദ്ദേഹത്തിന്റെ ആതിഥ്യവും സ്വീകരിച്ചുകൊണ്ടു് അന്നു രാത്രി അവിടെക്കഴിച്ചു. അവിടെ പാർത്തുകൊള്ളാൻ മുനി അനുവദിച്ചിട്ടും, ദണ്ഡകാരണ്യവാസികളായ മാമുനിമാരുടെ ആശ്രമങ്ങളെല്ലാം കാണാനുള്ള കൗതുകംകൊണ്ടു രാമാദികഠ

യാത്രപറഞ്ഞു. മടക്കത്തിൽ അതിലെ വരണമെന്നും പറഞ്ഞു് അനുഗ്രഹിച്ചു മുനി അവക്കു വിടനല്കി. സീത ആയുധങ്ങളെല്ലാം എടുത്തുകൊണ്ടുവന്നു കൊടുത്തു. വെയിൽ മൂക്കുന്നതിനു മുമ്പു് അവർ യാത്രയായി.

## "ആര്യപുത്രാ, ഒന്നു പറഞ്ഞോട്ടെ –"

സീതയ്ക്കൊരു സംശയം. നടന്നുകൊണ്ടിരിക്കെ അവൾ ഭർത്താവിനോടു പറഞ്ഞു: "ആര്യപുത്രാ, അല്പമായ സൂക്ഷ്മക്കുറവുകൊണ്ടു് വലുതായ അധർമ്മം വന്നുകൂടും. കാമജങ്ങളായ ദോഷങ്ങൾ മൂന്നാണു്. ഒന്നാമത്തേതു് അസത്യഭാഷണം. പരദാരഗമനവും അകാരണവൈരവുമാണു് മററു രണ്ടും. അസത്യഭാഷണം അങ്ങിതിനുമുമ്പു് ചെയ്തിട്ടില്ല; ഇനിയൊട്ടു ചെയ്കയുമില്ല. മനസാപി പരസ്ത്രീകളെ അവിടുന്നു സ്മരിച്ചിട്ടില്ല; സ്മരിക്കയുമില്ല എന്നെനിക്കറിയാം. എന്നാൽ, വൈരംവിനാ പരദ്രോഹം എന്ന ദോഷം അവിടുത്തെ ബാധിക്കാനിടയുള്ളതായി ത്തോന്നുന്നു. അതുകൊണ്ടു ദണ്ഡകാരണ്യത്തിലേയ്ക്കു പോകാതിരിക്കയല്ലേ നല്ലതു്? കാരണം, ആയുധപാണികളായ നിങ്ങളിരുവരും വനചരന്മാരെക്കണ്ടാൽ ആയുധങ്ങൾ പ്രയോഗിക്കാനിടയുണ്ടു്. തീയ്ക്കു വിറകുപോലെയാണു് ക്ഷത്രിയനു് ആയുധം. അതു കൈയിലിരുന്നാൽ പ്രയോഗിച്ചുപോകും. ശക്രൻ പണ്ടു് ഒരു വാളു് സൂക്ഷിക്കാനേല്പിച്ചു് ഒരു മാമുനിയുടെ തപോനിഷ്ഠ നശിപ്പിച്ചതായി കേട്ടിട്ടുണ്ടു്. അതിനാൽ ശസ്ത്രധാരണംകൊണ്ടു് മനസ്സു് ക്രൂരമായ്പോകും. വനവാസവും ശസ്ത്രപ്രയോഗവും തമ്മിൽ ചേരുകയില്ല. ദേശധർമ്മത്തെ ആദരിച്ചാലും. അങ്ങയുടെ പുറപ്പാടു ദണ്ഡകാരണ്യവാസികളായ രാക്ഷസന്മാരെ കൊല്ലാനാണു്. അവർ നമുക്കൊരു ദ്രോഹവും ചെയ്തിട്ടില്ല. ക്ഷത്രിയധർമ്മമൊക്കെ അയോദ്ധ്യയിൽ മടങ്ങിയെത്തിയിട്ടു് ആചരിക്കാം. അല്ല, രാജ്യമെല്ലാം വെടിഞ്ഞു മുനി

വൃത്തി സ്വീകരിക്കയൊണെങ്കിൽ ഏററവും നല്ലതു്. ധർമ്മത്തിൽനിന്നാണു മറെറല്ലാ പുരുഷാർത്ഥങ്ങളും ഉണ്ടാകുന്നതു്. ധർമ്മം കഷ്ടപ്പെട്ടു സമ്പാദിക്കേണ്ടതുമാണു്. സുഖത്തിൽനിന്നു സുഖം ഉണ്ടാവുന്നതല്ല. അതിനാൽ ആര്യ്യപുത്രാ, തപോവനത്തിനു് അനുരൂപമായ ധർമ്മം ആചരിച്ചാലും. സ്ത്രീചാപല്യംകൊണ്ടു ഞാൻ പറഞ്ഞുപോയതാണു്. അവിടേയ്ക്കു് ധർമ്മമുപദേശിക്കാനാരുണ്ടു്? അവിടേയ്ക്കും അനുജനും ശരിയെന്നു തോന്നുന്നതു് അനുസരിച്ചാലും. സ്നേഹബഹുമാനങ്ങൾകൊണ്ടു് ഞാൻ കാര്യ്യം ഓർമ്മിപ്പിച്ചുവെന്നേയുള്ളു; ഉപദേശിക്കുകയല്ല.''

വൈദേഹീവാക്യം കേട്ടു രാമൻ പറഞ്ഞു: ''സീതേ, എനിക്കു് ഹിതകരമായിട്ടുള്ളതാണു് ഭവതി പറഞ്ഞതു്. ഭവതിയുടെ കുലത്തിനൊരു ഭൂഷണമാണു് ഭവതി. എന്നാൽ ഒന്നു പറഞ്ഞുകൊള്ളട്ടെ. ക്ഷത്രിയന്മാർ ശസ്ത്രം ധരിക്കുന്നതു് ആർത്തശബ്ദം ഉണ്ടാകാതിരിക്കാനാണു്. ദണ്ഡകാരണ്യവാസികളായ താപസന്മാർ ആപത്തിലകപ്പെട്ടിരിക്കുന്നു; അവരെന്നെ ശരണം പ്രാപിച്ചിരിക്കുന്നു. നരഭോജികളായ അരക്കന്മാർ അവരെ പീഡിപ്പിക്കുന്നു. തപശ്ശക്തികൊണ്ടു് രാക്ഷസന്മാരെ നശിപ്പിക്കാൻ പോന്നവരെങ്കിലും, കഷ്ടപ്പെട്ടു നേടിയ തപോബലം ഇതിനായിഉപയോഗിക്കാനിഷ്ടമില്ലാഞ്ഞു് അവരെന്നെ അഭയം പ്രാപിച്ചു. ഏതുതരത്തിലും രക്ഷിച്ചുകൊള്ളാമെന്നു് ഞാൻ പ്രതിജ്ഞയും ചെയ്തു. സത്യം എനിക്കെന്നും പ്രിയമാണു്. ഞാൻ ജീവനോടെ ഇരിക്കുന്ന കാലത്തോളം ചെയ്ത പ്രതിജ്ഞയ്ക്കു വിപരീതമാചരിക്കയില്ല. ഞാനെൻെറ പ്രാണൻ ഉപേക്ഷിച്ചെന്നുവരാം; നിന്നെയോ ലക്ഷ്മണനെയോ പരിത്യജിച്ചെന്നു വന്നേയ്ക്കാം; എന്നാലും പ്രതിജ്ഞ കൈവിടുകയില്ല, അതിലും വിശേഷിച്ചു് ബ്രാഹ്മണരോടു ചെയ്ത പ്രതിജ്ഞ. സ്നേഹംകൊണ്ടും സൗഹൃദംകൊണ്ടും ദേവി പറഞ്ഞ വാക്കുകൾ എന്നെ സന്തോഷിപ്പിക്കുന്നു. നിൻെറ

കുലത്തിനു ചേന്ന വാക്കുകരം. എന്റെ സഹധമ്മചാരിണിയായ ഭവതി എനിക്കു് പ്രാണനേക്കാരം പ്രിയതരയാണു്.''

സാധാരണയായി സീത ഒരു മിണ്ടാപ്രാണിയാണു്. എന്നാൽ തന്റെ പ്രാണനാഥനെ അധമ്മം ബാധിക്കുമോ എന്നു സംശയം വന്നപ്പോരം സ്വാഭിപ്രായം തുറന്നു പറഞ്ഞു: ഒരു സഹധമ്മിണിയുടെ ധമ്മം യഥാകാലം യഥാവിധി അനുഷ്ഠിച്ചു. പറഞ്ഞ മാതിരിയോ! അഭിപ്രായദാർഢ്യത്തോടെ, വിനയത്തോടെ, സൗമ്യതയോടെ. അതിനു രാമനിൽനിന്നു കിട്ടിയ സത്കാരമോ! ഒപ്പം സൗഹൃദവും സന്തോഷവും ധമ്മാദരവുമാന്നതും! അതേ, മാരുതി പിന്നൊരിക്കൽ സീതയോടു പറഞ്ഞതു നമുക്കും ഏററുപാടാം:

യുക്താ രാമസ്യ ഭവതീ ധമ്മപത്നീ ഗുണാന്വിതാ.

'ശ്രീരാമചന്ദ്രനു് സവ്വഥാ അനുരൂപയായ സഹധമ്മചാരിണിയാണു ഭവതി.'

## ആശ്രമങ്ങളിൽ

രാമാദികരം യാത്ര തുടന്നു. വഴിക്കൊരു മനോഹരമായ പൊയ്ക. അതിൽനിന്നും ഗീതവാദിത്രനിർഘോഷം കേരംക്കായി. ആരേയുമൊട്ടു കണ്ടതുമില്ല. കൂടെയുണ്ടായിരുന്ന ധമ്മഭൃത് എന്ന മുനിയോടു് രാമൻ അതിനെപ്പററി ചോദിച്ചു. പഞ്ചാപ്സരസ്സെന്ന തടാകമാണതു്. മാണ്ഡകർണിയെന്ന മുനിയുടെ തപസ്സിൽ ഭയമാന്ന ദേവന്മാർ അദ്ദേഹത്തിന്റെ തപസ്സിനു് വിഘ്നം വരുത്താൻ അഞ്ചു് അപ്സരസ്സുകളെ അയച്ചു. പരാവരജ്ഞനായ മാമുനി ദേവന്മാരുടെ കാര്യസിദ്ധിക്കായി അവരെ പത്നിമാരായി സ്വീകരിച്ചു് തടാകത്തിൽ അന്തഹിതമായി ഒരു ഗൃഹം നിമ്മിച്ചു് അതിൽ പാപ്പിച്ചിരിക്കയാണു്. അവരുടെ സംഗീതോല്ലാസത്തിന്റെ ശബ്ദമാണു ജലാശയത്തിൽനിന്നും കേട്ടതു്. ഇങ്ങനെ കഥയും കേട്ടുകൊണ്ടു് അവർ ആശ്രമ

മണ്ഡലത്തിലെത്തി. ഓരോരോ ആശ്രമങ്ങളിൽ മാറിമാറിത്താമസിച്ചു. പലയിടത്തുമായി പത്തുകൊല്ലം രാമാദികൾ കഴിച്ചുകൂട്ടി. എന്നിട്ടു വീണ്ടും സുതീക്ഷ്ണാശ്രമത്തിലെത്തി. ഏതാനുംനാൾ അവിടെ വസിച്ചശേഷം മുനിയുടെ അനുമതിയോടുകൂടി അഗസ്ത്യമുനിയെ കാണാൻ പുറപ്പെട്ടു. വഴിക്കു് ഒരു രാത്രി അഗസ്ത്യഭ്രാതാവായ മുനിയുടെ ആശ്രമത്തിൽ കഴിച്ചു. അടുത്തനാൾ അഗസ്ത്യാശ്രമത്തിലെത്തി. ലക്ഷ്മണനോടു് തങ്ങളെത്തിയിരിക്കുന്ന വിവരം മുമ്പിട്ടു ചെന്നു് മുനിയെ അറിയിക്കാൻ രാമൻ പറഞ്ഞു.

ലക്ഷ്മണൻ ആശ്രമത്തിലെത്തി അഗസ്ത്യശിഷ്യനെ വിവരം ധരിപ്പിച്ചു. ശിഷ്യൻ മാമുനിയോടു വിവരം ഉണർത്തി. മാമുനിയുടെ ആജ്ഞയനുസരിച്ചു് ശിഷ്യൻ അവരെ കൂട്ടിക്കൊണ്ടു ചെന്നു. അഗസ്ത്യൻ വന്നെതിരേററു. അവർ മൂവരും മാമുനിയുടെ കഴലിണ കുമ്പിട്ടു വണങ്ങി. അദ്ദേഹം അവരെ ഇരുത്തി അർഘ്യപാദ്യങ്ങൾ സമർപ്പിച്ചു് ഊണു കഴിപ്പിച്ചു. മഹർഷി രാമനു് ഒരു ദിവ്യചാപവും ഉത്തമശരവും അക്ഷയസായകമായ രണ്ടാവനാഴികളും ഒരു വാളും സമ്മാനം കൊടുത്തു.

## പഞ്ചവടിയിൽ

സുഖമായി വസിക്കാനൊരു സ്ഥാനം നിർദ്ദേശിച്ചു കൊടുക്കണമെന്നു് രാമൻ മുനിയോടു് അപേക്ഷിച്ചു. അല്പം ആലോചിച്ചശേഷം, അവിടെനിന്നും രണ്ടുകാതം അകലെയുള്ള പഞ്ചവടി ആശ്രമവാസത്തിനു് പററിയതാണെന്നു് അദ്ദേഹം പറഞ്ഞുകൊടുത്തു. ഗോദാവരിയുടെ കരയ്ക്കു് ധാരാളം കായ്കനികളുള്ള പഞ്ചവടി അവക്കു് ആനന്ദകരമായിരിക്കും എന്നും പറഞ്ഞു. അവർ മാമുനിയെ വണങ്ങി, അദ്ദേഹത്തിൻെറ ആജ്ഞയോടും അനുഗ്രഹത്തോടുംകൂടി പഞ്ചവടിയിലേയ്ക്കു പുറപ്പെട്ടു.

പോകുന്നവഴിക്കു് പിതൃസഖനായ ഗൃദ്ധ്രൻ ജടായു

വിനെക്കണ്ടു് തമ്മിൽ പരിചയമായി. അവക്കു് കാവലിരുന്നുകൊള്ളാമെന്നും ജടായു ഭരമേററു. രാമൻെറ നിർദ്ദേശമനുസരിച്ചു് ലക്ഷ്മണൻ ചേതോഹരമായ ഒരു സ്ഥാനത്തു് ഒരു പർണ്ണശാല പണിതു. ഗോദാവരിയിൽ പോയി കുളിച്ചു് പൂക്കളും പഴങ്ങളും കൊണ്ടുവന്നു് പുഷ്പബലിയും ശാന്തിയും നടത്തി ആശ്രമം രാമനെ കാണിച്ചു. സന്തോഷംകൊണ്ടു് രാമൻ അനുജനെ ആലിംഗനം ചെയ്തു. കുറച്ചു കാലം അവരവിടെ സസുഖം പാർത്തു.

ശരത്കാലം പോയി ഹേമന്തം വന്നു. കാനനഭംഗി ആസ്വദിച്ചും ഗോദാവരിയിൽ സ്നാനംചെയ്തും ആനന്ദമായി കാലം കഴിച്ചു. രാമഭക്തികൊണ്ടു് തപസ്സാചരിക്കുന്ന ഭരതനെക്കുറിച്ചു് ലക്ഷ്മണൻ വാത്സല്യത്തോടെ വാഴ്ത്തി പറഞ്ഞു. സോദരന്മാരേവരുമൊത്തു വാഴുന്നതിനിയെന്നോ എന്നു രാമനോർത്തുപോയി.

## അരക്കത്തിയുടെ സ്വയംവരം

രാമാദികൾ ഒരുനാൾ പ്രഭാതത്തിൽ ഗോദാവരീസ്നാനവും കഴിഞ്ഞു് ആശ്രമത്തിലെത്തി പ്രഭാതകൃത്യങ്ങൾ നിർവ്വഹിച്ചു് ഓരോ കഥകളും പറഞ്ഞുകൊണ്ടിരുന്നു. അന്നേരം അവിടെ യാദൃച്ഛികമായി ഒരു രാക്ഷസി വന്നെത്തി, ദശഗ്രീവൻെറ സോദരി ശൂർപ്പണഖ. സുകുമാരനും ഇന്ദീവരശ്യാമനും പ്രിയദർശനനുമായ രാമനെക്കണ്ടു് രാക്ഷസി കാമമോഹിതയായി. അവൾ രാമനോടു ചോദിച്ചു: 'താപസവേഷത്തിൽ ജടയുംപൂണ്ടു്, ഭാര്യയുമൊത്തു്, ശരചാപങ്ങളും ധരിച്ചു് രാക്ഷസസേവിതമായിരിക്കുന്ന ഇവിടെ നീയെങ്ങനെ വന്നു? ഉള്ളതു പറഞ്ഞാലും.' രാമൻ താനവിടെ വന്നുചേരാനുള്ള കാരണം ചുരുക്കിപ്പറഞ്ഞു. അവളാരെന്നു ചോദിച്ചു. മദനമർദ്ദിതയായ അവൾ പറഞ്ഞു: ''ശൂർപ്പണഖയെന്നു് പേരാണ്ട രാക്ഷസിയാണു് ഞാൻ. തന്നിഷ്ടംപോലെ ഇവിടെയെല്ലാം ഞാൻ സഞ്ചരിക്കുന്നു.

എല്ലാവക്കും എന്നെ പേടിയാണ്. എൻെറ ജ്യേഷ്ഠനാണ രാവണൻ; നീയൊരുപക്ഷേ അദ്ദേഹത്തെപ്പററി കേട്ടിരിക്കും. വിശ്രവസ്സിൻെറ പുത്രൻ. വേറൊരു ചേട്ടനുണ്ട്; എപ്പൊഴും ഉറങ്ങിക്കിടക്കുന്നവൻ; കുംഭകണ്ണൻ. പിന്നൊരാ൦ വിഭീഷണൻ; ധമ്മാത്മാവ്, നല്ലവൻ. അനിയന്മാർ ഇരുവരുണ്ട്; ഖരദൂഷണന്മാർ. അവർ വലിയ പോരാളിക൦. അവരു പറഞ്ഞതൊന്നും കൂട്ടാക്കാതെ നിൻെറ അടുക്കൽ വന്നിരിക്കയാണ് ഞാൻ. പുരുഷോത്തമനായ നിന്നെ കണ്ടപ്പൊഴേ ഞാൻ ഭത്താവായി വരിച്ചുകഴിഞ്ഞിരിക്കുന്നു. എനിക്കു നല്ല ബലമുണ്ട്. ഇഷ്ടംപോലെ സഞ്ചരിക്കാം. നീ എന്നെന്നേയ്ക്കും എൻെറ കാമുകനായിരുന്നാലും. സീതയെക്കൊണ്ട് എന്തിനു കൊള്ളാം? വികൃതയും വിരൂപയുമായ ഇവ൦ നിനക്കു ചേന്നവളല്ല. നിനക്കു ചേന്നവ൦ ഞാൻ. എന്നെ ഭാര്യയാക്കിയാലും. വയറു് ഒട്ടി ലക്ഷണംകെട്ട ഈ പെണ്ണിനെയും നിൻെറ ഈ അനിയനെയും ഞാൻ പിടിച്ചു മിഴുങ്ങിക്കൊള്ളാം. എന്നിട്ടു നീ എന്നോടൊത്തു കാടുംമേടും കണ്ട് കാമവുമാണ്ട് സ്വച്ഛന്ദം വിഹരിക്കും.'' കള്ളിൻെറ മത്തുകൊണ്ട് കണ്ണുകലങ്ങി ഈ വിധം പുലമ്പുന്ന അരക്കത്തിയോടു ചിരിച്ചുകൊണ്ടു രാമൻ നേരമ്പോക്കു പറഞ്ഞു.

പരദാരചിന്ത തീണ്ടിയിട്ടില്ലാത്ത ഒരു മഹാത്മാവാണ് തൻെറ പ്രാണനാഥൻ എന്നു സീത സമ്മതിപത്രം കൊടുത്തുകഴിഞ്ഞു. ഇപ്പോളിതാ ഒരുവ൦ സ്വയംവരത്തിനെത്തിയിരിക്കുന്നു. അതും അസാധാരണമായ രീതിയിലുള്ള ഒരു പ്രണയപ്രാത്ഥന. രാമനാണെങ്കിൽ സ്ത്രീവശ്യകല അഭ്യസിച്ചിട്ടില്ല. കൗമാരാരംഭത്തിൽത്തന്നെ ഒരു പ്രാണപ്രിയയെ കിട്ടി. പരസ്ത്രീകളുമായി നമ്മസല്ലാപം ചെയ്യേണ്ട ആവശ്യമോ താല്പയ്യമോ ഉണ്ടായിട്ടില്ലാത്ത ഒരാ൦. അങ്ങനെയുള്ള രാമൻെറ മുമ്പിൽ ഇപ്രകാരം വിരൂപയും ദാരുണയുമായ ഒരു രാക്ഷസി പ്രേമപ്രാത്ഥന

യുമായി വന്നപ്പോരം രാമന്റ് വലിയ നേരമ്പോക്കു തോന്നി. കവിയ്ക്കും ഇവരുടെ വൈസാദൃശ്യം കണ്ടു് നല്ല തമാശ തോന്നി. പരസ്പരഭിന്നവിശേഷണങ്ങരംകൊണ്ടു് അവരുടെ നിലയെ കവി വൎണ്ണിക്കുന്നുണ്ടു്.

കാമപാശാവപാശിതയായ ശൂപ്പ്ണഖയോടു് രാമൻ ചിരിച്ചുകൊണ്ടു് വ്യക്തമായിങ്ങനെ പറഞ്ഞു: ''നോക്കൂ, ഞാൻ കല്യാണംകഴിച്ചിരിക്കുന്നു. ഇവളിതാ എന്റെ പ്രിയയാണു്. നിന്നെപ്പോലെയുള്ളവൎക്കു് സാപത്ന്യദുഃഖം അസഹ്യമായിരിക്കുമല്ലൊ. ഇവനെന്റെ അനുജൻ. ഭാര്യ കൂടെയൊട്ടില്ലതാനും. തരുണൻ, സുമുഖൻ. ഇതുവരെ ഭാര്യാസുഖമൊന്നും അനുഭവിക്കാത്തവൻ. ഒരുത്തിയെ തേടിക്കൊണ്ടിരിക്കയുമാണിപ്പോരം. അവൻ നിനക്കു നല്ലപോലെ ചേരും. നീയവനെ വരിച്ചുകൊരംക.'' ഇതു കേട്ടു് അവരം രാമനെ വിട്ടു് വേഗം ലക്ഷ്മണനോടടുത്തു് പറഞ്ഞു: ''സുന്ദരനായ നിനക്കനുരൂപയാണു ഞാൻ. എന്നോടൊത്തു നിനക്കു് ദണ്ഡകാരണ്യത്തിലെല്ലാം സഞ്ചരിക്കാം.'' ഇതുകേട്ടു് ലക്ഷ്മണൻ ചിരിച്ചുകൊണ്ടു പറഞ്ഞു: ''ദാസനായ എന്റെ ഭാര്യയായിട്ടെങ്ങനെ നീയിരിക്കും? ഞാനെന്റെ ജ്യേഷ്ഠന്റെ കിങ്കരനാണു്. അതിനാൽ നീ ജ്യേഷ്ഠന്റെ ഇളയ വേളിയായിത്തീൎന്നാലും. വിരൂപയും വൃദ്ധയും കരാളയും കൃശോദരിയുമായ ഇവളെ കളഞ്ഞു് ജ്യേഷ്ഠൻ നിന്നെ കൈക്കൊള്ളും. നിന്നെപ്പോലെ സുന്ദരിയായ ഒരുവളെ കിട്ടിയാൽ പിന്നെയാരെങ്കിലും മനുഷ്യസ്ത്രീയിൽ മനസ്സുവെയ്ക്കുമോ?'' പരിഹാസം മനസ്സിലാക്കാൻ കഴിവില്ലാത്തവളും മാരമാൽ പിടിപെട്ടവളുമായ ശൂപ്പ്ണഖ കുടിലിനകത്തു കടന്നു രാമനോടു പറഞ്ഞു: ''വയറൊട്ടിയ ഈ കിഴവിയെ കണ്ടിട്ടല്ലേ നീയെന്നെ മാനിക്കാത്തതു്? എന്നാൽ നോക്കിക്കോ, ഇവളെ ഞാനിപ്പോരംത്തന്നെ പിടിച്ചു തിന്നുന്നുണ്ടു്. എന്നിട്ടു് നിന്നോടൊത്തു് സസുഖം സഞ്ചരിക്കാം.''

എന്നുംപറഞ്ഞു് കോപംപൂണ്ടു് കാലപാശംപോലെ സീതയുടെ നേക്കടുത്തു. രാമൻ ഒരു വിധത്തിൽ അവളെ തടുത്തുകൊണ്ടു് ലക്ഷ്മണനോടു പറഞ്ഞു: ''ലക്ഷ്മണ, ക്രൂരന്മാരും അനാൎയ്യന്മാരുമായവരോടു് പരിഹാസം ഒരുകാലത്തും പാടില്ല. ഇതു കണ്ടില്ലേ? സീതയുടെ ജീവൻ വല്ല പ്രകാരത്തിലും ബാക്കിയുണ്ടു്. ഇവളെ വിരൂപയാക്കി അയച്ചാലും.'' ഇതുകേട്ടു് ലക്ഷ്മണൻ വേഗം വാളൂരി അവളുടെ കാതും മൂക്കും അറുത്തു. അലറിക്കൊണ്ടവൾ കാട്ടിനുള്ളിലേയ്ക്കു പാഞ്ഞു. ഇടിവെട്ടുംപോലെ അലറിക്കൊണ്ടു്, ചോരയും വാൎത്തു കൈയും പരത്തി അവൾ ഖരൻെറ മുമ്പിൽ ചെന്നുവീണു. രാമലക്ഷ്മണന്മാർ വനത്തിൽ വന്നിരിക്കുന്ന വിവരം അവൾ അനുജനെ ധരിപ്പിച്ചു.

വാല്മീകിയുടെ നൎമ്മബോധം രാമനേയും ലക്ഷ്മണനേയും ബാധിച്ചു. ഇരുവരും സ്വതേ ഗൌരവപ്രകൃതികളാണു്. എന്നാൽ കാട്ടിൽ വേറെ മനുഷ്യരെ ആരേയും കാണാതിരിക്കുമ്പോൾ കണ്ട ഒരു സത്വമാണു് ശൂൎപ്പണഖ. അവളുടെ ബീഭത്സരൂപവും പ്രണയപ്രാൎത്ഥനയും രാമൻെറ നൎമ്മബോധത്തെ ഉണൎത്തി. കാമം മൂത്താൽ ഭ്രാന്താകുമെന്നും ആരാൻെറ അമ്മയ്ക്കു് ഭ്രാന്തു പിടിച്ചാൽ കാണാൻ നല്ല രസമാണെന്നും ചൊല്ലുണ്ടല്ലൊ. രാമനും ആ ഭ്രാന്തു കണ്ടു രസിക്കാൻ തീൎച്ചയാക്കി. മനുഷ്യസഹജമായ ദൗർബല്യം. പക്ഷെ, ബുദ്ധിയും സംസ്കാരവുമില്ലാത്ത ക്രൂരസത്വങ്ങളോടു് പരിഹാസം അപകടകരമാണെന്നു് രാമൻ ഉടനെ കണ്ടു. രാമനു വരാനിരിക്കുന്ന വിപത്തുകളുടെയെല്ലാം വിത്തു് ഈ പരിഹാസത്തിലാണു്. വരുംവരായ്കകളെക്കുറിച്ചാലോചിക്കാതെ, കഥയില്ലാതെ പറയുന്ന വീൺവാക്കുകളും മണ്ടത്തരങ്ങളും എന്തെന്തു് അനൎത്ഥങ്ങൾക്കു് കാരണമാകുന്നില്ല! ശൂൎപ്പണഖ രാമനെ തട്ടിയെടുക്കാൻ സീതയെ നിന്ദിച്ചു. പരിഹാസത്തിനായി ലക്ഷ്മണനും അതേ വാക്കുകൾ കൊണ്ടു് സീതയെ വിശേഷിപ്പിച്ചു. സ്വജനങ്ങളിൽ

നിന്നും സ്നേഹമസൃണവും ആദരപൂർവ്വവുമായ വാക്കുകൾ മാത്രം കേട്ടു പരിചയിച്ചിട്ടുള്ള മൈഥിലിയുടെ ഉള്ളിൽ ഈ പരിഹാസം തട്ടിയിരിക്കുമോ? പരിഹാസമായിട്ടാണെങ്കിലും, അറിയാതെയെങ്കിലും ലക്ഷ്മണൻ അങ്ങനെ സീതയുടെ സ്ത്രീത്വത്തെ മുറിപ്പെടുത്തിയിരിക്കുമോ? ഒരു പക്ഷെ ചെയ്തിരിക്കും. സീതയുടെ ഉപബോധമനസ്സിൽ അതൊരു ശല്യമേല്പിച്ചിരിക്കും. മാരീചരോദനം രാമന്റെ ദീനനാദമെന്ന് തെററിദ്ധരിച്ച സീത, ലക്ഷ്മണനെ കണ്ണു കഠോരമായ തരത്തിൽ ശകാരിക്കുവാൻ ഉള്ളിലെ ഈ ഗൂഢ ശല്യം ഒരു പക്ഷെ പ്രേരകമായിരുന്നിരിക്കാം.

## ഖരവധം

സോദരീവാക്കു കേട്ടു ഖരൻ രാമലക്ഷ്മണന്മാരേയും സീതയേയും കൊന്ന് ചോര ശൂർപ്പണഖയ്ക്ക് കൊടുക്കാൻ ആജ്ഞ നൽകി പതിന്നാലു രാക്ഷസന്മാരെ അയച്ചു. ശൂർപ്പണഖ അവരെ കൂട്ടിക്കൊണ്ടുപോയി. രാക്ഷസന്മാരെക്കണ്ടു രാമൻ ലക്ഷ്മണനോടു സീതയെ കാത്തുകൊള്ളാൻ പറഞ്ഞിട്ട് പോരിനൊരുങ്ങി. പ്രാണനിൽക്കൊതിയുണ്ടെങ്കിൽ മണ്ടിക്കൊൾവാൻ രാമനവരോടു പറഞ്ഞു. അവർ ശൂലംകൊണ്ട് ഉത്തരം പറഞ്ഞു. ശിലാശിതങ്ങളായ പതിന്നാലു നാരാചങ്ങൾ രാമൻ അവരുടെ നേർക്കു വില്ലുവലിച്ചയച്ചു. അരക്കർ ചത്തുമലച്ചു.

ശൂർപ്പണഖ വീണ്ടും കണ്ണുനീരും വാർത്തുകൊണ്ടു ഖരന്റെ മുമ്പിലെത്തി. ഇരുകൈയ്യുംകൊണ്ടും വയററത്തടിച്ചു വിലപിച്ചുകൊണ്ട് ഖരനെ നിന്ദിച്ചു. ഖരൻ കലികൊണ്ടു. സേനാപതി ദൂഷണനെ വിളിച്ച് പതിന്നാലായിരം സേനയെ പോരിനു തയ്യാറാക്കാൻ കല്പനയായി. നാനായുധപാണികളായ യോധന്മാരോടുകൂടി ഖരൻ പുറപ്പെട്ടു. വഴിക്ക് പലതരത്തിലുള്ള ദുർന്നിമിത്തങ്ങളും കണ്ടു. അതൊന്നും കൂട്ടാക്കാതെ രക്ഷോഗണം യാത്ര തുടന്നു.

രാമൻെറ വലതുകൈയ് തുടിച്ചു. നിമിത്തങ്ങാം പലതും കണ്ടു. ലക്ഷ്മണൻെറ മുഖം പ്രസന്നം. രാമൻ അനുജനോട്ട് പറഞ്ഞു: “വലിയ ആപത്തടുത്തിരിക്കുന്നു; ശത്രുക്കാംക്ക് തോൽവിയും നമുക്ക് ജയവും നിശ്ചിതം. എന്നിരുന്നാലും ആപത്തടുക്കുമ്പോാം ബുദ്ധിയുള്ള മനുഷ്യൻ ആവുന്ന മുൻകരുതലുകളൊക്കെ ചെയ്യേണ്ടതുണ്ടു്. നീ സീതയേയും കൂട്ടി ചാപബാണങ്ങളും ധരിച്ച് പർവ്വതഗുഹയിൽ പോയി പാക്കുക. എൻെറ ഈ നിർദ്ദേശത്തെ നീ എതിക്കുന്നതു് എനിക്കു സമ്മതമല്ല. എൻെറ കാലുതൊട്ടാണയിട്ടു കൊണ്ടു്, വത്സ, നീ പോവുക. നീയൊററയ്ക്കിവരെയെല്ലാം കൊല്ലാൻ പോന്നവനാണു്. എന്നാൽ ഇവരെയെല്ലാം എനിക്കൊററയ്ക്ക് കൊല്ലണമെന്നാണാഗ്രഹം.” ലക്ഷ്മണൻ ജ്യേഷ്ഠൻെറ കല്പനയനുസരിച്ചു. രാമൻ പോരിനൊരുങ്ങി. ദേവഗന്ധർവ്വസിദ്ധന്മാരും മഹർഷിമാരും യുദ്ധം കാണാൻ എത്തി. രാമനു് ഒററയ്ക്ക് അരക്കപ്പരിഷയോടെതിരിടാൻ ആവുമോ എന്നവർ ഭയന്നു. അവരദ്ദേഹത്തിനു് മംഗളം ആശംസിച്ചു. രാമൻ ക്രോധം കൈക്കൊണ്ടു. കണ്ടവരെല്ലാം പേടിച്ചു. സംഹാരരുദ്രനോ എന്നു സംശയിച്ചു.

ഖരൻ രാമനോടേററു. അരക്കർ ശരമാരി പൊഴിച്ചു. രാമൻ തടഞ്ഞു. പിന്നെയും ശസ്ത്രവൃഷ്ടി. മഴയേററ മല പോലെ രാമൻ ചെറുത്തു. രാമൻ അമ്പെടുക്കുന്നതും തൊടുക്കുന്നതും എയ്യുന്നതും കാണാനൊക്കുന്നില്ല. രാമസായകങ്ങളേററു രാക്ഷസസേന ഒട്ടേറെ ചത്തൊടുങ്ങി. ദൂഷണൻ സ്വസേനയെ രാമനെതിരെ നയിച്ചു. രാമൻ അവൻെറ കൈകളറുത്തു. അവൻ മറിഞ്ഞു വീണു. വന്നെതിരിട്ട അരക്കരെ രാമൻ അരിഞ്ഞുതള്ളി. ത്രിശിരസ്സ് അടരിനെത്തി. അവൻെറ ആയോധനപാടവത്തെ രാമൻ അഭിനന്ദിച്ചു. പതിന്നാലമ്പുകാം അവൻെറ നെഞ്ചത്തയച്ച് അവനെ കൊന്നു.

ഖരനു പേടിപിടിച്ചു. ഇരുവരും ഘോരമായ്പൊരുതി. അമ്പററു് തേരുടഞ്ഞു് ഗദയുമേന്തി ഖരൻ നിലത്തുനിന്നു. അവൻ ചെയ്ത ക്രൂരകർമ്മങ്ങളെക്കുറിച്ചു് രാമൻ ഭർത്സിച്ചു. അവൻെറ പാപഫലം അനുഭവിക്കാറായെന്നും പറഞ്ഞു. അവൻ രാമനുനേരെ ഗദ പ്രയോഗിച്ചു. ശരംകൊണ്ടതിനെ രാമൻ ആകാശത്തിൽ വെച്ചുതന്നെ കണ്ടം തുണ്ടമാക്കി. ഇന്ദ്രദത്തമായ ഒരു ശരമെയ്തു് ഖരനെ നിഗ്രഹിച്ചു. മൂന്നുനാഴികനേരംകൊണ്ടു് രാമൻ ഏകനായി അരക്കന്മാർ പതിന്നാലായിരത്തേയും കൊന്നൊടുക്കി. ദേവാദികൾ രാമനെ വാഴ്ത്തി. ലക്ഷ്മണൻ സീതയേയും കൂട്ടി ഉടജത്തിലെത്തി. ശത്രുസംഹാരം ചെയ്തെത്തിയ ഭർത്താവിനെ വൈദേഹി പരിരംഭണം ചെയ്തു.

**പൊന്മാൻ**

രാവണചാരനായ അകമ്പനൻ ഓടി ലങ്കയിലെത്തി വൃത്താന്തമെല്ലാം ഉണർത്തിച്ചു. രാമനിഗ്രഹത്തിനു ചാടിപ്പുറപ്പെടാൻ രാവണനൊരുങ്ങി. വിക്രമംകൊണ്ടു് രാമനെ അടക്കാവതല്ലെന്നു പറഞ്ഞു് അകമ്പനൻ അവനെ അടക്കി. പകരം, സീതാപഹരണം ഉപദേശിച്ചു. സീത നഷ്ടപ്പെട്ടാൽ രാമൻ ഉരുകി ചത്തുകൊള്ളും. ഉപായം രാവണനു് നന്നേ പിടിച്ചു. രാവണൻ താടകാപുത്രനായ മാരീചൻെറ അടുക്കലെത്തി. സീതാപഹരണത്തിനു് സാചിവ്യം അപേക്ഷിച്ചു. സീതാരാമന്മാരുടെ പേരു കേട്ടപ്പൊഴേ മാരീചനു ഭയമായി. സർവ്വനാശകരമായ അത്തരം കൃത്യത്തിനു് ഒരു കാലവും ഒരുമ്പെടരുതെന്നു് അവൻ ഉപദേശിച്ചു. ഈ ഉപായം പറഞ്ഞുകൊടുത്തവൻ രാവണൻെറ പരമശത്രുവാണെന്നും പറഞ്ഞു. ഇതു കേട്ട രാവണൻ സ്വഗൃഹത്തിലേയ്ക്കു മടങ്ങി.

ഖരവധം കണ്ടു കാതരയായ ശൂർപ്പണഖ രാവണസമീപം പാഞ്ഞെത്തി. കോപത്തോടെ അവൾ രാവ

ണനെ നിന്ദിച്ചു. അവൻ കലികൊണ്ടു. അവന്റെ ചോദ്യത്തിനുത്തരമായി രാക്ഷസി നടന്ന വൃത്താന്തങ്ങളെല്ലാം പറഞ്ഞുകേൾപ്പിച്ചു. സീതയെ തട്ടിക്കൊണ്ടുവന്നു ജ്യേഷ്ഠനു സമർപ്പിക്കാൻ ഒരുമ്പെട്ടപ്പോൾ ലക്ഷ്മണൻ തന്നെ വിരൂപയാക്കുകയാണുണ്ടായതെന്നും അവൾ പറഞ്ഞു. സീതയെ എങ്ങനെയെങ്കിലും തട്ടിയെടുക്കണമെന്നും അവൾ ഉപദേശിച്ചു.

രാവണൻ അനന്തരകരണീയം ചിന്തിച്ചു. വീണ്ടും മാരീചാശ്രമത്തിലെത്തി. സീതാപഹരണത്തിനു സഹായം തേടി. പൊന്മാൻവടിവാണ്ടു ചെന്നു് സീതയെ മോഹിപ്പിച്ചു് രാമലക്ഷ്മണന്മാരെ അകററണമെന്നും, തത്സമയം താൻ സീതയേയുംകൊണ്ടു കടന്നുകൊള്ളാമെന്നും പറഞ്ഞു. രാമകഥ കേട്ട മാരീചന്റെ മുഖംവാടി. അപ്രിയമെങ്കിലും പഥ്യമായ വാക്കുകൾ മാരീചൻ പറഞ്ഞു നോക്കി. വിശ്വാമിത്രന്റെ യാഗവിഘ്നത്തിനു ചെന്നപ്പോൾ തനിക്കു കിട്ടിയ സമ്മാനം പറഞ്ഞുകേൾപ്പിച്ചു. രാമനെതിരു നില്ക്കാനാക്കുമാവില്ലെന്നും, കുലനാശം വരുത്തരുതെന്നും ഉപദേശിച്ചു. അതൊന്നും രാവണൻ ചെവിക്കൊണ്ടില്ല. സീതാമോഷണത്തിനു് സഹായിച്ചില്ലെങ്കിൽ തല കൊയ്യുമെന്നായി രാവണൻ. മാരീചൻ വീണ്ടും വീണ്ടും ഈ ദുർമ്മാർഗ്ഗത്തിൽനിന്നു പിൻതിരിയാൻ പറഞ്ഞു. രാമനെക്കണ്ടാൽ താൻ മരിക്കുമെന്നും, സീതാപഹരണം ചെയ്താൽ രാക്ഷസകുലം മുടിയുമെന്നും മാരീചൻ പറഞ്ഞു.

ആയുസ്സററവനുണ്ടോ ഹിതോപദേശം കൈക്കൊള്ളുന്നു! രാവണഭയംകൊണ്ടു മാരീചൻ അവൻ ചൊന്നപടി ചെയ്യാമെന്നേററു. രാവണൻ മാരീചനെ വിമാനതുല്യമായ രഥത്തിലേററി രാമാശ്രമസമീപം വിട്ടു. പൊന്മാൻ വന്നു് ആശ്രമസമീപം തുള്ളിച്ചാടി. പൂപറിക്കാൻ പുറത്തുവന്ന വൈദേഹി രത്നമൃഗത്തെ കണ്ടു. അദൃഷ്ട

പൂവ്വമായ സുവൎണ്ണമൃഗത്തെക്കണ്ടു് അവനിമകൾ വിസ്മയമാണ്ടു.

മായാമൃഗത്തിൽ മോഹംപൂണ്ടു് മൈഥിലി ഭത്താവിനേയും ലക്ഷ്മണനേയും വിളിച്ചു. അവർ വേഗം വന്നു. മൃഗത്തെക്കണ്ടു. ലക്ഷ്മണനു സംശയം ജനിച്ചു. മാനായി വന്ന മാരീചനാണതെന്നു പറയുകയും ചെയ്തു. ലോകത്തിൽ ഇത്തരം മാൻ ഇല്ല. തീച്ചയായുമിതു് മായാമൃഗമാണു് എന്നു പിന്നെയും ലക്ഷ്മണൻ. ലക്ഷ്മണനെ തടഞ്ഞുകൊണ്ടു് വേഷത്താൽ വഞ്ചിതയായ സീത രാമനോടപേക്ഷിച്ചു: 'ആയ്യപുത്ര, ഈ വിചിത്രമൃഗം എൻെറ മനസ്സിനെ ഹരിക്കുന്നു. അതിനെ പിടിച്ചുതന്നാലും. എനിക്കു് കളിക്കാൻ കൊള്ളാം. നമ്മുടെ ആശ്രമപദത്തിൽ അനേകം മൃഗങ്ങൾ വിഹരിക്കുന്നുണ്ടു്. അവയിലൊന്നു പോലും ഇതിനു സദൃശമല്ല. നാനാവൎണ്ണവിചിത്രാംഗമായ ഈ കനകമൃഗത്തിൻെറ കാന്തികൊണ്ടു് കാനനംകൂടി പ്രഭാപൂൎണ്ണമാകുന്നു. ഹാ, എന്തൊരു രൂപം, എന്തൊരു കാന്തി, എന്തൊരു ശബ്ദഭംഗി! ആവുമെങ്കിൽ ജീവനോടെ പിടിച്ചുകൊണ്ടു വന്നാലും. വനവാസംകഴിഞ്ഞു് അയോദ്ധ്യയിൽ മടങ്ങിയെത്തുമ്പോൾ ഇതു് അന്തഃപുരത്തിനൊരലങ്കാരമായിരിക്കും. ഭരതനും നമ്മുടെ അമ്മമാക്കും ഇതു് വിസ്മയമുളവാക്കും. ജീവനോടെ പിടിക്കാനൊത്തില്ലെങ്കിൽ കൊന്നിട്ടായാലും മതി. അതിൻെറ തോലു വളരെ ഭംഗിയായിരിക്കും. അതിൻെറ കനകാജിനം കുശാസ്തരണത്തിൽ വിരിച്ചു് അതിലിരിക്കാൻ എനിക്കു കൊതി തോന്നുന്നു. സ്ത്രീകൾക്കിങ്ങനെ അതിലോഭം തോന്നരുതാത്തതാണു്, അപകടകരവുമാണു്; എന്നാലും ഇതിൻെറ ഭംഗി എന്നെ വല്ലാതെ ആകഷിക്കുന്നു.'' ആ അപൂവ്വമൃഗം രാമൻെറയും മനസ്സിനെ കവന്നു. പോരാത്തതിനു് സീതയുടെ പ്രേരണയും ഇവ്വിധമുണ്ടായി. രാമൻ ലക്ഷ്മണനോടു പറഞ്ഞു: ''നോക്കൂ ലക്ഷ്മണ, സീതയുടെ

അതിയായ ആശ. ഇതിൻെറ അപൂവ്വഭംഗി കണ്ടാൽ ഇതു മൃഗമാകാനിടയില്ല. ഇന്ദ്രലോകത്തിലോ കുബേരനഗരിയിലോ ഭൂതലത്തിലോ ഇതുപോലൊരു മൃഗം കാണുകയില്ല. നാനാരത്നവിചിത്രമായ ഇതിൻെറ കാന്തിയിൽ ആരുടെ മനംതന്നെ മയങ്ങുകയില്ല! എന്തൊരു മിനുമിനുത്ത പൊൻതോല്പ്! നീ പറയുമ്പോലെ മാരീചമായയാണിതെങ്കിൽ അവനെ കൊല്ലുകതന്നെ വേണം. ഈ ദുഷ്ടനായ മാരീചൻ അനേകം മുനിമാരെ ഹിംസിച്ചിട്ടുണ്ട്; പല രാജാക്കന്മാരെയും ചതിച്ചുകൊന്നിട്ടുണ്ട്. അതിനാലിവനെ കൊല്ലണം. ഇതു് എന്നെ ചതിക്കാൻ വന്ന ആ രാക്ഷസനാകാനിടയില്ല. അഥവാ ധമ്മിഷ്ഠനും ജിതേന്ദ്രിയനുമായ എന്നെ ചതിക്കാനവൻ പുറപ്പെട്ടുകയാണെങ്കിൽ ഇതുകൊണ്ടവൻെറ കഥയും തീൎന്നു. നീ ആയുധപാണിയായി സീതയേയും കാത്തിവിടെ നില്ക്കുക. സീതാരക്ഷണമാണു് നമ്മുടെ കത്തവ്യം. ഞാൻ മാനിനെ കൊണ്ടുവരാം. അല്ലെങ്കിൽ അരക്കനെ കൊന്നുവരാം. മാൻതോലിൽ കൊതിപൂണ്ട സീതയെ ഞാൻ വരുവോളം കാത്തുകൊൾക. ഈ അഴകാൎന്ന തോല്പ കണ്ടിട്ടു് ഇതു മൃഗമാകാനിടയില്ലെന്നു തോന്നുന്നു. നീ കരുതലോടെ കാത്തുകൊള്ളണം. തോല്പംകൊണ്ടിപ്പോൾ വന്നേക്കാം. ജടായുവും ചുഴലെപ്പറന്നു് കാക്കട്ടെ. നാലുഭാഗവും ജാഗ്രതയോടെ കാത്തുകൊള്ളണം.''

## ഭവിതവ്യം ഭവിഷ്യതി

മായാമൃഗം മാരീചനാണെന്നു ലക്ഷ്മണൻ കണ്ടു. ആ വിവരം രാമനോടു പറയുകയും ചെയ്തു; തീൎത്തും പറഞ്ഞു. എന്നിട്ടും രാമൻ എന്തുകൊണ്ടു് ലക്ഷ്മണൻെറ അഭിപ്രായം പൂൎണ്ണമായി സ്വീകരിച്ചില്ല? രാമനും സംശയം തോന്നിയില്ലെന്നില്ല. തോന്നി, ശക്തിയായി തോന്നി. എന്നാലും അതിൻെറ മനോഹാരിതയാൽ മോഹിതനുമായി.

പോരാത്തതിനു്, ഭപ്രയസിയുടെ പ്രേരണയും പിന്നിൽ. ഇക്കോതി ആപത്തിനാണെന്നു സീതയുടെ നാക്കും സൂചിപ്പിക്കുകയുണ്ടായി. ഇതിൽ ചതിയുണ്ടാകാമെന്നു രാമനും തോന്നാതിരുന്നില്ല. നേരായാലും ചതിയായാലും അതിനെ പിടിക്കുന്നതു നല്ലതാണെന്നു തീച്ച്പ്പെടുത്തി രാമൻ പുറപ്പെടുകയാണു ചെയ്യുന്നതു്.

രാമൻ അവതാരമാണെന്നു് വിശ്വസിക്കുന്നവക്കു് അദ്ദേഹമിതിൽ അറിഞ്ഞുകൊണ്ടു ചെന്നുചാടുകയാണു ചെയ്യുന്നതെന്നു് തീച്ച്യുണ്ടു്. കവിവണ്ണന അങ്ങനെ വ്യാഖ്യാനിക്കുന്നതിനും ഇട തരുന്നുണ്ടു്. അല്ലെങ്കിൽ പിന്നെ വിധിയെന്നു സമാധാനിക്കാം. മഹാഭാരതകാരൻ ഈ സംഭവത്തെ അത്തരത്തിലാണു കാണുന്നതു്. ആദ്യത്തെ തവണ ചൂതിൽ തോററു് സവ്വവും നശിച്ച യുധിഷ്ഠിരനെ ദുര്യോധനദുഷ്കൃത്യങ്ങളൊക്കെ മറന്നു്, സ്വസ്ഥാനത്തേക്കു മടങ്ങിപ്പോകാൻ ധൃതരാഷ്ട്രൻ അനുവദിച്ചു. പരിഭ്രാന്തനായ ദുര്യോധനൻെറ നിർബന്ധപ്രകാരം വീണ്ടും ചൂതാടാൻ വരണമെന്നു് അന്ധരാജൻ യുധിഷ്ഠിരനാളയച്ചു. പ്രാതികാമി വന്നു് യുധിഷ്ഠിരനോടു് രാജാജ്ഞ അറിയിച്ചു. അപ്പോഠം യുധിഷ്ഠിരൻ പറഞ്ഞതാവിതു്:

* ധാതുർനിയോഗാദ് ഭൂതാനി പ്രാപ്നുവന്തി ശുഭാശുഭം,
ന നിവൃത്തിസ്തയോരസ്തി ഭവിതവ്യം പുനർയദി.
അക്ഷദ്യൂതേ സമാഹ്വാനം നിയോഗാത് സ്ഥവിരസ്യ ച,
ജാനന്നപി ക്ഷയകരം നാതിക്രമിതുമുത്സഹേ.
അസംഭവോ ഹേമമയസ്യ ജന്തോസ്തഥാപി രാമോ ലുലുഭേ മൃഗായ
പ്രായഃ സമാസന്നപരാഭവാണാംധിയോ വിപര്യസ്തതരം ഭവന്തി.

'വിധിവിഹിതമനുസരിച്ചു ജീവികഠംക്കു ശുഭാശുഭങ്ങഠം വന്നുചേരുന്നു. ഇനിയും ചൂതുകളിക്കണമെന്നാണെങ്കിൽ, അവക്കു പരിഹാരമില്ല. അച്ഛൻെറ ആജ്ഞ, ചൂതിനുള്ള വെല്ലുവിളിയും. ആപത്കരമായിരുന്നാലും അതിനെ അതിക്ര

* മ. ഭാ. സഭ. അനുദ്യൂതപവ്വണി 76— 3,4,5.

മിക്കാൻ ഞാൻ വിചാരിക്കുന്നില്ല. കനകമയമായിട്ടൊരു മൃഗവും ഇല്ല എന്നറിഞ്ഞിരുന്നിട്ടും രാമനതിൽ മോഹമാണ്ടു. ആപത്തടുത്തവരുടെ ബുദ്ധി സാധാരണ വിപരീതമായിത്തീരുന്നു.' അതെ, 'ഭവിതവ്യം ഭവിഷ്യതി'. ഈശ്വരന്മാർക്കുപോലും അതിനെ അന്യഥാകരിക്കാൻ എളുപ്പമല്ല. രാമൻ മാനിനെ പിടിക്കാൻ പുറപ്പെട്ടു.

## സീതേ, കണ്ണുകഠോരം!

പൊന്മാൻ ചാടിയും ഓടിയും ഒട്ടുദൂരം പോയി. രാമൻ പിന്തുടൎന്നു. പിടികൊടുക്കാതെ കൂത്താടിക്കൊണ്ടിരുന്ന മൃഗത്തിന്റെ നേരെ രാമന്നു കോപം വന്നു. തളൎന്നു് ഒരു മരത്തണലിൽ നില്പായി. മൃഗയൂഥത്തിൽ അകലെയായി പൊന്മാനിനെ കണ്ടു. കണ്ടപാടെ അമ്പും വിട്ടു. അമ്പേററു മേലോട്ടുതെറിച്ചു് താഴെ വീണു മാരീചൻ. രാമസ്വരം അനുകരിച്ചുകൊണ്ടു്, 'ഹാ സീതേ, ഹാ ലക്ഷ്മണാ' എന്നുച്ചത്തിൽ വിളിച്ചുകൊണ്ടു് അവൻ ചത്തുവീണു.

മാരീചന്റെ മൃതദേഹം കണ്ടപ്പോഠം ലക്ഷ്മണൻ പറഞ്ഞതോൎമ്മിച്ചു. അവന്റെ കപടരോദനം കേട്ടു സീതയും ലക്ഷ്മണനും എന്തു ചെയ്യുമോ എന്നു രാമൻ വ്യാകുലപ്പെട്ടു. വേറൊരു മാനിനേയും കൊന്നെടുത്തുകൊണ്ടു രാമൻ വേഗം ആശ്രമാഭിമുഖം പുറപ്പെട്ടു.

ആൎത്തസ്വരം കേട്ടു് പരിഭ്രാന്തയായ സീത ലക്ഷ്മണനോടു വേഗം ജ്യേഷ്ഠന്റെ തുണയ്ക്കോടിയെത്താൻ പറഞ്ഞു. ലക്ഷ്മണൻ കൂട്ടാക്കിയില്ല. സീത കുപിതയായി. തന്നെ തട്ടിക്കൊണ്ടുപോകാൻ തക്കവും നോക്കി രാമന്റെ നാശവും കാത്തിരിക്കുന്ന ശത്രുവാണു സൗമിത്രിയെന്നു സീത ശകാരിച്ചു. തന്റെ ജ്യേഷ്ഠന്നു് ഒരു കാലവും ആൎത്തസ്വരം ഉണ്ടാവുകയില്ലെന്നും, രാമനോടെതിരിടാൻ ത്രിലോകത്തിലും ആരുമില്ലെന്നും, ജ്യേഷ്ഠൻ സസുഖം വേഗം മടങ്ങി

യെത്തുമെന്നും ലക്ഷ്മണൻ ഉറപ്പുകൊടുത്തു. ദേവരവാക്യം കേട്ട കലികൊണ്ട കണ്ണുംചുവപ്പിച്ചുകൊണ്ടു് അവനിമകരം അലറി: ''അനാര്യ, കുലാധമ, ദുഷ്ട, രാമൻ നശിക്കണമെന്നാണു് നിൻെറ ആഗ്രഹം. അതാണു് നീയിപ്രകാരം പുലമ്പുന്നതു്. നിന്നെപ്പോലെയുള്ള കപടമിത്രങ്ങരം ഇങ്ങനെയാണിരിക്കുന്നതു് അത്ഭുതമല്ല. നീ രാമൻെറ പിന്നാലെ കൂടിയിരിക്കുന്നതു് എന്നെ തട്ടിയെടുക്കാൻ വേണ്ടിയാണല്ലേ? അഥവാ ആ ഭരതൻ നിന്നെയിതിനു നിയോഗിച്ചിരിക്കയാണു്. എടാ സുമിത്രാപുത്ര, നിൻെറ ഉദ്ദേശം ഒരു കാലത്തും നടക്കില്ല. രാമനെയൊഴിച്ചാരെയും ഞാൻ തൊടില്ല. നിൻെറ മുമ്പിൽവെച്ചുതന്നെ ഞാൻ പ്രാണൻ കളയും.''

ജിതേന്ദ്രിയനായ സൗമിത്രി ഈ പരുഷവാക്കുകരം കേട്ടു് കൂപ്പുകൈയോടെ പറഞ്ഞു: ''ദേവിയുടെ വാക്കുകരംക്കു് ഉത്തരം പറയാൻ ഞാനൊരുമ്പെടുന്നില്ല. എൻെറ ആരാധ്യദേവതയാണു് ഭവതി. സീതേ, സ്ത്രീകളിങ്ങനെ പറയുന്നതു് ആശ്ചര്യമല്ല. അതവരുടെ സ്വഭാവമാണു്. വിമുക്തധമ്മകളും ചപലകളും തീക്ഷ്ണകളും കലഹകാരിണികളുമാണു സ്ത്രീകരം. ഈ വാക്കുകരം എനിക്കു് അസഹ്യങ്ങളാകുന്നു. ചെവിയിൽ നാരായം പഴുപ്പിച്ചുവെച്ചതു പോലെ തോന്നുന്നു. വനദേവതമാരെ, നിങ്ങരം എനിക്കു് സാക്ഷി നില്ക്കുവിൻ. ഞാൻ ശരിയായുള്ളതു പറഞ്ഞു. ഭവതിയതിനെന്നോടു പരുഷമരുളി. എന്നെയിങ്ങനെ സംശയിക്കുകകാരണം നാശമടുത്ത ഭവതി നിന്ദാഹ്യയാകുന്നു. ഗുരുവാക്യമനുസരിക്കുന്ന എന്നെ സ്ത്രീസ്വഭാവംകൊണ്ടു് ദുഷ്ടയായിട്ടിങ്ങനെ നിന്ദിക്കുന്ന ദേവി നിന്ദനീയയാണു്. ദേവി, ഭവതിക്കു് മംഗളം ഭവിക്കട്ടെ. ഞാൻ രാമസമീപം പോകുന്നു. ഭവതിയെ വനദേവതമാർ കാക്കട്ടെ. ദുന്നിമിത്തങ്ങരം പലതും കാണാകുന്നു. രാമനോടൊത്തു മടങ്ങിയെത്തി ദേവിയെ വീണ്ടും കാണാനിടവരട്ടെ.''

സീത കണ്ണുനീരിൽ കുളിച്ചുകൊണ്ടു പറഞ്ഞു: ''ലക്ഷ്മണാ, രാമനെ കണ്ടില്ലെങ്കിൽ ഞാൻ പുഴയിൽച്ചാടും, കെട്ടിത്തൂങ്ങിച്ചാകും, മലമുകളിൽനിന്നെടുത്തു ചാടും, വിഷം കുടിക്കും, തീയിൽച്ചാടും. എങ്ങനെയെങ്കിലും പ്രാണൻ കളയും.'' ഇപ്രകാരം ലക്ഷ്മണനോടു കടുത്ത വാക്കുകൾ പറഞ്ഞുകൊണ്ട് മൈഥിലി വയററത്തടിച്ചു മുറയിട്ടു.

സീതയെ ആശ്വസിപ്പിച്ചുകൊണ്ട്, അഭിവാദ്യം ചെയ്ത് ബദ്ധാഞ്ജലിയായി തിരിഞ്ഞുതിരിഞ്ഞുനോക്കിക്കൊണ്ട് ലക്ഷ്മണൻ രാമനെത്തേടി നടകൊണ്ടു.

ഭർത്തൃവിപത്ത് ആശങ്കിച്ച മൈഥിലി പരിഭ്രാന്തയായി. അരുതാത്തതു പലതും പറഞ്ഞു, പവിത്രതാമൂർത്തിയായ സൗമിത്രിയോട്. ക്രൂരവാക്കുകൾ, കഠിനകഠോരങ്ങളായ വാക്കുകൾ. ഈ ചുററുപാടിൽ രാമാജ്ഞ ലംഘിക്കാതെ ലക്ഷ്മണന് ഗത്യന്തരമില്ലാതെയായി. ആ പരിശുദ്ധഹൃദയത്തെ ഇവ്വിധം നോവിച്ചതിന്, സീതേ, ഭവതി പ്രായശ്ചിത്തം ചെയ്യേണ്ടതായ്വന്നു. തീയിൽ ചാടേണ്ടതായ്വന്നു. പ്രാപ്തചാരിത്രസന്ദേഹയെന്നും, തനിക്കവളെ ആവശ്യമില്ലെന്നും, യഥേഷ്ടം ആരുടെക്കൂടെയെങ്കിലും പൊയ്ക്കോളൂ എന്നും സ്വന്തം പ്രാണനാഥൻെറ നാവിൽനിന്ന് രാവണവധാനന്തരം കേൾക്കായ്വന്നു. കർമ്മം അതിൻെറ ഫലം അനുഭവിപ്പിക്കാതെ ആരെയും വിടുകയില്ല എന്നല്ലേ ഇതിൻെറ അർത്ഥം?

## സീതാപഹരണം

രാവണൻ പരിവ്രാജകവേഷത്തിൽ സീതാസവിധമെത്തി. മാരവേഗാതുരനായ അവൻ സീതയുടെ സൗന്ദര്യത്തെ സ്തുതിച്ചു. ബ്രാഹ്മണനെന്നു കരുതി സീത അവന് ആതിഥ്യമര്യാദകളെല്ലാം ചെയ്തു. അവളുടെ വൃത്താന്തമെല്ലാം അവൻ ചോദിച്ചു. ചോദിച്ചതിനുത്തരം പറഞ്ഞില്ലെങ്കിൽ അതിഥിബ്രാഹ്മണൻെറ ശാപമേല്പ്പെട്ടെങ്കിലോ

എന്നു ഭയന്നു വൈദേഹി ഇപ്രകാരം പറഞ്ഞു: ''ജനകമഹാരാജൻെറ പുത്രി സീതയാണു ഞാൻ; ദശരഥപുത്രനായ രാമൻെറ പ്രിയമഹിഷിയും. ഇക്ഷ്വാകുകുലത്തിൽ പന്ത്രണ്ടു സംവത്സരം ഞങ്ങൾ സുഖമായി പാൎത്തു. പതിമ്മൂന്നാം കൊല്ലം രാമനെ അഭിഷേകം ചെയ്യാൻ ദശരഥൻ തീൎച്ചപ്പെടുത്തി. അപ്പോൾ കൈകേയി അഭിഷേകം മുടക്കി, ഞങ്ങളെ കാട്ടിലയച്ചു. തേജസ്വിയായ എൻെറ നാഥനിപ്പോൾ വയസ്സിരുപത്തഞ്ച്; എനിക്കു് വയസ്സു പതിനെട്ടുമായി. കൈകേയിയുമായുള്ള കരാറനുസരിച്ചു പതിന്നാലുകൊല്ലം ഞങ്ങൾ കാട്ടിൽ പാൎക്കണം. എൻെറ ഭൎത്താവിൻെറ വൈമാത്രസോദരനായ ലക്ഷ്മണനും ഞങ്ങളോടൊപ്പം പോന്നു. ഹേ ബ്രാഹ്മണ, അങ്ങല്പം വിശ്രമിച്ചാലും. എൻെറ പ്രാണനാഥൻ നല്ല കാട്ടുകനികളുംകൊണ്ടു് ഇപ്പൊഴെത്തും.''

രാക്ഷസാധിപനായ രാവണൻ താനാരെന്നു വെളിപ്പെടുത്തി. തൻെറ ഭാൎയ്യാപദമലങ്കരിക്കാൻ അവൻ സീതയോടാവശ്യപ്പെട്ടു. സീത കോപംകൊണ്ടു. രാവണനെ നിന്ദിച്ചു, ധിക്കരിച്ചു. രാമപത്നിയായ തന്നിൽ കൊതിയാണ്ട അവൻെറ അന്തമടുത്തു എന്നുമവൾ മുന്നറിയിപ്പു കൊടുത്തു. സീത പേടിച്ചുവിറച്ചു.

രാവണൻ അവൻെറ പരാക്രമങ്ങളൊക്കെ പറഞ്ഞു കേൾപ്പിച്ചു് കൂടുതൽ ഭയപ്പെടുത്താൻ നോക്കി. കോപംകൊണ്ടു കലങ്ങിയ കണ്ണോടെ അവൾ രാവണനെ ഭൎത്സിച്ചു. അവൻ സ്വന്തം രൂപം കൈക്കൊണ്ടു. തൻെറ അനുനയങ്ങൾക്കൊന്നും അവൾ വഴങ്ങുകയില്ലെന്നു കണ്ടപ്പോൾ രാവണൻ സീതയുടെ മുടിയും തുടയും പിടിച്ചു മായാമയമായ ദിവ്യരഥത്തിൽ കയററിവെച്ചു. വനദേവതമാർ ഭയപ്പെട്ടോടി. സീത കിടന്നു പിടഞ്ഞു. തേരുയൎന്നു. സീതയ്ക്കു ഭ്രാന്തു പിടിച്ചു. അവൾ ലക്ഷ്മണനെ വിളിച്ചുകേണു. രാഘവനെ വിളിച്ചുകരഞ്ഞു. തരുവരങ്ങളോടും ഗോദാവരിയോടും

രാവണൻ തന്നെ അപഹരിച്ചുകൊണ്ടുപോകുന്ന വിവരം രാമനെ അറിയിക്കണേ എന്നപേക്ഷിച്ചു. പോകുംപൊഴുതു ജടായുവിനെ കണ്ടു. തൻെറ അപഹരണവൃത്താന്തം രാമലക്ഷ്മണന്മാരെ അറിയിക്കാൻ അവരം ജടായുവിനോടു് പറഞ്ഞു. ഉറക്കമൊണ്ടിരുന്ന ജടായു ഒച്ചകേട്ടുണൎന്നു; രാവണനേയും സീതയേയും കണ്ടു. താൻ ജീവനോടെയിരിക്കുമ്പോരം സീതയെ കടത്തിക്കൊണ്ടു പോകാനനുവദിക്കയില്ലെന്നും പറഞ്ഞു് രാവണനെ പോരിനു വിളിച്ചു. ഇരുവരും ഘോരമായ്പൊരുതി. ഒടുവിൽ രാവണൻ വാളെടുത്തു ജടായുവിൻെറ ചിറകും കാലും അറത്തു. ആ രാമകിങ്കരൻ പ്രാണൻ പിടഞ്ഞു നിലംപതിച്ചു. ചോരയിൽക്കുളിച്ചു കിടക്കുന്ന ഗൃദ്ധ്രരാജൻെറ അടുത്തേയ്ക്കു് ആതുരയായ സീത ഓടിച്ചെന്നു. അവരം വല്ലാതെ വിലപിച്ചു.

'രാമാ, ലക്ഷ്മണാ' എന്നിങ്ങനെ വിളിച്ചു കേഴുന്ന സീതയെ പിടിക്കാൻ രാവണനടുത്തു. അവരം മരങ്ങളെ കെട്ടിപ്പിടിച്ചു. അവൻ സീതയുടെ മുടിക്കു പിടിച്ചിഴച്ചു് തേരിൽക്കയററിക്കൊണ്ടു പോയി. മുനിമാർ പേടിച്ചരണ്ടു. ഇതു ദിവ്യദൃഷ്ടികൊണ്ടറിഞ്ഞ കമലജൻ, 'നമ്മുടെ കാര്യം സാധിച്ചു,' എന്നു കരുതി സന്തോഷിച്ചു. ആകാശത്തുകൂടെ പോകുംവഴിക്കു് ഒരു കുന്നിൻമുകളിൽ അഞ്ചു വാനരന്മാരെ കണ്ടു് സീത തൻെറ ആഭരണങ്ങരം ഉത്തരീയത്തിൽ പൊതിഞ്ഞു്, അവ രാമനു കാണാൻ സംഗതി വന്നെങ്കിൽ, എന്നാഗ്രഹിച്ചുകൊണ്ടു് താഴേയ്ക്കിട്ടു. രാവണൻ സീതയെ അന്തഃപുരത്തിലെത്തിച്ചു. സീതയുടെ കാവലിനു് രാക്ഷസികളേയും ഏല്പ്പെടുത്തി. രാമൻെറ വൃത്താന്തങ്ങരം അന്വേഷിച്ചറിയിക്കുന്നതിനു് ആയുധപാണികളായ എട്ടു രാക്ഷസന്മാരെ രാവണൻ ജനസ്ഥാനത്തിൽ ചാരന്മാരായി നിയോഗിച്ചു. സീതയോടു് തൻെറ കാന്തയാകാൻ അവൻ പലപാടു് അപേക്ഷിച്ചു. സീത കരഞ്ഞുകൊണ്ടിരുന്നു. അവരം ഒരു പുല്ക്കൊടി നുള്ളിയിട്ടു് അവനെ ധിക്കരിച്ചു. രാവണൻെറ

ആജ്ഞയനുസരിച്ച് രാക്ഷസികരം സീതയെ അശോക വനികയിൽ കൊണ്ടുപാപ്പിച്ചു.

## ഹൃതാ മൃതാ വാ ?

മാരീചനെ കൊന്നശേഷം രാമൻ ധിറുതിയിൽ ഉടജത്തിലേയ്ക്കു തിരിച്ചു. പിന്നിൽനിന്നു കുറുക്കൻ ഓരിയിട്ടു. രാമൻെറ ഉള്ളം നടുങ്ങി. സീതയ്ക്കെന്തു സംഭവിച്ചിരിക്കുമോ എന്നു സംശയിച്ചു. ദുർന്നിമിത്തങ്ങരം പലതും വേറെയും കണ്ടു. ബദ്ധപ്പെട്ടു നടന്നു. ലക്ഷ്മണൻ വരുന്നതു കാണായി. ഇരുവരുടേയും മുഖം വിഷണ്ണം. രാമൻ പറഞ്ഞു: ''ലക്ഷ്മണ, സീതയെ തനിച്ചാക്കിയിട്ടു നീ പോന്നതു് വളരെ തെററിപ്പോയി. സീതയ്ക്കാപത്തൊന്നും വരാതിരുന്നെങ്കിൽ! ഇല്ല, അതില്ല. അവളെ അരക്കർ ഹരിച്ചെന്നു വരാം, കൊന്നു തിന്നെന്നും വരാം. ഞാൻ പല അശുഭശകുനങ്ങളും കാണുന്നു.

* അസംശയം ലക്ഷ്മണ നാസ്തി സീതാ,
ഹൃതാ മൃതാ വാ പഥി വത്തതേ വാ.

സീതയ്ക്കാപത്തെന്തോ സംഭവിച്ചുവെന്നതു തീച്ച്. അവരം കൊല്ലപ്പെട്ടോ, അപഹരിക്കപ്പെട്ടോ എന്തവസ്ഥയിലോ ആവോ!''

അവർ ആശ്രമത്തിലോടിയെത്തി. അങ്ങുമിങ്ങും തിരഞ്ഞു. രാമൻ അല്ലലിൽ മുഴകി. എന്തുകൊണ്ടാണു് തൻെറ ശാസനത്തെ വെടിഞ്ഞു് സീതയെ വിട്ടുപോയതെന്നു രാമൻ ചോദിച്ചു. ലക്ഷ്മണൻ നടന്നകഥകരം പറഞ്ഞു കേരംപ്പിച്ചു. സീതാനഷ്ടംകൊണ്ടു് സന്തപ്തനായ ശ്രീരാമനെ ലക്ഷ്മണൻെറ വാക്കുകരംക്കു സമാധാനിപ്പിക്കാൻ കഴിഞ്ഞില്ല. കോപമാണ്ട സ്ത്രീയുടെ കടുമൊഴി കേട്ടു് തൻെറ നിദ്ദേശത്തെ അതിക്രമിച്ച് പുറപ്പെട്ടുപോന്നതിൽ രാമൻ ലക്ഷ്മണനെ കുററപ്പെടുത്തി.

---

* അരണ്യകാണ്ഡം, 57 – 23.

രാമന് ഇടംകണ്ണു് തുടിച്ചു, കാലിടറി. അദ്ദേഹം പിടയുന്ന നെഞ്ചോടെ അങ്ങുമിങ്ങും പാഞ്ഞു. മരങ്ങൾക്കിടയിലും വല്ലികൾക്കടിയിലും, കുന്നിലും കുഴിയിലും പുഴയിലും ഓടിനടന്നന്വേഷിച്ചു. വഴിയിൽക്കണ്ട മരങ്ങളോടും ചെടികളോടും, മാൻകളോടും ആനകളോടും കടുവകളോടും തൻെറ പ്രിയതമയെ കാണുകയുണ്ടായോ എന്നു കരഞ്ഞുകൊണ്ടന്വേഷിച്ചു. ഉന്മത്തനെപ്പോലെ ചിലപ്പോൾ സീതയെ കണ്ടുവെന്നു വിചാരിക്കും. പിന്നെയും കാണാത്തപ്പോൾ തന്നെക്കളിപ്പിക്കാൻ ഒളിച്ചിരിക്കയാണെന്നു കരുതും. സീതയെ രാക്ഷസന്മാർ കൊന്നാരോ തിന്നാരോ എന്നു കരയും. അണ്ണനും തമ്പിയുംകൂടി കാടെങ്ങും തേടി. സീതയെ തിരിയെക്കിട്ടുമെന്നു് പറഞ്ഞു രാമനെ സമാധാനിപ്പിക്കാൻ സ്വയം സന്താപമഗ്നനായ ലക്ഷ്മണൻ നോക്കി. 'സീതേ, പ്രിയേ,' എന്നിങ്ങനെ വിളിച്ചു വിലപിച്ചുകൊണ്ടു് രാമൻ പാഞ്ഞുനടന്നു.

എത്ര തേടിയിട്ടും എങ്ങു തേടിയിട്ടും ഒരു തുമ്പും കിട്ടാഞ്ഞു് രാമൻ അടക്കാനാവാത്ത ദുഃഖത്തിലാണ്ടു. ഇരുവരും കൂടി തിരഞ്ഞുനടക്കുമ്പോൾ കണ്ട മാൻകുലത്തോടു് സീതയെവിടെ എന്നു ചോദിച്ചു. അവ തെക്കോട്ടും മേലോട്ടും നോക്കി. അവയുടെ സങ്കേതം മനസ്സിലാക്കി അവർ തെക്കോട്ടു നടന്നു. വഴിക്കു് സീത ചൂടിയിരുന്ന പൂക്കൾ വീണു കിടക്കുന്നതു കണ്ടു. തുടൎന്നുചെന്നപ്പോൾ രണ്ടുപേർ തമ്മിൽ പോരാടിയതിൻെറ അടയാളം കണ്ടു. സീതയ്ക്കു വേണ്ടി രാക്ഷസന്മാർ തമ്മിൽ പടപൊരുതിയതായിരിക്കണമെന്നു കരുതി. വഴിയിൽ കണ്ട പൎവ്വതത്തോടും പുഴയോടും രാമൻ കോപിച്ചു. സീതയെ തിരിയെ കിട്ടിയില്ലെങ്കിൽ ത്രിലോകത്തെയും എരിച്ചുകളയുമെന്നു ഭീഷണിപ്പെടുത്തി. ജ്യേഷ്ഠൻെറ അഭൂതപൂൎവ്വമായ ക്രോധം കണ്ടു ലക്ഷ്മണൻ സാന്ത്വനമരുളി. ശത്രുവിനെ തേടിപ്പിടിക്കലാണു് അടുത്ത കൎത്തവ്യം എന്നുദ്ബോധിപ്പിച്ചു. അന്വേ

ഷണം തുടന്നു. മലപോലെ കിടക്കുന്ന ഒരു സത്വത്തെ കണ്ടെത്തി. സീതയെ തിന്നു് വിശ്രമിക്കുന്ന രാക്ഷസനെന്നു കരുതി കൊല്ലാനൊരുമ്പെട്ടു. ചോരതുപ്പിക്കൊണ്ടു് ഒരു വിധത്തിൽ ജടായു രാമനോടു്, സീതയേയും തൻെറ പ്രാണനേയും ഹരിച്ചതു് രാവണനാണെന്നു പറഞ്ഞു. സീതാഹരണം ചെയ്ത രാക്ഷസനെ താൻ ചെറുത്ത കഥ ചുരുക്കിപ്പറഞ്ഞു. രാമൻ ജടായുവിനെ കെട്ടിപ്പിടിച്ചു. പിതൃസഖനായ ഗൃദ്ധ്രനെ രാമൻ മെല്ലെ സ്പൃശിച്ചു. തനിക്കുവേണ്ടി പ്രയത്നിച്ചു് പ്രാണാന്തം പ്രാപിച്ച ജടായുവിനെക്കുറിച്ചു രാമൻ കാതരനായി. സീതാഹരണവൃത്താന്തം ആവുമെങ്കിൽ വിസ്തരിച്ചുപറയാൻ ആവശ്യപ്പെട്ടു. മായ പ്രയോഗിച്ചു് സീതയെ അപഹരിച്ചു് രാവണൻ തെക്കോട്ടാണു് പോയതു് എന്നുംമററും വളരെ വിഷമിച്ചു് പിന്നെയും പറഞ്ഞു. അപ്പൊഴേയ്ക്കും പ്രാണൻ പോയി. രാമലക്ഷ്മണന്മാർ ചിതകൂട്ടി ആ പിതൃമിത്രത്തിനു് അഗ്നിസംസ്കാരവും ബലിദാനവും ചെയ്തു; മനുഷ്യർ ചെയ്യുംപോലുള്ള ജപങ്ങളും നടത്തി ഉദകക്രിയകളും ചെയ്തു്, പരേതൻെറ ഉദ്ഗതിക്കായി പ്രാത്ഥിച്ചു.

## നാപദാമസ്തി മര്യാദാ

സീതയെത്തേടി വനയാത്ര തുടന്നു. ദണ്ഡകാരണ്യം അതിക്രമിച്ചു. ക്രൗഞ്ചാരണ്യത്തിലെത്തി. അതിൽക്കൂടി പൊയ്ക്കൊണ്ടിരിക്കെ മതംഗാശ്രമത്തിലെത്തുംമുമ്പു് ഒരു ചെറിയ ഗുഹ കണ്ടു. രൗദ്രദശ്നയായ ഒരു ക്രൂരസത്വത്തെയും സമീപം കണ്ടു. അവരം, 'ഏഹി രംസ്യാവഹേ.' 'വാ, നമുക്കു രമിക്കാം,' എന്നു പറഞ്ഞു ലക്ഷ്മണനെ കടന്നു പിടിച്ചു മാറോടണച്ചു. അയോമുഖിയെന്ന അരക്കത്തിയാണു താനെന്നും, ലക്ഷ്മണൻെറ ഭാഗ്യംകൊണ്ടാണവളെ കിട്ടിയതെന്നും പറഞ്ഞു് കാന്തനായിരിക്കാൻ ക്ഷണിച്ചു. ലക്ഷ്മണൻ കലികൊണ്ടു. വാളെടുത്തു് അവളുടെ കാതും മൂക്കും മുലയും അറുത്തു. അവരം അലറിക്കൊണ്ടോടി. രാമ

ലക്ഷ്മണന്മാർ ദുന്നിമിത്തങ്ങളും കണ്ടുകൊണ്ടു മുമ്പോട്ടുപോയി. കാട്ടുതകക്ഷമാറൊരൊച്ച കേട്ടു. നോക്കിയപ്പോഠം തലയും വായുമൊക്കെ വയററത്തായ ഒരു വിരൂപസത്വത്തെ ക്കണ്ടു. അപ്പൊഴേയ്ക്കും അവരിരുവരും യോജനായതങ്ങളായ അവൻെറ കൈയ്യുകളിലകപ്പെട്ടുകഴിഞ്ഞു. രാമൻ ഭയപ്പെട്ടില്ല. ലക്ഷ്മണൻ അവശനായി. തന്നെ രാക്ഷസന്ന് ബലി നല്കിയിട്ട് സ്വന്തം പ്രാണൻ രക്ഷിക്കുന്നതിനും സീതയെ തേടി വീണ്ടെടുക്കുന്നതിനും ലക്ഷ്മണൻ രാമനെ ഉപദേശിച്ചു. അയോദ്ധ്യയിൽ തിരിച്ചുചെന്നു് അരചനായി വാഴുമ്പോഠം തന്നെ എപ്പോഴും ഓമ്മിക്കണമെന്നും അപേക്ഷിച്ചു. ആപത്തുകഠം ഒന്നിനുപുറകെ ഒന്നായി വരുന്നതുകണ്ടു് രാമനും വിഷണ്ണനായി. ലക്ഷ്മണനോടു് ഭയപ്പെടാതിരിക്കാൻ രാമൻ പറഞ്ഞു. ഇരുവരും കൂടിയാലോചിച്ചു് അവൻെറ കൈയ്യുളറത്തു. അവരാരെന്നു കബന്ധൻ ചോദിച്ചു. ലക്ഷ്മണൻ വൃത്താന്തം പറഞ്ഞുകേഠപ്പിച്ചു. അതുകേട്ടു കബന്ധൻ പ്രീതനായി. ദനുപുത്രനായ അവൻ സമൂലശിരസ്സെന്ന മഹഷിയെ ഉഗ്രരൂപംപൂണ്ടു് ഉപദ്രവിച്ചു. ആ രൂപം ശാശ്വതമായ്പോകട്ടെ എന്നു മുനി ശപിച്ചുവിട്ടു. ശാപമോക്ഷം യാചിച്ചപ്പോഠം, രാമലക്ഷ്മണന്മാരിൽനിന്നും ബാഹുച്ഛേദനം ഭവിക്കുമ്പോഠം പഴയ സുന്ദരരൂപം ലഭിക്കുമെന്നും അനുഗ്രഹിച്ചു. തപസ്സു ചെയ്തു് ബ്രഹ്മാവിൽനിന്നു് ദീഘായുസ്സു് സമ്പാദിച്ചു. ഇന്ദ്രനെ ചെന്നെതിത്തു. വജ്രായുധംകൊണ്ടു വൃത്രാരി തലയും തുടയും അറത്തു. എന്നിട്ടും വരബലംകൊണ്ടു് അവൻ ചത്തില്ല. ഇന്ദ്രൻ ഉപജീവനത്തിനു് കൈയ്യുകഠ ഒരു യോജന നീളമാക്കിയും തല വയററിലാക്കിയും കൊടുത്തു. അന്നുമുതൽ രാമലക്ഷ്മണന്മാരേയും കാത്തിരിപ്പാണു്. തൻെറ വികൃതശരീരത്തെ കുഴിയിലിട്ടു ചുട്ടു് ശാപമുക്തനാക്കിയാൽ സീതാന്വേഷണത്തിനു് ഉതകുന്ന മിത്രത്തെ പറഞ്ഞുകൊടുക്കാമെന്നേററു. ലക്ഷ്മണൻ ചിത

കൂട്ടി അവനെ ദഹിപ്പിച്ചു. അപ്പോൾ ദിവ്യരൂപം ധരിച്ച അവൻ രാമനോടു സുഗ്രീവനുമായി സഖ്യത്തിലേപ്പെടാൻ ഉപദേശിച്ചു. അവർ പോകേണ്ട വഴിയും പറഞ്ഞു കൊടുത്തു.

## മിത്രലാഭം

അവർ സുഗ്രീവനികേതം തേടി പടിഞ്ഞാട്ടു പോയി. പമ്പയുടെ പടിഞ്ഞാറെക്കരയിലെത്തി. അവിടെ ശബരിയുടെ ആശ്രമത്തിൽച്ചെന്നു. താപസി അവരെ പരമാദരത്തോടെ സ്വാഗതംചെയ്തു. തന്റെ ആചാര്യന്മാരുടെ ഉപദേശപ്രകാരം ശ്രീരാമന് ആതിഥ്യമരുളാൻ കാത്തിരിക്കുകയാണെന്നും പറഞ്ഞു. ആ വൃദ്ധതപോധന സ്വയം സംഗ്രഹിച്ച രുചികരങ്ങളായ വന്യഫലങ്ങൾ സമർപ്പിച്ച് രാമലക്ഷ്മണന്മാരെ പൂജിച്ചു. അവരുടെ അപേക്ഷപ്രകാരം വനമെല്ലാം ശബരി കൊണ്ടുനടന്നു കാണിച്ചുകൊടുത്തു. ജീവിതം കൃതകൃത്യമായതുകൊണ്ടു രാമന്റെ അനുവാദത്തോടെ ശബരി അഗ്നിപ്രവേശംചെയ്തു സ്വഗുരുക്കന്മാരുടെ സമീപം പ്രാപിച്ചു. സുഗ്രീവന്റെ വാസസ്ഥാനമായ ഋശ്യമൂകത്തിലേയ്ക്കു് പോകാനായി അവർ പമ്പാതടത്തിലെത്തി.

പമ്പാസരസ്സു കണ്ടപ്പോൾ രാമന് സീതാവിരഹത്തീയ് ആളിക്കത്തി. അദ്ദേഹം വിരഹതപ്തനായി വിലാപംപൊഴിച്ചു. കാണുന്ന വസ്തുക്കളൊക്കെ സീതയെ സ്മരിപ്പിച്ചു. വിരഹം പൊറാഞ്ഞു രാമൻ ഉന്മത്തനെപ്പോലെ കരഞ്ഞു. ലക്ഷ്മണൻ രാമനെ സമാധാനിപ്പിച്ചു: ''ജ്യേഷ്ഠാ, ദുഃഖമടക്കിയാലും. അങ്ങയെപ്പോലുള്ളവരുടെ ബുദ്ധിയ്ക്കു മാന്ദ്യം സംഭവിക്കാറില്ല. എന്നെങ്കിലും വിരഹം അനിവാര്യമാണെന്ന വസ്തുത സ്മരിച്ചു പ്രിയജനത്തിലുള്ള സ്നേഹത്തെ ഉപേക്ഷിച്ചാലും.

* അതിസ്നേഹപരിഷ്വംഗാദ് വർത്തിരാർദ്രാപി ദഹ്യതേ.

അതിസ്നേഹത്തോടെ പുണരുന്നതുകൊണ്ടു് നനഞ്ഞതെങ്കിലും തിരിയെരിയുന്നില്ലേ ? രാവണൻ ആരായിരുന്നാലും എവിടെയായിരുന്നാലും അവനിനി രക്ഷയില്ല. നമുക്കവനെ തേടിപ്പിടിക്കാം. ദുഃഖഭാവം വെടിഞ്ഞാലും. ആര്യ, ഉത്സാഹം കാര്യസാധകമാകുന്നു. ഉത്സാഹത്തോക്കാരം കവിഞ്ഞ ബലമൊന്നുമില്ല. ഉത്സാഹവാനു് അസാദ്ധ്യമായി ലോകത്തിലൊന്നുംതന്നെയില്ല. അവൻ കാര്യങ്ങളിൽ തളരാറുമില്ല. അതിനാൽ നമുക്കു് ഉത്സാഹം പൂണ്ടു സീതയെ വീണ്ടെടുക്കാം.'' രാമൻ ധൈര്യമാണ്ടു. അവർ പുഴ കടന്നു. രാമനെ ലക്ഷ്മണൻ കാത്തുരക്ഷിച്ചുകൊണ്ടു നടന്നു. ഋശ്യമൂകസമീപം സഞ്ചരിച്ചുകൊണ്ടിരുന്ന അവരെ സുഗ്രീവൻ കണ്ടു പേടിയാണ്ടു. വാനരന്മാരെല്ലാം ഓടി മതംഗാശ്രമത്തിൽ രക്ഷതേടി.

**ധർമ്മകക്ലേശൻ**

രാമൻെറ ബഹിശ്ചരപ്രാണനായ ലക്ഷ്മണൻ, രാമനുവേണ്ടി എന്തും ചെയ്യാനും സഹിക്കാനും സന്നദ്ധൻ, ആ ലക്ഷ്മണൻ രണ്ടു സന്ദർഭങ്ങളിൽ രാമൻെറ നിർദ്ദേശത്തെ ലംഘിച്ചു. ലംഘിക്കാൻ മതിയായ കാരണങ്ങളുമുണ്ടായിരുന്നു. ആദ്യത്തെ സന്ദർഭം, സീതയെ വിട്ടു് രാമനെ തേടിയ സമയം. പിന്നത്തേതു്, സ്വർഗ്ഗാരോഹണത്തിനു സമയമായി എന്നറിയിക്കാൻ താപസരൂപേണ അന്തകൻ വന്നപ്പോരം, ആരും അകത്തു കടക്കരുതു് എന്നു് കല്പനയും കൊടുത്തു് ലക്ഷ്മണനെ കാവലാക്കിയ സമയത്തും. ദുർവ്വാസാവിൻെറ ശാപത്തെ ഭയന്നു് ലക്ഷ്മണൻ സ്വയം അകത്തു ചെന്നു. ആജ്ഞാലംഘനത്തിനുള്ള ശിക്ഷയ്ക്കപേക്ഷിച്ചു. ഇതികർത്തവ്യതാമൂഢനായ രാമൻ മന്ത്രിമാരോടും വസിഷ്ഠനോടുംകൂടി ആലോചന നടത്തി. ലക്ഷ്മണനെ വെടിഞ്ഞും

* കിഷ്കിന്ധാകാണ്ഡം, 1 – 116.

പ്രതിജ്ഞ പാലിക്കണമെന്നവരുപദേശിച്ചു.

* 'വിസർജയേ ത്വാം സൗമിത്രേ മാ ഭൂദ്ധർമ്മവിപര്യയഃ.'

എന്നുപറഞ്ഞു് ധർമ്മത്തിനുവേണ്ടി പ്രാണഭൂതനായ ലക്ഷ്മണനെ രാമൻ ഉപേക്ഷിക്കുകയാണു ചെയ്യുന്നതു്. ധർമ്മത്തെ സേവിക്കാൻ പുറപ്പെടുന്നവനു് ധർമ്മസന്ദേഹം നേരിടുന്ന സന്ദർഭങ്ങളും വരും. എന്തുവന്നാലും തൻെറ ആരാധനാമൂർത്തി നിർദ്ദേശിച്ച മാർഗ്ഗം തെല്ലെങ്കിലും അതിക്രമിച്ചാൽ അത്യാപത്തു വന്നുകൂടും എന്നു് നമുക്കിതിൽനിന്നും കാണാം. ധർമ്മകക്ഷനായ രാമനു് ധർമ്മവും സ്വജനസ്നേഹവും തമ്മിൽ വൈരുദ്ധ്യം വന്നാൽ ഉപേക്ഷ്യമായതു് സ്നേഹമാണു്, ധർമ്മമല്ല. ധർമ്മാചരണവും ധർമ്മാരാധനയും ക്ഷുരധാരപോലെ നിശിതവും സൂക്ഷ്മവും ദുർഗ്ഗമവുമാകുന്നു.

## സഖ്യം

ദൂരെനിന്നും രാമലക്ഷ്മണന്മാരെക്കണ്ടു് ബാലിയുടെ ആൾക്കാരായിരിക്കുമെന്നു ഭയന്ന സുഗ്രീവൻ വിവരമന്വേഷിച്ചറിയാൻ മാരുതിയെ നിയോഗിച്ചു. മാരുതി ഭിക്ഷുവേഷം ധരിച്ചുചെന്നു് രാമലക്ഷ്മണന്മാരെ വണങ്ങി അവരാരെന്നന്വേഷിച്ചു; താൻ സുഗ്രീവസചിവനാണെന്ന വസ്തുതയും പറഞ്ഞു. ആഞ്ജനേയൻെറ സംഭാഷണവും പെരുമാററവും കണ്ടു് രാമൻ സന്തുഷ്ടനായി. രാമാജ്ഞയനുസരിച്ചു ലക്ഷ്മണൻ അവർക്കു വന്നുചേർന്ന അവസ്ഥ പറഞ്ഞു; സുഗ്രീവനുമായി സഖ്യത്തിലേർപ്പെടാനുള്ള ആഗ്രഹവും പ്രകടിപ്പിച്ചു. സന്തുഷ്ടനായ ഹനുമാൻ ഭിക്ഷുരൂപം വെടിഞ്ഞു് സ്വസ്വരൂപം കൈക്കൊണ്ടു് ആ സോദരരെ ചുമലിലേററി ഋശ്യമൂകത്തിൽനിന്നും മലയപർവ്വതത്തിൽ സുഗ്രീവസമീപം പ്രാപിപ്പിച്ചു. ഹനുമാൻ അവരെ സുഗ്രീവനു പരിചയപ്പെടുത്തിക്കൊടുത്തു. രാവണൻ

* ഉത്തരകാണ്ഡം, 106 – 13.

സീതയെ അപഹരിച്ച കഥ പറഞ്ഞു. രാമദൎശനത്താൽ സന്തോഷമാൎന്ന സുഗ്രീവൻ സഖ്യഹസ്തം നീട്ടി. സന്തുഷ്ടനായ രാമൻ ആ മിത്രഹസ്തം ഗ്രഹിച്ചു; സുഗ്രീവനെ കെട്ടിപ്പിടിച്ചു. ഹനുമാൻ അഗ്നി ജ്വലിപ്പിച്ചു. രാമനും സുഗ്രീവനും അഗ്നിസാക്ഷിയായി സഖ്യം ചെയ്തു. അനന്തരം എല്ലാവരും പൎണ്ണാസനങ്ങളിൽ ഇരുന്നു. ബാലി തന്നെ പീഡിപ്പിച്ചതും ഭാൎയ്യയെ അപഹരിച്ചതും തന്നെ ആട്ടിയോടിച്ചതുമെല്ലാം സുഗ്രീവൻ പറഞ്ഞുകേൾപ്പിച്ചു; രാമനോട്ട് അഭയമപേക്ഷിച്ചു. സുഗ്രീവഭാൎയ്യാചോരനായ ബാലിയെ കൊന്നുകൊള്ളാമെന്നു രാമൻ വാക്കുകൊടുത്തു. തത്സമയം സീതയുടേയും ബാലിയുടേയും രാവണന്റേയും ഇടതുകണ്ണു തുടിച്ചു.

സീതയെ വീണ്ടുകൊടുക്കാമെന്ന് സുഗ്രീവനും പ്രതിജ്ഞ ചെയ്തു. 'രാമ രാമ' എന്നു വിലപിച്ചുകൊണ്ട് ആകാശത്തൂടെ പോയ സ്ത്രീ സീതയാവണമെന്ന് സുഗ്രീവൻ തീൎച്ചയാക്കി. വേഗം ഗുഹയ്ക്കുള്ളിൽ പോയി, അന്നവർ ഉത്തരീയത്തിൽ പൊതിഞ്ഞ് അവരുടെ നേൎക്കെറിഞ്ഞ ആഭരണങ്ങൾ കൊണ്ടുവന്നു രാമന്റെ മുമ്പിൽവെച്ചു. വസ്ത്രവും ആഭരണവും കൈയിലെടുത്തപ്പോൾ സീതാസ്മരണം നിമിത്തമുണ്ടായ താപഭാരംകൊണ്ട് കണ്ണീരിൽ മുങ്ങി, 'ഹാ പ്രിയേ!' എന്നു നിലവിളിച്ചുകൊണ്ടു രാമൻ നിലംപതിച്ചു. പൊതിയെടുത്തു മാറോടണച്ചു നെടുവീൎപ്പിട്ടു. ആലോലെ കണ്ണീർ വാൎത്തുകൊണ്ട് ലക്ഷ്മണനെ നോക്കി രാമൻ മുറയിട്ടു. കണ്ണീർകൊണ്ടു കാഴ്ച മൂടിയ രാമൻ അനുജനോടു പറഞ്ഞു, 'ആഭരണങ്ങൾ സീതയുടെ തന്നെയോ? അവ അതുപോലെയിരിക്കുന്നു; ഒന്നു നോക്കു.' എന്ന്. അപ്പോൾ ആ രാമാനുജൻ പറഞ്ഞതാവിത്:

* നാഹം ജാനാമി കേയൂരേ ന ച ജാനാമി കുണ്ഡലേ,
നൂപുരേ ത്വഭിജാനാമി നിത്യം പാദാഭിവന്ദനാത്.

---

* കിഷ്കിന്ധാകാണ്ഡം, 6 – 22.

''തോാംവളയും കമ്മലും ആര്യയുടേതുതന്നേയോ എന്നെനിക്കറിവില്ല. ഈ കാൽച്ചിലമ്പു ദേവിയുടേതുതന്നെ. നിത്യവും കാലിണ വണങ്ങുമ്പോാം അതു ഞാൻ കണ്ടിട്ടുണ്ടു്; അതു ദേവിയുടേതുതന്നെയെന്നു് അതുകൊണ്ടെനിക്കറിയാം.'' അനന്തരം രാമൻ സുഗ്രീവനോടു്, ഏതുവഴിക്കാണു് രാവണൻ സീതയെ കൊണ്ടുപോയതെന്നും, ആ ക്രൂരൻ വാഴുന്നതെവിടെയെന്നുമെല്ലാം അന്വേഷിച്ചു. രാവണൻ വാഴുന്നതെവിടെയെന്നു് തനിക്കറിവില്ലെന്നും, എവിടെയായാലും അവനെ തേടിപ്പിടിച്ചു് കുലത്തോടെ ഒടുക്കി മൈഥിലിയെ വീണ്ടെടുത്തു കൊടുത്തുകൊള്ളാമെന്നും സുഗ്രീവൻ പ്രതിജ്ഞചെയ്തു. രാമനോടു് ശോകം വെടിഞ്ഞു് ധൈര്യം കൈക്കൊള്ളാനുമപേക്ഷിച്ചു. രാമൻ വസ്ത്രാഞ്ചലംകൊണ്ടു മുഖം തുടച്ചു് തൻേറടമാന്നു് സുഗ്രീവനെ കെട്ടിപ്പിടിച്ചിങ്ങനെ പറഞ്ഞു: ''സ്നിഗ്ദ്ധനും ഹിതകാരിയുമായ വയസ്യനാചരിക്കേണ്ടതു് നീയെനിക്കു ചെയ്തു. നിന്നെപ്പോലെയുള്ള മിത്രങ്ങാം ദുർല്ലഭമാണു്; അതും ഇതുപോലുള്ള ആപത്ക്കാലങ്ങളിൽ. സീതാന്വേഷണത്തിനു് നീ വേണ്ടതു ചെയ്താലും. ഞാനെന്തു വേണമെന്നുവെച്ചാൽ അതും പറയുക. ഞാൻ അഭിമാനത്തോടെ പറയുന്ന ഈ വാക്കുകാം സത്യമെന്നറിഞ്ഞാലും. ഞാനൊരുകാലവും അനൃതം പറഞ്ഞിട്ടില്ല, പറയുകയുമില്ല. ഞാനിതു ചെയ്തുതരാമെന്നു് പ്രതിജ്ഞ ചെയ്യുന്നു.'' സുഗ്രീവാദിവാനരന്മാക്കു് സന്തോഷമായി. തുല്യദുഃഖികളായ ആ നരവാനരന്മാർ തങ്ങളുടെ അവസ്ഥകാം പരസ്പരം അറിയിച്ചു.

## തുല്യദുഃഖികാം

ബാലിയും സുഗ്രീവനും അതീവ സൗഭ്രാത്രത്തോടെ വസിച്ചിരുന്നതും, ദുന്ദുഭിപുത്രനായ മായാവി വന്നു് ബാലിയെ പോരിനു വിളിച്ചതും, ബാലി അനുജനെ ഗുഹാ

ദ്വാരത്തിൽ കാവൽനിത്തി ഗുഹസ്സകത്തു് കയറി മായാവിയെ തേടിപ്പോയതും, ഏറെനാാം കാത്തിട്ടും ബാലി മടങ്ങിവരാത്തതുകണ്ടു് ദുഃഖംപൂണ്ട സുഗ്രീവൻ സ്വദേശത്തേയ്ക്കു മടങ്ങിയതും, മന്ത്രിമാർ നിർബ്ബന്ധപൂർവ്വം സുഗ്രീവനെ രാജാവാക്കി വാഴിച്ചതും, അങ്ങനെയിരിക്കെ അസുരനെ കൊന്നു് ബാലി മടങ്ങിയെത്തിയതും, സുഗ്രീവൻെറ സമാധാനങ്ങാംകൊണ്ടൊന്നും തൃപ്തനാകാതെ അവൻെറ ഭാൎയ്യയെയും സർവ്വസ്വവും അപഹരിച്ചതും, കൊല്ലാനൊരുമ്പെട്ടതും, സുഗ്രീവൻ പ്രാണഭയത്തോടെ പാഞ്ഞുപോയി ഋശ്യമൂകത്തിൽ അഭയം തേടിയതുമെല്ലാം സുഗ്രീവൻ രാമനെ പറഞ്ഞുകേംപ്പിച്ചു. നഷ്ടരാജ്യനും നഷ്ടഭാൎയ്യനുമായ രാമനു് ഹൃതധനനും ഹൃതദാരനുമായ സുഗ്രീവനോടു് അത്യധികം അനുതാപവും അവൻെറ ശത്രുവിൻെറമേൽ കഠോരമായ കോപവും തോന്നി. ബാലിയെ ഉടൻതന്നെ കൊന്നുകൊള്ളാമെന്നു വാക്കുകൊടുത്തു. ബാലി ദുന്ദുഭിയെ കൊന്നു് ശവം കാലുകൊണ്ടു് തോണ്ടിയെറിഞ്ഞതും, പിണത്തിൽ നിന്നും നിണകണങ്ങാം മതംഗാശ്രമത്തിൽ വീണതും, മാമുനി ശപിച്ചപ്രകാരവും, തന്മൂലം മതംഗാശ്രമപ്രദേശം ബാലിക്കു് ദുഷ്പ്രവേശ്യമായതും സുഗ്രീവൻ വൎണ്ണിച്ചു കേംപ്പിച്ചു. ദുന്ദുഭിയുടെ അസ്ഥികൂടത്തെ രാമനു കാണിച്ചുകൊടുത്തു. ബാലി കൈത്തരിപ്പു തീക്കുന്നതിനുപയോഗിക്കുന്ന സപ്തസാലങ്ങളെയും കാണിച്ചു. ബാലിവധത്തിനു് രാമൻ സമൎത്ഥനാണെന്നതിനു് തെളിവുകൊടുക്കണമെന്നു് സവിനയം സുഗ്രീവനപേക്ഷിച്ചു. രാമൻ ദുന്ദുഭിയുടെ അസ്ഥികൂടത്തെ പാദാംഗുഷ്ഠംകൊണ്ടു് പത്തുയോജന ദൂരത്തേയ്ക്കു് തോണ്ടിയെറിഞ്ഞു. എന്നിട്ടും സുഗ്രീവനു് വിശ്വാസമായില്ല. രാമൻ ഘോരമായ ഒരു ശരമെടുത്തു വലിച്ചയച്ചു് ഏഴു സാലങ്ങളേയും പിളന്നു. സുഗ്രീവനു് വിസ്മയവും സന്തോഷവും വിശ്വാസവുമായി. രാമൻെറ നിർദ്ദേശമനുസരിച്ചു് സുഗ്രീവൻ കിഷ്കിന്ധയിൽചെന്നു് ബാലിയെ പോ

രിനു വിളിച്ചു. രാമാദികരം മരത്തിനു മറഞ്ഞുനിന്നു. അനുജൻെറ അട്ടഹാസംകേട്ടു് കോപംപൂണ്ടു് ബാലി ഓടിയെത്തി. ജ്യേഷ്ഠാനുജന്മാർ തമ്മിൽ കഠോരമായ പോരു നടന്നു. അന്യോന്യസദൃശന്മാരായ അവരെ തിരിച്ചറിയാനാവാഞ്ഞു്, മിത്രദ്രോഹം ഭയന്നു രാമൻ മാരകശരം അയച്ചില്ല. ബാലിയുടെ തല്ലുകൊണ്ടു തളൎന്ന സുഗ്രീവൻ പ്രാണനുംകൊണ്ടോടി ഋശ്യമൂകത്തിലെത്തി. ശാപഭയംകൊണ്ടു ബാലി പിൻവാങ്ങി. രാമലക്ഷ്മണന്മാർ സുഗ്രീവസവിധമെത്തി. സുഗ്രീവൻ പരിഭവം പലതും പറഞ്ഞു. തന്നെയിപ്രകാരം വഞ്ചിച്ചതു് ശരിയായില്ലെന്നു് പരാതിപ്പെട്ടു. രാമൻ പറഞ്ഞു: ''വേഷംകൊണ്ടും വലിപ്പംകൊണ്ടും അലങ്കാരംകൊണ്ടും നടപ്പുകൊണ്ടും സദൃശന്മാരായ നിങ്ങളെ തിരിച്ചറിയാനാളല്ലാതെ കുഴങ്ങിയതുകൊണ്ടാണു് ഞാൻ അസ്ത്രമയയ്ക്കാഞ്ഞതു്. അറിയാതെ നിനക്കെന്തെങ്കിലും ആപത്തു വരുത്തിവെച്ചാൽ, നമ്മുടെ ഇരുവരുടേയും കാൎയ്യം വെള്ളത്തിലാകും. സീതയും ഞാനും ലക്ഷ്മണനും നിനക്കധീനന്മാരാണു്. സുഗ്രീവ, നീ തെല്ലും സംശയിക്കേണ്ടതില്ല. വീണ്ടും യുദ്ധം ചെയ്യുക. അടുത്തുതന്നെ ബാലി പൂഴിയിൽ കിടന്നു പിടയുന്നതു കാണുമാറാകും.'' രാമാജ്ഞയനുസരിച്ചു് ലക്ഷ്മണൻ അടയാളമായി സുഗ്രീവൻെറ കഴുത്തിൽ ഒരു കുന്ദമാലയണിയിച്ചു.

അവരേവരും വീണ്ടും കിഷ്കിന്ധയ്ക്കു പുറപ്പെട്ടു. വഴിക്കു് സപ്തജനന്മാർ എന്ന മാമുനിമാരുടെ ആശ്രമം കണ്ടു. രാമലക്ഷ്മണന്മാർ മാമുനിമാരെ ആദരപൂൎവ്വം സ്മരിച്ചു. ബാലിയെ വേഗം കാണിച്ചുകൊടുക്കാൻ രാമൻ സുഗ്രീവനോടാവശ്യപ്പെട്ടു. രാമൻ മരത്തിനു് മറഞ്ഞു നിന്നു. സുഗ്രീവൻ ദിക്കെട്ടും പൊട്ടുമാറലറി. കലിയാണ്ടു ബാലി ചാടിപ്പുറപ്പെട്ടു. താര തടഞ്ഞു. സുഗ്രീവൻ സമൎത്ഥന്മാരായ സഹായികളോടൊത്തു വന്നിരിക്കയാണെന്നും, പോരിനു പോകുന്നതു് ശരിയല്ലെന്നും, അനുജനുമായി മൈത്രി പുനഃ

സ്ഥാപിക്കുന്നതാണുചിതമെന്നുമെല്ലാം പ്രേമപൂർവ്വം താര പ്രാണനാഥനോടു പറഞ്ഞു. അതൊന്നും കൂട്ടാക്കാതെ, താരയെ സാന്ത്വനപ്പെടുത്തിക്കൊണ്ടു് വാനരരാജൻ പോരിനു ചാടിപ്പുറപ്പെട്ടു. സോദരന്മാർ അതിഘോരമായി അടരാടി. ബാലിയുടെ തല്ലുകൊണ്ടു തളൎന്ന സുഗ്രീവൻ നാലുപാടും മിഴിച്ചുനോക്കിത്തുടങ്ങി. രാമൻ മാരകമായ ഒരു ശരമെടുത്തു് തൊടുത്തയച്ചു. രാമശരം ബാലിയുടെ നെഞ്ചു പിളൎന്നു. ബാണമേററു് പ്രാണൻപിടഞ്ഞു് ബാലി നിലംപതിച്ചു.

## "ഇതിനു നിനക്കുത്തരമെന്തെങ്കിലുമുണ്ടോ?"

രാമലക്ഷ്മണന്മാർ ബാലിസമീപമെത്തി. അവരെ മെല്ലെ നോക്കിക്കൊണ്ടു് ബാലി വിനയപുരസ്സരം പരുഷ വാക്കുകൾ പറഞ്ഞു: ''രാജപുത്രനായ നിനക്കു്, നേരെ പൊരുതാത്ത എന്നെ കൊന്നിട്ടു് എന്തു പ്രയോജനമാണു കിട്ടിയതു്? രാമൻ സദാചാരനിരതനും കുലീനനും കരുണനും പ്രജാഹിതരതനുമാണെന്നു സകല ജീവികളും കീൎത്തിക്കുന്നു. താര തടഞ്ഞിട്ടും, നിൻെറ സദ്ഗുണങ്ങളിൽ വിശ്വാസം പൂണ്ടിട്ടാണു് ഞാൻ സുഗ്രീവനുമായി പോരിനു പുറപ്പെട്ടതു്. വേറൊരുത്തനുമായി യുദ്ധം ചെയ്തുകൊണ്ടിരുന്ന എന്നെ നീ വേധിക്കാൻ പാടില്ലായിരുന്നു. നിന്നെ ഞാൻ കണ്ടതുമില്ല. ഈ പ്രവൃത്തികൊണ്ടു് നീ ആത്മഘാതിയും അധാൎമ്മികനും ധൎമ്മധ്വജനും പാപസമാചാരനുമായിത്തീൎന്നിരിക്കുന്നു. നിൻെറ പുരത്തിലോ രാജ്യത്തിലോ ഞാനൊരു അനീതിയും പ്രവൎത്തിച്ചിട്ടില്ല. നിന്നെ ഞാൻ നിന്ദിച്ചിട്ടുമില്ല. പിന്നെ നീയെന്തിനെന്നെ കൊന്നു? കായ്കനികളും തിന്നു് കാട്ടിൽക്കഴിയുന്ന മൎക്കടനെ, വേറൊരുവനുമായി പൊരുതിക്കൊണ്ടിരുന്നവനെ, നിന്നെയെതിൎക്കാത്തവനെ, നീയെന്തിനു് കൊന്നു? രഘുകുലജാതനല്ലേ നീ? അപകാരം ചെയ്യുന്നവരെ ദണ്ഡിക്കു

ന്നതു് രാജധർമ്മത്തിൽപ്പെടുന്നു. എന്നാൽ രാമ, ഞങ്ങൾ കനിയും കിഴങ്ങും തിന്നു ജീവിക്കുന്ന വാനരന്മാരല്ലേ? ഇതു ഞങ്ങളുടെ സ്വഭാവമാകുന്നു. നീയോ, ഒരു പുരുഷൻ. ഭൂമി, സ്വർണ്ണം, വെള്ളി ഇവയൊക്കെ കലഹകാരണങ്ങളാണു്. എന്നാലെൻെറ കാട്ടിൽ എന്തിലാണു് നിനക്കാഗ്രഹം, കുരങ്ങന്മാരുടെ പഴങ്ങളിലോ? തെററൊന്നുംചെയ്യാത്ത എന്നെ കൊന്നിട്ടു നീ സജ്ജനങ്ങളോടു് എന്തു സമാധാനം പറയും? എൻെറ തോലുടുക്കാൻ കൊള്ളുകയില്ല. രോമവും അസ്ഥികളും വർജ്ജ്യങ്ങളാണു്. മാംസം അഭക്ഷ്യവുമാകുന്നു. താരയെന്നെ തടഞ്ഞതാണു്. ഞാനതു കൂട്ടാക്കാതെ കാലവശം പ്രാപിച്ചു. ഛിന്നചാരിത്രനായ നീ മഹാത്മാവായ ദശരഥനിൽനിന്നും എങ്ങനെ ജനിച്ചു? സജ്ജനഗർഹിതമായ ഈ അശുഭകൃത്യം ചെയ്തിട്ടു് സജ്ജനസദസ്സിൽ നീ എന്തു പറയും? നിൻെറ വിക്രമം ഉദാസീനനായ എന്നിൽ കാണിച്ചു. അപകാരം ചെയ്തവരോടു് നിൻെറ വിക്രമമൊന്നും കാണിക്കുന്നില്ലല്ലോ. എന്നോടു് നേരിട്ടുനിന്നു് നീ യുദ്ധംചെയ്തിരുന്നുവെന്നു വരികിൽ, ഇന്നു് നീ അന്തകനെ മുഖം കാണിക്കാൻ പോയേനെ. നീ ഒളിച്ചു നിന്നെന്നെ കൊന്നു: സുഗ്രീവനെ പ്രീതിപ്പെടുത്താൻ നീയിതു ചെയ്തു. നിനക്കു വേണ്ടതു നേരത്തെ നീയെന്നോടു പറഞ്ഞിരുന്നുവെങ്കിൽ, ഒരുനാൾകൊണ്ടു ഞാൻ മൈഥിലിയെ വീണ്ടുകൊണ്ടുതന്നേനെ. വന്നതു വന്നു. കാലം ലോകത്തെയീവിധം ചലിപ്പിക്കുന്നു. നീ ചെയ്തതു് ശരിയെന്നുണ്ടെങ്കിൽ ഉത്തരം പറയുക.''

ഇപ്രകാരം അധിക്ഷിപ്തനായ രാമൻ മറുപടി പറഞ്ഞു: ''ധർമ്മാർത്ഥകാമങ്ങളും ലൗകികാചാരങ്ങളും അറിയാതെ അവിവേകംകൊണ്ടു നീയെന്താണെന്നെയിങ്ങനെ നിന്ദിക്കുന്നതു്? ബുദ്ധിമാന്മാരും വൃദ്ധന്മാരുമായ ആചാര്യന്മാരോടു ചോദിച്ചു് കാര്യം ഗ്രഹിക്കാതെ, വാനരചാപല്യംകൊണ്ടു്, ഹേ സൗമ്യ, നീയെന്താണിപ്രകാരം സംസാ

രിക്കുന്നതു്? സശൈലവനകാനനമായ ഈ ഭൂമി മുഴുവൻ ഇക്ഷ്വാകുകുലം വകയാണു്. മൃഗപക്ഷിമനുഷ്യരുടെ നിഗ്രഹാനുഗ്രഹാധികാരവും അവരുടെയതാണു്. ഇപ്പോൾ ഈ ഭൂമിയെ പാലിച്ചുകൊണ്ടിരിക്കുന്നതു് ധൎമ്മകാമാൎത്ഥതത്ത്വജ്ഞനായ ഭരതനാണു്. ആ ധൎമ്മാത്മാവിന്റെ ആജ്ഞാകരന്മാരായ ഞങ്ങൾ ധൎമ്മാഭിവൃദ്ധിക്കായി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഭരതാജ്ഞാകരന്മാരായ ഞങ്ങൾ ഉത്പഥഗാമികളെ ശിക്ഷിക്കുന്നു. നീ ധൎമ്മത്തിൽനിന്നു തെററിയവൻ, നീചസമാചാരൻ, കാമലമ്പടൻ, രാജമാൎഗ്ഗം വെടിഞ്ഞവൻ. ജ്യേഷ്ഠഭ്രാതാവും പിതാവും ആചാൎയ്യനും, ഇവർ മൂവരും ധാൎമ്മികനു് പിതാക്കന്മാരാകുന്നു. അനുജൻ, പുത്രൻ, സച്ഛിഷ്യൻ ഇവർ മൂവരും പുത്രനെപ്പോലെ കരുതപ്പെടേണ്ടവരാകുന്നു എന്നാണു് ധൎമ്മശാസ്ത്രം. ഹേ വാനര, സജ്ജനധൎമ്മം അറിയാൻ വലിയ പ്രയാസമാകുന്നു. സൎവ്വഭൂതാന്തരവൎത്തിയായ ആത്മാവു് ശുഭാശുഭങ്ങളെ അറിയുന്നു. പ്രകൃതിചപലനായ നീ സമാനചപലന്മാരുമായി വസിച്ചു് ധൎമ്മം എങ്ങനെയറിയും? ഞാനിതു നിനക്കു വ്യക്തമാക്കിത്തരാം. കോപംകൊണ്ടു് നീയെന്നെ നിന്ദിക്കരുതു്. ഞാൻ നിന്നെക്കൊല്ലാനുണ്ടായ കാരണം കേട്ടുകൊൾക. സനാതനമായ ധൎമ്മത്തെ വെടിഞ്ഞു് നീ നിന്റെ ഭ്രാതൃഭാൎയ്യയിൽ രമിക്കുന്നു. സുഗ്രീവൻ ജീവനോടെയിരിക്കുമ്പോൾ, അവന്റെ ഭാൎയ്യയായ രുമയിൽ, നിനക്കു് സ്നുഷാഭൂതയായവളിൽ, നീ കാമാന്ധനായി പ്രവൎത്തിക്കുന്നു. ധൎമ്മാപേതനും കാമവൃത്തനുമായ നീ ചെയ്ത ഭ്രാതൃഭാൎയ്യാഭിമൎശനത്തിനുള്ള ദണ്ഡമാണിതു്. ഈ തെററിനു് വധമല്ലാതെ വേറൊരു ശിക്ഷയും കാണുന്നില്ല. പരസ്പരസാഹായ്യസഖ്യം മുഖാന്തരം സുഗ്രീവൻ എനിക്കു് സോദരതുല്യനായിരിക്കുന്നു. രാജ്യദാരനിമിത്തമാണു് സുഗ്രീവൻ സഖ്യത്തിലേപ്പെട്ടതു്. അവനാണെനിക്കു് സഹായം ചെയ്യാൻ പോകുന്നതും. സഖ്യം ചെയ്ത സമയത്തു

ഞാൻ സുഗ്രീവശത്രുവിനെ നിഹനിക്കാമെന്നു് പ്രതിജ്ഞ ചെയ്തിട്ടുണ്ടു്. ഞാനെങ്ങനെ എൻെറ പ്രതിജ്ഞ ഉപേക്ഷിക്കും ? ധർമ്മോപേതങ്ങളായ ഇത്തരം മഹത്തായ കാരണങ്ങൾകൊണ്ടു് നിൻെറ നിഗ്രഹം ന്യായമാണു്.

* ശാസനം തവ യദ്യുക്തം തദ്ഭവാനനുമന്യതാം.

അതിനാലിതു് നീതിയുക്തമാണെന്നു ഭവാൻ സമ്മതിച്ചാലും. ധർമ്മം അനുസരിക്കുന്നവൻ മിത്രത്തിനു് ഉപകാരം ചെയ്യണം. തെററു ചെയ്തവൻ രാജദണ്ഡമനുഭവിച്ചാൽ ആ പാപത്തിൽനിന്നും മുക്തനായിത്തീരുന്നു. അതിനാൽ ഹേ വാനരവീര, പരിതാപം മതിയാക്കുക. ഞാൻചെയ്തതു ധർമ്മാനുസൃതംതന്നെ. നാമാരും സ്വതന്ത്രന്മാരല്ലല്ലോ. വേറൊരു കാരണവുംകൂടി പറയാം, കേട്ടോളൂ. വല വെച്ചോ, കുടുക്കിൽപെടുത്തിയോ, കുഴിയിൽ വീഴിച്ചോ, മനുഷ്യർ, ഒളിഞ്ഞോ തെളിഞ്ഞോ, ഓടുന്നവയെയൊ ഉറങ്ങുന്നവയെയൊ അടുത്തുവരുന്നവയെയൊ ആയ മൃഗങ്ങളെ ധാരാളം ഹിംസിക്കാറുണ്ടു്. മനുഷ്യർ മാംസഭുക്കുകളാണല്ലൊ. രാജാക്കന്മാർ നായാട്ടിനു പോകാറും പതിവുണ്ടു്. നീയൊരു മർക്കടമെന്നു നീതന്നെ സമ്മതിക്കുന്നു. നായാട്ടിൽ മൃഗങ്ങളെ പിന്തുടരുമ്പോൾ അമ്പെയ്യുന്നതു് ഒളിച്ചോ തെളിച്ചോ എന്നതൊന്നും പ്രശ്നമല്ല. രാജാക്കന്മാർ നിഗ്രഹാനുഗ്രഹ ശക്തന്മാരാകുന്നു. ദേവന്മാർതന്നെയാണു് രാജരൂപത്തിൽ വരുന്നതു്. അവരെ നിന്ദിക്കാൻ പാടുള്ളതല്ല. ധർമ്മമറിയാത്ത നീ വെറും കോപംകൊണ്ടു്, പിതൃപൈതാമഹമായ ധർമ്മത്തെ അനുസരിക്കുന്ന എന്നെ ദൂഷിക്കുന്നു. ഞാൻ ചെയ്തതിൽ എനിക്കു്, ഹേ വാനരശ്രേഷ്ഠ, മനസ്താപമോ കോപമോ ഇല്ല.''

രാമവാക്യംകേട്ടു് ധർമ്മബോധം വന്ന ബാലി രാമനിൽ അധർമ്മമൊന്നും കാണുന്നില്ലെന്നു് പറഞ്ഞു. താൻ തെററുകാരനാണെന്നു സമ്മതിച്ചു. പുത്രനായ അംഗദനു്

* കിഷ്കിന്ധാകാണ്ഡം, 18 – 28.

അഭയം കൊടുക്കണമെന്നപേക്ഷിച്ചു. എന്നിട്ടിതും പറഞ്ഞു:

'താര തടഞ്ഞിട്ടും അവിടുത്തെ കൈകൊണ്ടു് മരണം വരിക്കാനായിട്ടാണു് ഞാൻ അനിയൻ സുഗ്രീവനുമായി ദ്വന്ദ്വയുദ്ധത്തിനു വന്നതു്.' ബാലി ഇത്രയും പറഞ്ഞു വിരമിച്ചു. രാമൻ അംഗദനു് അഭയം വാഗ്ദാനം ചെയ്തു. താനറിയാതെ ചെയ്തുപോയ ധിക്കാരത്തെ ക്ഷമിക്കണെ മെന്നു് ബാലി അപേക്ഷിച്ചു.

## ബാലിയുടെ അന്തം

രാമശരമേററു ബാലി നിലംപതിച്ച വാർത്ത കാടെങ്ങും പരന്നു. താര ഓടിയണഞ്ഞു ഭർത്തൃശരീരം കെട്ടിപ്പിടിച്ചു മുറയിട്ടു. വിലാപത്തിനിടയിൽ, സുഗ്രീവഭാര്യയെ അപഹരിച്ചതിൻെറ ഫലമാണീ അനുഭവം എന്നുമവരം പറഞ്ഞു. ഹനുമാൻ താരയെ സമാധാനിപ്പിക്കാൻ നോക്കി. അംഗദനെ രാജാവാക്കാൻ ഹനുമാനുപദേശിച്ചു. അതൊന്നും താര കൈക്കൊണ്ടില്ല. അവരം പ്രായോപവേശം ആചരിക്കാൻ തീർച്ചയാക്കി.

ബാലിയുടെ ശ്വാസം മന്ദഗതിയിലായി. സുഗ്രീവനെ അടുക്കൽ വിളിച്ചു്, ചെയ്തുപോയ തെററിനു മാപ്പിരന്നു; സൗഹൃദം പുനഃസ്ഥാപിച്ചു. രാജ്യവും കാഞ്ചനമാലയും സുഗ്രീവനു നല്കി. അംഗദനെ രക്ഷിക്കണമെന്നപേക്ഷിച്ചു. താരയെ ധിക്കരിക്കരുതെന്നും ഉപദേശിച്ചു. രാമകാര്യത്തിൽ ഒരുതരത്തിലും ഉപേക്ഷ കാണിക്കരുതെന്നും, കാണിച്ചാൽ ശിക്ഷ കിട്ടുമെന്നും പറഞ്ഞു. അംഗദനോടു് സുഗ്രീവാനുവർത്തിയായി വാഴണമെന്നും ഉപദേശിച്ചു. ശരപീഡിതനായ ബാലി പ്രാണൻ വെടിഞ്ഞു. താര ശോകസാഗരമഗ്നയായി മുറവിളികൂട്ടി. സുഗ്രീവനും പരിതാപപരവശനായി.

സമാനശോകനായ രാമൻ, ജീവൻെറ കാലാധീനത്വത്തെയും മരണത്തിൻെറ അപരിഹാര്യതയെയും പറഞ്ഞു

കോപ്പിച്ച് അവരെ ഒരുവിധം സമാധാനിപ്പിച്ചു. രാമലക്ഷ്മണന്മാരുടെ നിർദ്ദേശപ്രകാരം സുഗ്രീവനും അംഗദനുമെല്ലാവരും ചേർന്ന ബാലിശരീരം സംസ്കരിച്ചു. വാനരന്മാരെല്ലാവരും ശോകാഭിഭൂതനായ സുഗ്രീവന്റെ ചുററും വന്നുചേർന്നു. ഹനുമാൻ ശ്രീരാമനെ വാനരരാജധാനിയിലേയ്ക്കു ക്ഷണിച്ചു. പതിന്നാലു കൊല്ലം ഗ്രാമത്തിലും നഗരത്തിലും പ്രവേശിക്കയില്ലെന്നു പ്രതിജ്ഞ ചെയ്തിരിക്കയാൽ ആ നിമന്ത്രണം അദ്ദേഹം സ്വീകരിച്ചില്ല. സുഗ്രീവന് രാജധാനിയിൽപ്പോയി അഭിഷിക്തനാകാൻ അനുവാദം കൊടുത്തു. അംഗദനെ യുവരാജാവാക്കാനും നിർദ്ദേശിച്ചു. മഴക്കാലമായ ചിങ്ങമാസമായതുകൊണ്ടു് യുദ്ധസന്നാഹങ്ങൾക്കൊന്നും നിവൃത്തിയില്ലെന്നും, അക്കാലമത്രയും താൻ ഗിരിഗുഹയിൽ പാർത്തുകൊള്ളാമെന്നും മഴക്കാലം കഴിഞ്ഞു വൃശ്ചികമാസം വന്നാൽ രാവണവധത്തിനു വേണ്ട യത്നങ്ങൾ ചെയ്യണമെന്നും രാമൻ സുഗ്രീവനോടു പറഞ്ഞു. സുഗ്രീവൻ വാനരരാജാവായി; അംഗദൻ യുവരാജാവും. രാമലക്ഷ്മണന്മാർ തുംഗഭദ്രാനദീതീരത്തു പ്രസ്രവണഗിരിയിൽ സൗകര്യമായ സ്ഥാനത്തു് ഒരു ഗുഹ വാസസ്ഥാനമായി തെരഞ്ഞെടുത്തു പ്രാവൃട്കാലം അവിടെ കഴിച്ചുകൂട്ടാൻ തീർച്ചയാക്കി.

## ബാലിവധനിരൂപണം

ശ്രീരാമന്റെ ബാലിവധം ഒട്ടേറെ വാദപ്രതിവാദങ്ങൾക്കിടയാക്കിയിട്ടുള്ള ഒരു സംഭവമാണു്. ഇതു് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. രാമായണം ഉണ്ടായ കാലം മുതൽ ഇതിനെക്കുറിച്ചു പരാമർശങ്ങളുണ്ടായിട്ടുണ്ടു്, അനുകൂലിച്ചും പ്രതികൂലിച്ചും വാഗ്വാദങ്ങളുണ്ടു്. ഭാരതകർത്താവും ഒരിടത്തു് ഇതിനെ പ്രതികൂലമായി പരാമർശിച്ചു കാണുന്നു. അർജ്ജുനനായ ദ്രോണാചാർയ്യരെക്കൊണ്ടു് അസ്ത്രം താഴെ വെയ്പിക്കാൻ യുധിഷ്ഠിരൻ ഒരു നുണ പറഞ്ഞു;

അശ്വത്ഥാമാവു് മരിച്ചെന്നു്. ധമ്മമൂത്തിയായ യുധിഷ്ഠിരൻെറ വാക്കിൽ വിശ്വസിച്ച ആചാൎയ്യൻ വില്ലുമമ്പും താഴെയിട്ട യോഗനിഷ്ഠനായി. തത്സമയം ധൃഷ്ടദ്യുമ്നൻ ആചാൎയ്യൻെറ ശിരശ്ഛേദം ചെയ്തു. ഗുരുഭക്തനായ അജ്ജുനനു് അതൊട്ടും സഹിച്ചില്ല. യുധിഷ്ഠിരനുരച്ച അസത്യം ബാലിവധംകൊണ്ടു രാമനേറ്റപ്പെട്ട കളങ്കംപോലെ എക്കാലവും നിലനില്ക്കും എന്നജ്ജുനൻ പറഞ്ഞു.

* ചിരം സ്ഥാസ്യതി ചാകീൎത്തിസ്ത്രൈലോക്യേ സചരാചരേ
രാമേ ബാലിവധാദ് യഥാദേവം ദ്രോണേ നിപാതിതേ.

സുതീക്ഷ്ണാശ്രമത്തിൽനിന്നു പുറപ്പെട്ടപ്പോൾ സീത രാമനെ ഒരു സംഗതി ഓമ്മിപ്പിക്കുകയുണ്ടായി, 'വൈരംവിനാ പരദ്രോഹം' എന്ന ദോഷം രാമനെ ബാധിച്ചേയ്ക്കുമെന്നു്. 'രിപൂണാമപി വത്സല'നായ രാമൻ, പോരിൽ തളച്ച്യേററ രാവണനോടു ക്ഷീണം തീൎത്തു പിറേറന്നു പോരിനു തയ്യാറായി വരാൻ ഉപദേശിക്കുന്ന രാമൻ, തനിക്കു പ്രത്യക്ഷമായി യാതൊരപകാരവും ചെയ്യാത്ത ബാലിയെ എന്തിനു കൊന്നു? അതും, ഒളിയമ്പെയ്തു കൊന്നതെങ്ങനെ? ഈ കൃത്യത്തെ രണ്ടായി പിരിച്ചു വേണം ചച്ച് ചെയ്യാൻ, ബാലിയുടെ കൊലയും, ഒളിയമ്പെയ്യലും.

തൻെറ സഹായം തേടിയിരുന്നെങ്കിൽ രാവണനെ ഒററ ദിവസംകൊണ്ടു പിടിച്ചുകൊണ്ടുവന്നു കൊടുക്കുമായിരുന്നു എന്നു ബാണവിദ്ധനായ ബാലി പറയുന്നു. ഹൃതരാഷ്ട്രനും നിസ്സഹായനും നഷ്ടദാരനുമായ രാമൻ, അധികാരമത്തനും തിരസ്കൃതസപത്നനും അതുല്യബലനുമായ ബാലിയുടെ അടുക്കൽ സഹായവുമഭ്യത്ഥിച്ചുകൊണ്ടു് ചെന്നിരുന്നെങ്കിൽ. വീണതിനുശേഷം ഇങ്ങനെയൊക്കെ പറയുന്നുവെങ്കിലും, അതിനു് മുമ്പു് എന്തു മാതിരി

* മ. ഭാ. ദ്രോണപവ്വം, 196 – 35.

സ്വാഗതമാണ് രാമന് നല്ലമായിരുന്നത്? ഒരുമാഹത്താവ് ജാനകീചോരനെ അഭിനന്ദിക്കുകയില്ലെന്നും, രാമനെ പിടിച്ചു രാവണനു സമ്മാനമായി അയയ്ക്കാൻ ശ്രമിക്കയില്ലെന്നും എങ്ങനെ കരുതാം? സമന്മാർ തമ്മിലേ മൈത്രിക്കു സ്ഥാനമുള്ളു എന്നതു സാധാരണ കണ്ടുവരുന്ന സംഭവമല്ലേ? ദലായിലാമ രണ്ടാമതു് ഇൻഡ്യയിൽ വന്നതുപോലെയാകയില്ല രാമൻെറയും സ്ഥിതി എന്നാരു കണ്ടു? ബാലി, തൻെറ സ്നേഹിതനായ രാവണനെതിരായി രാമനെ തുണയ്ക്കാമെന്നേററാലും അതൊരു ആശ്രയദാനമാകും. ബാലി ആശ്രിതരക്ഷകനും രാമൻ ആശ്രയയാചകനും. അവർ തമ്മിൽ സമനിലയിലുള്ള മൈത്രി അത്ര എളുപ്പമല്ല. രാമൻ വേറൊരുവൻെറ ആശ്രിതനാവുകയെന്നതു് അചിന്ത്യമാണ്. നേരെ മറിച്ചു്, സുഗ്രീവനാണെങ്കിൽ തുല്യദുഃഖിയാണ്; രാജ്യനിഷ്കാസിതനും, ഹൃതഭാര്യനും. ഇരുവക്കും സഹാനുഭൂതി ദൃഢതരമായിരിക്കും; അതുവഴി മൈത്രിയും അഭേദ്യമായിത്തീരും. കബന്ധൻ സുഗ്രീവസഹായം തേടാനാണ് അവരെ ഉപദേശിച്ചതും. അതുകൊണ്ടു ബാലിയുമായി സഖ്യത്തിനൊരുമ്പെട്ടിരുന്നെങ്കിൽ അനുഭവം എന്താകുമായിരുന്നുവെന്നു് തീച്ചപ്പെടുത്താവതല്ല.

രാമനുമായി അതിത്തിത്തക്കമോ വേറെ വല്ലവിധത്തിലുമുള്ള വൈരമോ ഇല്ലാതിരിക്കെ, എന്തിനു ശിക്ഷിച്ചു എന്നാണൊരു ചോദ്യം. സശൈലവനകാനനയായ ഭൂമി മുഴവൻ ഇക്ഷ്വാകുവംശംവകയാണെന്നും, അതിലെവിടെയെങ്കിലും ആരെങ്കിലും അതിക്രമം കാണിച്ചാൽ അവർ ദണ്ഡാഹ്രരാണെന്നും, ഭരതൻെറ പ്രതിനിധിയായിതല്ക്കാലം കാട്ടിൽ ആ കൃത്യം താൻ നിവ്വഹിക്കുകയാണെന്നുമാണ് രാമൻെറ മറുപടി. അവക്കു് ഈ അധീശത്വം എവിടെനിന്നു കിട്ടി എന്നാണെങ്കിൽ എല്ലാ രാജാധികാരത്തിൻെറയും പരമാശ്രയമായ ബലംകൊണ്ടു് എന്നു്

ഉത്തരം. രാജബലം, അവസാനത്തെ അപഗ്രഥനത്തിൽ കരബലമാണ്. അതിവിടെ കാണുകയും ചെയ്തു.

എന്താണ് ബാലി ചെയ്ത അധർമ്മം? സനാതന ധർമ്മത്തെ അതിക്രമിച്ചു സ്നുഷാസദൃശയായ സോദരഭാര്യയെ അപഹരിച്ചുവെന്നുള്ളതു്. ഇവിടെ പല ചോദ്യങ്ങളുമുദിക്കുന്നു. ഒന്നാമതു്, ആര്യന്മാരുടെ വർണ്ണാശ്രമധർമ്മങ്ങൾ വനേചരന്മാർക്കു് ബാധകമാണോ? മാനവധർമ്മം മുഴുവൻ അവർക്കു് ബാധകമല്ല, അവരനുസരിക്കുന്നുമില്ല എന്നുള്ളതല്ലേ ആര്യന്മാരുടെ കണ്ണിൽ അവർ വാ-നരന്മാരായതു്? അവർ കേവലം മരഞ്ചാടികളല്ല എന്നതു തീർച്ച. കാരണം, അങ്ങനെയായിരുന്നെങ്കിൽ ധർമ്മചർച്ചയുടെ കാര്യമേ ഉദിക്കുന്നില്ല. ബാലിക്കു് പരാതിയ്ക്കു കാരണവുമില്ല. രാജാക്കന്മാർ മൃഗങ്ങളെ നായാടുക പതിവാണു്, അതിനു് ഒളിവായോ വെളിവായോ വേണമെന്നൊന്നും നിയമവുമില്ല എന്നു് രാമൻ അതിനു മറുപടിയും പറയുന്നുണ്ടു്. അപ്പോൾ പിന്നെ അവർ വൈദികവർണ്ണാശ്രമധർമ്മപരിധിയിൽ ഉൾപ്പെട്ടുകഴിഞ്ഞിട്ടില്ലാത്ത നരവിശേഷം ആണെന്നുവേണം കരുതാൻ. ഗിരിവർഗ്ഗക്കാർക്കു് പരിഷ്കൃതജനതയുടെ നിയമങ്ങൾ ബാധകമാകുമോ എന്ന ചോദ്യം പിന്നെയും അവശേഷിക്കുന്നു. മാനവധർമ്മം മുഴുവനും അതേപടി ബാധകമല്ലെങ്കിലും ഓരോ ജനസമുദായത്തിന്റെയും നിലനില്പിനു് അനുപേക്ഷണീയങ്ങളായ ആചാരമര്യാദകൾ വേണ്ടതുണ്ടല്ലോ. യാതൊരു നിയമവുംകൂടാതെ, ബലംമാത്രം കൊടികുത്തി വാണാൽ, സമുദായത്തിനു് പുരോഗമിക്കാനാവില്ല. ബലത്തെ നിയന്ത്രിയ്ക്കുന്നതിനും നയിക്കുന്നതിനും ഏതു ജനസമൂഹത്തിനും ചില നിയമങ്ങൾ വേണം, കാണുംതാനും. പ്രകൃതിനിയമമാണതു്. ജാനപദനും വനചരനും ബാധകവുമാണതു്. ആ നിലയ്ക്കാലോചിക്കുമ്പോൾ ബാലി അധർമ്മം ആചരിച്ചു എന്നു് ഗിരിവർഗ്ഗക്കാർതന്നെ സ്വീകരിക്കുന്നു

എന്നുള്ളതു്, സുഗ്രീവൻ ബാലിയുടെ പ്രവൃത്തിയെക്കുറിച്ച് രാമനോടു പരാതിപ്പെടുന്നതിൽനിന്നുതന്നെ സിദ്ധിക്കുന്നുണ്ടു്. ആട്ടെ, അതധൎമ്മംതന്നെ എന്നു സ്വീകരിക്കാം. എന്നാൽ ബാലി ബിലത്തിലായിരുന്നപ്പോഠം, മാതൃസമയായ ജ്യേഷ്ഠപത്നിയെ, താരയെ, സുഗ്രീവൻ പരിഗ്രഹിച്ചതോ? ബാലിയിപ്പോഠം ചെയ്തതു് പകരത്തിനുപകരം ചെയ്തു മാത്രമല്ലേ ആകുന്നുള്ളു? പകപോക്കൽ അഭിമാനസ്ഥാപനത്തിൻെറ പരിധിയിൽ പെട്ടതല്ലേ? സോദരഭാൎയ്യയെ ഹരിച്ചതിനു് ബാലിയെ കൊല്ലണമെങ്കിൽ, സുഗ്രീവൻെറ കഥയോ? താരേയൻ ഇതിനു് പിതൃവ്യനെ കുററപ്പെടുത്തുന്നുമുണ്ടു്. സീതാപരിമാൎഗ്ഗണത്തിൽ പരാജയമാണ്ട കപിസേന പ്രായോപവേശം ചെയ്യാൻ തീൎച്ചയാക്കി. അതല്ലാതെ മാൎഗ്ഗമൊന്നുമില്ലെന്നും, തിരിച്ച് കിഷ്കിന്ധയ്ക്കു് പോവാൻ സാദ്ധ്യമല്ലെന്നും, അവിടെച്ചെന്നാൽ സുഗ്രീവൻ തന്നെ നിഹനിക്കുമെന്നും പറയുന്ന കൂട്ടത്തിൽ അംഗദൻ ഈവിധം മൊഴിഞ്ഞു:

* ഭ്രാതുർജ്യേഷ്ഠസ്യ യോ ഭാര്യാം ജീവതോ മഹിഷീം പ്രിയാം,
ധൎമ്മേണ മാതരം യസ്തു സ്വീകരോതി ജുഗുപ്സിതഃ.

''ജ്യേഷ്ഠൻ ജീവിച്ചിരിക്കെ അദ്ദേഹത്തിൻെറ പ്രിയയെ, ധൎമ്മദൃഷ്ട്യാ മാതൃസമാനയായവളെ, സ്വീകരിച്ച സുഗ്രീവൻ നീചനാകുന്നു.'' ''ജീവതഃ ഭ്രാതുഃ'' എന്നു പറഞ്ഞതുകൊണ്ടു്, ബാലി മായാവിയെത്തേടി ബിലത്തിൽ പ്രവേശിച്ച് മടങ്ങിവരാൻ അമാന്തിച്ചപ്പോഠം സുഗ്രീവൻ രാജ്യത്തിൽ തിരിച്ചുവന്നു് രാജാവായി അഭിഷിക്തനായി എന്നും തത്സമയം താരയെ പത്നിയായി പരിഗ്രഹിച്ചു എന്നും അതു നിന്ദ്യമായിരുന്നുവെന്നും വന്നുകൂടുന്നു. സോദരഭാൎയ്യാസ്വീകാരം അധൎമ്മമാണെന്നു ബാലിപുത്രൻ സമ്മതിക്കുന്നതിൽനിന്നും വാനരജാതിക്കും ചില ധർമ്മമൎയ്യാദകളുണ്ടായിരുന്നു എന്നു വരുന്നു; ഇതു പിതൃവ്യനെന്നപോലെ

* കിഷ്കിന്ധാകാണ്ഡം, 55 – 3.

പിതാവിനും എതിരായി വരുന്ന ഒരു യുക്തിയാണ്. അങ്ങനെ ഇവർക്കിരുവർക്കും ദോഷം ഇക്കാര്യത്തിൽ സമമായിരിക്കെ ശിക്ഷ ബാലിക്കുമാത്രമായതു് എന്തുകൊണ്ടു്?

ചില പ്രത്യേക സാഹചര്യങ്ങളിൽ ഭർത്തൃസോദരസ്വീകാരം സ്ത്രീകൾക്കനുവദിച്ചിട്ടുണ്ടു്. പക്ഷെ അതു്, ജീവദ്ഭർത്തൃകകൾക്കല്ല. സുഗ്രീവൻ ആദ്യത്തെത്തവണ താരയെ കൈക്കൊണ്ടപ്പോൾ ബാലി മരിച്ചുപോയി എന്നാണു വിചാരിച്ചിരുന്നതു്. ആ സ്വീകാരം അറിയാതെ ചെയ്ത ധർമ്മവ്യതിക്രമമാണു്. എന്നാൽ ബാലിയോ, അനുജനെ ആട്ടിയോടിച്ചു് ഭാര്യയെ തട്ടിയെടുക്കുകയാണുണ്ടായതു്. 'സുഗ്രീവൻ ജീവിച്ചിരിക്കെ, കാമംകൊണ്ടു് രുമയെ പ്രാപിച്ചു.' എന്നു രാമൻ ബാലിയെ കുററപ്പെടുത്തുന്നതു് അതുകൊണ്ടാകുന്നു. പിന്നെ താരയെ സംബന്ധിച്ചാണെങ്കിൽ ചെങ്കോൽ പിടിക്കുന്ന കരങ്ങൾ, അതു ജ്യേഷ്ഠൻെറയായാലും അനുജൻെറയായാലും, അവയ്ക്കുള്ളിൽ കുടുങ്ങാൻ വലിയ വൈമനസ്യമൊന്നുമില്ലാത്ത, അല്ല, അതിൽ സന്തോഷം കൊള്ളുന്ന, ഒരു നിത്യസുമംഗലിയാണവൾ. അപ്പോൾ ബാലി അക്കാര്യത്തിൽ ധർമ്മവ്യതിക്രമം ചെയ്തു എന്നു സിദ്ധമായി. ഇതിനു ശിക്ഷ വധമാണുതാനും.

ബാലിവധത്തിനു വേറെയും കാരണമുണ്ടു്: രാമസുഗ്രീവസഖ്യം. സഖ്യകക്ഷികളുടെ താല്പര്യം ഒന്നായിത്തീരുന്നു. സുഗ്രീവശത്രുവിനെ രാമൻ സ്വശത്രുവായി സ്വീകരിച്ചു; അവനെ കൊന്നുകൊള്ളാമെന്നു പ്രതിജ്ഞയും ചെയ്തു. മിത്രത്തോടു ചെയ്ത പ്രതിജ്ഞയുടെ പാലനമാണു ബാലിവധം. ബാലിനിഗ്രഹത്തിനുള്ള ഹേതുക്കളിൽ ബലമാണ്ടതു് ഇതാണു്. ഒന്നുമാത്രം: ഇതൊരു ധർമ്മനീതിപ്രകാരമുള്ള കാരണമല്ല, ദണ്ഡനീതിയനുസരിച്ചുള്ള രാഷ്ട്രീയചേഷ്ടനമാണു്.

ബാലിവധം അപരിഹാര്യമായിരുന്നു എന്നു സമ്മതിച്ചാലും, ധർമ്മവിഗ്രഹനായ രാമൻ ഒളിയമ്പെയ്തതു്

നീതിക്കു നിരന്നതോ ? ഇതിനുത്തരം അത്ര എളുപ്പമല്ല. *എതിരാളിയുടെ പകുതി ബലം ബ്രഹ്മവരത്താൽ ബാലിക്കു ലഭിക്കുമെന്നും തന്മൂലമാണ് രാമൻ നേരെ എതിക്കാഞ്ഞതെന്നും വേറെ ചിലർ ഇതരഗ്രന്ഥങ്ങളിൽ പറയുന്നുണ്ട്. ഈ വ്യാഖ്യാനം വേണ്ടിവന്നതുതന്നെ, വാല്മീകിയുടെ രാമൻ ചെയ്ത ഈ കൃത്യം നീതീകരിക്കാൻ മററുവിധത്തിൽ പ്രയാസമാണെന്നവക്കു തോന്നിയതുകൊണ്ടല്ലേ ?

എന്താവാം ശ്രീരാമനെ ഈ കൃത്യത്തിനു പ്രേരിപ്പിച്ച മനോഗതി ? രാജ്യവും പോയി ഭാര്യ്യയും നഷ്ടപ്പെട്ടു കദനക്കടലിലാണ്ടു നടക്കുമ്പോൾ കിട്ടിയ ഏകമിത്രമാണു സുഗ്രീവൻ. ആ സുഗ്രീവനും തന്നെപ്പോലെ ഹൃതധനനും ഹൃതദാരനുമാണെന്നു കേട്ടപ്പോൾ രാമൻ അതീവ ശോകാഭിഭൂതനായിരുന്നിരിക്കണം. സ്വമിത്രത്തിൻെറ അപകാരകനെ എങ്ങനെയെങ്കിലും ഒടുക്കണമെന്ന ചിന്ത മാത്രമേ അപ്പോൾ രാമനുള്ളിൽ ഉണ്ടായിരുന്നിരിക്കു. ശോകാധിക്യം ധമ്മാധമ്മവിചാരത്തെ തല്ക്കാലം മനസ്സിൻെറ അടിത്തട്ടിലേയ്ക്കു തള്ളിക്കളഞ്ഞിരിക്കണം. ഇങ്ങനെയെന്നല്ലാതെ ഈ പ്രവൃത്തി മനസ്സിലാക്കാൻ പ്രയാസമാണ്. പക്ഷെ, ഈ ദോഷം വേറൊരു വലിയ ഗുണം ചെയ്യുന്നുണ്ട്. വാല്മീകിക്കു സവ്വാവയവസമ്പൂണ്ണനായ ഒരു ധമ്മമൂത്തിയെ നിമ്മിക്കാൻ വയ്യായ്കയല്ല. പിന്നെയെന്തിന് ഈ ദോഷം രാമചരിതത്തിൽ ചേത്തു ? രാമൻ ചരിത്രപുരുഷനായതുകൊണ്ട്, വാല്മീകി യഥാത്ഥത്തിൽ ഒരു ജീവചരിത്രം എഴുതുകയായിരുന്നതുകൊണ്ട്. അപ്പോഴാണ് ദോഷം ഗുണമായി മാറുന്നത്. എങ്ങനെയെന്നാൽ, ശ്രീരാമൻെറ ദീഘകാലജീവിതത്തിൽ ഈ ഒററപ്പെട്ട ധമ്മേതരമെന്നു തോന്നാവുന്ന കൃത്യം എങ്ങനെ ഇത്ര കോലാഹലത്തിനു കാരണമായി ? ഇതരാംശങ്ങളിൽ രാമചരിതം

---

* ആഹ്വയ ബാലിനം ബ്രഹ്മാ ദദൗ വരമനുത്തമം,
പ്രതീപവത്തിനോ ഭൂയാദ് അദ്ധം ബലമരിന്ദമ.

പൂൎണ്ണമായതല്ലേ അതിന്ന കാരണം? രാമന്റെ ധാവള്യത്തിന്റെ മാററു കൂട്ടുകയല്ലേ ഈ മറുക ചെയ്യുന്നതു്? എന്നു വരുമ്പോൾ, ബാലിവധം, മഹാവിഷ്ണുവിന്ന ശ്രീവത്സം പോലെയും മൃഗാങ്കന്നു് മൃഗംപോലെയും ശ്രീരാമചന്ദ്രന്നു് ഒരലങ്കാരമാവുകയല്ലേ ചെയ്യുന്നതു്? ഭക്തന്മാരുടെ ദൃഷ്ടിയിൽ ഇതുകൊണ്ടു വേറൊരു പ്രയോജനവും ഉണ്ടായിട്ടുണ്ടു്. അന്യഥാ രാമനെ ഒരുകാലവും സ്മരിക്കാനിടയില്ലാത്ത നാസ്തികന്മാർ രാമനെ കുററംപറയാനായിട്ടെങ്കിലും ഇക്കഥയെടുക്കും. അങ്ങനെ അവരറിയാതെ രാമസ്മരണം ചെയ്യും. സജ്ജനസംസൎഗ്ഗം വന്ദിക്കാനായാലും നിന്ദിക്കാനായാലും സത്ഫലദായകമാണു്.

ആധുനികവിമൎശകന്മാർ രാമനെ ഇതിന്നു വളരെയേറെ കുററപ്പെടുത്തിയിട്ടുണ്ടു്. പക്ഷെ, അതിലെല്ലാം എത്രയോ അധികം ബാലിതന്നെ രാമന്റെ മുഖത്തുനോക്കിപ്പറഞ്ഞു! രാമനെ മാത്രമല്ല, രാമതാതനേയും പരാമൎശിച്ചിട്ടുണ്ടു്.

* അബ്രവീത് പരുഷം വാക്യം പ്രശ്രിതം ധൎമ്മസംഹിതം.

'ധൎമ്മസഹിതമായ പരുഷവാക്കുകൾ വിനയപുരസ്സരം പറഞ്ഞു,' അതെ, കൂസലുകൂടാതെ പറഞ്ഞു. ബാലി രാമനെ 'ത്വം' പദവാച്യനായിട്ടാണധികവും നിൎദ്ദേശിക്കുന്നതു്. ഒരിക്കൽ മാത്രമേ, '' 'ഭവാനു്' ഇതിന്നുത്തരമെന്തെങ്കിലുമുണ്ടെങ്കിൽ'' പറയൂ, എന്നു് 'ഭവാൻ'പദം ഉപയോഗിക്കുന്നുള്ളു. രാമൻ വീണുകിടക്കുന്ന ബാലിയെ സമീപിക്കുന്നതോ?

¶ ബഹുമാന്യ ച തം വീരം.....ഉപയാതൗ മഹാവീര്യൗ.

ബഹുമാനത്തോടെ. ഉത്തരം പറയുന്നതോ? പ്രതിക്കൂട്ടിൽ കയറിയ ഒരുവനെപ്പോലെ.

§ ശാസനം തവ യദ് യുക്തം തദ് ഭവാനനുമന്യതാം.

---

* കിഷ്കിന്ധാകാണ്ഡം, 17-14. ¶ കിഷ്കിന്ധാകാണ്ഡം, 17—13.

§ കിഷ്കിന്ധാകാണ്ഡം, 18 — 28.

'ഭവാനെ ഹിംസിച്ചതു ശരിയാണെന്ന് ഭവാൻ സമ്മതിച്ചാലും.' എന്നു പറയുന്നുണ്ട്. ഉള്ളിൽ, താൻ ചെയ്തതു മുഴുവനങ്ങു ശരിയായില്ല എന്ന തോന്നൽ രാമനുണ്ടായിരുന്നുവെന്നാണതു കാണിക്കുന്നതു്.

രാമൻെറ സമാധാനം കേട്ട ബാലി ഒടുവിൽ തൻെറ തെററു മനസ്സിലാക്കി മാപ്പപേക്ഷിക്കുന്നുണ്ട്, വാസ്തവം തന്നെ. പക്ഷേ, അതുകൊണ്ട് രാമൻെറ പേരിലുള്ള പരാതി നീങ്ങുമോ? ഇതിനെക്കുറിച്ച് ഇത്രയേറെ ചർച്ച നടന്നിട്ടുള്ളതുതന്നെ, അതത്ര പന്തിയായില്ല എന്ന ബോധം കൊണ്ടല്ലേ? പക്ഷേ, ഇതിൻെറ മറുവശം, രാമൻ ഏകോനശതഗുണനും ഏകമാത്രദോഷനും ആണെന്നല്ലേ? വേറാരുണ്ടങ്ങനെ, അത്ര ഉച്ചത്തിലെത്തിയിട്ടുള്ളവർ?

## ബാലിയുടെ കണ്ണിൽ രാമൻ അവതാരപുരുഷൻ

പൂർവ്വാപരബന്ധമൊന്നുമില്ലാതെ ബാലിയുടെ ഒരു വാക്യമുണ്ട്, ഒരു ശ്ലോകം.

* ത്വത്തോഽഹം വധമാകാംക്ഷൻ വാര്യമാണോഽപി താരയാ
സുഗ്രീവേണ സഹ ഭ്രാത്രാ ദ്വന്ദ്വയുദ്ധമുപാഗതഃ.

'താര വിലക്കിയിട്ടും അങ്ങയുടെ കൈകൊണ്ടു് മരണം വരിക്കാൻ ഞാൻ അനുജൻ സുഗ്രീവനുമായി ദ്വന്ദ്വയുദ്ധത്തിനെത്തി.' രാമൻെറ അവതാരത്വം അംഗീകരിക്കാത്തവൎക്ക് ഇതു് പ്രക്ഷിപ്തമെന്നു് തള്ളാൻ പ്രയാസമുണ്ടാകയില്ല. കാരണം, കേവലം ഒരു മനുഷ്യൻെറ കൈകൊണ്ടു് മരിക്കുന്നതിൽ വലിയ മേന്മയൊന്നുമില്ല. പ്രക്ഷേപസിദ്ധാന്തത്തിൽ അഭയം തേടാതെ, ഇതിനെന്തെങ്കിലും സാംഗത്യമുണ്ടോ? സുഗ്രീവനുമായുള്ള ദ്വന്ദ്വയുദ്ധത്തിൽ തനിക്കു മരണമേല്പ്പെടുമെന്നും, അതു് സുഗ്രീവമിത്രമായ ശ്രീരാമൻകൈയാലായിരിക്കുമെന്നും ബാലി

* കിഷ്കിന്ധാകാണ്ഡം, 18 – 57,58.

നേരത്തേ കണ്ടിരിക്കുന്നു. ശ്രീരാമൻ നിമിത്തമുള്ള മരണം സ്വാഗതാഹ്മമായും കരുതുന്നു. എന്തുകൊണ്ട്? രാമൻ ഈശ്വരാംശഭൂതനാണെന്നും, അദ്ദേഹത്തിൽക്കൂടി ദേഹമോചനം ലഭിക്കുന്നതു് മോക്ഷകാരണമാണെന്നും ബാലി കരുതിയതുകൊണ്ടല്ലേ ആ വിധം ആഗ്രഹിച്ചതും പ്രവത്തിച്ചതും? ഈ ശ്ലോകത്തിൽക്കൂടി വാല്മീകി രാമൻെറ ആവരണം അല്പമൊന്നു് നീക്കിക്കാണിച്ചുതരുന്നു.

## കൃതഘ്നതയ്ക്കു പ്രായശ്ചിത്തമില്ല

ഇനി നമുക്കു രാമസമീപം പോകാം. മഴക്കാലം. നാലുമാസം രാമലക്ഷ്മണന്മാർ മാല്യവാൻപവ്വതത്തിൽ കഴിച്ചുകൂട്ടി. ആ നാലുമാസം വഷ്ശതോപമമായിട്ടാണു രാമനു തോന്നിയതു്. ശരത്കാലം വന്നു. സുഗ്രീവൻെറ വത്തമാനമൊന്നുമില്ല. രാമനു് അമഷം തോന്നി. ലക്ഷ്മണനെ വിളിച്ചു പറഞ്ഞു: ‘‘ലക്ഷ്മണാ, നോക്കൂ, സുഗ്രീവൻ എന്നിൽ കരുണ കാണിക്കുന്നില്ല. ‘അനാഥനും ഹൃതരാജ്യനും രാവണാവമാനിതനും ദീനനും കാമിയും എന്നെ ശരണമടഞ്ഞവനുമാണു രാമൻ.’ എന്നു കരുതി സുഗ്രീവനെന്നെ വിഗണിക്കുന്നു. സീതാന്വേഷണത്തിനു നിശ്ചയിച്ചിട്ടുള്ള കാലം സമാഗതമായെന്നു് ആ മൂഢൻ അറിയുന്നില്ല. നീ കിഷ്കിന്ധയിൽച്ചെന്നു് ഗ്രാമ്യസുഖാസക്തനായ വാനരരാജനോടു് ഞാൻ പറഞ്ഞതായിപ്പറയുക: ‘ഉപകാരം മുമ്പേ ചെയ്തവരും, പകരം ഉപകാരം പ്രതീക്ഷിക്കുന്നവരുമായവരോടു് വാക്കുകൊടുത്തിട്ടു് അതു് പാലിക്കാത്തവൻ പുരുഷാധമനാകുന്നു. പറഞ്ഞ വാക്കു് ശുഭമായാലും അശുഭമായാലും അതതുപോലെ പാലിക്കുന്നവനാണു പുരുഷോത്തമൻ. തന്നെ സഹായിച്ച മിത്രങ്ങൾക്കു് ആവശ്യമുള്ള സഹായം ചെയ്തുകൊടുക്കാത്ത കൃതഘ്നന്മാർ ചത്താൽ അവരുടെ പിണത്തെ കാകനും കഴുകനുംപോലും തൊടുകയില്ല.’

* കൃതാൎത്ഥാ ഹ്യകൃതാൎത്ഥാനാം മിത്രാണാം ന ഭവന്തി യേ,
താൻ മൃതാനപി ക്രവ്യാദാഃ കൃതഘ്നാൻ നോപഭുഞ്ജതേ.

എൻെറ അസ്ത്രസാമൎത്ഥ്യം കാണാനും ജ്യാഘോഷം കേൾക്കാനും അവൻ കൊതിക്കുന്നുണ്ടാവും. സുരയിലും നാരിയിലും മുഴുകിയിരിക്കയാണവൻ. അവൻ നമ്മേ മറന്നുകളഞ്ഞിരിക്കുന്നു. ബാലി പോയ വഴി അടഞ്ഞുപോയിട്ടില്ലെന്നു് നീയവനെ അറിയിക്കുക. ആ വഴിക്കു പോകാൻ നോക്കാതെ പറഞ്ഞ വാക്കു് പാലിക്കാൻ സുഗ്രീവനോടു പറയുക. ബാലിയെ ഒരുത്തനെമാത്രമേ കൊന്നുള്ളു. ഇവൻ സത്യം അതിക്രമിച്ചാൽ കൂട്ടത്തോടെ കൊന്നുകളയുമെന്നും ധരിപ്പിക്കുക. അതുകൊണ്ടു കാലം കളയാതെ വേണ്ടതു ചെയ്തുകൊള്ളാൻ അവനെ ഉപദേശിക്കുക.''

'സുഗ്രീവൻെറ കഥയിപ്പോൾത്തന്നെ കഴിച്ചുവരാം.' എന്നു് ലക്ഷ്മണൻ പുറപ്പെട്ടു. രാമൻ തടുത്തു. സുഗ്രീവനോടു് കാലതാമസം നേരിട്ടതിനെക്കുറിച്ചു് സാമപൂൎവ്വം ഓൎമ്മിപ്പിക്കുകയേ വേണ്ടുവെന്നറിയിച്ചു. ലക്ഷ്മണൻ കിഷ്കിന്ധയിലെത്തി. വാനരന്മാർ പേടിച്ചു. അംഗദനും മന്ത്രിമാരും മദിരാമദനമോഹിതനായ വാനരാധിപനെ കരണീയം അറിയിച്ചു. മദവിഹ്വലാക്ഷിയായ താര രാമാനുജസമീപമെത്തി. സ്ത്രീസാമീപ്യംകൊണ്ടു് ലക്ഷ്മണൻ കോപമടക്കി. താര സാമപൂൎവ്വം അകത്തു കൂട്ടിക്കൊണ്ടുപോയി. സുഗ്രീവൻ ചാടിയെഴുനേററു സ്വീകരിച്ചു. സൗമിത്രി കോപത്തോടെ രാമകാൎയ്യം അറിയിച്ചു. താരയും സുഗ്രീവനും സമാധാനം പറഞ്ഞു് മാപ്പിരന്നു.

## കണ്ടേനഹം സീതയെ

രാമകാൎയ്യത്തിൽ ഉപേക്ഷയൊന്നും കാണിച്ചിട്ടില്ലെന്നും വാനരസേനയെ സമാഹരിച്ചിട്ടുണ്ടെന്നും അവർ അറിയിച്ചു. വേഗം സുഗ്രീവനും ലക്ഷ്മണനുംകൂടി രാമസമീപ

* കിഷ്കിന്ധാകാണ്ഡം, 30 – 73.

ത്തേയ്ക്കു പുറപ്പെട്ടു. സുഗ്രീവൻ രാമനെ തൊഴുതു കാല്ക്കൽ പതിച്ചു. രാമൻസുഗ്രീവനെ പിടിച്ചെഴുന്നേല്പിച്ചു; മാറോടണച്ചു; ഇരിക്കാൻ പറഞ്ഞു. ധർമ്മാർത്ഥകാമങ്ങളെ യഥാകാലം സേവിക്കുന്നവനുമാത്രമേ ശരിയായ രാജാവായിരിക്കാൻ സാധിക്കുകയുള്ളു എന്നും, അർത്ഥധർമ്മങ്ങളെ വെടിഞ്ഞു് കാമത്തെമാത്രം സേവിക്കുന്നവൻ മരക്കൊമ്പിലിരുന്നു് ഉറങ്ങിയവനെപ്പോലെ ആപത്തിലകപ്പെടുമെന്നും ശത്രുനിഗ്രഹവും മിത്രസംഗ്രഹവും രാജാവു സാധിയ്ക്കണമെന്നും രാമൻ ഉപദേശിച്ചു. സീതാന്വേഷണത്തിനുള്ള കാലം സമ്പ്രാപ്തമായെന്നും ഓർമ്മപ്പെടുത്തി. ശ്രീരാമൻെറ കരുണകൊണ്ടാണു് തനിക്കു് രാജ്യവും കീർത്തിയും കിട്ടിയതെന്നും, രാമകാര്യം സാധിക്കുന്നതിനായി നിരവധി വാനരന്മാർ വന്നെത്തിയിട്ടുണ്ടെന്നും സുഗ്രീവൻ ഉണർത്തിച്ചു. രാമൻ പ്രീതനായി. രാമാജ്ഞയനുസരിച്ചു് സുഗ്രീവൻ വാനരന്മാരെ നാനാദിക്കുകളിലേയ്ക്കും സീതാന്വേഷണത്തിനു നിയോഗിച്ചു. അക്കൂട്ടത്തിൽ, സുഗ്രീവൻ ഹനുമാനെ പ്രത്യേകം വിളിച്ചു് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു. മാരുതി കാര്യം സാധിക്കാൻ പോന്നവനാണെന്നു് രാമനു തോന്നി. അതിനാൽ, ഹനുമാൻ രാമദൂതനാണെന്നു് സീതയ്ക്കു വിശ്വാസം വരുത്തുന്നതിനായി, രാമൻ സ്വനാമാങ്കിതമായ അംഗുലീയം അഭിജ്ഞാനമായി ഹനുമാനെ ഏല്പിച്ചു. ഹനുമാൻ അതേററു വാങ്ങി. രാമൻെറ കാലിണ വണങ്ങി യാത്ര പുറപ്പെട്ടു. പലതരത്തിലുള്ള വിഘ്നങ്ങളേയും തരണം ചെയ്തു്, ഹനുമാൻ ലങ്കയിൽ ചെന്നു സീതയെ കണ്ടെത്തി. രാമസന്ദേശമറിയിച്ചു് സീതയെ സമാധാനിപ്പിച്ചു. ചിത്രകൂടത്തിൽവെച്ചു് കാകാകൃതിയായി വന്ന ജയന്തനെ രാമൻ വെന്നതും അഭയം നല്കിയതുമായ കഥയും ചൂഡാമണിയും പ്രത്യഭിജ്ഞാനമായി സീത ഹനുമാനെ ഏല്പിച്ചു. രാവണബലം അളക്കുന്നതിനായി ഹനുമാൻ പ്രമദാവനം തല്ലിത്തകർത്തു. വന്നെതിർത്ത അരക്കരെയെല്ലാം തച്ചുകൊന്നു. രാവ

ണപുത്രനായ അക്ഷനും മാരുതിയോടേററു മരണമടഞ്ഞു. ഇന്ദ്രജിത്തു വന്നു് ദിവ്യാസ്ത്രം പ്രയോഗിച്ചു് ബന്ധിച്ചു് ഹനുമാനെ രാവണസമക്ഷം കൊണ്ടുചെന്നു. ആ രാമദൂതൻ രാമമഹിമ വർണ്ണിച്ചു് രാവണനു് ഹിതം ഉപദേശിച്ചു. മക്ക്ടൻെറ ധിക്കാരം കണ്ടു കോപമാണ്ടു ലങ്കേശൻ ഹനുമാനെ കൊന്നുകളയാൻ ആജ്ഞയായി. ദൂതവധം അനുചിതമാണെന്ന വിഭീഷണാഭിപ്രായത്തെ മാനിച്ചു് വാലിനു തീയ് കൊളുത്താൻ കല്പനയായി. അരക്കന്മാർ ഹനുമാൻെറ വാലിൽ തുണിചുററി തീയ് കൊളുത്തി. അനലവാലനായ അനിലതനയൻ രാവണരാജധാനിക്കു കൊള്ളിവെച്ചു. സീതയുടെ പ്രാൎത്ഥനകൊണ്ടും രാമൻെറ പ്രഭാവംകൊണ്ടും അനിലൻെറ അനുഗ്രഹംകൊണ്ടും രാമദൂതനു് യാതൊരു ഹാനിയും സംഭവിച്ചില്ല. ലങ്കാദഹനംകൊണ്ടു് സീതസ്ഥാപത്തൊന്നും പിണഞ്ഞിട്ടില്ലല്ലോ എന്നു് വീണ്ടും പോയി നോക്കിക്കണ്ടശേഷം ഹനുമാൻ മടങ്ങി മറുകരയ്ക്കു് ചാടി. മാരുതി മഹേന്ദ്രഗിരിയിലെത്തി അലറി. വാനരന്മാർ ആനന്ദംകൊണ്ടാൎത്തുവിളിച്ചു.

'ദൃഷ്ടാ സാ ജനകാത്മജാ' എന്നു മാരുതി. യാത്രാവൃത്താന്തങ്ങളും സീതാദുരവസ്ഥയുമെല്ലാം ഹനുമാൻ കൂട്ടകാരെ പറഞ്ഞു കേൾപ്പിച്ചു. കൈയോടെ ലങ്കയിലെത്തി രാവണനെക്കൊന്നു സീതയേയും കൊണ്ടുപോന്നാലെന്താ, എന്നെല്ലാം അംഗദാദികളാലോചിച്ചു. ജാംബവാനവരെ തടഞ്ഞു. വാനരസേന വേഗം ഓടിച്ചാടി കിഷ്കിന്ധയിലെത്തി മധുവനം തകൎത്തു.

മക്ക്ടന്മാർ മധുവനം ധ്വംസിച്ചതു വിജയലക്ഷണമാണെന്നു് സുഗ്രീവനൂഹിച്ചു. സുഗ്രീവാജ്ഞയനുസരിച്ചു ഹനുമത്പ്രഭൃതികൾ വേഗം പ്രസ്രവണപൎവ്വതത്തിൽ ചെന്നു് രാമനെ വണങ്ങി. 'കണ്ടേനഹം സീതയെ' എന്നു് മാരുതി ഉണൎത്തിച്ചു. രാമലക്ഷ്മണന്മാർ ആനന്ദംപൂണ്ടു. വൈദേഹീവൃത്താന്തം വിസ്തരിച്ചുപറയാനാവശ്യപ്പെട്ടതനുസരിച്ചു്

ഹനുമാൻ, സീതവാഴും ദിക്കുനോക്കി നമിച്ചുകൊണ്ടു്, ചൂഡാമണി രാമൻ കൈയിൽ കൊടുത്തു്, താൻ നൂറു യോജന വിസ്താരമാണ്ട സമുദ്രത്തെച്ചാടിക്കടന്നതും, ലങ്കയിൽ ചെന്നതും, സീതയെത്തേടി ലങ്കാനഗരമെല്ലാം ചുററിയതും, രാക്ഷസീപീഡിതയായി പ്രമദാവനത്തിൽ സീതാദേവി ഏകവേണീധരയായി, ഉഗ്രതപമാണ്ടവളായി, രാമചിന്താപരായണയായി വാഴുന്നതു് കണ്ട പ്രകാരവും, രാമകഥ പറഞ്ഞുകേരംപ്പിച്ചു് അംഗുലീയം കൊടുത്തു് വിശ്വാസം ജനിപ്പിച്ചവാറും, രാവണബന്ധനത്തിൽനിന്നു് ഒരു മാസത്തിനകം തന്നെ വീണ്ടുകൊള്ളണമെന്നു് സീത രാമനോടു് അപേക്ഷിച്ച സംഗതിയും, പ്രത്യഭിജ്ഞാനമായി വായസവൃത്താന്തവും ചൂഡാമണിയും നൽകിയ വിവരവും, ഹനുമാനവിടെ കണ്ടതും കേട്ടതും യഥാവൃത്തം രാമനെ ധരിപ്പിച്ചു് വേഗം തന്നെ വീണ്ടുകൊണ്ടുപോകണമെന്ന വൈദേഹിയുടെ അപേക്ഷയുമെല്ലാം പറഞ്ഞു കേരംപ്പിച്ചു.

രാമൻ ചൂഡാമണിയെടുത്തു മാറോടു ചേർത്തു മുറയിട്ടു. ലക്ഷ്മണൻ കരഞ്ഞുപോയി. മണി കണ്ടു രാമൻ വിരഹവിവശനായി. ഹനുമാനോടു് സീതാസന്ദേശത്തെപ്പററി വീണ്ടും ചോദിച്ചു. വിവരമെല്ലാം ഹനുമാൻ വിസ്തരിച്ചു പറഞ്ഞു. കൃതജ്ഞതാനിർഭരനായ രാമൻ ഹനുമാനെ ആലിംഗനംചെയ്തു. കടലെങ്ങനെ കടന്നുകൂടും എന്നായി രാമനു് ചിന്ത. സമുദ്രതരണം സാധിക്കാമെന്നു് പറഞ്ഞു സുഗ്രീവൻ സമാധാനിപ്പിച്ചു. സമുദ്രത്തിൽ സേതുബന്ധം ചെയ്തു ലങ്കയെ ആക്രമിക്കാമെന്നും, തൻെറ സൈന്യം എന്തിനും പോന്നതാണെന്നും സുഗ്രീവൻ ഉറപ്പുകൊടുത്തു. സേതുബന്ധനംകൊണ്ടോ ശോഷണംകൊണ്ടോ സാഗരം തരണം ചെയ്യാൻ വേണ്ട തപസ്സും വീര്യവുമാണ്ടവനാണു് താനെന്നു രാമൻ പ്രസ്താവിച്ചു. ഹനുമാൻെറയടുക്കൽനിന്നു് രാവണബലവിവരണം കേട്ടു. രാമാജ്ഞയനുസരിച്ചു് വാനരസേന ആർത്തുവിളിച്ചു് കാടും മേടും നാടും താണ്ടി തെക്കേ

കടൽക്കരയിലെത്തി.

പാരാവാരത്തിൻെറ ഉത്തരതീരത്തിൽ രാമനും സേനയും പാളയമടിച്ചു. രാമൻ സീതാവിരഹം നിമിത്തം വിവശനായി വിലപിച്ചു. ലക്ഷ്മണൻ സമാധാനിപ്പിച്ചു.

## അഭയം സർവ്വഭൂതേഭ്യോ ദദാമ്യേതദ് വ്രതം മമ

ഹനുമാൻ മടങ്ങിപ്പോയശേഷം രാവണൻ അമാത്യന്മാരോടും സ്വജനങ്ങളോടും അനന്തരകരണീയം ചിന്തിച്ചു. അവരിൽ വിഭീഷണൻമാത്രം സീതയെ രാമനു തിരികെ കൊടുക്കുകയാണ് ധർമ്മമെന്നും ഉചിതമെന്നും, വിപരീതമാചരിച്ചാൽ സർവ്വനാശം സംഭവിക്കുമെന്നും രാവണനോടു പറഞ്ഞു. രാവണനതു രുചിച്ചില്ല. എന്തുകൊണ്ടും രാവണൻ സന്മാർഗ്ഗം കൈക്കൊള്ളുകയില്ലെന്നു തീർച്ചയായപ്പോൾ വിഭീഷണൻ വിശ്വസ്തന്മാരായ നാലമാത്യന്മാരോടുകൂടി ശ്രീരാമൻ സേനാനിവേശം ചെയ്തിരിക്കുന്ന കടല്ക്കരയിൽ ആകാശത്തിൽ വന്നുനിന്നു. ഇവരെക്കണ്ടു് സുഗ്രീവൻ സംശയാലുവായി. ആകാശത്തിൽത്തന്നെ നിന്നുകൊണ്ടു് വിഭീഷണൻ സുഗ്രീവനോടായിപ്പറഞ്ഞു: ''രാക്ഷസരാജാവായിട്ടു് രാവണനെന്നൊരു ദുഷ്ടനുണ്ടു്. അവൻെറ അനുജൻ വിഭീഷണനാണു ഞാൻ. രാവണനാണു് ജടായുവിനേയും കൊന്നു് ജനസ്ഥാനത്തിങ്കൽനിന്നു് സീതയെ അപഹരിച്ചതു്. സീതയെ രാക്ഷസികൾ കാത്തുപോരുന്നു. സീതയെ തിരിച്ചുകൊടുക്കണമെന്നു ഞാൻ പലതരത്തിലും പലകുറി പറഞ്ഞുനോക്കി. ഞാൻ പറഞ്ഞ ഹിതവാക്യങ്ങൾ കാലചോദിതനായ അവൻ കൈക്കൊണ്ടില്ല. അവനെന്നെ ഒരടിമയെപ്പോലെ അപമാനിച്ചു. ഭാര്യയേയും മക്കളേയും ഉപേക്ഷിച്ചു് ഞാൻ രാമനെ ശരണം പ്രാപിക്കുന്നു. സർവ്വലോകശരണ്യനും മഹാത്മാവുമായ രാഘവനോടു് വിഭീഷണൻ വന്നുചേർന്നിരിക്കുന്ന വിവരം വേഗം ഉണർത്തിച്ചാലും.''

* ത്യക്ത്വാ പുത്രാംശ്ച ദാരാംശ്ച രാഘവം ശരണം ഗതഃ
നിവേദയത മാം ക്ഷിപ്രം രാഘവായ മഹാത്മനേ;
സൎവ്വലോകശരണ്യായ വിഭീഷണമുപസ്ഥിതം.

സുഗ്രീവൻ വേഗം രാമസമീപമെത്തി സംഗതി ധരിപ്പിച്ചു. മായാവികളായ രാക്ഷസന്മാർ ചതിക്കുമെന്നും അതിനാലിവരെ കൊന്നുകളയാൻ അനുവാദം നല്കണമെന്നും അപേക്ഷിച്ചു. സുഗ്രീവവാക്യം കേട്ട രാമൻ സമീപവൎത്തികളായ വാനരനായകന്മാരുടെ അഭിപ്രായമാരാഞ്ഞു. വിഭീഷണനെ പെട്ടെന്നങ്ങു വിശ്വസിക്കുന്നതു് ഉചിതമല്ലെന്നും പരീക്ഷിച്ചുവേണം രണ്ടിലൊന്നു് നിശ്ചയിയ്ക്കാനെന്നും അംഗദൻ അഭിപ്രായപ്പെട്ടു. ചാരനെ അയച്ചു പരീക്ഷിച്ചുനോക്കണമെന്നു് ശരഭൻ. അദേശകാലത്തിൽ ആഗതനായ രാവണാനുജൻ ശങ്കനീയനാണെന്നു് ജാംബവാൻ മൊഴിഞ്ഞു. വിഭീഷണനെ വിളിച്ചു പരീക്ഷിച്ചുനോക്കണമെന്നു മൈന്ദൻ അഭിപ്രായം പ്രകടിപ്പിച്ചു. ഈ അഭിപ്രായങ്ങളൊന്നും ഹനുമാനു് പിടിച്ചില്ല. പരീക്ഷയും ചാരനിയോഗവുമൊന്നും ഉചിതമല്ലെന്നു് മാരുതി. രാവണനാൽ നിന്ദിതനായി, ദുഷ്ടനായ അവനെ ഉപേക്ഷിച്ചു പോന്നതു ദേശകാലാനുരൂപമാണെന്നും, വിഭീഷണൻെറ പ്രസന്നവദനം ദ്യോതിപ്പിക്കുന്നതു് അയാളുടെ ശുദ്ധഭാവമാണെന്നും, ബാലിവധവും സുഗ്രീവാഭിഷേകവുംമൂലം രാമൻെറ ബലപരാക്രമങ്ങൾ കേട്ടറിഞ്ഞു് മിഥ്യാവൃത്തനായ രാവണനെ വെടിഞ്ഞു് രാജ്യകാംക്ഷിയായ വിഭീഷണൻ രാമസമീപമെത്തിയതു് ബുദ്ധിപൂൎവ്വമാകുന്നുവെന്നും ഹനുമാൻ സ്വാഭിപ്രായം പ്രതിപാദിച്ചു.

ഇതെല്ലാം കേട്ടശേഷം രാമൻ പറഞ്ഞു:

‡ മിത്രഭാവേന സമ്പ്രാപ്തം ന ത്യജേയം കഥഞ്ചന;
ദോഷോ യദ്യപി തസ്യ സ്യാത് സതാമേതദഗർഹിതം.

"മിത്രമായരികത്തണഞ്ഞവനെ ഞാനൊരുനാളും

---

* യുദ്ധകാണ്ഡം, 17 – 16, 17. ‡ യുദ്ധകാണ്ഡം, 18 – 3.

കൈയ്‌വെടിയുകയില്ല, അവൻ ദോഷവാനാണെന്നിരുന്നാലും. സജ്ജനങ്ങളനുമോദിക്കുന്ന പ്രവൃത്തിയിതാണു്.'' സുഗ്രീവൻ വീണ്ടും എതിർത്തു: ''ഇവൻ ദുഷ്ടനായാലും ശിഷ്ടനായാലും രാത്രിഞ്ചരനാണു്. ഇപ്രകാരമുള്ള ആപത്തു വന്നടുത്തിരിക്കെ, സ്വന്തം ജ്യേഷ്ഠനെ തിരസ്കരിച്ച ഇവനു് അപരിത്യാജ്യനായി ആരുതന്നെ കാണും ?'' മെല്ലെ ചിരിച്ചുകൊണ്ടു ലക്ഷ്മണനെ നോക്കി രാമൻ പറഞ്ഞു: ''ശാസ്ത്രാദ്ധ്യയനവും വൃദ്ധോപസേവയും ചെയ്യാതെ സുഗ്രീവൻ പറഞ്ഞതുമാതിരി പറയാൻ സാധിക്കയില്ല. ഇക്കാര്യത്തിൽ സൂക്ഷ്മമായ ചില സംഗതികളുണ്ടെന്നെനിക്കു തോന്നുന്നു. ലോകത്തിൽ രാജാക്കന്മാരുടെയിടയ്ക്കു് ഒന്നു കാണാറുണ്ടു്. ജ്ഞാതികളും സമീപരാജാക്കന്മാരും സാധാരണയായി രാജാവിനു ശത്രുക്കളാകുന്നു. ആപത്തു വരുമ്പോൾ അവർ കേറിയടിക്കുന്നു. അതാണിവനിവിടേയും വന്നിരിക്കുന്നതു് ധർമ്മിഷ്ഠന്മാരായ രാജാക്കന്മാരാണെങ്കിൽ ആത്മീയർ പറയുന്ന ഹിതവാക്കുകൾ അംഗീകരിക്കും. എന്നാൽ വിപരീതം പറയുന്ന സജ്ജനങ്ങളെ അരചന്മാർ അവിശ്വസിക്കുകയാണു് പതിവു്. വിഭീഷണൻ രാജ്യകാംക്ഷിയാണു്. നാം ഭിന്നകുലജാതരായതുകൊണ്ടു് രാക്ഷസരാജ്യത്തിൽ താല്പര്യം കാണുകയില്ലെന്നും, അതിനാൽ അവനു വിപരീതമായു് നില്ക്കയില്ലെന്നും അവനറിയാം. രാക്ഷസന്മാരിലും നല്ലവരുണ്ടാകാമല്ലൊ. അവൻ ഭീതനാണെന്നു് അവൻെറ ശബ്ദത്തിൽനിന്നും ഊഹിക്കുകയും ചെയ്യാം. അവർ തമ്മിൽ പിണങ്ങിയിരിക്കണം. അതുകൊണ്ടു് വിഭീഷണൻ സ്വീകാര്യനാകുന്നു. സഹോദരന്മാരൊക്കെ ഭരതനെപ്പോലെയോ, മക്കളൊക്കെ എന്നെപ്പോലെയോ, മിത്രങ്ങളൊക്കെ ഭവാനെപ്പോലെയോ ഉള്ളവരല്ലല്ലൊ.''

സുഗ്രീവൻ വിനീതനായു് വീണ്ടും തടുത്തു പറഞ്ഞു: ''ഈ നിശാചരൻ രാവണനാലയയ്ക്കപ്പെട്ടതാണെന്നു ഞാൻ കരുതുന്നു. അവനെ കൊല്ലുകയാണു 'വേണ്ടതു്'

എന്നാണെൻെറ പക്ഷം. നാമെല്ലാം വിശ്വാസത്തോടെ അജാഗ്രതയായിരിക്കുമ്പോഠം ഇവൻ ചതിക്കും. ആ ക്രൂരനായ അരക്കൻെറ അനുജനല്ലേ ഇവൻ ?''

സുഗ്രീവവാക്യം കേട്ട് ആലോചിച്ച് രാമൻ പറഞ്ഞു: ''അവൻ ദുഷ്ടനായാലും എന്നോടെന്തു ചെയ്യാൻ കഴിയും ? എനിക്കല്പംപോലും അഹിതമാചരിക്കാൻ അവൻ ശക്തനല്ല. ലോകത്തിലുള്ള സകല പിശാചുക്കളേയും ദാനവന്മാരേയും യക്ഷന്മാരേയും രാക്ഷസന്മാരേയും വേണമെന്നുവെച്ചാൽ എൻെറ വിരൽത്തുമ്പുകൊണ്ട് കൊന്നൊടുക്കാൻ എനിക്കു കഴിയും. ശരണംപ്രാപിച്ച ശത്രുവിനെ മാനിക്കുകയെന്നതു പണ്ടേ സജ്ജനങ്ങഠം സ്വീകരിച്ചുപോന്നിട്ടുള്ള ഒരു ധമ്മമാകുന്നു. ദീനതപൂണ്ട് കൈകൂപ്പി അടിപണിഞ്ഞു് അഭയം തേടുന്നവനെ ധാമ്മികനായവൻ ഹിംസിക്കരുതു്. അഭയം പ്രാപിച്ചവനെ പ്രാണൻ വെടിഞ്ഞും രക്ഷിക്കേണ്ടതാകുന്നു. ഏതെങ്കിലും കാരണത്താൽ അങ്ങനെ ചെയ്യാതിരുന്നാൽ പാപം വന്നുചേരും. ധമ്മിഷ്ഠവും യശസ്യവും സ്വഗ്ഗ്യവുമായ ധമ്മത്തെ ഞാൻ സ്വീകരിക്കാൻ പോകുന്നു.

* സകൃദേവ പ്രപന്നായ തവാസ്മീതി ച യാചതേ,
അഭയം സവ്വഭൂതേഭ്യോ ദദാമ്യേതദ് വ്രതം മമ.
ആനയൈനം ഹരിശ്രേഷ്ഠ ദത്തമസ്യാഭയം മയാ,
വിഭീഷണോ വാ സുഗ്രീവ യദി വാ രാവണഃ സ്വയം.

ഹേ സുഗ്രീവ, 'ഞാനവിടുത്തെ ദാസൻ' എന്നിങ്ങനെ ഒരു പ്രാവശ്യം പറഞ്ഞു് ശരണം ഇരക്കുന്നവന് സവ്വഭൂതങ്ങളിൽനിന്നും ഭയനിവൃത്തി ഞാൻ കൊടുക്കും. ഇതെൻെറ വ്രതമാണു്. ഹേ വാനരശ്രേഷ്ഠ, ഞാനിവന് അഭയമരുളിയിരിക്കുന്നു. അവനെ കൂട്ടിക്കൊണ്ടുവരുക. വിഭീഷണനോ അഥവാ രാവണൻതന്നെയോ ആയാലും വേണ്ടതില്ല, കൂട്ടിക്കൊണ്ടുവന്നാലും.''

---

* യുദ്ധകാണ്ഡം, 18 – 33, 34.

സുഗ്രീവൻ തല കുനിച്ചു: ''സത്വവാനും സത്പഥസ്ഥിതനുമായ അവിടുന്നു് ആര്യകാര്യങ്ങളരുളി. വിഭീഷണൻ ശുദ്ധനാണെന്നു് എന്റെ അന്തരാത്മാവും പറയുന്നു. അവൻ നമ്മുടെ സഖാവായി ഭവിക്കട്ടെ."

വിഭീഷണൻ നാലമാത്യന്മാരുമായി രാമന്റെ കാലിണയിൽ വീണുവണങ്ങിക്കൊണ്ടുണർത്തിച്ചു: ''രാവണന്റെ അനുജനാണു ഞാൻ. അവനെന്നെ അവമാനിച്ചു.

* ഭവന്തം സർവ്വഭൂതാനാം ശരണ്യം ശരണം ഗതഃ,
പരിത്യക്താ മയാ ലങ്കാ മിത്രാണി ച ധനാനി ച.
ഭവദ്ഗതം ഹി മേ രാജ്യം ജീവിതം ച സുഖാനി ച.

സർവ്വഭൂതശരണ്യനായിരിക്കുന്ന അവിടുത്തെ ഞാൻ ശരണമടയുന്നു. ലങ്കയും സ്വജനങ്ങളും ധനങ്ങളും ഞാൻ ഉപേക്ഷിച്ചു. എന്റെ ജീവിതവും സുഖവും രാജ്യവും അങ്ങേയ്ക്കധീനമാകുന്നു.''

രാമൻ വിഭീഷണനെ കടാക്ഷംകൊണ്ടും സാന്ത്വനവാക്കുകൾകൊണ്ടും അനുഗ്രഹിച്ചു.

ഭക്തിമാർഗ്ഗത്തിൽ പ്രപത്തി പരമപദവിയാകുന്നു. വിഭീഷണശരണാഗതി ഭാഗവതന്മാർക്കു് പ്രിയംകരമായ ഒരു ഉപാഖ്യാനമാണു്. ഈ അഭയപ്രതിജ്ഞയാണു രാമായണത്തെ ഒരു ഭക്തിശാസ്ത്രമാക്കുന്ന മുഖ്യഘടകം. ശ്രീരാമന്റെ അമാനുഷപ്രഭാവവും ഈ അഭയദാനംകൊണ്ടു് പ്രകടമാകുന്നു. ഉത്പഥഗാമിയായ പൂർവ്വജനു് വിഭീഷണൻ ഹിതവും ശ്രേയസ്കരവുമായതു് ഉപദേശിച്ചു. തലതിരിഞ്ഞ പത്തുതലയൻ അതു ചെവിക്കൊണ്ടില്ല. സജ്ജനങ്ങൾക്കു് അസത്തുക്കളായവരോടു്, അവർ സ്വജനങ്ങളായാലും, അവരോടുകൂടിയുള്ള വാസം അസഹ്യമാകുന്നു. ധർമ്മത്തിനെതിരായി അർത്ഥകാമങ്ങൾ തലയുയർത്തി. വിഭീഷണൻ §കാലക്കേടു ബാധിച്ച ലങ്ക വിട്ടു രാമപാർശ്വം

---

* യുദ്ധകാണ്ഡം, 19 - 5, 6. §കാലം x ലംകാ.

അണഞ്ഞു. രാമൻ മഹാത്മാവും സർവ്വലോകശരണ്യനുമാണെന്നറിഞ്ഞുകൊണ്ടുതന്നെയാണു വന്നിരിക്കുന്നതു്; തനിക്കു്അഭയം ലഭിക്കുമെന്നുള്ള വിശ്വാസത്തോടും.

ആനുകൂല്യസ്യ സങ്കല്പഃ പ്രാതികൂല്യസ്യ വർജ്ജനം,
രക്ഷിഷ്യതീതി വിശ്വാസോ ഗോപ്തൃത്വവരണം തഥാ,
ആത്മനിക്ഷേപകാർപ്പണ്യേ ഷഡ്വിധാ ശരണാഗതിഃ.

ധർമ്മാചരണത്തിനു് പ്രതികൂലമായി നിന്ന രക്ഷസ്സുകളെ വെടിഞ്ഞു്, രാമപാർശ്വമാണു് തനിക്കുചിതമെന്നു നിനച്ചു്, രാമൻ തനിക്കഭയമരുളുമെന്നു വിശ്വാസമാർന്നു്, ദീനനായി, രാമനെ രക്ഷകനായി വരിച്ചു്, വിഭീഷണൻ തന്നെ രാമപാദത്തിലർപ്പിച്ചു. സ്വജനസ്നേഹവും സ്വധർമ്മവും തമ്മിൽ പൊരുത്തക്കേടു വന്നപ്പോഴ് മദ്ധ്യമപാണ്ഡവനും കാർപ്പണ്യഹതചേതസ്സായിട്ടു്, 'ശിഷ്യസ്തേfഹം ശാധി മാം ത്വാം പ്രപന്നം.' എന്നു കൃഷ്ണനെ ശരണമടഞ്ഞപ്പോഴാണു് മോഹനാശകമായ ഗീതാമൃതം ലഭിച്ചതു്. ദേവർഷിഭൂതാപ്തനരന്മാരോടു് സാധാരണ ജീവനുള്ള കിങ്കരത്വവും ഋണബാധ്യതയും, സർവ്വാത്മനാ മുകുന്ദനെ ശരണമടഞ്ഞവനില്ലെന്നു് ഭാഗവതനായ വൃത്രനും പറയുന്നുണ്ടു്. പരമഭാഗവതനെന്നു് ഭാഗവതകാരൻ വാഴ്ത്തുന്ന പ്രഹ്ലാദൻ നവവിധഭക്തിയിൽ പരമപദമായിട്ടു് ആത്മനിവേദനമാണു് ഉപദേശിച്ചിട്ടുള്ളതു്. അങ്ങനെ ഭക്തിശാസ്ത്രങ്ങളും ഭാഗവതന്മാരും ഏകകണ്ഠമായി പ്രപത്തിയെ ഭക്തിയുടെ പരമകാഷ്ഠയായി അംഗീകരിക്കുന്നു.

തന്നെ ശരണമടയുന്നവന്റെ സർവ്വപാപങ്ങളേയും നീക്കിക്കൊള്ളാമെന്നും, അവന്റെ യോഗക്ഷേമങ്ങളും താൻ വഹിച്ചുകൊള്ളാമെന്നുമാണു് പാർത്ഥസാരഥിയുടെ പ്രതിജ്ഞ. അതുമാതിരിയുള്ള ഒരു പ്രതിജ്ഞയാണു് ശ്രീരാമചന്ദ്രൻ തന്റെ പരംഭാവപ്രഭാവബോധത്തോടെ വിഭീഷണനിൽക്കൂടിയും അരുളുന്നതു്. കേവലം ഒരു മർത്ത്യന്റെ തുണ തേടി രാവണാനുജൻ വിത്താപത്യകളത്ര

ങ്ങളെ ഉപേക്ഷിക്കുമോ? ഇനി, ആരെങ്കിലും അങ്ങനെ തന്നെ അഭയം പ്രാപിച്ചാൽ, സർവ്വഭൂതങ്ങളിൽനിന്നും അഭയം വാഗ്ദാനം ചെയ്യാനുള്ള കരുത്തും തന്റേടവും ഈശ്വരാംശജന്മാക്കല്ലാതെ വെറും മാംസപിണ്ഡാഭിമാനികൾക്കുണ്ടാവുമോ ?

ശ്രീരാമന്റെ രാജ്യതന്ത്രവും, അധികാരസ്ഥാനത്തിരിക്കുന്നവർക്ക് വന്നുചേരാവുന്ന ആപത്തുകളെക്കുറിച്ചുള്ള ബോധവും, മനുഷ്യമനസ്സിന്റെ സൂക്ഷ്മഗതിയെ കാണാനുള്ള കഴിവും നമുക്കീ സംഭവത്തിൽനിന്നു കാണാം. ജ്യേഷ്ഠനോടു പിണങ്ങിപ്പോന്നിരിക്കുന്ന ഒരു രാജകുമാരനാണ് വിഭീഷണൻ. ശത്രുവിന്റെ രഹസ്യങ്ങളെല്ലാമറിയുന്നവനും, സിംഹാസനത്തിന് അനന്തരാവകാശിയുമായ ഒരാൾ സ്വസംഘത്തിൽ ചേരുന്നതു് തന്റെ കാര്യം സാധിക്കുന്നതിന് അത്യധികം സഹായകമാകുമല്ലൊ. സിംഹാസനത്തിനു ചുററും ദുരാലോചനകൾ വളരുമെന്നും, അരചനു ക്ഷീണം സംഭവിക്കുമ്പോൾ സ്വജനങ്ങളും അയൽരാജ്യങ്ങളും മേൽ ചാടിവീഴുമെന്നും രാമനരുളിച്ചെയ്ത രാഷ്ട്രതന്ത്രതത്വത്തിന്റെ പ്രായോഗികദൃഷ്ടാന്തം ഇന്ത്യ ഇപ്പോളനുഭവിച്ചുകൊണ്ടിരിക്കയാണ്. അധികാരത്തർക്കം വരുമ്പോൾ, സാധാരണ ലോകത്തിൽ സംഭവിക്കുന്നതു്, രാമഭരതസൗഭ്രാത്രംപോലെയല്ലെന്നും, ബാലിസുഗ്രീവന്മാരുടേയൊ, രാവണവിഭീഷണന്മാരുടേയൊ മാതിരി 'അനുജൻ ജ്യേഷ്ഠനെ വെട്ടിക്കൊല്ലുന്ന' ഏപ്പാടാണെന്നും രാമൻ സുഗ്രീവനെ ഓർമ്മിപ്പിക്കുകയും ചെയ്തു.

എന്നാലിതു് രാവണനെ തുലയ്ക്കാനായുള്ള ഒരു രാഷ്ട്രീയസഖ്യമായിരുന്നോ ? അങ്ങനെയാണെങ്കിൽ, അതിൽ അമാനുഷമായെന്തുള്ളു? രാഷ്ട്രീയലാഭം നോക്കിയാൽപ്പോലും വിഭീഷണൻ സ്വീകാര്യനാണെന്ന് സുഗ്രീവനെ സമാധാനിപ്പിക്കാനായി പറഞ്ഞതാണ് ഈ വാദം. ഇതു് രാമന്റെ അഭയദാനവാക്കുകളിൽനിന്നും വ്യക്തമാകുന്നു.

മായാവിയായ അസുരൻ ഉറക്കത്തിലെങ്കിലും ചതിച്ചേക്കു മെന്നു ഭയന്ന സുഗ്രീവനോട്ട്, തൻെറ അമാനുഷപ്രഭാവത്തെ പ്രകടിപ്പിക്കുമാറു്, രാമൻെറ ചരിത്രത്തിൽ ദുർല്ലഭമായ രീതിയിൽ, ലോകം മുഴുവൻ അംഗുല്യഗ്രംകൊണ്ടു് തകക്കാൻ കെൽപുടയവനാണു താനെന്നും, യക്ഷരാക്ഷസപിശാചുക്കാംക്കൊന്നും തന്നോടൊന്നും ചെയ്യാനാവില്ലെന്നും രാമൻ പറയുന്നു. ഇതൊരു വീമ്പു പറയലല്ല. അങ്ങനെയൊന്നു് രാമൻെറ സ്വഭാവത്തിലില്ല. തന്നെ ശരണമടയുന്നവരെ സവ്വാപത്തുകളിൽനിന്നും രക്ഷിക്കുമെന്നുള്ളതു തൻെറ വ്രതമാണെന്നും, വിഭീഷണനല്ല, ജാനകീചോരനായ രാവണൻ തന്നെയായാലും പ്രപന്നനായാൽ അവനെ താൻ കാത്തുകൊള്ളുമെന്നും ഉള്ള ഏററവും ഉദാരവും ഉദാത്തവുമായ വാണികാം, ഭക്തനു് ഭഗവാനരുളുന്ന അഭയവാണികളാകുന്നു. അതെ, രാമനും കൃഷ്ണനും ഭക്തൻെറ ഭാരമെല്ലാം തങ്ങാം വഹിച്ചുകൊള്ളാമെന്നു് നമുക്കുറപ്പു തരുന്നു.

ശ്രീരാമൻ ആവശ്യപ്പെട്ടതനുസരിച്ചു വിഭീഷണൻ രാവണവിക്രമങ്ങളും സേനാബലവും അറിയിച്ചു. രാവണനെക്കൊന്നു് വിഭീഷണനെ ലങ്കാധിപതിയായി വാഴിക്കുന്നുണ്ടെന്നു രാമൻ പ്രതിജ്ഞ ചെയ്തു. രാവണവധത്തിനു് തന്നാലാവുന്ന സവ്വസഹായങ്ങളും ചെയ്തുകൊള്ളാമെന്നു് വിഭീഷണനും വാഗ്ദാനം ചെയ്തു. രാമാജ്ഞയനുസരിച്ചു് അപ്പോാം അവിടെവെച്ചുതന്നെ വിഭീഷണനെ ലക്ഷ്മണൻ രാക്ഷസരാജാവായി അഭിഷേകം നടത്തി.

## സേതുബന്ധനം

എങ്ങനെ കടൽ കടക്കും എന്നായി അടുത്ത ആലോചന. രാമൻ സാഗരത്തെ ശരണം പ്രാപിക്കണമെന്നും സഗരാത്മജൻ, സഗരവംശപ്രഭവനായ രാമനു് സാഹായ്യം ചെയ്യുമെന്നും വിഭീഷണൻ അഭിപ്രായപ്പെട്ടു. ആ അഭിപ്രായം സ്വീകരിച്ചു് രാമൻ സമുദ്രതീരത്തു് കുശവിരിച്ചു്

ഇരിപ്പുറപ്പിച്ചു. ഇതിനിടയ്ക്കു് രാവണചാരനായ ശുകൻ വന്നു് സുഗ്രീവനെ രാമനിൽനിന്നും ഭിന്നിപ്പിക്കാൻ ഒരു ശ്രമം നടത്തി. വാനരന്മാർ ശുകനെ പിടികൂടിത്തച്ചു. അവൻ രാമനെ വിളിച്ചുകേണു. രാമൻ ദൂതനായ അവനെ വിട്ടയയ്ക്കാൻ കല്പന കൊടുത്തു.

രാഘവൻ സാഗരതീരത്തിൽ ദർഭാസ്തരണത്തിൽ, ഉദധിയ്ക്കു് അഭിമുഖനായി തൊഴുതു്,

* അദ്യ മേ മരണം വാഥ തരണം സാഗരസ്യ വാ.

'ഒന്നുകിലിന്നു മരണം, അല്ലെങ്കിൽ സാഗരതരണം' എന്നു് ഉറച്ചു പ്രയതനും നിയതനുമായി, ദക്ഷിണഭുജം ഉപധാനമാക്കി ദീക്ഷാശയനമാരംഭിച്ചു. അങ്ങനെ മൂന്നുരാത്രി സരിത്പതിയെ ഉപാസിച്ചു. എന്നിട്ടും സാഗരം ദർശനം കൊടുത്തില്ല. രാമനു് കോപംകൊണ്ടു; കണ്ണു ചുവന്നു; ലക്ഷ്മണനോടായി പറഞ്ഞു: ''സമുദ്രം ധിക്കാരംകൊണ്ടാണു് എന്മുമ്പിൽ വരാത്തതു്. ശമവും ക്ഷമയും, ആർജ്ജവവും പ്രിയവാദവും, ഈവക സദ്ഗുണങ്ങളെല്ലാം, കൊള്ളരുതായ്മയുടെ ലക്ഷണമെന്നാണു് അല്പന്മാർ കരുതുക. ആത്മപ്രശംസ ചെയ്യുന്നവനേയും ദുഷ്ടനേയും ധൃഷ്ടനേയും അന്യരെ ധിക്കരിക്കുന്നവനേയും ദണ്ഡിക്കുന്നവനേയും ലോകം മാനിക്കുന്നു. ലോകത്തിൽ പുണ്യകർമ്മകൃതമായ കീർത്തിയോ, പോരിൽ പരാക്രമകൃതമായ യശസ്സോ, സാമംകൊണ്ടു കിട്ടുന്നതല്ല. ലക്ഷ്മണാ, ഞാനിന്നു ബാണമെയ്തു കടലിലെ വെള്ളമെല്ലാം വററിച്ചു കളയുന്നുണ്ടു്. ക്ഷമാശീലനായ എന്നെ സമുദ്രരാജൻ അസമർത്ഥനെന്നു കരുതുന്നു. ഇത്തരക്കാരുടെ മുമ്പിൽ ക്ഷമ ഉചിതമല്ല. സൗമിത്രേ, ചാപബാണങ്ങൾ കൊണ്ടുവരിക. സാഗരത്തെ ഞാൻ ശോഷിപ്പിക്കുന്നുണ്ടു്. വാനരന്മാർ കാൽനടയായി കടൽ കടക്കട്ടെ. ക്രുദ്ധനായ ഞാൻ അക്ഷോഭ്യമായ സാഗരത്തെ ഇളക്കിമറിയ്ക്കുന്നുണ്ടു്. വരുണാലയത്തിന്റെ അതിരുകളെയെല്ലാം സായകം

* യുദ്ധകാണ്ഡം, 21 – 8.

കൊണ്ടു ഞാനിന്നു മാററിമറിയ്ക്കാൻ പോകുന്നു. വൻകടലിനെ ഞാൻ ഇളക്കിമറിയ്ക്കും.'' എന്നിങ്ങനെ പറഞ്ഞുകൊണ്ടു ക്രോധകലുഷിതനേത്രനായ രാമൻ ചാപബാണങ്ങരം കൈയ്യിലെടുത്തു. ഉഗ്രബാണങ്ങരം തൊടുത്തയച്ചു. കടൽ കലങ്ങിമറിഞ്ഞു. അലകരം മലപോലെ ഉയൎന്നു. ജലജീവികരം കിടന്നു പിടഞ്ഞു. കൊടുങ്കാററു ചീറിയടിച്ചു. 'അരുതേ' എന്നു പറഞ്ഞു ലക്ഷ്മണൻ വില്ലിന്നു കടന്നുപിടിച്ചു. ബ്രഹ്മൎഷികളും ദേവൎഷികളും 'അരുതെ'ന്നു വിലക്കി.

രാമൻ സാഗരത്തോടു കോപിച്ചരുളി: ''ശരനിൎശ്ശുദ്ധതോയനായ നിന്നിൽനിന്നും പൊടിപടലം ഉയരുന്നതാണു്. ഞാനയച്ച ശരമാരിയുടെ മുകളിൽക്കൂടി കപിസേന കാൽനടയായി അക്കര കടക്കും. നിനക്കെൻെറ വിക്രമം അറിഞ്ഞുകൂടാ.'' ഈവിധം പറഞ്ഞു ബ്രഹ്മദണ്ഡസദൃശമായ ശരം ബ്രഹ്മാസ്ത്രത്തിൽ തൊടുത്തുവലിച്ചു. ഭൂമി വിറച്ചു. ലോകമിരുണ്ടു. സാഗരരാജൻ സമുദ്രമദ്ധ്യത്തിൽനിന്നും ഉയൎന്നെത്തി രാമനെ തൊഴുതുണൎത്തി: ''ഹേ രാഘവ, പൃഥിവ്യാദിഭൂതങ്ങരം ഓരോന്നും അതതിൻെറ സ്വഭാവത്തെ അനുസരിക്കുന്നു. അഗാധവും ദുസ്തരവുമാണു ഞാൻ. പ്രകൃത്യാ ചപലനാണു ഞാൻ. ഒന്നുകൊണ്ടും എൻെറ സ്വഭാവത്തെ മാററാവതല്ല. അങ്ങേയ്ക്കു് ഉപദ്രവംകൂടാതെ കടന്നുപോകാൻ വേണ്ടതു ഞാൻ ചെയ്യാം.'' ഇതുകേട്ടു്, അമോഘമായ തൻെറ ശരത്തിന്നു ലക്ഷ്യം കാണിച്ചുകൊടുക്കണമെന്നു രാമനാവശ്യപ്പെട്ടു. ഉത്തരദേശത്തു്, ആഭീരന്മാരെന്ന പാപികരം വാഴുന്ന ദ്രുമകുല്യ എന്ന സ്ഥലം ബാണത്തിന്നു ലക്ഷ്യമായി സാഗരം നിൎദ്ദേശിച്ചു. രാമൻ ശരം പ്രയോഗിച്ചു. അന്നുമുതൽ അതിന്നു മരുകാന്താരമെന്നു പേർ പരന്നു. ആ സ്ഥാനം പശുക്കരംക്കു് നല്ല മേച്ചിൽസ്ഥലങ്ങളായിത്തീൎന്നു.

വിശ്വകൎമ്മപുത്രനായ നളൻ സമുദ്രത്തിൽ സേതുബന്ധിക്കട്ടെയെന്നു് സാഗരം അഭിപ്രായപ്പെട്ടു. താനതു

താങ്ങിക്കൊള്ളാമെന്നും സാഗരം സമ്മതിച്ചു. അനന്തരം സാഗരരാജൻ മറഞ്ഞു. നളൻ സേതുബന്ധനത്തിനു സന്നദ്ധനായി. നളന്റെ മേൽനോട്ടത്തിൽ അഞ്ചുനാൾകൊണ്ടു് പത്തുയോജന വിസ്താരവും നൂറുയോജന നീളവുമായ ചിറ പണിതുതീർന്നു. വിഭീഷണൻ ഗദാപാണിയായി സചിവന്മാരോടൊത്തു് മറുകരയെത്തി. സുഗ്രീവന്റെ അപേക്ഷ പ്രകാരം ശ്രീരാമൻ ഹനുമാന്റെ തോളിലും ലക്ഷ്മണൻ അംഗദന്റെ തോളിലുമായി ലങ്കയിലെത്തി. വാനരസേന പിന്തുടർന്നെത്തി.

അപേക്ഷ, അനുനയം, തപസ്സ് മുതലായ സാധാരണോപായങ്ങളൊന്നും ഫലിക്കാഞ്ഞപ്പോൾ തന്റെ അമാനുഷപ്രഭാവവും അധീശാധികാരവും പ്രദർശിപ്പിച്ചു് രാമൻ കാര്യം സാധിക്കുന്ന ഒരു സന്ദർഭമാണിതു്.

## ലങ്കയിൽ

ലങ്കാനഗരത്തിന്റെ മഹിമ രാമനെ ആകർഷിച്ചു. രാവണൻ ശുകസാരണന്മാരെ ചാരന്മാരായയച്ചു. അവർ മർക്കടാകാരം ധരിച്ചു് കപിസേനയിൽ കടന്നുകൂടി. അവർ സേനാരഹസ്യങ്ങൾ കണ്ടുപിടിക്കുന്നതു് വിഭീഷണൻ കണ്ടെത്തി. ചാരന്മാരെ പിടികൂടി. അവരെ രാമസമീപം കൊണ്ടുചെന്നു. പേടിച്ചു കൈയ്കൂപ്പിക്കൊണ്ടു് അവർ ഉള്ളതു പറഞ്ഞു. അവരെ തങ്ങളുടെ ബലം മുഴുവൻ കാണിച്ചു മനസ്സിലാക്കിക്കൊടുക്കാൻ വിഭീഷണനോടു് രാമനാജ്ഞാപിച്ചു. ചാരന്മാർക്കു് രാമൻ ദൂതന്മാരുടെ അവകാശങ്ങൾ അനുവദിച്ചുകൊടുത്തു. രാവണനോടു പറയാനുള്ള സന്ദേശവും അവർവശം അയച്ചു. സീതയെ അപഹരിക്കാൻ ആശ്രയിച്ച ബലം പ്രദർശിപ്പിക്കാനുള്ള സമയം സമാഗതമായെന്നും, പിറേറന്നു കാലത്തു് താൻ ലങ്കയെ ശരത്തിനിരയാക്കുമെന്നും തന്റെ കോപം മുഴുവൻ രക്ഷോബലത്തിന്റെ മേൽ ചൊരിയുന്നതാണെന്നും രാമൻ

പറഞ്ഞയച്ചു. ചാരന്മാർ ചെന്നു ലങ്കാധിപനോടു രാമന്റെ ബലവും സന്ദേശവും ഉണർത്തി. രാവണനവരെ ഭർത്സിച്ചു പറഞ്ഞയച്ചു. ശാർദ്ദൂലനും കൂട്ടരും വേഷംമാറി വാനരസേനയിൽ കടന്നുകൂടി. അവരെയും വിഭീഷണൻ കണ്ടുപിടിച്ചു. രാമന്റെ കൃപകൊണ്ടു് അവൎക്കു് പ്രാണനോടെ മടങ്ങാനൊത്തു.

രാമസേനയുടെ ബലവീര്യവേഗങ്ങൾ ചാരന്മാരിൽ നിന്നു കേട്ടു് രാവണൻ ഉദ്വിഗ്നനായി. അവൻ മായാവിയായ വിദ്യുജ്ജിഹ്വനേയുംകൂട്ടി സീതയെ വഞ്ചിക്കാൻ പുറപ്പെട്ടു. ഉറങ്ങിക്കിടന്ന രാമന്റെ തല പ്രഹസ്തൻ വെട്ടി വേറാക്കി എന്നുംപറഞ്ഞു് ചോരയൊലിക്കുന്ന ഒരു തല വിദ്യുജ്ജിഹ്വൻ സീതയുടെ മുമ്പിൽ വെച്ചു. രാമന്റെ വില്ലും കാണിച്ചുകൊടുത്തു. രാമസാദൃശ്യം കണ്ടു് സീത വിലപിച്ചുനിലത്തുവീണു. സേനാധിപൻ പ്രഹസ്തൻ കാണാൻ വന്നിരിക്കുന്നുവെന്നു് ഒരു ദൂതൻ വന്നു രാവണനെ അറിയിച്ചു. രാവണൻ പോയതോടെ ശിരസ്സും കാർമ്മുകവും അന്തർദ്ധാനംചെയ്തു. വിഭീഷണപത്നിയായ സരമ രാവണമായാരഹസ്യം പുറത്താക്കി സീതയെ ആശ്വസിപ്പിച്ചു. രാമനും സേനയും ലങ്കയിലെത്തിയിരിക്കുന്ന വിവരം സരമ സീതയെ ധരിപ്പിച്ചു.

## പ്രഥമപ്രഹരം

രാമനും പ്രമുഖവാനരന്മാരുംകൂടി സുബേലപർവ്വതത്തെ അധിരോഹണംചെയ്തു. ആ രാത്രി അവർ പർവ്വതമുകളിൽ കഴിച്ചുകൂട്ടി. അവിടെനിന്നും ലങ്കയെ നന്നായൊന്നു നോക്കിക്കണ്ടു. സമൃദ്ധമായ ലങ്കാനഗരം കണ്ടു രാമൻ വിസ്മയമാണ്ടു. രാമനും സുഗ്രീവനുംകൂടി സുബേലശിഖരത്തിൽക്കയറി. അവിടെനിന്നു വീണ്ടും ചുററും നോക്കി. രത്നാഭരണഭൂഷിതനായി ഛത്രചാമരപരീതനായിട്ടു് രാവണൻ വാഴുന്നതു കണ്ടു. രാവണനെ കണ്ടമാത്രയിൽ

സുഗ്രീവൻ കോപത്തോടെ കുതിച്ചു. ഗോപുരത്തിലെത്തി നിർഭയം രാവണനെ നോക്കിക്കണ്ടു; എന്നിട്ടു പറഞ്ഞു:

* ലോകനാഥസ്യ രാമസ്യ സഖാ ദാസോऽസ്മി രാക്ഷസ,
ന മയാ മോക്ഷ്യസേऽദ്യ ത്വം പാർഥിവേന്ദ്രസ്യ തേജസാ.

''ലോകനാഥനായ രാമൻെറ കിങ്കരനും സുഹൃത്തുമാണു ഞാൻ. അദ്ദേഹത്തിൻെറ മഹത്വംകൊണ്ടു് നീയിന്നെൻെറ കൈയിൽനിന്നും രക്ഷപ്പെടുകയില്ല.'' ഇതും പറഞ്ഞു സുഗ്രീവൻ അവൻെറ മേൽ ചാടിവീണു് കിരീടം വലിച്ചൂരി ഒരേറുകൊടുത്തു. 'ഞാൻ കാണുംവരെ സുഗ്രീവനായിരുന്ന നീയിപ്പോൾ ഹീനഗ്രീവനാകാൻ പോകുന്നു.' എന്നു പറഞ്ഞു രാവണൻ വാനരനെ പിടിച്ചു വലിച്ചെറിഞ്ഞു. ഇരുവരും തമ്മിൽ കൊടിയ പോരു നടന്നു. രാവണൻ മായ പ്രയോഗിപ്പാനാലോചിച്ചു. വാനരൻ വാനത്തിലേയ്ക്കു കുതിച്ചു. തിരിച്ചു രാമസമീപമെത്തി. തന്നോടാലോചിക്കാതെ ഈ സാഹസത്തിനൊരുമ്പെട്ടതിനു് രാമൻ സുഗ്രീവനെ കുററപ്പെടുത്തി; വീണ്ടുമിങ്ങനെ ചെയ്യരുതെന്നു താക്കീതും ചെയ്തു. സുഗ്രീവൻ തിരിച്ചുവരാതിരുന്നപ്പോൾ, കുലത്തോടെ രാവണനെ ഒടുക്കി, വിഭീഷണനെ ലങ്കാധിപനായി വാഴിച്ചു്, രാജ്യം ഭരതനിൽ നിക്ഷേപിച്ചശേഷം ദേഹമുപേക്ഷിക്കാൻ താൻ വിചാരിച്ചിരുന്നുവെന്നു രാമൻ പറഞ്ഞു. അതു കേട്ടു സുഗ്രീവൻ ചോദിച്ചു: ''അവിടുത്തെ ഭാര്യാപഹർത്താവിനെ കൺമുമ്പിൽ കണ്ടിട്ടു്, ഞാനെങ്ങനെ അടങ്ങിയിരിക്കും ?'' രാമൻ സുഗ്രീവനെ അഭിനന്ദിച്ചു. സേനയെ യുദ്ധസജ്ജമാക്കി.

## ലങ്കാനിരോധം

വാനരസേന ലങ്ക വളഞ്ഞു. രാമൻ ലക്ഷ്മണസഹിതനായി ലങ്കയുടെ രാവണപാലിതമായ ഉത്തര

* യുദ്ധകാണ്ഡം, 40 – 10.

ഗോപുരദ്വാരം നിരോധിച്ചു. നീലൻ, മൈന്ദൻ, ദ്വിവിദൻ ഇവർ കിഴക്കേക്കോട്ട ആക്രമിച്ചു. ഋഷഭൻ, ഗവാക്ഷൻ, ഗജൻ, ഗവയൻ ഇവരോടൊത്തു് അംഗദൻ തെക്കെഗോപുരം പിടിച്ചു. പ്രമാഥി, പ്രഘസൻ മുതൽപേരോടൊത്തു ഹനുമാൻ പശ്ചിമദ്വാരം കാത്തു. വടക്കും പടിഞ്ഞാറും ഗോപുരങ്ങളുടെ മദ്ധ്യത്തിൽ രാമസമീപം സുഗ്രീവൻ നിലയുറപ്പിച്ചു. വാനരവാഹിനി മുപ്പത്താറുകോടി. രാമാജ്ഞയനുസരിച്ചു് ലക്ഷ്മണനും വിഭീഷണനുംകൂടി ഓരോ കോടി സേനയെ ഓരോ വാതില്ക്കലും അണിനിരത്തി. വാനരസേനയുടെ ശബ്ദകോലാഹലത്തിൽ ലങ്ക വിറച്ചുപോയി. ഇപ്രകാരം സേനാനിവേശം ചെയ്തശേഷം, രാമൻ മന്ത്രിമാരുമായി ആലോചിച്ചു്, വിഭീഷണൻെറ സമ്മതത്തോടുകൂടി, രാജധമ്മത്തെ മുൻനിത്തി, അംഗദനെ വിളിച്ചീവിധം അരുളിച്ചെയ്തു: ''വത്സ, നീ നിർഭയം രാവണസമീപമെത്തി എൻെറ ഈ സന്ദേശം അവനെ അറിയിക്കുക: 'എടാ മൂഢാ, രാക്ഷസാധമാ, മരണമടുത്തവനെ, നീയിതുവരെച്ചെയ്ത പാപത്തിൻെറയെല്ലാം ഫലം ഇതാ അനുഭവിക്കാറായിരിക്കുന്നു. ദാരഹരണം കൊണ്ടു് കശ്മിതനായ ഞാനിതാ നിന്നോടു് പകരംചോദിക്കാൻ സേനയുമായെത്തിയിരിക്കുന്നു. നിൻെറ വരബലദപ്പമൊക്കെ ഇന്നത്തോടെ അവസാനിക്കും. എന്നാൽ കൊല്ലപ്പെട്ടു് നീ ദേവന്മാരുടേയും മഹഷിമാരുടേയും ഗതി പ്രാപിക്കുന്നതാണു്. എന്നെ ദൂരത്താക്കിയശേഷം നീ സീതയെ അപഹരിച്ചു. നിൻെറ ബലമിന്നു കാണിയ്ക്കുക. നിശിതശരങ്ങരാംകൊണ്ടു ഞാൻ ലോകത്തെ രാക്ഷസശൂന്യമാക്കിത്തീക്കുന്നുണ്ടു്. അതരുതെന്നുണ്ടെങ്കിൽ സീതയെ തിരിയെത്തന്നു് എന്നെ ശരണം പ്രാപിച്ചുകൊള്ളുക. ധമ്മാത്മാവായ വിഭീഷണൻ എൻെറയടുത്തണഞ്ഞിരിക്കുന്നു. അവൻ ലങ്കൈശ്വര്യം ശത്രുമുക്തമായിട്ടനുഭവിക്കും. അധമ്മിഷ്ഠനായ നീ രാജ്യം ഭരിക്കാൻ അഹനല്ല. ഹേ രാക്ഷസ

ധൈര്യവും ശൗര്യവും പൂണ്ടു പോരാടുക. എൻെറ ശരമേററു പ്രാണനററു് നീ പൂതനായ്ത്തീരും. നീയെവിടെച്ചെന്നൊളിച്ചാലും, ഇനി നിനക്കു് ജീവനോടെയിരിക്കാൻ സാദ്ധ്യമല്ല. നിനക്കു് ഹിതമായിട്ടൊന്നു ഞാൻ പറയുന്നു. മരണാനന്തരം സദ്ഗതിക്കുവേണ്ട ദാനാദിധർമ്മങ്ങൾ നീ വേഗം ചെയ്തുകൊൾക. നിൻെറ ജീവൻ എൻെറ കൈയിലാണു്. നീ ലങ്ക വേണ്ടതുപോലെ അവസാനമായിട്ടൊന്നു നോക്കി കണ്ടുകൊൾക.''

അംഗദൻ ഞൊടിയിടയിൽ രാവണസമക്ഷമെത്തി രാമസന്ദേശം അറിയിച്ചു. അംഗദവാക്യം കേട്ട കോപം പൂണ്ട രാവണൻ അയാളെ പിടിച്ചു തല്ലിക്കൊല്ലാനാജ്ഞയായി. അരക്കന്മാർ പലരും വന്നു പിടികൂടി. അവരേയുംകൊണ്ടു് വാനരൻ വാനത്തേയ്ക്കുയർന്നു. പിടിച്ചവർ പൊഴിഞ്ഞുവീണു. അംഗദൻ തിരിച്ചുകുതിച്ചു.

## യുദ്ധം

വാനരന്മാർ ലങ്കയാക്രമിച്ചു. രാമലക്ഷ്മണസുഗ്രീവന്മാർക്കു് ജയ ജയ ശബ്ദം മുഴക്കിക്കൊണ്ടു് വാനരന്മാർ ധീരമായി അടരാടി. അരക്കരും വീറൊടെ ചെറുത്തു. മാംസശോണിതകർദ്ദമമായ രണം അദ്ഭുതമാമ്മാറു് നടന്നു. രാത്രിയിലും യുദ്ധം തുടർന്നു. രാക്ഷസന്മാരെല്ലാം രാമൻെറ മേൽ ശരമാരി ചൊരിഞ്ഞു. രാമൻ അവയെയെല്ലാം തകർത്തു. അംഗദനും ഇന്ദ്രജിത്തും തമ്മിൽ ഏററുമുട്ടി. തേരും കുതിരയും തേരാളിയും നശിച്ചു് ഇന്ദ്രജിത്തു് ഒളിച്ചു. തോൽവിയിൽ വാശിയും വൈരവും വളർന്ന ഇന്ദ്രാരി, ഒളിവിൽനിന്നും ശരനികരം ചൊരിഞ്ഞു. ബ്രഹ്മവരബലമത്തനായ അവൻ നാഗാസ്ത്രമയച്ചു് രാമലക്ഷ്മണന്മാരെ ബന്ധിച്ചു. അവൻ വീണ്ടും അവരുടെ മേൽ അസ്ത്രങ്ങൾ തൂകി. വാനരന്മാർക്കാർക്കും അവനെ കാണാനോ തടുക്കാനോ കഴിഞ്ഞില്ല. ബാണപീഡിതരായ രാമലക്ഷ്മണന്മാർ

വിസംജ്ഞരായി നിലംപതിച്ചു. ചോര ധാരമുറിയാതെ ഒഴുകി. വാനരന്മാർ താപാൎത്തരായി.

ഇന്ദ്രജിത്തു് വേഗം പോയി രാമനിധനം പിതാവിനെ ഉണൎത്തി. രാവണൻ മകനെ അനുമോദിച്ചു. വാനരന്മാർ രാമലക്ഷ്മണന്മാരെ കാത്തു. രാവണാജ്ഞയനുസരിച്ചു് രാക്ഷസികൾ സീതയെ പുഷ്പകത്തിൽ കയററി ശരതല്പഗതന്മാരായ രാമലക്ഷ്മണന്മാരെ കാണിച്ചു. സീത കദനക്കടലിലാണ്ടു. ത്രിജട സീതയെ, രാമലക്ഷ്മണന്മാൎക്കു് അപായമൊന്നും വന്നിട്ടില്ലെന്നും വരികയില്ലെന്നും പറഞ്ഞാശ്വസിപ്പിച്ചു. അപ്പൊഴേയ്ക്കും ഉൾക്കരുത്തും മെയ്ക്കരുത്തുംകൊണ്ടു് രാമൻ ഉണൎന്നു. ലക്ഷ്മണൻ മോഹിച്ചു ചോരയിൽക്കുളിച്ചു കിടക്കുന്നതുകണ്ടു് രാമൻ മുറവിളിയായി: ''അനുജൻ പോരിൽ തോററു വീണുകിടക്കെ, സീതയെക്കൊണ്ടെനിക്കെന്തു കാൎയ്യം? എനിക്കു് പ്രാണൻ വീണ്ടു കിട്ടിയിട്ടെന്തു കാൎയ്യം? ലോകമെല്ലാം തിരഞ്ഞാൽ സീതയ്ക്കു സമയായിട്ടൊരു സ്ത്രീയെ കണ്ടുകിട്ടിയെന്നുവരാം; എന്നാലും ലക്ഷ്മണതുല്യനായ ഒരു സോദരനെ കാണാൻ സാദ്ധ്യമല്ല. സുമിത്രാസുതൻ മരണമടഞ്ഞെങ്കിൽ, ഞാനും പ്രാണൻ കളയാൻ പോകുന്നു. ഞാൻ അമ്മ കൗസല്യയോടെന്തു പറയും? കൈകേയിയോടെന്തു പറയും? മകനെ കാണാൻ ഉഴറിവാഴുന്ന സുമിത്രാമാതാവിനോടെന്തു പറയും? ഞാനിവനെക്കൂടാതെ തിരിച്ചുചെന്നാൽ അവരെ ഏതുവിധം ആശ്വസിപ്പിക്കും? ശത്രുഘ്നനോടും ഭരതനോടും എന്തു ഞാൻ പറയും? എന്നോടൊത്തു കാടണഞ്ഞ അനുജനെക്കൂടാതെ തിരിച്ചുചെന്നാൽ സുമിത്രാമാതാവരുളുന്ന മൊഴികൾ കേൾക്കാൻ ഞാനാളല്ല. ഞാനിവിടെത്തന്നെ ദേഹം വെടിയാൻ പോകുന്നു. എനിക്കിനി ജീവിച്ചിരിക്കാനാഗ്രഹമില്ല. ഹാ എൻെറ ദുഷ്കൃതം! എനിക്കുവേണ്ടി എൻെറ അനുജൻ മരണമടഞ്ഞു. വത്സ, വിഷണ്ണനായ എന്നെ നീ നിത്യം ആശ്വസിപ്പിച്ചുപോന്നു. നിന്നെക്കുറിച്ചു കേഴുന്ന എന്നോടു്

ഉരിയാടാൻ നിനക്കു കഴിവെഴാതായല്ലൊ! നീയിന്നെത്ര യോ വീരന്മാരെ അരിഞ്ഞു വീഴ്ത്തി! നീയുമിതാ വീണു! കാട്ടിലേയ്ക്കു പുറപ്പെട്ട എന്നോടൊത്തു നീയും പോന്നു. നി ന്നോടുകൂടി യമപുരിയിലേയ്ക്കിതാ ഞാനും വരുന്നു. എത്ര കോപം വന്നാലും പരുഷമായൊരു വാക്കു ലക്ഷ്മണനിൽ നിന്നും പുറപ്പെട്ടു ഞാൻ കേട്ടിട്ടില്ല. വിഭീഷണനെ രാക്ഷസ രാജാവാക്കുമെന്ന എൻെറ പ്രതിജ്ഞ മിഥ്യയായല്ലൊ എ ന്നോർത്തു് എനിക്കു് ഉള്ളം വേവുന്നു. സുഗ്രീവ, സേനയോ ടൊത്തു നീ മടങ്ങിപ്പൊയ്ക്കൊൾക. ഒരു സുഹൃത്തു ചെയ്യേണ്ട കൃത്യങ്ങളെല്ലാം നീയും അനുചരന്മാരും എനിക്കുവേണ്ടി ചെയ്തിട്ടുണ്ടു്. മിത്രകാര്യം നിങ്ങൾ യഥാവിധി ചെയ്തിരി ക്കുന്നു. നിങ്ങൾ യഥേഷ്ടം പൊയ്ക്കൊൾവിൻ.''വാനരന്മാർ കണ്ണീർവാർത്തു. സേനയെയെല്ലാം നിലയ്ക്കുനിർത്തിയിട്ടു് അപ്പൊഴേയ്ക്കും ഗദാപാണിയായ വിഭീഷണൻ രാമാന്തിക മണഞ്ഞു. രാവണിയോ എന്നു ഭയന്നു മർക്കടന്മാർ ഓട്ടമിട്ടു.

## നാഗാസ്ത്രമോചനം

രാമലക്ഷ്മണന്മാരുടെ അവസ്ഥ കണ്ടു് വിഭീഷ ണൻ വിഷണ്ണനായി. തൻെറ മനോരഥങ്ങളെല്ലാം തക ർന്നല്ലൊ എന്നു രാവണാനുജൻ വിലപിച്ചു. സുഗ്രീവൻ ശ്വശുരനായ സുഷേണനോടു രാമലക്ഷ്മണന്മാരെ കിഷ്കിന്ധ യ്ക്കു കൊണ്ടുപോകാനും താൻ രാവണനെ കൊന്നു് സീതയെ വീണ്ടുകൊണ്ടുവരാമെന്നും പറഞ്ഞു. പണ്ടു ദേവാസുരയുദ്ധ ത്തിൽ മൃതിയാണ്ട ദേവന്മാരെ മന്ത്രങ്ങൾകൊണ്ടും അഭിമ ന്ത്രിതമായ ഔഷധങ്ങൾകൊണ്ടും ബൃഹസ്പതി ജീവിപ്പിച്ചു വെന്നും, ആ ഔഷധങ്ങൾ കൊണ്ടുവരുന്നതിനു് വാതാത്മ ജൻ ശീഘ്രം പാൽക്കടലിലേയ്ക്കു പോകട്ടെ എന്നും സുഷേ ണൻ പറഞ്ഞു. തത്സമയം കടലും പർവ്വതങ്ങളും വിറയ്ക്കും പോലെ തോന്നി. ഗരുഡൻ പാഞ്ഞുവരുന്നതു കാണപ്പെട്ടു. രാമലക്ഷ്മണന്മാരെ ശരരൂപികളായി ബന്ധിച്ചിരുന്ന

നാഗങ്ങരം പ്രാണനുംകൊണ്ടു പാഞ്ഞു. വൈനതേയൻ രാഘവന്മാരെ തൊട്ടുതലോടി. അവരുടെ വ്രണങ്ങളെല്ലാം ഉണങ്ങി. അവരുടെ ബലവും വീര്യവും തേജസ്സും ഓജസ്സും ഉത്സാഹവും കാന്തിയും ബുദ്ധിയും സ്മൃതിയുമെല്ലാം ഇരട്ടിച്ചു. രാമൻ ഗരുഡനോടു പറഞ്ഞു: "അങ്ങയുടെ അനുഗ്രഹംകൊണ്ടു് ഞങ്ങളുടെ ആപത്തകന്നു. അച്ഛനേയും മുത്തച്ഛനേയും കണ്ടാലെന്നപോലെ ഭവാനെക്കണ്ടു് എനിക്കാനന്ദം തോന്നുന്നു. ദിവ്യാഭരണഭൂഷിതനായ ഭവാനാരാകുന്നു?" ഗരുത്മാൻ പ്രതിവചിച്ചു: "ഹേ കാകുത്സ്ഥ, ഞാനവിടുത്തെ സഖാവു്, ബഹിശ്ചരപ്രാണനാകുന്നു. നിങ്ങളിരുവരുടേയും സഹായത്തിനെത്തിയ ഗരുഡനാണു ഞാൻ. ഈ ശരബന്ധം അഴിക്കാൻ വേറാക്കും ആവതല്ല. നിങ്ങരംക്കീ വിപത്തേപ്പെട്ടെന്നു കേട്ടു് നമ്മുടെ സഖിത്വം പാലിക്കാൻ ബദ്ധപ്പെട്ടു ഞാൻ വന്നതാണു്. ഘോരമായ ഈ സായകബന്ധനത്തിൽനിന്നും നിങ്ങരം മുക്തരായി. നിങ്ങളെപ്പോഴും സൂക്ഷിക്കേണ്ടതുണ്ടു്. രാക്ഷസന്മാർ പ്രകൃത്യാ കൂടയോധികളാണു്. ശൂരന്മാരും ശുദ്ധന്മാരുമായ നിങ്ങരംക്കു് ആർജ്ജവംതന്നെ ബലം. പോരിൽ രാക്ഷസന്മാരെ ഒരിക്കലും വിശ്വസിച്ചുപോകരുതു്.

* സഖേ രാഘവ ധർമ്മജ്ഞ രിപൂണാമപി വത്സല,
അഭ്യനുജ്ഞാതുമിച്ഛാമി ഗമിഷ്യാമി യഥാസുഖം.

ശത്രുക്കളിൽപോലും ദയയാർന്നവനേ, ധർമ്മജ്ഞ, രാഘവ, എനിക്കു വിടയരുളിയാലും. നമ്മുടെ സഖിത്വത്തെക്കുറിച്ചു് അങ്ങേയ്ക്കിപ്പോരം കൗതുഹലം വേണ്ടതില്ല. യുദ്ധമെല്ലാംകഴിഞ്ഞു് അങ്ങതു് അറിയുന്നതായിരിക്കും." എന്നോതി ഗരുഡൻ പറന്നു. വാനരന്മാർ രണഘോഷം മുഴക്കി.

## രാവണൻെറ പുറപ്പാടു്

വാനരന്മാരുടെ വെല്ലുവിളികരം കേട്ടു് രാവണൻ

---

* യുദ്ധകാണ്ഡം, 50 – 56.

വിവരമറിയാൻ ആളയച്ചു. രാമലക്ഷ്മണന്മാർ നാഗപാശബന്ധനത്തിൽനിന്നും മുക്തന്മാരായെന്നു കേട്ട് രാക്ഷസരാജൻ പരിഭ്രാന്തനായി; സ്വന്തം വിജയത്തിൽ സംശയാലുവായി. ധൂമ്രാക്ഷനെ വിളിച്ച് ശത്രുക്കളെ കൊന്നുവരാൻ കല്പന കൊടുത്തു. അവൻ വന്നു് ധീരമായി പൊരുതി. മാരുതി ഗിരിശൃംഗമെടുത്തവൻതലയിലെറിഞ്ഞു. അവൻ ചത്തുചിന്നിച്ചിതറി. വജ്രദംഷ്ട്രനെ വിളിച്ചു ദാശരഥിയെ കൊല്ലാൻ ദശമുഖൻ കല്പനയായി. അവനും വീറോടെ അടരാടി. അവസാനം അംഗദൻ വാളുകൊണ്ടവൻെറ തലയും മെയ്യും വേറാക്കി. പിന്നെ അകമ്പനൻ പുറപ്പെട്ടു. മാരുതിയുടെ മരംകൊണ്ടുള്ള അടിയേററ് അവൻ ചത്തുവീണു. രാവണൻ ദീനതയാന്നു. സേനാനിവേശമൊക്കെ ചുററിനടന്നു നോക്കിക്കണ്ടു. സേനാധിപനായ പ്രഹസ്തനെ വമ്പടയോടെ പോരിനയച്ചു. രാക്ഷസന്മാരും വാനരന്മാരും ഉയിർകളഞ്ഞു് അടരാടി. നീലൻെറ ശിലാഘാതമേററ് പ്രഹസ്തൻെറ തല പൊട്ടിച്ചിതറി. രാവണൻ കോപംകൊണ്ടു ജ്വലിച്ചു. അകമ്പനൻ, ഇന്ദ്രജിത്, അതിരഥൻ, അതികായൻ, മഹോദരൻ, ത്രിശിരസ്സ്, കുംഭൻ, നികുംഭൻ, നരാന്തകൻ, ഇവരാൽ അനുഗതനായി ഭൂതപരിവൃതനായ രുദ്രനെപ്പോലെ അവൻ രണാജിരത്തിലെത്തി. രാവണൻെറ തേജസ്സു കണ്ടു രാമൻ വിസ്മയമാന്നു; വിഭീഷണനോട്ട് ഈവിധം പറഞ്ഞു: ''അമ്പോ, രാക്ഷസരാജൻെറ തേജസ്സ്! സൂര്യനെപ്പോലെ ദുഷ്പ്രേക്ഷ്യനായിരിക്കുന്നുവല്ലോ! ദേവദാനവവീരന്മാരാരും രാക്ഷസേന്ദ്രനെപ്പോലെ ശോഭിക്കുന്നവരില്ല.

* അഹോ വീര്യമഹോ ധൈര്യമഹോ സത്വമഹോ ദ്യുതിഃ,
അഹോ രാക്ഷസരാജസ്യ സവ്വലക്ഷണസംയുതാ.

അഹോ എന്തൊരു വീര്യം! എന്തു ധൈര്യം! എന്തു ബലം! എന്തൊരു കാന്തി! രാക്ഷസരാജൻെറ സവ്വലക്ഷണ

---

*യുദ്ധകാണ്ഡം, 59 – 28.

സമ്പത്തു് വിസ്മയാവഹംതന്നെ. ദൈവാധീനംകൊണ്ടു് ഈ ദുഷ്ടൻ ഇന്നെൻെറ കൺമുമ്പിലെത്തി. സീതാഹരണം കൊണ്ടുണ്ടായ കോപം ഞാനിന്നിവൻെറ മേൽ ചൊരിയുന്നുണ്ടു്.''

## അരക്കനു മക്കടൻെറ തല്ലു്

രാമൻ ലക്ഷ്മണനോടൊത്തു വില്ലുമമ്പും കൈയിലെടുത്തു നിലയുറപ്പിച്ചു. സേനാമുഖങ്ങളെല്ലാം വേണ്ടതുപോലെ കാത്തുകൊള്ളാൻ സചിവന്മാക്കു നിദ്ദേശം കൊടുത്തിട്ടു് രാവണൻ വാനരവാഹിനിയിൽ പ്രവേശിച്ചു. സുഗ്രീവൻ പവ്വതാഗ്രം പറിച്ചു് അവൻെറ നേക്കെറിഞ്ഞു. അമ്പുകൊണ്ടരക്കനതു നുറുക്കി. വജ്രസമമായ ബാണമെടുത്തു സുഗ്രീവൻെറ നേരെ പ്രയോഗിച്ചു. ബാണമേററു് അലറിക്കൊണ്ടു വാനരാധിപൻ നിലത്തു വീണു. ഗവാക്ഷനും ഗവയനും സുഷേണനും ഋഷഭനും ജ്യോതിമുഖനും പവ്വതങ്ങരം അടത്തിയെടുത്തുകൊണ്ടു രാവണൻെറ നേരെ പാഞ്ഞണഞ്ഞു. ബാണജാലംകൊണ്ടു് അവരെയെല്ലാം രാവണൻ തോല്പിച്ചോടിച്ചു. അവർ രാമനെ ശരണമടഞ്ഞു. രാമൻ വേഗം ശരവുമെടുത്തു പുറപ്പെട്ടു. രാവണനോടെതിരിടാൻ തന്നെ അനുവദിക്കണമെന്നു ലക്ഷ്മണൻ രാമനോടഭ്യത്ഥിച്ചു. രാമൻ അനുജ്ഞ നൽകി. രാമനെ വണങ്ങി ലക്ഷ്മണൻ പുറപ്പെട്ടു. അപ്പൊഴേയ്ക്കും മാരുതി രാവണൻെറ മുമ്പിലെത്തി പറഞ്ഞു: 'നീ ദേവദാനവഗന്ധവ്വയക്ഷാദികളിൽനിന്നും അവധ്യത്വം നേടി; പക്ഷെ, വാനരന്മാരിൽ നിന്നുമാണു നിനക്കാപത്തു വരാൻ പോകുന്നതു്. എൻെറ ഈ വലതുകൈയ് നിൻെറ ഈ കൂട്ടിനുള്ളിൽ ചിരകാലമായി പാത്തുവരുന്ന പ്രാണനെ ഇടിച്ചു പുറത്തു ചാടിക്കും.' കോപമാണ്ട രാവണൻ പറഞ്ഞു: 'നിശ്ശങ്കം നീ പ്രഹരിക്കുക. രാവണനെ തല്ലിയവനാണെന്നുള്ള ശാശ്വതകീത്തി നിനക്കതുമൂലം കിട്ടും. നിൻെറ കൈയ്യൂക്കറിഞ്ഞിട്ടു നിൻെറ

കഥ ഞാൻ കഴിച്ചുകൊള്ളാം.' അക്ഷകുമാരനെ കൊന്ന കഥ വായുസൂനു ഓർമ്മിപ്പിച്ചു. അരക്കൻ വാനരൻെറ നെഞ്ഞത്താഞ്ഞൊരടി. അടിയേററ് ആഞ്ജനേയന്നടി പതറി. വേഗം നിലയുറപ്പിച്ച് അരിശമാണ്ടു് കൊട്ടത്തു രാവണൻെറ നെഞ്ചത്തു തിരിച്ചൊരടി. രാവണനൊന്നുല ഞ്ഞു. അവൻ ഹനുമാൻെറ കരുത്തിനെ ശ്ലാഘിച്ചു. തൻെറ തല്ലു കൊണ്ടിട്ടും ദശമുഖൻ ചാകാതെ ബാക്കിയായല്ലൊ എന്നോർത്തു ഹനുമാൻ സ്വയം നിന്ദിച്ചു. രാവണൻെറ തല്ലേററ മാരുതി കറങ്ങി. രാവണനപ്പോറം നീലൻെറ നേക്ക തിരിഞ്ഞു. പല വിക്രമങ്ങളും കാണിച്ചശേഷം നീലനും രാവണബാണമേററു നിലംപതിച്ചു. അവൻ പിന്നെ സൗമിത്രിയുടെ നേക്കടുത്തു. പരസ്പരം വീരവാ ണികറം പൊഴിച്ചശേഷം അവർ ശരമാരി വഷിച്ചു. ബ്രഹ്മ ദത്തമായ രാവണസായകമേററു ലക്ഷ്മണനൊന്നു പതറി. പിന്നെയും ഉറച്ചുനിന്നു പൊരുതി. രാവണൻെറ ശക്തി പ്രക്ഷേപണമേററു ലക്ഷ്മണൻ വീണു. രാവണൻ ഓടിവന്നു സൗമിത്രിയെ പൊക്കിയെടുക്കാൻ നോക്കി. കൈലാസം പൊക്കിയ വിംശതിഭുജനു ലക്ഷ്മണശരീരം ഇളക്കാൻ കഴി ഞ്ഞില്ല. തത്സമയം സൗമിത്രി തൻെറ വൈഷ്ണവപ്രഭാവം അനുസ്മരിച്ചുകൊണ്ടിരുന്നു. ഹനുമാൻ ഓടിവന്നു രാവണ ൻെറ മാറത്തൊരിടി. ദശാനനൻ കണ്ണിൽക്കൂടിയും മൂക്കിൽ ക്കൂടിയും ചോരയും കക്കിക്കൊണ്ടു നിലംപതിച്ചു. ആ തക്കംനോക്കി ലക്ഷ്മണനേയെടുത്തു മാരുതി രാമസമീപമെ ത്തിച്ചു. ലക്ഷ്മണൻ ബോധമാണ്ടു.

## 'നീ നാളെ വാ'

ഉണച്ചയാണ്ടു രാവണൻ ബാണവുമായി അടുത്തു. രാമൻ രാവണനോടടുത്തു. മാരുതി രാമനെ സ്കന്ധത്തിൽ വഹിച്ചു. ഞാണൊലിയിട്ടുകൊണ്ടു് ഇടിവെട്ടുന്ന ശബ്ദ ത്തിൽ രാമൻ രാവണനോടരുളി: 'രാക്ഷസേന്ദ്ര, നില്ല

നില്ല്. എനിക്കപ്രിയം ചെയ്തിട്ട നീയെങ്ങോട്ടാണ് പോകുന്നതു് ? നീയെവിടെപ്പോയൊളിച്ചാലും ഞാൻ വിടു കയില്ല. നീ ലക്ഷ്മണൻെറ മേൽ ശക്തി പ്രയോഗിച്ചതുകാ രണം നിന്നെയും നിൻെറ കുലത്തെയും ഞാൻ കൊന്നൊടു ക്കാൻ പോകുന്നു. നിൻെറ പോരാളികൾ പതിന്നാലാ യിരംപേരെ കാലപുരിയ്ക്കയച്ചതു ഞാനാണ്.' രാവണൻ ഹനുമാൻെറ മേൽ കാലാഗ്നിസദൃശങ്ങളായ ശരങ്ങൾ പ്രയോഗിച്ചു. രാമൻ കോപംകൊണ്ടു; രാവണൻെറ തേരും കുതിരയും കൊടിയും മുറിച്ചു സാരഥിയേയും കൊന്നു. എന്നിട്ടു രാവണൻെറ മാറിൽ വജ്രസന്നിഭമായ ബാണം പ്രയോഗിച്ചു. വജ്രായുധംകൊണ്ടും ഇളകാത്ത ഇന്ദ്രാരി തെറിച്ചുപോയി; വില്ലു താഴെ വീണു. അർദ്ധചന്ദ്രബാണ മെയ്തു് രാമൻ അവൻെറ കിരീടം ദൂരെ തെറിപ്പിച്ചു. വിഷ പ്പല്ലറ്റ പാമ്പിനെപ്പോലെ ശൗര്യം നശിച്ച അവനോടു രാമചന്ദ്രൻ പറഞ്ഞു:

* കൃതം ത്വയാ കർമ്മ മഹത് സുഭീമം
ഹതപ്രവീരശ്ച കൃതസ്ത്വയാഹം;
തസ്മാത് പരിശ്രാന്ത ഇതി വ്യവസ്യ
ന ത്വാം ശരൈർമൃത്യുവശം നയാമി.

പ്രയാഹി ജാനാമി രണാർദ്ദിതസ്ത്വം
പ്രവിശ്യ രാത്രിഞ്ചരരാജ ലങ്കാം,
ആശ്വാസ്യ നിര്യാഹി രഥീ ച ധന്വീ
തദാ ബലം പ്രേക്ഷ്യസി മേ രഥസ്ഥഃ.

'ഹേ രാക്ഷസരാജൻ, നീ വളരെ ഭയങ്കരമായി യുദ്ധം ചെയ്തിരിക്കുന്നു. എൻെറ പോരാളികളിൽ പല രേയും നീ കൊന്നുകഴിഞ്ഞു. അതുകൊണ്ടൊക്കെ നീ തളർന്നിരിക്കുന്നതിനാൽ നിന്നെയിപ്പോൾ എൻെറ ബാണ ത്തിന്നുണാക്കുന്നില്ല. നീ തളർന്നിരിക്കുന്നതായി ഞാൻ കാണുന്നു. അതുകൊണ്ടു് നീ പോവുക. ലങ്കയിൽച്ചെന്നു തളച്ചു തീർത്തു് തേരും ചേർത്തു് ആയുധങ്ങളുമെടുത്തു വരിക.

* യുദ്ധകാണ്ഡം, 59 – 142, 143.

അപ്പോഠം തേരിലിരുന്നുകൊണ്ടു നിനക്കെൻെറ ബലം കാണ്മമാറാകും.'

രാവണൻ നാണവും മാനവും കെട്ടു കൊട്ടാരത്തിലേയ്ക്കു പോയി. രാമലക്ഷ്മണന്മാർ വാനരന്മാരുടെ മേലേററിരുന്ന ആയുധങ്ങളെയെല്ലാം നീക്കി രക്ഷിച്ചു.

### കുംഭകണ്ണൻെറ കഥയും കഴിഞ്ഞു

രാവണന്നു് താൻ പണ്ടു ചെയ്ത പാപങ്ങളും സമ്പാദിച്ച ശാപങ്ങളും ഓമ്മ വന്നു. ഇപ്പോഠം വന്നുചേന്നിരിക്കുന്ന വിപത്തു് സ്വദുഷ്കൃതഫലമാണെന്നും ബോധം വന്നു. ഗത്യന്തരമില്ലാതെ, നിദ്രാധീനനായ കുംഭകണ്ണനെ ഉണത്തി പോരിനയച്ചു. അവനെ കണ്ടപ്പൊഴേ മക്കടന്മാർ അഞ്ചുമിഞ്ചും പാഞ്ഞു. അംഗദൻ അവരെ തടുത്തുനിത്തി. വാനരന്മാരെറിഞ്ഞ പാറകളും മരങ്ങളും അവൻെറ മേൽ തട്ടി നുറുങ്ങിവീണു. അവൻ കൈയ്കൊണ്ടും കൈയ്മുട്ടുകൊണ്ടും കാൽകൊണ്ടും കാൽമുട്ടുകൊണ്ടും നാലുപാടും വാനരന്മാരെ അടിച്ചും ഇടിച്ചും തൊഴിച്ചും തകത്തു. പലരേയും പിടിച്ചു വായിലുമാക്കി. അവർ മൂക്കിൽക്കൂടിയും ചെവിയിൽക്കൂടിയും പുറത്തുചാടി. കുറെയെണ്ണത്തിനെ അവൻ വിഴുങ്ങി. സുഗ്രീവൻ ചെന്നെതിരിട്ടുനോക്കി. ലക്ഷ്മണൻ കുംഭകണ്ണനെ തടുത്തു. സൗമിത്രിയുടെ അസ്ത്രങ്ങളാൽ അവൻ പീഡിതനായി. എന്നാലതൊന്നും വകവെയ്ക്കാതെ രാമനെ വെല്ലണമെന്ന ചിന്തയോടെ അവൻ മുന്നേറി രാമൻമുമ്പിലെത്തി. രാമൻ രൗദ്രമസ്ത്രം അഭിമന്ത്രിച്ചയച്ചു; അസ്ത്രമേററരിശമാന്ന അവൻെറ മുഖത്തുനിന്നും കനൽക്കട്ടകഠം ചിതറി; ഗദ നിലംപതിച്ചു. ആയുധങ്ങളെല്ലാം തെറിച്ചുപോയി. എന്നിട്ടുമവൻ കൈയ്കഠംകൊണ്ടും മുഷ്ടികഠംകൊണ്ടും മക്കടന്മാരെ ചതച്ചുകൊണ്ടിരുന്നു. കൊടുമുടിയെടുത്തു രാമൻെറ നേക്കെറിഞ്ഞു. അസ്ത്രമയച്ചതിനെ രാമൻ വഴിക്കുവെച്ചുതന്നെ നുറുക്കി. രാമൻ ശരംകൊണ്ടു്

അവൻെറ പടച്ചട്ട വേറാക്കി. അതു ചെന്നു വീണ് ഇരുനൂറു വാനരന്മാർ മരിച്ചു. രാമശരമേററു കുംഭകൎണ്ണൻ ചത്തുമലസ്സുമ്പോഠം അവൻെറ പൎവ്വതാകാരമായ തടിയ്ക്കടിയിൽപ്പെട്ടു വാനരസേന നഷ്ടമാകാതിരിക്കാൻ അവർ രാക്ഷസൻെറമേൽ ചാടികയറുന്നതു നന്നായിരിക്കുമെന്നു് ലക്ഷ്മണനഭിപ്രായപ്പെട്ടു. വാനരന്മാർ അപ്രകാരം ചെയ്തു. അവനവരെ കുടഞ്ഞെറിഞ്ഞു. അവർ ഒററംപററി, രാമകുംഭകൎണ്ണയുദ്ധം കിട്ടുകിട്ടപ്പോടെ നോക്കിക്കൊണ്ടു നിന്നു. രാമൻ ഞാണൊലിയിട്ടു. കുംഭകൎണ്ണൻ കോപമാൎന്നു. അവൻ മുദ്ഗരമെടുത്തു രാമൻെറ ശരനികരത്തെ ചെറുത്തു. രാമൻ വായവ്യാസ്ത്രമയച്ചു് കൈയറുത്തു. ഇടതുകൈയ് കൊണ്ടു് സാലവൃമായി അവൻ പാഞ്ഞണഞ്ഞു. ഐന്ദ്രാസ്ത്രംകൊണ്ടു് രാമൻ അക്കയ്യും മുറിച്ചു. നിലത്തു കിടന്നു കൊണ്ടു് കാലുകൊണ്ടു തൊഴിച്ചു പൎവ്വതങ്ങളും പാറകളും വാനരന്മാർമേൽ വീഴ്ത്തി. രണ്ടൎദ്ധചന്ദ്രബാണങ്ങഠംകൊണ്ടു് ദാശരഥി അവൻെറ കാൽകളറുത്തു. അവനപ്പോഠം വായും പിളൎന്നുകൊണ്ടടുത്തു. അമ്പുകൊണ്ടവൻെറ വായ് നിറച്ചു. അവൻ ഞരങ്ങി. അനന്തരം ഐന്ദ്രാസ്ത്രംകൊണ്ടു് രാമനവൻെറ കഴുത്തറുത്തു. വാനരന്മാർ നെടുവീൎപ്പിട്ടു. രാവണൻ കരഞ്ഞു കരഠംപൊട്ടിച്ചു.

## കൊലയും കൊള്ളിവെപ്പും

രാവണപുത്രന്മാർ പോരിനിറങ്ങി. വാനരന്മാർ അവരെ വകവരുത്തി. അതികായനെന്നവൻ ലക്ഷ്മണനാൽ കൊല്ലപ്പെട്ടു. ഇന്ദ്രജിത്തു് പോരിനെത്തി. അവൻ ബ്രഹ്മാസ്ത്രമെയ്തു രാമലക്ഷ്മണന്മാരെ മോഹിപ്പിച്ചു. ജാംബവാൻെറ നിൎദ്ദേശമനുസരിച്ചു് ഹനുമാൻ ഹിമാലയത്തിൽ നിന്നും ദിവ്യൗഷധികളടങ്ങിയ പൎവ്വതശിഖരം കൊണ്ടുവന്നു. ഔഷധിഗന്ധമേററു് രാജകുമാരന്മാരും വാനരന്മാരും ബന്ധമുക്തരായി സ്വസ്ഥരായിത്തീൎന്നു. സുഗ്രീ

വാജ്ഞയനുസരിച്ച മക്കടന്മാർ ലങ്കയ്ക്കു് കൊള്ളിവെച്ചു; രാക്ഷസന്മാർ മുറവിളികൂട്ടി; വാനരന്മാരാത്തു വിളിച്ചു; രാമൻ ഞാണൊലിയിട്ടു. സവ്വത്ര കോലാഹലം. കത്തിയെരിയുന്ന ഭവനങ്ങൾകൊണ്ടു് രാത്രി പകൽപോലെ പ്രകാശമുള്ളതായി. രാവണൻ അനുചരന്മാരെ പലരേയും പടയ്ക്കയച്ചു. വാനരരാക്ഷസന്മാർതമ്മിൽ അതിരൗദ്രമായ യുദ്ധം നടന്നു. ഖരപുത്രനായ മകരാക്ഷൻ വാനരന്മാരേയെല്ലാം തുരത്തിക്കൊണ്ടു് രാമൻെറ മുമ്പിലെത്തി. പിതാവിനെക്കൊന്ന വൈരത്താൽ എരിഞ്ഞുകൊണ്ടവൻ രാമനെ വെല്ലുവിളിച്ചു. ഏറെനേരം അവർ നേക്കുനേരായി അടരാടി. രാമനു കോപം ജ്വലിച്ചു. മകരാക്ഷൻെറ വില്ലു മുറിച്ചു, തേരാളിയെ തുളച്ചു; തേരു തകത്തു; കുതിരകളെ കൊന്നു. രാക്ഷസൻ തറയിൽ നിലയുറപ്പിച്ചു. അവൻ രുദ്രദത്തമായ ഭയങ്കരശൂലത്തെ ആഞ്ഞു് രാമൻെറ നേക്കെറിഞ്ഞു. രാമനതു് വരുംവഴിക്കു മുറിച്ചുകളഞ്ഞു. അവൻ മുഷ്ടിയും ചുരുട്ടി രാമനോടടുത്തു. രാമൻ ആഗ്നേയാസ്ത്രം തൊടുത്തയച്ചു. ആയതു് നെഞ്ചിൽത്തറച്ചു് മകരാക്ഷൻ ചത്തുവീണു.

രാവണാജ്ഞയാ മേഘനാദൻ വീണ്ടും പടനിലത്തിലെത്തി. അവൻ അദൃശ്യനായി നിന്നുകൊണ്ടു് രാമലക്ഷ്മണന്മാരുടെ മേൽ അസ്ത്രങ്ങൾ വഷിച്ചു. ദിവ്യാസ്ത്രങ്ങളാൽ അവരവയെ തടുത്തെങ്കിലും, അവനെ പരാജിതനാക്കാനവക്കു കഴിഞ്ഞില്ല. കോപമാന്ന സൗമിത്രി, സവ്വരാക്ഷസസംഹാരകമായ ബ്രഹ്മാസ്ത്രം പ്രയോഗിക്കാൻ ജ്യേഷ്ഠനോടനുമതി ചോദിച്ചു. ഒരുവൻെറ തെററിനു് പലരേ ഹനിക്കുന്നതു ശരിയല്ലെന്നു രാമൻ തടഞ്ഞു.

* അയുദ്ധ്യമാനം പ്രച്ഛന്നം പ്രാഞ്ജലിം ശരണാഗതം
പലായമാനം മത്തം വാ ന ഹന്തും ത്വമിഹാഹ്സി.

'യുദ്ധം ചെയ്യാതിരിക്കുന്നവനേയും ഒളിഞ്ഞു നില്ക്കു

---

* യുദ്ധകാണ്ഡം, 80 – 39.

ന്നവനേയും കൈക്കൂപ്പിയവനേയും അടിപണിഞ്ഞവനേയും ഓടുന്നവനേയും തലയ്ക്കു വെളിവില്ലാത്തവനേയും കൊല്ലരുതു്. മായാവിയായ ഈ അല്പൻ എൻെറ അസ്ത്രങ്ങളേററു നിലംപതിക്കുന്നതാണു്.' രാമനിശ്ചയം ഊഹിച്ചറിഞ്ഞ അവൻ സ്ഥലംവിട്ടു.

## മായാസീതാവധം

മായാസീതയേയും തേരിലേററി ഇന്ദ്രജിത്തു് പശ്ചിമ ഗോപുരദ്വാരത്തിലെത്തി. ഹനുമാൻ സീതയെ രഥത്തിൽക്കണ്ടു് ആകുലനായി. രാക്ഷസൻ സീതയുടെ കേശപാശത്തിൽ പിടിച്ചിഴച്ചു. മാരുതി കോപംകൊണ്ടും താപംകൊണ്ടും എരിപൊരികൊണ്ടു. രാക്ഷസൻ മായാസീതയെ വാളെടുത്തു വെട്ടിക്കൊന്നു. വാനരസേന ശോകവ്യാകുലരായി ഓട്ടമിട്ടു.

ഹനുമാൻ മക്കടസേനയെ തടുത്തുനിത്തി പോരിനണഞ്ഞു. വാനരന്മാർ പ്രാണൻകളഞ്ഞു പടവെട്ടി. ഇന്ദ്രജിത്തിനും അല്പം വാട്ടം തട്ടി. സീതാവധമോത്തു് സന്തപ്തനായ ഹനുമാൻ രാമനെ വിവരമുണത്തിക്കാൻ പോയി. ആ തക്കം നോക്കി മേഘനാദൻ നികുംഭിലയിൽ പോയി യജ്ഞമാരംഭിച്ചു. രാവണി സീതയെ കൊന്നുവെന്നു് മാരുതി രാമനെ അറിയിച്ചു. രാമൻ മൂർച്ഛിച്ചു നിലംപതിച്ചു. വാനരന്മാർ ശീതോപചാരംചെയ്തു. രാമനെ തഴുകിക്കൊണ്ടു ദുഃഖതപ്തനും കോപകലുഷിതനുമായ സൗമിത്രി ധമ്മത്തെയും സത്യത്തെയും നിന്ദിച്ചു; അത്ഥവും പൗരുഷവുമാണു് കാര്യസാധകമെന്നു് സമത്ഥിച്ചു. അതുകൊണ്ടു്, വിഷാദം വിട്ടു പൗരുഷം കൈക്കൊണ്ടു് വൈരിവധം സാധിക്കാമെന്നു് ഉദ്ബോധിപ്പിച്ചു.

അപ്പൊഴേയ്ക്കും വിഭീഷണൻ അവിടെയെത്തി. ലക്ഷ്മണൻെറ മടിയിൽ തലയുംവെച്ചു മോഹമാണ്ടു കിടക്കുന്ന രാമനെക്കണ്ടു് കാരണമന്വേഷിച്ചു. ഇന്ദ്രജിത്തു്

സീതയെ വധിച്ച വിവരം ലക്ഷ്മണൻ തേങ്ങിക്കൊണ്ടു പറഞ്ഞുകേ൦പ്പിച്ചു. സീതയെ വധിക്കാൻ രാവണൻ ഒരുകാലവും അനുവദിക്കുകയില്ലെന്നും, ഹനുമാൻ കണ്ടതു് ഇന്ദ്രജിത്തിൻെറ മായയാണെന്നും, അവനവരേ അപ്രകാരം കബളിപ്പിച്ചു് നികുംഭിലയിൽപ്പോയി ഹോമം നടത്തിക്കൊണ്ടിരിക്കുകയാണെന്നും, അതു് നിവ്വിഘ്നം സമാപിച്ചാൽ മേഘനാദൻ അജയ്യനായിത്തീരുമെന്നും, അതങ്ങനെ സംഭവിക്കാതിരിക്കാൻ യാഗവിഘ്നം വരുത്തുന്നതിനു് സൗമിത്രിയേയും സേനയേയും നിയോഗിക്കണമെന്നും വിഭീഷണൻ അറിയിച്ചു.

### മേഘനാദവധം

രാമൻ തെല്ലാശ്വാസംകൊണ്ടു. വിഭീഷണനോടു് വിവരങ്ങ൦ വീണ്ടും ചോദിച്ചറിഞ്ഞു. ലക്ഷ്മണനെ, ഹനുമാൻ, ജാംബവാൻ, വിഭീഷണൻ മുതലായവരാലും മഹത്തായ സേനയാലും അനുഗതനായ്ച്ചെന്നു് രാവണിയെ കൊന്നുവരാൻ നിയോഗിച്ചു. സൗമിത്രി രാമപാദങ്ങ൦ വണങ്ങി വലംവെച്ചു് ആശീവ്ദിക്കപ്പെട്ടവനായി ഉത്തമകോദണ്ഡവും ധരിച്ചു് മേഘനാദവധത്തിനായ്പുറപ്പെട്ടു.

ഹനുമാൻ രാക്ഷസസൈന്യത്തെ പൊടിപെടുത്തി. ശത്രുമദ്ധ്യത്തിൽ പിതൃവ്യനെക്കണ്ടു് ഇന്ദ്രജിത് പരുഷം പലതും പറഞ്ഞു. കൊടിയ പോരു് ഏറെനേരം നടന്നു. ലക്ഷ്മണൻ മേഘനാദൻെറ അശ്വങ്ങളേയും സൂതനേയും വധിച്ചു. അവ്ൻ നിലത്തു നിലയുറപ്പിച്ചുകൊണ്ടു് അടരാടി. അവർ പരസ്പരം പല ദിവ്യാസ്ത്രങ്ങളും പ്രയോഗിച്ചു. രാക്ഷസൻ ആസുരാസ്ത്രവും പ്രയോഗിച്ചുനോക്കി. അനന്തരം സൗമിത്രി ഐന്ദ്രാസ്ത്രമെടുത്തു വില്ലിൽ തൊടുത്തു വലിച്ചുപിടിച്ചുകൊണ്ടിപ്രകാരം ജപിച്ചു:

* ധമ്മാത്മാ സത്യസന്ധശ്ച രാമോ ദാശരഥിർയദി
പൗരുഷേ ചാപ്രതിദ്വന്ദ്വസ്തദൈനം ജഹി രാവണിം.

---

* യുദ്ധകാണ്ഡം, 90 - 69.

'ഹേ ശരമേ, ദശരഥപുത്രനായ രാമചന്ദ്രൻ ധർമ്മാത്മാവും സത്യപ്രതിജ്ഞനും പരാക്രമത്തിൽ നിസ്തുലനുമാണെങ്കിൽ ഈ രാവണപുത്രനെ കൊന്നുകളഞ്ഞാലും.' ഇപ്രകാരം അഭിമന്ത്രിച്ചസ്ത്രമയച്ചു. ഇന്ദ്രജിത്തിൻെറ തലയററു നിലത്തു വീണു. വാനരന്മാരാർത്തു; വാനവർ വാഴ്ത്തി.

ലക്ഷ്മണൻ ഭ്രാതൃസമീപമെത്തി വന്ദിച്ച് വിജയവാർത്തയറിയിച്ചു. ആനന്ദപരിപ്ലുതനായ രാമൻ അനുജനെ പിടിച്ചു മടിയിലിരുത്തി പുൽകി നെറുകയിൽ മുകന്നു; വീണ്ടും വീണ്ടും നോക്കിക്കണ്ടു. ലക്ഷ്മണൻ ചെയ്ത ദുഷ്കരകർമ്മത്തെ പ്രശംസിച്ചു. ഇതോടെ രാവണവധം സുനിശ്ചിതമായി എന്നാശ്വസിച്ചു. സുഷേണൻ രാമാജ്ഞയനുസരിച്ചു സൗമിത്രിയേയും മററു പരുക്കേററവരേയും മരുന്നു പുരട്ടി മുറിവും നോവുമററവരാക്കിച്ചെയ്തു.

മകൻ മരിച്ച ദുഃഖത്താൽ രാവണൻ മൂർച്ഛിച്ചു വീണു. ഏറെനേരം അങ്ങനെ കിടന്നു. പിന്നെ പതുക്കെ ഉണർവ്വുണ്ടു് പലപാടു വിലപിച്ചു. പെട്ടെന്നു്, താപം കോപമായ്മാറി. വാളുമായ് വൈദേഹിയെ വെട്ടാൻ അരക്കൻ പുറപ്പെട്ടു. പലരും തടഞ്ഞു. രോഷശോകപരീതനായ അവൻ അടങ്ങിയില്ല. അവൻെറ വരവു കണ്ടു് സീത ഭയവിഹ്വലയായി. സുപാർശ്വനെന്ന സചിവൻ വന്നു് രാവണനോടുണർത്തിച്ചു:

* വേദവിദ്യാവ്രതസ്നാതഃ സ്വകർമ്മനിരതസ്തഥാ,
സ്ത്രിയാഃ കസ്മാദ് വധം വീര മന്യസേ രാക്ഷസേശ്വര ?

'ഹേ രാക്ഷസേശ്വര, ക്രോധംകൊണ്ടു് ധർമ്മം വെടിഞ്ഞു് അങ്ങു് സ്ത്രീവധം ചെയ്യുയോ ? വേദവിദ്യാവ്രതസ്നാതനും സ്വകർമ്മനിരതനുമായ അവിടുന്നു് എന്താണു് സ്ത്രീവധത്തിനൊരുങ്ങുന്നതു് ? ഞങ്ങളോടൊത്തു പോരിനുപോയി ശത്രുക്കളുടെമേൽ ക്രോധം പൊഴിക്കുക. രാമനെക്കൊന്നു് ഭവാനു് സീതയെ പ്രാപിക്കാം.' രാവണൻ അടങ്ങി കൊട്ടാരത്തിലേയ്ക്കു മടങ്ങി.

---

* യുദ്ധകാണ്ഡം, 92 – 64.

രാവണസേന വീറോടെ പോർ തുടന്നു. മക്കടന്മാരും തിരിച്ചടിച്ചു. അരക്കരുടെ അടികൊണ്ടു തളന്ന വാനരന്മാർ രാമനെ ശരണമടഞ്ഞു. രാമൻ ശരമാരി ചൊരിഞ്ഞു. ശരങ്ങരം പായുന്നതും സേനകരം വീഴുന്നതുമല്ലാതെ രാമനെ ആക്കും കാണാൻ കഴിഞ്ഞില്ല. സവ്വദിക്കിലും രാക്ഷസന്മാർ രാമനെക്കണ്ടു. ഗാന്ധവ്വാസ്ത്രമയച്ചു രാക്ഷസസേനയെ ഛിന്നവും ഭിന്നവും ഭഗ്നവും ദഗ്ദ്ധവുമാക്കി. ഒരു മുഹൂത്തംകൊണ്ടു് രണ്ടുലക്ഷം രാക്ഷസന്മാരെ രാമൻ അരിഞ്ഞുതള്ളി. ഹതശേഷരായ നിശാചരന്മാർ ലങ്കനോക്കിപ്പാഞ്ഞു.

നിശാചരനാരികരം മുറവിളിയായി. മഹോദരൻ, മഹാപാശ്വൻ, വിരൂപാക്ഷൻ മുതലായവരോടൊത്തു്, പെരുത്ത പടയോടെ രാവണരാക്ഷസൻ പോരിനു പുറപ്പെട്ടു. ദുന്നിമിത്തങ്ങരം പലതും കണ്ടു. അതൊന്നും കൂട്ടാക്കാതെ അവൻ രാമലക്ഷ്മണന്മാർ നില്ക്കുന്ന സേനാമുഖത്തെത്തി. വാനരസേന അരിഞ്ഞു വീഴ്ത്തപ്പെട്ടു. രാവണന്റെ തേരു പാഞ്ഞിടത്തുനിന്നൊക്കെ പൊരുതുനില്ക്കാനാവാതെ വാനരസേന പാഞ്ഞകന്നു.

## ലക്ഷ്മണമൂർച്ഛ

കടുത്ത പോരിനുശേഷം സുഗ്രീവൻ വിരൂപാക്ഷനേയും മഹോദരനേയും കൊന്നു; അംഗദൻ മഹാപാശ്വനേ വകവരുത്തി. രാവണൻ രാമനോടടുത്തു. രാവണൻ കോപമാണ്ടു, രാമൻ മൂദം പൂണ്ടു. അവർ തമ്മിൽ അടരാടി. അമ്പിനമ്പു്, ഒന്നിനു പത്തു് എന്നിങ്ങനെ തമ്മിൽ തമ്മിലെയ്തു. അമ്പുകൊണ്ടാകാശം മൂടി. നേരം ഇരുണ്ടതുപോലെ കാണപ്പെട്ടു. രാവണൻ മായാസ്ത്രങ്ങരം പലതും പ്രയോഗിച്ചു. പാവകാസ്ത്രംകൊണ്ടവയെ രാമൻ തകത്തു. രാത്രിയായിട്ടും യുദ്ധം തുടന്നു. രുദ്രനും യമനുംപോലെ അവർ പോർ ചെയ്തു. ദിവ്യാസ്ത്രങ്ങരം പലതും പരസ്പരം പ്രയോഗിച്ചു. അതിനിടയിൽ ലക്ഷ്മണൻ രാവണന്റെ

കൊടിയറുത്തു, തേരാളിയെ കൊന്നു, വില്ല് മുറിച്ചു. വിഭീഷണൻ ചാടിയണഞ്ഞ് ഗദകൊണ്ട് കുതിരകളെ തച്ചുകൊന്നു. അനുജൻെറ പ്രവൃത്തി കണ്ട് അരിശം മൂത്ത രാവണൻ ഇടിത്തീയ്പോലുള്ള ഒരു വേലെടുത്തു വിഭീഷണ ൻെറ നേക്ക ചാട്ടി. ഇടയ്ക്കുവെച്ചു സൗമിത്രിയതിനെ അമ്പു കൊണ്ടറുത്തെറിഞ്ഞു. കാലനേപ്പോലും കൊല്ലാൻ പോന്ന വേറൊരു ശക്തി രാവണൻ കൈയിലെടുത്തു. ലക്ഷ്മണൻ വിഭീഷണനെ പിന്നിലാക്കി നിന്നു. രാവണൻ ശക്തി സൗമിത്രിയുടെ മാറിൽ പ്രയോഗിച്ചു, അതിൻെറ വരവു കണ്ട്, *'സ്വസ്ത്യസ്തു ലക്ഷ്മണായ' എന്ന് രാമൻ പ്രാത്ഥിച്ചു. ശക്തി മാറിൽ തറച്ച് സൗമിത്രി നിലംപതിച്ചു. രാമൻ വിഷണ്ണനായി. തെല്ലിട കഴിഞ്ഞ് കോപംകൊണ്ട് പ്രള യാഗ്നിപോലെ ജ്വലിച്ചു. വിഷാദകാലമല്ലെന്നുറച്ച്, രാവ ണവധത്തിന്ന് നിശ്ചയിച്ച് ഭയങ്കരമാംവണ്ണം പോരാടി. ലക്ഷ്മണനെ നോക്കിക്കൊണ്ടുമിരുന്നു. സൗമിത്രിയുടെ മാറു തുളച്ച് മണ്ണിൽ പ്രവേശിച്ച വേല് പറിച്ചെടുക്കാൻ വാന രന്മാക്ക കഴിഞ്ഞില്ല. രാമൻ ചെന്ന് വേലു വലിച്ചൂരി മുറിച്ചു വലിച്ചെറിഞ്ഞു. രാവണൻ രാമനെ ആ സമയം അമ്പുകരംകൊണ്ടു മൂടി. അതൊന്നും കൂട്ടാക്കാതെ രാമൻ അനുജനെ പുൽകി. സുഗ്രീവനോടും ഹനുമാനോടും പറ ഞ്ഞു: ''ലക്ഷ്മണനെ ചുററിനിന്നു കാത്തുകൊരംവിൻ. ചിരപ്രതീക്ഷിതമായ കാലം വന്നുചേന്നിരിക്കുന്നു. പരാ ക്രമത്തിനുള്ള കാലമാണിതു്. എൻെറ ശപഥം കേട്ടുകൊരം വിൻ. നിങ്ങളിപ്പോരം വേഗത്തിൽ,

§ അരാവണമരാമം വാ ജഗദ്ദ്രക്ഷ്യഥ വാനരാഃ.

ലോകത്തെ അരാവണമോ അരാമമോ ആയിക്കാ ണുന്നതാണ്. രണത്തിൽ രാവണനെക്കൊന്ന് ഞാൻ സവ്വവിധക്ലേശങ്ങളിൽനിന്നും മുക്തനായിത്തീരുന്നതാ കുന്നു. ബാലിവധവും സുഗ്രീവാഭിഷേകവും സേനാസ

* യുദ്ധകാണ്ഡം, 100 – 33. § യുദ്ധകാണ്ഡം, 100 – 48.

ജ്ജീകരണവും സേതുബന്ധവും എന്തിനായിട്ട ചെയ്തുവോ അതിനുള്ള കാലമട്ടത്തു.'' രാമൻ രാവണനെ ശരങ്ങാം കൊണ്ടു മൂടി. അവൻ നാരാചങ്ങളും മുസലങ്ങളും രാമൻെറ മേൽ ചൊരിഞ്ഞു. ശരമാരിയുടെ ഒച്ചകൊണ്ടു് പടകളും മുഴങ്ങി. ഇരുവരുടേയും ഞാണൊലി കേട്ട പ്രാണികാം നടുങ്ങി. അതിനിടയ്ക്കു് രാമൻ വീണ്ടും ലക്ഷ്മണനെക്കുറിച്ച വ്യാകുലനായി. ബാണങ്ങളയച്ചുകൊണ്ടുതന്നെ സുഷേണനോടിപ്രകാരം പറഞ്ഞു: ''പ്രാണാധികപ്രിയനായ ലക്ഷ്മണനെ ചോരയിൽക്കുളിച്ച കിടക്കുന്നതു കണ്ടിട്ടു് എനിക്കു് യുദ്ധം ചെയ്വാൻ ശക്തിയില്ല. ലക്ഷ്മണൻ മരിച്ചു പോയാൽ പിന്നെ എനിക്കു് ജീവിതമെന്തിനു്? എൻെറ വീര്യം തകരുന്നു. വില്ല കൈയിൽനിന്നു വഴുതിപ്പോകുന്നു. അമ്പുകാം തളരുന്നു. കണ്ണിൽ നീരുനിറയുന്നു. അവയവങ്ങാം കുഴയുന്നു. ലക്ഷ്മണൻെറ ഈ അവസ്ഥ കണ്ടിട്ടു് എനിക്കാധി പെരുകുന്നു. ഞാനും മരിച്ചെങ്കിൽ നന്നായിരുന്നു എന്നു തോന്നുന്നു.'' ചോരയിൽ കുളിച്ചു് പൊടിയിലാണ്ടു കിടക്കുന്ന അനുജനെക്കണ്ടു് രാമൻ പൊട്ടിക്കരഞ്ഞു. വീണ്ടും വിലപിച്ചു: ''ഇവനെന്നെ വനത്തിലേയ്ക്കു് അനുഗമിച്ചതുപോലെ ഞാനും ഇവൻെറക്കൂടെ യമപുരിക്കു് പോകുന്നുണ്ടു്.

* ദേശേ ദേശേ കളത്രാണി ദേശേ ദേശേ ച ബാന്ധവാഃ
തം തു ദേശം ന പശ്യാമി യത്ര ഭ്രാതാ സഹോദരഃ.

നാടുതോറും നാരീമാരെ കിട്ടും. ഏതു നാട്ടിലും ബന്ധുക്കളെ കിട്ടും. പക്ഷെ കൂടെപ്പിറപ്പിനെ കിട്ടുന്ന ഒരു നാടും ഞാൻ കാണുന്നില്ല. ലക്ഷ്മണനെക്കൂടാതെ എനിക്കു രാജ്യമെന്തിനു്? അമ്മ സുമിത്രയോടു ഞാനെന്തു പറയും? സുമിത്രയുടെ പരിഭവവാക്കുകാം ഞാനെങ്ങനെ കോക്കും? അമ്മ കൗസല്യയോടും കൈകേയിയോടും എന്താണു ഞാൻ പറയുക? ഭരതനോടും ശത്രുഘ്നനോടും എന്തു ഞാൻ പറയും?

* യുദ്ധകാണ്ഡം, 101 15.

ഇവിടെത്തന്നെ മരണമടയുന്നതാണെനിക്കു നല്ലതു്. എന്റെ അനുജൻ എന്നുമ്പിലിങ്ങനെ മരിച്ചുവീഴാൻ ഞാൻ പൂർവജന്മത്തിലെന്തു ദുഷ്കൃതമാണോ ചെയ്തിട്ടുള്ളതു്? ഹാ ലക്ഷ്മണ, എന്താണെന്നെയിങ്ങനെ വിട്ടിട്ടു നീ തനിച്ചു് പരലോകത്തേയ്ക്കു പോകുന്നതു്? എന്താണു നീയൊന്നും മിണ്ടാത്തതു്? വത്സ, എഴുനേല്ക്കു, ഞാൻ ശോകാർത്തനായിരിക്കേണ്ടപ്പോഴെല്ലാം എന്നെ ആശ്വസിപ്പിച്ചതു നീയല്ലയോ?'' ഇപ്രകാരം അഴലിൽ മുഴുകിയ രാമനെ സുഷേണൻ സമാധാനിപ്പിച്ചു: ''ഹേ രാജൻ, ദുഃഖം വെടിഞ്ഞാലും. ലക്ഷ്മണൻ മരിച്ചിട്ടില്ല. വികൃതമായിട്ടില്ല; കറുപ്പും ബാധിച്ചിട്ടില്ല. മുഖം പ്രസന്നവും സുപ്രഭവുമാകുന്നു.'' സുഷേണന്റെ നിർദ്ദേശമനുസരിച്ചു് ഹനുമാൻ പോയി വിശല്യകരണി മുതലായ ദിവ്യൗഷധങ്ങൾ വളരുന്ന പർവ്വതശൃംഗം വേഗം കൊണ്ടുവന്നു. സുഷേണൻ നസ്യം ചെയ്തു. ലക്ഷ്മണൻ ശല്യമുക്തനും അവ്രണനുമായി എഴുനേററു. 'വത്സ, വരു വരു' എന്നടുത്തുവിളിച്ചു് രാമൻ അനുജനെ മാറോടണച്ചു. ലക്ഷ്മണനെക്കൂടാതെ തനിക്കു് ജീവിതവും സീതയും ജയവും ഒന്നും വേണ്ട എന്നു രാമൻ പറഞ്ഞു. ഇതു കേട്ടു് ഖേദം പൂണ്ടു് ലക്ഷ്മണൻ, എന്തു വന്നാലും പ്രതിജ്ഞ പരിപാലിക്കുകതന്നെ വേണം എന്നാശ്വസിപ്പിച്ചു.

* ലക്ഷണം ഹി മഹത്ത്വസ്യ പ്രതിജ്ഞാപരിപാലനം.

പ്രതിജ്ഞാപരിപാലനമാണു് മഹത്വലക്ഷണം; ആയതു് തനിക്കുവേണ്ടി കൈവിടാൻ പാടുള്ളതല്ല: രാവണനെ നിഗ്രഹിച്ചു് സർവ്വഥാ പ്രതിജ്ഞാപാലനം ചെയ്യണം, എന്നെല്ലാം ലക്ഷ്മണൻ ഉണർത്തിച്ചു.

## രാവണനിധനം

ലക്ഷ്മണവാക്യം കേട്ടു രാമൻ കോദണ്ഡം കൈയിലെടുത്തു. ഇന്ദ്രൻ സ്വസാരഥിയായ മാതലിയോടു് രാമന്റെ

---

* യുദ്ധകാണ്ഡം, 101 – 52.

സഹായത്തിനു ചെല്ലാനാജ്ഞാപിച്ചു. മാതലി തേരും ദിവ്യാസ്ത്രങ്ങളുമായി വന്നു രാമനെ വണങ്ങി. രാമൻ ഇന്ദ്രരഥത്തിൽ കയറി. രാമരാവണന്മാർ പരസ്പരം എയ്തു. ഗാന്ധർവ്വത്തിന്ന് ഗാന്ധർവ്വം, ദൈവാസ്ത്രത്തിന്ന് ദൈവാസ്ത്രം. രാവണൻ രാക്ഷസാസ്ത്രമയച്ചു. ഗാരുഡാസ്ത്രംകൊണ്ടതിനെ രാമൻ മടക്കി. രാവണൻ മാതലിയെ എയ്തുമുറിച്ചു; ഇന്ദ്രാശ്വങ്ങളെ കൊന്നു. ദേവാദികൾ വിഷാദം പൂണ്ടു. രാമന്ന് രാവണനെ എതിക്കാൻ പ്രയാസമായ്‌വന്നു. രാമന്റെ പുരികം ചുളിഞ്ഞു; കണ്ണു ചുവന്നു. രാക്ഷസന്മാരെ എരിച്ചുകളയുമോ എന്നു തോന്നുമാറു കോപമുണ്ടു. രാവണൻ കാലനേയും പിളക്കുന്ന ഒരു ശൂലം രാമന്റെ നേക്കയച്ചു. അതിനെതിരെ അയച്ച ബാണങ്ങൾ നുറുങ്ങിപ്പോയി. രാമൻ വേഗം മാതലി കൊണ്ടുവന്ന ഒരു വേലെടുത്തെറിഞ്ഞു. വേലേറ്റു് ശൂലം തകന്നു. രാമന്റെ ക്രൂരമ്പുകൾ രാവണന്റെ കുതിരകളെ പിളന്നു. രാവണന്റെ മാറത്തും നെററിയിലും രാമബാണങ്ങൾ തുളച്ചുകയറി: അവൻ തളന്നു. സാരഥി അവനെ പോക്കളത്തിൽനിന്നും നീക്കിക്കൊണ്ടുപോയി രക്ഷിച്ചു. തളച്ച് തീന്നപ്പോൾ പോക്കളത്തിൽനിന്നും അകററിക്കൊണ്ടുപോയതിനു രാവണൻ സാരഥിയെ ശകാരിച്ചു. യജമാനനെ രക്ഷിക്കാൻ വേണ്ടിവന്നാൽ ഇപ്രകാരം ചെയ്യേണ്ടതു് സാരഥിയുടെ ധമ്മമാണെന്നു് ഉണത്തിച്ചു് അവൻ രാവണനെ സമാധാനിപ്പിച്ചു. രാവണൻ വീണ്ടും പോരിനെത്തി.

അഗസ്ത്യമഹഷി രാമസമീപമെത്തി 'ആദിത്യഹൃദയം' എന്ന മന്ത്രം ഉപദേശിച്ചു്, അതുകൊണ്ടു് ആദിത്യനെ ഉപാസിക്കാൻ പറഞ്ഞു. രാമനപ്രകാരം ചെയ്തു. സന്തുഷ്ടനായ തപനൻ, 'വേഗം രാവണനെ നിഗ്രഹിച്ചാലും' എന്നരുളി. മാതലി തേരു നടത്തി. രാമവിജയസൂചകങ്ങളായ ശകുനങ്ങൾ പലതും കാണപ്പെട്ടു. ജയിക്കാതെ അടങ്ങുകയില്ലെന്നു് കരുതി രാമനും, ചത്താലും വിടില്ല എന്നുറപ്പിച്ചു

രാവണനും പോരു തുടങ്ങി. രാമൻെറ കൊടി മുറിക്കാൻ രാവണൻ ശരമയച്ചു. രാമനതിനെ തടുത്തു. നിശിതശരമയച്ചു രാവണൻെറ കൊടി രാമൻ മുറിച്ചു. ദശഗ്രീവൻ ദാശരഥിയുടെ കുതിരകളെ എയ്തു. അതുകൊണ്ടൊന്നും കുതിരകൾ കുലുങ്ങിയില്ല. രാമരാവണന്മാരുടെ ശരനികരം കൊണ്ടു് വിണ്ടലം മൂടി. സർവ്വജീവജാലങ്ങളും ഈ അത്ഭുതരണം കണ്ടുകൊണ്ടുനിന്നു. ശരവേഗംകൊണ്ടുണ്ടായ കാററു കൊണ്ടു് കടലിരമ്പിമറിഞ്ഞു. ഭൂമി വിറച്ചു. ദേവാദികൾ രാമനു് സ്വസ്തിയും ജയവും ആശംസിച്ചു.

* ഗഗനം ഗഗനാകാരം സാഗരഃ സാഗരോപമഃ,
രാമരാവണയോർയുദ്ധം രാമരാവണയോരിവ.

'ആകാശത്തിനു സമം ആകാശം, സമുദ്രത്തിനു തുല്യം സമുദ്രം; രാമരാവണയുദ്ധത്തിനു തുല്യം രാമരാവണയുദ്ധം മാത്രം.' എന്നിങ്ങനെ ചൊല്ലിക്കൊണ്ടു് സിദ്ധഗന്ധർവ്വാദികൾ യുദ്ധം കണ്ടുകൊണ്ടിരുന്നു. രാമൻ രാവണൻെറ ഒരു തല മുറിച്ചെറിഞ്ഞു. ആ സ്ഥാനത്തു് വേറൊരു തല. അതും രാമൻ മുറിച്ചു, പിന്നെയും പുതിയതൊന്നവിടെ. ഇങ്ങനെ നൂറുതലകൾ അറത്തെറിഞ്ഞിട്ടും ദശമുഖൻ ദശമുഖനായ്ത്തന്നെ കാണപ്പെട്ടു. രാമൻ ചിന്താകുലനായി. രാത്രിമുഴുവൻ യുദ്ധം നടന്നു. കാണിനേരമെങ്കിലും പോരിനു വിരാമമുണ്ടായില്ല.

'രാവണവിനാശകാലമടുത്തു, അതിനായി ബ്രഹ്മാസ്ത്രം പ്രയോഗിച്ചാലും.' എന്നു് മാതലി രാമനോടുണർത്തി. രാമൻ പൈതാമഹാസ്ത്രമെടുത്തു് അഭിമന്ത്രിച്ചു് തൊടുത്തു വലിച്ചയച്ചു. ആ അസ്ത്രം മാറിൽ തറച്ചു് അരക്കൻ ചത്തുമലച്ചു. ശേഷിച്ച രക്ഷസർ പാഞ്ഞൊളിച്ചു. വാനരന്മാരാർത്തു. വാനവർ പൂമഴ പൊഴിച്ചു. ആകാശം ദേവദുന്ദുഭികൾകൊണ്ടു മാറെറാലിക്കൊണ്ടു. വായു നറുമണം തൂകിക്കൊണ്ടു വീശി. രാമസുഹൃത്തുക്കൾ സന്തോഷമാന്നു.

* യുദ്ധകാണ്ഡം, 107 – 51.

ലക്ഷ്മണസുഗ്രീവാംഗദഹനുമദ്വിഭീഷണാദികരം രാമനെ വഴിപോലെ പൂജിച്ചു.

**യുദ്ധസപ്താഹം**

അങ്ങനെ രാവണവധം കഴിഞ്ഞു. രാമവിജയം എളുപ്പമൊന്നുമായിരുന്നില്ല; പോരാ, പലതവണയും ജയം സന്ദിഗ്ദ്ധവുമായിരുന്നു. രാമരാവണയുദ്ധം ഏഴുനാരം നടന്നതായിട്ടാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഇതിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടു്. കണക്കിൻെറ കാൎയ്യത്തിൽ വാത്മീകിയ്ക്കു വലിയ നിഷ്കൎഷയൊന്നും കാണുന്നില്ല.

* മന്ത്രം കൃത്വാ പ്രസുപ്തോഽയമിതസ്തു നവമേഽഹനി.

എന്നു് രാവണൻ കുംഭകൎണ്ണനെ കുറിച്ചു് പറയുന്നുണ്ടു്. സമുദ്രവൎണ്ണനയിൽ സന്ധ്യയ്ക്കു് ചന്ദ്രോദയം പറയുന്നതിനാൽ അന്നു പൗൎണ്ണമിയാകുന്നു; അതായതു് ഫാല്ഗുന പൗൎണ്ണമി. പ്രഥമദിവസം ശ്രീരാമൻ ദൎഭശയനംചെയ്തു; കുംഭകൎണ്ണൻ ഉറക്കവുമാരംഭിച്ചു. വിഭീഷണശരണാഗതിയും അന്നുതന്നെ. മൂന്നുനാരം ദൎഭശയനം. അഷ്ടമിവരെ സേതുബന്ധനം. അന്നുരാത്രി സുവേലാരോഹണം. നവമിനാരം പകൽ ലങ്കാനിരോധം. അന്നുതന്നെ നാഗാസ്ത്രബന്ധനവും മോചനവും. അന്നുരാത്രി ധൂമ്രാക്ഷാദികളുടെ വധം. പിറേറന്നു് അകമ്പനവധവും രാവണൻെറ നഗരപൎയ്യടനവും പ്രഹസ്തയുദ്ധവും. ദശമിദിവസം, അതായതു് യുദ്ധത്തിൻെറ രണ്ടാംദിവസം രാവണൻ പോരിൽ പരാജിതനായി. അന്നുതന്നെ കുംഭകൎണ്ണൻ ഉണൎത്തപ്പെട്ടു, കൊല്ലപ്പെട്ടു. ദശമിരാത്രി ബ്രഹ്മാസ്ത്രമോചനം, ലങ്കാദാഹം കുംഭനികുംഭാദികളുടെ വധം ഇവ നടക്കുന്നു. ഏകാദശിമുതൽ ഇന്ദ്രജിത്തുമായുള്ള യുദ്ധം.

§ അഹോരാത്രൈസ്ത്രിഭിൎവീരഃ കഥഞ്ചിദ്വിനിപാതിതഃ.

---

* യുദ്ധകാണ്ഡം, 60 – 17. § യുദ്ധകാണ്ഡം, 91 – 16.

'മൂന്നു രാപകൽകൊണ്ടു് ഒരുതരത്തിലവനെ ഒടുക്കി.' എന്നു കാണുന്നു. അങ്ങനെ അഞ്ചുദിവസമായി. ആറാം ദിവസം അതായതു് ചതുർദ്ദശിനാരം മൂലബലവധം. അന്നു സായാഹ്നംമുതൽ ദിവാനിശം രാമരാവണയുദ്ധം. ഏഴാമത്തെ ദിവസം അമാവാസ്യനാരം രാവണനിഗ്രഹം. * 'തന്മഹദ്യുദ്ധം സപ്തരാത്രമവർത്തത.' എന്നും ഒരു പാഠമുണ്ടു്. 'സപ്താഹനികമഹോരാത്രം' രാമരാവണയുദ്ധം നടന്നു എന്നു് ഇതരപുരാണങ്ങളിലും കാണാനുണ്ടു്.

ഏഴുനാളത്തെ ഘോരമായ പോരിനുശേഷമേ രാവണനെ കൊല്ലാൻ കഴിഞ്ഞുള്ളു. പ്രാണഹരമായ പോരിനിടയ്ക്കും രാമന്റെ ധർമ്മബോധവും മിത്രസ്നേഹവും ഭ്രാതൃവാത്സല്യവും തെളിഞ്ഞു പ്രകാശിക്കുന്നുണ്ടു്. യുദ്ധമര്യാദയനുസരിച്ചു് രാമൻ രാവണനു് സന്ദേശമയയ്ക്കുന്നുണ്ടു്, സീതയെ തിരിച്ചുനൽകി മാപ്പിരക്കുകയോ പോരിനു് തയ്യാറാവുകയോ ചെയ്തുകൊള്ളാൻ. പോരിൽ തളർന്ന രാവണനോടു് പോയി തളർച്ച തീർത്തു് വീണ്ടും വരാൻ ആജ്ഞാപിക്കുന്ന രാമന്റെ മഹനീയത അന്യാദൃശമാകുന്നു. ''രിപൂണാമപി വത്സല,'' എന്നു ഗരുഡൻ രാമനെ സംബോധനചെയ്തതു് അന്വർത്ഥംതന്നെ. മായാവിയായ മേഘനാദന്റെ പോരുകൊണ്ടു പൊറുതിമുട്ടിയ സൗമിത്രി സർവ്വരാക്ഷസസംഹാരകമായ ബ്രഹ്മാസ്ത്രമയയ്ക്കാൻ അനുമതി ചോദിച്ചപ്പോരം ഒരുവന്റെ തെററിനു് സകലരേയും ശിക്ഷിക്കരുതെന്നു പറഞ്ഞു് അനുമതി നിഷേധിക്കുകയാണു രാമൻ ചെയ്തതു്. ആധുനികസമരതന്ത്രവും അണുബോംബുരാഷ്ട്രീയവുമായിട്ടെന്തൊരന്തരം!

ലക്ഷ്മണൻ മൂർച്ഛയിലാണ്ടു കിടക്കുമ്പോരം, യുദ്ധഗതി അനിശ്ചിതമായിരിക്കുന്ന സന്ദർഭത്തിൽ, വിഭീഷണനെ

---

* യുദ്ധകാണ്ഡം, 107–65.
(പശ്യതാം തന്മഹദ് യുദ്ധം സർവ്വരാത്രമവർത്തത.)

ലങ്കാധിപനാക്കാമെന്നുള്ള തൻെറ പ്രതിജ്ഞ പാലിക്കാനാവാതെപോകുമല്ലോ എന്നായിരുന്നു രാമൻെറ ഒരു പ്രധാന വ്യാകുലത. സൗമിത്രി രാമനു് പ്രാണാധികപ്രിയനായിരുന്നു എന്ന സംഗതി യുദ്ധത്തിനിടയ്ക്കു് രണ്ടു പ്രാവശ്യം വ്യക്തമായി. ആ വിലാപമൊന്നും മുതലക്കണ്ണീരായിരുന്നില്ല. ലക്ഷ്മണനു് പ്രാണഹാനി നേരിട്ടിരുന്നെങ്കിൽ രാമൻ ജീവനോടെ അയോദ്ധ്യയ്ക്കു മടങ്ങാൻ കൂട്ടാക്കുമായിരുന്നില്ല. തേടി നടന്നാൽ ഒരുപക്ഷെ സീതയ്ക്കുസമം ഒരു നാരിയെ കണ്ടെന്നു വന്നേക്കാം, എന്നാലും ലക്ഷ്മണനെപ്പോലെ ഒരനുജനെ കിട്ടുകയില്ല എന്നു രണ്ടുതവണ രാമൻ പറഞ്ഞുകാണുന്നു. അതിൽനിന്നു്, രാമനു് തൻെറ അനുജൻ തൻെറ പ്രാണപ്രിയയേക്കാൾ പ്രിയതരനായിരുന്നു എന്നു വരുന്നു. അഥവാ, തൻെറ അനുചരന്മാക്കും സുഹൃത്തുക്കൾക്കുംവേണ്ടി, തൻെറ സർവ്വസ്വവും, പ്രാണനെത്തന്നെയും, ഉപേക്ഷിക്കാൻ രാമൻ സദാ സന്നദ്ധനായിരുന്നു എന്നാണു മനസ്സിലാക്കേണ്ടതു്.

## മഹത്ത്വമൂർത്തി

നമുക്കു പടനിലത്തിലേയ്ക്കു മടങ്ങാം.

രാവണൻ വീണുകിടക്കുന്നതു കണ്ടപ്പോൾ വിഭീഷണൻ ശോകവേഗപരീതനായി വിലപിച്ചു. രാമൻ മിത്രത്തെ സമാധാനിപ്പിച്ചു: ''ചണ്ഡവിക്രമനായ ഇവൻ പരാക്രമങ്ങൾ പലതും പ്രദശിപ്പിച്ചശേഷം നിശ്ശങ്കം മരണത്തെ നേരിടുകയാണു ചെയ്തതു്. ക്ഷത്രധമ്മത്തിൽ നിലയുറപ്പിച്ചു് പോരിൽ മരണമടയുന്നവർ ശോചനീയരല്ല. ഇന്ദ്രാദിലോകപാലന്മാരെയെല്ലാം വെന്ന ഇവൻ കാലഗതി പ്രാപിച്ചതിനെക്കുറിച്ചു് പരിതപിക്കരുതു്. എക്കാലവും ഒരാൾക്കുതന്നെ പോരിൽ വിജയം എന്നുള്ളതു ഇതുവരെയും ഉണ്ടായിട്ടില്ല. ചിലപ്പോൾ കൊല്ലും, ചിലപ്പോൾ കൊല്ലപ്പെടും.

* ക്ഷത്രിയോ നിഹതഃ സംഖ്യേ ന ശോച്യ ഇതി നിശ്ചയഃ.

'പോരിൽ മരണം വരിച്ച രാജന്യൻ ശോച്യനല്ല.' എന്നുള്ളതു് ക്ഷത്രിയസമ്മതമായിട്ടുള്ള സംഗതിയാണു്. അതുകൊണ്ടു് നീ ദുഃഖമുപേക്ഷിച്ചു മേൽവേണ്ടുന്ന കാര്യം ചെയ്യാലും.'' രാവണൻെറ പ്രേതകൃത്യങ്ങൾക്കു വിഭീഷണൻ രാമൻെറ അനുഗ്രഹമപേക്ഷിച്ചു. രാവണനു് സദ്ഗതിദായകമായ സംസ്കാരത്തെ ചെയ്വാൻ രാമനിപ്രകാരമാജ്ഞാപിച്ചു:

§ മരണാന്താനി വൈരാണി നിർവ്വൃത്തം നഃ പ്രയോജനം,
ക്രിയതാമസ്യ സംസ്കാരോ മമാപ്യേഷ യഥാ തവ.

'വൈരമെല്ലാം മരണംകൊണ്ടവസാനിക്കുന്നു. നമ്മുടെ ആവശ്യം തീൎന്നു. ഇവനെ സംസ്കരിച്ചാലും. നിനക്കെന്നപോലെ എനിക്കുമിവൻ സോദരനാകുന്നു.'

എന്നു വെച്ചാൽ എന്തെങ്കിലും കാരണംകൊണ്ടു് വിഭീഷണൻ രാവണൻെറ ഔദ്ധ്വദൈഹികകൃത്യങ്ങൾ ചെയ്വാൻ മടിച്ചാൽ, രാമൻ സ്വയം ചെയ്യും എന്നല്ലേ ഇതിനൎത്ഥം! ഉദാരതേ, നിൻെറ പേരു രാമചന്ദ്രനെന്നല്ലേ ?

രാക്ഷസസ്ത്രീകൾ മുറവിളിയായി. മണ്ഡോദരി ബഹുവിധം വിലപിച്ചു. ഇന്ദ്രാദിദേവന്മാരെയെല്ലാം വിറപ്പിച്ചുകൊണ്ടിരുന്ന രാവണനെക്കൊന്നതു് കേവലം മനുഷ്യനല്ലെന്നും വാനരവേഷംപൂണ്ട വാനവരാൽ അനുഗതനായി മാനുഷവേഷം പൂണ്ടുവന്ന ശംഖചക്രഗദാധരനും ശ്രീവത്സവക്ഷസ്സുമായ സാക്ഷാൽ മഹാവിഷ്ണുവാണു് ലോകഹിതത്തിനായി രാവണനെ വധിച്ചതെന്നും ആ പതിവ്രത വിലാപത്തിനിടയിൽ പറയുകയുണ്ടായി. സാധ്വീരത്നമായ സീതയെ ദുഃഖിപ്പിച്ച ദോഷംകൊണ്ടാണു് രാവണനു് ഈവിധം ആപത്തു വന്നുചേൎന്നതെന്നും മണ്ഡോദരി പറഞ്ഞു. വിലാപം ഏറെനേരം തുടൎന്നു. കുറെക്കഴിഞ്ഞപ്പോൾ, സ്ത്രീകളെയെല്ലാം പറഞ്ഞയച്ചിട്ടു പരേതൻെറ

* യുദ്ധകാണ്ഡം, 109 - 18. § യുദ്ധകാണ്ഡം, 109 – 25.

അപരകമ്മ്ണങ്ങൾ ചെയ്യാൻ രാമൻ വിഭീഷണനെ വിളിച്ചു പറഞ്ഞു. രാവണൻെറ ദുഷ്കർമ്മങ്ങളോർത്തപ്പോൾ അവന്നു് സംസ്കാരം താൻ ചെയ്യുന്നതു ശരിയല്ലെന്നു് വിഭീഷണൻ രാമനോടുണത്തിച്ചു. വൈരം മരണംകൊണ്ടവസാനിച്ചു എന്നും, അവൻെറ സംസ്കാരാദികൾ ചെയ്യണമെന്നും, വിഭീഷണന്നു് രാവണനെപ്രകാരമോ അപ്രകാരം തനിക്കും സോദരനാണെന്നും രാമൻ വീണ്ടും ഉദ്ബോധിപ്പിച്ചു. രാമാജ്ഞയനുസരിച്ചു് വിഭീഷണൻ രാവണൻെറ സംസ്കാരം രാജോചിതമായ രീതിയിൽ നിർവ്വഹിച്ചു.

## വിഭീഷണാഭിഷേകം

ഉദകക്രിയാദികളെല്ലാം കഴിഞ്ഞു്, സ്ത്രീകളെ അന്തഃപുരത്തിലേയ്ക്കു പറഞ്ഞയച്ചശേഷം വിഭീഷണൻ രാമപാശ്വമെത്തി വിനീതനായി നിന്നു. ദേവഗന്ധർവ്വാദികൾ രാമജയത്തെ വാഴ്ത്തിക്കൊണ്ടു മടങ്ങിപ്പോയി. രാഘവൻ മാതലിയെ സമ്മാനിച്ചു മടക്കി അയച്ചു. അനന്തരം രാമൻ സുഗ്രീവനെ ആലിംഗനംചെയ്തു. രാമാദികൾ സേനാനിലയം പ്രാപിച്ചു. സമീപം നില്ക്കുന്ന സൗമിത്രിയോടു് വിഭീഷണനെ ലങ്കാധിപനായി അഭിഷേകം ചെയ്യാൻ രാമൻ ആജ്ഞാപിച്ചു. ഉപകാരം ചെയ്തവനും സ്നേഹമാണ്ടവനമായ ഭക്തനെ ലങ്കാധിപനായി കാണാൻ തനിക്കു വലിയ ആഗ്രഹമുണ്ടെന്നും പ്രസ്താവിച്ചു. സൗമിത്രി വിഭീഷണനെ രാക്ഷസരാജാവായി അഭിഷേകം ചെയ്തു. അഭിഷിക്തനായ വിഭീഷണൻ കാഴ്ചകളുമായിവന്നു രാമനെ വണങ്ങി. വിഭീഷണപ്രീതിയ്ക്കായി രാമനവയെല്ലാം സ്വീകരിച്ചു.

## സന്തശ്ചാരിത്രഭൂഷണാഃ

ഹനുമാനെ വിളിച്ചു രാമൻ നിയോഗിച്ചു: ''വിഭീഷണാനുജ്ഞയോടെ ലങ്കാനഗരത്തിൽ ചെന്നു സീതയോടു ഞങ്ങളുടെ കുശലമറിയിയ്ക്കുക. രാവണൻ കൊല്ലപ്പെട്ട

വിവരവും അറിയിക്കുക. സീതയോട്ട് ഈ സന്ദേശമറിയിച്ചു മറുപടിയും ഗ്രഹിച്ചു തിരിച്ചുവരിക.''

മാരുതി ചെന്നു സീതയെ വണങ്ങി. സീത ആദ്യമൊന്നും മിണ്ടിയില്ല. പിന്നെ ഹനുമാനെ ഓർമ്മവന്നു, സന്തോഷമായി. ഹനുമാൻ രാമലക്ഷ്മണന്മാരുടെ കുശലവും സീതയെക്കുറിച്ചുള്ള കുശലാന്വേഷണവും രാവണവധവുമെല്ലാം സവിനയം അറിയിച്ചു. സീത സന്തോഷവിഹ്വലയായി. എന്തു പറയേണ്ടു, എന്തു ചെയ്യേണ്ടു, ദൂതനെന്തു സമ്മാനം കൊടുക്കേണ്ടു, എന്നൊന്നും നിശ്ചയമില്ലാതെ ഉഴന്നു. ഹനുമാന് എന്തു നല്കിയാലും പ്രത്യുപകാരമാകയില്ല എന്നു തോന്നി. സീതയെ ഇത്രയുംകാലം അലട്ടിക്കൊണ്ടിരുന്ന രാക്ഷസികളെ തല്ലിക്കൊല്ലാൻ ഹനുമാൻ അനുവാദം ചോദിച്ചു. സീത വിലക്കി. സീത പറഞ്ഞു: ''മാരുതേ, പരാധീനകളായ രാജകിങ്കരികരം ചെയ്ത കൃത്യങ്ങൾക്ക് അവരോടു കോപിക്കാൻ പാടുണ്ടോ? എൻെറ ഭാഗ്യദോഷത്തിൻെറയും പൂർവ്വദുഷ്കൃതത്തിൻെറയും ഫലമാണിതു്. എൻെറ ദശായോഗമനുസരിച്ച് എനിക്കിതൊക്കെ വരേണ്ടതാണ്. രാവണദാസികരം ചെയ്തതൊക്കെ ഞാൻ പൊറുത്തു. രാവണൻെറ ആജ്ഞയനുസരിച്ച് അവരെന്നെ ഉപദ്രവിച്ചു. അവൻ മരിച്ചസ്ഥിതിക്ക് ഇവരിനിയെന്നെ പേടിപ്പിക്കയില്ല. ഒരു കരടിയുടെ കഥ നീ കേട്ടിട്ടില്ലേ? പണ്ടൊരു വേടൻ കടുവയെ പേടിച്ച് ഒരു മരത്തിൽക്കയറി. മുകളിലേക്കു നോക്കിയപ്പോരം ഒരു കരടിയുണ്ടവിടെയിരിക്കുന്നു. ചുവട്ടിൽ കടുവയും. കുറേക്കഴിഞ്ഞു് വേടൻ ഉറക്കം തുടങ്ങി. കടുവ കരടിയോട്ട് ആ മനുഷ്യനെ തള്ളിത്താഴെയിടാനാവശ്യപ്പെട്ടു. തൻെറ അതിഥിയായി വന്നിരിക്കുന്നവനെ താൻ ചതിക്കയില്ലെന്നും അതധർമ്മമാണെന്നും കരടി പറഞ്ഞു. മനുഷ്യനുണർന്നു. കരടി ഉറക്കം പിടിച്ചു. കടുവ വേറൊരടവെടുത്തു. ഉറങ്ങുന്ന കരടിയെ ഉന്തി താഴെയിടാൻ

അവൻ വേടനെ ഉപദേശിച്ചു. ഇരുക്കാലിയ്ക്കു് ഉപദേശം രുചിച്ചു. കരടിയ്ക്കിട്ടൊരുന്തും കൊടുത്തു. ഞെട്ടിയുണന്ന കരടി വീഴുംവഴി വേറൊരു കൊമ്പിൽ പിടികൂടി. കടുവയ്ക്കു് പുതിയൊരുപായം തോന്നി. കരടിയെച്ചതിച്ച ഇരുക്കാലിയെ താഴോട്ടുയയ്ക്കാനും അവൻെറ വഞ്ചനയ്ക്കുള്ള കൂലി താൻ കൊടുത്തുകൊള്ളാമെന്നും കടുവ കൂട്ടുകാരനോടു പറഞ്ഞു. അപ്പോഠം ആ കരടി പറഞ്ഞതാവിതു്:

* ന പരഃ പാപമാദത്തേ പരേഷാം പാപകമ്മണാം,
സമയോ രക്ഷിതവ്യസ്സു സന്തശ്ചാരിത്രഭൂഷണാഃ.

'ശ്രേഷ്ഠനായുള്ളവൻ തനിക്കു് ദോഷം ചെയ്യുന്ന ശത്രുക്കളോടും ദോഷം ചെയ്യുയില്ല. സ്വധമ്മം പാലിക്കേണ്ടതാകുന്നു. സദാചാരമാണു് സജ്ജനങ്ങളുടെ അലങ്കാരം.' അതുകൊണ്ടു് സജ്ജനങ്ങളോടും ദുജ്ജനങ്ങളോടും വധ്യന്മാരോടുപോലും കാരുണ്യത്തോടെ വേണം പെരുമാറാൻ. തെറെറാന്നും ചെയ്യാതെ ആരുമില്ലല്ലൊ. അതുകൊണ്ടവരെ ഉപദ്രവിക്കാൻ പാടുള്ളതല്ല.'' ഇതു കേട്ടു് മാരുതി മൊഴിഞ്ഞു:

§ യുക്താ രാമസ്യ ഭവതീ ധമ്മപത്നീ ഗുണാന്വിതാ.

'ധമ്മമൂത്തിയായ രാമചന്ദ്രനു് അനുരൂപയായ ധമ്മപത്നിയാണു ഭവതി.' സീതയുടെ പ്രതിസന്ദേശവും സ്വീകരിച്ചു ഹനുമാൻ മടങ്ങി. മൈഥിലി പ്രിയദശനത്തിനു കാത്തിരിക്കുകയാണെന്നു മാരുതി രാമനെ ധരിപ്പിച്ചു.

## വൃത്തമാവരണം സ്ത്രീയാഃ

വിവരംകേട്ട രാമൻ ചിന്തയിലാണ്ടു; കണ്ണിൽ നീരു പൊടിഞ്ഞു. നെടുവീപ്പിട്ടു. വിഭീഷണനെ വിളിച്ചു്, സീതയെ കുളിപ്പിച്ചലങ്കരിപ്പിച്ചു് കൊണ്ടുവരാനേപ്പാടു ചെയ്യാൻ പറഞ്ഞു. വിഭീഷണൻ അന്തഃപുരത്തിൽ ചെന്നു് സ്ത്രീകറംമുഖേന രാമനിദ്ദേശം സീതയെ അറിയിച്ചു. കുളി

---

* യുദ്ധകാണ്ഡം, 113 – 44. § യുദ്ധകാണ്ഡം, 113 – 48.

ക്കാതെതന്നെ രാമനെ കാണണമെന്നു് സീത ആഗ്രഹിച്ചു. രാമാജ്ഞ അനുസരിക്കേണ്ടതാണെന്നു വിഭീഷണൻ. പതിഭക്തയായ സീത അനുസരിച്ചു. സീതയെ പല്ലക്കിൽക്കയററി രാക്ഷസന്മാരുടെ അകമ്പടിയോടുകൂടി കൊണ്ടുവന്നു. വിഭീഷണൻ സീത വരുന്നുണ്ടെന്ന വിവരം രാമനെ അറിയിച്ചു. ഏറെനാൾ രാക്ഷസഗൃഹത്തിൽ പാർത്ത സീത വരുന്നുവെന്നു കേട്ടപ്പോൾ രോഷവും ഹർഷവും ദൈന്യവും ഏകകാലത്തിൽ രാമനുണ്ടായി. ജാനകി പല്ലക്കിൽ വരുന്നുവെന്നു് കേട്ടു്, ആലോചനപൂണ്ടു് സന്തോഷമററവനായിട്ടു രാമൻ വിഭീഷണനോടു്, 'സീത വേഗം എൻെറ മുമ്പിൽ വരട്ടെ.' എന്നാജ്ഞാപിച്ചു. വാനരന്മാർ രാമപത്നിയെ ഒരുനോക്കു കാണാൻ തിക്കിത്തിരക്കി. കാവല്ക്കാർ ചൂരലുകൊണ്ടു് വാനരന്മാരെ വിരട്ടി. ബഹളമായി. രാമനതു സഹിച്ചില്ല. കോപമാർന്ന രാമൻ വിഭീഷണനെ ശകാരിച്ചു: ''എന്തിനാണു് നീ എന്നെ ധിക്കരിച്ചു് എൻെറ സ്വജനങ്ങളായ ഇവരെ ഉപദ്രവിക്കുന്നതു്? വീടും വസ്ത്രവും മതിലും മൂടുപടവും ഇത്തരം രാജസത്കാരങ്ങളുമൊന്നും സ്ത്രീക്കു രക്ഷാകവചമല്ല. സദ്‌വൃത്തിയാണു സ്ത്രീയുടെ ആവരണം. വ്യസനകാലത്തിലും ആപദ്ഘട്ടത്തിലും യുദ്ധത്തിലും സ്വയംവരസമയത്തും യാഗത്തിലും വിവാഹത്തിലും സ്ത്രീയെ കണ്ടതുകൊണ്ടു് അവൾക്കു് ദോഷമൊന്നുമില്ല. ഇവളിപ്പോൾ വലിയ വിപത്തിലും വിഷമത്തിലും പെട്ടിരിക്കുകയാണല്ലൊ. അവളെ കണ്ടതുകൊണ്ടു ദോഷമൊന്നും വരാനില്ല, വിശേഷിച്ചും എൻെറ മുമ്പിൽവെച്ചു്. അതുകൊണ്ടു് പല്ലക്കിൽനിന്നിറങ്ങി സീത കാൽനടയായി എന്മുമ്പിൽ വരട്ടെ. വാനരന്മാർ സീതയെ കാണട്ടെ.''

### സീത പ്രാപ്തചാരിത്രസന്ദേഹയെന്നു രാമൻ

'സീതയിപ്പോൾ വിപത്തിൽപെട്ടിരിക്കുന്നു.' എന്നു

രാമൻ പറഞ്ഞതിൻെറ സാരം മനസ്സിലാകാതെ വിഭീഷണൻ അല്പമൊന്നു പകച്ചുപോയി. സീതയെ കൂട്ടിക്കൊണ്ടുവന്നു. രാമവാക്യംകേട്ടു ലക്ഷ്മണനും സുഗ്രീവനും ഹനുമാനും ദുഃഖിതരായി. രാമൻെറ ദാരുണഭാവം കണ്ടു് സീതയോടു് അപ്രീതനാണെന്നവൎക്കു തോന്നി. വിഭീഷണനാൽ അനുഗതയായ സീത, ലജ്ജകൊണ്ടു് തന്നിൽത്തന്നെ ലയിച്ചുകൊണ്ടു ഭർത്തൃസമീപമെത്തി. പതിദേവതയായ അവരം വിസ്മയത്തോടും പ്രഹഷ്ത്തോടും സ്നേഹത്തോടും പ്രാണനാഥൻെറ മുഖകമലത്തിലേയ്ക്കു് ഉററുനോക്കി.

വിനയപുരസ്സരം മുമ്പിൽനില്ക്കുന്ന സീതയോടായി രാമൻ തൻെറ മനോഭാവം പറഞ്ഞുതുടങ്ങി: ''ഭദ്രേ, പോരിൽ ശത്രുവിനെ ജയിച്ചു ഭവതിയെ ഞാൻ വീണ്ടെടുത്തിരിക്കുന്നു. പൗരുഷംകൊണ്ടു സാധിക്കേണ്ടതു ഞാൻ ചെയ്തുകഴിഞ്ഞിരിക്കുന്നു. എൻെറ കോപത്തിനറുതി വന്നു. എനിക്കേററ ധിക്കാരം നീക്കപ്പെട്ടു. അവമാനവും ശത്രുവും നശിപ്പിക്കപ്പെട്ടു. എൻെറ പ്രതാപം പ്രകടമാക്കപ്പെട്ടു. എൻെറ പ്രയത്നം സഫലമായി. പ്രതിജ്ഞ പാലിച്ചു ഞാനിന്നു സ്വതന്ത്രനായിരിക്കുന്നു. രാവണാപഹാരംമൂലം ദൈവം വരുത്തിവെച്ച വിനയെ ഞാൻ പൗരുഷംകൊണ്ടു് അകററിയിരിക്കുന്നു. ഏല്പെട്ട അവമാനം അകററാനാകാത്തവനെക്കൊണ്ടു് എന്തിനു കൊള്ളാം? ഹനുമാൻ ചെയ്ത സമുദ്രലംഘനവും ലങ്കാമർദ്ദനവും സഫലമായി. സുഗ്രീവനും സേനകളും ചെയ്ത പരിശ്രമം ഫലവത്തായി. ദുഷ്ടനായ ജ്യേഷ്ഠനെ വിട്ടു് എന്നെ ശരണം പ്രാപിച്ച വിഭീഷണൻെറ പരിശ്രമവും ഫലപൂർണ്ണമായി.'' ഇതൊക്കെ കേട്ടു സീത കണ്ണീരിൽ കുളിച്ചു. പ്രാണപ്രിയയെ സമീപം കാൺകെ, ജനവാദഭയംകൊണ്ടു് രാമഹൃദയം രണ്ടായി. വാനരരാക്ഷസന്മാരുടെ നടുക്കുവെച്ചു് രാമൻ വീണ്ടും സീതയോടു പറഞ്ഞു: ''ശത്രു ചെയ്ത ധിക്കാരത്തെ നീക്കുന്നതിനു് ഒരുവൻ ചെയ്യേണ്ടതു്, മാനകാംക്ഷിയായ ഞാൻ രാവണനെ

കൊന്നു സാധിച്ചിരിക്കുന്നു. ഭവതി ഇക്കായ്യം ധരിച്ചു വെച്ചോളു, സുഹൃത്തുക്കളുടെ സഹായത്തോടെ ഈ യുദ്ധം ചെയ്തു ഞാൻ ജയിച്ചതു ഭവതിയ്ക്കുവേണ്ടിയല്ല; പിന്നെയോ, ധർമ്മം പാലിക്കുന്നതിനും, പ്രസിദ്ധമായ എൻെറ വംശത്തിനേറ്റ്പ്പെട്ട കളങ്കത്തേയും എനിക്കേർപ്പെട്ട അവമാനത്തേയും പരിമാർജ്ജനം ചെയ്യുന്നതിനുമായിട്ടാണ്. എന്മുമ്പിൽ നില്ക്കുന്ന ഭവതി പ്രാപ്തചാരിത്രസന്ദേഹയാണ്; നേത്രരോഗം ബാധിച്ചവനു ദീപംപോലെ അപ്രിയയാണ് ഭവതിയെനിക്ക്. ഭവതിയുടെ ഇഷ്ടംപോലെ എവിടേയ്ക്കെങ്കിലും പൊയ്ക്കൊൾക, ഞാൻ സമ്മതിച്ചിരിക്കുന്നു. എനിക്ക് ഭവതിയെക്കൊണ്ട് ഒരു കാര്യവുമില്ല. കുലീനനായ ഏതൊരുവൻ പരഗൃഹത്തിൽ പാർത്ത സ്ത്രീയെ പ്രേമത്തോടെ വീണ്ടും സ്വീകരിക്കും? മഹത്കുലപ്രസൂതനായ ഞാൻ രാവണാങ്കപരിക്ലിഷ്ടയും അവൻെറ ദുഷ്ടദൃഷ്ടികൾകൊണ്ടു ദൂഷിതയുമായ ഭവതിയെ എങ്ങനെ വീണ്ടും കൈക്കൊള്ളും? എൻെറ മാനം രക്ഷിക്കുന്നതിനാണ് ഞാൻ യുദ്ധംചെയ്തു ഭവതിയെ വീണ്ടെടുത്തത്. എനിക്ക് ഭവതിയിൽ പ്രതിപത്തിയില്ല. യഥേഷ്ടം പൊയ്ക്കോളൂ. ഞാനിതു് ആലോചിച്ചു പറയുന്നതാണ്. ഇഷ്ടംപോലെ ലക്ഷ്മണനിലോ ഭരതനിലോ മനസ്സു വെച്ചോളൂ. ശത്രുഘ്നനിലോ, സുഗ്രീവനിലോ, വിഭീഷണനിലോ, അല്ലെങ്കിൽ വേറെ ആരിലെങ്കിലും യഥേഷ്ടം മനസ്സുറപ്പിച്ചുകൊള്ളൂ. സ്വഗൃഹത്തിൽ വാഴുന്ന മനോഹരയായ നിന്നെക്കണ്ടു് രാവണൻ ഏറെനാൾ പൊറുത്തിരിക്കയില്ല.''

പ്രിയവാക്യം മാത്രം കേട്ടു പരിചയിച്ച ജനകനന്ദിനി പ്രിയതമൻെറ ഈ അപ്രിയവാക്കുകൾ കേട്ട് ഉച്ചത്തിൽ നിലവിളിച്ചു കണ്ണീർ വാർത്തു.

## ചിതാം മേ കുരു സൗമിത്രേ

രൗദ്രമായ രാമവാക്യം കേട്ടു വൈദേഹി വ്യാകുലയായി; ലജ്ജകൊണ്ടു ചുണ്ടിപ്പോയി. കണ്ണീരിൽ മുങ്ങിയ

മുഖം മെല്ലെ തുടച്ചുകൊണ്ടു്, ഇടറിയ തൊണ്ടയോടെ, ഭർത്താവിനോടിപ്രകാരം ഉണർത്തിച്ചു: ''പ്രഭോ, എന്താണവിടുന്നിങ്ങനെ പ്രാകൃതപുരുഷൻ പ്രാകൃതസ്ത്രീയോടു പറയും പോലെ അവിടേയ്ക്കു ചേരാത്ത കർണ്ണകഠോരങ്ങളായ വാക്കുകൾ എന്നോടു പറയുന്നതു് ? അങ്ങു കരുതുംപോലുള്ളവളല്ല ഞാൻ; ഞാനെന്റെ ചാരിത്രംകൊണ്ടു ശപഥം ചെയ്യുന്നു: അവിടുന്നെന്നെ വിശ്വസിച്ചാലും. പ്രാകൃതസ്ത്രീകളുടെ സമ്പ്രദായം കണ്ടു് അവിടുന്നു് സ്ത്രീവർഗ്ഗത്തെത്തന്നെ സംശയിക്കുന്നുവല്ലൊ! അവിടുന്നെന്നെ പരീക്ഷിച്ചറിഞ്ഞിട്ടുള്ളതല്ലയോ ? ഈ സംശയത്തെ വെടിഞ്ഞാലും. വിവശയായ എന്നെ പരപുരുഷൻ സ്പർശിച്ചതു്, എന്റെ സമ്മതത്തോടെയല്ല; അതിനാരെങ്കിലും കുററക്കാരനുണ്ടെങ്കിൽ അതു് ദൈവംതന്നെയാണു്. എനിക്കധീനമായ മനസ്സു് അങ്ങയിൽ അധിഷ്ഠിതമാണു്. അശക്തയായ ഞാൻ ശരീരം പരവശമായതിൽ എന്തു ചെയ്യട്ടെ! അങ്ങയോടൊന്നിച്ചു വളർന്നിട്ടും സംസർഗ്ഗം ചെയ്തിട്ടും അങ്ങെന്നെ വേണ്ടതുപോലെ മനസ്സിലാക്കിയിട്ടില്ലെന്നുവരികിൽ ഞാൻ തുലഞ്ഞു. ഹനുമാൻ തേടിവന്നപ്പോൾതന്നെ എന്നെ ഉപേക്ഷിക്കാമായിരുന്നില്ലേ? അതറിഞ്ഞിരുന്നെങ്കിൽ, ആ നിമിഷം ഹനുമാന്റെ മുമ്പിൽവെച്ചു് ഞാൻ പ്രാണൻ വെടിഞ്ഞേനെ. അങ്ങേയ്ക്കും സുഹൃത്തുക്കൾക്കും ഈ ക്ലേശവും കൂടാതെകഴിക്കാമായിരുന്നു. കോപംമൂലം അവിടുന്നെന്നെ വെറുമൊരു പെണ്ണായിട്ടേ കരുതുന്നുള്ളു. പുകഴാണ്ട ജനകമഹാരാജനാണെന്റെ പിതാവു്; അവനിയാണെന്റെ അമ്മ. എന്റെ ചരിത്രം അവിടേയ്ക്കറിവുള്ളതല്ലേ? അതൊന്നും അവിടുന്നു കണക്കിലെടുക്കുന്നില്ലല്ലൊ! ബാല്യത്തിൽത്തന്നെ അവിടുന്നെന്നെ പാണിഗ്രഹണം ചെയ്ത സംഗതിയും അങ്ങു കാര്യമാക്കുന്നില്ലല്ലൊ! അങ്ങയോടുള്ള എന്റെ നിർവ്യാജഭക്തിയും എന്റെ സൗശീല്യവുമെല്ലാം അവിടുന്നു പിൻതള്ളുകയാണല്ലൊ ചെയ്തതു്!''

എന്നിങ്ങനെ പറഞ്ഞു് കണ്ണീർ പൊഴിച്ചുകൊണ്ടു് സീത, ദീനനായി ചിന്താവിവശനായി നിലകൊള്ളുന്ന ലക്ഷ്മണ നോടുരചെയ്തു:

* ചിതാം മേ കുരു സൗമിത്രേ വ്യസനസ്യാസ്യ ഭേഷജം,
മിഥ്യാപവാദോപഹതാ നാഹം ജീവിതുമുത്സഹേ.

''ലക്ഷ്മണ, ചമയ്ക്കു ഒരു ചിത. എൻെറ ശോകരോഗത്തിനു് മരുന്നതേ ഉള്ളു. മിഥ്യാപവാദംകൊണ്ടു് കൊല്ലപ്പെട്ട ഞാൻ ഇനി പ്രാണനെ വെച്ചുകൊണ്ടിരിയ്ക്കയില്ല. എൻെറ ഗുണങ്ങളിൽ പ്രിയംകൊള്ളാതെ ബഹുജനമദ്ധ്യത്തിൽവെച്ച ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട എനിക്കു് പ്രാപിക്കാവുന്ന സ്ഥാനം അഗ്നിയാണു്.''

## നാഹം ജീവിതുമുത്സഹേ

അമർഷിതനായ ലക്ഷ്മണൻ രാമൻെറ മുഖത്തേയ്ക്കു നോക്കി. രാമൻ മിണ്ടിയില്ല. എന്നാൽ മുഖഭാവംകൊണ്ടു് ഇംഗിതം വ്യക്തമായിരുന്നു. ലക്ഷ്മണൻ ചിത കൂട്ടിത്തുടങ്ങി. തത്സമയം രുദ്രസദൃശനായ രാമനെ സമാധാനിപ്പിക്കുന്നതിനോ, എന്തെങ്കിലും പറയുന്നതിനോ, നേരേ നോക്കുന്നതിനുപോലുമോ മിത്രങ്ങൾക്കാർക്കും ധൈര്യമുണ്ടായില്ല. അധോമുഖനായ രാമനെ പ്രദക്ഷിണംചെയ്തു സീത ജ്വലിച്ചുപൊങ്ങുന്ന അഗ്നിയുടെ സവിധത്തിലെത്തി. ദേവതകളേയും ബ്രാഹ്മണരേയും നമിച്ചുകൊണ്ടു്, ബദ്ധാഞ്ജലിപുടയായി സീത അഗ്നിസമീപം ഇപ്രകാരം പറഞ്ഞു: 'എൻെറ ഹൃദയം ഒരുകാലവും രാഘവനിൽനിന്നു പിരിഞ്ഞിട്ടില്ലെന്നതു സത്യമാണെങ്കിൽ, ലോകസാക്ഷിയായിരിക്കുന്ന പാവകൻ എന്നെ കാത്തരുളട്ടെ. രാമനാൽ ദുഷ്ടയെന്നു കരുതപ്പെടുന്ന ഞാൻ ശുദ്ധചാരിത്ര്യയാണെങ്കിൽ സർവ്വസാക്ഷിയായ പാവകൻ എന്നെ കാത്തരുളട്ടെ. കർമ്മണാ മനസാ വാചാ ഞാൻ സർവ്വധർമ്മജ്ഞനായ രാഘവനെ

* യുദ്ധകാണ്ഡം, 116–18.

അതിക്രമിച്ചിട്ടില്ലെങ്കിൽ പാവകൻ എന്നെ പാലിക്കട്ടെ. ആദിത്യഭഗവാനും വായുവും ദിഗ്ദേവതകളും ചന്ദ്രനും ഈരവും പകലും ഇരുസന്ധ്യകളും പൃഥ്വിയും മററുള്ളവരും എന്നെ ശുദ്ധചരിതയെന്നറിയുന്നുവെങ്കിൽ പാവകൻ എന്നെ പരിപാലിക്കട്ടെ.' സീത അഗ്നിക്കു വലംവെച്ചു കത്തിക്കാളുന്ന തീയിൽ എടുത്തുചാടി. കാണികൾ നടുങ്ങി ഹാഹാകാരം ചെയ്തു.

## രാമനാകുന്നതു സാക്ഷാൽ മഹാവിഷ്ണു, ലക്ഷ്മീ ഭഗവതി ലോകമായാ പരാ

രാമൻ വ്യാകുലനായി ചിന്തയിലാണ്ടു കണ്ണീർ തൂകി. അപ്പൊഴേയ്ക്കും പരമശിവനും ബ്രഹ്മാവും ഇന്ദ്രനും വരുണനും യമനും വൈശ്രവണനും പിതൃക്കളും ലങ്കയിൽ രാമസമീപമെത്തി. ദേവന്മാർ രാമനോടായിപ്പറഞ്ഞു: ''സകലലോകകർത്താവും സർവ്വജ്ഞനുമായ ഭവാൻ സീതയെ എങ്ങനെ അഗ്നിയിൽ ചാടാനനുവദിച്ചു ? ദേവദേവനാണവിടുന്നു് എന്ന സംഗതി എന്താണുണരാത്തതു് ? ആദിമദ്ധ്യാന്തങ്ങളിൽ അവിടുന്നു നിലകൊള്ളുന്നു. പ്രാകൃതമനുഷ്യനെപ്പോലെ അവിടുന്നെന്താണു് വൈദേഹിയെ കൈവെടിഞ്ഞതു് ?''

ഇതുകേട്ട ലോകസ്വാമിയായ രഘുകുലനാഥൻ ദേവന്മാരോടുരചെയ്തു: ''ദശരഥപുത്രനായ രാമനെന്ന മനുഷ്യനാണു ഞാൻ, എന്നു ഞാനെന്നെ കരുതുന്നു. ഞാനാരെന്നും എവിടുന്നെന്നുമുള്ളതൊക്കെ ബ്രഹ്മദേവൻതന്നെ പറഞ്ഞുതരട്ടെ.''

ഇതുകേട്ട നാന്മുഖൻ മൊഴിഞ്ഞു: ''സത്യമായ എന്റെ വാക്കു്, ഹേ സത്യപരാക്രമ, അങ്ങു കേട്ടുകൊണ്ടാലും. ചക്രായുധനായ സാക്ഷാൽ ശ്രീനാരായണനാണവിടുന്നു്. അക്ഷരമായ ബ്രഹ്മവും അങ്ങുതന്നെ. ത്രിലോകങ്ങളുടെ ആദികർത്താവും പാലകനുമാണവിടുന്നു്. സീത

ലക്ഷ്മിയും ഭവാൻ വിഷ്ണുവുമാകുന്നു. രാവണവധത്തിനായി മാനുഷവേഷം അങ്ങു സ്വീകരിച്ചു. ഹേ ധർമ്മമൂർത്തേ, ഞങ്ങളുടെ ആവശ്യം നിർവ്വഹിക്കപ്പെട്ടുകഴിഞ്ഞു. രാവണൻ കൊല്ലപ്പെട്ടു. രാമ, അങ്ങ് സന്തുഷ്ടനായിട്ട് ദേവലോകത്തേയ്ക്കു മടങ്ങിയാലും.''

## പാപമസ്യാം ന വിദ്യതേ

അപ്പോഴേയ്ക്കും വൈദേഹിയെ അങ്കതലത്തിൽ വഹിച്ചുകൊണ്ട് അഗ്നിഭഗവാൻ ഉയർന്നുവന്നു. ബാലാർക്ക സദൃശപ്രഭയും സുവർണ്ണഭൂഷണാലംകൃതയും അരുണാംബരാവൃതയും നീലകുഞ്ചിതകുന്തളയും അമ്ലാനമാലാഭൂഷിതയും ചേതോഹരരൂപയുമായ വൈദേഹിയെ വിഭാവസു രാമനു കൊണ്ടുവന്നു കൊടുത്തു. എന്നിട്ട് ലോകസാക്ഷിയായ പാവകൻ രാമനോടായിട്ടിപ്രകാരം പറഞ്ഞു:

* ഏഷാ തേ രാമ വൈദേഹീ, പാപമസ്യാം ന വിദ്യതേ.

''ഹേ രാമ, ഇതാ നിൻെറ സീത. ഇവളിൽ പാപമൊന്നുമില്ല. സച്ചരിതയായ ഇവരം വാക്കുകൊണ്ടോ നോക്കുകൊണ്ടോ, മനംകൊണ്ടോ ഭാവംകൊണ്ടോ, നിന്നെ അതിക്രമിച്ചിട്ടില്ല. മദോദ്ധതനായ രാവണനാൽ അപഹരിക്കപ്പെട്ട് അവൻെറ അന്തഃപുരത്തിൽ രാക്ഷസികളാൽ പരിവൃതയായി വാണ ഇവരം ദീനയായ് നിന്നെത്തന്നെ നിനച്ചുകൊണ്ടു നാരം നയിച്ചു. നിന്നിലുറച്ച മനസ്സാർന്ന ഇവരം, രാവണൻെറ പ്രലോഭനങ്ങരംകൊണ്ടൊന്നും ഇളകിയിട്ടില്ല.

§ വിശുദ്ധഭാവാം നിഷ്പാപാം പ്രതിഗൃഹ്ണീഷ്വ മൈഥിലീം,
ന കിഞ്ചിദഭിധാതവ്യാ അഹമാജ്ഞാപയാമി തേ.

നിർദ്ദോഷയും പരിശുദ്ധയുമായ മൈഥിലിയെ കൈക്കൊണ്ടാലും. അവളോട് മറുത്തൊന്നും പറഞ്ഞു പോകരുതെന്നു ഞാനാജ്ഞാപിക്കുന്നു.''

---

* യുദ്ധകാണ്ഡം, 118 – 5. § യുദ്ധകാണ്ഡം, 118 – 10.

ഇതുകേട്ട പ്രീതനായ രാമൻ സന്തോഷംകൊണ്ടു് കണ്ണുനിറഞ്ഞവനായി സ്വല്പസമയം ആലോചനയിലാണ്ടു. അനന്തരം അഗ്നിഭഗവാനോടായിപ്പറഞ്ഞു:

“ദീൎഘകാലം രാവണാന്തഃപുരത്തിൽ പാൎത്തവളെങ്കിലും സീത തീൎച്ചയായും ത്രിലോകങ്ങളിലും പാവനയാകുന്നു. സീതയെ പരിശോധിക്കാതെ സ്വീകരിച്ചാൽ, ദശരഥന്റെ മകൻ രാമൻ കാമാത്മാവായ ബാലിശനാണു് എന്നു ജനങ്ങൾ പറയാനിടവരും.

* അനന്യഹൃദയാം സീതാം മച്ചിത്തപരിരക്ഷിണീം,
അഹമപ്യവഗച്ഛാമി മൈഥിലീം ജനകാത്മജാം.

എന്നിലുള്ള ഭക്തികൊണ്ടു് പരിരക്ഷിതയായ ജാനകിയെ പരപുരുഷചിന്ത തീണ്ടിയിട്ടേയില്ല എന്നെനിക്കറിയാം. സ്വതേജസ്സുകൊണ്ടു് സംരക്ഷിതയായ സീതയെ അതിക്രമിക്കുന്നതിനു് രാവണൻ ആളല്ല. ത്രിലോകവാസികളുടേയും വിശ്വാസത്തിനു വേണ്ടിയിട്ടാണു് സത്യസംശ്രയനായ ഞാൻ അഗ്നിപ്രവേശംചെയ്യുന്ന സീതയിൽ ഉദാസീനനായിരുന്നതു്. അഗ്നിശിഖപോലെ അപ്രാപ്യയാണു് രാവണനു ജാനകി. ഭാസ്കരനു കിരണം പോലെ എന്നിൽനിന്നും അഭേദ്യയാണു് വൈദേഹി. സത്തുക്കൾക്കു് കീൎത്തിയെന്നപോലെ ത്രിലോകപരിശുദ്ധയായ ജനകസുത എനിക്കനപേക്ഷണീയയാകുന്നു. ലോകനാഥന്മാരായ ഭവാന്മാരുടെ ഹിതകരമായ വാക്കു് എനിക്കു് അവശ്യം സ്വീകാൎയ്യമാകുന്നു.”

## അച്ഛനും മക്കളും

ഇപ്രകാരമരുളി വിജയശ്രീലാളിതനായ ശ്രീരാമചന്ദ്രൻ സീതയെ സ്വീകരിച്ചു. പരമശിവൻ രാമനെ അനുമോദിച്ചു: ദശരഥൻ വിമാനത്തിൽ വന്നിരിക്കുന്ന വിവരം അറിയിച്ചു. രാമലക്ഷ്മണന്മാർ പിതാവിനെ

---

* യുദ്ധകാണ്ഡം, 118 – 15.

വന്ദിച്ചു. ദശരഥൻ രാമനെ മടിയിലെടുത്തുവെച്ചു് കെട്ടിപ്പിടിച്ചു; എന്നിട്ട പറഞ്ഞു: ''ദേവന്മാർ നൽകുന്ന ബഹുമാനവും സ്വർഗ്ഗവുമൊന്നും നിന്നെപ്പിരിഞ്ഞ എനിക്കു് തീരെ സന്തോഷകരമല്ല; ഞാൻ സത്യമാണു പറയുന്നതു്. ഇന്നു നിന്നെ നിഹതാമിത്രനായി സന്തുഷ്ടനായി കണ്ടതിൽ എനിക്കു വലിയ ആനന്ദം തോന്നുന്നു. നിന്നെ നാട്ടു കടത്താനായി കൈകേയി പറഞ്ഞ വാക്കുകൾ എന്റെ നെഞ്ചിലിപ്പോഴും ഇരിക്കുന്നുണ്ടു്. നിന്നെയും ലക്ഷ്മണനെയും ക്ഷേമത്തോടെ ഇന്നു കണ്ടു് ആലിംഗനംചെയ്തപ്പോൾ ഞാൻ ദുഃഖവിമുക്തനായിരിക്കുന്നു. രാവണവധത്തിനായി ദേവന്മാരാൽ ചെയ്യപ്പെട്ടതാണിതെല്ലാം എന്നു ഞാനറിയുന്നു. വനത്തിൽനിന്നു തിരിച്ചുചെല്ലുന്ന നിന്നെ കാണാൻകഴിയുന്ന കൗസല്യ ധന്യതന്നെ. നീ ഭരതനോടൊത്തു വാഴുന്നതു കാണാൻ ഞാൻ കൊതിക്കുന്നു. നീ പതിന്നാലു സംവത്സരം വനവാസം ചെയ്തു. പ്രതിജ്ഞ നിറവേററപ്പെട്ടു. ദുഷ്കരകർമ്മങ്ങൾ പലതും നീ ചെയ്തു. സോദരന്മാരോടൊത്തു് രാജ്യത്തിൽ ദീർഘായുഷ്മാനായി വാണാലും.'' രാമൻ കൂപ്പുകൈയോടെ അച്ഛനോടപേക്ഷിച്ചു: ''ധർമ്മജ്ഞനായുള്ളോവേ, കൈകേയിയിലും ഭരതനിലും പ്രസാദിച്ചാലും. 'നിന്നെയും നിന്റെ മകനെയും ഞാനുപേക്ഷിച്ചിരിക്കുന്നു.' എന്നവിടുന്നരുളിയ ശാപം അവരെ സ്പർശിക്കാതിരിക്കണം.'' 'അങ്ങനെയാവട്ടെ'എന്നു പറഞ്ഞു ദശരഥൻ ലക്ഷ്മണനോടു്, രാമശുശ്രൂഷയ്ക്കു് മുടക്കം വരുത്തരുതെന്നുപദേശിച്ചു. അനന്തരം, ബദ്ധാഞ്ജലിയായി നില്ക്കുന്ന സ്നുഷയോടിപ്രകാരം മധുരമായ് പറഞ്ഞു: ''മകളെ, രാമൻ വെടിഞ്ഞതിനെക്കുറിച്ചു് നീ വിരോധം പുലർത്തരുതു്. നിന്റെ ഹിതൈഷിയായ രാമൻ നിന്റെ പരിശുദ്ധി തെളിയിക്കുന്നതിനായിട്ടിപ്രകാരം ചെയ്തതാണു്. സുദുഷ്കരമായ പതിവ്രതാധർമ്മമാണു്, പുത്രി, നീ പാലിച്ചുപോന്നതു്. ഇതുമൂലം നിന്റെ കീർത്തി മററു സ്ത്രീ

കളുടെ കീർത്തിയെ അതിശയിക്കും. ഭർത്തൃശുശ്രൂഷയെക്കുറിച്ച നിനക്കു ഞാനൊന്നും പറഞ്ഞുതരേണ്ടതില്ല. എന്നിരുന്നാലും, രാമനാണ് നിനക്ക് പരദേവതയെന്ന് ഞാൻ തീർച്ചയായും പറയേണ്ടതുതന്നെ.'' ഇപ്രകാരം പുത്രന്മാർക്കും വധുവിനും ഉപദേശം നല്കിയശേഷം ദശരഥൻ ഇന്ദ്രലോകത്തിലേയ്ക്കു പോയി.

## സീതാഭർത്സനനിരൂപണം

രാമൻെറ പ്രവൃത്തികളിൽ ഒട്ടേറെ വ്യാഖ്യാനം ആവശ്യപ്പെടുന്ന ഒന്നാണ് സീതാഭർത്സനം. നമുക്ക് രാമൻെറ ഭാഗമൊന്നാലോചിച്ചു നോക്കാം. സീത പരിശുദ്ധയാണെന്നു രാമനു ബോദ്ധ്യമുണ്ട്. 'നേത്രരോഗം ബാധിച്ചവനു ദീപംപോലെ പ്രതികൂലയാണ് നീ.' എന്ന് പറഞ്ഞതിൽനിന്ന്, രോഗം തനിക്കുതന്നെയാണെന്ന് വ്യംഗ്യമായി രാമൻ സമ്മതിക്കുന്നു. എന്നാൽ ഒന്നും പറയാതെ സീതയെ കണ്ടമാത്രയിൽ കൈയുംനീട്ടി സ്വീകരിച്ചിരുന്നെങ്കിലത്തെ സ്ഥിതിയെന്താകുമായിരുന്നു? അഗ്നിപരീക്ഷയെല്ലാം കഴിഞ്ഞു സ്വീകരിച്ചിട്ടും ലോകാപവാദംമൂലം രാമനു പിന്നീടു സീതയെ പരിത്യജിക്കേണ്ടതായി വന്നതോർക്കുമ്പോൾ, ഈ പരിശോധനകൂടാതെ സ്വീകരിച്ചിരുന്നെങ്കിൽ, നാട്ടിൽച്ചെന്നാൽ തെല്ലെങ്കിലും ഇരിക്കപ്പൊറുതി കിട്ടുമായിരുന്നില്ല എന്ന കാര്യം തീർച്ചയല്ലേ? സ്ത്രീജിതനായ ദശരഥൻെറ മകൻ രാമൻ പിതാവിനെപ്പോലെ സ്ത്രീജിതനായിരുന്നുഎന്നു ജനങ്ങൾ പറയുമെന്ന രാമൻെറ ഭീതി തികച്ചുംസ്ഥാനത്താണ്. അങ്ങനെ പരീക്ഷ അനുപേക്ഷണീയമെന്നുവന്നാൽ അഗ്നിപരീക്ഷയിൽ കുറഞ്ഞ എന്തെങ്കിലുംകൊണ്ട് ജനങ്ങൾക്ക് വിശ്വാസം വരുമോ? കീർത്തിയെ പ്രാണനേക്കാൾ വിലയേറിയതെന്ന് തെളിയിക്കാൻ കഴിയുന്നവരുടെ വാക്കിനെമാത്രമേ ജനങ്ങൾ മുഖവിലയിൽ സ്വീകരിക്കുയുള്ളു. സീതയുടെ പരിശുദ്ധിപ്രസ്താവ

ത്തിന്ന് അപ്രകാരമൊരു പണയം ആവശ്യമാണ്. സീതയെ അഗ്നിയിൽ സ്പൃടം ചെയ്യേട്ടക്കണമെങ്കിൽ, രാമൻ സൗമ്യമായും മൃദുവായും സീതയോട്ട സംസാരിച്ചിരുന്നെങ്കിൽ ആയതു നടക്കമായിരുന്നോ? രാമൻെറ സമ്പൂൎണ്ണതിരസ്കാരം മാത്രമേ ആ മനസ്വിനിയെ പ്രാണപണമായ ത്യാഗത്തിന്ന് ഉദ്യമിപ്പിക്കൂ. അപ്പോറം അഗ്നിപരീക്ഷ സാധിക്കണമെങ്കിൽ, രാമൻെറ പരുഷവാക്കുകറം അസ്ഥാനത്തല്ല.

ശരി, പരുഷം സ്ഥാനത്തുതന്നെ; എന്നിരുന്നാലും കുറെ കടന്നുപോയില്ലേ? ഭൎത്താവിന്ന ഭാൎയ്യയെ ശകാരിക്കാനവകാശമുണ്ടെന്നിരിക്കട്ടെ. പക്ഷേ, അമ്മയെ അതിരു കടന്ന് അപമാനിച്ചാൽ മക്കറംക്ക് അച്ഛനോട്ട ചിലതു പറയാനുണ്ടാവില്ലേ? ഉണ്ടാവും. അതുകൊണ്ട്, സീതയ്ക്ക് ഏററ പരുക്കിൽ നമുക്കും വേദന തോന്നുന്നു. പരുഷം പറയണമെങ്കിലും ഇത്തരത്തിൽ, ഒരു സ്ത്രീയുടെ സ്ത്രീത്വത്തെ, മാനത്തെ, വ്രണപ്പെടുത്തുമാറു് വേണമായിരുന്നോ? അതും ചാരിത്രമൂൎത്തിയായ രാമപത്നിയോട്ട് യഥേഷ്ടം ആരുടെ കൂടെയെങ്കിലും പൊയ്ക്കോളാൻ പറയുന്നതു് കുറച്ചധികമായിപ്പോയി എന്നു തോന്നും. കവിക്കും അങ്ങനെ തോന്നിയതുകൊണ്ടാണ് ദശരഥനെക്കൊണ്ട് സീതയെ സാന്ത്വനപ്പെടുത്താൻ ശ്രമിക്കുന്നതു്.

## ആദികവിയുടെ ഒരു സവിശേഷത

ഇവിടെ നമുക്ക് ആദികവിയുടെ ഒരു സ്വഭാവവിശേഷം കാണാം. പെരുമാററം അതിരു കവിഞ്ഞുപോയി എന്നു തോന്നുന്ന പല സന്ദൎഭങ്ങളും വാൽമീകിയുടെ പാത്രങ്ങളിൽ കാണാം. കേകയത്തിൽനിന്നു മടങ്ങിയെത്തിയ ഭരതൻെറ മാതാവിനോടുള്ള പെരുമാററം, മാരീചരോദനം കേട്ട് മോഹിച്ച് സീത ലക്ഷ്മണനോട്ട പറയുന്ന വാക്കുകറം, വിരഹപീഡിതനായ രാമൻ സോദരനോട്ട ചൊല്ലുന്ന മന്മഥാവിഷ്ടവാണികറം, രാമനിവിടെ സീതയോട്ട്

പറയുന്ന പരുഷം — ഈവക സന്ദർഭങ്ങൾ കുറെ കടന്ന കൈയാണു്. ഏതു വികാരത്തിൻെറയും പരമോച്ചംവരെ പോകുന്ന ഒരു തൂലികയാണു് വാത്മീകിമാമുനിയുടേതു്.

## രാമഗൗരവം

ഈ സന്ദർഭത്തിൽ രാമൻെറ ഗൗരവമാണ്ട വശം നമുക്ക കാണാൻ കിട്ടുന്നു. രാമൻ സീതയെ ധിക്കരിച്ച സമയം ആക്കും രാമനോട്ടു് എതിരെന്തെങ്കിലും പറയാനോ നേരേ നോക്കാനോ കഴിഞ്ഞില്ല. ലക്ഷ്മണൻ രാമൻെറ ബഹിശ്ചരപ്രാണനാണു്. പ്രായത്തിൽ ഏതാനും മണിക്കൂറുകളുടെ വ്യത്യാസമേ ഉള്ളൂ. രാമാഭിഷേകത്തിനു വിഘ്നം വന്നപ്പോൾ, ജ്യേഷ്ഠനുവേണ്ടി താതനെപ്പോലും കൊല്ലാനും ബന്ധിക്കാനും തയ്യാറായിരുന്നു. ആ ലക്ഷ്മണനു് സീതയോടുള്ള രാമൻെറ പെരുമാററം തീരെ രസിച്ചില്ല. സീത പവിത്രതാമൂത്തിയാണെന്നു് ലക്ഷ്മണനു് ബോദ്ധ്യമുണ്ടു്. അങ്ങനെയൊക്കെയാണെങ്കിലും അമഷ്വശമാപന്നനായ ലക്ഷ്മണൻ രാമൻെറ നേരേ നോക്കിയിട്ടു് മറുത്തൊന്നും പറയാതെ സീത ആവശ്യപ്പെട്ടപ്രകാരം ചിത കൂട്ടുകയാണു് ചെയ്തതു്. ലക്ഷ്മണനു കയറിയ കലി ജ്യേഷ്ഠൻെറ മുമ്പിൽ ഞെങ്ങിഞെരുങ്ങി അടങ്ങുകയാണു് ചെയ്യുന്നതു്. നോക്കുക, രാമൻെറ അപ്രാപ്യത, അധൃഷ്യത! ആ രൗദ്രമൂത്തിയുടെ മുമ്പിൽ മുട്ടുകുത്തുകയല്ലാതെ ആക്കുമൊരു ഗതിയുമില്ല.

## പരപ്രത്യയനേയബുദ്ധി

രാമൻ ഗുരുജനവിധേയനാണു്. ജീവിതത്തിലെ അധികം കാര്യങ്ങളും, 'പിതൃവചനാത്, വിശ്വാമിത്രവചനാത്, വസിഷ്ഠവചനാത്' എന്നിങ്ങനെ ആരുടെയെങ്കിലും ആജ്ഞാനുസരണമാണു ചെയ്യാറു്. അവരാരും അരികത്തില്ലാതിരിക്കുമ്പോൾ, വിഭീഷണശരണാഗതി

സമയത്തെന്നപോലെ, മിത്രങ്ങളുടെയും സുഹൃത്തുക്കളുടെയും അഭിപ്രായംകൂടി അന്വേഷിച്ചിട്ടേ ഒരു തീപ്പിൽ എത്താറുള്ളു. ആരുടെയും അഭിപ്രായമാരായാതെ സ്വന്തം നിശ്ചയപ്രകാരം ചെയ്ത കായ്യങ്ങൾ മുഖ്യമായി രണ്ടാണ്; ഒന്ന്, സീതാതിരസ്കാരം; പിന്നത്തേത്, സീതാപരിത്യാഗം. ബാക്കി കായ്യങ്ങളിലെല്ലാം രാമൻ പരപ്രത്യയനേയബുദ്ധിയാണ്. അതാണ് അഗ്നിഭഗവാൻ, സീതയോട് എതിരൊന്നും പറയരുതെന്നും, തിരിച്ചെടുക്കണമെന്നും പറയുന്ന സമയത്ത്, 'അഹമാജ്ഞാപയാമി തേ'എന്നു പറയുന്നത്. രാമന് ഒരു വിഷമപ്രശ്നത്തിന് സ്വയമൊരു നിശ്ചയമെടുത്തു എന്ന ഉത്തരവാദബോധത്തിൽനിന്നൊഴിയാനും അതു സഹായകമായി.

## വിതച്ചതു കൊയ്യും

ഈ സംഭവത്തിനു വേറൊരു വശവുമുണ്ട്. കമ്മഫലം ദിവ്യവ്യക്തികൾക്കും ബാധകമാണെന്ന് ഇതിൽനിന്നും കാണാം. സീതയ്ക്ക് ഈ തിരസ്കാരം അവശ്യംഭാവിയാണ്: ലക്ഷ്മണനിന്ദനത്തിനുള്ള ശിക്ഷയാണ്. കണ്ണീരുകൊണ്ടു കണ്ണുകാണാൻ കഴിയാതെ രാമൻ, ലക്ഷ്മണനോട് സുഗ്രീവൻ കൊണ്ടുവന്ന ആഭരണങ്ങൾ സീതയുടേതുതന്നെയോ എന്നു നോക്കാൻ പറഞ്ഞപ്പോൾ, നിത്യവും കഴൽവണങ്ങുന്നതുകൊണ്ട് കാൽച്ചിലമ്പുമാത്രം തിരിച്ചറിയാം, ബാക്കിയൊന്നും അറിഞ്ഞുകൂടാ, മുഖം കണ്ടിട്ടില്ല, എന്നു പറയുന്ന ലക്ഷ്മണനോട് — രാമാജ്ഞയനുസരിച്ച് സീതയെ കാട്ടിലുപേക്ഷിച്ചു പോരാൻ തുടങ്ങുമ്പോൾ, താനിപ്പോൾ ഗർഭിണിയാണെന്നതിന് സാക്ഷ്യം നില്ക്കാൻ തന്നെ നോക്കാൻ സീത ലക്ഷ്മണനോടു പറയുമ്പോൾ,

* ദൃഷ്ടപൂവ്വം ന തേ രൂപം പാദൗ ദൃഷ്ടൗ തവാനഘേ,
കഥമത്ര ഹി പശ്യാമി രാമേണ രഹിതാം വനേ?

---

* ഉത്തരകാണ്ഡം, 48 – 21.

'ദേവി, ഭവതിയുടെ കാലുമാത്രമേ ഞാൻ കണ്ടിട്ടുള്ളൂ, സ്വരൂപം ഇതിനുമുമ്പു കണ്ടിട്ടില്ല; രാമൻ കൂടെയില്ലാത്ത ഈ വേളയിൽ, ഈ വനത്തിൽവെച്ച് ഭവതിയെ ഞാനെങ്ങനെ നോക്കും ?' എന്നു ചോദിക്കുന്ന ലക്ഷ്മണനോട് – മാരീചവിലാപം കേട്ട് രാമശബ്ദമെന്ന് തെററിദ്ധരിച്ച സീത എന്താണ് പുലമ്പിയതു് ? തന്നെ തട്ടിക്കൊണ്ടുപോകാൻ രാമൻെറ പിന്നാലെ കൂടിയിരിക്കുകയാണെന്ന്, അല്ലെങ്കിൽ, തന്നെ തട്ടിക്കൊണ്ടുചെല്ലാൻ ഭരതനയച്ചിരിക്കുകയാണെന്ന്, അങ്ങനെയൊക്കെയല്ലേ പറഞ്ഞതു് ? ഇത്ര നിഷ്കളങ്കനായ ലക്ഷ്മണൻെറ ഹൃദയത്തെ വ്രണപ്പെടുത്തിയതിനു് ശിക്ഷ ഇല്ലാതെ പോവുമോ? നിരപരാധികളെ വേദനിപ്പിച്ചാൽ അതിനു് ശിക്ഷയൊന്നുമില്ലെന്നു വരുമോ? അത്തരം ക്രൂരനീചാരോപണം ലക്ഷ്മണൻെറ മേൽ ചുമത്തിയതിനു് അതേമാതിരിയുള്ള തിരസ്കാരം സ്വപ്രിയതമൻെറ മുഖത്തുനിന്നും കേൾക്കേണ്ടതായിവന്നു. അതെ, കർമ്മഫലം അനുഭവിച്ചുതന്നെ തീരണം. 'അവശ്യമനുഭോക്തവ്യം കൃതം കർമ്മ ശുഭാശുഭം.' ഇല്ല, അവതാരപുരുഷന്മാർക്കും, ഈ നിയമത്തിൽനിന്നും ഒഴിവില്ല. സീതയെ ശിക്ഷിക്കാൻ വേറാർക്കാണധികാരം?

## അയോദ്ധ്യാഭിമുഖം

നമുക്കു് കഥയിലേയ്ക്കു മടങ്ങാം. ദശരഥൻ മടങ്ങിയാറെ, ദേവേന്ദ്രൻ രാമനോടു് എന്തെങ്കിലും വേണ്ടതുണ്ടെങ്കിൽ ചോദിച്ചുകൊള്ളാൻ പറഞ്ഞു. പോരിൽ മരണമടഞ്ഞ മർക്കടന്മാരെയും കരടികളെയും ജീവിപ്പിക്കണമെന്നും അകാലത്തിൽ കാടെല്ലാം കായ്കനികൊണ്ടു നിറഞ്ഞതും പുഴകളൊക്കെ തെളിനീർ നിറഞ്ഞവയുമാകണമെന്നും അപേക്ഷിച്ചു. ഇന്ദ്രാനുഗ്രഹംകൊണ്ടു് മരിച്ചവരൊക്കെ ജീവിച്ചുവന്നു; രാമനെ വണങ്ങി. സേനയേയെല്ലാം പിരിച്ചയച്ചു വേഗം അയോദ്ധ്യയ്ക്കു മടങ്ങി രാജാവാ

കാൻ ഉപദേശിച്ചിട്ട് ദേവന്മാർ പോയി. രാത്രി വിശ്രമിക്കാൻ സേനകളെ രാമൻ പറഞ്ഞയച്ചു.

പ്രഭാതത്തിൽ വിഭീഷണൻ വന്നു രാമനോടപേക്ഷിച്ചു: ''ഹേ രാഘവ, അംഗരാഗങ്ങളും അലങ്കാരങ്ങളും വസ്ത്രങ്ങളുംകൊണ്ടു് അങ്ങയെ കുളിപ്പിച്ചലങ്കരിക്കാനിതാ ഈ സുന്ദരികൾ തയ്യാറായി വന്നിരിക്കുന്നു.'' രാമൻ പറഞ്ഞു: ''സുഗ്രീവാദികളായ വാനരന്മാരെ പരിചരിച്ചാലും. സുഖോചിതനായ ഭരതൻ എന്നെയോർത്തു പരിതപിച്ചുകൊണ്ടിരിക്കുന്നു. ഭരതനെക്കൂടാതെ എനിക്കു് കുളിയും അലങ്കാരവുമൊന്നും രുചിക്കുന്നില്ല. അതുകൊണ്ടു് അയോദ്ധ്യയ്ക്കു് വേഗം മടങ്ങാൻ നോക്കണം. വഴി വളരെ ദുർഘടം പിടിച്ചതുമാണു്.'' അതുകേട്ട വിഭീഷണൻ, സ്വസോദരനായ കുബേരന്റെ പുഷ്പകം സ്വാധീനത്തിലുണ്ടെന്നും, അതിൽ ഒരു ദിവസംകൊണ്ടു് രാമാദികളെ അയോദ്ധ്യയിലെത്തിക്കാമെന്നും, തന്നിൽ കരുണയോ സൗഹൃദമോ ഉണ്ടെങ്കിൽ സീതാലക്ഷ്മണന്മാരോടൊത്തു് സുഖമായി ലങ്കയിൽ കുറച്ചുദിവസം താമസിച്ചേ പോകാവൂ എന്നും മററും ഉണർത്തിച്ചു. രാമനതിനുത്തരമരുളി: ''വിഭീഷണ, നീയെനിക്കു് മഹത്തായ ഉപകാരം സർവ്വാത്മനാ ചെയ്തിരിക്കുന്നു. ഞാനതുകൊണ്ടു് സന്തുഷ്ടനാകുന്നു. എന്നാൽ നീ പറയുന്നപ്രകാരം ചെയ്യാനെനിക്കു നിവൃത്തിയില്ല. എനിക്കു ഭരതനെ കാണാൻ വൈകി. എന്നെ കൂട്ടിക്കൊണ്ടുപോകാൻ ചിത്രകൂടത്തിൽ അവൻ വന്നു് കാലുപിടിച്ചു് അപേക്ഷിച്ചു. എന്നിട്ടും ഞാൻ കൂട്ടാക്കിയില്ല. അവനെയും അമ്മമാരേയും ഗുഹനെയും സുഹൃത്തുക്കളേയും നാട്ടുകാരേയും കാണാൻ എനിക്കു ബദ്ധപ്പാടായി. വിഭീഷണ, എനിക്കതിനു സമ്മതം തരു. സ്നേഹിതാ, ഇതിൽ പരിഭവം കൊള്ളരുതേ. ഞാൻ യാത്ര പറയട്ടെ. വിമാനം വേഗം വരുത്തിയാലും. കാര്യം സാധിച്ചുകഴിഞ്ഞ ഞാൻ ഇനി ഇവിടെയെങ്ങനെ താമസിക്കും?'' മറുത്തൊന്നും പറയാതെ വിഭീഷണൻ പുഷ്പകം വരുത്തി.

'ഞാനിനിയെന്തു വേണം?' എന്നു വിഭീഷണൻ രാമ നോടു ചോദിച്ചു. സ്നേഹപുരസ്സരം രാമൻ പറഞ്ഞു: ''വിഭീഷണാ, ഈ വാനരസേനയുടെ സഹായംകൊണ്ടാണു നാം ലങ്ക കീഴടക്കിയതു്. ഇവരെ രത്നങ്ങൾകൊണ്ടും സമ്മാനങ്ങൾകൊണ്ടും പൂജിച്ചാലും. പ്രാണഭയമില്ലാതെ ഇവർ നമുക്കുവേണ്ടി യുദ്ധംചെയ്തു. ദാനമാനങ്ങൾകൊണ്ടു് അവക്കു പ്രതിഫലം നല്കിയാലും. പടയാളികൾക്കു പ്രിയ വസ്തുക്കളൊന്നും നല്കാതെ, പോരിൽ കൊല്ലാൻ മാത്രമയയ്ക്കുന്ന രാജാവിനെ അവർ പേടിച്ചു് കൈയ്‌വെടിയും.'' വിഭീഷണൻ വാനരസേനയെ വേണ്ടവിധം സത്കരിച്ചു. അനന്തരം രാമൻ സീതയോടും ലക്ഷ്മണനോടുമൊത്തു വിമാനത്തിൽ കയറി. വിമാനത്തിൽവെച്ചു്, സേനകളെയും സുഗ്രീവനെയും വിഭീഷണനെയും സംബോധനചെയ്തു കൊണ്ടു രാമനരുളി: ''ഹേ വാനരശ്രേഷ്ഠന്മാരേ, മിത്ര കാര്യങ്ങൾ നിങ്ങൾ വേണ്ടതുപോലെ ചെയ്തുകഴിഞ്ഞിരിക്കുന്നു. നിങ്ങളിനി യഥേഷ്ടം മടങ്ങിപ്പോകുവിൻ. സുഗ്രീവാ, ഹിതകാരിയായ സ്നേഹിതൻ ചെയ്യേണ്ടതെല്ലാം നീ ചെയ്തു. സൈന്യസമേതം കിഷ്കിന്ധയ്ക്കു മടങ്ങിയാലും. വിഭീഷണ, ഞാൻ നല്കിയ ലങ്കയിൽ നീ വാണാലും. ഇന്ദ്രാദികൾക്കുപോലും നിന്നെ എതിർക്കാൻ ആവുന്നതല്ല. ഞാനച്ഛന്റെ രാജധാനിയിലേയ്ക്കു മടങ്ങട്ടെ. എല്ലാവരും ഞങ്ങൾക്കു വിട തരുവിൻ, ഞാനിതാ യാത്ര ചോദിക്കുന്നു.'' ഇതുകേട്ടു വാനരന്മാരും വിഭീഷണനും തങ്ങൾക്കും അയോദ്ധ്യയ്ക്കു് പോന്നാൽ കൊള്ളാമെന്നറിയിച്ചു. രാമനു സന്തോഷമായി. അമാത്യന്മാരോടൊത്തു വിഭീഷണനും സർവ്വവാനരന്മാരും പുഷ്പകത്തിൽ കയറി. പുഷ്പകം ഉയന്നു, പറന്നു. വഴിക്കു് രാമൻ ഓരോരോ സ്ഥലങ്ങൾ സീതയ്ക്കു് കാണിച്ചുകൊടുത്തു. ആകാശത്തുനിന്നും സരയൂനദി കാണായി, അതിനപ്പുറം അയോദ്ധ്യയും. സീത അയോദ്ധ്യയെ വണങ്ങി. വാനരന്മാർ കുതിച്ചുകുതിച്ചു് പട്ടണം നോക്കിക്കണ്ടു.

പതിന്നാലുകൊല്ലം തികഞ്ഞ പഞ്ചമിയിൽ രാമൻ ഭരദ്വാജാശ്രമത്തിലെത്തി. മാമുനിയെ വന്ദിച്ച്, അയോദ്ധ്യയിലെ വിശേഷങ്ങളന്വേഷിച്ചു. മാമുനി വിവരങ്ങളെല്ലാം പറഞ്ഞു കേൾപ്പിച്ചു. രാമനെ അന്നവിടെ താമസിച്ച് ആതിഥ്യം സ്വീകരിക്കാൻ ക്ഷണിച്ചു. രാമനപ്രകാരം ചെയ്തു.

## അയോദ്ധ്യയിൽ

രാമൻ ഹനുമാനെ വിളിച്ചു പറഞ്ഞു: "നീ വേഗം അയോദ്ധ്യയിൽ ചെന്ന് അവിടെയെല്ലാവരും സുഖമായിരിക്കുന്നില്ലേ എന്നറിയുക. പോകുന്ന വഴിക്ക് ശൃംഗിവേരത്തിലിറങ്ങി ഗുഹനെ കണ്ടു് എൻെറ കുശലങ്ങളറിയിക്കണം. എൻെറ വർത്തമാനങ്ങൾ കേട്ട് പ്രിയമിത്രമായ ഗുഹൻ സന്തോഷിക്കും. എൻെറ കുശലാന്വേഷണം ഭരതനെ അറിയിക്കുക; നമ്മുടെ കുശലവും ചൊല്ലുക. സീതാപഹരണവും സേതുബന്ധനവും സമുദ്രതരണവും രാവണവധവും മഹേന്ദ്രദർശനവും പിതൃവന്ദനവുമെല്ലാം ഭരതനോടു പറഞ്ഞുകേൾപ്പിക്കണം. രാക്ഷസരാജനായ വിഭീഷണനോടും വാനരാധിപനായ സുഗ്രീവനോടും വാനരവാഹിനിയോടുമൊത്തു് മഹത്തായ കീർത്തിയുംനേടി രാമൻ വരുന്നു എന്നു പറയുമ്പോൾ ഭരതൻെറ മുഖഭാവം നീ നല്ലതുപോലെ സൂക്ഷിച്ചുകൊള്ളണം. മുഖഭാവംകൊണ്ടും നോട്ടംകൊണ്ടും വാക്കുകൊണ്ടും ഭരതൻെറ ഇംഗിതം ശരിയായും മനസ്സിലാക്കണം. സർവ്വകാമസമൃദ്ധമായ രാജ്യം ആരുടെ മനസ്സിനെത്തന്നെ ഭ്രമിപ്പിക്കുകയില്ല? ഭരതൻ ഒരുവേള രാജ്യാർത്ഥിയാണെന്നു വരുകിൽ അവൻതന്നെ രാജ്യം വാണുകൊള്ളട്ടെ. അവൻെറ ഉദ്ദേശവും നിശ്ചയവും നേരായറിഞ്ഞു്, ഞങ്ങളധികദൂരം വരുന്നതിനു മുമ്പ് നീ വന്നു ഞങ്ങളെ അറിയിക്കണം."

രാമൻ മൂന്നാംതവണയാണു രാജ്യം വെടിയുന്നതു്. രാമനു് അനുജനെ അറിയാഞ്ഞിട്ടല്ല ഇങ്ങനെ പറയു

ന്നതു്. സംസ്കാരം സിദ്ധിച്ചവക്കും അധികാരമോഹം സുലഭമാണെന്ന വസ്തുത വ്യക്തമാക്കാൻവേണ്ടി പറഞ്ഞതാണിതു്. തിരിച്ചുവന്നു വിവരങ്ങൾ അറിയിക്കണമെന്നു് പറഞ്ഞെങ്കിലും ഹനുമാൻ അപ്രകാരം ചെയ്യുയുണ്ടായില്ല. ഭരതനെ കണ്ടുകഴിഞ്ഞപ്പോൾ അതനാവശ്യമാണെന്നു് മാരുതിക്കു തോന്നി. രാമനതിനൊട്ടു കാത്തിരുന്നതുമില്ല. ഇല്ല, അധികാരഭ്രമം രാമനെ തീണ്ടിയിട്ടേയില്ല.

ഹനുമാൻ ഗുഹനെ കണ്ടു് വിശേഷങ്ങളറിയിച്ച ശേഷം ചീരജടാധരനായ ഭരതൻെറ അടുത്തെത്തി, രാമൻ സകുശലം മടങ്ങിയെത്തിയിരിക്കുന്നുവെന്ന വാത്ത അറിയിച്ചു. ഭരതൻ ആനന്ദപരവശനായി നിലംപതിച്ചു. അല്പം കഴിഞ്ഞു് ഉണന്നാശ്വസിച്ചശേഷം കഥകളെല്ലാം വിസ്തരിച്ചു കേട്ടു. പരമാനന്ദപരിപ്ലുതനായ ഭരതൻ ശത്രുഘ്നനെ വിളിച്ച് ജ്യേഷ്ഠൻെറ സത്കാരത്തിനുവേണ്ട ഏപ്പാടുകളെല്ലാം ചെയ്യാനേല്പിച്ചു. ശത്രുഘ്നൻ നഗരാലങ്കരണത്തിനും അകമ്പടിക്കും എതിരേല്പിനും വേണ്ട ഏപ്പാടുകളെല്ലാം ചെയ്തു. ഭരതൻ വെൺകൊററക്കുടയും വെഞ്ചാമരങ്ങളും എടുത്തു് രാമപാദുകകൾ ശിരസ്സിൽ ചേത്തു് ജ്യേഷ്ഠനെയും പ്രതീക്ഷിച്ചു നില്പായി. രാമനെ കാണാഞ്ഞു് ഹനുമാനോടു് മക്കടസ്വഭാവമൊന്നും കാണിച്ചിട്ടില്ലല്ലൊ എന്നു ചോദിച്ചു. ഭരദ്വാജാനുഗ്രഹംകൊണ്ടു വഴിയ്ക്കുള്ള മരങ്ങളെല്ലാം പഴങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നും മക്കടന്മാർ അവ ആസ്വദിച്ചു യാത്രചെയ്യുന്നതുകൊണ്ടു് അമാന്തിക്കയാണെന്നും ഹനുമാൻ അറിയിച്ചു. അപ്പൊഴേക്കും വാനരസേനയുടെ ആരവം കേൾക്കായി. അകലെയായി പുഷ്പകം കാണപ്പെട്ടു. വിമാനം നന്ദിഗ്രാമത്തിൽ എത്തി. 'ഇതാ രാമൻ' എന്നെല്ലാവരുമാത്തു. ആളുകൾ ആനന്ദംകൊണ്ടാത്തുവിളിച്ചു. ഭരതൻ കൂപ്പുകൈയോടെ ജ്യേഷ്ഠനെ മനസാ പൂജിച്ചു. വിമാനം നിലത്തി

റങ്ങി. ഭരതൻ വിമാനത്തിൽക്കയറി രാമപാദങ്ങരം വണങ്ങി. രാമൻ ഭരതനെ മടിയിൽ ചേത്ത്ു് കെട്ടിപ്പിടിച്ചു. ഭരതൻ പേരു ചൊല്ലി ലക്ഷ്മണനേയും സീതയേയും വണങ്ങി. സുഗ്രീവാദിവാനരന്മാരെ ഭരതൻ ആലിംഗനം ചെയ്തു. വാനരന്മാർ മാനവരൂപം പൂണ്ടു. ഭരതൻ സുഗ്രീവനെ പഞ്ചമഭ്രാതാവായി അംഗീകരിച്ചു. വിഭീഷണൻ ചെയ്ത സഹായത്തേയും വാഴ്ത്തി. ശത്രുഘ്നനും വന്നു് എല്ലാവരേയും വണങ്ങി. രാമൻ ശോകകശിതയായ അമ്മയുടെ കാൽത്തളിർ വന്ദിച്ചു. അമ്മയുടെ മനം കുളിത്തു. സുമിത്രയേയും കൈകേയിയേയും വന്ദിച്ചു് മററമ്മമാരേയും രാമൻ വണങ്ങി. അനന്തരം വസിഷ്ഠനെച്ചെന്നു വന്ദിച്ചു. നഗരവാസികരം കൂപ്പുകൈയോടെ സ്വാഗതമോതി. ഭരതൻ പാദുകകരം കൊണ്ടുവന്നു രാമപാദത്തിൽ ചേത്ത്ു. എന്നിട്ടു തൊഴുതുകൊണ്ടുണത്ത്ിച്ചു: ''അവിടുന്നു് ന്യാസമായിട്ടേല്പിച്ച രാജ്യമിതാ ഞാൻ തിരിച്ചു സമപ്പ്ിക്കുന്നു. ഇന്നെൻെറ ജന്മം സഫലമായി. അവിടുത്തെ അനുഗ്രഹംകൊണ്ടു് ധനവും സേനയും ഗൃഹങ്ങളുമെല്ലാം പത്തിരട്ടി വദ്ധിച്ചിരിക്കുന്നു.'' ഇപ്രകാരം പറയുന്ന ഭ്രാതൃഭക്തനായ ഭരതനെ കണ്ടു് വാനരന്മാർ ആനന്ദബാഷ്പം പൊഴിച്ചു. വിഭീഷണനും കണ്ണുനീർ തൂകി. ഭരതനെ മടിയിലിരുത്തിക്കൊണ്ടു് വിമാനത്തിൽ ഭരതാശ്രമത്തിലേയ്ക്കു പോയി. അവിടെ ചെന്നവാറെ, രാമൻ ''പോയി വൈശ്രവണനെ സേവിക്കുക.'' എന്നു പറഞ്ഞു പുഷ്പകത്തെ അയച്ചു.

## ശ്രീരാമപട്ടാഭിഷേകം

ഭരതൻ ശിരസ്സിൽ അഞ്ജലിയും ബന്ധിച്ചുകൊണ്ടു് ജ്യേഷ്ഠനോടുരചെയ്തു: ''എൻെറ അമ്മ ആദരിക്കപ്പെട്ടു. അവിടുന്നെനിക്കു രാജ്യം തന്നു. ഞാനിതാ അതു് അവിടേയ്ക്കു് തിരിച്ചുതരുന്നു. ഭൃത്യന്മാരായ ഞങ്ങളെയെല്ലാം കാത്തരുളിയാലും. അവിടുന്നു കോസലാധിപനായി അഭി

ഷിക്തനായിട്ടു് ലോകം കാണട്ടെ.'' 'അങ്ങനെയാവട്ടെ' എന്നരുളി രാമൻ ശുഭാസനത്തിൽ ഉപവിഷ്ടനായി. ശത്രുഘ്നാജ്ഞയാ ശ്മശ്രുവദ്ധകന്മാർ വന്നു് രാമനെ സേവിച്ചു. ഭരതനും ലക്ഷ്മണനും സുഗ്രീവനും വിഭീഷണനും കുളിച്ചതിനുശേഷം ശ്രീരാമൻ നീരാടി. മുടിയെല്ലാം ചീകി ജട നീക്കി മിനുക്കി. കുറിക്കൂട്ടുകളും മാലകളും ചാർത്തി. ഉത്തമവസ്ത്രങ്ങൾ അണിഞ്ഞു. ശത്രുഘ്നൻ രാമനെയും ലക്ഷ്മണനെയും അലങ്കരിച്ചു. ദശരഥസ്ത്രീകൾ സീതയെ അണിയിച്ചൊരുക്കി. കൗസല്യ വാനരനാരിമാരെ അലങ്കരിച്ചു. ശത്രുഘ്നാജ്ഞയനുസരിച്ചു സുമന്ത്രൻ തേരു തയ്യാറാക്കിക്കൊണ്ടുവന്നു. രാമൻ രഥത്തിലേറി. പുരോഹിതനും മന്ത്രിമാരുംകൂടി അഭിഷേകത്തിനു വേണ്ട ഏൎപ്പാടുകളെല്ലാം ചെയ്തു. രാമൻ അയോദ്ധ്യയ്ക്കെഴുന്നെള്ളി. ഭരതൻ കടിഞ്ഞാൺ പിടിച്ചു. ശത്രുഘ്നൻ കുട പിടിച്ചു. ലക്ഷ്മണൻ ആലവട്ടം വീശി. വിഭീഷണൻ ചാമരം വീശി. തത്സമയം ആകാശത്തിൽനിന്നും ഋഷികളും ദേവന്മാരും മരുത്തുകളും ശ്രീരാമന്റെ പുകഴ് പാടി. സുഗ്രീവൻ ശത്രുഞ്ജയമെന്ന കൊമ്പനാനപ്പുറത്തേറി. മനുഷ്യരൂപമാണ്ട വാനരന്മാർ ഒമ്പതിനായിരം ആനകളുടെ പുറത്തിരുന്നുകൊണ്ടു് അകമ്പടി സേവിച്ചു. ശംഖദുന്ദുഭിനാദങ്ങളോടെ രഘുവരൻ അയോദ്ധ്യയ്ക്കെഴുന്നെള്ളി. അമാത്യന്മാരും പൗരന്മാരും സോദരപരിവാരിതനായ രാമനെ ജയജയഘോഷത്തോടെ സ്വാഗതം ചെയ്തു. ഗോക്കളും അക്ഷതതാലമേന്തിയ കന്യകകളും ബ്രാഹ്മണരും മോദകഹസ്തരായ പൗരന്മാരും രാമന്റെ മുമ്പിൽ നടന്നു. രാമൻ സുഗ്രീവസഖ്യം, ഹനുമദ്വിക്രമം, വിഭീഷണമൈത്രി തുടങ്ങിയ കഥകൾ മന്ത്രിമാരെ പറഞ്ഞുകേൾപ്പിച്ചു. കേട്ടവർ വിസ്മയിച്ചുപോയി. രാമൻ അയോദ്ധ്യയിൽ പ്രവേശിച്ചു; പിതൃഗൃഹത്തിലെത്തി. അമ്മമാരെ മൂവരെയും നമസ്കരിച്ചു. ഭരതനോടു പറഞ്ഞു: ''ശ്രേഷ്ഠമായ എന്റെ കൊ

ട്ടാരം സുഗ്രീവനു് വസിക്കാനേപ്പാടുചെയ്യാലും.'' ഭരതന പ്രകാരം ചെയ്തു. ശ്രീരാമപട്ടാഭിഷേകത്തിനു് ദൂതന്മാരെ നിയോഗിക്കാൻ ഭരതൻ സുഗ്രീവനോടു പറഞ്ഞു. നാലു സമുദ്രങ്ങളിൽനിന്നുമുള്ള തീൎത്ഥവാരി പുലൎച്ചയ്ക്കുമുമ്പു കൊണ്ടുവരുന്നതിനു് ആജ്ഞാപിച്ചുകൊണ്ടു് നാലു സ്വൎണ്ണക്കുടങ്ങൾ സുഗ്രീവൻ നാലു വാനരവീരന്മാരെ ഏല്പിച്ചു. ജാംബവാൻ കിഴക്കെ കടലിൽനിന്നും ഋഷഭൻ തെക്കെ കടലിൽനിന്നും ഗവയൻ പടിഞ്ഞാറെ കടലിൽനിന്നും ഹനുമാൻ വടക്കെ കടലിൽനിന്നും തീൎത്ഥം കൊണ്ടുവന്നു. അഞ്ഞൂറു നദികളിൽനിന്നുള്ള തീൎത്ഥവും കൊണ്ടുവരപ്പെട്ടു. ശത്രുഘ്നൻ വിവരം വസിഷ്ഠനെ അറിയിച്ചു. ജ്ഞാനവൃദ്ധനായ വസിഷ്ഠൻ മററു ബ്രാഹ്മണരോടുകൂടി ശ്രീരാമചന്ദ്രനെ സീതയോടൊത്തു് രത്നമയമായ സിംഹാസനത്തിൽ ഇരുത്തി. വസിഷ്ഠൻ, വാമദേവൻ, ജാബാലി, കാശ്യപൻ, കാത്യായനൻ, സുയജ്ഞൻ, ഗൗതമൻ, വിജയൻ, എന്നീ മഹൎഷിമാർ വസുക്കൾ വാസവനെയെന്നപോലെ സുഗന്ധജലംകൊണ്ടു് ശ്രീരാമനെ അഭിഷേകം ചെയ്തു. ഋത്വിക്കുകളും, ബ്രാഹ്മണരും, കന്യകകളും, മന്ത്രിമാരും, യോധന്മാരും, വ്യാപാരികളും, ത്രിമൂൎത്തികളും, ദേവേന്ദ്രനും, സൎവ്വദേവതകളും സൎവ്വൗഷധിരസങ്ങൾകൊണ്ടും ദാശരഥിയെ അഭിഷേകം ചെയ്തു. ബ്രഹ്മനിൎമ്മിതവും മനുകുലരാജാക്കന്മാർ പരമ്പരയാ ധരിച്ചുപോന്നതുമായ നാനാരത്നമയമായ കിരീടം വസിഷ്ഠൻ രാമശിരസ്സിൽ അണിയിച്ചു. ശത്രുഘ്നൻ വെൺകൊററക്കുട പിടിച്ചു. സുഗ്രീവനും വിഭീഷണനും ചാമരം വീശി. വാസവചോദിതനായ വായുദേവൻ നവരത്നഖചിതമായ ഒരു മുത്തുമാല രാമനു കാഴ്ചവെച്ചു. ദേവഗന്ധൎവ്വന്മാർ ഗാനംചെയ്തു; അപ്സരസ്സുകൾ നൎത്തനം ചെയ്തു.

രാമൻ അയോദ്ധ്യാധിപനായി അഭിഷിക്തനായപ്പോൾ പൃഥിവി സസ്യപൂൎണ്ണയും കുസുമങ്ങൾ സുരഭില

ങ്ങളും പാദപങ്ങരം ഫലപുഷ്പങ്ങളുമായി. രാമൻ ഒരുലക്ഷം കുതിരകളേയും അത്രയും കറവപ്പശുക്കളേയും നൂറു കാളകളേയും ബ്രാഹ്മണക്ക ദാനംചെയ്തു. നിരവധി സ്വർണ്ണനാണയങ്ങളും വസ്ത്രാഭരണങ്ങളും ദാനം നൽകി. സൂര്യകിരണസദൃശവും രത്നഖചിതവും കാഞ്ചനനിർമ്മിതവുമായ ഒരു ഹാരം രാമൻ സുഗ്രീവനു സമ്മാനിച്ചു. വൈഡൂര്യരചിതവും വൈരം പതിച്ചതുമായ രണ്ടു തോരംവളകരം അംഗദനും നൽകി. മണികരം പതിച്ച ഒരു മുത്തുമാല രാമൻ സീതയുടെ കഴുത്തിൽ ചാർത്തി. സീത വായുപുത്രനു് ദിവ്യങ്ങളായ രണ്ടു ശുദ്ധവസ്ത്രങ്ങളും ശ്രേഷ്ഠങ്ങളായ ആഭരണങ്ങളും നൽകി. ജാനകി, പ്രാണനാഥനണിയിച്ച ഹാരം കഴുത്തിൽനിന്നു മെടുത്തു കൈയിൽ വെച്ചുകൊണ്ടു വാനരന്മാരെയും പ്രാണനാഥനെയും മാറിമാറി നോക്കി. സീതയ്ക്കു് ഇഷ്ടമുള്ളയാരംക്കു് അതു സമ്മാനിച്ചുകൊള്ളാൻ ഇംഗിതജ്ഞനായ രാമൻ അനുമതി നൽകി. തേജസ്സും ധൈര്യവും വിനയവും സാമർത്ഥ്യവും പൗരുഷവും വിക്രമവും ബുദ്ധിയുമാന്ന മാരുതിയ്ക്കു് സീത ആ ഹാരം സമ്മാനിച്ചു. വിഭീഷണനും സുഗ്രീവനും ജാംബവാനും ഹനുമാനും മററു വാനരന്മാരും യഥാർഹം ആദരിക്കപ്പെട്ടു. രാമൻ എല്ലാവക്കും യാത്രാനുവാദം നല്കി. വാനരന്മാർ കിഷ്കിന്ധയ്ക്കു മടങ്ങി. സുഗ്രീവനും രാമാഭിഷേകം കണ്ടു് രാമസല്ക്കാരവുമേററു കിഷ്കിന്ധയ്ക്കു തിരിച്ചുപോയി. വിഭീഷണൻ ലങ്കാധിപത്യം ലഭിച്ചു് സന്തുഷ്ടനായി അമാത്യന്മാരോടുകൂടി മടങ്ങിപ്പോയി. രാമൻ രാജ്യത്തെ വഴിപോലെ പാലിച്ചു സന്തുഷ്ടിയാൻ വാണു.

ശ്രീരാമൻ ലക്ഷ്മണനെ യുവരാജാവായിരിക്കാൻ നിർബന്ധിച്ചു. ലക്ഷ്മണനതു സ്വീകരിച്ചില്ല. അപ്പോരം പിന്നെ ഭരതൻ യുവരാജാവായി അഭിഷേകം ചെയ്യപ്പെട്ടു. പൗണ്ഡരീകം, അശ്വമേധം, വാജപേയം മുതലായ പല യാഗങ്ങളും രാമനനുഷ്ഠിച്ചു. രാമൻ പതിനോരായിരം

സംവത്സരം രാജ്യം ഭരിച്ചു. അതിനിടയ്ക്കു നൂറശ്വമേധങ്ങൾ നടത്തി. ലക്ഷ്മണൻ രാമനെ പരിചരിച്ചുപോന്നു. ശ്രീരാമൻ രാജ്യം ഭരിക്കുംകാലത്തിങ്കൽ, സ്ത്രീകൾക്കാർക്കും വൈധവ്യം ബാധിക്കാറില്ല; ദുഷ്ടമൃഗങ്ങളെക്കൊണ്ടു് ആൎക്കുമൊരു ഉപദ്രവവും ഏറ്റിട്ടില്ല; ലോകത്തിൽ കള്ളന്മാരേ ഇല്ലാതായി. യാതൊരു അനൎത്ഥവും ആരേയും ബാധിച്ചില്ല. വൃദ്ധന്മാൎക്കു് ബാലന്മാരുടെ പ്രേതകാര്യങ്ങൾ ചെയ്യേണ്ടതായിവന്നില്ല; എല്ലാവൎക്കും സന്തോഷം; ഏവരും ധൎമ്മനിഷ്ഠർ. ആളുകൾ പരസ്പരം ഉപദ്രവമൊന്നും ചെയ്തിരുന്നില്ല. ആൎക്കും ശോകമില്ല, രോഗമില്ല. എങ്ങും രാമവിക്രമകഥകൾ കേൾക്കായി. രാമൻ രാജ്യപരിപാലനം ചെയ്യുമ്പോൾ വൃക്ഷങ്ങളിൽ എന്നും പൂക്കളും കായ്കളും ഉണ്ടായിരുന്നു. യഥാകാലം മഴ പെയ്തിരുന്നു. വായു സുഖസ്പൎശിയായി വീശി. ചതുൎവ്വൎണ്ണങ്ങളും ലോഭരഹിതരായി സ്വസ്വധൎമ്മങ്ങൾ യഥാവിധി അനുഷ്ഠിച്ചു. രാമരാജ്യത്തിൽ സകലജനങ്ങളും ധൎമ്മനിഷ്ഠരായിരുന്നു.

വാല്മീകിമാമുനി രചിച്ച പുണ്യമായ ഈ ആദികാവ്യം ധൎമ്മ്യവും യശസ്കരവും ആയുർവദ്ധകവും വിജയദായകവുമാകുന്നു. ഇതു കേട്ടാൽ പാപമുക്തിയുണ്ടാകും. എന്തെന്താഗ്രഹിക്കുന്നുവോ അതു ലഭിക്കും. വിനയത്തോടെ സജ്ജനങ്ങളിൽനിന്നും ഇതു ശ്രവിക്കേണ്ടതാകുന്നു. ശ്രീരാമായണം കേൾക്കുകയും കീൎത്തിക്കുകയും ചെയ്യുന്നവനിൽ ആദിദേവനായ ശ്രീനാരായണൻ പ്രസാദിക്കുന്നു. ലക്ഷ്മണൻ ആദിശേഷനും ശ്രീരാമൻ സാക്ഷാൽ മഹാവിഷ്ണുവുമാകുന്നു.

ഈ പൂൎവ്വചരിത്രത്തെ വിശ്വാസപൂൎവ്വം പ്രചരിപ്പിക്കുവിൻ. സൎവ്വൎക്കും മംഗളം ഭവിക്കട്ടെ. ലോകത്തിൽ ഈശ്വരശക്തി വദ്ധിക്കട്ടെ.

ശുഭം.

**രാമരാജ്യം**

രാമഭരതസമാഗമം കണ്ട സുഗ്രീവവിഭീഷണന്മാർ വിസ്മയമാണ്ടുപോയി. അതു യുക്തമാണുതാനും. കാരണം, അവരിരുവരും അധികാരലാഭത്തിനായി ജ്യേഷ്ഠഭ്രാതാക്കന്മാരെ കൊല്ലിച്ചവരാണു്. പരസ്പരപ്രാണന്മാരായ ഈ രാജകുമാരന്മാരുടെ സൗഹൃദവും ധർമ്മനിഷ്ഠയും ആരെത്തന്നെ രോമാഞ്ചം കൊള്ളിക്കുകയില്ല! അതാണു് ആര്യധർമ്മം. ഈ ത്യാഗഭാസുരമായ ആര്യസംസ്കാരം, മനുഷ്യൻെറ പ്രാകൃതവാസനകളായ ലോഭം ക്രോധം മുതലായവയെ അടക്കാനും ഒതുക്കാനും ഒരുവനെ സഹായിക്കുന്നു.

ധർമ്മവിഗ്രഹനായ ശ്രീരാമൻെറ ചരിത്രമാണു് രാമായണം. ധർമ്മമാണതിലെ പ്രതിപാദ്യം. ത്രേതായുഗത്തിലാണു് രാമൻെറ അവതാരം. കൃതയുഗത്തിൽ ധർമ്മപാദങ്ങളായ തപസ്സും ശൗചവും ദയയും സത്യവും പുഷ്കലങ്ങളായിരുന്നു. യുഗപര്യയത്തിൽ ധർമ്മപാദങ്ങൾക്കു ബലക്ഷയം ബാധിച്ചുതുടങ്ങി. തപസ്സിനു് കോട്ടം തട്ടാൻ തുടങ്ങി. തത്സമയം തപഃസ്വാധ്യായനിരതനായ നാരദമാമുനിയോടു് തപസ്വിയായ ആദികവി, ധർമ്മജ്ഞനും കൃതജ്ഞനും സത്യപ്രതിജ്ഞനും സദാചാരനിരതനുമായ രാമൻെറ ചരിതം ഗ്രഹിച്ചു കാവ്യം രചിച്ചു പ്രചരിപ്പിച്ചു. ത്യാഗവും സത്യവുമാണു് തപസ്സിൻെറ ഉപായവും സ്വരൂപവും. അവ പുഷ്ടി പ്രാപിച്ചാൽ ധർമ്മം പുഷ്കലമാകും. ധർമ്മം ലബ്ധപ്രതിഷ്ഠമായാൽ ജീവിതം ധന്യമാകും. രാജാവു ധർമ്മിഷ്ഠനായാൽ പ്രജകളും ധർമ്മനിഷ്ഠരാകും. ഓരോ മനുഷ്യനും സ്വധർമ്മം വഴിപോലെ അനുഷ്ഠിച്ചാൽ ആധിയോ വ്യാധിയോ, വൈരമോ മാത്സര്യമോ, ഹിംസയോ ദ്രോഹമോ, ഒന്നുമില്ല; ഏവർക്കും ശാന്തി, സമാധാനം, സുഭിക്ഷം, പരസ്പരസ്നേഹം. അതാണു രാമരാജ്യം; അതാണു് സത്യയുഗം. അതു് കൈവരുത്തുന്നതിനാണു് സർവ്വമഹാന്മാരും പ്രയത്നിച്ചിട്ടുള്ളതും പ്രയത്നിക്കേണ്ടതും.

വിവേകവും വൈരാഗ്യവും നിറഞ്ഞ തപോധനൻ വസിഷ്ഠൻ ധമ്മവിഗ്രഹനായ അരചനെ ഉപദേശിക്കുന്നു. അധികാരത്തെ ജ്ഞാനവും ത്യാഗവും തപസ്സും നിയന്ത്രിക്കുന്നു. ഫലം രാമരാജ്യം; സംതൃപ്തവും സന്തുഷ്ടവുമായ ജനസമുദായം. അങ്ങനെ ധമ്മത്തിനേപ്പെട്ട ബലക്ഷയം നീക്കി ലോകരക്ഷ ചെയ്യുന്നതിന് സത്യസ്വരൂപൻ സ്വീകരിച്ച ഒരു രൂപമാണ് ശ്രീരാമചന്ദ്രൻ.

**പ്രക്ഷേപപ്രക്ഷോഭം**

ചില വിമശ്കന്മാരുടെ പക്ഷത്തിൻ വാല്മീകിയുടെ രാമൻ അവതാരപുരുഷനൊന്നുമല്ല; കേവലം മനുഷ്യൻ. അവതാരമെന്ന് പറയുന്ന ഭാഗങ്ങൾ പിന്നീടാരോ എഴുതി ചേത്തതാണത്രെ. ബാലകാണ്ഡവും ഉത്തരകാണ്ഡവും മദ്ധ്യകാണ്ഡങ്ങളിലെ പല ഭാഗങ്ങളും പ്രക്ഷിപ്തങ്ങളാണുപോലും. കൂടാതെ, പ്രകൃതിവണ്ണനകളിൽ വന്നിരിക്കുന്ന ആവത്തനങ്ങളും പ്രക്ഷിപ്തങ്ങൾ. അതിനുള്ള ന്യായങ്ങളെന്തു്? പല സ്ഥലങ്ങളിൽനിന്നും ശേഖരിച്ച ഗ്രന്ഥങ്ങൾ തമ്മിൽ യോജിക്കാതെ വരുമ്പോൾ, എല്ലാററിലും പൊതുവായിക്കാണുന്ന പാഠങ്ങൾ മൂലകൃതിയെന്നും, ബാക്കിയൊക്കെ പരകൃതങ്ങളെന്നും നിണ്ണയിക്കുകയാണ് ചെയ്യാറു്. ഈ വാദത്തിനു് കുറെയൊക്കെ ബലമുണ്ടു്. പക്ഷെ അതു് നീരന്ധ്രമാണോ? അച്ചടിയില്ലാതിരുന്ന പഴയ കാലങ്ങളിൽ പകത്തുമ്പോൾ പ്രമാദം വന്നുപോകാം. അതു പിന്നെയാരെങ്കിലും തിരുത്തിയെന്നുംവരാം. പക്ഷെ, ഒരു ലേഖകൻ, ഗ്രന്ഥത്തിൽനിന്നു് തനിക്കാവശ്യമുള്ള ഭാഗം മാത്രം പകത്തിയെടുത്തു എന്നു വന്നുകൂടേ? ഒരു രാമചരിതഗായകൻ സീതാപരിത്യാഗം സഹിയാഞ്ഞു്, അതു് പാടാതെ വിട്ടുകളഞ്ഞുവെങ്കിൽ അതുകൊണ്ടു് വാല്മീകി അതു പാടിയിട്ടില്ലെന്നു വരണമോ? രാമനെ അവതാരമെന്നു പറയുന്നതിൽ എന്തോ പോരായ്മയും മനുഷ്യനാക്കു

ന്നതിൽ എന്തോ മേന്മയും ഉണ്ടെന്നു് തോന്നുന്നതുകൊണ്ട ല്ലേ ഈവക വാദങ്ങറം പുറപ്പെട്ടുവിക്കുന്നതു്? രാമായണ ത്തെ കേവലം ഒരു കാവ്യമായിട്ടുമാത്രമല്ല കവി ഉദ്ദേശി ച്ചിട്ടുള്ളതെന്നു് മദ്ധ്യകാണ്ഡങ്ങളിൽത്തന്നെ പലയിടത്തും കാണാം. അതൊരു ഇതിഹാസവും പുരാണവും ധമ്മശാ സ്ത്രവും ചേൻ്ന കാവ്യമാണു്. ഇതിഹാസമെന്നാൽ – ഇതി ഹ ആസ - ഇങ്ങനെ സംഭവിച്ചു, ചരിത്രകഥ എന്നത്ഥം. വേദാത്ഥങ്ങളുടെ വിസ്തരണമാണു് പുരാണം നിവ്വഹിക്കുന്ന തു്. വേദാത്ഥം, പരമപുരുഷാത്ഥമായ മോക്ഷപ്രാപ്തിയാ കുന്നു. ആ ലക്ഷ്യത്തിലെത്താനുള്ള ഉപായം നിദ്ദേശിക്കുന്നു ധമ്മശാസ്ത്രം. ഇങ്ങനെ നമ്മുടെ ഇതിഹാസപുരാണങ്ങളായ രാമായണ ഭാരത ഭാഗവതാദികറംക്കു് മൂന്നു് നിലകളുണ്ടു്. അവയെ മൂന്നു നിലയിലും വീക്ഷിക്കാം. മോക്ഷകാംക്ഷി യായ ജീവനെ സ്വാരാജ്യത്തിലെത്തിക്കുന്നതിനു്, ധമ്മോ പദേശം ചെയ്യാൻ, ക്രാന്തദശികളായ കവീശ്വരന്മാർ, ആദശ്ഭൂതന്മാരായ ഈശ്വരപുരുഷന്മാരുടെ ജീവചരിത്ര ത്തെ വണ്ണിക്കുന്നു. മർത്ത്യചരിത്രംകൊണ്ടു്, താപതപ്ത നായ മനുഷ്യനു്, താപശാന്തിയോ ശാന്തിലാഭമോ ഉണ്ടാ കുന്നതല്ല. നമ്മുടെ പൂവ്വകവികറം, വെറുതെ മനുഷ്യൻെറ വികാരങ്ങളെ വിക്ഷോഭിപ്പിക്കുന്നതിനുമാത്രമായി ഗ്രന്ഥ ങ്ങറം നിമ്മിക്കാറില്ല. ഉത്തമകവികറം ഈശ്വരകഥകളേ കീത്തിക്കാറുള്ളു, നരശംസ ചെയ്യാറില്ല. നാരായണനു മാത്രമേ നരനെ കരകയററാൻ കഴിയൂ.

രാമൻ തൻെറ ഈശ്വരഭാവം കുറെ മറച്ചുവെച്ചു എന്നതു വാസ്തവം. മറച്ചതുകൊണ്ടു് സ്വരൂപം മറക്കുമോ? ഇടയ്ക്കിടയ്ക്കു് പ്രകാശിപ്പിക്കുന്നുമുണ്ടു്. അതുകൊണ്ടുതന്നെയാ ണു് നമുക്കു് രാമനെ അവതാരമെന്നറിയാൻ കഴിയുന്നതും. പൂവ്വകവികളുടെ ഒരു സ്വീകൃതസമ്പ്രദായമാണു്, ഭൂമിയുടെ പരിദേവനവും, ദേവന്മാരുടെ നിവേദനവും, വിഷ്ണുവിൻെറ ആശ്വാസനവും അവതാരവും. ഭാരതമനസ്സിനു് വേഗം

ഗ്രഹിക്കാനാവുന്ന ഒരു ചട്ടക്കൂടാണതു്. ആ മൂശയിൽക്കൂടിയാണു് നമ്മുടെ ധൎമ്മഗ്രന്ഥങ്ങളധികവും വാൎത്തിരിക്കുന്നതും.

ഇപ്രകാരം പരമ്പരാപ്രാപ്തമായ ആ മാതൃകയും, അവതാരഭാഗങ്ങളും, വൎണ്ണനഭാഗങ്ങളും ഒഴിച്ചുവിട്ടാൽ രാമായണത്തിൽ പിന്നെ ബാക്കിയെന്തുണ്ടു്? കാലും തലയുമററ ഒരു കബന്ധത്തിലെ കുറെ എല്ലുകൾ മാത്രം. അത്രമാത്രമേ വാല്മീകികൃതമായിട്ടുള്ളു, ബാക്കിയൊക്കെ പിൻഗാമികളുടെ കരകൗശലമാണു് എന്നു വരുകിൽ, ആ പ്രക്ഷേപചതുരന്മാൎക്കു് കങ്കണം സമ്മാനിക്കേണ്ടതാകുന്നു.

സീതാരാമന്മാർ അതിമാനുഷരല്ലെന്നു വരുകിൽ, അവരുടെ പല പ്രവൃത്തികളും സാദ്ധ്യമല്ല. തീയിൽ ചാടിയ സീതയെങ്ങനെ ജീവനോടെ തിരിച്ചു വന്നു? കുരങ്ങന്മാരെങ്ങനെ കടലിൽ ചിറ കെട്ടി? വരബലോൎജ്ജിതനായ രാവണന്റെ നിശ്ശ്വാസമേററാൽ മനുഷ്യർ പറന്നു പോവുകയില്ലേ? പിന്നെച്ചിലരുടെ പക്ഷത്തിൽ, രാമാദികളെക്കുറിച്ചു് വാല്മീകി പറയുന്നതല്ല ശരി, പിന്നെയോ, അവരുടെ അഭിപ്രായങ്ങളാണു്. ഇതു കേട്ടാൽ,അവർ അയോദ്ധ്യയിൽ രാമന്റെ അയൽപക്കത്തു താമസക്കാരായിരുന്നു, ഇപ്പോളവിടുന്നു വരുന്ന വഴിയാണു് എന്നു തോന്നും. രാമായണപാത്രങ്ങളെക്കുറിച്ചു് വാല്മീകിയേക്കാൾ കൂടുതൽ ഇവൎക്കാണത്രെ അറിയാവുന്നതു്! രാമ രാമ ! !

## ഉത്തരപ്രശ്നത്തിനു് ഒരുത്തരം

ഉത്തരകാണ്ഡം ഉൾപ്പെടുത്തിയാൽ രാമായണം ശോകപൎയ്യവസായിയാകുമെന്നും, അതു ശരിയല്ലെന്നും, അതുകൊണ്ടു് ശ്രീരാമപട്ടാഭിഷേകംകൊണ്ടു് രാമായണം അവസാനിച്ചെന്നും, അവിടെ കവി മംഗളവും ഫല

ശ്രുതിയും ചൊല്ലുന്നതിൽനിന്നും അതു തെളിയുന്നുവെന്നും, അതുകൊണ്ടു് ഉത്തരകാണ്ഡം പരകൃതമാണെന്നുമാണു് ചിലരുടെ പക്ഷം. ഇതു് ബലവത്തായ ഒരു വാദമുഖമെന്നതിനേക്കാൾ വക്താവിൻെറ മരണഭയത്തെയാണു് വ്യഞ്ജിപ്പിക്കുന്നതു്. രാമചരിതം എഴുതാൻ തുടങ്ങിയ കവി ഏതാനുംപേക്കു് മരണമെന്നു കേട്ടാൽ തല ചുററുമെന്നു കരുതി, അതെഴുതാതെ വിടണമെന്നോ? വിരഹവും മരണവും ചിന്താഹ്ങ്ങളല്ലെന്നോ? ചിന്തിക്കാൻ ഭയമാണെങ്കിൽത്തന്നെ, അവ അപരിഹാര്യങ്ങളല്ലേ? അപ്പോൾ രാമൻെറ സ്വർഗ്ഗാരോഹണംവരെ പ്രസ്താവിക്കാതെ ഗ്രന്ഥം പൂർത്തിയാകുമോ? പിന്നെ,

* സംയോഗാ വിപ്രയോഗാന്താ മരണാന്തം ച ജീവിതം.

എന്ന വാല്മീകിവാണിതന്നെ രാമായണസന്ദേശങ്ങളിൽ ഒന്നല്ലേ? ജീവിതം ജീവൻെറ ഒരു വ്യായാമശാലയാണു്. ലോകം അനിത്യമെന്നും, ഈശ്വരൻ മാത്രം സത്യമെന്നും അറിയുന്നതിനുള്ള ഒരു സന്ദർഭമാണു് ജീവിതം. 'പുരുഷസ്യ ഭോഗാപവർഗാർത്ഥം പ്രകൃതിഃ.' ജീവനു് അനുഭവങ്ങൾ നേടി ഇക്കാണായതൊന്നും സത്യമല്ലെന്നറിഞ്ഞു് ഉപേക്ഷിക്കാനുള്ളതാണു് ലോകജീവിതം. ഒരുവൻ മരണത്തെ എങ്ങനെ നേരിടുന്നു എന്നുള്ളതിൽ നിന്നുമാണു്, അയാൾ തനിക്കു കിട്ടിയ മനുഷ്യജന്മത്തെ എങ്ങനെ ഉപയോഗിച്ചു എന്നു് നിർണ്ണയിക്കാൻ കഴിയുന്നതു്. കൃതകൃത്യനായ മനുഷ്യൻ മരണത്തെ സ്വാഗതം ചെയ്യും; അയാൾക്കു് ഭയമില്ല. മനുഷ്യനു് മരണത്തോടുള്ള മനോഭാവമാണു് അയാളുടെ ആന്തരജീവിതത്തെ വ്യക്തമാക്കുന്നതു്. ലോകത്തിലവതരിച്ചപ്പോൾ എത്ര സന്തോഷമുണ്ടായിരുന്നുവോ അത്രയും സംതൃപ്തിയോടെയാണു് രാമൻ ലോകം ഉപേക്ഷിക്കുന്നതും. രാമൻെറ സ്വർഗ്ഗാരോഹണം സാധാരണജീവൻെറ മരണഗോഷ്ഠിക

---

* ഉത്തരകാണ്ഡം, 52 – 11.

ളോട്ടുകൂടിയതല്ല. ധർമ്മം തെററാതെ ജീവിതം നയിച്ച വക്ക് ലോകത്തോട്ട വിടവാങ്ങാൻ സങ്കടമില്ല.

**ധർമ്മത്തിൻെറ അർത്ഥകാമജയം**

മരണത്തിൻെറ കഥയങ്ങനെയാവട്ടെ; എന്നാൽ സീതാപരിത്യാഗമോ? മരണത്തെക്കാൾ ദുഃഖകരമല്ലേ പ്രിയവിയോഗം? അതെ, പക്ഷേ ധർമ്മനിഷ്ഠ, ത്യാഗവും വിരഹവും വേദനയുമൊന്നും കൂടാതെ സർവ്വത്ര സുലഭമായിരുന്നെങ്കിൽ, രാമനു് എന്തു മേന്മയിരിക്കുന്നു? ഇതുവരെ ധർമ്മം ഒരു ശത്രുവിനെയേ ജയിച്ചുള്ളു, അർത്ഥത്തെ. രാജ്യവും അധികാരവും രാമനെ ബന്ധിക്കാൻ സമർത്ഥങ്ങളല്ല എന്നു യുദ്ധകാണ്ഡംവരെയുള്ള ചരിത്രംകൊണ്ടു കണ്ടു. അർത്ഥം ധർമ്മത്തിനു് വിപരീതമായ്വന്നപ്പോൾ, രാമൻ അർത്ഥത്തെ വലിച്ചെറിഞ്ഞു. ഇനി അയാളുടെ ജ്യേഷ്ഠനുണ്ടു്, കാമം. ധർമ്മവും കാമവും തമ്മിൽ പൊരുതുമ്പോൾ രാമൻ ആരുടെ ഭാഗത്താണെന്നും കാണേണ്ടതുണ്ടല്ലൊ. കാമത്തിൻെറ പ്രതീകമാണു് പത്നി. അതിലും, പതിവ്രതാരത്നമായ ഒരു പത്നിയുടെ പരിത്യാഗമോ സ്വധർമ്മപരിത്യാഗമോ എന്ന ഹൃദയഭേദകമായ ചോദ്യം രാമനെങ്ങനെ നേരിടും എന്നുകൂടി കാണിച്ചാൽ മാത്രമേ 'രാമോ വിഗ്രഹവാൻ ധർമ്മഃ' എന്നതു് അവിതർക്ക്യമായിട്ടു് സ്ഥാപിതമാകൂ. അതിനാൽ ഉത്തരകാണ്ഡം രാമചരിതത്തിൻെറ ഒരു അവിഭാജ്യഘടകമാകുന്നു.

യുദ്ധകാണ്ഡാവസാനത്തിൽക്കാണുന്ന മംഗളവാചകവും ഫലശ്രുതിയും പോരിൻെറ അറുതികുറിക്കുന്ന നെടുവീർപ്പും, വിജയത്തിൻെറ നന്ദിചൊല്ലലും, രാമരാജ്യത്തിൻെറ വാഴ്ത്തലുമാകുന്നു.

**ന സുഖാത് ലഭതേ സുഖം**

നമുക്കിനി അയോദ്ധ്യാധിപൻെറ അടുക്കലേയ്ക്കു പോകാം. രാമൻ രാജ്യം വാഴ്കവേ അദ്ദേഹത്തെ അഭിനന്ദി

ക്കാൻ മാമുനിമാർ പലരും വന്നു. കൗശികൻ,യവക്രീതൻ, ഗാർഗ്യൻ, ഗാലവൻ, കണ്വൻ, അഗസ്ത്യൻ, നൃഷംഗു, കവഷൻ, ധൗമ്യൻ, വസിഷ്ഠൻ, കശ്യപൻ, അത്രി, വിശ്വാമിത്രൻ, ഗൗതമൻ, ഭരദ്വാജൻ, ഇങ്ങനെ അനേകം മാമുനിമാർ വന്നു രാമനെക്കണ്ടു് അഭിനന്ദിച്ചനുഗ്രഹിച്ചു. രാവണകുംഭകർണ്ണാദികളുടെ വധത്തേക്കാൾ ദുഷ്കരം സൗമിത്രി ചെയ്ത മേഘനാദവധമായിരുന്നുവെന്നവർ പറഞ്ഞപ്പോൾ, അച്ഛനേക്കാൾ മകനു് ബലം കൂടിയതെങ്ങനെ എന്നു് രാമൻ ചോദിച്ചു. അതിനുത്തരമായി അവർ രാക്ഷസവംശോല്പത്തിയും, ദേവാസുരയുദ്ധവും, രാവണാദികളുടെ ജന്മവും, അവരുടെ തപസ്സും വരപ്രാപ്തിയും, കുബേരനിഷ്കാസനവും, പുഷ്പകാപഹരണവും, ലങ്കാപഹരണവും, രാവണനേറ്റ ശാപങ്ങളും, അവൻെറ ദിഗ്‌വിജയവും, മേഘനാദൻെറ തപസ്സും യാഗാനുഷ്ഠാനവും, മേഘനാദൻെറ ഇന്ദ്രബന്ധനവും, ബ്രഹ്മാവു് മേഘനാദനു് വരമരുളി ഇന്ദ്രനെ മോചിപ്പിക്കുന്നതും, ഹനുമദുത്പത്തിയും മററുമെല്ലാം പറഞ്ഞു കേൾപ്പിച്ചു.

ശ്രീരാമൻ ജനകരാജനേയും യുധാജിത്തിനേയും കാശിരാജനേയും ദാനമാനങ്ങൾകൊണ്ടു് പൂജിച്ചു് യാത്രയയച്ചു. കുബേരൻെറ ആജ്ഞയനുസരിച്ചു് പുഷ്പകം തിരിച്ചു് രാമസമീപമെത്തി. കുബേരൻെറ അനുവാദത്തോടുകൂടി വന്നതാകകൊണ്ടു് ധർമ്മദോഷമൊന്നുമില്ലല്ലൊ എന്നു കരുതി രാമൻ പുഷ്പകത്തെ പൂജിച്ചു സ്വീകരിച്ചു. താൻ സ്മരിക്കുമ്പോൾ വന്നാൽ മതിയെന്നും പറഞ്ഞു് യഥേഷ്ടം പോകാൻ അനുമതി നൽകി. രാമൻ രാജ്യഭാരമേററിട്ടു് ഒരു മാസം കഴിഞ്ഞു. ഭരതൻ രാമരാജ്യമഹിമകളെ വർണ്ണിച്ചു. അന്നു് ആർക്കും രോഗബാധയില്ല; വൃദ്ധന്മാർകൂടി മരണമടഞ്ഞില്ല. സ്ത്രീകൾ ക്ലേശംകൂടാതെ പ്രസവിച്ചു. മനുഷ്യർ ബലിഷ്ഠന്മാരായിരുന്നു. ആളുകൾക്കൊക്കെ ആനന്ദം. യഥാകാലം മഴ പെയ്തിരുന്നു. കുളിർകാററു്

വീശിക്കൊണ്ടിരുന്നു. ഇതുപോലൊരു ഭരണം ഇതിന്നു മുമ്പുണ്ടായിട്ടില്ല.

രാമൻ പൂർവ്വാഹ്നത്തിൽ രാജ്യകാര്യങ്ങൾ നടത്തി; അപരാഹ്നത്തിൽ അന്തഃപുരത്തിലെത്തി സീതയുമായി വിഹരിച്ചു. സീത ഗർഭം ധരിച്ചു. സുരസുതോപമയായ സീതയോടു് രാമൻ പറഞ്ഞു: ''സീതേ, എനിക്കു നിന്നിൽ നിന്നും സന്താനസൗഭാഗ്യം അടുത്തിരിക്കുന്നു. സുന്ദരീ, നിനക്കെന്തിലാണാഗ്രഹമുള്ളതു് ?'' പുഞ്ചിരി പൊഴിച്ചു കൊണ്ടു് മതിമുഖി മൊഴിഞ്ഞു: ''ആര്യപുത്ര, കായ്കനികൾ മാത്രമാഹരിച്ചുകൊണ്ടു് ഗംഗാതീരത്തിൽ ഉഗ്രതപസ്സിലേർപ്പെട്ടു വാഴുന്ന മാമുനിമാരുടെ പുണ്യങ്ങളായ തപോവനങ്ങൾ കാണാനെനിക്കു് കൊതി തോന്നുന്നു. അവരുടെ തപോവനത്തിൽ ഒരു രാത്രിയെങ്കിലും കഴിച്ചാൽ കൊള്ളാമെന്നു് ഞാനാഗ്രഹിക്കുന്നു.'' ''അങ്ങനെതന്നെയാവട്ടെ. നാളെത്തന്നെ പോകാം. സംശയം വേണ്ട.'' എന്നിങ്ങനെ പ്രതിജ്ഞചെയ്തിട്ടു് രാമൻ സുഹൃത്തുക്കളുടെ അടുക്കലേയ്ക്കു പോയി.

ആസനസ്ഥനായ രാജാവിനെ ഹാസ്യകാരന്മാർ വന്നു സേവിച്ചു. വിജയൻ, മധുമത്തൻ, കാശ്യപൻ, മംഗളൻ, കുലൻ, സുരാജി, കാളിയൻ, ഭദ്രൻ, ദന്തവക്ത്രൻ, സുമാഗധൻ എന്നീ വിദൂഷകന്മാർ ഓരോരോ നേരമ്പോക്കു കഥകൾ പറഞ്ഞു. ഏതോ കഥ കേട്ടശേഷം രാമൻ ചോദിച്ചു: ''ഭദ്ര, പുരവാസികളും ഗ്രാമവാസികളും എന്നേയും സീതയേയും, ഭരതനേയും ലക്ഷ്മണനേയും ശത്രുഘ്നനേയും, കൈകേയിയേയും കുറിച്ചെന്തു പറയുന്നു ? കാട്ടിലും നാട്ടിലും ആളുകൾ രാജാവിനെക്കുറിച്ചു് നിരൂപണം ചെയ്യാറുണ്ടല്ലൊ.'' ഇതുകേട്ടു ഭദ്രൻ തൊഴുതുകൊണ്ടുണർത്തിച്ചു: ''പുരവാസികൾ അങ്ങയെ വാഴ്ത്തി പലതും പറയുന്നുണ്ടു്. രാവണവധത്തെ എല്ലാവരും പുകഴ്ത്തുന്നു.'' രാമൻ പിന്നെയും ചോദിച്ചു: ''എല്ലാം ഉള്ളതുപോലെ തുറന്നുപറയുക.

ഒന്നും പേടിക്കണ്ട. നല്ലതു സ്വീകരിക്കാം; അല്ലാത്തതു് ചെയ്യാതെ നോക്കാം. ശിഷ്ടന്മാരും ദുഷ്ടന്മാരും എന്തെന്തു പറയുന്നു ?'' ഇതു കേട്ട ഭദ്രൻ ജാഗ്രതയോടെ പറഞ്ഞു: 'മഹാരാജാവേ, കേട്ടാലും; നാൽവഴികളിലും അങ്ങാടി ത്തെരുവുകളിലും നാട്ടിലും തോട്ടങ്ങളിലും ആളുകൾ നല്ലതും ചീത്തയും പറയുന്നുണ്ടു്. ''ദേവന്മാക്കും ദാനവന്മാക്കും അ സാദ്ധ്യമായ സേതുബന്ധനം രാമൻ സാധിച്ചു. ദുജ്ജയനായ രാവണൻ രാമനാൽ കൊല്ലപ്പെട്ടു. ഋക്ഷന്മാരും വാനര ന്മാരും സ്വാധീനത്തിലാക്കപ്പെട്ടു. രാവണനെ കൊന്നു് സീതയെ വീണ്ടെടുത്തു. സീതയ്ക്കുപ്പെട്ട ദോഷത്തെ കണ ക്കാക്കാതെ അവളെ ഒരുമിച്ചുകൊണ്ടുവന്നു. രാവണൻ ബല മായി പിടിച്ചു മടിയിൽ വെച്ചുകൊണ്ടുപോയ സീതയുമാ യി രമിക്കുമ്പോൾ രാമനെന്തൊരു സുഖമാണു് കിട്ടുന്നതു്? പണ്ടു രാക്ഷസന്മാർ തട്ടിക്കൊണ്ടുപോയി ലങ്കയിൽ പാ പ്പിച്ചിരുന്ന സീതയെ രാമനെന്താണു തിരസ്കരിക്കാത്തതു്? നമ്മുടെ ഭായ്യമാരും വഴിതെററി നടന്നാൽ നമുക്കുമതു പൊ റുക്കുകയേ നിവൃത്തിയുള്ളു. രാജാവു ചെയ്യുന്നതിനെയാണ ല്ലൊ പ്രജകളും അനുകരിക്കുന്നതു്.'' ഹേ രാജൻ, ഇങ്ങനെ നാട്ടിലും നഗരത്തിലും ആളുകൾ പലതും പറയുന്നു.'

ഇതു കേട്ടു് ദുഃഖിതനായ രാമൻ, ഭദ്രൻ പറഞ്ഞതു ശരിതന്നെയോ എന്നു മററുള്ളവരോടും അന്വേഷിച്ചു. 'ശരിതന്നെ. സംശയമില്ല.' എന്നവരും മറുപടി നൽകി. ഇതു കേട്ട രാഘവൻ സുഹൃത്തുക്കളെയെല്ലാം പറഞ്ഞയച്ചു.

## സീതാനിഷ്കാസനം

അനന്തരം രാമൻ ദ്വാഃസ്ഥനെ വിളിച്ചു് അനുജന്മാരെ കൂട്ടിക്കൊണ്ടുവരാനാജ്ഞാപിച്ചു. അനുജന്മാർ വന്നു് കാല്ക്കൽ വീണു വണങ്ങി. രാമൻ അവരെ പിടിച്ചെ ഴുനേല്പിച്ചു തഴുകി. രാമൻെറ മുഖം ദീനം; ധാരധാരയായി കണ്ണുനീർ ഒഴുകിക്കൊണ്ടിരിക്കുന്നു. അനുജന്മാരെ ഇരുത്തി

യശേഷം രാമൻ പറഞ്ഞു: ''നിങ്ങളാണെന്റെ സർവ്വസ്വവും; എന്റെ പ്രാണനും നിങ്ങളാണ്. നിങ്ങൾ നേടിയ രാജ്യം ഞാൻ പാലിക്കുന്നു. നിങ്ങൾ ശാസ്ത്രാഭ്യാസം ചെയ്തിട്ടുള്ളവരും ബുദ്ധിമാന്മാരുമാകുന്നു. എനിക്കു വേണ്ടി നിങ്ങളെല്ലാവരുംകൂടി ഒരു കാര്യം ആലോചിക്കേണ്ടിയിരിക്കുന്നു.'' ജ്യേഷ്ഠനെന്താണാവോ അരുളാൻ പോകുന്നതെന്ന ഉദ്വേഗത്തോടെ അവർ കേൾക്കാൻ ശ്രദ്ധാലുക്കളായി.

രാമൻ തുടർന്നു പറഞ്ഞു: ''നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുവിൻ. സീതയെക്കുറിച്ചും എന്നെക്കുറിച്ചും ആളുകൾ എന്താണു പറയുന്നതെന്നു കേട്ടുകൊൾവിൻ. നാട്ടിലും നഗരത്തിലും ഞങ്ങളെക്കുറിച്ച് വലിയ അപവാദം പരന്നിരിക്കുന്നു. അതെന്റെ മർമ്മം പിളക്കുന്നു. മഹത്തായ ഇക്ഷ്വാകുകുലത്തിൽ പിറന്നവനാണ് ഞാൻ; സീതയോ, മഹത്തായ ജനകവംശത്തിലും. ലക്ഷ്മണാ, രാവണൻ സീതയെ അപഹരിച്ചതും, അവനെക്കൊന്നു സീതയെ നാം വീണ്ടുകൊണ്ടതും, ലോകബോദ്ധ്യത്തിനുവേണ്ടി സീതയെ അഗ്നിപ്രവേശം ചെയ്യിച്ചതും, ദേവന്മാരും മുനിമാരും അഗ്നിദേവനും സീത പരിശുദ്ധയാണെന്നു് പ്രഖ്യാപിച്ചതുമെല്ലാം നീ കണ്ടതാണല്ലൊ. സീത പരിശുദ്ധയാണെന്നു് എന്റെ മനസ്സാക്ഷിയും അറിഞ്ഞിരുന്നു. ഇതൊക്കെക്കഴിഞ്ഞാണ് ഞാൻ സീതയെ അയോദ്ധ്യയ്ക്കു കൊണ്ടുവന്നതു്. ഈ കൊടിയ പൗരാപവാദം എന്റെ നെഞ്ചിൽ തറയ്ക്കുന്നു. ദുഷ്കീർത്തി നേടിയവൻ നീചലോകങ്ങളെ പ്രാപിക്കുന്നു. ദേവന്മാരും അകീർത്തിയെ നിന്ദിക്കുന്നു. കീർത്തിയാണ് എങ്ങും ആദരിക്കപ്പെടുന്നതു്. മഹത്തുക്കളുടെയെല്ലാം പ്രയത്നം കീർത്തിയ്ക്കുവേണ്ടിയാണ്. അപവാദമകറ്റുന്നതിനു് ഞാൻ പ്രാണൻപോലും വെടിയും, നിങ്ങളെയും ഉപേക്ഷിക്കും. പിന്നെ, വേണ്ടിവന്നാൽ സീതയെ വെടിയുമെന്നു പറയേണ്ടതുണ്ടോ? അതുകൊണ്ടു് ഞാൻ കദന

കടലിൽ വീണതായി നിങ്ങഠം കാണുന്നു. ഇതിനുമുമ്പു ണ്ടായ ദുഃഖങ്ങളൊന്നും ഇത്ര കഠിനമായിരുന്നില്ല. ലക്ഷ്മ ണാ, നീ നാളെക്കാലത്തു് സുമന്ത്രരെ വിളിച്ചു് തേരു വരുത്തി സീതയെ അതിൽക്കയററി നമ്മുടെ രാജ്യാതി ത്തിയ്ക്കപ്പുറം കൊണ്ടുവിടുക. ഗംഗയുടെ മറുകരെ, തമസാതീ രത്തിൽ വാല്മീകിമഹഷിയുടെ ആശ്രമമുണ്ടു്. സീതയെ ആ വിജനപ്രദേശത്തു കൊണ്ടാക്കിയിട്ടു്, ലക്ഷ്മണാ, വേഗം മടങ്ങിവരുക. ഇക്കാര്യത്തിൽ ആരുമൊന്നും എന്നോടു് എതിരു പറയരുതു്. ലക്ഷ്മണാ, നീയതുകൊണ്ടു് പോയ്‌വ രുക. ഇതിൽ വേറൊന്നും ചിന്തിക്കാനില്ല. നീയെന്നെ തടഞ്ഞാൽ എനിക്കു് വലിയ അപ്രീതിയുണ്ടാകും. എൻെറ നിശ്ചയത്തിനെതിരായി നിങ്ങളാരെങ്കിലും എന്തെങ്കിലും ചെയ്യുയാണെങ്കിൽ, ഞാനെൻെറ ജീവിതത്തെ ആണയിട്ടു പറയുന്നു, അങ്ങനെ ചെയ്യുന്നയാഠം എൻെറ നിത്യശത്രു വായിത്തീരും. എൻെറ ആജ്ഞ അനുസരിക്കുന്നവരാണു നിങ്ങളെങ്കിൽ ഞാൻ നിശ്ചയിച്ചതുപോലെ നടത്തുവിൻ. സീതയെ ഇവിടെനിന്നും കൊണ്ടുപോവുക. ഞാൻ പറ യുന്നതു കേഠംക്കുവിൻ. ഗംഗാതീരം സന്ദശിക്കണമെന്നു് അവഠം ആഗ്രഹം പ്രകടിപ്പിച്ചു. അങ്ങനെയാവട്ടെ, എന്നു ഞാൻ പറയുകയും ചെയ്തിട്ടുണ്ടു്. അവളുടെ ആഗ്രഹവും സാധിക്കട്ടെ.'' ഇപ്രകാരമരുളി കണ്ണുനീർകൊണ്ടു കണ്ണു കാണാതെ അനുജന്മാരാൽ ചൂഴപ്പെട്ട രാമൻ വത്തിച്ചു.

നേരം വെളുത്തപ്പോഠം ദുഃഖിതനായ ലക്ഷ്മണൻ സുമന്ത്രരെ വിളിച്ചു തേരു തയ്യാറാക്കിക്കൊണ്ടുവരാനാജ്ഞാ പിച്ചു. സുമന്ത്രൻ അപ്രകാരം ചെയ്തു. യാത്രയ്ക്കു് തേരു തയ്യാ റായിരിക്കുന്ന വിവരം സൗമിത്രി സീതയെ ധരിപ്പിച്ചു. മുനിപത്നിമാക്കു് സമ്മാനിക്കാനായി വസ്ത്രങ്ങളും ആഭര ണങ്ങളും ധനങ്ങളും എടുത്തുകൊണ്ടു സീത യാത്ര പുറപ്പെട്ടു. അശുഭശകുനങ്ങഠം കണ്ടു് അസ്വസ്ഥയായ സീത, ആര്യ്യ പുത്രനും ശ്വശ്രുക്കഠംക്കും കുശലംതന്നെയല്ലേ, എന്നു ലക്ഷ്മണ

നോടന്വേഷിച്ചു. വരണ്ട നെഞ്ചോടെ, ഏവക്കും ശിവ മെന്നു് ലക്ഷ്മണൻ മറുപടിയും പറഞ്ഞു. അന്നുരാത്രി ഗോമ തീതീരത്തിലൊരാശ്രമത്തിൽ കഴിച്ചുകൂട്ടിയശേഷം പി റേറന്നു പ്രഭാതത്തിൽ പുറപ്പെട്ടു ഗംഗാതീരത്തിലെത്തി. ഗംഗ കണ്ടതും, ലക്ഷ്മണൻ പൊട്ടിക്കരഞ്ഞു. കാരണം മന സ്സിലാകാതെ സീത ചോദിച്ചു: ''ലക്ഷ്മണാ, എന്താണു നീ കരയുന്നതു്? ചിരാഭിലഷിതമായ ജാഹ്നവീദശ്നം എനിക്കു് ഹഷകാലമാകുന്നു. നീയെന്താണിങ്ങനെ എന്നെ വ്യസനിപ്പിക്കുന്നതു്? രണ്ടുനാം രാമനെ പിരി ഞ്ഞതുകൊണ്ടുള്ള ശോകമോ വിലാപത്തിനു കാരണം? എനിക്കാണെങ്കിൽ രാമൻ ജീവിതത്തേക്കാം പ്രിയ നാണു്. ആ ഞാൻകൂടി ഇങ്ങനെ കരയുന്നില്ലല്ലൊ. നീയി ങ്ങനെ കുട്ടികളെപ്പോലെ കരയരുതു്. നമുക്കു് ഗംഗ കടക്കാം. മുനിമാരെ കണ്ടു വന്ദിച്ചു് വസ്ത്രാദികാം സമ്മാ നിച്ചു് ഒരു രാത്രി അവിടെ വസിച്ചു തിരിച്ചു് അയോ ദ്ധ്യയ്ക്കു മടങ്ങാം.'' ലക്ഷ്മണൻ കണ്ണുനീർ തുടച്ചു്, വഞ്ചി ക്കാരെ വിളിച്ചുവരുത്തി സീതയെ മറുകര കടത്തി. കണ്ണീ രിൽ മുങ്ങിയ മിഴികളോടെ, കൂപ്പിയ കൈയ്യുകളോടെ, ലക്ഷ്മ ണൻ സീതയോടുണത്തിച്ചു: ''എൻെറ നെഞ്ചിൽ നെടി യൊരു നാരായം തറച്ചിരിക്കുന്നു. ജ്യേഷ്ഠൻ എന്നെയി തിനു് നിയോഗിച്ചു് എന്നെ ലോകത്തിനു നിന്ദാപാത്ര മാക്കിയിരിക്കുന്നു. എനിക്കിപ്പോാം മരണമാണു് ശ്രേയ സ്കരമായിട്ടുള്ളതു്. ലോകവിഗഹിതമായ ഇത്തരം കൃത്യ ത്തിൽ ജ്യേഷ്ഠനെന്നെ നിയോഗിച്ചുവല്ലൊ! ദേവി, എ ന്നിൽ കനിഞ്ഞാലും; ഇവനിൽ ദോഷം നിനയ്ക്കരുതെ!'' എന്നിങ്ങനെ തൊഴുകൈയോടെ ലക്ഷ്മണൻ നിലംപതിച്ചു. പരിഭ്രാന്തയായ സീത, വ്യസനകാരണമെന്തുതന്നെയായാ ലും തന്നോടു പറയാൻ ആജ്ഞാപിച്ചു. സൗമിത്രി, നീറുന്ന നെഞ്ചോടും വഴിയുന്ന മിഴികളോടുംകൂടി, പൗരാപവാദഭീ തനായ രാമൻ സീതയെ കാട്ടിൽക്കൊണ്ടാക്കാൻ തന്നെയേ ല്പിച്ച സംഗതി കോംപ്പിച്ചു. വാല്മീകിമാമുനിയുടെ

ആശ്രമം സമീപത്താണെന്നും, മഹഷിയുടെ പാദച്ഛായയെ ആശ്രയിച്ച്, സദാ രാമനെത്തന്നെ നിനച്ച് പതിവ്രതാ ധമ്മം നിറവേററിയാൽ പരമശ്രേയസ്സ് സംഭവിക്കുമെന്നും ലക്ഷ്മണൻ പറഞ്ഞു.

ലക്ഷ്മണവാക്യം കേട്ട സീത നിസ്സംജ്ഞയായി നിലം പതിച്ചു. ഏറെനേരം കഴിഞ്ഞ് ബോധമാണ്ട മൈഥിലി ലക്ഷ്മണനോടായിപ്പറഞ്ഞു: ''ലക്ഷ്മണാ, എൻെറ ഈ ദേഹം തീ തിന്നാനായി മാത്രം ബ്രഹ്മാവ് നിമ്മിച്ചതാണ്. ഇക്കാണുന്നത് എൻെറ ദുഃഖമൂത്തിയാകുന്നു. പരിശുദ്ധയായ എനിക്കു് ഇവ്വിധം വന്നുചേരാൻ ഞാൻ പൂവ്വജന്മത്തിൽ എന്തുപാപമാണോ ചെയ്തിരിക്കുന്നതു്? ഞാനെൻെറ അഴലാരോടു പറയട്ടെ? രാമനെന്നെയെന്തുകാരണം കൊണ്ടു വെടിഞ്ഞു എന്നു മാമുനിമാർ ചോദിക്കുമ്പോ ഞാനെന്തുത്തരം പറയും ? ഭത്താവിൻെറ രാജവംശം പരിഹാസപാത്രമാവുമല്ലോ എന്നോത്തു മാത്രമാണു് ഞാനിപ്പോ ഗംഗയിൽച്ചാടി ചാവാത്തതു്. ലക്ഷ്മണാ, നീ രാജാജ്ഞയനുസരിച്ചു പ്രവത്തിക്കുക. ദുഃഖിക്കാനായ്പിറന്നയെന്നെ ഉപേക്ഷിച്ചു പൊയ്ക്കൊകു. ശ്വശ്രുക്കളെല്ലാവരോടും എൻെറ കുശലാന്വേഷണമറിയിക്കുക. രാജാവിൻെറ ചരണങ്ങളിൽ നമിച്ച് തൊഴുകൈയോടെ ഞാനറിയിക്കുന്നതായിപ്പറയുക: 'സീത ശുദ്ധയും അങ്ങയിൽ പരമഭക്തയുമാണെന്നു് അവിടേക്കു് അറിവുള്ളതാണല്ലൊ. അയശോഭീരുവായ അവിടുന്നെന്നെ വെടിഞ്ഞു. അവിടേക്കു വന്നുചേരുന്ന അപവാദം ഞാൻ പരിഹരിക്കേണ്ടതുമാണല്ലൊ. അവിടുന്നാണല്ലൊ എൻെറ പരമഗതി. അങ്ങു ധമ്മം തെററാതെ വത്തിക്കേണ്ടതാകുന്നു. അതുമൂലം നിസ്തുലകീത്തിയുണ്ടാകും. പൗരാപവാദംകൊണ്ടുള്ള വേദനയോളം എനിക്കു് ശരീരത്തെക്കുറിച്ചിപ്പോ വേദന തോന്നുന്നില്ല. ഭത്താവാണു് സ്ത്രീക്കു് ദേവതയും ബന്ധുവും ഗുരുവും. അതിനാൽ ഭർത്തൃകാര്യം പ്രാണനേക്കാ

പ്രിയതരമാകുന്നു.' ഇപ്രകാരം എൻെറ വാക്കുകൾ രാമനെ അറിയിച്ചാലും. ലക്ഷ്മണാ, നോക്കു, ഞാനിപ്പോൾ ഗർഭിണിയാണെന്നതിന് സാക്ഷ്യം വഹിച്ചുകൊണ്ടു പോയാലും.'' ലക്ഷ്മണൻ കരഞ്ഞുകൊണ്ടു സീതയെ വലംവെച്ചു കൊണ്ടു ചോദിച്ചു: 'ശോഭനെ, അവിടുത്തെ രൂപം ഞാനിതുവരെയും കണ്ടിട്ടില്ല; പാദങ്ങൾമാത്രം കണ്ടിട്ടുണ്ട്. രാമൻ കൂടെയില്ലാത്ത ഈ സന്ദർഭത്തിൽ ഞാൻ ഭവതിയെ എങ്ങനെ കാണും ?' ഇത്രയും പറഞ്ഞു് നമസ്കരിച്ച് ലക്ഷ്മണൻ വഞ്ചിയിൽക്കയറി യാത്രതിരിച്ചു. അനാഥയായ സീത ഉറക്കെക്കരഞ്ഞു.

മുനികുമാരന്മാർ പറഞ്ഞറിഞ്ഞു് വാല്മീകി മഹർഷി വന്നു് സീതയെ സ്വാഗതംചെയ്തു കൂട്ടിക്കൊണ്ടു പോയി താപസികളുടെ കൂട്ടത്തിൽ താമസിപ്പിച്ചു.

മറുകരയിൽനിന്നും സീതയുടെ ആശ്രമപ്രവേശം കണ്ട ലക്ഷ്മണനും സുമന്ത്രരും, ദൈവേച്ഛയുടെ മുമ്പിൽ കീഴ്വഴങ്ങുകയല്ലാതെ ഗത്യന്തരമില്ലെന്നു തങ്ങളിൽ പറഞ്ഞു സമാധാനിച്ചുകൊണ്ടു് അയോദ്ധ്യയ്ക്കു മടങ്ങി. വഴിക്കു് സുമന്ത്രർ ഒരു പൂർവ്വകഥ പറഞ്ഞു. പണ്ടു് ദശരഥനൊരുനാൾ ദുർവ്വാസാവിനോടു് തൻെറ വംശഭാവിയെക്കുറിച്ചു ചോദിക്കുകയുണ്ടായി. അപ്പോൾ മഹർഷി പറഞ്ഞതാവിതു്: ''പണ്ടു ദേവന്മാരാൽ പോരിൽ പരാജിതരാക്കപ്പെട്ട അസുരന്മാർ ഭൃഗുപത്നിയെ ശരണംപ്രാപിച്ചു. മുനിപത്നി അവർക്കഭയം നൽകി. ഇതുകണ്ടു കുപിതനായ വിഷ്ണു ചക്രംകൊണ്ടു് ഭൃഗുപത്നിയുടെ ശിരസ്സറുത്തു. സ്വപത്നിയെ വിഷ്ണു വധിച്ചതിൽ അമർഷമാണ്ട ഭൃഗു, വിഷ്ണുവിനെ, മനുഷ്യനായി ജനിക്കാനിട വരട്ടെ, എന്നും, ഏറെനാൾ പത്നീവിയോഗം സംഭവിക്കട്ടെ, എന്നും ശപിച്ചു. ലോകമംഗളത്തിനായി വിഷ്ണുഭഗവാൻ ആ ശാപം സ്വീകരിച്ചു. ആ ഭഗവാനാണിപ്പോൾ അങ്ങയുടെ പുത്രനായി പിറന്നി

രിക്കുന്നതു്.'' അതുകൊണ്ടു് ഇതെല്ലാം അപരിഹാര്യമാണെന്നും സഹിക്കേണ്ടതാണെന്നും സുമന്ത്രരുപദേശിച്ചു.

ലക്ഷ്മണൻ മടങ്ങിയെത്തി ദീനനായ്വാഴുന്ന രാമൻെറ കാലിണ വണങ്ങി. ലക്ഷ്മണൻ ജ്യേഷ്ഠനെ സമാധാനിപ്പിച്ചു: ''ഒന്നിച്ചുകൂടിയവയെല്ലാം നാശമടയും; ഉയൎന്നുപോയതൊക്കെ തകൎന്നുവീഴും; കൂട്ടമൊക്കെ വേർപെടും; ജീവിതം മരണത്തിൽ കലാശിക്കും.

* തസ്മാത് പുത്രേഷു ദാരേഷു മിത്രേഷു ച ധനേഷു ച,
നാതിപ്രസംഗഃ കൎത്തവ്യോ വിപ്രയോഗോ ഹി തൈർധ്രുവം.

അതിനാൽ മക്കളിലും ഭാര്യയിലും മിത്രങ്ങളിലും ധനങ്ങളിലും അത്യാസക്തി പാടുള്ളതല്ല. അവരുമായി വേർപിരിയുമെന്നുള്ളതു് തീച്ചയാണു്.'' രാമൻ അല്പം ആശ്വസ്തനായി.

## ധൎമ്മസങ്കടം

രാമനേപ്പെട്ട ധൎമ്മസങ്കടത്തിൽ ഒരു മനുഷ്യനു് അവലംബിക്കാവുന്ന മൂന്നു മാൎഗ്ഗങ്ങളുണ്ടു്. ഒന്നു്, അപവാദത്തെ വകവെയ്ക്കാതെ രാജ്യഭാരം തുടൎന്നുകൊണ്ടുപോവുക. സീത ശുദ്ധയാണെന്നു് ഒരിക്കൽ ലോകസമക്ഷം തെളിയിച്ചിട്ടുണ്ടു്. ശുദ്ധയാണെന്നു് തനിക്കു് പൂൎണ്ണബോദ്ധ്യവുമുണ്ടു്. അതിനാൽ അറിവില്ലാത്തവരുടെ പാഴ്പുലമ്പലിനൊക്കെ ഒപ്പിച്ചു് താൻ തുള്ളാൻ നില്ക്കുയോ? വേണ്ടാ. അതുകൊണ്ടു് അക്ഷോഭ്യനായി കാര്യങ്ങൾ നടത്തിക്കൊണ്ടു പോകാം. പക്ഷേ ഒരു കുഴപ്പം. രാമനൊരു വെറും വ്യക്തി മാത്രമാണെങ്കിൽ ആ നില സ്വീകരിക്കാം. സ്വയം സ്വധൎമ്മം ആചരിച്ചു് സ്വപ്രജകളെ സ്വധൎമ്മത്തിൽ പ്രവൎത്തിപ്പിക്കുന്നതിനു് ശപഥബദ്ധനായ ഒരു പ്രജാപാലകനു് പ്രജാഹിതം അഗണ്യമാക്കാൻ നിവൃത്തിയില്ല. അപവാദശബ്ദം പുറപ്പെട്ട നിമിഷം

* ഉത്തരകാണ്ഡം, 52 – 12.

അതിന്നു പരിഹാരം ചെയ്യാതിരുന്നെങ്കിൽ അതു് വളരെ വേഗം വദ്ധിക്കാനിടയുണ്ടു്. തിന്മയുടെയെല്ലാം സ്വഭാവമാണതു്. അതിനാൽ ജനവാദത്തിന്നു നേരേ കണ്ണടയ്ക്കുന്നതു് ഉചിതമായിരിക്കയില്ല.

പിന്നൊന്നു ചെയ്യാമായിരുന്നതു്, പരിശുദ്ധയായ പ്രിയതമയെ ഉപേക്ഷിക്കുന്നതിന്നു പകരം രാജ്യം ഉപേക്ഷിക്കുകയാണു്. പക്ഷേ, അതു്, സ്വാത്ഥത്തിന്നുവേണ്ടി ചെയ്യുന്ന സ്വധമ്മത്യാഗമായിത്തീരും. വിൻസർ പ്രഭു അങ്ങനെ ചെയ്തു. പക്ഷേ, അതാരും ആദരണീയമോ അനുകരണീയമോ ആയ ഒരു ത്യാഗമായി കണക്കാക്കുന്നില്ല. രാമനതുവിധം ചെയ്തിരുന്നെങ്കിൽ നമുക്കിന്നു് രാമൻെറ പേരുപോലും കേൾക്കാനിടയാകുമായിരുന്നില്ല.

അപ്പോൾപിന്നെ ബാക്കിയുള്ള ഒരേ ഒരു വഴി സീതാപരിത്യാഗമാണു്. അതുമൂലം രാമൻ സീതയെ ശിക്ഷിക്കുകയല്ല ചെയ്തതു്; പിന്നെയോ, തന്നെത്താൻ ശിക്ഷിക്കുകയാണുണ്ടായതു്. ഒരു പതിവ്രതാരത്നത്തിൻെറ സാന്നിദ്ധ്യത്തിൽനിന്നും തന്നെ ദൂരെയാക്കുകയാണു ചെയ്തതു്. തന്മൂലം സീതയേക്കാൾ കൂടുതൽ വേദന രാമൻ തിന്നുകയാണുണ്ടായതും. സീതയെ രാമൻ ഒരുകാലവും സ്വഹൃദയത്തിൽനിന്നും നിഷ്കാസനം ചെയ്കയുണ്ടായില്ല. രാജാവായ തൻെറ സ്വധമ്മനിവ്വഹണത്തിനു്, വ്യക്തിഗതജീവിതം വിലങ്ങായി വന്നപ്പോൾ സ്വസുഖം വെടിഞ്ഞു സ്വധമ്മത്തെ നിലനിത്തുകയാണു് രാമൻ ചെയ്തതു്. ധമ്മവും ഭോഗവും തമ്മിൽ വൈരുദ്ധ്യം വന്നപ്പോൾ രാമൻ ധമ്മത്തെ വരിച്ചു; ഭോഗത്തെ ത്യജിച്ചു. അതാണു് രാമനെ രാമനാക്കുന്നതു്; രാമായണത്തെ ധമ്മശാസ്ത്രമാക്കുന്നതു്.

## ഭത്താവിൻെറ അധികാരം എത്രമാത്രം ?

ഇതിൻെറ വേറൊരുവശംകൂടി അല്പമൊന്നാലോചിക്കാം. ഒരു പുരുഷനു് തൻെറ ഭാര്യയെ ഉപേക്ഷിക്കാമോ ?

പുരുഷനു് സ്ത്രീയുടെ മേൽ എന്തുമാത്രം അധികാരമുണ്ടു് ? സ്ത്രീ എന്തുമാത്രം പുരുഷനു വിധേയയാണു് ?

ദ്യൂതപരാജിതനായ യുധിഷ്ഠിരൻ പാഞ്ചാലിയെ പണയംവെച്ചു. ദുര്യോധനാജ്ഞയനുസരിച്ചു് പ്രാതികാമി ചെന്നു് പാഞ്ചാലിയോടു് കുരുസഭയിൽ ഹാജരാകാനാവശ്യപ്പെട്ടു. പരിഭ്രാന്തയായ പാഞ്ചാലി, തൻെറ ഭർത്താവിനു പണയംവെയ്ക്കാൻ വേറൊന്നുമില്ലായിരുന്നോ എന്നന്വേഷിച്ചു. എല്ലാം പണയംവെച്ചു് അനുജന്മാരേയും തന്നെയും പണയപ്പെടുത്തിയശേഷമാണു് പാഞ്ചാലിയെ പണയംവെച്ചതെന്നവൻ പറഞ്ഞപ്പോൾ അവൾ ഒരു പ്രശ്നമുന്നയിച്ചു, 'ധർമ്മപുത്രൻ പരകീയനായ ശേഷമോ അതിനു മുമ്പോ തന്നെ പണയംവെച്ചതു് ?' എന്നു്. സ്വയം പരവശനായ ഒരുവനു് സ്വതന്ത്രയായ ഒരു വ്യക്തിയെ അന്യാധീനപ്പെടുത്താൻ അവകാശമുണ്ടോ? പാഞ്ചാലി ആ ചോദ്യം കുരുവൃദ്ധന്മാരോടു ചോദിച്ചു, താൻ അസ്വതന്ത്രയോ സ്വതന്ത്രയോ എന്നു്. ഭീഷ്മാദികൾപോലും അതിനു ശരിയായ ഒരുത്തരം പറഞ്ഞില്ല. ധർമ്മവിഗ്രഹനായ യുധിഷ്ഠിരൻ ധർമ്മത്തിനു വിപരീതം ഒരുകാലവും ചെയ്കയില്ല; ഭാര്യയെ യഥേഷ്ടം വിനിയോഗിക്കാൻ ഭർത്താവിനുള്ള അവകാശം പരാധീനനായാലും ഇല്ലാതാകുന്നില്ല, എന്ന നിഗമനത്തിലാണവരെത്തിച്ചേർന്നതു്. പാഞ്ചാലി പ്രതിഷേധത്തോടെയെങ്കിലും അതംഗീകരിക്കുകയും ചെയ്യുന്നു. നിഷ്ക്രയംകൊണ്ടും പരിത്യാഗംകൊണ്ടും സ്ത്രീ ഭർത്താവിൽനിന്നും സ്വതന്ത്രയാകുന്നില്ല എന്നു് മനുവും പറയുന്നു.

* കാമകാരോ മഹാപ്രാജ്ഞ ഗുരൂണാം സർവ്വദാനഘ,
ഉപപന്നേഷു ദാരേഷു പുത്രേഷു ച വിധീയതേ.

'ഗുരുക്കന്മാർക്കു് ഭാര്യയെയും മക്കളെയും യഥേഷ്ടം ഉപയോഗിക്കാം,' എന്നിവിടെ രാമൻ ഭരതനോടു പറയുന്നതും കാണാം. ഈ നിലയ്ക്കു് അക്കാലത്തെ നിയമമനു

---

* അയോദ്ധ്യാകാണ്ഡം 10 – 18.

സരിച്ച് ഭാൎയ്യയെ ഉപേക്ഷിക്കാൻ ഭൎത്താവിനവകാശമുണ്ടായിരുന്നു എന്നുവരുന്നു. സ്ത്രീ ഈ നിയമം സ്വീകരിച്ചുമിരുന്നു എന്നുള്ളതു്, സീത പ്രതിഷേധമൊന്നും കൂടാതെ ഈ പരിത്യാഗം സ്വീകരിക്കുന്നതിൽനിന്നും വ്യക്തമാകുന്നു. മാത്രമല്ല, താൻനിമിത്തം നൃപതിയ്ക്കേറ്റ്പ്പെട്ട കളങ്കം തൻെറ ത്യാഗംകൊണ്ടു നീക്കുന്നതു യുക്തംതന്നെയാണെന്നു കൂടി ആ മഹതി അംഗീകരിക്കുന്നുണ്ടു്.

ഇരുപതാംനൂററാണ്ടിലെ ആശയങ്ങളും നിയമങ്ങളും വെച്ചുകൊണ്ടു് രാമായണകാലത്തെ സംഭവങ്ങളെ നിരൂപണം ചെയ്യുന്നതു് ശരിയാവുകയില്ല. രാമൻെറ നിലയിൽനിന്നും സീതാപരിത്യാഗം അപരിഹാൎയ്യമായിരുന്നു. അതാണു രാമനതിൽ ആരുടെയും അഭിപ്രായം ആരായാതിരുന്നതും. വാല്മീകിയുടെ സീത അതിൽ പരിഭവമൊന്നും പറയുന്നതുമില്ല. ഇതിനു് രാമനോടു് പരിഭവവും പരാതിയുമെല്ലാം മററുള്ളവൎക്കാണു്. ഇല്ല, ത്യാഗമില്ലാതെ മഹത്വമില്ല. ആത്മത്യാഗത്തേക്കാൾ ദുഷ്കരമായ ത്യാഗമനുഷ്ഠിച്ചു് രാമൻ അനശ്വരകീൎത്തി നേടിയിരിക്കുന്നു.

**രാമപുത്രന്മാർ**

രാമൻ രാജ്യകാൎയ്യങ്ങൾ വേണ്ടപോലെ നോക്കിനടത്തി. പരാതിയുംകൊണ്ടെത്തിയ ശുനകനുപോലും നീതി ചെയ്തുകൊടുത്തു. മാമുനിമാർ പലരും വന്നുകണ്ടു രാമനെ വാഴ്ത്തി. യമുനാതീരവാസികളായ മഹൎഷിമാർ വന്നു്, അവൎക്കു ലവണാസുരനിൽനിന്നും ഏല്പ്പെട്ട പീഡകളെപ്പററി പറഞ്ഞുകേൾപ്പിച്ചു. രാമൻ അവരെ സമാധാനിപ്പിച്ചു. ലവണാസുരനിഗ്രഹത്തിനു് തന്നെ അനുവദിക്കണമെന്നു് ശത്രുഘ്നൻ അപേക്ഷിച്ചു. രാമൻ സമ്മതം നൽകി. ലവണവധം കഴിഞ്ഞു് മധുരയിൽ രാജാവായി വാഴാനും ശത്രുഘ്നനെ നിയോഗിച്ചു.

ലവണാസുരവധത്തിനായി ശത്രുഘ്നൻ പോകുംവഴി വാല്മീകിയുടെ ആശ്രമത്തിലെത്തി. അന്നുരാത്രി സീത

ഇരട്ടപെററു. മൂത്ത കുട്ടിക്കു് കുശനെന്നും ഇളയവന്നു് ലവനെന്നും മാമുനി നാമകരണം ചെയ്തു. ശത്രുഘ്നൻ വിവരമറിഞ്ഞു സന്തുഷ്ടനായി. ശത്രുഘ്നൻ മധുപുരിയിലെത്തി ലവണനെക്കൊന്നു. പന്ത്രണ്ടു സംവത്സരം വഴിയാംവണ്ണം മധുരയെ പാലിച്ചശേഷം ശത്രുഘ്നൻ തിരിച്ചു രാമസമീപമെത്തി. ഏഴുനാൾ സോദരന്മാരുമൊരുമിച്ചു് സസുഖം വാണശേഷം രാമൻെറ നിർദ്ദേശമനുസരിച്ചു് അദ്ദേഹം മധുരയ്ക്കു മടങ്ങിപ്പോയി.

## വർണ്ണാശ്രമവ്യവസ്ഥിതിയിൽ ശൂദ്രൻെറ സ്ഥാനം

അങ്ങനെയിരിക്കെ ഒരു ബ്രാഹ്മണൻ തൻെറ മൃതപുത്രനെയുംകൊണ്ടു് രാമൻെറ അടുക്കൽവന്നു പരാതി പറഞ്ഞു. അനധികാരിയായ ശൂദ്രൻ തപസ്സു ചെയ്യുന്നതുകൊണ്ടുള്ള ദോഷത്താലാണു് ബാലമരണം ഏർപ്പെട്ടതു് എന്നു നാരദമഹർഷി പറഞ്ഞു. രാമനുടനെ പുഷ്പകം വരുത്തി അതിലേറി നാനാദിക്കുകളിലും തിരഞ്ഞു. ഒടുവിൽ തെക്കുദിക്കിൽ ഒരു സരസ്സിൽ ഒരുവൻ തലകീഴായി അത്യുഗ്രതപസ്സിലേർപ്പെട്ടിരിക്കുന്നതു് കാണായി. രാമൻ താപസൻെറ അടുത്തുചെന്നു് അദ്ദേഹമാരാണെന്നന്വേഷിച്ചു. സശരീരനായി സ്വർഗ്ഗം പ്രാപിക്കണമെന്നുദ്ദേശിച്ചു് തപസ്സു ചെയ്യുന്ന ഒരു ശൂദ്രനാണു താനെന്നും, തൻെറ പേരു ശംബൂകൻ എന്നാണെന്നും താപസനറിയിച്ചു. രാമൻ വേഗം ഒരു വാളെടുത്തു താപസൻെറ തലയരിഞ്ഞു. ബ്രാഹ്മണൻെറ മൃതബാലൻ തൽക്ഷണം ജീവിച്ചു. അവിടെനിന്നും അഗസ്ത്യമഹർഷിയെച്ചെന്നു വന്ദിച്ചശേഷം രാമൻ അയോദ്ധ്യയ്ക്കു മടങ്ങി.

ഇന്നത്തെ ആശയങ്ങൾ വെച്ചുകൊണ്ടു നോക്കിയാൽ നീതീകരിക്കാൻ തീരെ നിർവ്വാഹമില്ലാത്ത ഒരു പ്രവൃത്തിയാണിതു്. പൗരാണികകാലങ്ങളിലെ സംഭവങ്ങളെ അന്നത്തെ നാട്ടുനടപ്പനുസരിച്ചു വേണമല്ലൊ വിമ

ശിക്കാൻ. വർണ്ണം കർമ്മകൃതമാണെന്നും ജന്മകൃതമല്ലെന്നും ശാസ്ത്രങ്ങളിൽ പലയിടങ്ങളിലും പറയുന്നുണ്ടെങ്കിലും, ജാതിശ്രൈഷ്ഠ്യം കെട്ടിപിടിച്ച കാലത്തുള്ള ഗ്രന്ഥങ്ങളിൽ ഉയർന്ന ജാതിക്കാർ അവരുടെ അവകാശങ്ങളും അധികാരങ്ങളും അഭംഗുരം നിലനിർത്താൻ വേണ്ട കെട്ടുപാടുകൾ ഉണ്ടാക്കിവെച്ചിട്ടുള്ളതായിക്കാണാം. ശ്രീകൃഷ്ണന് ഭാരതത്തിൽ കൊടുത്തിരിക്കുന്ന വിശേഷണങ്ങളിൽ 'ബ്രഹ്മണ്യൻ' എന്നതാണ് അധികമായിക്കാണുന്നത്. സ്വാർത്ഥം നിലനിർത്താൻ സ്ഥാപിതതാല്പര്യക്കാർ എക്കാലവും ചെയ്യുന്ന ഒരേർപ്പാടാണിത്. ഈ കാണ്ഡം പ്രക്ഷിപ്തമാണെന്ന് വാദിക്കാൻ ഈവക സംഭവങ്ങളും കാരണമായിട്ടുണ്ടാകണം. ഇനി നമുക്ക്, അന്നത്തെ ചുററുപാടിൽ ഇതിനെ ഒന്നു മനസ്സിലാക്കാൻ നോക്കാം.

അക്കാലങ്ങളിൽ അരചൻ നിയമനിർമ്മാതാവും, ന്യായവിധായകനും, നീതിനിർവ്വാഹകനും ആയിരുന്നു എന്നതു നേരുതന്നെ; എങ്കിലും പൊതുജനസമ്മതിയില്ലാത്ത നിയമങ്ങൾ നിർമ്മിച്ചാൽ അവ നടപ്പിൽ വരുത്താൻ വിഷമമായിരിക്കും.

അവതാരപുരുഷന്മാർപോലും കാലഗതിക്ക് അധീനന്മാരാണ്; ചുററുപാടുകളെ കവച്ചുവെച്ച് അവർക്കു പ്രവർത്തിക്കാനാവില്ല. അങ്ങനെ ചെയ്താൽ അഫ്ഗാനിസ്ഥാനിലെ അമാനുള്ളയ്ക്കും ഇൻഡ്യയിലെ മഹമ്മദ്ബിൻ ടുഗ്ലക്കിനും പററിയതുപോലുള്ള തെററുകൾ വന്നുകൂടും; ബലവാനാണെങ്കിൽ കാലാതിശായിയായ കാര്യങ്ങൾ നടപ്പിൽ വരുത്താൻ സമർത്ഥനായെന്നു വന്നേയ്ക്കാം: പക്ഷെ അതു്, ആധുനികവിപ്ലവകാരികൾ സ്വീകരിച്ചതുമാതിരി രക്തതൃഷിതമായ വഴിക്കുകൂടി വേണ്ടിവരും.

പ്രജകൾക്ക് പീഡയേല്പ്പെടുന്നതു് രാജാവിൻെറ ദോഷംകൊണ്ടാണെന്ന് വിശ്വസിക്കുന്ന കാലമായിരുന്നു അതു്. ഈ അടുത്ത കാലംവരെ തൊട്ടുകൂടായ്മയും കണ്ടുകൂടാ

സ്ഥയും സ്വാഭാവികമാണെന്നും ശരിയാണെന്നും സമുദായം വിശ്വസിച്ചുപോന്നിരുന്നുവല്ലൊ. അതതു കാലങ്ങളിലെ സമുദായമര്യാദകൾക്കു് അധീനരാണു് മനുഷ്യർ.

ബ്രാഹ്മണൻെറ വരുതിയിൽ വർത്തിക്കുന്ന ക്ഷത്രിയൻ, വർണ്ണങ്ങൾ ധർമ്മാതിക്രമം ചെയ്യാതിരിക്കാൻ ചെയ്ത ഒരു ഹിംസയാണിതു്. ബാലിവധത്തെക്കുറിച്ചുണ്ടായ മാതിരി ഒച്ചപ്പാടൊന്നും ഇതിനെക്കുറിച്ചാരും ഉണ്ടാക്കാതിരുന്നതെന്തുകൊണ്ടു്? വാനരവധത്തോളം പോലും ശൂദ്രവധം ശ്രദ്ധാർഹമല്ലെന്നോ? ഇതിനു് എന്തെങ്കിലും വിശദീകരണം വേണമെന്നു് മാമുനിമാർക്കോ, രാമനോ, വാല്മീകിക്കോ തോന്നിയതേ ഇല്ല. ആര്യന്മാരുടെ വർണ്ണാശ്രമവ്യവസ്ഥയിൽ ശൂദ്രനു് എത്രയും നിസ്സാരമായ സ്ഥാനമായിരുന്നു ഉണ്ടായിരുന്നതു് എന്നാണിതു കാണിക്കുന്നതു്. രാമൻ സാഹചര്യങ്ങളുടെ ഒരു ഉപകരണമായി അന്നത്തെ നാട്ടുനടപ്പനുസരിച്ചു് പ്രവർത്തിച്ചു എന്നേ ഇതിനു് സമാധാനം കാണുന്നുള്ളു.

ഈ ഘട്ടത്തിൽ വേറൊരു ചോദ്യത്തിനും ഉത്തരം കാണേണ്ടിയിരിക്കുന്നു. രാമൻ നാടുവിട്ടതിനുശേഷം ആറാം നാൾ അർദ്ധരാത്രിക്കു് ദശരഥൻ, താൻ അന്ധ്യൂഢനായിരിക്കും കാലം കാട്ടിൽ ഇരുട്ടിൽ ശബ്ദവേധിയായി നായാടിനടക്കുമ്പോൾ ചെയ്തുപോയ ഒരു ദുഷ്കൃതത്തെക്കുറിച്ചു് കൗസല്യയോടു പറയുന്നുണ്ടു്. കുടത്തിൽ വെള്ളം നിറയ്ക്കുന്ന ഒരു മുനികുമാരനെ, നീർകുടിക്കുന്ന കരിയെന്നു കരുതി അരചൻ അമ്പയച്ചു. ആർത്തനാദം കേട്ടടുത്തുചെന്നപ്പോൾ കണ്ടതു് ഒരു മുനികുമാരനെയാണു്. ദാഹിച്ചുവലയുന്ന താതമാതാക്കൾക്കുവേണ്ടി തണ്ണീരിനെത്തിയ താപസനായ തന്നെ ആരാണീ രാത്രിയിൽ അമ്പെയ്തതു് എന്നദ്ദേഹം വിലപിച്ചു. പരസ്പരം സംഗതികളൊക്കെ പറഞ്ഞശേഷം കുമാരൻ മന്നവനെ സമാധാനിപ്പിച്ചു:

* ബ്രഹ്മഹത്യാകൃതം താപം ഹൃദയാദപനീയതാം;
ന ദ്വിജാതിരഹം രാജൻ മാ ഭൂത് തേ മനസോ വ്യഥാ.
ശൂദ്രായാമസ്മി വൈശ്യേന ജാതോ നരവരാധിപ.

'ഹേ മഹാരാജൻ, ബ്രഹ്മഹത്യ ചെയ്തുവല്ലൊ, എന്ന താപം അങ്ങേയ്ക്കു വേണ്ട. ദ്വിജനല്ല ഞാൻ. എൻെറ അച്ഛനൊരു വൈശ്യനും അമ്മ ശൂദ്രസ്ത്രീയുമാകുന്നു.' 'ന ദ്വിജാതിരഹം' എന്നെടുത്തു പറയുന്നതിനാൽ, വൈശ്യപിതൃത്വം കൊണ്ടു് അർദ്ധദ്വിജത്വം അവകാശപ്പെടാം എന്ന വാദത്തെയും നിരാകരിക്കുന്നു; കുമാരൻ ശൂദ്രൻതന്നെയെന്നു സിദ്ധിക്കുകയും ചെയ്യുന്നു. ശൂദ്രബാലൻ അച്ഛനമ്മമാരേയും ശുശ്രൂഷിച്ചുകൊണ്ടു് കാട്ടിൽ പാൎക്കുകയായിരുന്നു, താപസനായിരുന്നില്ല എന്നു പറയാനും നിവൃത്തിയില്ല; കാരണം,

§ കഥമസ്മദ്‌വിധേ ശസ്ത്രം നിപതേച്ച തപസ്വിനി?

'തപസ്വിയായ എന്നെ എങ്ങനെ അമ്പെയ്യും?' എന്നു ചോദിക്കുന്നതുകൊണ്ടു്. അങ്ങനെ ദശരഥവിദ്ധനായ കുമാരൻ ശൂദ്രനാണെന്നും താപസനാണെന്നും വ്യക്തമായി. അപ്പോഴം, അച്ഛൻ ഭരിക്കുമ്പോഴം ശൂദ്രനു് തപസ്സാകാമെന്നും, മകൻ രാജാവായപ്പോഴം തപസ്സു ചെയ്യുന്ന ശൂദ്രൻ വധാൎഹനാകുമെന്നും വരുമോ, വരാമോ?

ദശരഥൻ നാടു വാണിരുന്നകാലത്തു് ഈ ശൂദ്രൻെറ തപസ്സുകൊണ്ടു് ആൎക്കുമൊരു ഉപദ്രവവും നേരിട്ടില്ല; ആൎക്കുമൊരു പരാതിയുമുണ്ടായിരുന്നില്ല. വൎണ്ണധൎമ്മം അതിക്രമിച്ചു് പ്രവൎത്തിക്കുന്നതുകൊണ്ടു് ഇതരവൎണ്ണങ്ങൾക്കു് ദ്രോഹമോ പീഡയോ ഏൎപ്പെട്ടാൽ മാത്രമേ ദണ്ഡധരനായ രാജാവു് അതിക്രമിക്കുന്നവനെ ശിക്ഷിക്കേണ്ടതുള്ളു. ദശരഥൻെറ മുമ്പിൽ അത്തരമൊരു പ്രശ്നം ഉദിച്ചില്ല. രാമനങ്ങനെയൊരു പരിതഃസ്ഥിതിയിൽ പെട്ടു; അന്നത്തെ നിയമമനുസരിച്ചു് അദ്ദേഹം നീതി നിൎവ്വഹിച്ചു, എന്നുവേണം കരുതാൻ.

---

* അയോദ്ധ്യാകാണ്ഡം, 63 – 50, 51.

§ അയോദ്ധ്യാകാണ്ഡം, 63 – 26,

ഇതേ ഇതിനൊരു ഉത്തരമുള്ളു. അല്ലാത്തപക്ഷം ഉത്തരകാണ്ഡത്തിലെ ശൂദ്രമുനിവധകഥ പ്രക്ഷിപ്തമാണെന്നു സ്വീകരിക്കേണ്ടിവരും.

ഇവിടെ ചിന്തിക്കേണ്ട വേറൊരു സംഗതികൂടിയുണ്ടു്. വനവാസത്തിന്നു പുറപ്പെട്ട രാമാദികരം ആദ്യത്തെ രാത്രി ഗംഗാതീരത്തിൽ ശൃംഗവേരപുരത്തിന്നു സമീപമാണു പാത്തതു്.

* തത്ര രാജാ ഗുഹോ നാമ രാമസ്യാത്മസമഃ സഖാ;
നിഷാദജാത്യോ ബലവാൻ സ്ഥപതിശ്ചേതി വിശ്രുതഃ.

'അവിടെ നിഷാദജാതിയിൽപെട്ടവനും, ഗുഹനെന്നും സ്ഥപതിയെന്നും പേരാണ്ടവനും രാമന്റെ ആത്മമിത്രവുമായ' ഗുഹൻ രാമനെ സ്വാഗതം ചെയ്തു. രാവണവധം കഴിഞ്ഞു് സീതയേയും വീണ്ടുകൊണ്ടു് അയോദ്ധ്യയ്ക്കു മടങ്ങുംവഴി ഭരദ്വാജസത്കാരം സ്വീകരിക്കാൻ തീച്ച്യാക്കിയ രാമൻ, ഹനുമാനെ വിളിച്ചു്, താൻ വരുന്ന വിവരം വേഗം ചെന്നു് ഭരതനെ അറിയിക്കണമെന്നും, പോകുംവഴി, ശൃംഗവേരപുരത്തിലിറങ്ങി ഗുഹനോടു് തന്റെ കുശലമറിയിക്കണമെന്നും, അതു കേട്ടാൽ,

§ 'ഭവിഷ്യതി ഗുഹഃ പ്രീതഃ സ മമാത്മസമഃ സഖാ.'

തന്റെ ആത്മസമസഖാവായ ഗുഹൻ പ്രീതനാകുമെന്നും പറയുകയുണ്ടായി. ഹനുമാൻ ഗുഹനെ വൃത്താന്തമറിയിക്കുകയും ചെയ്തു. ഭരതശത്രുഘ്നന്മാരും രാമനെ കൂട്ടിക്കൊണ്ടുവരാൻ പോകുമ്പോരം ഗുഹന്റെ രാമസ്നേഹവും ആതിഥ്യവും കണ്ടറിഞ്ഞിട്ടുണ്ടു്.

ഈ ആത്മമിത്രത്തെ പട്ടാഭിഷേകസമയത്തു് അയോദ്ധ്യയിൽ കാണുന്നില്ല. രാമൻ നടത്തിയ അശ്വമേധത്തിനും ഗുഹനെ ക്ഷണിച്ചതായി പറയുന്നില്ല. ക്ഷണിക്കാൻ വിട്ടുപോയതാവാൻ തരമില്ല. താൻ മടങ്ങിവരുന്ന വിവരം അറിയിക്കാൻ രാമൻ മറന്നില്ല. കാട്ടിലേയ്ക്കു പോകുമ്പോരം

---

* അയോദ്ധ്യാകാണ്ഡം, 50 – 33. § യുദ്ധകാണ്ഡം, 125 – 5.

ആദ്യം കണ്ട മിത്രത്തെ മറക്കാനിടയില്ല. രാത്രിമുഴുവൻ ഉറക്കമിളച്ച് ലക്ഷ്മണനോടൊപ്പം രാമനു കാവൽനിന്ന സുഹൃത്തിനെ വിസ്മരിക്കാൻ വഴിയില്ല. ഗുഹൻെറ രാമഭക്തി അറിവുള്ള ഭരതാദികളും ഓർമ്മിക്കാതിരിക്കയില്ല. പിന്നെയെന്തുകൊണ്ട് രാമൻെറ ആത്മമിത്രം അഭിഷേകത്തിനു ക്ഷണിക്കപ്പെട്ടില്ല ?

രാമൻ ഒരു ക്ഷത്രിയൻ; ഇപ്പോഠം നാടുവാഴിയാവാൻ തുടങ്ങുന്നു. ഗുഹനോ, ഒരു നിഷാദൻ. വ്യക്തിപരമായി രാമൻ ഗുഹനെ ആത്മസമം സ്നേഹിക്കുന്നുവെന്നതും സ്വീകരിക്കണം. എന്തെന്നാൽ രാമൻ അതിശയോക്തി പറയുന്ന സ്വഭാവക്കാരനല്ല. എന്നാൽ അയോദ്ധ്യയിൽ, രാജധാനിയിൽ, സ്വജനങ്ങളുടെയും, അന്തഃപുരസ്ത്രീകളുടെയും ഇടയ്ക്ക് ഒരു നിഷാദനെ കൊണ്ടുവന്നാൽ പരാതിയും പ്രതിഷേധവും ഉണ്ടായെന്നുവരും. അതിനിടകൊടുക്കാതിരിക്കാനാവണം ഗുഹനെ വിളിക്കാതിരുന്നതു്.

അങ്ങനെയാണെങ്കിൽ, രാക്ഷസന്മാരെയും വാനരന്മാരെയും സത്കരിച്ചതോ ? അവർ പരദേശികളാണ്. വാനരന്മാർ നരവേഷം ധരിച്ചാണ് അഭിഷേകത്തിൽ പങ്കുകൊണ്ടതും. നാം ഈ അടുത്തകാലംവരെ നാട്ടുകാരെ ആട്ടിയോടിക്കുകയും, വെള്ളക്കാരെ കൈയ് കുലുക്കി സ്വീകരിക്കുകയും ചെയ്തിരുന്നുവല്ലൊ. ഗുഹൻ സമീപരാജ്യവർത്തി, വനവാസി, നിഷാദജാതീയൻ. വാനരന്മാരും രാക്ഷസന്മാരും വിദേശികഠം, ചാതുർവ്വർണ്യത്തിൽ പെടാത്തവർ. അതുകൊണ്ടവരെ വർണ്ണനിയമങ്ങഠം ബാധിക്കുകയില്ല. ഗുഹൻ രാമനു് ആത്മമിത്രമെങ്കിലും, അയോദ്ധ്യാധിപനു് അന്തേവസായിയായി; അതുകൊണ്ട്, സത്കാരാനർഹനും.

## രാമകഥാകാലക്ഷേപം

രാജസൂയം നടത്തിയാൽ കൊള്ളാമെന്നു കരുതി

രാമൻ അനുജന്മാരുടെ അഭിപ്രായം ആരാഞ്ഞു. രാജസൂയം നടത്തണമെങ്കിൽ പരരാജാക്കന്മാരെ ദ്രോഹിക്കേണ്ടതായ് വരുമെന്നുള്ളതുകൊണ്ടു് അതു ശോഭനമല്ല എന്നു് ഭരതൻ അഭിപ്രായപ്പെട്ടു. ഭരതൻെറ വാക്കിനെ അനുമോദിച്ചും ആദരിച്ചും രാമൻ രാജസൂയചിന്ത വെടിഞ്ഞു. പകരം അശ്വമേധം നടത്തുന്നതു നന്നായിരിക്കുമെന്നു് ലക്ഷ്മണൻ അഭിപ്രായപ്പെട്ടു. വസിഷ്ഠൻ, വാമദേവൻ മുതലായവരോടു് അശ്വമേധത്തിനുവേണ്ട ഏൎപ്പാടുകൾ ചെയ്യാൻ രാമൻ പറഞ്ഞു. വിഭീഷണനും സുഗ്രീവനും മററു മിത്രരാജാക്കന്മാൎക്കും ആളയയ്ക്കുന്നതിനും ഏൎപ്പാടുചെയ്തു. ഗോമതീനദീതീരത്തിലുള്ള നൈമിശാരണ്യത്തിൽ യജ്ഞവാടം തീൎക്കാനും കല്പനയായി. യജ്ഞപത്നിയുടെ സ്ഥാനത്തു് കാഞ്ചനസീതയെ വാഴിക്കാനും ഏൎപ്പാടുചെയ്തു. ലക്ഷ്മണൻ അശ്വരക്ഷകനായി പുറപ്പെട്ടു. രാമൻ പരിവാരസമേതം യജ്ഞവാടം പ്രാപിച്ചു.

ശത്രുഘ്നനും വിഭീഷണനും സുഗ്രീവനുമെല്ലാം വന്നുചേൎന്നു. ദാനധൎമ്മാദികൾകൊണ്ടു് സൎവ്വസമൃദ്ധമായി യാഗം നടന്നുകൊണ്ടിരുന്നു. തത്സമയം വാല്മീകി ശിഷ്യസമേതം യജ്ഞവാടത്തിനു സമീപമെത്തി. അദ്ദേഹം തൻെറ രണ്ടു ശിഷ്യന്മാരോടു് ഋഷിവാടങ്ങളിലും ബ്രാഹ്മണഗൃഹങ്ങളിലുംതെരുവുകളിലും രാജവീഥികളിലും രാജഗൃഹങ്ങളിലും ചെന്നു് ഉത്സാഹത്തോടും ധൈൎയ്യത്തോടുംകൂടി രാമായണകാവ്യം ഗാനംചെയ്യാൻ ആജ്ഞാപിച്ചു. ഋത്വിക്കുകളുടെ മുമ്പിലും രാമൻെറ ഭവനദ്വാരത്തിലും വിശേഷിച്ചും ഗാനംചെയ്യണമെന്നു് പറഞ്ഞേൎപ്പാടുചെയ്തു. "ഫലമൂലങ്ങൾ ഭുജിച്ചു് സന്തുഷ്ടരായിപ്പാടണം. മടങ്ങി നഗരത്തിനു പുറത്തു വന്നു വേണം രാത്രി താമസിക്കാൻ. മുനിമാൎക്കു കേൾക്കാനായി പാടാൻ രാമൻ ആജ്ഞാപിക്കുന്നപക്ഷം അതനുസരിക്കണം. ദിവസം ഇരുപതു സൎഗ്ഗം വീതം ചൊല്ലണം. ഒന്നിലും ലോഭംകൊള്ളരുതു്. നിങ്ങളാ

രുടെ മക്കളാണ്  എന്നു് രാമൻ ചോദിക്കുന്നതായാൽ വാല്മീകിശിഷ്യന്മാരാണെന്നുമാത്രം പറഞ്ഞുകൊണ്ടാൽ മതി. ഈ തന്ത്രികളിൽ ശ്രുതിചേർത്തു മനോഹരമായി പ്പാടുവിൻ. കാവ്യം ആദിമുതൽ നാളെപ്പാടിത്തുടങ്ങുവിൻ.'' എന്നിങ്ങനെ വാല്മീകി ശിഷ്യന്മാൎക്കു് നിർദ്ദേശം കൊടുത്തു.

പിറേറന്നു പ്രഭാതത്തിൽ കുശലവന്മാർ എഴുനേററു കുളിച്ചു് സന്ധ്യാവന്ദനവും സമിദാധാനവും കഴിഞ്ഞു് ഗുരുവിൻെറ നിർദ്ദേശപ്രകാരം രാമായണഗാനം ആരംഭിച്ചു. പാട്ടു കേട്ടു രാഘവൻ അതിൽ ഉത്സുകനായി. മാമുനിമാരെയും മന്നവന്മാരെയും അന്തണന്മാരെയും പണ്ഡിതന്മാരെയും ശാസ്ത്രജ്ഞന്മാരെയും പൗരമുഖ്യന്മാരെയുമെല്ലാം രാമൻ വിളിച്ചുവരുത്തി. മുനിദാരകന്മാർ അതിമധുരമായി ഗീതമാരംഭിച്ചു. ശ്രോതാക്കൾക്കു് പാട്ടു കേട്ടിട്ടു മതിയായില്ല. അവർ ആ ബാലന്മാരെ കണ്ണെടുക്കാതെ നോക്കിക്കൊണ്ടിരുന്നു. ബാലന്മാർ രാമൻെറ പ്രതിബിംബംപോലെയിരിക്കുന്നുവെന്നു കാണികൾ പരസ്പരം പറഞ്ഞു. ജടയും വല്ക്കലവുമില്ലെങ്കിൽ ഗായകന്മാരെയും രാമനെയും തമ്മിൽ തിരിച്ചറിയാൻ പ്രയാസമായിരിക്കുമെന്നവൎക്കു തോന്നി. ആദ്യംമുതൽ ഇരുപതു സർഗ്ഗം അവർ പാടി. അതുകേട്ടു് സന്തുഷ്ടനായ രാമൻ ഭരതനോടു്, മാണവകന്മാൎക്കു് പതിനെണ്ണായിരം വരാഹനും വേറെ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അതും കൊടുക്കാൻ പറഞ്ഞേല്പിച്ചു. അവരതു സ്വീകരിച്ചില്ല. ''കാട്ടിൽ കിട്ടുന്ന കായ്കനികൾകൊണ്ടു തൃപ്തരാണു ഞങ്ങൾ. ഞങ്ങൾക്കെന്തിനാണിതു് ? ഞങ്ങളിതുകൊണ്ടെന്തു ചെയ്യും ?'' എന്നവർ ചോദിച്ചു. ഇതുകേട്ടു് രാമനും ശ്രോതാക്കളും സന്തുഷ്ടരും വിസ്മിതരുമായി. ഈ കാവ്യം ആരുണ്ടാക്കിയതാണെന്നും അതെത്ര വിപുലമാണെന്നുമെല്ലാം രാമൻ മുനികുമാരന്മാരോടു ചോദിച്ചു. അവരതിനുത്തരം

പറഞ്ഞു: ''ഭഗവാൻ വാല്മീകിമഹഷിയാണ് ഈ ചരിത്രം രചിച്ചിരിക്കുന്നത്. അദ്ദേഹം യജ്ഞവാടത്തി നടുത്തെഴുന്നെള്ളിയിരിക്കുന്നു. ഈ കാവ്യത്തിൽ ഇരുപ ത്തിനാലായിരം ശ്ലോകങ്ങളുണ്ട്. അനേകം ഉപാഖ്യാന ങ്ങരം ഇതിലുരംക്കൊള്ളുന്നു. അതിൽ ഏഴു കാണ്ഡങ്ങളും, അറുന്നൂററിപ്പത്തു സഗ്ഗങ്ങളുമായി അങ്ങയുടെ ചരിത്രം മുഴുവൻ ഞങ്ങളുടെ ഗുരുനാഥൻ നിബന്ധിച്ചിരിക്കുന്നു. മഹാരാജാവേ, അവിടേയ്ക്കു സൗകയ്യമുള്ള പക്ഷം യാഗത്തി നിടയിൽ അതു കേട്ടുകൊണ്ടാലും.'' ''അങ്ങനെയാവട്ടെ.'' എന്നു രാമനരുളി. രാമനോട് വിട വാങ്ങി വടുക്കരം മാമുനിയുടെ അടുക്കലേയ്ക്കു പോയി.

## സീത തെളിവു തരട്ടെ

അതിമനോഹരമായ ഈ ഗീതം രാമനും മുനിമാരും മന്നവന്മാരും പലനാരം കേട്ടു. ഗീതത്തിൽനിന്നുതന്നെ ഗായകന്മാർ സീതാസുതന്മാരാണെന്നു രാമനു മനസ്സി ലായി. രാമൻ സമത്ഥന്മാരായ ദൂതന്മാരെ വിളിച്ചാജ്ഞാ പിച്ചു: ''നിങ്ങരം വാല്മീകിമഹഷിയുടെ അടുക്കൽ ചെന്ന് എൻെറ ഈ അപേക്ഷ അറിയിക്കുവിൻ: 'സീത ശുദ്ധസമാചാരയും വീതകല്മഷയുമാണെന്നുവരുകിൽ മാമുനിയുടെ അനുമതിയോടുകൂടി എന്മുമ്പിൽ അവളുടെ പരിശുദ്ധി തെളിയിക്കട്ടെ. നാളെ പ്രഭാതത്തിൽ മൈ ഥിലി സ്വപരിശുദ്ധിയെ വിളബരം ചെയ്യുന്ന ശപഥം സഭാമദ്ധ്യത്തിൽവെച്ചു ചെയ്യട്ടെ.' നിങ്ങരം മഹഷിയുടെ അഭിപ്രായത്തേയും സീതയുടെ മനോഗതത്തേയും വേഗം അറിഞ്ഞു വന്ന് എന്നോടു പറയണം.'' ദൂതന്മാർ പോയി മഹഷിയെ വിവരം ധരിപ്പിച്ചു. രാമൻെറ നിശ്ചയമനു സരിച്ച് സീത വേണ്ടതു ചെയ്യുന്നതാണ് എന്നു മുനി വരൻ മറുപടി പറഞ്ഞയച്ചു. വിവരമറിഞ്ഞ മന്നവൻ, സീതാശപഥകമ്മം കാണാനാഗ്രഹിക്കുന്നവരെല്ലാംപിറേറ

ന്ന് വന്നുചേരണമെന്നപേക്ഷിച്ചുകൊണ്ടു് എല്ലാവക്കും വിടനല്കി.

## രാമ, മതി മതി

പിറേറന്നു നേരം പുലന്നു. യജ്ഞവാടം മഹഷിമാർ, അരചന്മാർ, പൗരന്മാർ, അരക്കന്മാർ, വാനരന്മാർ മുതലായവരെക്കൊണ്ടു നിറഞ്ഞു. വാല്മീകിമാമുനി സീതാസമേതനായി ആഗമിച്ചു. തലയുംതാഴ്ത്തി കൈയും കൂപ്പി കണവനെയും നിനച്ചു കണ്ണുനീരും പൊഴിച്ചുകൊണ്ടു സീത മഹഷിയെ പിൻതുടന്നു. വേദശ്രുതിയെന്നപോലെ വാല്മീകിയെ പിൻതുടന്നു ചെല്ലുന്ന വൈദേഹിയെ കണ്ടു് സഭ സാധുവാദം മുഴക്കി. 'രാമ, മതി മതി; രാമാ, സീതേ, ഇത്രയും മതി.' എന്നിങ്ങനെ കാണികഠം ആക്രോശിച്ചു.

തത്സമയം സീതാപാലകനായ മുനിവരൻ സഭാമദ്ധ്യത്തിൽ പ്രവേശിച്ച് രാഘവനോടായിട്ടിപ്രകാരം പറഞ്ഞു: ''അല്ലയോ ദാശരഥേ, അപവാദം ഹേതുവായി എൻെറ ആശ്രമസമീപം ഉപേക്ഷിക്കപ്പെട്ട, സുവ്രതയും ധമ്മചാരിണിയുമായ സീതയിതാ. മഹാവ്രതനായ രാമ, ലോകാപവാദഭീതനായ അങ്ങേയ്ക്കു് സീത വിശ്വാസസാക്ഷ്യം നല്കുന്നതാകുന്നു. അതിനവിടുന്നു് അനുവാദം നല്കിയാലും. ഇവരിരുവരും അങ്ങയുടെ തനൂജരായ സീതാസുതന്മാരാകുന്നു, ഇരട്ട പിറന്നവർ. ഞാനിപ്പറയുന്നതു് സത്യമാകുന്നു. പ്രചേതസ്സുമഹഷിയുടെ പത്താമത്തെ പുത്രനായ ഞാൻ ഒരുനാളും ഒരനൃതം പറഞ്ഞതായിട്ടോക്കുന്നില്ല. ഇവർ അങ്ങയുടെ കുട്ടികളാകുന്നു. ഞാനനേകായിരം വഷം ചെയ്ത തപസ്സിൻെറ ഫലം, സീത നിർദ്ദോഷയാണെങ്കിൽ മാത്രം എനിക്കനുഭവിക്കാനിട വരട്ടെ. സീത സവ്വകരണങ്ങളെക്കൊണ്ടും പരിശുദ്ധയാണെന്നു് ദൃഢബോദ്ധ്യം വന്നതിനുശേഷം മാത്രമാണു് ഞാനവളെ

ആശ്രമത്തിലേയ്ക്കു് കൂട്ടിക്കൊണ്ടുപോയതു്. ഇവരം അപങ്കിലയാണു്, പരിശുദ്ധയാണു്, പതിദേവതയാണു്. അങ്ങേയ്ക്കു് വിശ്വാസം വരുമാറു സീത തെളിവുതരുന്ന താകുന്നു.''

**പക്ഷേ—**

വാല്മീകിയുടെ വാക്കു കേട്ട രാഘവൻ സഭാമദ്ധ്യത്തിൽ കൂപ്പുകൈയോടെ, സീതയെ നോക്കിക്കൊണ്ടു് ഇപ്രകാരമറിയിച്ചു: ''ധർമ്മജ്ഞനായ മഹർഷേ, അവിടുത്തെ നിഷ്കപടമായ വാക്കുകളിൽ എനിക്കു് വിശ്വാസമുണ്ടു്. പണ്ടുതന്നെ ദേവസമക്ഷം വൈദേഹി തെളിവു തന്നിട്ടുള്ളതാകുന്നു. എന്നാൽ ലോകാപവാദം അസഹ്യമായി. അതുകൊണ്ടു ഞാൻ സീതയെ ഉപേക്ഷിച്ചു. ലോകാപവാദഭീതനായ ഞാൻ സീത പരിശുദ്ധയാണെന്നറിഞ്ഞുകൊണ്ടുതന്നെയാണു് ഉപേക്ഷിച്ചതു്. ആയതവിടുന്നു സദയം ക്ഷമിച്ചാലും. ഇവരിരുവരും എന്റെ മക്കളാണെന്നു് എനിക്കറിയാം. ലോകസമക്ഷം പരിശുദ്ധയെന്നു നിർണ്ണയിക്കപ്പെട്ട സീതയിൽ ഞാൻ പ്രീതനാകട്ടെ.''

രാമന്റെ അന്തർഗതമറിഞ്ഞ അമരന്മാർ പിതാമഹനെ മുൻനിർത്തിയുംകൊണ്ടു് അവിടെ സമാഗതരായി. രാമൻ വീണ്ടും, ഋഷിവാക്യംകൊണ്ടുതന്നെ തനിക്കു വിശ്വാസമായെങ്കിലും ലോകത്തിനുമുമ്പിൽ സീത തന്റെ ചാരിത്രം തെളിയിക്കട്ടെ, എന്നു് എല്ലാവരോടുമായിപ്പറഞ്ഞു. വന്നുചേർന്നവർ അദ്ഭുതത്തോടെ നോക്കിനിന്നു.

**അമ്മേ !**

കാഷായവാസിനിയായ സീത അധോമുഖിയായി തൊഴുകൈയോടെ അരുളിച്ചെയ്തു: ''ഞാൻ ശ്രീരാമനെയൊഴിച്ചു് മററാരെയും മനസാ നിനയ്ക്കുന്നില്ലെന്നുള്ളതു്

സത്യമാണെങ്കിൽ, ഭൂമീദേവി, എനിക്കു് ഇടമരുളമാറാകട്ടെ. മനംകൊണ്ടും കമ്മംകൊണ്ടും വാക്കുകൊണ്ടും ഞാൻ ശ്രീരാമനെ ആരാധിക്കുന്നുവെന്നതു് നേരെങ്കിൽ, ധരണീദേവിയെനിക്കു് ഇടം നല്കമാറാകട്ടെ. ശ്രീരാമചന്ദ്രനേക്കാറം മേലെയായി ഞാൻ ആരെയും കരുതുന്നില്ലെന്നുള്ളതു് സത്യമെന്നുവരുകിൽ, വിഷ്ണുപത്നിയായ മാതൃഭൂമി എനിക്കു് ആശ്രയമരുളമാറാകട്ടെ.''

സീത ഇവ്വിധം ശപഥം ചെയ്കെ ഭൂമിയിൽനിന്നും ഒരു ദിവ്യസിംഹാസനം ഉയൎന്നുവന്നു. ധരണീദേവി മൈഥിലിയെ ഇരുകൈയ്യുകൊണ്ടും വാരിയെടുത്തു് സ്വാഗതംചെയ്തഭിനന്ദിച്ചു് സിംഹാസനത്തിലിരുത്തി രസാതലത്തിലേയ്ക്കു കൊണ്ടുപോയി. ദേവന്മാർ പൂമഴ പൊഴിച്ചു. സീതയുടെ പാതിവ്രത്യനിഷ്ഠ അത്യദ്ഭുതമെന്നു വാനവർ വാഴ്ത്തി. യജ്ഞവാടവാസികറം വിസ്മയസ്തബ്ധരായി. ചിലർ മോദമാണ്ടു; ചിലർ ഖേദം പൂണ്ടു; ചിലർ ചിന്താമഗ്നരായി; ചിലർ രാമനെ നോക്കിനിന്നു; ചിലർ സീത പോയ വഴിയും നോക്കി നില്പായി.

## വിരഹവൈരം

രാമൻ വടിയും താങ്ങി കണ്ണുംകലങ്ങി മനവുംമങ്ങി ശോകവുമാണ്ടു് കീഴോട്ടും നോക്കിനിന്നു; ധാരധാരയായി കണ്ണുനീർ വാൎത്തു. കോപവും താപവുമാൎന്ന രാമൻ മൊഴിഞ്ഞു: ''ഞാൻ നോക്കിനില്ക്കെ ലക്ഷ്മീസമയായ സീത നഷ്ടപ്പെട്ടതിൽ ശോകമെൻെറ നെഞ്ചകത്തെ തുളയ്ക്കുംപോലെ തോന്നുന്നു. പണ്ടു ഞാൻ സീതയെ കടലിനക്കരെ അരക്കർനാട്ടിൽനിന്നും വീണ്ടെടുത്തു. അപ്പോറംപ്പിന്നെ വസുധോദരത്തിൽനിന്നും വീണ്ടെടുക്കാനോ പ്രയാസം? ഹേ വസുധേ, വേഗമെൻെറ സീതയെ തിരിച്ചേല്പിച്ചുകൊാറംക. അല്ലാത്തപക്ഷം നിനക്കെൻെറ കോപം കാണുമാറാകും, ഞാനാരെന്നു നിനക്കറിയാറാകും. ഭവതിയെൻെറ

ശ്വശ്രുവാണെന്നതു് സത്യംതന്നെ. അതുകൊണ്ടു സീതയെ തിരികെത്തരിക; അല്ലെങ്കിൽ എനിക്കും ഇടമരുളുക. പാതാളത്തിലോ നാകലോകത്തിലോ എവിടെയായാലും എനിക്കു് സീതയോടൊത്തു വാഴണം. ഭവതി എൻെറ സീതയെ മടക്കിയേല്പിച്ചാലും. സീതാസംഗതിയിൽ ഞാൻ ഉന്മത്തനായിരിക്കുന്നു. പൂർവ്വരൂപത്തിൽ സീതയെ എനിക്കു് മടക്കിക്കിട്ടണം. അല്ലെങ്കിൽ ഞാൻ നിൻെറ കഥ കഴിക്കും; നിന്നെ ഞാൻ തകൎത്തു കുളം തോണ്ടും.'' കാകുത്സ്ഥൻ ക്രോധമാണ്ടിപ്രകാരം ഗർജ്ജിച്ചപ്പോൾ ബ്രഹ്മാവു വന്നാശ്വസിപ്പിച്ചു: ''അല്ലയോ ധർമ്മിഷ്ഠനായ രാമ, അങ്ങു് സന്താപത്തിനധീനനാകരുതു്. അങ്ങു് പൂർവ്വഭാവത്തെയും വാഗ്ദത്തത്തെയും അനുസ്മരിച്ചാലും. മഹാബാഹോ, അങ്ങയുടെ സ്വരൂപത്തെ ഞാൻ ഓർമ്മപ്പെടുത്തേണ്ടതായുണ്ടോ ? അവിടുത്തെ വൈഷ്ണവസ്വരൂപം ഇപ്പോൾ സ്മരിച്ചാലും. അവിടുത്തെ ധർമ്മപത്നി സസുഖം നാഗലോകം പ്രാപിച്ചിരിക്കുന്നു: സ്വർഗ്ഗത്തിൽ സീത അങ്ങയോടൊരുമിച്ചുചേരും, സംശയമില്ല. ഞാനീ പറയുന്നതു കൈക്കൊണ്ടാലും. അത്യുത്തമമായ ഈ കാവ്യം അങ്ങയുടെ ചരിത്രം മുഴുവൻ വിസ്തരിക്കുന്നതാണു്. ജനനംമുതലുള്ള സുഖദുഃഖങ്ങളും ഇനിമേൽ വരാനിരിക്കുന്നതുമെല്ലാം വാല്മീകി വർണ്ണിച്ചിട്ടുണ്ടു്. ആദ്യകാവ്യമായ ഇതുമുഴുവൻ അങ്ങയുടെ കഥയാകുന്നു. ഞാനും ദേവന്മാരും മുമ്പുതന്നെ ഇതു കേട്ടു കഴിഞ്ഞിരുന്നു. അല്ലയോ രാമ, ഭവിഷ്യദ്ഭാഗംകൂടി അങ്ങു ശ്രദ്ധിച്ചുകേട്ടാലും.'' ഇതും പറഞ്ഞു ബ്രഹ്മാവു മറഞ്ഞു.

## സീതയ്ക്കു് സ്ഥിരപ്രതിഷ്ഠ

പിറേറന്നു രാവിലെ രാമൻ പുത്രന്മാരോടു് ബാക്കി ഭാഗവുംകൂടി ഗാനംചെയ്യാൻ പറഞ്ഞു. അവർ പാടി. ആ യജ്ഞത്തിൻെറ പരിസമാപ്തിയിൽ സീത ഭൂമിയിൽ

മറഞ്ഞതുകൊണ്ടു് സന്തപ്തനായ രാമനു് ലോകം ശൂന്യമായിത്തോന്നി. രാജാക്കന്മാരെയെല്ലാം യാത്രയയച്ചശേഷം അദ്ദേഹം സീതയെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചുകൊണ്ടു് അയോദ്ധ്യയിൽ പ്രവേശിച്ചു. സീതയ്ക്കുശേഷം രാമൻ വേറെ വിവാഹം ചെയ്കയുണ്ടായില്ല. പിന്നീടു നടത്തിയ യജ്ഞങ്ങളിലെല്ലാം പത്നിയുടെ സ്ഥാനത്തു് കാഞ്ചനസീതയാണു് പ്രതിഷ്ഠിക്കപ്പെട്ടതു്. ശ്രീരാമൻ പതിനായിരം സംവത്സരം അശ്വമേധയാഗങ്ങളും മററനവധി യാഗങ്ങളും നടത്തി. രാമനങ്ങനെ ദീർഘകാലം ധർമ്മനിഷ്ഠയോടെ രാജ്യം പാലിച്ചു. രാമരാജ്യം സമൃദ്ധവും സംതൃപ്തവും സുഭിക്ഷവുമായിരുന്നു. ദീർഘകാലത്തിനുശേഷം രാമമാതാക്കൾ മൂവരും കാലധർമ്മം പ്രാപിച്ചു. രാമൻ അവക്കു വേണ്ടുന്ന ശ്രാദ്ധവും ദാനധർമ്മവും കേമമായി നടത്തി. അങ്ങനെ വർഷങ്ങൾ അനവധി കഴിഞ്ഞു.

സീത അയോദ്ധ്യയിൽനിന്നു് നിഷ്കാസിതയായെങ്കിലും രാമഹൃദയത്തിൽനിന്നു് ഒരുകാലവും ബഹിഷ്കൃതയായില്ല. രാജാവിനു ജനാഭിപ്രായം മാനിക്കാതെ തരമില്ല എന്ന തത്വത്തെ ആദരിച്ചുമാത്രം രാമൻ ഈവക ത്യാഗങ്ങളും വിരഹങ്ങളും സ്വീകരിക്കുകയാണുണ്ടായതു്. സീതയെ നാടുകടത്തിയതുകൊണ്ടു് സീതയുടേതിനേക്കാൾ ഒട്ടും കുറവല്ലാത്ത കദനഭാരം രാമനും സഹിച്ചു. അതിന്റെ ആഴം രാമൻ ധരണിയോടു കാണിച്ച കോപത്തിൽനിന്നും ഏതാണ്ടു് ഊഹിക്കാം.

**ജാതകം**

നമുക്കിനി രാമന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ നടക്കുമ്പോൾ അദ്ദേഹത്തിനു് വയസ്സെത്രയുണ്ടായിരുന്നു എന്നൊന്നു കണക്കാക്കി നോക്കാം.

വിശ്വാമിത്രൻ യാഗരക്ഷയ്ക്കായി രാമനെ അയച്ചുകൊടുക്കണമെന്നു പറഞ്ഞപ്പോൾ പുത്രവത്സലനായ ദശരഥൻ പറഞ്ഞു:

* ഊനഷോഡശവഷോ മേ രാമോ രാജീവലോചനഃ.

''എൻെറ മകൻ 'ഊനഷോഡശവഷ്'നാണ്.'' കാട്ടിൽ പോകാൻ അനുവാദം ചോദിക്കാനായി രാമൻ അമ്മയുടെ അടുക്കൽ ചെന്നപ്പോഠം അമ്മ പറഞ്ഞു:

§ ദശ സപ്ത ച വഷാണി ജാതസ്യ തവ രാഘവ.

''കുഞ്ഞേ, നീ പിറന്നിട്ടിപ്പോഠം പതിനേഴ വഷമേ ആയുള്ളു.''

ഇതിൽ 'ഊനഷോഡശ'ത്തിനു പതിനാറു വയസ്സു തികയാത്ത, പ്രായപൂത്തിയാകാത്ത, എന്നാവണമത്ഥം. കൗസല്യയുടെ കണക്കു്, മാതൃവാത്സല്യംകൊണ്ടും പുത്രനെ പിരിയുന്നതിലുള്ള വേദനകൊണ്ടും തെററിപ്പോയി. കാരണം, സീത നമുക്കു തരുന്ന വിവരങ്ങഠം വേറെ വിധത്തിലാണ്. ഭത്താവിൻെറ വയസ്സിനെക്കുറിച്ചു് ഭാര്യക്കു് തെററു പററാനിടയില്ല. പോരെങ്കിൽ, പറയുന്ന സന്ദഭം മനഃക്ഷോഭം ബാധിക്കുന്നതിനു മുമ്പാണുതാനും. രാവണൻ ഭിക്ഷുവേഷമെടുത്തു വന്നു. സീതയുടെ വൃത്താന്തമന്വേഷിച്ചു. അപ്പോഠം സീത പറഞ്ഞതാവിതു്: ''ജനകപുത്രിയായ സീതയാണു ഞാൻ; രാമൻെറ ഭാര്യയും. അയോദ്ധ്യയിൽ പന്ത്രണ്ടുകൊല്ലം ഞങ്ങഠം സുഖമായ് വസിച്ചു. പതിമൂന്നാംകൊല്ലം രാമനെ യുവരാജാവാക്കാൻ ദശരഥൻ നിശ്ചയിച്ചു. അക്കാലത്തു്,

$ മമ ഭത്താ മഹാതേജാ വയസാ പഞ്ചവിംശകഃ,
അഷ്ടാദശ ഹി വഷാണി മമ ജന്മനി ഗണ്യതേ.

എൻെറ ഭത്താവിനു് വയസ്സു് ഇരുപത്തഞ്ചായിരുന്നു; എനിക്കു പതിനെട്ടും.'' അങ്ങനെ വരുമ്പോഠം, വിവാഹസമയത്തു് രാമനു് പതിമ്മൂന്നും സീതക്കു് ആറും വയസ്സായിരുന്നു. കാട്ടിൽനിന്നു മടങ്ങുമ്പോഠം രാമനു് നാല്പതും സീതക്കു മുപ്പത്തിമൂന്നും. പട്ടാഭിഷേകം കഴിഞ്ഞു്

---

* ബാലകാണ്ഡം, 20 – 2. § അയോദ്ധ്യാകാണ്ഡം, 20 – 45.
$ അരണ്യകാണ്ഡം, 47–10.

ഒരു കൊല്ലത്തിനകംതന്നെ സീതയെ ഉപേക്ഷിച്ചതായി കരുതണം. ശത്രുഘ്നൻ ലവണാസുരവധത്തിനായി പോകും വഴി വാല്മീക്യാശ്രമത്തിൽ ചെന്ന അന്നാണ് സീത പ്രസവിക്കുന്നതു്. ശത്രുഘ്നൻ തിരിച്ച് അയോദ്ധ്യക്കു വരുന്നതു് പന്ത്രണ്ടുകൊല്ലങ്ങൾക്കു ശേഷമാകുന്നു. അപ്പോൾ രാമനു് അമ്പത്തിമൂന്നും, സീതയ്ക്കു് നാല്പത്തിയാറും, കുശലവന്മാൎക്കു് പന്ത്രണ്ടും. ശത്രുഘ്നൻ ഒരാഴ്ച അയോദ്ധ്യയിൽ താമസിച്ചു് മടങ്ങി കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോഴാണ് ബ്രാഹ്മണൻ വന്നു പരാതി പറയുന്നതും, രാമൻ പോയി ശംബൂകനെ വധിക്കുന്നതും. അതിനടുത്തുതന്നെ അശ്വമേധം ആരംഭിച്ചു. രാമായണകഥാഗാനം മുപ്പത്തിരണ്ടു ദിവസം നടന്നു. അതവസാനിക്കുന്നതിനു മുമ്പുതന്നെ സീതാദേവി തിരോധാനംചെയ്തു. സീതയ്ക്കപ്പോൾ വയസ്സ് നാല്പത്തിയേഴിനു താഴെ; രാമനു് അമ്പത്തിനാലിനടുത്തും. ശ്രീരാമൻ പതിനോരായിരം വൎഷം ഭൂമിയിൽ വസിച്ചതിൽ അമ്പത്തിയഞ്ചു കൊല്ലത്തെ കഥയാണ് ഇരുപത്തിനാലായിരം ശ്ലോകത്തിൽ ഇരുപത്തിമൂവായിരത്തിഎഴുനൂററിപന്ത്രണ്ടും. ബാക്കി പതിനായിരത്തിത്തൊള്ളായിരത്തിനാല്പത്തഞ്ചു കൊല്ലത്തെ ചരിത്രം ചൊല്ലാൻ വെറും ഇരുനൂററിയെൺപത്തെട്ടു ശ്ലോകങ്ങളും.

നമുക്കു് കുശലവന്മാരുടെ ബാക്കി ഹരികഥയും കൂടി കേൾക്കാം. കുറേനാൾ ചെന്നാറെ മാതുലൻ യുധാജിത് നിരവധി സമ്മാനങ്ങളും കൊടുത്തു് ഒരു സന്ദേശവുമായി ഗാൎഗ്ഗ്യമഹൎഷിയെ രാമസമീപമയച്ചു. രാമൻ മഹൎഷിയെ വേണ്ടവിധം സ്വീകരിച്ചു് വന്ന കാൎയ്യമന്വേഷിച്ചു. സിന്ധുനദിയുടെ ഇരുകരകളിലും ഫലമൂലോപശോഭിതവും അതിമനോഹരവുമായ ഒരു ദേശമുണ്ടെന്നും, ഗന്ധൎവ്വന്മാരാണതിനെ അടക്കി വാഴുന്നതെന്നും അതിനെ രാമൻ സ്വരാജ്യത്തിൽ ചേൎക്കുന്നതു നന്നായിരിക്കുമെന്നും

ഉള്ള അഭിപ്രായത്തെ മാമുനി അറിയിച്ചു. രാമൻ ഭരതനെ വിളിച്ചു്, ഗന്ധർവ്വരാജ്യം കീഴടക്കി പങ്കിട്ടു് മക്കരം തക്ഷനേയും പുഷ്ക്കലനേയും വാഴിച്ചു് മടങ്ങിവരാനേല്പിച്ചു് സേനയോടുകൂടി അയച്ചു. ഗാർഗ്ഗ്യമുനിയോടൊപ്പം ഭരതൻ പുറപ്പെട്ടു കേകയത്തിലെത്തി. യുധാജിത്തുമൊത്തു് അവർ ചെന്നു ഘോരമായ പോരിനുശേഷം ഗാന്ധാരമെന്ന ഗന്ധർവ്വദേശം കീഴടക്കി. തക്ഷശിലയിൽ തക്ഷനും പുഷ്ക്കലാവതത്തിൽ പുഷ്ക്കലനും ഓരോ നഗരങ്ങരം നിർമ്മിച്ചു. അഞ്ചുകൊല്ലം അവരോടൊത്തവിടെ പാർത്തശേഷം ഭരതൻ അയോദ്ധ്യയ്ക്കു മടങ്ങി.

അനന്തരം, അനുജന്മാരുമായി ആലോചിച്ചു് രാമൻ ലക്ഷ്മണപുത്രന്മാരായ അംഗദനും ചന്ദ്രകേതുവിനും ഓരോ സ്ഥാനങ്ങരം നിശ്ചയിച്ചു. കാരുപഥമെന്ന ദേശം കൈയ്വശമാക്കി അംഗദന്നായ്ക്കൊണ്ടു് അംഗദീയമെന്ന ഒരു പട്ടണവും, മല്ലഭൂമിയിൽ ചന്ദ്രകേതുവിനു് ചന്ദ്രകാന്തയെന്നു പേരായ ഒരു നഗരിയും നിർമ്മിക്കപ്പെട്ടു. അവരെ അതാതിടങ്ങളിൽ അധിപന്മാരായി അഭിഷേകം നടത്തി. ലക്ഷ്മണൻ ഒരാണ്ടു് പുത്രൻ അംഗദനോടൊത്തു വസിച്ചശേഷം മടങ്ങി രാമസമീപമെത്തി. ഭരതലക്ഷ്മണന്മാർ ശ്രീരാമപാദശുശ്രൂഷയും ചെയ്തു വസിക്കെ കാലം പോയതറിഞ്ഞില്ല. അങ്ങനെ അവർ ധർമ്മം നടത്തവേ വർഷം പതിനായിരം കടന്നുപോയി. ധർമ്മപഥസ്ഥിതരായ അവർ മൂവരും ദീപ്തഹോമാഗ്നികരംപോലെ തേജസ്വികളായി വിളങ്ങി.

## കാലലീല

ശ്രീരാമചന്ദ്രൻ ഇപ്രകാരം ധർമ്മപരിപാലനം ചെയ്യുംകാലം താപസൻെറ വടിവാണ്ട കാലൻ രാജഗൃഹത്തിലെത്തി. താൻ ബ്രഹ്മാവിൻെറ ഒരു ദൂതനാണെന്നും രാമനെ കണ്ടു് ഗൗരവമാണ്ട ഒരു കാര്യമറിയിക്കാനുണ്ടെന്നും ലക്ഷ്മണനോടപേക്ഷിച്ചു. ലക്ഷ്മണൻ വേഗം രാമനെ വിവ

രമുണത്തി. രാമൻെറ അനുജ്ഞയോടെ സൗമിത്രി താപസനെ രാമസമീപം കൂട്ടിക്കൊണ്ടു ചെന്നു. ഋഷി രാമനു വിജയമാശംസിച്ചു. രാമൻ മാമുനിക്കു് അർഘ്യപാദ്യങ്ങരം നൽകി. മാമുനി കാഞ്ചനാസനത്തിൽ ഉപവിഷ്ടനായി. രാമൻ കുശലം അന്വേഷിച്ചു. എന്നിട്ടു പറഞ്ഞു: ''മാമുനേ, അവിടേയ്ക്കു സ്വാഗതം. അങ്ങു് ആരുടെ ദൂതനാകുന്നു ? എന്താണങ്ങു് കൊണ്ടുവന്നിരിക്കുന്ന സന്ദേശം ?'' മഹർഷി മറുപടിയരുളി: ''ക്ഷേമമാണവിടുന്നു കാംക്ഷിക്കുന്നതെങ്കിൽ എനിക്കു പറയാനുള്ളതു് നാമിരുവരും മാത്രമേ കേരംക്കാവൂ. ഞാൻ കൊണ്ടുവന്നിരിക്കുന്ന സന്ദേശം കേരംക്കണെമെന്നാകിൽ, നാം തമ്മിലുള്ള സംഭാഷണം ആരെങ്കിലും കേരംക്കുകയോ കാണുകയോ ചെയ്താൽ അവനുടൻ വധിക്കപ്പെടണം.'' രാമനതിനു സമ്മതിച്ചു; കാവല്ക്കാരനെ പറഞ്ഞയച്ചിട്ടു് വാതിൽ കാക്കാൻ ലക്ഷ്മണനോടു പറഞ്ഞു. തങ്ങരംതമ്മിലുള്ള സംഭാഷണം കാണുകയോ കേരംക്കുകയോ ചെയ്യുന്നവൻ വദ്ധ്യനാകുമെന്നും രാമൻ അനുജനെ അറിയിച്ചു. അനന്തരം മഹർഷിയോടു രാമൻ സംഗതിയെന്തെന്നു് തേടി. മാമുനി മൊഴിഞ്ഞു: ''ഹേ മഹാരാജൻ, പിതാമഹൻ പറഞ്ഞിട്ടു വന്നിരിക്കുന്നതാണു ഞാൻ. അദ്ദേഹം അയയ്ക്കുന്ന സന്ദേശമാവിതു്: 'സൗമ്യ, ഭൂപരിപാലനത്തിനു് അങ്ങു നിശ്ചയിച്ചിരുന്ന കാലമിപ്പോരം പൂർത്തിയായി. പ്രളയകാലത്തിൽ ഉലകങ്ങളെയെല്ലാം ഉദരത്തിലാക്കിക്കൊണ്ടു് അവിടുന്നു് പെരുങ്കടലിൽ പള്ളികൊണ്ടുകൊണ്ടു് ആദിയിൽ എന്നെ ജനിപ്പിച്ചു. അനന്തശായിയായ അങ്ങു് മായയാൽ മധുകൈടഭന്മാരെ നിർമ്മിച്ചു് അവരെ നിഹനിച്ചു് അവരുടെ അസ്ഥികൊണ്ടു മേദിനിയെ തീർത്തു. നാഭികമലത്തിൽനിന്നു് എന്നെ ജനിപ്പിച്ചു പ്രാജാപത്യമെല്ലാം എന്നെയേല്പിച്ചു. ഇങ്ങനെ ഭാരമേല്പിക്കപ്പെട്ട ഞാൻ, ജീവജാലങ്ങളെ കാത്തരുളുന്നതിനു് അവിടേയ്ക്കു കാരുണ്യമുണ്ടാകണമെന്നു് അപേക്ഷിച്ചു. തന്മൂലം അങ്ങു് സനാതനമായ ആദിരൂപത്തിൽനിന്നും

വൈഷ്ണവരൂപം കൈക്കൊണ്ടു. അദിതിസുതനായ് പിറന്ന് അങ്ങ് സോദരന്മാരെ കാത്തരുളുന്നു. ജഗന്നാഥ, രാവണൻ പ്രജകളെ പീഡിപ്പിച്ചപ്പോൾ, അവനെ വധിക്കുന്നതിനായി അവിടുന്നു മാനുഷവേഷം സ്വീകരിച്ചു. അവതാരകാലത്തിങ്കൽ, ഭൂവാസകാലം പതിനോരായിരം സംവത്സരമെന്ന് അങ്ങുതന്നെ പരിധി നിർണ്ണയിക്കുകയുണ്ടായി. കല്പിച്ചുപോയ കാലം പൂർത്തിയായി; തിരിച്ചെഴുന്നെള്ളുവാൻ നേരമായി. ഇനിയും പ്രജാപാലനം ചെയ്തുകൊണ്ടു് ഉലകത്തിൽ വാഴാനാണ് തിരുവുള്ളമെങ്കിൽ അപ്രകാരമാകട്ടെ. അല്ല, സ്വധാമത്തേയ്ക്കു് തിരിച്ചുപോരുവാൻ നിശ്ചയിക്കുന്നതാകിൽ അങ്ങയാൽ ദേവന്മാർ സനാഥന്മാരായിത്തീരും.''

പിതാമഹവാക്യം കേട്ടു പ്രീതിപൂണ്ട രാമനരുളി: ''ത്രിലോകങ്ങളുടേയും നന്മയ്ക്കുവേണ്ടിയാണ് ഞാൻ ജന്മമെടുത്തതു്. ഞാൻ പോന്നിടത്തേയ്ക്കു് ഉടൻ മടങ്ങുന്നതാണ്. അങ്ങേയ്ക്കു മംഗളം. അല്ലയോ സർവ്വസംഹാരമൂർത്തേ, അങ്ങയെ എനിക്കെപ്പോഴും ഓർമ്മയുണ്ടു്. പിതാമഹൻ പറഞ്ഞതുപോലെതന്നെ നടക്കട്ടെ. എനിയ്ക്കുകാര്യത്തിൽ ആലോചിക്കേണ്ടതായൊന്നുമില്ല. ഞാനെക്കാലവും ദേവന്മാർക്കു വശവർത്തിയാകുന്നു.''

രാമയമന്മാരിപ്രകാരം സംഭാഷണം ചെയ്തുകൊണ്ടിരിക്കെ, രാമനെ കാണാനായി ദുർവ്വാസാവുമഹർഷി രാജദ്വാരത്തിലെത്തി. അദ്ദേഹം ലക്ഷ്മണനോടു പറഞ്ഞു: ''ഉടനെനിക്കു രാമനെ കാണിച്ചുതരിക. ഇപ്പോൾത്തന്നെ കാര്യം വൈകിപ്പോയി.'' ലക്ഷ്മണൻ മാമുനിയെ വണങ്ങിയുണർത്തിച്ചു: ''മാമുനെ, അവിടേയ്ക്കു് വേണ്ടതെന്താണ് ? രാമൻ ഇപ്പോൾ ഒരു കാര്യത്തിൽ ഏർപ്പെട്ടിരിക്കുകയാകുന്നു; അല്പം ക്ഷമിച്ചാലും. ഞാനെന്താണ് അവിടേയ്ക്കു ചെയ്യേണ്ടതു് ?'' കോപംകൊണ്ടു ജ്വലിച്ചുകൊണ്ടു് താപസൻ പറഞ്ഞു: ''ലക്ഷ്മണാ, വേഗമെന്നെ

രാമസമീപം കൊണ്ടുപോവുക. ഇല്ലെന്നാകിൽ നിന്നെയും നിൻെറ അണ്ണനെയും തമ്പിയേയും വംശത്തെയും രാജ്യത്തെയും ശപിക്കും. എനിക്കിനി കോപമൊതുക്കിനിൎത്താനാവില്ല.'' മാമുനിയുടെ കഠോരവാക്കു കേട്ട സൗമിത്രി, താൻ മരിച്ചാലും വേണ്ടതില്ല, സൎവ്വനാശം വരാതിരിക്കട്ടെ എന്നു കരുതി അകത്തുചെന്നു് രാമനെ വിവരമറിയിച്ചു. രാമൻ വേഗം കാലനെ യാത്രയയച്ചു് പുറത്തുവന്നു് ദുൎവ്വാസാവിനെ വന്ദിച്ചു് വേണ്ടതെന്തെന്നു തേടി. ആയിരമാണ്ടായി താൻ ചെയ്തുവന്ന തപസ്സിൻെറ പരിസമാപ്തി വന്ന ദിവസമാണതെന്നും അതിനു പാരണ വീടാൻ ആഹാരത്തിനായി വന്നിരിക്കയാണെന്നും മാമുനി അറിയിച്ചു. സന്തുഷ്ടനായ രാമൻ ദുൎവ്വാസാവുമഹൎഷിയെ ഭോജനം നൽകി തൃപ്തിപ്പെടുത്തി. മാമുനി അഭിനന്ദിച്ചു മടങ്ങിപ്പോയി.

## സോദരസ്നേഹമോ സത്യപാലനമോ ?

മഹൎഷി പോയശേഷം കാലതാപസനോടു ചെയ്ത പ്രതിജ്ഞയോൎത്തു് രാമൻ ദുഃഖിതനായി. ദുഃഖഭാരത്താൽ വാടിത്തളൎന്നു മിണ്ടാൻപോലും കഴിവില്ലാതെ കീഴോട്ടും നോക്കിയിരിപ്പായി രാമൻ. രാഹുഗ്രസ്തനായ ചന്ദ്രനെപ്പോലെ ദീനനായിരിക്കുന്ന രാമനോടു് ലക്ഷ്മണൻ സന്തോഷത്തോടെ മധുരമായി പറഞ്ഞു: ''മഹാബാഹോ, എന്നെക്കുറിച്ചു കേഴരുതു്. ഇതു് പൂൎവ്വനിശ്ചിതമായ കാലഗതിയാകുന്നു. ജ്യേഷ്ഠ, നിസ്സംശയം എന്നെ വധിച്ചാലും. പ്രതിജ്ഞ നിറവേററിയാലും. പ്രതിജ്ഞ പാലിക്കാഞ്ഞാൽ നരകം പ്രാപിക്കും. രാജൻ, എന്നിൽ പ്രീതിയുണ്ടെങ്കിൽ, എന്നിൽ കരുണയുണ്ടെങ്കിൽ, നിശ്ശങ്കം എന്നെ നിഗ്രഹിച്ചു് ധൎമ്മം പാലിച്ചാലും.''

ഇതു കേട്ടു് വിവശനായ രാമൻ മന്ത്രിമാരേയും വസിഷ്ഠമഹൎഷിയേയും വിളിച്ചുവരുത്തി സംഗതിക

ളെല്ലാം പറഞ്ഞു കേഠപ്പിച്ചു. വസിഷ്ഠൻ പറഞ്ഞു: "രാമ, ലക്ഷ്മണവിയോഗവും അവിടുത്തെ പര്യവസാനവും ഞാൻ കണ്ടിരിക്കുന്നു. ലക്ഷ്മണനെ ഉപേക്ഷിച്ചാലും. പ്രതിജ്ഞ പാഴാക്കരുതു്. പ്രതിജ്ഞ പാലിക്കാതിരുന്നാൽ ധമ്മം നശിച്ചുപോകും. ത്രൈലോക്യം മുടിയും. ത്രിലോകപാലകനായ അവിടുന്നു ലക്ഷ്മണനെ വെടിഞ്ഞു് ജഗത്തിനു് ക്ഷേമം പുലത്തിയാലും." ധർമ്മാത്ഥസഹിതമായ ഈ വാക്കു കേട്ടു് രാമൻ സഭാമദ്ധ്യേ ലക്ഷ്മണനോടായി പറഞ്ഞു: "സൗമിത്രേ, നിന്നെ ഞാൻ ഉപേക്ഷിക്കുന്നു. ധർമ്മഹാനി വരാതിരിക്കട്ടെ. സജ്ജനങ്ങാംക്കു് വന്നുകൂടുന്ന ത്യാഗവും വധവും സമമാകുന്നു."

ഇതുകേട്ടു വിവശനായ ലക്ഷ്മണൻ കണ്ണുനീരും തൂകിക്കൊണ്ടു തൽക്ഷണംതന്നെ ഇറങ്ങിപ്പോയി. അദ്ദേഹം സരയൂതീരത്തിലെത്തി ആചമനം ചെയ്തു് അഞ്ജലിഹസ്തനായി സവ്വേന്ദ്രിയങ്ങളെയും അടക്കിവാണു. പ്രാണായാമംചെയ്തു യോഗനിഷ്ഠനായി വത്തിക്കുന്ന ലക്ഷ്മണൻെറ മേൽ വാനവർ പൂമഴ പൊഴിച്ചു. മനുജരാരും കാണാതെ ദേവേന്ദ്രൻ വന്നു് ലക്ഷ്മണനെ സശരീരനായി സ്വഗ്ഗത്തേക്കു കൂട്ടിക്കൊണ്ടുപോയി. വിഷ്ണുവിൻെറ ചതുർഭാഗം പ്രത്യാഗമിച്ചതുകണ്ടു് ദേവന്മാരും മഹഷിമാരും സന്തുഷ്ടിയാന്നു. രാമൻ അഴലിലാണ്ടു.

## ധമ്മത്തിൻെറ വില

പണ്ടു കാട്ടിൽ പാക്കുന്ന കാലത്തു്, 'വൈരംവിനാ പരദ്രോഹം' എന്ന ദോഷം രാമനെ ബാധിച്ചേക്കുമെന്നു ഭയന്നു് പ്രതിഷേധം പ്രകടിപ്പിച്ച സീതയോടു് രാമനീവിധം പറയുകയുണ്ടായി:

* അപ്യഹം ജീവിതം ജഹ്യാം ത്വാം വാ സീതേ സലക്ഷ്മണാം;
ന തു പ്രതിജ്ഞാം സംശ്രുത്യ ബ്രാഹ്മണേഭ്യോ വിശേഷതഃ.

* അരണ്യകാണ്ഡം, 10 – 18.

'പറഞ്ഞ വാക്കു പാലിക്കാൻ, വിശേഷിച്ചും ബ്രാഹ്മണരോടു ചെയ്തതു്, ഞാൻ എൻെറ പ്രാണനപേക്ഷിച്ചെന്നുവരാം; സീതേ, നിന്നെയും ലക്ഷ്മണനെയും ഉപേക്ഷിച്ചെന്നുവരാം.' ഇതു പറയുന്ന കാലത്തു് തൻെറ സത്യനിഷ്ഠ വിളംബരം ചെയ്യുന്ന ഒരു പ്രതിപാദനമെന്ന നിലയിലല്ലാതെ, പദംപ്രതി ഇതു നടപ്പാക്കേണ്ടതായ്വരുമെന്നു കരുതിയിരിക്കയില്ല. പക്ഷെ അന്നേ രാമൻ അതിനു സന്നദ്ധനായിരുന്നു എന്നു വ്യക്തമാണു്.

രാജ്യഭ്രംശം വന്നു് കാടുകയറിയപ്പോഠം തോന്നി അതൊരു അത്യാപത്താണെന്നു്. രാവണൻ വന്നു് സീതയെ അപഹരിച്ചപ്പോഠം ഇതിലപ്പുറമൊരു വിപത്തു വരാനില്ലെന്നു വിചാരിച്ചു. ലോകാപവാദംകൊണ്ടു് സീതയെ ഉപേക്ഷിക്കേണ്ടതായ്വന്നപ്പോഠം നെഞ്ചു തകൎന്നു. ഇപ്പോഴിതാ ബഹിശ്ചരപ്രാണനായ ലക്ഷ്മണനെ വധിക്കേണ്ട ഒരു ഘട്ടം വന്നിരിക്കുന്നു! ധൎമ്മപരീക്ഷയ്ക്കും അതിരില്ലേ? ഇല്ലെന്നാണിതു കാണിക്കുന്നതു്. പൂൎണ്ണത്വത്തിനുള്ള വില സൎവ്വസ്വത്യാഗമാണു്. പ്രാണത്യാഗംകൊണ്ടു് ധൎമ്മരക്ഷ സാധിക്കുമെങ്കിൽ, രാമനതു് ലക്ഷ്മണത്യാഗത്തേക്കാഠം എളുപ്പമായിരുന്നേനെ. പ്രാണഹരണത്തേക്കാളും കൊടിയ യാതനകഠം ധൎമ്മിഷ്ഠന്മാൎക്കു് ഏൎപ്പെടുന്നു. സ്വന്തം പ്രാണൻ പച്ചയ്ക്കു പിച്ചിച്ചീന്തുകയാണു് ലക്ഷ്മണത്യാഗംകൊണ്ടു രാമൻ ചെയ്തതു്. മമത, സ്നേഹപാശം, അതുമൊരു പാശമാണല്ലൊ. സത്യത്തിനുവേണ്ടി അതും അറുക്കതന്നെ വേണം. സൗമിത്രി അതു സ്വാഗതംചെയ്തു. രാമനതു നെഞ്ചു് കാരിരുമ്പാക്കി നടപ്പാക്കി.

ഇവിടെയൊരു ചോദ്യം: 'ആദ്യം വരുന്നവൻ വദ്ധ്യനാണു്.' എന്ന പ്രതിജ്ഞ പരിത്യാഗംകൊണ്ടു് പൂൎത്തിയായോ? രണ്ടും സമമാണെന്നു് അതിനു് രാമൻതന്നെ സമാധാനം പറഞ്ഞു. ധൎമ്മമേ, നീ നിഷ്ഠുരണമായാൽ, നിന്നെയും അധൎമ്മം ബാധിക്കുമെന്നോൎത്തുകൊഠംക.

## സ്വധാമപ്രാപ്തി

ദുഃഖശോകസമന്വിതനായ രാമൻ മന്ത്രിമാരോടും പുരോഹിതനോടും പറഞ്ഞു: ''ധമ്മവത്സലനായ ഭരതനെ അയോദ്ധ്യാധിപതിയായി വാഴിച്ചശേഷം ഞാൻ വനത്തിലേയ്ക്കുപോവുകയായി. അമാന്തിക്കാതെ അതിനുവേണ്ട ഒരുക്കങ്ങളൊക്കെ കൂട്ടുവിൻ. ഇന്നുതന്നെ ലക്ഷ്മണൻ പോയ വഴിയേ ഞാനും പോകുന്നു.'' ഭരതനതു തീരെ സമ്മതിച്ചില്ല. രാമനെ പിരിഞ്ഞിരിക്കാൻ ഭരതൻ ഒന്നുകൊണ്ടും കൂട്ടാക്കിയില്ല. കുശനെ കോസലത്തിലും ലവനെ ഉത്തരരാജ്യങ്ങളിലും വാഴിക്കണമെന്നു് ഭരതൻ അഭിപ്രായപ്പെട്ടു. ശത്രുഘ്നനെ കൂട്ടിക്കൊണ്ടുവരാൻ ആളെ വേഗം അയയ്ക്കണമെന്നും നിർദ്ദേശിച്ചു. അപ്പൊഴേയ്ക്കും പ്രജകൾ, രാമന്റെയൊപ്പം തങ്ങളുമുണ്ടു്, എന്നുംപറഞ്ഞു കരച്ചിലായി. കാട്ടിലേയ്ക്കോ കടലിലേയ്ക്കോ എങ്ങോട്ടായാലും തങ്ങളെക്കൂടി കൊണ്ടുപോകണമെന്നു് അവർ നിർബന്ധം പിടിച്ചു. രാമൻ ഒടുവിലതു സമ്മതിച്ചു. മക്കളെ ഇരുവരേയും അഭിഷേകംചെയ്തു് ആശീർവദിച്ചു. ശത്രുഘ്നനു് ആളയച്ചു. രാമൻ കുശനെ കുശാവതിയിലും ലവനെ ശ്രാവസ്തിയിലും വാഴിച്ചതുകേട്ടു് ശത്രുഘ്നൻ, സ്വപുത്രന്മാരിൽ സുബാഹുവിനെ മധുരയിലും ശത്രുഘാതിയെ വൈദിശത്തിലും വാഴിച്ചശേഷം വേഗം അയോദ്ധ്യയിൽ സോദരസമീപമെത്തി; രാമനെ പിന്തുടരാനുള്ള തന്റെ നിശ്ചയത്തെ അറിയിച്ചു. അപ്പൊഴേയ്ക്കും അനവധി വാനരന്മാരും ഋക്ഷന്മാരും രാക്ഷസന്മാരും വന്നുചേന്നു. അംഗദനെ രാജാവാക്കിയിട്ടു രാമനെ അനുഗമിക്കാൻ വന്നിരിക്കുകയാണു് താനെന്നു സുഗ്രീവനറിയിച്ചു. സുഗ്രീവനെപ്പിരിഞ്ഞു് ഒരിടവും താൻ കാംക്ഷിക്കുന്നതല്ലെന്നു് രാമനരുളി. ധാമ്മികമായി പ്രജാപരിപാലനം ചെയ്തു വാഴാൻ വിഭീഷണനെ നിയോഗിച്ചു. രാമകഥ ലോകത്തിൽ നിലനില്ക്കുന്ന കാലത്തോളം പ്രാണധാരണം ചെയ്യണമെന്നു ഹനുമാനോടു് പറഞ്ഞു. ജാംബവാനെയും കൂട്ടരേയും കലികാലം ആരംഭിക്കുന്നതുവരെ

ജീവിച്ചിരിക്കാൻ അനുഗ്രഹിച്ചു. ബാക്കിയുള്ളവക്കെല്ലാം തന്നോടൊത്തു പോരുന്നതിനും അനുമതിയരുളി.

നേരം പ്രഭാതമായപ്പോൾ രാമൻ പുരോഹിതനോട് അഗ്നിഹോത്രവും വാജപേയാതപത്രവും മുമ്പിൽ നടത്താൻ നിർദ്ദേശിച്ചു. മഹാപ്രസ്ഥാനവിധി സർവ്വവും യഥാശാസ്ത്രം വസിഷ്ഠൻ അനുഷ്ഠിച്ചു. അനന്തരം ശ്രീരാമചന്ദ്രൻ സൂക്ഷ്മാംബരധരനായി കുശപാണിയായി പ്രണവജപത്തോടെ പുറപ്പെട്ടു. ഹ്രീയും ശ്രീയും രാമൻെറ ഇടത്തും വലത്തും വശങ്ങളിലും സംഹാരശക്തി മുമ്പിലും സേവിച്ചു. ബാണചാപങ്ങൾ മാനുഷവേഷംപൂണ്ട് അനുഗമിച്ചു. വേദങ്ങളും ഗായത്രിയും ഓംകാരവും വഷട്കാരവും വിപ്രവേഷം ധരിച്ചു രാമനെ പിന്തുടൎന്നു. ഭരതനും ശത്രുഘ്നനും അന്തഃപുരസ്ത്രീകളും മന്ത്രിമാരും ഭൃത്യന്മാരും പ്രജകളും സസന്തോഷം രാമനെ അനുഗമിച്ചു. അയോദ്ധ്യയിലുള്ള സർവ്വജീവികളും രാമൻെറകൂടെ പുറപ്പെട്ടു.

അര യോജന ചെന്നപ്പോൾ പുണ്യസലിലയായ സരയു കാണായി. ബ്രഹ്മദേവൻ ദേവകളോടൊത്തു തത്സമയം അവിടെ വന്നുചേൎന്നു. ആകാശം തേജോദീപ്തമായി. നറുമണം തൂകുന്ന തെന്നൽ വീശി. വാനിൽനിന്നു മലർമഴ പൊഴിഞ്ഞു. ഗന്ധർവ്വന്മാർ വാദ്യഘോഷം മുഴക്കെ രാമൻ സരയൂസലിലത്തിലിറങ്ങി. ബ്രഹ്മദേവൻ ആകാശത്തുനിന്നുകൊണ്ട് രാമനെ വാഴ്ത്തി സ്വാഗതം ചെയ്തു. രാമൻ അനുജന്മാരോടുകൂടി സശരീരനായി വൈഷ്ണവതേജസ്സിൽ ലയിച്ചു. ദേവന്മാർ വിഷ്ണുരൂപിയായ്ത്തീൎന്ന ദേവനെ പൂജിച്ചു. വിഷ്ണുമൂർത്തി, തന്നെ പിൻതുടൎന്നവക്കെല്ലാം യോഗ്യസ്ഥാനങ്ങൾ നൽകണമെന്ന് പിതാമഹന്നാജ്ഞ നൽകി. അവക്കെല്ലാം സാന്താനികലോകങ്ങൾ നൽകാൻ നിശ്ചയിച്ചു. സകലരും സരയുവിൽ ഗോപ്രതാരമെന്ന തീർത്ഥസ്ഥാനത്തിൽ മുങ്ങി മനുഷ്യദേഹം വെടിഞ്ഞു സ്വൎഗ്ഗത്തിലെത്തി. തിര്യക്കുകളും സ്ഥാവരങ്ങളുംകൂടി സരയുവിൽ മുങ്ങി ദേവലോകത്തിലെത്തി. ബ്രഹ്മദേവൻ

അവരെയെല്ലാം യഥാസ്ഥാനം വാഴിച്ചു. ശ്രീവിഷ്ണുഭഗവാൻ പണ്ടേപ്പോലെ വൈകുണ്ഠത്തിൽ വാണരുളി.

വാല്മീകികൃതമായ ഈ രാമചരിതം ബ്രഹ്മപൂജിതമാകുന്നു. ദേവന്മാർ ഇതു് നിത്യം ശ്രവണം ചെയ്യുന്നു. ഇതു വേദസമ്മിതമാകുന്നു. രാമായണത്തെ ആദരിക്കുന്നവനു് സർവ്വകാമങ്ങളും വൈകുണ്ഠവാസവും ലഭിക്കുന്നു.

ഇങ്ങനെ കുശലവന്മാർ യജ്ഞവാടത്തിൽ രാമചരിതം കീർത്തനം ചെയ്തവസാനിപ്പിച്ചു. വല്മീകി ആദികവി മാത്രമല്ല, കഥാകാലക്ഷേപത്തിൻെറ ഉപജ്ഞാതാവുംകൂടിയാണു്. അതുംപോരാ, ആദ്യത്തെ അഗതിമന്ദിരവും അനാഥാലയവും വാല്മീകൃാശ്രമത്തിലായിരുന്നുവെന്നുവേണം കരുതാൻ. രാജസൂയം കഴിഞ്ഞു് രാമൻ പതിനായിരം സംവത്സരം ഊഴി വാണു. പര്യവസാനം എങ്ങനെയായിരിക്കുമെന്നു് വളരെനേരത്തേ കഥാശ്രവണത്തിൽനിന്നു് മുന്നറിയിപ്പു കിട്ടിയിരുന്നു. എന്നിട്ടും, ദുർവ്വാസാവു വരുത്തിക്കൂട്ടുമെന്നറിഞ്ഞിരുന്ന ദുർഘടത്തിൽനിന്നു് ഒഴിയാൻ വഴിയൊന്നും നോക്കാതെ, കാലഗതിയെ സ്വാഗതം ചെയ്കയാണു് രാമചന്ദ്രൻ ചെയ്തതു്.

രാമകഥ ഭാരതസംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ എന്തു സംഭാവന നൽകുന്നു? ഒരു വീട്ടിൽ ജ്യേഷ്ഠാനുജന്മാർ തമ്മിൽ കുടുംബം ഭാഗംചെയ്യുന്നതിനെ സംബന്ധിച്ചു തർക്കമായി. സോദരന്മാർ തമ്മിലസുഖമായി. കുറച്ചുകഴിഞ്ഞു മൂത്തയാൾ പറഞ്ഞു: ''അനിയനുവേണ്ടി രാജ്യമുപേക്ഷിച്ചു് കാട്ടിൽപോയ രാമൻെറ സംസ്കാരമാണു നമ്മുടെ സംസ്കാരം. അതുകൊണ്ടു് അനിയൻെറ ഇഷ്ടംപോലെ ഭാഗം നടക്കട്ടെ.'' അവർ തമ്മിൽ രഞ്ജിപ്പായി ഭാഗം നടന്നു. സോദരബന്ധം അഭംഗുരം തുടരുന്നു. അവരെ കുട്ടിക്കാലത്തു രാമായണം വായിക്കാൻ അമ്മ നിർബന്ധിച്ചിരുന്നു. പിതൃഭക്തി, മാതൃഭക്തി, ഗുരുഭക്തി ഇതിൽ രാമൻ അദ്വിതീയനാകുന്നു. സോദരന്മാർ രാമൻെറ പ്രാണനാ

കുന്നു. പതിവ്രതാധർമ്മത്തിനു ഭാരതത്തിൽ ഇത്രയും സ്വാധീനതയുണ്ടാകാൻ സീതയാണു കാരണം. സ്വഭാര്യയെയൊഴിഞ്ഞു് പരസ്ത്രീകളെക്കുറിച്ചു് രാമൻ സ്മരിച്ചിട്ടേയില്ലെന്നു് സീതതന്നെ പറയുന്നുണ്ടു്. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹാദരവിശ്വാസങ്ങളുടെ ദാർഢ്യത്തെ ആശ്രയിച്ചാണു് കുടുംബത്തിൻെറ കെട്ടുറപ്പു നില്ക്കുന്നതു്. ഒരു വ്യക്തിക്കു്, പുത്രൻ, സോദരൻ, ഭർത്താവു്, പിതാവു് എന്നീ നിലകളിൽ സമർത്ഥമായും സുഗമമായും വർത്തിക്കാൻ രാമൻ മാർഗ്ഗദർശനം നല്കുന്നു. എന്താണതിനെല്ലാം അടിസ്ഥാനം? സ്വാർത്ഥത്യാഗവും സേവാസന്നദ്ധതയും സ്നേഹവും. രാമൻെറ ജീവിതത്തിൽ സ്വാർത്ഥപ്രേരിതമായ ഒരു പ്രവൃത്തിപോലും കാണാൻ കഴിയുന്നതല്ല. ഗുരുജനങ്ങൾക്കോ, സ്വജനങ്ങൾക്കോ, പ്രജകൾക്കോ വേണ്ടി എന്തു ത്യാഗവും രാമനു് അധികമായിരുന്നില്ല. ത്യാഗവും സേവയുമാണു് രാമജീവിതത്തിൻെറ ഊടും പാവും.

'രാമോ വിഗ്രഹവാൻ ധർമ്മഃ' എന്നതു് സമർത്ഥിക്കുകയാണു് വാല്മീകി സ്വകൃതികൊണ്ടു് സാധിക്കുന്നതു്. ത്രിവർഗ്ഗങ്ങളിൽ അർത്ഥവും കാമവും ധർമ്മത്തിനു വേണ്ടി മാത്രമാണു്. അവ ധർമ്മത്തിനു വിപരീതമായാൽ നിസ്സംശയം രാമനവയെ കൈവെടിയുന്നു. അർത്ഥത്തിനോ അധികാരത്തിനോ ഭോഗത്തിനോ ആ ധർമ്മധീരനെ കീഴടക്കാൻ സാദ്ധ്യമല്ല. ധർമ്മസ്ഥൈര്യത്തിൽ നിന്നുളവായ ആ അമാനുഷമായ ഇച്ഛാശക്തിയുടെ മുമ്പിൽ എതിർപ്പുകളൊക്കെ ഓടി മറയുന്നു. പ്രജാതന്ത്രം നിലനിർത്തുന്നതിനു മാത്രമേ രാമൻ ഗൃഹമേധിധർമ്മം സ്വീകരിക്കുന്നുള്ളു. പന്ത്രണ്ടുകൊല്ലം അയോദ്ധ്യയിലും പതിമ്മൂന്നു് കൊല്ലം അടവിയിലും രാമൻ സ്വപത്നിയോടൊത്തു പാർത്തുവെങ്കിലും, പട്ടാഭിഷേകത്തിനുശേഷമേ അദ്ദേഹം അപത്യലാഭത്തിനായി ചിന്തിക്കുന്നുള്ളു. എന്തൊരു ഇച്ഛാശക്തി! എന്തൊരു വ്രതനിഷ്ഠ!

ഭാരതത്തിലെ വ്യക്തിജീവിതവും കുടുംബജീവിതവും അങ്ങനെ സീതാരാമന്മാരാൽ രൂപീകൃതങ്ങളാകുന്നു. ഇനി മററു തലങ്ങളെടുത്തു നോക്കാം. നമ്മുടെ ശില്പം, സംഗീതം, ക്ഷേത്രങ്ങൾ ഇവയുടെമേൽ രാമായണത്തിനുള്ള സ്വാധീനം അളക്കാനാവില്ല. ഭാരതീയഭാഷകളിൽ ഏതെങ്കിലും എണ്ണപ്പെട്ടവയുടെ കൂട്ടത്തിൽ പെടുത്തണമെങ്കിൽ അതിൽ വാല്മീകിയുടേയും വ്യാസൻേറയും കൃതികൾ ഉണ്ടായിരിക്കണം. വാല്മീകിയോടു് കടപ്പെട്ടിട്ടില്ലാത്ത ഒരൊററ കവിയോ സാഹിത്യകാരനോ ഭാരതത്തിലുണ്ടോ ? എന്തിനു്, അഭ്യസ്തവിദ്യനെന്നു് ഒരുവനഭിമാനിക്കണമെന്നുണ്ടെങ്കിൽ വാല്മീകികാവ്യം പഠിച്ചിരിക്കണം. രാഷ്ട്രീയമണ്ഡലത്തിലോ ? നമ്മുടെ രാഷ്ട്രപിതാവു് സ്വപ്നം കണ്ടിരുന്നതു് രാമരാജ്യമാണു്. രാമൻെറ തിരുനാമം ഉച്ചരിച്ചുകൊണ്ടാണു് ആ മഹാത്മാവു് ഉയിർവെടിഞ്ഞതു്. പ്രജകളെ പിതാവിനെപ്പോലെ പരിപാലിച്ചുപോന്ന ശ്രീരാമനാണു് നമ്മുടെ രാജമാതൃക.

മതമണ്ഡലത്തിൽ രാമനെയും കൃഷ്ണനെയും മാററിനിർത്തിയാൽ ആധുനികഹിന്ദുമതം പിന്നെ ബാക്കിയില്ല. ഭക്തന്മാർ രാമനാമഭക്തിഭരിതരായി ആനന്ദമഗ്നരായി കൃതകൃത്യരായിത്തീരുന്നു. ശ്രീരാമചന്ദ്രനെ ധ്യാനിച്ചും, തന്നാമങ്ങൾ കീർത്തിച്ചും, തത്കഥകൾ ശ്രവിച്ചും അദ്ധ്യാത്മസാധകന്മാർ ജന്മസാഫല്യം നേടുന്നു. ഭാരതം രാമൻെറയും കൃഷ്ണൻെറയും വകയാണു്. അവരെ മറന്നാൽ ഭാരതം വെറും ഭൂഭാരമായിത്തീരും. മനുഷ്യനു ശാന്തിയും സമാധാനവും സംതൃപ്തിയും സൗഹൃദവും അഭികാമ്യങ്ങളായിരിക്കുന്നിടത്തോളംകാലം സീതാരാമന്മാർ ആദരിക്കപ്പെടും.

**ഓം ശ്രീ സീതാലക്ഷ്മണഭരതശത്രുഘ്നഹനുമത്സമേത–**

**ശ്രീരാമചന്ദ്രപരബ്രഹ്മണേ നമഃ.**

**ശുഭം ഭൂയാത്**

**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ.**

## മംഗളം

1 ശ്രീരാമഃ ശരണം സമസ്തജഗതാം
രാമം വിനാ കാ ഗതിഃ ?
രാമേണ പ്രതിഹന്യതേ കലിമലം
രാമായ കാര്യം നമഃ;
രാമാത് ത്രസ്യതി കാലഭീമഭുജഗോ
രാമസ്യ സർവ്വം വശേ,
രാമേ ഭക്തിരഖണ്ഡിതാ ഭവതു മേ
രാമ, ത്വമേവാശ്രയഃ.

(രാമായണമാഹാത്മ്യം, 1 - 1.)

ശ്രീരാമനാണ് സമസ്തലോകത്തിനും ശരണം. രാമനല്ലാതെ ആരുണ്ടൊരു ഗതി ? കലിദോഷമെല്ലാം നീക്കുന്നു രാമൻ. രാമനെ വേണം നമസ്കരിക്കാൻ. കൊടിയ കാലസർപ്പത്തിനു ഭയമാണ് രാമനെ. സർവ്വവും രാമന്നധീനം. ശ്രീരാമനിൽ എനിക്ക് അചഞ്ചലമായ ഭക്തിയുണ്ടാകുമാറാകട്ടെ. രാമ, അവിടുന്നുതന്നെ എനിക്കാശ്രയം.

(ഭക്തിയും വിഭക്തിയും ചേർന്ന ഒരു ശ്ലോകമാണിത്.)

2 വരം വരേണ്യം വരദം തു കാവ്യം
സംതാരയത്യാശു ച സർവ്വലോകം;
സങ്കല്പിതാർത്ഥപ്രദമാദികാവ്യം
ശ്രുത്വാ ച രാമസ്യ പദം പ്രയാതി.

(രാമായണമാഹാത്മ്യം, 1 - 28.)

ഉത്കൃഷ്ടവും ഗ്രഹിക്കേണ്ടതും വരപ്രദവുമായ കാവ്യം സകലരെയും സംസാരസാഗരത്തിന്റെ മറുകരെ എത്തിക്കുന്നു. ആഗ്രഹിക്കുന്നതു സകലതും അരുളുന്നതിനു സമർത്ഥമായ ആദികാവ്യം കേട്ടാൽ രാമപദം ലഭിക്കും.

3 ധർമ്യം യശസ്യമായുഷ്യം
രാജ്ഞാം ച വിജയാവഹം;
ആദികാവ്യമിദം ചാഷം
പുരാ വാല്മീകിനാ കൃതം.

(രാ. യുദ്ധകാണ്ഡം, 128 – 107.)

ധമ്മപ്രദവും യശസ്സരവും ആയുർവദ്ധകവും, രാജാക്കന്മാക്കു് വിജയദായകവുമാണു് വാല്മീകിമാമുനി രചിച്ച ഈ ആദികാവ്യം.

4 ആയുഷ്യമാരോഗ്യകരം യശസ്യം
സൗഭ്രാത്രകം ബുദ്ധികരം ശുഭം ച;
ശ്രോതവ്യമേതന്നിയമേന സദ്ഭിഃ
ആഖ്യാനമോജസ്സരമൃദ്ധികാമൈഃ.

(രാ. യുദ്ധകാണ്ഡം, 128 – 125.)

ആയുർദായകവും ആരോഗ്യപ്രദവും യശസ്സരവും സാഹോദര്യസംവദ്ധകവും ബുദ്ധിവദ്ധകവും മംഗളാവഹവും ബലപ്രദവുമായ ഈ രാമചരിതം ഐശ്വര്യം അഭിലഷിക്കുന്ന സജ്ജനങ്ങാം നിത്യവും സശ്രദ്ധം ശ്രവണം ചെയ്യേണ്ടതാകുന്നു.

രാമായ രാമചന്ദ്രായ
രാമഭദ്രായ വേധസേ
രഘുനാഥായ നാഥായ
സീതായാഃ പതയേ നമഃ.

ഹരിഃ ഓം തത് സത്.

വില 3 രൂപ.

# ആദികവിയുടെ ആദർശപുരുഷൻ

## സിദ്ധിനാഥാനന്ദസ്വാമി



രാമോ രാവണംപ്രതി—

പ്രയാഹി ജാനാമി രണാർത്തിതസ്ത്വം
പ്രവിശ്യ രാത്രിഞ്ചരരാജ ലങ്കാം
ആശ്വസ്യ നിര്യാഹി രഥീ ച ധന്വീ
തദാ ബലം പ്രേക്ഷ്യസി മേ രഥസ്ഥഃ.

യുദ്ധകാണ്ഡം 59–143.

Indic Digital Archive Foundation
gpura.org